സർവ്വദേശ ഭൂമി ഗാനം
മഹാശാസ്ത്ര മൂലം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
ഏക മഹാശബ്ദം
മഹാദേവിയുടെ മഹാചിരി
ഓം OM

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാപിതാവും മഹാമാതാവുമായ
മഹാദേവിയായി
മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

Free Share..

പരമശിവൻ
ഏകദാസൻ, മഹാദാസൻ
പശുപതി, ശാസ്ത്രായുധൻ
പ്രപഞ്ച പിതാവ്
മഹാദേവൻ
PARAMASIVAN
Supreme Servant / SupremeOx
Father of the Universe
MAHAADEVAN

30.11.2018 Friday

# ശബരിമല, മക്ക, വേളാങ്കണ്ണി തുടങ്ങി ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയുടെ 'തെറ്റുകളും ശരികളും' മഹാശാസ്ത്ര പ്രകാരം വിശദീകരിക്കുന്നു.


| നമ്പർ | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | ദേവാലയ വിശ്വാസങ്ങളെയും ആചാരങ്ങളെയും മറ്റും സാമാന്യ ബുദ്ധി ശക്തി വിവരിക്കുന്നു. | 2 - 6 |
| 2 | ശബരിമല ദേവാലയം സംബന്ധിച്ച പ്രധാന പേജുകൾ : 1-6-21, 104-106, 112-113, 119-125, 130-132, 156-158, 163-187, 230-233, 254-302, 310-344, 350-362, 386-400 | |
| 3 | മതദേവാലയം, രാഷ്ട്രീയ പാർട്ടി എന്നിവ സ്വകാര്യം ആണ്. | 10-14 |
| 4 | ദേവാലയ ആചാരങ്ങളെയും മറ്റും മഹാശാസ്ത്രം പരമായി വിവരിക്കുന്നു . (1) സൃഷ്ടി പരം : ആചാരങ്ങൾ + അനുഷ്ഠാനങ്ങൾ = ധർമ്മശാസ്ത്രം. (2) സ്ഥിതിപരം | 7 - 14<br>14-116 |
| 5 | രാജാവും മന്ത്രിയും ജനങ്ങളുമെല്ലാം അന്യോന്യം ഭരിക്കാനല്ലാ; എല്ലാവരും ആനന്ദിക്കാനാണ് ജീവിതം. | 14-19 |
| 6 | ദൈവീകമായ പോലീസ് സേന | 23-36 |
| 7 | ധർമ്മ ശാസ്ത്രത്തിന്റെയും ന്യൂനശക്തികളുടെയും ഭൗതിക അസ്തിത്വത്തെ ഒരല്പം വിവരിക്കുന്നു. ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നു ! | 37-116 |

| | | |
|---|---|---|
| 8 | ദേവാലയ കാര്യങ്ങളെയും മറ്റും മഹാശാസ്ത്രം പരമായി വിവരിക്കുന്നു. (3) സംഹാരം ഉൾപ്പെട്ട മഹാനീതി പരം | 117-400 |
| 9 | സൃഷ്ടി ശാസ്ത്രം; സൃഷ്ടി പാത്രം = ശിവ ലിംഗം = ആകാശം ആനന്ദ ശാസ്ത്രം ദൈവത്തെ ഉടൻ നേരിൽ കാണാം. ദൈവം അനുവദിക്കാതെ ആരാധിച്ചാൽ ശിക്ഷയുണ്ട്. ദൈവീകമായ ആരാധനയും സ്തുതിയും ദേവാലയ നിർമ്മാണവും, മഹാശാസ്ത്ര പ്രകാരം വിവരിക്കുന്നു. | 117-129<br>130-155<br>156-162<br>160-186<br>187-229 |
| 10 | മന്ത്രങ്ങൾ ഓംനീതി, മായ എന്നിവയുടെ ഹ്രസ്വ വിശദീകരണം | 230-239<br>240-260 |
| 11 | മതദേവാലയങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവീകമല്ല. അയ്യപ്പൻ തുടങ്ങിയ ദേവതകൾ സൃഷ്ടികളാണ്; അവർക്ക് പുനർജ്ജന്മ സിദ്ധാന്തം ബാധകം. ചില പ്രമുഖരുടെ മുജ്ജന്മങ്ങൾ നോയമ്പ്, തഴമ്പ് ശരണം ? സനാതന ധർമ്മം + പ്രാർത്ഥന | 261-337<br>289-302<br>303-316<br>317-322<br>323-339 |
| 12 | മഹാശക്തിയായ മഹാദേവി അവതരിച്ചുകഴിഞ്ഞു. ദൈവ വിപ്ലവം ഗ്രന്ഥകാരന്റെ ദൈവീകമായ അവകാശവും അധികാരവും വിശദീകരിക്കുന്നു. < അടിയന്തരാവസ്ഥ > സംഹാരം @ മോക്ഷം | 340-400<br>340-400<br>350-362<br>365-385<br>386-400 |

**ദേവാലയങ്ങളുമായി ബന്ധപ്പെട്ട ജീവിത കാര്യങ്ങളെ ആദ്യം സാമാന്യ ബുദ്ധിശക്തി/യുക്തി (= ശാസ്ത്ര-ത്തിന്റെ ആദ്യ ഘട്ടം) പ്രകാരം വിശദീകരിക്കുന്നു.**

(1) ശബരിമല, മക്ക, വത്തിക്കാൻ, വേളാങ്കണ്ണി, തുടങ്ങി ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും നടത്തിപ്പുകാരെയും, അവിടങ്ങളിൽ ദർശനം/ സന്ദർശനം നടത്തുന്ന വ്യക്തികളെയും, ബന്ധിപ്പിക്കുന്നത് **മതപരമായ വിശ്വാസങ്ങൾ, വ്യക്തിപരമായ താല്പര്യങ്ങൾ,** പരമമായി ഇരുകൂട്ടർക്കും ലഭിക്കുന്ന ആനന്ദങ്ങൾ എന്നിവയാണ്.

**മതവും മതദൈവങ്ങളും ഉൾപ്പെടുകയാൽ, വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പാലിക്കുന്നതും പാലിക്കാത്തതും, ദേവാലയ നടത്തിപ്പുകാരും സന്ദർശകരായ വ്യക്തികളും എന്ന 2 കക്ഷികളും തമ്മിലുള്ള വ്യക്തിപരങ്ങളും മതപരങ്ങളുമായ വിഷയമാണ്.**

(2) **സമൂഹത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ അല്ലാത്തതും, ഒരു വിഭാഗം വ്യക്തികളുടെ മതപരമോ മറ്റെന്തെങ്കിലുമോ വിധത്തിൽ സ്വകാര്യവുമായ കാര്യങ്ങളെ, പൊതുസമൂഹത്തിന്റെ വിഷയമാക്കാനും, അതുവഴി സമൂഹത്തിന്റെ ശാന്തിയും സമാധാനവും കൂട്ടായ്മയും നഷ്ടപ്പെടാനും ഇടവന്നു കൂടാ. ആകയാൽ പൊതുജനങ്ങൾ, പൊതുജനങ്ങളുടെ അടിമകൾ മാത്രമായ - മന്ത്രിമാർ, പോലീസ്, ജഡ്ജിമാർ, രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ - എന്നിവർക്ക് മതവിഷയങ്ങളിൽ ഇടപെടാൻ സാമാന്യ ബുദ്ധിശക്തി പ്രകാരം അവകാശമില്ല.**

(3) **മത-ദേവാലയ കാര്യനിർവ്വാഹകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി ദുഷ്കീർത്തി, ദുസ്വാർത്ഥം, അജ്ഞാനം, അവിവേകം, തുടങ്ങിയവ കൊണ്ട് ദേവാലയം സന്ദർശിക്കുന്ന വ്യക്തികളെ, ചന്തിയിൽ പച്ച ഈർക്കിൽ കൊണ്ട്** 4 **പെടപെടച്ചും മറ്റും തുരത്താൻ, ദേവാലയ നടത്തിപ്പുകാർക്ക്** / **കാര്യനിർവ്വാഹകർക്ക് കഴിയുന്നതാണ്.**

(4) **കേരളത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടവരും, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും, ജനങ്ങളുടെ സേവകരും അടിമകളുമായ മന്ത്രിമാരും ജഡ്ജിമാരും പോലീസും മറ്റും ശബരിമല വിഷയത്തിൽ, ഒരു വിഭാഗം വ്യക്തികളുടെ മതപരമോ മറ്റെന്തെങ്കിലുമോ വിധത്തിൽ 'സ്വകാര്യമായ വിഷയങ്ങളിൽ അനാവശ്യമായി ഇടപെട്ടതാണ്' വിഷയ സംബന്ധമായി ശബരിമലയിൽ ഉണ്ടായ വലിയ പിഴവ്.**

**അനാവശ്യമായി ഇടപെട്ടവർ പിൻവാങ്ങി കഴിഞ്ഞാൽ, സാമാന്യ ബുദ്ധിശക്തി പ്രകാരം 'മാത്രം' വിഷയം അവസാനിക്കുന്നു. പ്രശ്നം വഷളാക്കിയ 'ജനസേവകരായി വേഷം കെട്ടുന്ന അടിമകൾ' മാപ്പ് പറയുകയും, സ്വന്തം കീശയിൽ നിന്നും നഷ്ടപരിഹാരം കൂടി ചെയ്താൽ, നാട്ടിലെ സമാധാനത്തിന് ഭംഗം ഉണ്ടാവില്ല** !

(5) കാലത്തിന്റെ ഒഴുക്കിൽ പെട്ട്, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും ചേർന്ന 'ജനങ്ങളുടെ അടിമകളുടെ' അടിമകളായി പ്രവർത്തിക്കേണ്ടി വന്നതാണ് പോലീസിൽ **ഇന്ന് കടുത്ത വീഴ്ച്ചയുണ്ടാവാൻ** മുഖ്യ കാരണം. അവർ മനുഷ്യരാണെന്നതു മറന്നുള്ള പരിഹാസവും ഒരു കാരണമാണ്. വിരലിലെണ്ണാവുന്ന മന്ത്രിമാരുടെയും മറ്റും തോന്നിയാസങ്ങളെയും ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെയും, അനുസരിക്കുന്ന **നാണംകെട്ട** ജീവിതത്തിൽ നിന്നും പോലീസ് സേനക്ക് മുക്തി ഉടൻ! **'ദൈവീകമായ പോലീസ് സേനക്ക്' ഉന്നതമായ സ്ഥാനമുണ്ട്.** വൈകാതെ ഭൂമിയിൽ മുഴുവൻ 3 മുതൽ 33 വർഷക്കാലം

തുടർച്ചയായി ഓം മുഴക്കി ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ജനങ്ങളുടെ മാത്രം സേവകരുമായ പോലീസ് സേന, ഗ്രാമ പഞ്ചായത്തുകളുടെ ഭാഗമായി മാറും. അപ്പോഴാണ്, മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം ശരിയാണോ' എന്ന് സ്വയം പരിശോധിച്ച് പ്രവർത്തിക്കുന്ന 'ദൈവം സൃഷ്ടിച്ച സ്വതന്ത്ര ജീവികളും യഥാർത്ഥ ജനസേവകരും ജനങ്ങളുടെ ഭാഗവുമായി' പോലീസ് മാറുക. ചുവടെ പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**ശബരിമലയിലും മറ്റും ദർശനമോ സന്ദർശനമോ നടത്താൻ,** ആചാരങ്ങളെ തെറ്റിച്ച് പണി ഇല്ലാതെയും ദുസ്വാർത്ഥങ്ങളോടെയും പോകുന്ന സ്ത്രീകളുടെയും അടിമകളായ മന്ത്രിമാരുടെയും മറ്റും, വാലുപോലെ നടക്കുന്നത് ധർമ്മ ശാസ്ത്ര വിരുദ്ധമാണെന്ന് മനസ്സിലാക്കി സംരക്ഷണം കൊടുക്കാൻ പോലീസ് സേന തയ്യാറായില്ല എങ്കിൽ, മേല്പടി സ്ത്രീ ജനങ്ങൾ മുഖാന്തരം സമൂഹത്തിൽ അശാന്തി ഉണ്ടാകില്ല. മേല്പടി നാണംകെട്ട വാൽപണി സ്വന്തം ചിലവിൽ മന്ത്രിമാരും ജഡ്ജിമാരും ചെയ്ത് വിജയിക്കട്ടെ !

**വലിയ ഒരു വിഭാഗം ജനങ്ങളുടെ അടിമകളായി പ്രവർത്തിച്ച്, വളരെപ്പേർക്ക് നന്മ ചെയ്ത് പാപം കുറയ്ക്കാനും, പറ്റിയാൽ പുണ്യം കൂടി നേടാനും അതിനീചരായ പാപികൾക്ക് ദൈവം നൽകിയ അവസരത്തെയാണ് മന്ത്രി എന്ന ലേബലിൽ അനേകർ നഷ്ടപ്പെടുത്തുന്നത്.**

**അതിഗൗരവമായ ഒരു ദൈവീക പ്രസ്താവനയാണ് മുകളിൽ കൊടുത്തത്. തക്കതായ ആധാരം ഇല്ലാതെ ചെയ്തു കൂടാ.**

**ആധാരം :- ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതുമായ ഏകദൈവമായ മഹാദേവി ഈയുള്ളവന്റെ നാവിൽ, അക്ഷര ബ്രഹ്മവും, മഹാശാസ്ത്ര മൂലവും മറ്റുമായ ഓം കുറിച്ചിട്ടുണ്ട്; മഹാശിവയുടെ 'മത്സ്യാവതാരം' ഈയുള്ളവനിൽ പ്രവേശിച്ചിട്ടുണ്ട്, ദിവ്യമഹാദർശനം അനേകം തവണ ലഭിച്ചിട്ടുണ്ട്; അനേകം മായാപരമായ മഹാകാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ, മഹാദേവനും പ്രപഞ്ചപിതാവുമായ പരമശിവൻ തുടങ്ങിയ മഹാപദവികളും, ബന്ധപ്പെട്ട അവകാശങ്ങളും അധികാരങ്ങളും ലഭിച്ചിട്ടുണ്ട്. അവയെല്ലാം സൂചിത മഹാവേദ ഗ്രന്ഥത്തിൽ വിശദമായും, ഈ ലഘുഗ്രന്ഥത്തിന്റെ അവസാനം ഭാഗികമായും വിവരിച്ചിട്ടുണ്ട് / തെളിയിച്ചിട്ടുണ്ട്.**
ലഭിച്ച **മായാശക്തികളെ** ആക്ടിവേറ്റ് ചെയ്തിട്ടില്ല/സമയമായില്ല!

**മതപരമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും സാമാന്യ ബുദ്ധിശക്തി/യുക്തി പ്രകാരം പരിപാലിക്കുന്നതിനെ വിവരിച്ചുവല്ലോ. അടുത്തത്, ഭൂമിയിലെ മുഴുവൻ ദേവാലയങ്ങൾക്കും സർവ്വത്തിനും ബാധകമായ 'മഹാശാസ്ത്രം' പ്രകാരമുള്ള ഏറ്റവും ഹ്രസ്വമായ വിശകലനമാണ്. ശാസ്ത്രം സ്ഥാപിച്ചു കഴിഞ്ഞാൽ, ശാസ്ത്രത്തിൽ ലയിച്ച് യുക്തി അവസാനിക്കുന്നതാണ്.**

**ദൈവം ജീവികളെയും, അവയിൽ ഒന്നായിട്ട്, 'മോക്ഷത്തെ ബന്ധിപ്പിച്ച് കൂടുതൽ ബുദ്ധിശക്തികളും മറ്റു ശക്തികളും, നൽകി മനുഷ്യൻ എന്ന ജീവിയെയും സൃഷ്ടിക്കുന്നു'; എന്നല്ലാതെ; മത-ജാതി രാഷ്ട്രീയ ജീവികളെ സൃഷ്ടിക്കുന്നില്ല.**

ദൈവത്തിന്റെ ഖരരൂപവും മണ്ണുമായ ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരം കൊണ്ട്, യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവ്, എല്ലാ ആനന്ദങ്ങളെയും ഭൂമിയിൽ നിന്നും നേടിയാണ് ജീവിക്കുന്നത്. **മനുഷ്യൻ എന്ന ജീവി മാത്രമാണ് ദൈവമോ ഭൂമിയോ ശരീരമോ ആവശ്യപ്പെടാതെ, അപക്വമായി ദൈവകാര്യങ്ങളെ അന്വേഷിക്കാനും, അന്വേഷിച്ചവർക്ക് ശരിയെന്നു തോന്നുന്നതും തോന്നിയതുമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ചേർത്ത് മതങ്ങളെ തട്ടിക്കൂട്ടാനും പിൽക്കാലത്ത് അനേകർ തട്ടിക്കൂട്ടിയ അനേകം മതങ്ങളിലെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പേരിൽ കലഹിക്കാനും കൊല്ലാനും യുദ്ധം ചെയ്യാനും ജീവിതം ധാർമ്മികമായി അധഃപതിപ്പിക്കാനും പ്രവർത്തിച്ചു പോരുന്നത്.**

ഇസ്രായേൽ, മക്ക, കൈലാസ നിരകൾ, ശബരിമല എന്നിങ്ങനെ വ്യത്യസ്ത മത-ദേവാലയങ്ങളിലും ബന്ധപ്പെട്ട പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള ദുരന്തങ്ങളും അക്രമങ്ങളും വധങ്ങളും, മരണങ്ങളുമെല്ലാം അവിടങ്ങളിലെല്ലാം ദൈവീക കാര്യങ്ങളല്ല; മറിച്ച് പൈശാചിക ശക്തികളാണ് നടമാടുന്നത് എന്ന് ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

**ദൈവത്തിന്റെ ആലയം/വീട്, ദൈവം വസിക്കുന്ന വീട്, ദൈവത്തോട് പ്രാർത്ഥിക്കാനും സ്തുതിക്കാനുമുള്ള വീട് എന്നിങ്ങനെ വിവിധ അർത്ഥങ്ങളോടെ മനുഷ്യർ പണ്ടു കാലം മുതൽ ഇന്നും ഉണ്ടാക്കിപ്പോരുന്ന കെട്ടിടങ്ങൾക്ക് ദേവാലയം, പള്ളി, മസ്ജിദ്, ക്ഷേത്രം, മന്ദിരം, എന്നെല്ലാം പേരുകളുണ്ട്. ദേവാലയങ്ങളും മറ്റ് പ്രസ്ഥാനങ്ങളും ഉൾപ്പെടെയുള്ള ഭൂമിയിലെ എല്ലാ വിഷയങ്ങളെയും സൃഷ്ടി സ്ഥിതി സംഹാരം പ്രകാരം അഥവാ ഭൗതിക-ധർമ്മ- ആത്മീയ ശാസ്ത്രങ്ങൾ ചേർന്ന മഹാശാസ്ത്രം പ്രകാരം വിശകലനം ചെയ്യുന്നതാണ് എല്ലായ്പ്പോഴും മഹാഉചിതം.**

**(1) സൃഷ്ടിപരം.** ദേവാലയങ്ങളെ ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരും അവിടങ്ങളിൽ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഏർപ്പെടുത്തിപ്പോരുന്നു എന്നല്ലാതെ

## സർവ്വത്തിനും അതീതവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം, ദേവാലയങ്ങളെ സൃഷ്ടിച്ചിട്ടില്ല;

അതുകൊണ്ടു തന്നെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവത്തിന് വിഷയവുമല്ല; സർവ്വത്തിനും അതീതമാണ് !.

സ്രഷ്ടാവായ ദൈവത്തിന്റെ ആവശ്യത്തിന് ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാവുക എന്നുവച്ചാൽ സർവ്വത്തിനും അതീതമല്ലാതായി ത്തീരുക; ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥ ഇല്ലെന്നുകൂടിയാണ് അർത്ഥം. ദൈവത്തിന്റെ ഇഷ്ടങ്ങളെ മനുഷ്യന് നിശ്ചയിക്കാൻ കഴിയില്ല എന്നിരിക്കെ, ഭാവിക്കുന്നതു പോലും കടുത്ത ദൈവ നിന്ദയാണ്.

ദൈവത്തിന് ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇല്ലേ ?

സർവ്വത്തിനും അതീതമായ ദൈവം കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം ആനന്ദകരമാക്കാൻ മനുഷ്യർ പാലിക്കേണ്ടതിനായി ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും നിശ്ചയിച്ചിട്ടുണ്ട്. അവയ്ക്ക് ഭൂമിയിലെ മതങ്ങളുമായും മത-ദേവാലയങ്ങളുമായി ബന്ധമില്ല. മാത്രമല്ല; ദൈവം, മനുഷ്യർക്കു വേണ്ടി നിശ്ചയിച്ചിട്ടുള്ള 'ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും' പാലിക്കുന്നതോ, അവ പ്രകാരം നിർമ്മിച്ചതോ ആയ ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല. തൃശൂർ വടക്കുംനാഥ ക്ഷേത്രം, മക്ക എന്നിവ അല്പം പരിഷ്ക്കരിച്ചാൽ ദേവാലയങ്ങളായി മാറ്റാൻ കഴിയുന്നതാണ്.

www.omsathyam.com/GodlyRevolution/Mahaavedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**ദൈവീകമായി മനുഷ്യർ പാലിക്കേണ്ടതായ ആചാരങ്ങളും, ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ഭൂമിയിൽ ജീവിക്കാൻ മനുഷ്യന് ആവശ്യമായ ധർമ്മ ശാസ്ത്രവും ഒന്നു തന്നെയാണ്. യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, എന്നീ ശാഖകൾ ഉള്ളതും, യഥാർത്ഥ വേദങ്ങളിൽ രണ്ടാമത്തേതുമായ ധർമ്മ ശാസ്ത്രവും ഭൂമിയിലെ മൂലകങ്ങളിൽ, ഭൗതിക ശാസ്ത്ര ത്തോടൊപ്പം ലയിപ്പിച്ചിരിക്കുകയാണ്. എന്നുവച്ചാൽ ധർമ്മ ശാസ്ത്രം മാത്രമാണ് ഭൂമിയിലെ ദേവാലയങ്ങൾ ഉൾപ്പെടെ എവിടെയും പാലിക്കുവാൻ ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും സ്വയം ബാദ്ധ്യതയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും; അവയ്ക്കെല്ലാം ഭൗതികമായ അസ്തിത്വവും ഉണ്ട്.**

**ശബരിമല തീർത്ഥാടന വിഷയത്തിലും മറ്റും കേരളത്തിലെ ഗവണ്മെന്റിന്റെ നിലപാട്, ഇടപെടീൽ എന്നിവ തീർത്തും തെറ്റാണെന്ന് തെളിയിച്ചു കൊണ്ട് വിഷയം തുടരാം.**

ദൈവത്തിന്റെ ഖര രൂപവും മണ്ണുമായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്രം, മണ്ണായ ദേശങ്ങളുടെ **ഭരണഘടന** ആണെന്നും, **ധർമ്മശാസ്ത്രം പ്രകാരമാണ് ഭൂമിയിലെ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ഭൂമി മഹാസമനീതിയെ നൽകുന്നത് എന്നും മനസ്സിലാക്കി, ജനസേവകരുടെയും സമസ്ത ജനങ്ങളുടെയും ഭരണഘടനയും ജീവിത-ആചാരങ്ങളുമായി ധർമ്മ ശാസ്ത്രത്തെ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്ന ജനസേവകർക്ക് / ഗവണ്മെന്റിനു മാത്രമാണ് മതങ്ങളെയും, മതദേവാലയങ്ങൾ ഉൾപ്പെട്ട മതാചാരങ്ങളെയും ഖണ്ഡിക്കാനും അവരുടെ വിഷയങ്ങളിൽ ഇടപെടുവാനും യോഗ്യത ഉണ്ടാവുക. തെമ്മാടികൾ = എമ്പോക്കികൾ മാത്രമായ കേരളത്തിലെ ഉൾപ്പെടെ ഭൂമിയിലെ യാതൊരു ഭരണകൂടങ്ങൾക്കും യോഗ്യത ഇല്ല തന്നെ.**

**'നീതി വിധിക്കാൻ മനുഷ്യന് അവകാശം ഇല്ല'** എന്നും **'കോടതി ധർമ്മ ശാസ്ത്രവിരുദ്ധമാണ്' എന്നും അറിയാത്ത ജഡ്ജിമാർ** ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മറ്റൊരു കൂട്ടം അടിമകളാണ്. അവരുടെ അധമ-തീർപ്പുകളുടെ അടിസ്ഥാനത്തിൽ അജ്ഞാനികളായ ഭക്തരെയും മറ്റും ദ്രോഹിച്ച് ജീവിക്കുന്ന അടിമകളായ മന്ത്രിമാരും, ജഡ്ജിമാരും, ധർമ്മ ശാസ്ത്രത്തെ അനുസരിക്കേണ്ടതിനു പകരം, 'മന്ത്രിമാർ എന്ന അടിമകളുടെ' അടിമകളായി ക്കൊണ്ട് പ്രവർത്തിക്കുന്ന പോലീസ് സേനയും പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുകയാണ്. ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് പാപികളും എന്നതിനാൽ ദൈവം കൈവിടില്ല, പക്ഷേ ശിക്ഷിച്ചു തിരുത്തേണ്ടത് മഹാസമനീതി നടപ്പാക്കാൻ ആവശ്യമാകയാൽ ശിക്ഷകൾ ഉറപ്പാണ്.

**ഭൂമിയിലെ എല്ലാ ജനങ്ങളും സദാ അനുസരിക്കേണ്ടത് ഭൂമിയുടെ മൂലകങ്ങളിൽ/വസ്തുക്കളിൽ ദൈവം@ഭൂമി ലയി(പ്പി)ച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ മാത്രമാവണം. പകരം, അധമരായ ജനങ്ങൾ തട്ടിക്കൂട്ടിയ ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെയും പദവികളെയും അനുസരിക്കുമ്പോഴാണ് പിഴവുകൾ സംഭവിക്കുന്നത്.**

**പ്രവൃത്തികളിലെ ശരിയും തെറ്റും; പുണ്യവും ശിക്ഷയും നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ദൈവീകമായ നീതിയാണ്. ആകയാൽ വ്യക്തികളെ സംബന്ധിച്ച് സർവ്വ പ്രധാനമായ കാര്യം ദൈവീകമായ ശരിയും നീതിയുമാണ്.**

**മഹാനീതിയായ ദൈവം ഓരോ വ്യക്തിയുടെയും പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിക്കുമാണ് നീതി നൽകുന്നത്; ജീവികളോ വസ്തുക്കളോ അല്ലാത്തതും ഭൗതിക അസ്തിത്വം ഇല്ലാത്തതുമായ പ്രസ്ഥാനങ്ങൾക്കല്ല. അപ്പോൾ ഓരോ വ്യക്തിയും / ജീവാത്മാവും ശ്രദ്ധിക്കേണ്ടത് അവരവരുടെ ചിന്തകളും ആശയങ്ങളും അഭിപ്രായങ്ങളും പ്രവൃത്തികളും ധർമ്മ ശാസ്ത്ര പ്രകാരമാവാൻ മാത്രമാണ്.**

സ്വതന്ത്രമായ ബുദ്ധിശക്തി ഏറെ ലഭിച്ച ഏക ജീവിയായ മനുഷ്യനെ വഴിതെറ്റിക്കാൻ ശാസ്ത്ര വിരുദ്ധമായ ദേവാലയം, മതം, രാഷ്ട്രീയപാർട്ടി തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ പ്രവർത്തിക്കുന്നവർക്ക്/ പരിശ്രമിച്ചവർക്ക് തീർച്ചയായും ദൈവ ശിക്ഷ കൂടുന്നതുമാണ്.

മണ്ണായ ഭൂമിയുടെ എല്ലാ പ്രദേശങ്ങളിലെയും ദേശങ്ങളിലെയും വായു, ജലം, ഭക്ഷണ വിഭവങ്ങൾ എന്നിവ അടിസ്ഥാന പരമായി എല്ലാ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും യഥാക്രമം ശ്വസിക്കാനും, കുടിക്കാനും കുളിക്കാനും, ഭക്ഷിക്കാനും കഴിയും, ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് ചേരും എന്നതു പോലെ, ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെയും, വസ്തുക്കളെയും ഉപയോഗിച്ച് മനുഷ്യർക്ക് നിർമ്മിക്കുന്ന സ്മാർട്ട് ഫോണും ഇന്റർനെറ്റും വാട്സാപ്പും ടെലിവിഷനും വിമാനവും കാറും തീവണ്ടിയും മറ്റുമായ വാഹനങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും വീടുകളും കെട്ടിടങ്ങളും ഭക്ഷണങ്ങളും എല്ലാം എല്ലാം പൊതുവായ വസ്തുതകളാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾക്ക് ദൈവം സൃഷ്ടിക്കുന്ന ശരീരങ്ങളും രക്തവും അവയവങ്ങളും അവയുടെ പ്രവർത്തനങ്ങളുമെല്ലാം ഭൂമിയുടെ മൂലകങ്ങളും അവയിൽ ലയിച്ചിട്ടുള്ള ഭൗതിക- ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ കൊണ്ടും ഭൗതിക-അസ്തിത്വം ഉള്ള പൊതുവായ വസ്തുതകളാണ്. **പൊതുവായ മേല്പടി വസ്തുക്കളിലും വസ്തുതകളിലും മതം, ജാതി, മത-ദേവാലയം, രാഷ്ട്രീയം, വർഗ്ഗം, തുടങ്ങിയ വ്യത്യാസങ്ങൾ ഇല്ല തന്നെ; അതായത് അവ ഒരു വ്യക്തിയുടെയോ ഏതാനും/അനേകം വ്യക്തികളുടെയോ സ്വകാര്യം മാത്രമാണ്.**

**ദൈവ കാര്യങ്ങളെ കുറിക്കുന്ന മതമോ, ദേവാലയമോ, രാഷ്ട്രീയ പാർട്ടിയോ ഒക്കെ സ്വകാര്യം അല്ലാതെ പൊതുവായത് ആവണമെങ്കിൽ, അവയുടെ ഘടനയും രൂപവും ഭാവവും ഒന്നാവണം, ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക-അസ്തിത്വവും ഉണ്ടാകണം. അങ്ങനെ വരുമ്പോൾ ഒന്നിലധികം മതങ്ങളും രാഷ്ട്രീയങ്ങളും ഏക മഹാശാസ്ത്രത്തിന്റെ ഭാഗമായി മാറുന്നതാണ്. സമസ്ത ദേവാലയങ്ങൾക്കും ഒരേ രൂപവും ഭാവവും ഉണ്ടാകും!**

**ഭൂമിയിൽ ഇന്നുള്ള മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും, അവിടങ്ങളിലെല്ലാം ഉള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും സ്വകാര്യം ആണെന്ന് ശാസ്ത്ര പരമായി തെളിയിച്ചിരിക്കുന്നു, എന്ന് പറയുമ്പോൾ, വ്യത്യസ്ത മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും സ്വകാര്യമാണല്ലോ; മുസ്ലീങ്ങളുടേതാണ് മക്ക; ഹിന്ദുക്കളുടേതാണ് കാശി വിശ്വനാഥ ക്ഷേത്രം, ക്രിസ്ത്യാനികളുടേതാണ് വേളാങ്കണ്ണി പള്ളി എന്നെല്ലാം പെട്ടെന്ന് തോന്നും. ശാസ്ത്ര സത്യങ്ങളെ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നത് സാമാന്യ ബുദ്ധി ശക്തി കൊണ്ട് തിരിച്ചറിയാൻ കഴിയുമെങ്കിലും ശ്രമം ഉണ്ടാകുന്നില്ല. ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെ മഹാനീതി ശാസ്ത്ര പ്രകാരം ഭൂമിയിലെ സത്യങ്ങളെ സംരക്ഷിക്കാൻ പദ്ധതികളുണ്ട്. മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല; അവകാശവും ഇല്ല എന്ന ഇ-മഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

വ്യത്യസ്ത മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും ഉൾപ്പെടെ സ്വകാര്യമായ ഏതൊന്നിനെയും സംരക്ഷിക്കേണ്ടത് ധർമ്മ ശാസ്ത്ര പ്രകാരമാവണം. കാലാവധി ത്തീയതി കഴിഞ്ഞവ ധർമ്മ ശാസ്ത്ര വിരുദ്ധമായി ഭൂമിയിൽ/ സമൂഹത്തിൽ നിലകൊണ്ടാൽ ദോഷങ്ങളും നഷ്ടങ്ങളും ധാർമ്മിക അധഃപതനങ്ങളും ഉണ്ടാകുന്നതാണ്; ന്യൂനശക്തികൾ ഉണ്ടാക്കുന്നതാണ്. Date of Expiry കഴിഞ്ഞ മരുന്നുകൾ ഉപയോഗിച്ചാൽ അപകടവും മരണവും ഒക്കെ സംഭവിക്കാം ! മനുഷ്യ ശരീരത്തിലെ എല്ലാ കോശങ്ങളും സ്ഥിരമായി മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു എന്നതിനെ വിശകലനം ചെയ്താൽ തന്നെ പാഠങ്ങൾ ബോദ്ധ്യമാകുന്നതാണ്.

**ദേവാലയങ്ങളെ ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരും മരണപ്പെടുമ്പോൾ അവരുടെ ശരീരം മണ്ണിൽ അടിഞ്ഞ്; വീണ്ടും മണ്ണിന്റെ സ്വന്തമാകുന്നതു പോലെ ആദ്യ നിർമ്മാതാക്കൾ മരണപ്പെടുമ്പോൾ അവർ ഉണ്ടാക്കിയ മന്ദിരങ്ങൾ, മണ്ണും ഭൂമിയുമായ ദൈവത്തിന്റേതാകുന്നു.**

**കുഞ്ഞുങ്ങളായ മനുഷ്യർക്ക് സ്രഷ്ടാവായ ദൈവം അനുവദിച്ചിട്ടുള്ള വ്യക്തി സ്വാതന്ത്ര്യത്തെ സദുപയോഗമോ ദുരുപയോഗമോ ചെയ്ത് വ്യക്തി / വ്യക്തികൾ ആരംഭിച്ചു വച്ച / വാങ്ങിയ / ഉണ്ടാക്കിയിട്ടുള്ള / തട്ടിക്കൂട്ടിയ വസ്തുക്കളെയും മതം ജാതി മത-ദേവാലയം രാഷ്ട്രീയം വർഗ്ഗം തുടങ്ങിയ പ്രസ്ഥാനങ്ങളെയും മരണത്തോടെ കഴിയുമെങ്കിൽ കൂടെക്കൊണ്ടു പോവുക എന്നല്ലാതെ കൈമാറ്റം ചെയ്യാൻ വ്യക്തിക്കോ, സ്വന്തമായ അദ്ധ്വാനം കൊണ്ട് നേടാത്തവ സ്വീകരിക്കാനോ സ്വന്തമാക്കാനോ ജീവിച്ചിരിക്കുന്നവർക്കോ മണ്ണായ ഭൂമി അവകാശം നൽകുന്നില്ല.**

www.omsathyam.com/GodlyRevolution/Mahaavedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിലെ ദൈവീകമായ സാമ്പത്തിക ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**ഉണ്ടാക്കിയ/ ഉണ്ടാക്കിച്ച വ്യക്തികളുടെ സ്വകാര്യം മാത്രമായ മത-ദേവാലയങ്ങളെ പ്പറ്റി പറയുമ്പോൾ, സ്വന്തം കാര്യത്തിൽ ഭൂമിയിൽ നിലനിൽക്കാൻ കഴിവില്ലാത്തവരും, ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരം പ്രത്യക്ഷമായി വിധിക്കുന്ന മരണത്തിന് കീഴടങ്ങുന്നവരുമായ ജീവാത്മാക്കൾക്ക് അവർ ഉണ്ടാക്കിയ മന്ദിരങ്ങളെ ഭൂമിയിൽ നിലനിർത്താൻ കഴിയില്ല; കൂടെക്കൊണ്ടു പോവാനും കഴിയില്ല. ധർമ്മ ശാസ്ത്ര പ്രകാരം ഭൂമിയുടെ സ്വന്തമായി മാറുന്ന മതദേവാലയം, മത-രാഷ്ട്രീയ പ്രസ്ഥാനങ്ങളും ആഫീസുകളും തുടങ്ങിയവ, സ്ഥാപകരുടെ മരണത്തോടെ പൊതു ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകളും ജനസേവകരുമായ ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ വരണം.**

'ഇന്ത്യൻ നാഷണൽ കോൺഗ്രസ്' പിരിച്ചുവിടാൻ **ഗാന്ധിജി** ഉപദേശിച്ചതിനെ തള്ളിയവരും ഏവരും അറിയേണ്ടത് എല്ലാ രാഷ്ട്രീയ പാർട്ടികളും കാലാവധി തീയതി കഴിഞ്ഞു; അവയുടെ ചീഞ്ഞളിഞ്ഞ ശവങ്ങൾ ധർമ്മ ശാസ്ത്ര വിരുദ്ധമായി നിലകൊണ്ട് സമൂഹത്തിൽ ബഹുവിധ മാരക രോഗങ്ങൾ പരത്തുകയാണ് !

വ്യക്തി / വ്യക്തികൾ ആരംഭിച്ചു വച്ച / ഉണ്ടാക്കിയിട്ടുള്ള / തട്ടിക്കൂട്ടിയ മതം, ജാതി, മത-ദേവാലയം, രാഷ്ട്രീയം, വർഗ്ഗം, തുടങ്ങിയവയിൽ മത-ദേവാലയം, മന്ദിരങ്ങൾ / ആഫീസുകൾ തുടങ്ങിയവ ഭൗതിക അസ്തിത്വം ഉള്ളവയാണ്; ഭൂമിയിലെ വസ്തുക്കളെ സദുപയോഗമോ ദുരുപയോഗമോ ചെയ്ത് ഉണ്ടാക്കിയവയാണ്. **അശാസ്ത്രീയമായി ഉണ്ടാക്കിയവ, ബന്ധപ്പെട്ട വ്യക്തികൾക്ക് മഹാനീതി ശാസ്ത്ര പ്രകാരം പാപവും ശിക്ഷകളും തീർച്ചയായും നൽകുന്നതാണ്**. ഭൗതിക അസ്തിത്വം ഉള്ളതായ മന്ദിരങ്ങളെയും അവയുമായി ബന്ധപ്പെട്ട മറ്റ് സമ്പത്തുകളെയും ഏറ്റെടുക്കുക എന്നതിൽ മത-ജാതി പരങ്ങളായി തട്ടിക്കൂട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഭരണകൂടത്തിലെ ഏറെക്കുറെ മുഴുവൻ സേവകർക്കും മുകളിൽ സാമൂഹ്യ സേവനത്തിൽ ഏർപ്പെടുന്ന വ്യക്തി ധാർമ്മികമായി ഉയരുമ്പോഴാണ്, ഭരണകൂടം ശ്രദ്ധിക്കേണ്ടതും ചെയ്യേണ്ടതുമായ വൃദ്ധ സദനങ്ങൾ, അനാഥ മന്ദിരങ്ങൾ, ശ്മശാനം തുടങ്ങിയവ പലപ്പോഴും വ്യക്തി(കൾ) ചെയ്തു തുടങ്ങുന്നത്.

അതേസമയം അടിസ്ഥാന പരമായി സ്വകാര്യമായവ (അവയെ) ആദ്യം ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരുമായ വ്യക്തികളുടെ മാത്രം സ്വന്തമാണ്; സ്വകാര്യമാണ്. കൂട്ടുചേരാൻ തയ്യാറാകുന്ന ഏതൊരാൾക്കും വസ്തുതകളെ മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരം വിശദീകരിക്കാൻ സാധിച്ചിരിക്കണം.

വ്യക്തി / വ്യക്തികൾ ആരംഭിക്കുന്ന സ്വകാര്യമായ സംരംഭങ്ങളുടെ സ്വഭാവം മതം, ജാതി, രാഷ്ട്രീയം, വർഗ്ഗം, പ്രാദേശികം, ദേശീയം, എന്നിങ്ങനെ ഇടുങ്ങിയതായാൽ, സമൂഹത്തിന്റെ പൊതുവായ ഐക്യത്തിനും ഐശ്വര്യത്തിനും ദോഷമാകും എന്നു തിരിച്ചറിയാനും, ജനങ്ങളെ ബോധ്യപ്പെടുത്തി തടയാനും, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകളും ജനസേവകരുമായ ഭരണകൂടത്തിനു കഴിയണം. **സ്വകാര്യമായ രാഷ്ട്രീയ പാർട്ടികളുടെ ഭാഗവും തെമ്മാടികളുമായി ജനസേവകർ അധഃപതിച്ചതിനാലാണ്** പുതിയ മതദേവാലയങ്ങളും പ്രസ്ഥാനങ്ങളും നാട്ടിൽ ഉണ്ടാകുന്നത്.!

ദേവാലയങ്ങളെയും രാഷ്ട്രീയ പാർട്ടികളുടെ ആഫീസുകളെയും ഒക്കെ സ്ഥാപകരുടെ മരണത്തോടെ ഏറ്റെടുക്കേണ്ടത് പൊതു ജനങ്ങളുടെ പൊതുവായ ആവശ്യം ആവണം. എന്നാൽ റോഡ് നന്നാക്കണം, കുടിവെള്ളം വിതരണം മുടങ്ങരുത്, ഗ്യാസ് പെട്രോൾ വില കുറയ്ക്കണം, ബസ് ചാർജ് കുറയണം, ട്രെയിൻ വേണം/ കൂടുതൽ വേണം എന്നിങ്ങനെ **പൊതുവായ ആവശ്യങ്ങൾ നാട്ടിൽ ഉണ്ടെങ്കിലും**, **പൊതുജനങ്ങൾ ഇല്ല.** മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക അസ്തിത്വം ഇല്ലാത്തതായ മതം, ജാതി, രാഷ്ട്രീയം, തൊഴിൽ വർഗ്ഗം, തുടങ്ങിയ വ്യത്യാസങ്ങൾ പ്രകാരം **ഭിന്നിച്ചു** ജീവിക്കുകയും കലഹിക്കുകയും കൊല്ലുകയും, യുദ്ധം ചെയ്യുകയും, ഒളിപ്പോര് നടത്തുകയും, വെള്ളപ്പൊക്കവും സുനാമിയും കൊടുങ്കാറ്റും തീപിടിത്തവും പോലെയുള്ള ദുരന്തങ്ങൾ നാട്ടിൽ ഉണ്ടാകുമ്പോൾ കുറെയൊക്കെ ഒന്നിക്കുകയും, ശേഷം വീണ്ടും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി **ഭിന്നിച്ചു** തമ്മിലടിക്കുകയും ചെയ്യുന്ന **അവിവേകികളാണ്** ഭൂമിയിലെങ്ങും കൂടുതൽ ! **പൊതുജനങ്ങൾ എന്ന പേര് ഉപയോഗിക്കണം എന്നുണ്ടെങ്കിൽ, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി തമ്മിലടിച്ചു ജീവിക്കുന്നവർക്ക് മനുഷ്യരായി പരിണാമം ഉണ്ടാകണം.**

## (2) സ്ഥിതി പരം.

**മഹാനീതിയായ ദൈവത്തിന്റെ ഖര രൂപമായ ഭൂമിയുടെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ പ്രത്യക്ഷ ദൈവാംശമായ ശരീരത്തിലൂടെ,** സ്ത്രീപുരുഷ നിർണ്ണയം, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ഉയരം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളിൽ വ്യത്യാസങ്ങളെ സൃഷ്ടിച്ചു കൊണ്ട് 100 മനുഷ്യ ജന്മങ്ങളിലൂടെയാണ് **ഭൂമി @ ദൈവം മനുഷ്യർക്ക് മഹാസമനീതിയും, ഭൂമിയിൽ നിന്നും മോക്ഷവും നൽകുന്നത്. ജന്മഗുണങ്ങളെ തുല്ല്യമാക്കിയാൽ, ഉദാഹരണമായി, സൗന്ദര്യം തുല്ല്യമായാൽ എല്ലാവരും ഒരേപോലെ ആയിരിക്കും, സ്ത്രീ പുരുഷ വ്യത്യാസം പോലും സാദ്ധ്യമാവില്ല.**

**ഒരു ജന്മത്തിലെ തുച്ഛമായ ആയുസ്സുമായി ഭൂമിയിലെ ഏതെങ്കിലും പ്രദേശത്ത്, അടിസ്ഥാന പരമായി ഭൂമിയുടെ ഇഷ്ടം അനുസരിച്ച് ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന**

## ബുദ്ധി ശക്തി കൂടുതൽ ലഭിച്ച വിവരദോഷികൾ

മതം, ജാതി, രാഷ്ട്രീയം, വർഗ്ഗം, പ്രാദേശികം, ദേശീയം, എന്നിങ്ങനെ ഇടുങ്ങിയ ചിന്താഗതികളുമായി സമൂഹത്തിലെ ശാന്തിയും സമാധാനവും സന്തോഷവും കെടുത്തുന്ന പ്രവൃത്തികളെ ചെയ്യുന്നത് കടുത്ത അപരാധമാണ്. ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്. ഒരു ജന്മഗുണത്തിൽ പോലും സമനീതി നടപ്പാക്കാൻ കഴിയാത്ത മത-രാഷ്ട്രീയ നേതാക്കൾ, ദൈവത്തിന്റെ മഹാനീതി കാര്യങ്ങളെ കുറിച്ച് ഏകദേശമായ അറിവ് നേടാൻ പോലും ശ്രമിക്കാതെ, വിഡ്ഢിത്തങ്ങൾ പുലമ്പുന്നത് അവർക്കു വേണ്ടി അവസാനിപ്പിക്കണം; അതീവ ജാഗ്രതയും പുലർത്തണം.

**ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർക്ക് ചുറ്റുമുള്ള ജനങ്ങളെ 'കള്ളങ്ങളും തെറ്റുകളും' പഠിപ്പിക്കാതെ; പാപങ്ങളും ദൈവ ശിക്ഷകളും സമ്പാദിക്കാതെ, അവരവർക്കു വേണ്ടി ശ്രദ്ധിക്കാനുള്ള സ്വയം ബാദ്ധ്യതയുണ്ട്. മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികൾ തലമുറകളായി ചെയ്തു പോരുന്ന പാപക്കറ ഉടൻ കഴുകിക്കളയുക.**

സ്ത്രീപുരുഷ നിർണ്ണയം, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളിൽ ഒന്നു മാത്രമാണ് ബുദ്ധിശക്തി. ചുറ്റുമുള്ള മനുഷ്യർക്കും, മൃഗങ്ങൾ-പക്ഷികൾ-സസ്യങ്ങൾ-മത്സ്യങ്ങൾ എന്നിങ്ങനെ മറ്റുള്ള ജീവികൾക്കും ബുദ്ധിശക്തികളെ ഓംകാര നീതിശാസ്ത്ര പ്രകാരം ഏറ്റക്കുറച്ചിലുകളോടെ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും മഹാസമ ആനന്ദം എന്ന മഹാസമനീതിയെ വ്യവസ്ഥ ചെയ്യുന്ന മഹാആവിഷ്ക്കാരമാണത്. ജന്മഗുണമായി വ്യവസ്ഥ ചെയ്തിട്ടുള്ള ബുദ്ധിശക്തിയിൽ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ സമം ആയാൽ തൊഴിൽ അഭിരുചി എന്ന ജന്മഗുണത്തെ സ്ഥാപിക്കാൻ കഴിയുന്നതല്ല. സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ എന്നിങ്ങനെ ഏതെങ്കിലും ഒരാളുടെ ബുദ്ധിശക്തി മാത്രം നൽകേണ്ടുന്ന അവസ്ഥയാണ് ഉണ്ടാവുക.

ഉദാഹരണത്തിന്, എല്ലാവരും ഡോക്ടർമാർ ആയാൽ, കൃഷി, നെയ്ത്, തയ്യൽ, മേശിരി, ആശാരി, ലേബർ, ഡ്രൈവർ, മുക്കുവൻ, വിമാന പൈലറ്റ്, തുടങ്ങിയ തൊഴിലുകളും, ചെയ്യാൻ ആളും ഇല്ലാത്ത അവസ്ഥ ഉണ്ടാകും. ഇനി ഭൂമിയിലൊക്കെയും ഇന്നുള്ള 750 കോടി ജനങ്ങളും മറ്റൊരു രാജ്യത്തിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. സമ്പൂർണ്ണ സാക്ഷരത ഉണ്ടായാൽ ജനാധിപത്യ- ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാരും മറ്റു വിവരദോഷികളും ഏറെ ചിന്തിക്കുക. അതായത്, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. (ഓരോ ജന്മ ഗുണവും അതേപോലെ അതീവ ഗൗരവമാണ്).

കൃഷിക്കാർ, മുക്കുവർ, തുടങ്ങിയ സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും കൂടുതൽ ബുദ്ധിശക്തി ലഭിച്ചാലും, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. ദൈവം കുഞ്ഞുങ്ങളായ മനുഷ്യരുടെ നല്ലതിനു വേണ്ടി നൽകുന്ന ബുദ്ധിശക്തികളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുമ്പോൾ, ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ, **കുറച്ചു ലഭിച്ചവരെ മന്ദബുദ്ധി, ബുദ്ധിയില്ലാത്ത കഴുത എന്നെല്ലാം വിളിച്ചാൽ, അറിഞ്ഞും അറിയാതെയും അവർ ആക്ഷേപിച്ചത് മഹാനീതിയായ ദൈവത്തെയാണ്.**

മഹാമാതാവും മഹാനീതിയും ഏകദൈവവുമായ മഹാദേവിക്കോ, മഹാപിതാവും മഹാനീതിപതിയും പരമശിവനുമായ മഹാദേവനോ കുഞ്ഞുങ്ങൾ തങ്ങളെ ആക്ഷേപിക്കുന്നതിന്റെ പേരിൽ ശിക്ഷിക്കുന്നതല്ല. എന്നാൽ അവർ വേദനിപ്പിച്ച 'ബുദ്ധിശക്തി കുറച്ചു ലഭിച്ച കുഞ്ഞുങ്ങൾ' വേദനിക്കുന്നതിന്റെ അളവിന് ആനുപാതികമായി ശിക്ഷിക്കേണ്ടി വരും! ആകയാൽ ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ ജാഗ്രത കാട്ടണം.

മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്.'

| ജീവിതം ആനന്ദിക്കാനാണ്; അന്യോന്യം ഭരിക്കാനല്ലാ. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കു നിയോഗിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരുമായ അടിമകൾ വഴിപിഴച്ചതു കാരണം, മറ്റുള്ള ജീവികൾക്കുള്ള സ്വാതന്ത്ര്യവും സന്തോഷവും പോലും മനുഷ്യർക്ക് ഇല്ലാതെ വന്നു. | Life is to Enjoy; Not for Ruling in between. The Slaves living at the expense of the people who were assigned to do the general needs of the people gave up Virtues, and People are at the state of Not getting the Freedom and Joy of the other creatures even ! |
|---|---|
| സൃഷ്ടികളായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയെല്ലാം ജനിപ്പിക്കുന്നത് / ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുകയാണ് ജീവികളെല്ലാം ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ഭൗതിക ശാസ്ത്ര സാങ്കേതിക നിയമങ്ങളും വികസനങ്ങളും കൊണ്ട് അനന്തമായ ആനന്ദങ്ങളെ നേടാനും കൂടുതൽ ആനന്ദിച്ചു ജീവിക്കാനുമാണ് മനുഷ്യർ പ്രയത്നിച്ചു പോരുന്നത്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവം, സൃഷ്ടികൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകുന്നു; ജീവാത്മാക്കളായ കുഞ്ഞുങ്ങൾ സ്വീകരിക്കുന്നു. | The Purpose of Creation of all Creatures, including human beings, are born to live; all creatures are living & Life is to Enjoy. Human beings are trying to achieve endless pleasures and enjoy life with the science and technology techniques and development. GOD who created the Infinite Pleasures is beyond all the pleasures, supplies/ delivers the endless joy / pleasures to human beings with Supreme Motherly love; the Creatures@ Children@Souls receive it. |

**100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമി നൽകുന്ന അനന്തമായ ആനന്ദങ്ങളെയെല്ലാം അറിയാനും അനുഭവിക്കാനും, ശേഷം നക്ഷത്രം എന്ന മോക്ഷം നേടുമ്പോൾ, അനന്ത കാലം ആനന്ദങ്ങളെ ആസ്വദിക്കാനുമാണ് ജീവിതം. മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾ കടന്ന് മനുഷ്യാവസ്ഥയിൽ എത്തിയിട്ടുള്ള മനുഷ്യന്, ജന്തുനീതി ചെയ്യാനുള്ള അവകാശവും പോലീസ് അധികാരവും മൃഗാവസ്ഥയിൽ നേടിയ മുൻസ്വത്താണ്; മനുഷ്യാവസ്ഥയിൽ കൂടുതൽ അവകാശവും അധികാരവും കൈവരികയാണ്. എന്നാലും സ്വന്തം ആവശ്യമായി ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കുന്ന നിലയിലേക്ക് വ്യക്തി ഉയരുകയും വേണം.**

The Human Life is to know & enjoy the infinite pleasures from Earth in a life span of 100 Reincarnations, and then avail Moksham @ Salvation wherein enjoy the Pleasures for Infinite Time as Star ō . The human state reached after the respective evolutions from fish- plant- bird - animal empower Human beings with the Animal Justice with Police Powers pre-secured at the Animal stage. Although the Rights & Power increase in the human stage, a person be stuck to the Science of Duties & Justice for Him.

ജീവിതത്തിന്റെ ഉദ്ദേശത്തെ മനസ്സിലാക്കാൻ ശ്രമിക്കുക പോലും ചെയ്യാതെ വലിയ ഒരു വിഭാഗം രാഷ്ട്രീയ ഭരണാധികാരികളും ഉദ്യോഗസ്ഥരും തോന്നും പോലെ പ്രവർത്തിച്ച് പാപവും ശിക്ഷകളും വാരിക്കൂട്ടുകയാണ്. മറ്റൊരിടത്ത്, ജനങ്ങളെ ചൂഷണം ചെയ്ത് ഭൗതികമായ ആനന്ദങ്ങളെ സ്വന്തമാക്കി ജീവിക്കുന്ന മതപ്പരിഷകൾ **ജനങ്ങളുടെ ജനനത്തെ മരണവുമായും മരണാനന്തര ജീവിതവുമായും ബന്ധിപ്പിക്കുന്ന പാഴ് വേല ചെയ്യിക്കുന്നു !**

ധർമ്മ ശാസ്ത്രം പ്രകാരം ആനന്ദിച്ചു ജീവിക്കുക എന്നതിനു പകരം ജീവിക്കാൻ ആവശ്യമില്ലാത്ത ദൈവകാര്യങ്ങളിൽ മനുഷ്യൻ ഇടപെട്ടു കൂടാ. ദൈവത്തിന്റെ 'മഹാജ്ഞാനം കൂടിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' പ്രകാരമല്ലാത്ത യാതൊന്നും ദൈവീകമല്ല. ദൈവകാര്യങ്ങൾ ഉൾപ്പെട്ട ആത്മീയ ശാസ്ത്ര കാര്യങ്ങളെ ഉചിതമായ സമയത്ത് ദൈവം നേരിട്ട് പഠിപ്പിച്ചു കൊള്ളും. അർദ്ധ-മഹാദേവിയായ പരമശിവനിലൂടെ, ഓരോ മനുഷ്യന്റെയും 90 മുതൽ 95 വരെയുള്ള പുരുഷ-ജന്മങ്ങളിൽ ഒന്നിൽ **മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിക്കുമ്പോൾ മാത്രമാണ് ദൈവ കാര്യങ്ങൾ ഉൾപ്പെട്ട ആത്മീയശാസ്ത്രത്തെ സമ്പൂർണ്ണമായി പഠിക്കാനും പഠിപ്പിക്കാനും മനുഷ്യൻ യോഗ്യത നേടുക**.

ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, തങ്ങൾക്ക് ശരിയെന്നു തോന്നുന്നതോ, ആരെങ്കിലും തട്ടിക്കൂട്ടിയതോ ആയ കാര്യങ്ങളെ ന്യായീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും തയ്യാറായാൽ ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിച്ചില്ല എന്നാണ് അർത്ഥം. ദൈവം പാതി, മനുഷ്യൻ പാതി എന്നതിൽ സ്വന്തം പകുതി സംശുദ്ധമാവാൻ ഓരോരുത്തരും ശ്രദ്ധിക്കണം.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിലെ ഓംകാര നീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ എല്ലാ ജന്മഗുണങ്ങളെയും, അവ പ്രകാരം മഹാസമനീതി നൽകുന്നതിനെയും വിശദീകരിച്ചിട്ടുണ്ട്.

## വീണ്ടും ദേവാലയ കാര്യങ്ങളെ കുറിച്ച് തുടരാം :

**ശബരിമല, മക്ക, ജെറുസലേം, വേളാങ്കണ്ണി തുടങ്ങിയ ഏതൊരു ദേവാലയ കാര്യത്തിലും പരമമായ ദൈവീക ശരി അന്വേഷിക്കാനും അറിയാനും ജനങ്ങളെ പഠിപ്പിക്കാനും പരിശ്രമിക്കേണ്ടത് മുഖ്യമായും രണ്ടു വിഭാഗം മനുഷ്യരുടെ കടമകളിൽ പെടുന്നുണ്ട്. (1) ബുദ്ധിശക്തികളും സൗകര്യങ്ങളും അവസരങ്ങളും (ദൈവത്തിൽ നിന്നും) കൂടുതൽ ലഭിച്ച വ്യക്തികൾക്ക് സാമൂഹ്യ കടമയുണ്ട്; സ്വയം ബാദ്ധ്യതയുമാണ്. (2) ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ശ്രദ്ധിക്കേണ്ടവരും, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരുമായ 'മന്ത്രിമാരും രാജാവും ഉൾപ്പെടെയുള്ള ജനസേവകർ എന്ന അടിമകളുടെ കടമകളിൽ പെടുന്നു.'**

(1) ബുദ്ധിശക്തിയും വിവേകവും വിജ്ഞാനവും ഏറെയുണ്ടെന്നും, തങ്ങളുടെ വിശ്വാസങ്ങൾ മാത്രമാണ് ശരിയെന്നും ഉറപ്പിച്ചു വിശ്വസിക്കുന്നവർ വർദ്ധിച്ചിട്ടുണ്ട്. മതപരമായും രാഷ്ട്രീയപരമായും മറ്റുള്ള അനേകർ വളരെ അധഃപതിച്ചു കഴിയുന്നു എന്ന് കരുതുന്നവരും ഉപദേശിക്കുന്നവരും വർദ്ധിച്ചിട്ടുണ്ട്. വ്യക്തികളെ സംബന്ധിച്ചിടത്തോളം അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്. ഭൂരിപക്ഷം വരുന്ന 'സാധാരണ ജനങ്ങളായ ദൈവത്തിന്റെ കുഞ്ഞുങ്ങളെ' മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ചിന്തകൾ കൊണ്ട് വഴിതെറ്റിച്ചതും മനസ്സു കൊണ്ട് മനുഷ്യൻ അല്ലാതാക്കിപ്പോരുന്നതും എക്കാലവും ന്യൂനപക്ഷം വരുന്ന ബുദ്ധിജീവികളാണ് അഥവാ ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവരാണ്. സാധാരണ ജനങ്ങളെ വഴിതെറ്റിച്ച ബുദ്ധിജീവികൾക്ക് പണ്ടും ഇന്നും വഴിതെറ്റിയതു കൊണ്ടാണ് ധാർമ്മിക അധഃപതനം സംഭവിച്ചത്. ബുദ്ധിജീവികൾക്ക് എന്തുകൊണ്ടാണ് വഴിതെറ്റിയത്?

അധർമ്മങ്ങളും, ദുസ്വാർത്ഥങ്ങളും മാത്രമല്ലാ കാരണം. ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിച്ചില്ല.

മറ്റുള്ളവരുടെ വിശ്വാസങ്ങൾ തെറ്റിയിരിക്കുന്നു എന്ന് വിശ്വസിക്കുന്നവർ സ്വന്തം വിശ്വാസങ്ങൾ ശരിയാണോ എന്ന് പരിശോധിക്കാൻ തയ്യാറാകുന്നില്ല എങ്കിൽ, ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിക്കാത്തവരാണ്. പരിശോധിക്കേണ്ടത് എങ്ങനെയാണ് ?

**സനാതനമായ അഥവാ എക്കാലവും മാറ്റമില്ലാത്ത ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരമാണ് വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉൾപ്പെടെ പ്രപഞ്ചത്തിലെ ഏതൊരു കാര്യവും പരിശോധിക്കേണ്ടത്. രോഗ നിർണ്ണയം, മരുന്നുകൾ, രക്തം, മൂത്രം, എക്സ്റേ, സ്കാൻ തുടങ്ങി സർവ്വതും ഭൗതിക ശാസ്ത്ര പരമായി ലാബിൽ ടെസ്റ്റ് ചെയ്യാൻ തയ്യാറാകുന്ന എല്ലാ മത-പുരോഹിതന്മാരും മത-വിശ്വാസങ്ങളെ കലർത്താൻ വന്നാൽ, മതപ്പരിഷകളെ ആട്ടിയകറ്റണം; ശാസ്ത്രപരമായി മാത്രം പരിശോധിക്കണം. തെറ്റുകളെ തിരുത്തുകയും വേണം. മുമ്പ് വ്യക്തമാക്കിയതു പോലെ,** ഒരു ജന്മത്തിലെ തുച്ഛമായ ആയുസ്സുമായി ഭൂമിയിലെ ഏതെങ്കിലും പ്രദേശത്ത്, അടിസ്ഥാന പരമായി ഭൂമിയുടെ ഇഷ്ടം അനുസരിച്ച് ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ബുദ്ധി ശക്തി കൂടുതൽ ലഭിച്ച വിവരദോഷികൾ തജ്ജന്മത്തിലെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ചിന്തകളെ അധമങ്ങളും അബദ്ധങ്ങളും മണ്ടത്തരങ്ങളും ദുസ്വാർത്ഥങ്ങളും എന്നെല്ലാം തിരിച്ചറിഞ്ഞു തിരുത്തി ജീവിക്കണം.

(2) മതപ്പരിഷകൾ ജനങ്ങളെ മരണവുമായും മരണാനന്തര ജീവിതവുമായും ബന്ധിപ്പിക്കുന്ന പാഴ് വേല ചെയ്യിച്ച്, ചൂഷണം ചെയ്ത് ജീവിക്കുന്നതിൽ പങ്കുചേരാൻ മന്ത്രിമാരും മറ്റുമായ അടിമകളും തയ്യാറായിരിക്കുന്നു !

**സമൂഹത്തിലെ ഒരു വ്യക്തിയോ അനേകം വ്യക്തികളോ, മത വിശ്വാസം, ആചാരം, അനുഷ്ഠാനം, ദേവാലയം, തുടങ്ങിയവയിൽ പ്രവർത്തിക്കുന്നതോടൊപ്പം തട്ടിപ്പുകൾ കൂടി നടത്തി ചൂഷണം ചെയ്യുന്നതിനെ അറിഞ്ഞിട്ടും, തിരുത്താനും നേർവഴിക്ക് നയിക്കാനും ശ്രമിക്കാതെ അടിമകൾ പ്രവർത്തിക്കുന്നത് കടുത്ത അപരാധമാണ്.** മകരവിളക്ക് തട്ടിപ്പ് അടുത്ത കാലം വരെ അരങ്ങേറിയതും, കള്ളവിളക്കാണെന്ന് തെളിഞ്ഞിട്ടും തുടരുന്നതും പോലെ വ്യത്യസ്ത മത-ദേവാലയങ്ങളിലെ എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും അടിസ്ഥാന പരമായി ഭൗതിക അസ്തിത്വം ഇല്ലാത്തതായ തട്ടിപ്പുകൾ മാത്രമാണ്.

ദൈവത്തിന്റെ നീതി കാര്യങ്ങളെപ്പറ്റി യാതൊന്നും അറിയാത്തവരും, ഇടപെടാൻ കഴിയാത്തവരും, ശ്രമിച്ചു കൂടാത്തവരും, ഓരോരോ അബദ്ധങ്ങളും അധമത്തങ്ങളും കാട്ടിക്കൂട്ടിയിട്ട്, തങ്ങൾ ചെയ്തതാണ് ശരിയെന്നും, ദൈവം അതിനെ ശരിവെക്കുന്നു എന്ന നിലയിൽ പ്രവർത്തിക്കുന്നതും, അറിഞ്ഞും അറിയാതെയും ചെയ്യുന്ന ദൈവ നിന്ദയാണ്. സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനസേവകൻ എന്ന അടിമയായി സ്ഥാനം ഏറ്റെടുക്കുമ്പോൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരം പ്രവർത്തിച്ചാൽ മതിയാകും. നീതി വിധിക്കാനുള്ള യോഗ്യത ഇല്ലാത്ത മനുഷ്യർ നീതി വിധിക്കേണ്ട.

**ധർമ്മശാസ്ത്ര പരമായ പ്രവൃത്തികൾ മാത്രമാണ് തൊഴിൽ. തൊഴിലുകൾക്കെല്ലാം ഭൗതിക അസ്തിത്വം ഉണ്ട്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ യഥാർത്ഥവും ശാസ്ത്രീയവുമായ 4 വിഭാഗങ്ങളായിട്ട് ഭൂമിയിലെ എല്ലാ തൊഴിലുകളും വിഭജിച്ചിരിക്കുന്നു. തൊഴിലുകളെല്ലാം മണ്ണുമായിട്ട് അഥവാ ഭൂമിയുമായിട്ട് അഥവാ ദൈവവുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധപ്പെട്ടിരിക്കുന്നു. മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

# ദൈവീകമായ പോലീസ് സേന

**ജനങ്ങളുടെ സ്വകാര്യമോ പൊതുവായതോ ആയ ഏതൊരു വിഷയത്തിലും ധർമ്മ ശാസ്ത്രപരമായി വ്യക്തിയെയും സമൂഹത്തെയും സഹായിക്കാൻ തയ്യാറാകുന്ന ജനസേവകരാണ് പോലീസ് സേന.**

ഗ്രാമ പഞ്ചായത്തുകളിലൂടെ ജനങ്ങൾ നിയമിച്ച് ജനങ്ങളുടെ ചിലവിൽ പ്രവർത്തിക്കുന്ന ജനവിഭാഗം ആകയാൽ ജനങ്ങളുടെ അടിമകളുമാണ്. അവർക്ക് ജനങ്ങളുമായും ധർമ്മശാസ്ത്രങ്ങളുമായാണ് ബന്ധം. സാധാരണ നിലയിൽ ഏറ്റവും കൂടുതൽ പുണ്യം നേടാൻ കഴിയുന്ന അവസരം അവർക്ക് ലഭിക്കുന്നു. മുഖ്യ അടിമയായ രാജാവ്/മന്ത്രി തുടങ്ങിയ പദവികളെ വഹിക്കുന്നവർ പിഴയ്ക്കാതെ, അവരെ ശുദ്ധീകരിക്കാനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റാനും പോലീസിന് കഴിയണം. അപ്പോഴാണ് അവർ ജനങ്ങളുടെ ഭാഗവും, ദൈവീകവുമായി ഉയരുക.

**ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്. എല്ലാ വിഷയങ്ങളെയും ശാസ്ത്രപരമായിട്ട് സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് അവർക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക. അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് അധമരും 'യഥാർത്ഥത്തിൽ അടിമകളുമായ ഭരണാധികാരികളുടെ' അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത് എന്നത് പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും ദൈവ വിപ്ലവത്തോടെ തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്.**

അനേകം നൂറ്റാണ്ടുകളായി സമൂഹത്തിൽ സംഭവിച്ചു പോരുന്ന അപചയങ്ങൾക്ക് ഇന്നലെയോ ഇന്നോ പട്ടാളക്കാരും പോലീസുമായിട്ട് തൊഴിൽ നേടിയവരെ (മാത്രം) കുറ്റപ്പെടുത്തുന്നത് തെറ്റാണ്. സൗജന്യമായിട്ട് മദ്യവും ദുഃസ്വാതന്ത്ര്യങ്ങളും നൽകി സൈനികരുടെ ചേതനകളെ മരിപ്പിക്കാനും മരവിപ്പിക്കാനും എല്ലാ രാജ്യങ്ങളിലെയും ഭരണാധികാരികൾ ആചാരം പോലെ ശ്രദ്ധിക്കുന്നുണ്ട്. പ്രസ്തുത അപരാധവും, കടുത്ത ദൈവനിന്ദയും ചെയ്ത് പോലീസിനെയും സൈന്യത്തെയും ധർമ്മ ശാസ്ത്ര പ്രകാരം വിഷയ-വിശകലനത്തെ കടമയാക്കാത്തവരും,'ജനങ്ങളുടെ അടിമകളായ ഭരണാധികാരികളുടെ' അടിമകളുമാക്കി. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ളത് ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ വന്നു. വ്യത്യസ്ത രാജ്യങ്ങളിലെ പട്ടാളക്കാരും ജനങ്ങളും അന്യോന്യം ആക്രമിക്കുന്നതും വധിക്കുന്നതും വധിക്കപ്പെടുന്നതും അധമ ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായി.

ജനങ്ങളുടെ സേവകരും അടിമകളുമാണ് മന്ത്രിമാരും പോലീസും സൈന്യവും എന്നത് മറച്ചും മറന്നും ജീവിക്കുന്നു. ഉദാഹരണത്തിന്, 2018 ഒക്ടോബർ 18, 19 തീയതികളിൽ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന 'ജനസേവകർ, മന്ത്രിമാർ എന്നീ അടിമകളെ' അനുസരിച്ച്, ചില സ്ത്രീകളുടെ വകതിരിവില്ലായ്മ സാധിച്ചു കൊടുക്കാൻ 'ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന ഉയർന്ന (?) പദവിയിലെ ഉൾപ്പെടെയുള്ള പോലീസ് സേന' ശബരിമല അകമ്പടിപോയതും, നാണംകെട്ടതും ധർമ്മശാസ്ത്ര വിരുദ്ധമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച മന്ത്രിമാർ ഉൾപ്പെട്ട ജനസേവകർ എമ്പോക്കികളായി തരംതാണപ്പോൾ അടിച്ചും അവരെ തിരുത്തുന്നതിനുപകരം, ദൈവീകമായ പൊലീസ് സേന, യജമാനരായ ജനങ്ങളെ മർദ്ദിച്ചു പോരുന്നത് കടുത്ത അപരാധമാണ്. 'ദൈവം നേരിട്ട് ഏല്പിക്കാത്ത ദൈവവേല ചെയ്ത് ദൈവത്തെ രക്ഷിക്കാൻ നടക്കുന്ന അജ്ഞാനികളുമായി പോര് കൂടിയതും, കൂടുന്നതും, ജീവനും സമ്പത്തും ശാന്തിയും മറ്റും നഷ്ടപ്പെടാൻ ഇടയാക്കുന്നതും ശരിയല്ല.

'ദൈവ കാര്യങ്ങൾ ഉൾപ്പെടെ ജീവിതവിഷയങ്ങളിൽ ശാസ്ത്രജ്ഞാനം നേടാനും, ഊട്ടുന്ന ജനങ്ങൾക്ക് വിജ്ഞാനം പകരാനും ശ്രദ്ധിക്കാതെ ജീവിക്കുന്ന' അടിമകളായ ജനസേവകരും, അടിമകളുടെ അടിമകളായി മാറിയ പോലീസും മർദ്ദിക്കുന്നത് യജമാനരായ ജനങ്ങളെയാണ്. ജനങ്ങളുടെ ദൈവീക-സേവകരായ പോലീസ് സേന, അടിമകളായ മന്ത്രിമാരുടെ അടിമ അല്ലെന്ന് തിരിച്ചറിയണം. അടിമകൾ ഉണ്ടാക്കിയ പദവികൾ ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. ജന്മഗുണങ്ങൾ പ്രകാരം ബുദ്ധിശക്തി, തൊഴിൽ അഭിരുചി എന്നിവയെ ദൈവം വ്യത്യാസപ്പെടുത്തുന്നത് എല്ലാ തൊഴിലുകളും ചെയ്യാൻ നാട്ടിൽ ആളുകൾ ഉണ്ടാവണം എന്നതിനാണ്. യാതൊരാളും രാജാവിനേക്കാൾ ചെറുതും ഭിക്ഷക്കാരനേക്കാൾ വലുതും അല്ല. രാജാവ്, മന്ത്രിമാർ, തൂപ്പുകാർ തുടങ്ങി ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി തൊഴിൽ ശാസ്ത്രം വിഭജിക്കുമ്പോൾ തുല്ല്യങ്ങളിൽ ഒന്നാമത് കൃഷിയാണ്. ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള 'ഏകസിവിൽ കോഡ്' കൂടിയായ 'ധർമ്മശാസ്ത്രം' ഉടനെയുള്ള ദൈവ വിപ്ലവത്തോടെ എല്ലാ രാജ്യങ്ങളുടെയും ഭരണഘടന ആവും; സമവേതനവും നടപ്പാകുന്നതാണ് ! 'യജമാനരും അവശരുമായ' ജനങ്ങൾക്ക് പോലീസ് എസ്കോർട്ട് ആവാം; രാജാവിനും പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും മറ്റും പാടില്ല; ധർമ്മശാസ്ത്രപരമല്ല @ ദൈവീകമല്ല.

(മഹാപിതാവും) മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും പട്ടാളക്കാരും പോലീസും ജനങ്ങളുമെല്ലാം എന്നത് മനസ്സിലാക്കണം. 'രാജ്യ രക്ഷയെന്നും പ്രതിരോധമെന്നുമുള്ള' കള്ളപ്പേരോടെ ദൈവത്തിന്റെ പൊന്നോമന - കുഞ്ഞുങ്ങളെ വധിക്കുന്നതും പീഢിപ്പിക്കുന്നതും കടുത്ത ദൈവനിന്ദയും അപരാധവും ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണെന്ന് അറിയണം. വധിക്കാൻ കാരണക്കാരായ രാഷ്ട്ര ഭരണാധികാരികൾക്കും, വധിച്ചവരേക്കാൾ പാപവും ദൈവ ശിക്ഷകളും ഉണ്ടെന്നറിയണം.

ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും സൃഷ്ടിച്ചിട്ടുള്ളത് ഒരു ദൈവമാണെന്നു പറഞ്ഞു നടക്കുന്ന മതഭരണാധികാരികളും മതപുരോഹിത-പ്പരിശകളും ദൈവത്തിന്റെ കുഞ്ഞുങ്ങൾ യുദ്ധം ചെയ്യുന്നതും വധിക്കപ്പെടുന്നതും ഉചിതമായി തടഞ്ഞില്ല. ആയുധങ്ങളെയും പട്ടാളക്കാരെയും മറ്റും ഒരുക്കുന്നത് അറിഞ്ഞിട്ടും തടയാൻ ശ്രമിക്കാഞ്ഞതിനും കടുത്ത ദൈവശിക്ഷകളെ അനുഭവിക്കേണ്ടതുണ്ട്. മറക്കുകയോ, മറയ്ക്കുകയോ,  അറിയാതെ പോവുകയോ ചെയ്തതാണെങ്കിൽ; സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മുഴുവൻ തനിച്ചു ചെയ്യുന്ന മഹാശക്തിയായ ദൈവം എന്നു പ്രസംഗിച്ചുകൊണ്ട്, ദൈവം നേരിട്ട് ഏല്പിക്കാത്തതും ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള നിയമങ്ങളിൽ ഇല്ലാത്തതുമായ പണികളെ ചെയ്ത് ദൈവത്തെ കബളിപ്പിക്കാൻ ശ്രമിച്ചതിന് ദൈവശിക്ഷകളുണ്ട്. തീർന്നില്ല; ദൈവത്തിന്റെ പേരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധമ-നീച അനുഷ്ഠാനങ്ങളും അധമ നിയമങ്ങളും അധമ സംവിധാനങ്ങളും കൊണ്ട് ജനങ്ങളെ ചൂഷണം ചെയ്ത് ജീവിച്ചതിനും, ജീവിക്കുന്നതിനും കടുത്ത ശിക്ഷകളുണ്ട്.

**ദൈവത്തിന്റെ പാവം കുഞ്ഞുങ്ങൾ കൂടിയായ ഇന്നത്തെ പട്ടാളക്കാരും പോലീസുകാരും 'അടിമകളായ ഭരണാധികാരികളുടെ' അടിമകളല്ലെന്നും, മറിച്ച് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവും, ജനങ്ങളുടെ മാത്രം അടിമകളാണെന്നും തിരിച്ചറിയണം. ധർമ്മ ശാസ്ത്രപ്രകാരം പോലീസിൽ സ്ത്രീകൾ അരുത്.**

'പോലീസുകാരും, സൈന്യവും', ജനങ്ങളുടെയും രാജ്യങ്ങളുടെയും പൊൻകിരീടമാണെന്നും മാങ്ങാക്കുലയാണെന്നും മറ്റും പറഞ്ഞു പറ്റിക്കാൻ, ദൈവത്തിന്റെ തന്നെ കുഞ്ഞുങ്ങളായ അധമ - ഭരണാധികാരികളും മറ്റും ശ്രദ്ധിച്ചിരുന്നു.

നീചത്തങ്ങളെ ശരിവയ്ക്കുന്ന എല്ലാ രാജ്യങ്ങളിലെയും പ്രസിഡന്റുമാരും / രാജാക്കന്മാരും പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും മന്ത്രിമാരും ന്യായാധിപന്മാരും തോക്കുകളും മറ്റ് ആയുധങ്ങളുമായിട്ട് അതിർത്തികളെ സംരക്ഷിക്കട്ടെ. അവരുടെ പൊൻകിരീടവും 'രക്തസാക്ഷികളും ബലിമൃഗങ്ങളുമായ' പട്ടാളക്കാർ കുടുംബാംഗങ്ങളെയും ഉറ്റവരെയും സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തും സ്നേഹ-പരിചരണങ്ങളെ മടക്കി വാങ്ങിയും പട്ടാള ജോലിക്കാലത്ത് ദൈവത്തിന്റെ കുഞ്ഞുങ്ങളായ ഭൂമിയിലെ ഏതെങ്കിലും പട്ടാളക്കാരെയോ ജനങ്ങളെയോ വധിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഉചിതമായിട്ട് പശ്ചാത്തപിച്ചും, പാപങ്ങളുടെ ബാക്കിപത്രമായ കീർത്തിമുദ്രകളെയും മദ്യപാനത്തെയും ഉപേക്ഷിച്ച് സംശുദ്ധരാവാൻ പരിശ്രമിക്കണം; സംശുദ്ധരാവണം.

ഉടൻ ഭൂമിയിലെങ്ങും ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, 'ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും പോലീസും സൈന്യവും സ്വീകരിക്കേണ്ടതായ നടപടികളെയാണ് ' അറിയിച്ചത്.

**ഭൂമിയിലെങ്ങുമുള്ള എല്ലാ മനുഷ്യരും ധർമ്മശാസ്ത്രപരമായിട്ട് സ്വാതന്ത്ര്യങ്ങളുള്ള രാജാക്കന്മാരാണന്നും, യാതൊരാളും മറ്റുള്ളവരുടെ അടിമകളല്ലെന്നും, യാതൊരു മനുഷ്യനും രാജ്യങ്ങളിലെ രാജാക്കന്മാരെക്കാൾ ചെറിയവരല്ലെന്നും ഭിക്ഷക്കാരനേക്കാൾ വലിയവരല്ലെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.**

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മത-ജാതി-ഉപജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്. പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ ഒരാൾ പോലും മുന്നോട്ടു വരുന്നതല്ല.

**ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ 'പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്.**

**മണ്ണായ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള ലഘുവും ലളിതവുമായ ധർമ്മശാസ്ത്ര നിയമങ്ങൾ പ്രകാരം ജനങ്ങൾക്ക് സാമാന്യ നീതി നടപ്പാക്കാൻ സ്വയം കഴിയുമെന്നിരിക്കെ, യഥാർത്ഥമായുള്ള പൊതു ആവശ്യങ്ങൾക്ക് മാത്രമാണ് ഗ്രാമസഭകളുടെ കീഴിൽ പ്രവർത്തിക്കുന്ന പോലീസ് സേനയുടെ ആവശ്യം ഉണ്ടാവുക.**

**ധർമ്മശാസ്ത്രത്തെ അനുസരിച്ച് ജനങ്ങളും, അവരുടെ ഭാഗമായ പോലീസ് സേനയും പ്രവർത്തിക്കുന്നു എന്നല്ലാതെ തെറ്റും ശരിയും വിഷയമാക്കാതെ വ്യക്തികളെയും മുഖ്യ-അടിമകളെയും അനുസരിക്കുന്ന ഇന്നത്തെ മൂഢ/വഷളൻ സമ്പ്രദായം ഉണ്ടാവില്ല.**

**ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യ പ്രകാരം കടമകളെയും കടപ്പാടുകളെയും നിറവേറ്റണം. ധർമ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെയും മറ്റും തട്ടിക്കൂട്ടുന്ന അധമരായ 'മുഖ്യ അടിമകളായ മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും മറ്റും ഉൾപ്പെട്ട മനുഷ്യ - ഭരണാധികാരികളെ' ധിക്കരിക്കണം; അത്യാവശ്യമെങ്കിൽ നീചരെ പരസ്യമായി കെട്ടിയിടാനും, വേണ്ടിവന്നാൽ തല്ലാനും, ജനങ്ങളുടെ ദാസന്മാരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയ്ക്ക് ധർമ്മശാസ്ത്രപരമായ ചുമതലയുള്ളത് നിറവേറ്റണം. അപ്പോഴാണ് പോലീസ് സേന, ജനങ്ങളുടെ ഭാഗമാവുന്നതും, സഹായികളാവുന്നതും.**

ധർമ്മ ശാസ്ത്ര പ്രകാരം, പോലീസ് സേന ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായാണ് പ്രവർത്തിക്കേണ്ടുന്നത്. സംശുദ്ധമായിട്ട് പ്രവർത്തിക്കാനും ജനങ്ങൾക്കെല്ലാം ആവശ്യമായ സഹായങ്ങൾ ചെയ്തു കൊണ്ട് പുണ്യം വാരിക്കൂട്ടാനും പോലീസ് സേനയ്ക്ക് കഴിയുന്നതാണ്.

**ഭരണാധികാരികളെയും ഉദ്യോഗസ്ഥ മേധാവികൾ ഉൾപ്പെടെയുള്ളവരെയും അനുസരിക്കാൻ പോലീസ് സേനയ്ക്കും യാതൊരാൾക്കും ബാദ്ധ്യതയില്ല. ദൈവം, തൊഴിലുകൾക്കെല്ലാം തുല്ല്യപദവിയാണ് മഹാശാസ്ത്ര പ്രകാരം മഹാനിശ്ചയിച്ചിട്ടുള്ളത് എന്നതും തുല്യങ്ങളിൽ ഒന്നാമത്തേതായിട്ട് കൃഷിയെയും കൃഷിക്കാരെയും മഹാഉയർത്തുന്നു എന്നതും ഉൽക്കൃഷ്ടമാണ്.**

ആധുനിക കാലത്ത്, "ആവശ്യം" വിഭാഗത്തിലെ മന്ത്രിമാരെയും ന്യായാധിപന്മാരെയും മറ്റും "അത്യാവശ്യം" വിഭാഗമാക്കാനും, സമൂഹത്തിലെ പ്രധാനികളാക്കാനും ശ്രമങ്ങളുണ്ട്. അധമ സംവിധാനങ്ങളെ ഉപയോഗിച്ചും, ജനങ്ങളുടെ പണത്തെ പിടിച്ചുപറിച്ചും മറ്റും ഭരണാധികാരികൾ കാട്ടിക്കൂട്ടുന്ന ശ്രമങ്ങൾക്ക് മണ്ണിൽ അഥവാ ഭൂമിയിൽ സ്ഥാനം പിടിക്കാൻ കഴിയുന്നതല്ല. ഏതു കാലത്തും, എവിടെയും കൃഷിക്കാർ പണിമുടക്കിയാൽ സമൂഹത്തിൽ ഭക്ഷണത്തിനു വേണ്ടിയുള്ള പരാക്രമങ്ങൾ ഉണ്ടാകുന്നതാണ്. രാജാവും മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസുകാരും പട്ടാളക്കാരും ഉൾപ്പെടെയുള്ള ജനങ്ങളെല്ലാം സർവ്വതും ഉപേക്ഷിച്ചുകൊണ്ട് ഭക്ഷണത്തിനു വേണ്ടി പായുന്നതാണ്. ഭൂമിയിലെങ്ങുമുള്ള എല്ലാ ജനങ്ങളെയും (ദൈവം) തീറ്റിപ്പോറ്റുന്നത് കൃഷിക്കാരിലൂടെയാണ്.

അനേകം അധമ കാര്യാലയങ്ങളും അധമ പ്രവൃത്തികൾ ചെയ്യുന്നവരും ഭൂമിയിലെങ്ങും ധാരാളമാണ്. മറ്റുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണംചെയ്ത് അഥവാ അധമ പ്രവൃത്തികൾ ചെയ്തു ജീവിക്കുന്നവരാണ് ബാങ്കുകൾ, ഇൻഷ്വറൻസ് സ്ഥാപനങ്ങൾ, പബ്ലിക് സർവീസ് കമീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ലോട്ടറി, കോടതി, സംസ്ഥാന-കേന്ദ്രനിയമസഭകൾ, തുടങ്ങിയവ. ദൈവ-വിപ്ലവത്തോടെ അധമ സ്ഥാപനങ്ങളെല്ലാം അവസാനിക്കുന്നതാണ്.

കൊള്ളസംഘങ്ങളെ നയിക്കുന്ന രാഷ്ട്രീയക്കാരും മത-ജാതി നേതാക്കളും മറ്റും ധാർമ്മികമായിട്ട് അധഃപതിക്കുവാനുള്ള മുഖ്യ കാരണം മതപണ്ഡിതന്മാർക്കു പോലും ദൈവം എന്താണെന്നും ദൈവീകമായ നീതി നിർവ്വഹണം എങ്ങനെയാണെന്നും അറിയാതെ പോയതാണ്. ദൈവഭയം ഇല്ലാതെ വന്നു.

**വ്യത്യസ്ത മതങ്ങളിലെ പരസ്പര വിരുദ്ധങ്ങളും അശാസ്ത്രീയങ്ങളുമായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം ചേർന്ന്, ദൈവത്തെയും ദൈവീക നീതിയെയും അറിയാതെയും വിഷയമാക്കാതെയും തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം ജീവിക്കുന്ന മത-ജാതി-ഉപജാതി-രാഷ്ട്രീയ ജീവികളായിട്ട് മനുഷ്യരെ പരിവർത്തനപ്പെടുത്തി.**

**ഇന്നത്തെ മന്ത്രിമാരും, പോലീസും മാത്രമല്ല, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഉൾപ്പെടെ എല്ലാ ഭരണ-കാര്യാലയങ്ങളിലെയും സമസ്ത ഉദ്യോഗസ്ഥരും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള ജനങ്ങളുടെ അടിമകളാണ്.**

**അടിമകൾ അന്യോന്യം അകമ്പടി സേവിക്കാനോ സല്യൂട്ട് ചെയ്യാനോ പാടില്ല. ജനങ്ങളും അടിമകളും എല്ലാം അനുസരിക്കേണ്ടത് ധർമ്മ ശാസ്ത്രത്തെ മാത്രമാവണം. അടിമകൾ നീതി വിധിക്കേണ്ട; യജമാനർ ചെയ്തു കൊള്ളും. ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാത്തവരെ യജമാനർ കാട്ടിലേക്കോ, 'ശാസ്ത്ര സൗകര്യങ്ങൾ' ഇല്ലാത്ത ദ്വീപിലേക്കോ അയക്കുക. സാമൂഹിക-ശിക്ഷകൾ കാടുകളുമായും ദ്വീപുകളുമായും ബന്ധിക്കപ്പെടുന്നതും, ഇന്നത്തെ ജയിലുകളും ശിക്ഷകളും അവസാനിക്കുന്നതുമാണ്.**

**നീതിന്യായം പറയാൻ, ധർമ്മ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു ജീവിക്കുന്ന എല്ലാവർക്കും അവകാശമുണ്ട്. രാജാവ്, മന്ത്രി, തുടങ്ങിയ എല്ലാ ജനസേവകരും 'തെമ്മാടി = എമ്പോക്കികളായി അധഃപതിക്കാതെ' അവർ ജനങ്ങളുടെ അടിമകളായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്താൻ, ജനങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട അടിമകളായ പോലീസ് സേന എല്ലായ്പ്പോഴും ശ്രദ്ധിക്കണം.**

**'പലപ്പോഴും ജനങ്ങളും പോലീസും ഒന്നിച്ചു ചേർന്ന് ' ശിക്ഷിച്ചു കഴിഞ്ഞ തെമ്മാടികളെ കാട്ടിലയക്കുക, സ്ത്രീപീഡനം പോലെയുള്ള കടുത്ത അപരാധത്തിന് പീഡിപ്പിക്കപ്പെട്ടവരോ ഉറ്റവരോ തനിച്ചോ സേനയുടെ സഹായത്തോടെയോ വധിച്ചവരുടെ ശവമടക്കുക എന്നിങ്ങനെ സേനയുടെ സേവനം പുനഃക്രമീകരിക്കപ്പെടുന്നു. പീഡനത്തിനിരയായ വ്യക്തികൾക്കും ഉറ്റവർക്കും പ്രതികളെ ശിക്ഷിക്കാനും മാപ്പ് നൽകാനും ദൈവീകമായ ശിക്ഷാ സമ്പ്രദായത്തിൽ അവസരമുണ്ട്. അതിന് ഉപരിയായി കുറ്റങ്ങളും കുറവുകളും ഇല്ലാത്ത മഹാനീതി നിർവ്വഹണത്തെ മഹാനീതിയായ മഹാദേവി, നിർവ്വഹിക്കുന്നത് എങ്ങനെയാണെന്ന് 'ഓംകാര നീതിശാസ്ത്രം' / മഹാനീതിശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

**മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ ഭൗതിക ശാസ്ത്രം പോലെ ധർമ്മശാസ്ത്രവും മഹാലയി(പ്പി)ച്ചിട്ടുള്ളതിനാൽ നിയമ സഭകളുടെ ആവശ്യം ഉണ്ടാകുന്നതല്ല. ദൈവീകമായ രാജഭരണ സമ്പ്രദായം അനുസരിച്ച് രാജാവും 4/5 മന്ത്രിമാരും ചേർന്ന് നീതി ന്യായ വിചാരണ തത്സമയം ചെയ്യുന്നതോടെ കോടതി സമ്പ്രദായവും ഒഴിവാകുന്നതാണ്.**

**ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നീ 4 തൊഴിൽ വിഭജനം പ്രകാരം 4 മന്ത്രിമാർ + പരമാവധി 1 അധികം. അധികമാക്കിയ അഞ്ചാമനെ കാട്ടിലെ കാര്യങ്ങളെ കുറിച്ച് പഠിക്കാനും, ശിക്ഷാ നടപടികളെ അവലോകനം ചെയ്യാനും, രാജാവ് എന്ന മുഖ്യ-അടിമയുടെ പകരക്കാരനായും ഒക്കെ കണക്കാക്കാം. സാമൂഹിക-ശിക്ഷകൾ കാടുകളുമായും ദ്വീപുകളുമായും ബന്ധിക്കപ്പെടുന്നതും, ഇന്നത്തെ ജയിലുകളും ശിക്ഷകളും അവസാനിക്കുന്നതും എങ്ങനെയാണെന്ന് മേല്പടി ഗ്രന്ഥത്തിലെ നാട്ടുവാസിയും കാട്ടുവാസിയും എന്ന അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്.**

**ജന്മഗുണങ്ങളെ ആധാരമാക്കിയുള്ള മഹാനീതി കാര്യങ്ങളെ വ്യക്തികളോ നേതാക്കളോ അല്ലാ ഭരിക്കുന്നതെന്ന് മുമ്പ് വിശദീകരിച്ചതാണ്. മത-ജാതി-രാഷ്ട്രീയ-ദേശീയ ജീവികളായി അധഃപതിച്ച മനുഷ്യർ ഭൂമിയിലെ സമസ്ത ജീവിത മേഖലകളെയും വഷളാക്കിയിട്ടുള്ളത് പ്രത്യക്ഷമായ ദൈവീക ഇടപെടൽ കൊണ്ട് മാത്രമേ പരിഹരിക്കാൻ കഴിയൂ എന്ന അവസ്ഥയിലേക്ക് കൂപ്പുകുത്തിയിട്ടുണ്ട്.**

**ദൈവത്തിന്റെ ഖരരൂപമായ ഭൂമി എല്ലാ ജീവികളുടെയും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ഭദ്രപ്പെടുത്തിയിട്ടുള്ളത് ദൈവത്തിന്റെ മഹാജ്ഞാനം = മഹാശാസ്ത്രം = 3 ശാസ്ത്രങ്ങൾ = ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ = 3 വേദങ്ങൾ = മഹാവേദം പ്രകാരമാണ്. വേദങ്ങൾ സൃഷ്ടിക്കു മുമ്പും മുകളിലുമാണെന്ന് വ്യക്തമാണ്. ദൈവം ശാസ്ത്രത്തെയും, മോക്ഷത്തെയും ബന്ധിപ്പിച്ചിട്ടുള്ള ജീവിയുടെ മനുഷ്യാവസ്ഥയിൽ, ജീവിക്കാൻ പാലിക്കേണ്ടതും അനുസരിക്കേണ്ടതും, 'മനുഷ്യരുടെ ജീവിതമായ സ്ഥിതിയെ' നയിക്കുന്നതും, ലളിതവുമായ 'ധർമ്മശാസ്ത്രം' മാത്രമാണ്. സൃഷ്ടി മാത്രമായ മനുഷ്യന് യാതൊരു മാഹാത്മ്യവും ഇല്ലെന്ന് ബോദ്ധ്യമാവാൻ തജ്ജന്മത്തിലെ നിഗൂഢ ചെയ്തികളെയോ ഒരു മുജ്ജന്മ ചരിത്രമോ ചൂണ്ടിക്കാട്ടിയാൽ മതി.**

**തജ്ജന്മത്തിലെ കീർത്തിയെ ആനന്ദമായി സ്വീകരിച്ചാൽ അയാൾക്കും സ്തുതി പാഠകർക്കും പുണ്യത്തെ നേടാൻ കഴിയുന്നതല്ല; മുജ്ജന്മങ്ങളിൽ ശേഖരിക്കാൻ കഴിഞ്ഞ പുണ്യത്തിന് ശോഷണം ഉണ്ടായെന്നും വരും.**

**പ്രധാനമന്ത്രി, കേന്ദ്രമന്ത്രി, സംസ്ഥാന മുഖ്യമന്ത്രിമാർ-മന്ത്രിമാർ തുടങ്ങിയവർ മരിച്ചും, അപകടത്തിൽ പെട്ടും, വധിക്കപ്പെട്ടും, ജയിലിൽ പെട്ടും ഒഴിഞ്ഞ പദവികളിൽ ഭരണ പരിചയമോ, വലിയ പഠിപ്പോ ഇല്ലാത്ത സ്ത്രീകൾ ഉൾപ്പെട്ട ബന്ധുക്കൾ, ഭരിച്ച് വ്യക്തിയും പദവിയും വലിയ കാര്യമല്ലെന്ന് പലതവണ ഇന്ത്യയിൽ തന്നെ തെളിയിച്ചിട്ടുണ്ട്.**

# പദവികൾ ?

ഭൂമിയിലെ എല്ലാ തൊഴിലുകളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ നാലായി വിഭജിക്കാൻ കഴിയുമെന്ന് www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf മഹാവേദ ഗ്രന്ഥത്തിലെ ധർമ്മ ശാസ്ത്ര ശാഖയായ 'തൊഴിൽ ശാസ്ത്രം' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. മണ്ണിലെ മൂലകങ്ങളിൽ ഭൗതികമായ അസ്തിത്വത്തോടെ തൊഴിലുകൾ ഉണ്ട് എന്നു കൂടിയാണ് അതിന്നർത്ഥം.

മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരം ലഭിച്ച ജന്മഗുണങ്ങളോടെ, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കുന്നതിനു വേണ്ടി ഓരോ മനുഷ്യനും തൊഴിൽ ചെയ്യണം. മണ്ണായ ഭൂമിയിൽ നിന്നും അനന്തമായ ആനന്ദങ്ങളെ നേരിട്ടും, വ്യവസായ ഉല്പന്നങ്ങൾ വഴിയും ലഭിക്കുന്നു. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുകൾ ഉണ്ടാവണം എന്നത് കണക്കാക്കി തൊഴിൽ അഭിരുചിയെ ജന്മഗുണമാക്കി മഹാനീതിയായ ദൈവം തന്നെ മഹാപരിപാലിക്കുന്നുണ്ട്.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായി ജനങ്ങൾ വേതനം കൊടുത്ത് തൊഴിലാളികളെ നിയമിക്കുമ്പോൾ, ജനങ്ങൾ യജമാനരും, ജനങ്ങളുടെ ചിലവിൽ കഴിയുന്ന തൊഴിലാളികൾ സേവകരും, ഏല്പിച്ച പണി ധർമ്മ ശാസ്ത്രപരമായി ചെയ്തില്ലെങ്കിൽ 'സേവകർ അടി വാങ്ങേണ്ടുന്ന അടിമകളുമാണ്.' രാഷ്ട്രങ്ങളിലെ രാജാവ്, പ്രസിഡന്റ്, പ്രധാനമന്ത്രി, കേന്ദ്രമന്ത്രി, സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും മന്ത്രിമാരും, പൂച്ചാണ്ടി ക്കോടതികളിലെ ന്യായാധിപന്മാർ, ഭരണ-കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ജനങ്ങളുടെ അടിമകളാണ്.

യജമാനരായ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകൾ, മണ്ണിലെ മൂലകങ്ങളിൽ ഇല്ലാത്തതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ ബഹുവിധ പദവികളെ അടിമകളുടെ ഇടയിൽ സ്വയം തട്ടിക്കൂട്ടി ക്കൊണ്ട് യജമാനരെ കബളിപ്പിക്കാനും, യജമാനരുടെ പൊതുവായ ആവശ്യങ്ങളെന്ന പേരിൽ അടിമകൾക്ക് ശരിയെന്നു തോന്നുന്നതും ഇഷ്ടപ്പെടുന്നതുമായ കാര്യങ്ങളെ നിശ്ചയിക്കാനും, യജമാനരുടെ ധനം ബഹുവിധങ്ങളിൽ കൊള്ളയടിക്കാനും, യജമാനരായ ജനങ്ങൾക്ക് സ്രഷ്ടാവ് നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ കവരാനും ഹനിക്കാനുമുള്ള പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്തു. യജമാനർ അറിയാതെ എന്നോണം അടിമകൾ യജമാനരായി.

പൊതു മേഖലയെ അനുകരിച്ച് സ്വകാര്യ മേഖലയിലും അടിമകൾക്ക് പദവികൾ ഉണ്ടായി !

**'തൊഴിലുകൾ' അന്യോന്യം ഭരിക്കാനുള്ള 'പദവികളായി' മാറിയാൽ 'ധർമ്മ ശാസ്ത്ര വിരുദ്ധമാണ്'. തൊഴിലാളികളും അടിമകളും ഉൾപ്പെടെ എല്ലാ ജനങ്ങളും പാലിക്കേണ്ടതും അനുസരിക്കേണ്ടതും 'മനുഷ്യരുടെ ജീവിതമായ സ്ഥിതിയെ' നയിക്കുന്നതും, ലളിതവുമായ 'ധർമ്മശാസ്ത്രം' മാത്രമാണ്.**

**ദൈവ വിപ്ലവത്തോടെ, മണ്ണിൽ മഹാലയിച്ചിട്ടുള്ള 'സദാചാര ശാസ്ത്രം, നീതി ന്യായ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, തുടങ്ങിയ ശാഖകൾ ഉള്ളതായ ധർമ്മശാസ്ത്രത്തെ' സമസ്ത ദേശങ്ങളിലെയും ഭരണഘടനയായി പുനഃസ്ഥാപിക്കുന്നതാണ്. എല്ലാ സൃഷ്ടി ചക്രങ്ങളിലും സമാനമായി സംഭവിക്കുന്നതാണ്.**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതു പോലെ,

**'ഭൗതിക ധർമ്മ ശാസ്ത്രങ്ങളെ' പാലിക്കാൻ മത-ജാതി-രാഷ്ട്രീയ പ്രവർത്തകർക്ക് കഴിയുന്നതല്ല. യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന്, ദൈവത്തിന്റെ ഖര രൂപമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ അനന്തമായ ആനന്ദങ്ങളെ ഭൂമി നൽകുമ്പോൾ, മൂലകങ്ങളിൽ ലയി (പ്പി)ച്ചിട്ടുള്ള 'ശാസ്ത്രങ്ങൾ പ്രകാരം നൽകിയിട്ടുള്ള ബുദ്ധിശക്തികളെ ഉപയോഗിക്കാതെ, ശാസ്ത്ര പരമല്ലാത്ത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ശരിവയ്ക്കാൻ നടക്കുന്ന കീടങ്ങൾക്ക് 'ശാസ്ത്രജ്ഞരെ കൊല്ലാക്കൊല ചെയ്തുപോന്ന മതപ്പരിഷകളെ അതിജീവിച്ച് അനേകം നൂറ്റാണ്ടുകളിലെ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങൾ കൊണ്ട് ശാസ്ത്ര സമൂഹം നേടിയ സ്മാർട്ട് ഫോണും ഇന്റർനെറ്റും വാട്സാപ്പും വാഹനങ്ങളും, തീ ഉപയോഗിച്ചു പാചകം ചെയ്ത ഭക്ഷണം പോലും, ആസ്വദിച്ചു ജീവിക്കാൻ ധർമ്മ ശാസ്ത്രപ്രകാരം യോഗ്യത ഇല്ല.' അവർ മൃഗസമാനരായി കാട്ടിൽ ജീവിക്കണം.**

## ധർമ്മ ശാസ്ത്രത്തിന്റെയും ന്യൂനശക്തികളുടെയും ഭൗതിക അസ്തിത്വത്തെ ഒരല്പം വിവരിക്കുന്നു. ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നു.

മേല്പടി മഹാവേദ ഗ്രന്ഥത്തിൽ നിന്നും ഒരല്പം ഉദ്ധരിക്കുന്നു.

**ആനന്ദങ്ങളെ ദൈവാംശമായ ശരീരത്തിലെ ശക്തികളെ കൊണ്ട് മനുഷ്യൻ / ജീവാത്മാവ് നേടണം എന്ന് ആവിഷ്ക്കരിച്ചിരിക്കുകയാണ്. പ്രത്യക്ഷ ദൈവാംശമായ ശരീരവും ദൈവമായ ഭൂമിയും സമ ആനന്ദം എന്ന മഹാസമനീതിയെ എല്ലാ കുഞ്ഞുങ്ങൾക്കും നൽകുന്നതാണ്.**

**വ്യക്തി സ്വാതന്ത്ര്യവും, സമനീതിയും ഉറപ്പാക്കാനും, സ്വയം എന്നോണം ജീവാത്മാവ് ആനന്ദങ്ങളെ നേടുക തന്നെ വേണം.**

**ഭൂമിയിലെ മൂലകങ്ങളിൽ ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം തന്നെ, 'സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ എല്ലാ ധർമ്മശാസ്ത്ര ശാഖകളെയും' ലയിപ്പിച്ചാണ് ഭൂമിയായ ദൈവം, സൃഷ്ടികൾക്ക് / മനുഷ്യർക്ക് ആനന്ദങ്ങളെയെല്ലാം ലഭ്യമാക്കിയിട്ടുള്ളത്. 'ഭൗതിക ശാസ്ത്ര നിയമങ്ങളിൽ' അന്തർലീനമായ 'ധർമ്മ ശാസ്ത്ര നിയമങ്ങളെ' ഗവേഷകരും സമൂഹവും ഉചിതമായി ശ്രദ്ധിക്കുന്നില്ല എന്ന പോരായ്മ വർദ്ധിച്ചിട്ടുണ്ട്.**

**പ്രകൃതിയിലെ വിഭവങ്ങളുടെയും, അവയിലെ (വസ്തുക്കളിലെയും, ജീവികളുടെ ശരീരങ്ങളിലെയും) മൂലകങ്ങളിൽ ഭൗതികശാസ്ത്ര നിയമങ്ങളെ സാങ്കേതികമായി ഉപയോഗിച്ച് മനുഷ്യൻ/ജീവാത്മാവ് ഉണ്ടാക്കുന്ന ഉല്പന്നങ്ങളുടെയും, ആവശ്യങ്ങളും ആനന്ദങ്ങളും ഗുണദോഷങ്ങളുമാണ് അവയുടെ ധർമ്മശാസ്ത്രത്തിന്റെ മാനുഷികമായ ഭാഗം എന്ന് ചുരുക്കി നിർവ്വചിക്കാം.**

**(ഭൗതിക-ധർമ്മ ശാസ്ത്രങ്ങളെ കുഞ്ഞുങ്ങളായ മനുഷ്യർക്കു വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം ആണെന്നതും, അവയെ മൂലകങ്ങിൽ ലയിപ്പിച്ചു കൊണ്ട് ദൈവം ഗൂഢമായിരിക്കുന്നത് കുഞ്ഞുങ്ങൾക്ക് ഭക്തിഭ്രാന്ത് പിടിച്ച്, അവരുടെ ആനന്ദം കുറയാതിരിക്കാൻ ആണെന്നതും, കുഞ്ഞുങ്ങൾ ഏറെയും അറിയാതെ പോകുന്നു !)**

**മഹാപ്രപഞ്ചത്തിലെ ജീവികളുടെ ശരീരം ഉൾപ്പെടെ എല്ലാ വസ്തുക്കളും/ സർവ്വവും പ്രവർത്തിക്കുന്നത് അവയുടെ മൂലകങ്ങളിൽ (Elements) 'ദൈവം ലയി(പ്പി)ച്ചിട്ടുള്ള ന്യൂനശക്തി-നിയമങ്ങൾ ഉൾപ്പെട്ട പ്രകടമായ ഭൗതിക ശാസ്ത്ര നിയമങ്ങളും പ്രകടമല്ലാത്ത അഥവാ ഗൂഢമായി ലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളും പ്രകാരമാണ്.'**

**ധർമ്മശാസ്ത്ര നിയമങ്ങളും, ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം തന്നെ ശാസ്ത്രജ്ഞന്മാർക്ക് യഥാർത്ഥത്തിൽ വെളിപ്പെടുന്നുണ്ട്.**

**അക്കാര്യത്തെ ശാസ്ത്രജ്ഞരും, ശാസ്ത്രജ്ഞരേക്കാൾ അനേകം മടങ്ങുകളിൽ ജനസമൂഹങ്ങളെ നയിക്കുന്നവരും, ഭാഗികമായി ജനങ്ങളും, അറിയാതെ പോകുന്ന അവസ്ഥ എല്ലാ രാജ്യങ്ങളിലും വ്യാപകമായി സംഭവിച്ചു.**

**കാരണം : ഏറെക്കുറെ എല്ലാവരും സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, നീതിന്യായ ശാസ്ത്രം തുടങ്ങിയ ധർമ്മശാസ്ത്ര ശാഖകളും മൂലകങ്ങളിലെ ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം ലഭ്യമാണെന്നത് മനസ്സിലാക്കാൻ പോലും ശ്രമിക്കാതെ, മാനുഷികമായി തങ്ങൾക്ക് ശരിയെന്നു തോന്നുന്നതും ഭൗതിക അസ്തിത്വം ഇല്ലാത്തതുമായ നിയമങ്ങളെ തട്ടിക്കൂട്ടിയും നടപ്പാക്കിയും വളരെയധികം അധഃപതിച്ചു.**

**ദൈവത്തിന്റെ കുഞ്ഞുങ്ങളെ വധിക്കാൻ പോലും 'അടിമകൾ സ്വയം ഭരണാധികാരികൾ ആണെന്ന് തെറ്റിദ്ധരിച്ച് ', അധമ വ്യവസ്ഥിതികളെ ദൈവീകമെന്ന കള്ളപ്പേരിൽ പോലും, പ്രചരിപ്പിച്ചും ആചരിച്ചും ആചരിപ്പിച്ചും കൊണ്ട് തയ്യാറായി.**

**ദൈവത്തിന്റെ മഹാജ്ഞാനവും യഥാർത്ഥ മഹാവേദവുമായ മഹാശാസ്ത്രത്തിലെ ഭൗതിക ശാസ്ത്ര നിയമങ്ങളുടെ ഭൗതിക അസ്തിത്വമാണ് വസ്തുക്കളും പ്രപഞ്ചവും എന്നും, 'മഹാശാസ്ത്രം, മഹാശക്തി' എന്നിവയുടെ അംശങ്ങളോട് 'സംഹാര കാഹളം, സൃഷ്ടി മന്ത്രം, ആദിവചനം, മഹാശാസ്ത്ര മൂലം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, ഏകമഹാശബ്ദം, മഹാസംഗീതം, ഭൂമിഗാനം, മഹാദേവിയുടെ മഹാചിരി എന്നിവയായ ഓം ചേർത്താണ് മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് എന്നും ഏറെക്കുറെ ബോദ്ധ്യമായിട്ടുണ്ടെങ്കിലും വസ്തുക്കളിൽ ലയി(പ്പി)ച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളെ പ്പറ്റി ഇന്നും മനുഷ്യർക്ക് ബോദ്ധ്യമില്ല / വേണ്ടത്ര അറിവില്ല.**

## ഭൗതിക പ്രതിഭാസങ്ങളെ തിരിച്ചറിയാത്തവരും ഉണ്ട്.

**ഭൂമിയിൽ സംഭവിക്കുന്ന വെള്ളപ്പൊക്കം, അഗ്നിപർവ്വതം, കൊടുങ്കാറ്റ്, ഭൂചലനം, കാലാവസ്ഥ തുടങ്ങിയവ ദുരന്തങ്ങളെ ഉണ്ടാക്കുമ്പോൾ, അത് മനുഷ്യരുടെ കുറ്റം കൊണ്ടല്ല എന്നും, ആണെന്നും വാദിക്കുന്നവരുണ്ട്. മരങ്ങളെ വെട്ടിനശിപ്പിച്ചും, അശാസ്ത്രീയ മണൽ വാരൽ, പാറ പൊട്ടിക്കൽ, ജലാശയങ്ങളിലും മറ്റും മാലിന്യങ്ങൾ തള്ളുന്നത് തുടങ്ങി ബഹുവിധ കാരണങ്ങളെ ശാസ്ത്ര പരമായി നിരത്തുമ്പോൾ മനുഷ്യരുടെ കുറ്റം കൊണ്ടാവാം  എന്നതിനെ ശരിവയ്ക്കുന്നവർ ഉണ്ട്. ഭൂകമ്പം, അഗ്നിപർവ്വതം, കൊടുങ്കാറ്റ്, സമുദ്രങ്ങളിലെ ഉഷ്ണ/ശീത ജലപ്രവാഹങ്ങൾ തുടങ്ങിയവയ്ക്ക് ദൈവവുമായി ബന്ധമില്ല എന്ന് കരുതുന്നവർ ഏറെയുണ്ട് !  പ്രകൃതിയുടെ പ്രതിഭാസങ്ങൾ, നിയമങ്ങൾ എന്നിങ്ങനെ (തലയും വാലും ഇല്ലാതെ) പറഞ്ഞു വയ്ക്കും; എന്നല്ലാതെ എങ്ങനെ / എന്തുകൊണ്ട് ഉണ്ടാകുന്നു, പരിഹാരം ഉണ്ടെങ്കിൽ എന്താണ് തുടങ്ങിയവ ശാസ്ത്ര പരമായി വിശദീകരിക്കാൻ അവർക്ക് കഴിയില്ല; ലഭിച്ച ബുദ്ധി ശക്തികളെ ഉപയോഗിക്കുകയുമില്ല.  പുരോഹിതന്മാരും മറ്റും മതവിശ്വാസങ്ങളെ ദുരന്തങ്ങളുമായി കൂട്ടിപ്പിടിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യാനുള്ള വഴിവെട്ടുകയും ചെയ്യും !**

**ജീവികളുടെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നത് മഹാശക്തിയായ ദൈവം ആണെന്നു വിശ്വസിക്കുന്നവർക്ക്, ജീവികളുടെയെല്ലാം ജീവിതത്തിന് ആധാരമായി വർത്തിക്കുന്ന കര, സമുദ്രം, കടൽ, കായൽ, നദി, തോട്, മല, കാട്, തുടങ്ങിയവ ഉൾപ്പെടുന്ന ഭൂമിയുടെയും, ഭൂമിയിലെ വസ്തുക്കളുടെയും, ഭൂമിയിലെ എല്ലാവിധ പ്രതിഭാസങ്ങളുടെയും കാര്യകാരണങ്ങൾ ദൈവം മാത്രമാണെന്ന് ലളിതമായി ബോദ്ധ്യമാകും.**

**ദൈവം വളരെയധികം ബുദ്ധി ശക്തിയും മറ്റ് ശക്തികളും മനുഷ്യന് നൽകിയിട്ടുണ്ട്. പിന്നെ എന്തുകൊണ്ട് മനുഷ്യർ തിരിച്ചറിയുന്നില്ല എന്നു ചോദിച്ചാൽ, അവർ മനുഷ്യർ ആണെന്നതു പോലും തിരിച്ചറിയുന്നില്ല എന്നതാണ് ദുരവസ്ഥ. വ്യത്യസ്ത മതപ്പീറാസുകളെ ചുമന്നു പോരുന്ന മത-ജാതി ജീവികൾ മാത്രമായവർക്ക് ദൈവത്തേയും ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തെയും തിരിച്ചറിയാൻ തൽക്കാലം കഴിഞ്ഞിട്ടില്ല !**

**<u>രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന്</u> യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, തൊഴിൽ ശാസ്ത്രം, ജനസേവന ശാസ്ത്രം (ഭരണ ശാസ്ത്രം), നീതിന്യായ ശാസ്ത്രം, തുടങ്ങിയ ശാഖകളും ഉപ-ഉപ ശാഖകളും ഉണ്ടെന്നും, അവയെല്ലാം മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളോടൊപ്പം, ദൈവം വെളിപ്പെടുത്തുന്നുണ്ട് എന്നും അറിയിച്ചതിനെ ലഘുവായും ലളിതമായും മഹാശാസ്ത്രപരമായും തെളിയിക്കാൻ കഴിയുന്നതാണ്.**

(1) അമ്മ കുഞ്ഞിന് മുലപ്പാൽ കൊടുക്കുന്നു. മതിവരുവോളം കുടിച്ചു കഴിഞ്ഞാൽ കുഞ്ഞ് കുടി നിർത്തുന്നു. പാലിന്റെ ദ്രാവക രൂപമോ ഘടനയോ അളവോ നിറമോ ഗുണങ്ങളോ പോഷകങ്ങളോ പാൽ എന്നൊന്നു തന്നെയോ നിശ്ചയിച്ചതും ഉണ്ടാക്കിയതും 'അമ്മ' എന്ന ജീവാത്മാവല്ല. ജലമോ നാരങ്ങാനീരോ ഏതെങ്കിലും വിഷദ്രാവകമോ മറ്റോ മുലയിൽ നിന്നോ മറ്റേതെങ്കിലും ശരീര ഭാഗങ്ങളിൽ നിന്നോ വന്നാലും അമ്മയും മറ്റുള്ളവരും ശരീരത്തിന്റെ മേല്പടി പ്രവർത്തനത്തെ ജീവാത്മാവിന്റെ പ്രവർത്തനം എന്ന് അവകാശപ്പെടും ! കുഞ്ഞിന്റെ ആൺ പെൺ വ്യത്യാസം മുഖഛായ ശരീര രൂപം നിറം അവയവങ്ങളും അവയുടെ പ്രവർത്തനങ്ങളും തുടങ്ങിയ കാര്യങ്ങളെ നിശ്ചയിക്കുകയും നിർമ്മിക്കുകയും ചെയ്തത് ശരീരം ആണെങ്കിലും, എന്റെ കുഞ്ഞ് എന്ന് അവകാശപ്പെടാൻ മാതാവും പിതാവും ആവേശപ്പെടും ! മനുഷ്യക്കുഞ്ഞിനു പകരം ആമക്കുഞ്ഞ്, എലിക്കുഞ്ഞ്, പൂച്ചക്കുട്ടി, വാഴയ്ക്ക, എന്നിവയിൽ ഒന്നോ രണ്ടോ, മുട്ടയിടുകയോ ആണ് ചെയ്തതെങ്കിൽ ശരീരം ആണ് പ്രവർത്തിച്ചത് എന്നത് മറന്ന് ജീവാത്മാവ് അവകാശം പറയുമായിരുന്നു !

ദൈവാംശമായ ശരീരം, ജീവികളിലൂടെ പുനഃസൃഷ്ടി നടത്തുമ്പോൾ, കുഞ്ഞിന്റെയും പാലിന്റെയും അവകാശത്തെ നൽകി ക്കൊണ്ട് ജീവാത്മാവിനെ ഉയർത്തുകയും, കുഞ്ഞിന്റെയും പാലിന്റെയും യഥാർത്ഥ സ്രഷ്ടാവായി (ഗൂഢമായി) പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. മാനുഷികമായ അതി-പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ല; ആവശ്യവുമില്ല എങ്കിലും, ജീവാത്മാവിനെ പങ്കെടുപ്പിച്ചും അവരിലൂടെ നിർവ്വഹിച്ചും സൃഷ്ടിയെ ധർമ്മം ആയി മാറ്റുന്നു. മാതാപിതാക്കൾക്കും ഉറ്റവർക്കും കുഞ്ഞുമായി ബന്ധപ്പെട്ട് കുഞ്ഞിനെ പരിചരിക്കാനും ശുശ്രൂഷിക്കാനും ഉൾപ്പെടെ ഓരോരോ ധർമ്മങ്ങളെ ലഭ്യമാക്കുന്നു. ഭൂമിയിലെ മൂലകങ്ങൾ/വസ്തുക്കൾ ഉപയോഗിച്ച് വ്യവസായ നിർമ്മാണങ്ങൾ ഇല്ലാത്ത, കുഞ്ഞിന്റെ സൃഷ്ടി, വളർച്ച, പാൽ തുടങ്ങിയ കാര്യങ്ങളിലും ഭൗതിക ശാസ്ത്ര പരമായ പ്രവർത്തനങ്ങൾ നടക്കുന്നു എന്നും അവയെല്ലാം ധർമ്മ ശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് തെളിഞ്ഞത്. ഇതേ വിഷയത്തിൽ ഭൗതിക ശാസ്ത്ര ശാഖയായ വൈദ്യ ശാസ്ത്രത്തെയും സാങ്കേതിക വിദ്യയുടെ വികസനങ്ങളെയും ഉൾപ്പെടുത്തുമ്പോൾ ധർമ്മ ശാസ്ത്ര നിയമങ്ങൾക്കും ആനുപാതികമായി മാറ്റം ഉണ്ടാകുന്നതാണ്. മറ്റുള്ള ജന്തുക്കളേതിൽ നിന്ന് വ്യത്യസ്തമായി സർജറി നടത്തിയും മറ്റും പ്രസവ സമയത്തെ മനുഷ്യൻ ഏറെയും ദുസ്വാർത്ഥങ്ങൾ കൊണ്ട് മനുഷ്യർ നിശ്ചയിക്കുമ്പോൾ, അമ്മയുടെ ശരീരം പാൽ വൈകിക്കുന്നു ! പ്രസവിക്കുന്ന പശു, ആട്, പൂച്ച, എലി, ആന തുടങ്ങിയ ജന്തുക്കളെ കണ്ട് സർജറിക്കാരായ മനുഷ്യരും അവരുടെ പഠിത്തം കൂടിയ ഡോക്ടർമാരും അനേകം കാര്യങ്ങളെ പഠിക്കണം !

**(2)** ദൈവത്തിന്റെ വാതക രൂപവും, ജീവികളുടെയെല്ലാം ജീവനും, ഒന്നാമത്തെ അടിസ്ഥാന ആവശ്യവുമായ ഓക്സിജനെ അശുദ്ധമാക്കാൻ യാതൊരു സൃഷ്ടികൾക്കും കഴിയുന്നതല്ല. എന്നാൽ മാലിന്യങ്ങൾ തള്ളിയും പ്ലാസ്റ്റിക് കത്തിച്ചും മറ്റും അന്തരീക്ഷത്തിൽ മാലിന്യങ്ങൾ വർദ്ധിപ്പിച്ചാൽ, മനുഷ്യർക്കും, ചെയ്യാത്ത അപരാധത്തിന് മറ്റുള്ള ജീവികളും ശുദ്ധ വായു ശ്വസിക്കാൻ കഴിയാതെ രോഗങ്ങളെ സ്വീകരിക്കേണ്ടതായി വരും.

**(3)** ദൈവത്തിന്റെ ദ്രാവക രൂപവും, ജീവികളുടെയെല്ലാം രണ്ടാമത്തെ അടിസ്ഥാന ആവശ്യവുമായ ജലത്തിന്റെ ഉപയോഗങ്ങളെ വിശകലനം ചെയ്താൽ അനന്തമാണെന്നും ജലം ഇല്ലാതെ യാതൊരു ജീവികൾക്കും ജീവിക്കാൻ കഴിയുന്നതല്ല എന്നും ബോദ്ധ്യമാകും. ജലത്തിന്റെ അസാധാരണമായ സ്വഭാവ വിശേഷങ്ങളും, ഭൂമിയിലെ ലഭ്യതയും ആവശ്യകതയും തമ്മിലുള്ള പൊരുത്തങ്ങളും ഉൾപ്പെടുത്തി ക്കൊണ്ട് ജീവിക്കുവാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്. നദീതട സംസ്കാരത്തിന്റെ കാര്യ കാരണങ്ങളും വെളിപ്പെടുന്നു. മറ്റൊരു ദ്രാവകങ്ങൾക്കും ഇല്ലാത്തതായ ജലത്തിന്റെ അസാധാരണമായ വികാസം, ഐസ്, ഐസ്ക്രീം, തുടങ്ങിയവ ഉന്നതമായ പാഠങ്ങളെ നൽകുന്നുണ്ട്.

**(4)** ദൈവത്തിന്റെ ഖര രൂപവും, ജീവികളുടെയെല്ലാം മൂന്നാമത്തെ ആവശ്യമെന്നു തോന്നുന്നതുമായ 'മണ്ണായ ഭൂമി' യഥാർത്ഥത്തിൽ ഒന്നാമത്തെ അടിസ്ഥാന ആവശ്യമാണ്. ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ശരീരം സ്വയം ഉണ്ടാക്കിയിട്ടുള്ള ശരീരം കൊണ്ടാണ് ജീവാത്മാവ് അസ്തിത്വം ഉൾപ്പെടെ അനന്തമായ എല്ലാ ആനന്ദങ്ങളെയും നേടുന്നതും അനുഭവിക്കുന്നതും എന്നു പറയുമ്പോൾ, ജീവാത്മാവിന് അനന്തമായ ആനന്ദങ്ങളെ നൽകാനും, ധർമ്മ ശാസ്ത്രത്തെ പാലിക്കുന്നതിനെ ആധാരമാക്കി മഹാസമനീതി എന്ന സമആനന്ദത്തെ നൽകാനുമായി പ്രത്യക്ഷ ദൈവവും ദൈവാംശവുമായ ശരീരമായി ഒപ്പം കൂടിയിരിക്കുകയാണ് എന്നു സാരം. ദൈവത്തിന്റെ ഖരരൂപമായ ഭൂമിയുടെ അംശമായ ശരീരം കൊണ്ടും -ലൂടെയും വേണം ദൈവത്തിന്റെ വാതക രൂപമായ ഓക്സിജന് സൃഷ്ടിയായ ജീവാത്മാവിന് ജീവൻ  നൽകേണ്ടത് എന്നതിൽ നിന്ന്  'മണ്ണായ ഭൂമിയും അംശമായ ശരീരവും' ഒന്നാമത്തെ അടിസ്ഥാന ആവശ്യമാണെന്ന് തെളിയുന്നുണ്ട്.

ദൈവത്തിന്റെ ഖര ദ്രാവക വാതക രൂപങ്ങളായ മണ്ണ്, ജലം, ഓക്സിജൻ എന്നിവ മൊത്തത്തിൽ ഭൂമിയായ ദൈവം ആണ്; സൃഷ്ടികളായ ജീവാത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചു ജീവിപ്പിക്കുക എന്ന ധർമ്മം ചെയ്യുകയുമാണ്.

(5) അമ്മ ചോറ് ഉണ്ടാക്കുമ്പോൾ, അടുപ്പ് കൂട്ടി വിറകോ, ഗ്യാസോ കത്തിച്ച്, പാത്രത്തിൽ വെള്ളം തിളപ്പിച്ച് അരിയിട്ട് വേവിക്കണം. വിറക്, ഗ്യാസ്, അരി, തീ ഉൾപ്പെടെ ചിലവാക്കുന്ന ഊർജ്ജം, തുടങ്ങിയ ഓരോന്നിനും ഭൗതിക ശാസ്ത്ര നിയമങ്ങൾ ഉണ്ട്. ഉപയോഗം, ആവശ്യം, സമയം എന്നിവയെ അടിസ്ഥാനമാക്കി ഓരോന്നിനും വേണ്ടതും വേണ്ടാത്തതുമായ ധർമ്മങ്ങളുമുണ്ട്.

ഏഴോ എട്ടോ അംഗങ്ങളുള്ള കുടുംബത്തിന് രണ്ടു നേരം ഉണ്ണാൻ രണ്ടു പറ നെല്ലിന്റെ അരി വേവിക്കേണ്ടതില്ല. രണ്ടോ മൂന്നോ പേർക്കും ജോലിക്കാർക്കും ചോറും കറികളും ഉണ്ടാക്കുന്നതും, ഗ്യാസ്, ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയവ ചെലവാക്കുന്നതും, ജോലിക്കാർ ആവശ്യമില്ലാത്ത എട്ടോ പത്തോ അംഗങ്ങളുള്ള വലിയ കുടുംബത്തിനായി ചിലവാക്കുന്ന സാധനങ്ങളും ചിലവുകളും തമ്മിൽ അംഗസംഖ്യ കണക്കാക്കിയാൽ ആദ്യത്തേത് ധൂർത്തും, സഹായത്തിന് വേണ്ടത്ര ആളില്ലാത്ത അസുരക്ഷിത നിസ്സഹകരണ ദുരുപയോഗ ദുസ്വാർത്ഥ ജീവിതം ആണെന്ന് കാണാം. കുട്ടികൾക്ക് ചെറുപ്പത്തിൽ തന്നെ സ്നേഹ വാത്സല്യങ്ങൾ കുറച്ചു ലഭിക്കുകയും മാനുഷിക മൂല്യങ്ങൾക്ക് തകർച്ച വർദ്ധിക്കുന്നതും അനുഭവിച്ച് അറിഞ്ഞു കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

ഭൂമിയിലെ വസ്തുക്കളെ അതേപടി ഉപയോഗിക്കുമ്പോഴും, വസ്തുക്കളിലെ നിയമങ്ങളെ ഉപയോഗിച്ച് പാചകം ചെയ്ത് ബഹുവിധ ഭക്ഷണം ഉണ്ടാക്കുമ്പോഴും, ഉപകരണങ്ങൾ, വസ്ത്രം, പാർപ്പിടം, ആയുധങ്ങൾ, യന്ത്രസാമഗ്രികൾ, വിമാനം-കപ്പൽ-കാർ-ബസ്, ലോറി, ട്രക്കർ, ട്രെയിൻ തുടങ്ങിയ വാഹനങ്ങൾ, റേഡിയോ, ടെലിവിഷൻ, ചികിത്സാ സൗകര്യങ്ങൾ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ ഉണ്ടാക്കുമ്പോഴും ഗുണങ്ങളും ദോഷങ്ങളും വെളിപ്പെടുന്നത് വസ്തുക്കളുടെ / ഉല്പന്നങ്ങളുടെ ധർമ്മ ശാസ്ത്ര നിയമങ്ങളാണ്. വസ്തുക്കളിൽ ലയിച്ചു പ്രവർത്തിക്കുന്ന ധർമ്മ ശാസ്ത്ര നിയമങ്ങളെ ഉൾക്കൊണ്ട് ജീവിക്കുകയേ വേണ്ടൂ; മനുഷ്യൻ ധർമ്മ ശാസ്ത്ര നിയമങ്ങളെ ഉണ്ടാക്കേണ്ട.

(6) തടി കൊണ്ടും ഗ്ലാസ്സു കൊണ്ടും മറ്റും കസേരയും മേശയും ഒക്കെ ഉണ്ടാക്കുമ്പോൾ; അവയുടെ കാലുകൾ ഉറപ്പിക്കണം; സാന്ദ്രത, ഘനം എന്നിവയുടെ അടിസ്ഥാനത്തിൽ അവയ്ക്ക് താങ്ങാൻ കഴിയുന്ന വസ്തുക്കളുടെ പരമാവധി ഭാരം എത്രയെന്ന് ഉണ്ട്. അവയുടെ മേൽ ജലം, ജ്യൂസ് എന്നിവ വീണാൽ കുഴപ്പമില്ല; എന്നാൽ തീയ്, ആസിഡ് എന്നിവ പാടില്ല. ഓരോരോ വസ്തുക്കൾക്കും ബാധകമായ അത്തരം ഗുണങ്ങൾ, അവയുടെ ധർമ്മ ശാസ്ത്രമാണ്.

(7)

**മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവ ശരീരത്തിലെ നാഡീ വ്യവസ്ഥയുടെ താളം തെറ്റിക്കുമെന്നും, ശരീരത്തിനും ജീവാത്മാവിനും ദോഷം ചെയ്യുമെന്ന് ഭൗതിക ശാസ്ത്ര പരമായി മനസ്സിലാക്കാൻ കഴിയും. ദോഷ വസ്തുക്കളെ/ ശക്തികളെ ഉപയോഗിക്കാതെ ശ്രദ്ധിക്കാൻ ലഭ്യമായ ബുദ്ധിശക്തികളെ കൊണ്ട് കഴിയും. ദൈവാംശമായ ശരീരം അറിയിക്കുന്ന പ്രസ്തുത ഭൗതിക-ധർമ്മ-ശാസ്ത്ര പാഠങ്ങളെ, പാലിക്കുവാൻ ജീവാത്മാവിന് ധാർമ്മിക ഉത്തരവാദിത്വം ഉണ്ട്. ദൈവീകമായി ലഭിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത് മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവ സ്വീകരിക്കുമ്പോൾ, ഭൗതിക ശാസ്ത്ര പ്രകാരം രോഗങ്ങളും അപകടങ്ങളും മരണവും ഉണ്ടാകുന്നു; ധർമ്മ ശാസ്ത്ര പ്രകാരം വ്യക്തിക്കും തദ്വാരാ സമൂഹത്തിനും ധാർമ്മിക അധഃപതനങ്ങൾ ഉണ്ടാകുന്നു. കുറച്ചു കൂടി വിവരിക്കുന്നു :**

മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയവ ജീവാത്മാവിന്റ ഇഷ്ടപ്രകാരമോ അല്ലാതെയോ ബാഹ്യ ശക്തികൾ കാരണമായിട്ടോ ശരീരത്തിൽ പ്രവേശിച്ചാൽ ശരീരം പ്രതിപ്രവർത്തിക്കുന്നതാണ്. ജീവാത്മാവിന് ഉന്മേഷം വർദ്ധിക്കുന്നതും ബുദ്ധിഭ്രമം ഉണ്ടാകുന്നതും, ഭാഗികമായോ പൂർണ്ണമായോ ബോധം നഷ്ടപ്പെടുന്നതും ഒക്കെ ജീവാത്മാവിന്റെ നിസ്സാരതയും നിസ്സഹായതയും; ശരീരത്തിൽ നിന്നുള്ള ഭിന്നതയും സുവ്യക്തമാക്കുന്നുണ്ട്; ഒപ്പം അവയുടെ ധർമ്മ ശാസ്ത്ര നിയമങ്ങളെയും അറിയിക്കുന്നു. മണ്ണും ഭൂമിയും ശരീരവും കൂടിയായ ദൈവം, ജീവാത്മാവിന്റെ നല്ലതിനു വേണ്ടി ചിട്ടപ്പെടുത്തിയ നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുകയും ബഹുഭൂരിപക്ഷം കോശങ്ങൾക്കും അവയവങ്ങൾക്കും രോഗങ്ങളുടെ രൂപത്തിലും മറ്റും വിനാശം ഉണ്ടാക്കുന്നതുമായ മദ്യം, മയക്കുമരുന്ന്, പുകയില, തുടങ്ങിയവ ഉപയോഗിക്കാതെയും, അസാധാരണമായ സാഹചര്യങ്ങളിൽ മരുന്നുകളായി മാത്രം ഉപയോഗിക്കേണ്ടതും, ജീവാത്മാവിനു വേണ്ടി ജീവാത്മാവ് സ്വയം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങളാണ്.

(8) **സ്വർണ്ണം** : 79 **ഇലക്ട്രോൺ**, 79 **പ്രോട്ടോൺ**, 118 **ന്യൂട്രോൺ, ഏതാനും മറ്റ് അതിസൂക്ഷ്മമായ ഘടകങ്ങൾ എന്നിവ കൊണ്ടാണ് സ്വർണ്ണത്തിന്റെ ആറ്റം ഉണ്ടാക്കിയിട്ടുള്ളത്**. Atomic weight: 196,97, Phase: solid, Crystal structure: face-centered cubic, Electronegativity: 2,54, Density: 19.3 g/cm3, Electrical resistivity: 22.14 no.m, Oxidation states: -III, -11,-1, I, II, III, Element category: Transition metals, Radioactive element: No, Group: I.B, Electron configuration: [Xe]4f14 5d10 6s1 **എന്നിങ്ങനെ സാധാരണ ജനങ്ങൾക്ക് വിഷയമല്ലാത്ത ഭൗതിക ശാസ്ത്ര കാര്യങ്ങളെ മാറ്റി നിർത്തി സ്വർണ്ണത്തിന്റെ ഉപയോഗങ്ങളെയും ഗുണദോഷങ്ങളെയും വിവരിക്കുന്ന ധർമ്മ ശാസ്ത്ര കാര്യങ്ങളെ വിശകലനം ചെയ്താൽ അതിവിശിഷ്ടത കാണാൻ കഴിയും.**

**നിറവും ശോഭയും ഉൾപ്പെടെ ബഹുവിധ സവിശേഷതകൾ കൊണ്ട് ആഭരണങ്ങൾ നിർമ്മിക്കാൻ ഏറ്റവും ഉചിതമായ ലോഹമാണ് സ്വർണ്ണം. അക്കാരണങ്ങളാൽ, മനുഷ്യർക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തുവാണ്. സ്വർണ്ണാഭരണങ്ങൾ സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നതാണ്; കൂടുതൽ അണിയാനും ശേഖരിക്കാനുമുള്ള കൊതിയും. ഭൂമിയിൽ സ്വർണ്ണത്തിനുള്ള ദൗർലഭ്യം, ഖനനം നടത്താൻ ചെലുത്തുന്ന വർദ്ധിച്ച ഊർജ്ജം തുടങ്ങിയവ കൊണ്ട് സ്വർണ്ണത്തിന് ഭൂമിയിലെങ്ങും മൂല്ല്യം കൂടുതലാണ്. ഭൂമിയിൽ മുഴുവൻ സ്വർണ്ണത്തോട് കമ്പമുണ്ട്; സമ്പത്ത് എന്ന സ്ഥാനവും. വീടും പുരയിടവും പറമ്പും കൂടെ കൊണ്ടു പോകാൻ കഴിയാത്ത സമ്പത്താണ് എങ്കിൽ, നാണയങ്ങളും ആഭരണങ്ങളും പാത്രങ്ങളും മറ്റുമായി യാത്രയിലും മറ്റും കൂടെ കൊണ്ടു പോകാൻ കഴിയുന്ന സമ്പത്താണ് സ്വർണ്ണം. സ്വർണ്ണത്തിനോടുള്ള കമ്പം കൊണ്ട് ധർമ്മ ശാസ്ത്രത്തെ അവഗണിച്ച് കർമ്മങ്ങൾ ചെയ്യാൻ സ്ത്രീകളും പുരുഷന്മാരും കുട്ടികളും തയ്യാറാകുന്ന സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടാവാറുണ്ട്. 'കനകം (സ്വർണ്ണം) മൂലം കാമിനി മൂലം കലഹം പലവിധം ഉലകിൽ സുലഭം' എന്ന ചൊല്ല് ഉണ്ടാവാൻ അതാണ് കാരണം. ഒരാളുടെ ധാർമ്മിക നിലവാരത്തെ അളക്കാൻ സഹായിക്കുന്ന ഒരു ഉപാധിയായി സ്വർണ്ണത്തെ കണക്കാക്കാൻ കഴിയും എന്ന വസ്തുതയും അതിലുണ്ട്. സ്വർണ്ണത്തിന്റെ കാര്യം പറയുമ്പോൾ, പേപ്പർ കറൻസിയെ ആധാരമാക്കിയിട്ടുള്ളത് സ്വർണ്ണവുമായിട്ടാണ്.**

# പേപ്പർ കറൻസി ധർമ്മശാസ്ത്രപരമല്ല (ദൈവീകമല്ല).

## സാമ്പത്തിക ക്രയ-വിക്രയ ഉപാധിയായി നിശ്ചയിക്കുന്ന ഒരു വസ്തുവിന് ഭൗതികവും ധർമ്മ ശാസ്ത്ര പരവുമായ യോഗ്യതകൾ ഉണ്ടാവണം.

തീകത്തുന്നവയും, വെള്ളത്തിൽ വീണാൽ കുതിർന്നു നശിക്കുന്നവയും, ചിതലു തിന്നുന്നവയും, ദ്രവിക്കുന്നവയും, അഴുക്കുപിടിക്കുന്നവയും, പുരളുന്ന അഴുക്കുകളെ നിസ്സാരമായി കഴുകി വൃത്തിയാക്കാൻ കഴിയാത്തവയും, നിരവധി രോഗാണുക്കളെ നിരന്തരം കൈമാറ്റംചെയ്ത് ചെറുതും വലുതുമായ രോഗങ്ങളെ ജനങ്ങൾക്കെല്ലാം നൽകുന്നവയും, തുടർച്ചയായിട്ട് ഉപയോഗിച്ചാൽ പെട്ടെന്ന് നശിക്കുന്നവയും, നിർമ്മാണത്തിന് ആവശ്യമാകുന്ന അദ്ധ്വാനത്തെയും യന്ത്ര സാമഗ്രികളെയും പാഴാക്കുകയും, മറ്റും ചെയ്യുന്ന കടലാസ് കറൻസി യഥാർത്ഥത്തിൽ കള്ളനോട്ടാണ്; പൈശാചികമാണ്. കള്ളനോട്ടിനെ പണം എന്ന കള്ളപ്പേരിൽ നിർമ്മിക്കുന്ന, യഥാർത്ഥത്തിൽ (അടിമകളായ) ഭരണാധികാരികളും, ഏതൊരാളും കള്ളന്മാരാണ്.

'ഭരണാധികാരികളായ വലിയ കള്ളന്മാരുടെ കെടുകാര്യസ്ഥത കൊണ്ടാണ്' ചെറിയ കള്ളന്മാർ കള്ളനോട്ടുകളെ നിർമ്മിക്കുന്നത് എന്നതു സത്യമാണെങ്കിലും രണ്ടു കൂട്ടരും ചെയ്യുന്നത് അധർമ്മങ്ങളാണ്. വലിയ കള്ളന്മാരുടെ അധമത്തങ്ങൾ കൊണ്ടുകൂടിയാണ് ചെറിയ കള്ളന്മാർ രൂപപ്പെട്ടത് എന്നതിനാൽ ദൈവശിക്ഷകളിൽ വലുതെല്ലാം വലിയ കള്ളന്മാർക്കാണ് ലഭിക്കുക.

കള്ളക്കൂട്ടങ്ങൾ ജനങ്ങളെ ഭാരപ്പെടുത്താനും കഷ്ടപ്പെടുത്താനും കബളിപ്പിക്കാനും എത്ര നീചമായി തയ്യാറാകുന്നു എന്നതിന് മറ്റൊരു ഉദാഹരണമാണ് വലതു വശത്ത് കാണുന്ന 'ബാങ്കിന്റെ അറിയിപ്പ്'.




അല്പം അഴുക്ക് പിടിച്ച നോട്ട് ശ്രദ്ധിക്കാതെ വാങ്ങിച്ചു പോയാലും കഷ്ടപ്പെടുന്നതാണ്.

**ജനങ്ങളുടെ സമ്പത്തിനെ തട്ടിയെടുക്കാനുള്ള കള്ളന്മാരുടെ ഉപാധി കൂടിയാണ് കടലാസ് കറൻസി. ഭരണാധികാരികൾ നിശ്ചയിക്കുന്ന ഏതൊരു സമയത്തും കടലാസ് കറൻസി പണമല്ലാതായി മാറുന്നത് കടലാസിന്റെ തകരാറല്ല; പണമായിട്ട് ഉപയോഗിക്കാനുള്ള യോഗ്യതകൾ, കടലാസിന് ഇല്ലാത്തതുകൊണ്ടാണ്.**

**ജീവികൾക്കെല്ലാം ജീവിക്കുന്നതിന് ആവശ്യമായ സർവ്വതും സൃഷ്ടിച്ചിട്ടുള്ള ദൈവം, മനുഷ്യരുടെ സാമ്പത്തിക ക്രയവിക്രയ മാധ്യമമായ "പണമായിട്ട്" മഹാഉചിതമായ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുണ്ടാവും എന്നു തിരിച്ചറിഞ്ഞ് അവയെ ഉപയോഗിക്കുമ്പോൾ കള്ളനോട്ട് അവസാനിക്കുന്നതാണ്.**

**അദ്ധ്വാന മൂല്യമുള്ളതും കാലാതീതവും സ്വയം സമ്പത്തുമായ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ പണമായിട്ട് ഉപയോഗിക്കാം; ഉചിതമായ ശക്തികൾ ഉള്ള ഏതൊരാൾക്കും നിർമ്മിക്കുകയും ചെയ്യാം; കള്ളത്തരമായി നിർമ്മിക്കുന്നതുകൊണ്ട് യാതൊരാൾക്കും സാമ്പത്തിക നേട്ടങ്ങളെ ലഭിക്കുന്നതല്ല. എന്നാൽ ഭരണാധികാരികൾ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള ഏതൊരു കാര്യവും ചെയ്യുന്നത് യജമാനന്മാരായ ജനങ്ങളുടെ സമ്മതത്തോടെയും ബോദ്ധ്യപ്പെടുത്തിയും ആവണം. ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വയവും, ജനങ്ങളുടെ അടിമകളായ ഭരണാധികാരികളെ യഥാർത്ഥമായ അടിമകളാക്കിയും, "സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ "പണമായിട്ട് " (സ്വയം) നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും" സ്വയമോ പൊതുഖജനാവിലോ സൂക്ഷിക്കുന്നതുമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യമാണ് സാമ്പത്തിക ക്രയവിക്രയ മാധ്യമമായ 'പണം' എന്നിരിക്കെ എപ്പോഴും ജനങ്ങളുടെ അടിമകൾ മാത്രമായ ഭരണാധികാരികൾ പണത്തിന്റെ പേരിൽ ആവേശപ്പെടു ന്നതും ജനങ്ങളെ പീഢിപ്പിക്കുന്നതും കടുത്ത അപരാധമാണ്.**

**ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും -അല്പനേരം പോലും- തടയാൻ മറ്റൊരാൾക്ക്/ അടിമയ്ക്ക്/ ഭരണാധികാരിക്ക് അധികാരമില്ല. അങ്ങനെയിരിക്കെ അടുത്ത കാലത്ത് നോട്ട് നിരോധനത്തിലൂടെ ഇന്ത്യയിൽ 120 കോടിയിലേറെ ജനങ്ങളെയും അതുപോലെ മറ്റു രാജ്യങ്ങളിലും ജനങ്ങളെ കഷ്ടപ്പെടുത്തുന്നതിന് അനേകം ജന്മങ്ങളിൽ അടിമകളെയും / ഭരണാധികാരികളെയും ഭരണകൂട സംവിധാനങ്ങളിൽ പെട്ടവരെയും മഹാനീതിശാസ്ത്ര പ്രകാരം ബഹുവിധങ്ങളിലായിട്ട് ശിക്ഷിക്കുന്നതാണ്. അതേസമയം മഹാമാതാവും മഹാനീതിയുമായ ദൈവം ഏതൊരു കുഞ്ഞിനെയും ശിക്ഷിക്കുന്നത് ധർമ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യാനാണെന്നും എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദമെന്ന മഹാസമനീതിയെയും മോക്ഷത്തെയും അനുഗ്രഹിച്ചു നൽകാനാണ് എന്നും അറിയണം. ..**

## (9) യാതൊരു നികുതികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല. നികുതി കാര്യാലയങ്ങളും, നിയമസഭ, കോടതി, ലോട്ടറി-ഇൻഷ്വറൻസ്- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തുടങ്ങിയ അധമ സംവിധാനങ്ങളും പാടില്ല.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുവാനായി നിയമിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ആയ അടിമകൾ സ്വയമോ മറ്റുള്ളവരുടെ പ്രേരണയാലോ ഭരണാധികാരികളാണെന്നു തെറ്റിദ്ധരിച്ചും കടമകളെ അറിയാൻ പോലും ശ്രമിക്കാതെ തങ്ങൾക്ക് ശരിയെന്നു തോന്നുന്നതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ അധമ നിയമങ്ങളെ തട്ടിക്കൂട്ടി ക്കൊണ്ടാണ് ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും നികുതികൾ ചുമത്തിയുള്ള അധമ ഭരണത്തെ സേവനം എന്ന കള്ളപ്പേരിൽ ചെയ്യുന്നത്.

ധർമ്മശാസ്ത്രപരമായ പ്രവൃത്തികൾ മാത്രമാണ് തൊഴിൽ. അവയ്ക്കെല്ലാം ഭൗതിക അസ്തിത്വം ഉണ്ട്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ യഥാർത്ഥവും ശാസ്ത്രീയവുമായ 4 വിഭാഗങ്ങളായിട്ട് ഭൂമിയിലെങ്ങുമുള്ള എല്ലാ തൊഴിലുകളും വിഭജിക്കപ്പെട്ടിരിക്കുന്നു. തൊഴിലുകളെല്ലാം മണ്ണുമായിട്ട് അഥവാ ഭൂമിയുമായിട്ട് അഥവാ ദൈവവുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധപ്പെട്ടിരിക്കുന്നു.

മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്തതായ പ്രവൃത്തികൾ "തൊഴിലുകൾ" എന്ന പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം 'അധമ ചെയ്തികൾ' മാത്രമാണെന്നും 'തൊഴിലുകൾ അല്ലാ' എന്നും സുവ്യക്തമാണ്.

കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് കൊലപാതകം, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല.

മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഡനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല. മണ്ണിൽ ജോലി ചെയ്തും അല്ലാതെയും ജനങ്ങൾ നേടുന്ന സമ്പത്തിനെ നികുതി / നികുതികൾ എന്നിങ്ങനെയുള്ള പേരുകളിട്ട് കൊള്ളയടിക്കുന്നത് മോഷണത്തേക്കാൾ മോശമായ പിടിച്ചുപറിയാണ്. അധമ പ്രവൃത്തിയാണത്; തൊഴിൽ അല്ല. യാതൊരു നികുതികളും ദൈവീകമല്ല.

ജനാധിപത്യ ഭരണം, സോഷ്യലിസ്റ്റ് ഭരണം, കമ്മ്യൂണിസ്റ്റ് ഭരണം, മുതലാളിത്ത ഭരണം, മതഭരണം, ജാതി ഭരണം, വർഗ്ഗ ഭരണം, തുടങ്ങിയ കള്ളപ്പേരുകളോടെ ജനങ്ങളെ പറ്റിച്ച് ഭരണകൂടങ്ങളെന്ന "കൊള്ളസംഘങ്ങളെ" സ്ഥാപിച്ചിരിക്കുകയാണ് ഭൂമിയിലെങ്ങും!

അഭ്യസ്തവിദ്യരെന്ന വിചാരത്തോടെ ജീവിക്കുന്ന വിവരദോഷികൾ നികുതി കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ എന്ന കള്ളപ്പേരോടെ ജനങ്ങളെ കൊള്ളയടിച്ച് "കൊള്ളസംഘങ്ങൾക്കു" നൽകുന്നു. കൊള്ളയടിച്ച സമ്പത്തിൽ നിന്ന് "കൊള്ളസംഘങ്ങൾ" നൽകുന്ന ഉയർന്ന വേതനങ്ങളെയും ജീവിത സൗകര്യങ്ങളെയും നക്കാപ്പിച്ചകളെയും കൈപ്പറ്റിക്കൊണ്ട് അവരും കുടുംബങ്ങളും ജീവിക്കുന്നതും ദൈവീകമല്ല.

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.

"കൊള്ളസംഘങ്ങളായ" ഭരണാധികാരികളെ സംരക്ഷിക്കുന്നതിനു വേണ്ടി പോലീസ് സേന ജീവൻ കളഞ്ഞും ഊട്ടുന്ന ജനങ്ങളുമായി അടിപിടിയും വെടിവെപ്പുമെല്ലാം നടത്തുന്നുണ്ട്. ജനങ്ങളുടെ സഹായികളും ജനങ്ങളുടെ ഭാഗവുമായിട്ട് പ്രവർത്തിക്കാൻ ധർമ്മശാസ്ത്രപരമായിട്ട് ബാദ്ധ്യസ്ഥരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയും ഉന്നതരെന്നു വിചാരിക്കുന്ന പോലീസ് അധികാരികളും, യജമാനന്മാരായ ജനങ്ങളെ മറന്നുകൊണ്ട് പിഴച്ചവരായ ഭരണാധികാരികളെ അനുസരിക്കുന്ന മറ്റൊരു അധമ-നീച സങ്കേതമായിരിക്കുന്നു. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്.

ദൈവശിക്ഷകളിൽ നിന്ന് പോലീസ് സേനയ്ക്കും മറ്റും ഇളവുകളോ മോചനമോ, പകരം പുണ്യമോ ലഭിക്കുന്നതിന് ലളിതമായ മാർഗ്ഗം എപ്പോഴുമുണ്ട് : അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. 'ഭരണാധികാരി' എന്നാൽ 'അടിമ' എന്ന് മേലിൽ പഠിക്കുക.

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ആവശ്യമായ ധനം മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം ലഭ്യമാണ്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ സാമ്പത്തിക ശാസ്ത്രത്തെ വിശദീകരിച്ചിട്ടുണ്ട്.**

# (10) യാതൊരു ജാതി-മത പ്രസ്ഥാനങ്ങളും സംഘടനകളും രാഷ്ട്രീയ പാർട്ടികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല.

ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ ' പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്.

അറിഞ്ഞും അറിയാതെയും മണ്ണിന്റെ നിയമങ്ങളെ അവഗണിച്ച് ഭൗതികമായ അസ്തിത്വം ഇല്ലാത്ത നിയമങ്ങളെ തട്ടിക്കൂട്ടി ജനസേവനം എന്ന കള്ളപ്പേരിൽ ഊട്ടുന്ന ജനങ്ങളെ പീഡിപ്പിച്ചു ഭരിക്കുന്ന ഭരണാധികാരികൾ/ അടിമകൾ യഥാർത്ഥത്തിൽ കൊടും കൊള്ളക്കാരും കൊടിയ ഭീകരവാദികളുമാണ്.

സാമൂഹ്യപ്രവർത്തകരും നിരീശ്വരവാദികളും ശാസ്ത്രപരമായ തൊഴിൽ വിഭജനത്തിലെ ശുചിത്വം എന്ന വിഭാഗത്തിൽ പെടുന്നുവെന്ന് ഈ ഗ്രന്ഥത്തിലെ തൊഴിലുകൾ : ശുചിത്വം എന്ന അദ്ധ്യായം പഠിക്കുമ്പോൾ മനസ്സിലാകുന്നതാണ്. രാഷ്ട്രീയ ചിന്തകളെയും മതചിന്തകളെയും ഉപേക്ഷിക്കാൻ കഴിയുന്നവരും കഴിയാത്തവരുമുണ്ട്; എങ്കിലും, അവയെ വളരെയധികം മാറ്റിനിർത്തിക്കൊണ്ട്, ജനങ്ങൾക്കു വേണ്ടി ശക്തിക്കൊത്ത് പ്രവർത്തിക്കുകയാണ് പൊതുവെ സാമൂഹ്യപ്രവർത്തകർ ചെയ്യുന്നത്.

മാനുഷിക കാര്യങ്ങൾക്കുവേണ്ടി എന്നു പറയുമ്പോൾ, മനുഷ്യർക്കു നന്മ ചെയ്യുന്നതും, മനുഷ്യജീവിതത്തെ ആനന്ദകരമാക്കുന്നതും, ശാന്തിയും സമാധാനവും സമൂഹത്തിൽ ഉറപ്പിക്കുന്നതുമെന്നാണ് മനസ്സിലാക്കേണ്ടത്. മഹാശാസ്ത്രത്തെപ്പറ്റി നിശ്ചയമില്ലാത്ത അവർ; ഭീകരവാദികളെയും, ഭീകരവാദികളെ സൃഷ്ടിച്ച കൊടുംഭീകരവാദികളെയും മാനുഷിക ഉത്തരവാദിത്തങ്ങളെ ബോദ്ധ്യപ്പെടുത്താൻ പരിശ്രമിക്കുകയും, കൂടാതെ തങ്ങൾക്കു ശരിയെന്നു തോന്നുമ്പോലെയും ആവുമ്പോലെയും വിഷയങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുകയുമാണു ചെയ്യുന്നത്.

**സമൂഹത്തിലെ ഭരണകൂടമോ വ്യവസ്ഥിതികളോ അധികാരം നൽകിയാലും ഇല്ലെങ്കിലും യഥാർത്ഥ സാമൂഹ്യപ്രവർത്തകർ ശുചിത്വപരമായ കാര്യങ്ങളെ ചെയ്തുകൊണ്ടിരിക്കും. അധിക ജന്മങ്ങളിലൂടെ അവർ നേടിയ പുണ്യങ്ങൾ അവരെ സത്പ്രവൃത്തികളുമായി കൂടുതൽ അടുപ്പിക്കുന്നതു കൊണ്ടാണത്.** ഭരണാധികാരികളുടെ സമ്മതമോ അധികാരമോ ഇല്ലാതെ ശുചിത്വ കാര്യങ്ങളെ ചെയ്യുമ്പോൾ, തങ്ങൾ പോലും അറിയാതെ കൊടുംഭീകരപ്രവർത്തകരായ ഭരണാധികാരികളെയും മതപുരോഹിതരെയും എതിർക്കുകയാണ് അവർ ചെയ്യുന്നത്. **അതായത് വ്യക്തിയിൽ നിന്നും ഭരണവ്യവസ്ഥിതി ആവശ്യപ്പെടാത്ത സമൂഹ-ശുചിത്വകാര്യങ്ങളെ വ്യക്തി ചെയ്യുവാൻ ഒരുമ്പെടുമ്പോഴും ചെയ്യുമ്പോഴും, വ്യക്തി ചെയ്യുന്നത് നല്ലകാര്യമെങ്കിൽ അതിന്നർത്ഥം ഭരണാധികാരി ചെയ്യേണ്ടുന്ന കാര്യം ഭരണാധികാരി ചെയ്തില്ലെന്നും അതു ചെയ്യാൻ കഴിവില്ലാത്ത ഭരണാധികാരിയുടെയും ഭരണ സംവിധാനത്തിന്റെയും മുകളിൽ വ്യക്തി ഉയർന്നുവെന്നുമാണ്.**

**സാധുജന സംരക്ഷണ കേന്ദ്രങ്ങൾ, വൃദ്ധഭവനുകൾ, അഭയ കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ, ഭിക്ഷാടക സംരക്ഷണ കേന്ദ്രങ്ങൾ, തുടങ്ങിയ പേരുകളിൽ വ്യക്തികൾ സാമൂഹ്യപ്രവര്ത്തനം നടത്തുമ്പോൾ, സമൂഹത്തിലെ ഭരണകൂടം ചെയ്യേണ്ടുന്ന ജോലി വ്യക്തി/ഏതാനും വ്യക്തികൾ ചെയ്യുകയാണ്.**

**സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള സംവിധാനമാണ് ഭരണകൂടം എന്നിരിക്കെ, പ്രദേശങ്ങളിലെ ഭരണാധികാരികൾ (യഥോചിതം) നിറവേറ്റാഞ്ഞ പൊതു ആവശ്യത്തെ സാമൂഹ്യ പ്രവർത്തകൻ തന്റെ ശക്തിക്കൊത്തും തോന്നിയപോലെയും നിറവേറ്റുമ്പോൾ, സാമൂഹ്യപ്രവര്ത്തകൻ ഏറ്റെടുത്ത കാര്യത്തിൽ ഭരണാധികാരിയായിരിക്കാനുള്ള തങ്ങളുടെ കഴിവില്ലായ്മ അറിഞ്ഞോ അറിയാതെയോ ഭരണാധികാരി സമ്മതിക്കുക കൂടിയാണത്. അത് മനസ്സിലാക്കാനും ധർമ്മ ശാസ്ത്രപരമായി ഭരണകൂടത്തെ തിരുത്താനും ഭരണാധികാരികൾക്ക് കഴിയാത്തത് അവർ കൊടുംപാപികളും അജ്ഞാനികളുമായി തുടരുന്നതുകൊണ്ടാണ്.**

**ജന-സേവനശാസ്ത്രം @ ഭരണ ശാസ്ത്രം എന്തെന്നറിയാത്ത ജനസേവകർ/അടിമകൾ സ്വയം ഭരണാധികാരികൾ ആണെന്ന് തെറ്റിദ്ധരിച്ച് ജനസേവനം എന്ന കള്ളപ്പേരിൽ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം കവർന്നെടുത്തും സാമ്പത്തികം ഉൾപ്പെടെയുള്ള പീഡനങ്ങളും കൊടുംഭീകര പ്രവർത്തനങ്ങളും നടത്തുമ്പോൾ, ക്രൈസ്റ്റിനെയും ചാണക്യനെയും ഗാന്ധിയെയും പോലെയുള്ള സാമൂഹ്യപ്രവർത്തകർ, ഭരണാധികാരികൾക്കു മുകളിൽ പ്രവർത്തിക്കുന്നതാണ്.**

**നീതിപതികളെന്ന് കഷ്ടിച്ച് വിശേഷിപ്പിക്കാവുന്ന ക്രൈസ്റ്റ്, ഗാന്ധിജി എന്നിവർ ഭരണകൂടത്തിനു മുകളിലാവുന്നത് നീതിന്യായശാസ്ത്രം 'ജനസേവന ശാസ്ത്രമെന്ന' ഭരണശാസ്ത്രത്തിനു മുകളിലായതുകൊണ്ടാണ്.**

**ധർമ്മ ശാസ്ത്രപരമല്ലാത്ത ഇന്നത്തെ കോടതികൾ ഭരണകൂടത്തിനു മുകളിലാണെന്ന് തെറ്റിദ്ധരിക്കരുത്. ഇന്ന് ഗാന്ധിജി ഉണ്ടായിരുന്നെങ്കിൽ കോടതികൾ ഉൾപ്പെടെയുള്ള എല്ലാ ഭരണ കാര്യാലയങ്ങളെയും ജീവനക്കാരെയും കൊടുംഭീകരവാദികൾ എന്ന് പേരിടുമായിരുന്നു.**

ഒരുപക്ഷേ കോടതികളിലെ ഉദ്യോഗസ്ഥർക്ക് അതറിയില്ലെങ്കിലും ജനസേവകർ എന്ന കപടവേഷം കെട്ടുന്ന ഭരണാധികാരികളെ മുഴുവൻ ഗാന്ധിജി എതിർക്കുമായിരുന്നുവെന്ന് അവർക്ക് നന്നായറിയാം. ഇന്നത്തെ രാഷ്ട്രീയക്കാരും മതനേതാക്കളും ഒക്കെ, സാമൂഹ്യപ്രവർത്തകരാവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം ചെയ്യേണ്ടത് അശുദ്ധിയുടെയും ദുർഗ്ഗന്ധത്തിന്റെയും കേന്ദ്രങ്ങളായിരിക്കുന്ന സർക്കാർ ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളിലെ കക്കൂസുകൾ സ്വന്തം കൈകൾ ഉപയോഗിച്ച് സന്തോഷത്തോടെ വൃത്തിയാക്കുകയും ശുചിത്വകാര്യങ്ങളെ സ്വയംചെയ്യേണ്ടുന്നതിന്റെ ആവശ്യകതയെ ശാസ്ത്രപ്രകാരം പൊതുജനങ്ങളെ പഠിപ്പിക്കുകയുമാണ്. രണ്ടാമതു ചെയ്യേണ്ടത് ധർമ്മ ശാസ്ത്രപ്രകാരം മാത്രം ഭക്ഷണം കഴിക്കുവാൻ പ്രേരിപ്പിക്കുകയാണ്. മദ്യപാനം പോലെയുള്ളവ സദാചാര ശാസ്ത്രത്തെ കളങ്കപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന ദൈവനിന്ദയാണ് എന്നു വിവരിക്കുന്ന പാഠങ്ങൾ പ്രത്യേകം പഠിച്ച്, പരിചയിക്കണം.

സാമൂഹ്യപ്രവർത്തനത്തിന് ഉപകരിക്കേണ്ടുന്നതായ സംഗീതം, ശാസ്ത്രഗവേഷണം, അദ്ധ്യാപനം തുടങ്ങിയവ തൊഴിൽ പരമായി ശുചിത്വ വിഭാഗത്തിൽ പെടുന്നു എന്നു പറയുമ്പോൾ, ഇന്നത്തെ സംഗീതജ്ഞരും, ശാസ്ത്രജ്ഞരും, അദ്ധ്യാപകരും ശുചിത്വ വിഭാഗത്തിൽ പെടുന്നില്ല. എന്തുകൊണ്ടാണതെന്ന് തൊഴിലുകൾ : ശുചിത്വം ; ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം) എന്നീ അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

സാമൂഹ്യപ്രവർത്തകരുടെ ഔന്നത്യം വ്യക്തമാക്കിയല്ലോ. എന്നാൽ സമൂഹത്തിന്റെ പൊതുവായ കാര്യങ്ങൾക്കു വേണ്ടി ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കുന്നവർ മാത്രം ഭരണാധികാരികളാവുമ്പോഴും, സമൂഹത്തിലെ പൊതുവായ ആവശ്യങ്ങൾ മംഗളകരമായി നടക്കുമ്പോഴും, സാമൂഹ്യപ്രവർത്തകർ എന്ന പേരിൽ വേറിട്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ സമൂഹത്തിൽ ഉണ്ടാവില്ല എന്നും ഉണ്ടാവേണ്ടതില്ലാ എന്നും തിരിച്ചറിയണം.

**ജനസേവകരുടെ പോരായ്മകളെ കൊണ്ടാണ് സാമൂഹ്യപ്രവർത്തകർ എന്ന പേരിൽ വേറിട്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ ഉണ്ടാവുന്നത് എന്നർത്ഥം. ഭൂമിയിലുള്ള എല്ലാ ഭരണകൂടങ്ങളും തിരിച്ചറിയേണ്ടതായ ഗൗരവമായ വസ്തുതയാണത്.**

**സാമൂഹ്യ പ്രവർത്തകർ അല്ലാത്തവർ സാമൂഹ്യപ്രവർത്തകരായി വേഷംകെട്ടുമ്പോൾ, സമൂഹത്തിൽ ഭീകരവാദം ഉണ്ടാകുന്നതാണ്. അതായത്, സാമൂഹ്യ കാര്യങ്ങളിൽ ധർമ്മശാസ്ത്രപരം അല്ലാതെ പ്രവർത്തിക്കുന്നവർ സാമൂഹ്യ പ്രവർത്തകരല്ല, മറിച്ച് സാമൂഹ്യദ്രോഹികളാണെന്നു തിരിച്ചറിയണം. മതം, ജാതി, ഉപജാതി, രാഷ്ട്രീയം, വർഗ്ഗം, തൊഴിൽ, ഭാഷ, പ്രദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ, ജനങ്ങളെ വേർതിരിക്കുകയും പ്രത്യേക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ അടിസ്ഥാന പരമായി സാമൂഹ്യദ്രോഹികളാണ്. സമൂഹത്തിലെ ജനങ്ങളെ ഒരു ദൈവത്തിന്റെ മക്കളായി കാണാൻ കഴിയാതെ, ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ച് പ്രത്യേകം വിഭാഗങ്ങളായി ജനങ്ങളെ വേർതിരിച്ച് ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ പ്രവർത്തിക്കുമ്പോൾ ഒരു വിഭാഗം ജനങ്ങളെ സന്തോഷിപ്പിക്കാനായി ചെയ്യുന്നവ മറ്റു വിഭാഗങ്ങളെ ദോഷപ്പെടുത്തുന്നതാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ ധർമ്മശാസ്ത്രപരമായി സഹായിക്കേണ്ടതും ഉദ്ധരിക്കേണ്ടതും ജനസേവകരുടെ/സമൂഹഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്, വ്യക്തിയുടേതല്ല.**

ഉദാഹരണമായി സാമ്പത്തിക അവശതകൾ അനുഭവിക്കുന്ന എല്ലാ ജനങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നത് ധനശേഷിയുള്ള ഭരണകൂടത്തിന്റെ കർത്തവ്യമാണ്. പകരം ധർമ്മ ശാസ്ത്ര വിരുദ്ധമായ അഥവാ ദൈവീകമല്ലാത്ത മത-ജാതി വ്യവസ്ഥിതികളെ ഉന്മൂലനം ചെയ്യേണ്ടവരായ ജനസേവകർ / ഭരണാധികാരികൾ മത-ജാതി വിഭാഗങ്ങളെ വേർതിരിച്ച് സഹായിക്കാനായി തയ്യാറാവുമ്പോൾ അത് ധർമ്മശാസ്ത്രപരമല്ല.

അഥവാ ദൈവീകമല്ല. ഭീകരവാദത്തിനുള്ള വിത്ത് പാകലാണ്. ധർമ്മശാസ്ത്ര വിരുദ്ധമായി ജനങ്ങളെ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളായി വിഭജിക്കുകയും പ്രത്യേക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ, ജനങ്ങളെ അനവധി സംഘടനകളായി തിരിക്കുമ്പോൾ, അനവധി ചെറിയ ഭരണകൂടങ്ങളായിട്ടാണ് യഥാർത്ഥത്തിൽ മാറ്റിയെടുക്കുന്നത്. ജനങ്ങളുടെ മൊത്ത ഭരണത്തിനായുള്ള ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറിയ ചെറിയ ഭരണകൂടങ്ങൾ രാഷ്ട്രീയ - മത - ജാതി - തൊഴിലാളി വർഗ്ഗ സംഘടനകൾ, സഭകൾ തുടങ്ങിയ പേരുകളിൽ  നിലകൊള്ളുമ്പോൾ സമൂഹഭരണം പിഴയ്ക്കുകയാണു ചെയ്യുന്നത്. എല്ലാ രാജ്യങ്ങളിലും സംഭവിച്ചിട്ടുള്ളത് മറ്റൊന്നല്ല. ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറുതും വലുതുമായ ഭരണകൂടങ്ങളായി സമൂഹത്തിൽ സംഘടനകൾ നിലനിന്നുകൂടാ. മാത്രമല്ല, പ്രത്യേകം പ്രത്യേകം സംഘടനകളായി ജനവിഭാഗങ്ങളെ വിഭജിക്കുമ്പോൾ ഭീകരവാദികളെ സൃഷ്ടിക്കുക കൂടിയാണത്.

മതസ്ഥാപനങ്ങളുടെയും വ്യക്തികളുടെയും മറ്റും നന്മ കൊണ്ടോ ദുസ്വാർത്ഥം കൊണ്ടോ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൃദ്ധ സദനങ്ങൾ എന്നിവയെ, സാമൂഹ്യ ആവശ്യം എന്ന് ബോദ്ധ്യമായാൽ, പഞ്ചായത്ത് ഏറ്റെടുത്തു നടത്തണം.

**തൊഴിലാളി വർഗ്ഗ സംഘടനകളും മതസംഘടനകളും മതവിദ്യാലയങ്ങളും ഒക്കെ അശാസ്ത്രീയമാണെന്നും പാടില്ലായെന്നും തന്നെയാണ് ധർമ്മശാസ്ത്രപരമായി വ്യക്തമാക്കിയത്. തൊഴിലാളി വർഗ്ഗ സംഘടനകളും മതസംഘടനകളും ഉൾപ്പെടെ എല്ലാ പ്രസ്ഥാനങ്ങളെയും പിരിച്ചുവിടുന്നതോടെയും അവയെല്ലാം ശൂന്യമാകുന്നതോടെയും ബന്ദുകളും ഹർത്താലുകളും കൂടി അവസാനിക്കുന്നതാണ്. ബന്ദുകളും ഹർത്താലുകളും പോലെ സമൂഹത്തിലെ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം കവർന്നെടുക്കുന്ന ഹീനരീതികളെ അവസാനിപ്പിക്കുവാൻ, മായാപരം അല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം മറ്റു വഴികളില്ല.**

ദൈവീകമായ, കുറ്റങ്ങളും കുറവുകളുമില്ലാത്ത സാമ്പത്തികശാസ്ത്രം മഹാവേദ ഗ്രന്ഥത്തിൽ വിസ്തരിച്ചിട്ടുള്ളതു പഠിക്കുമ്പോൾ, വർഗ്ഗവ്യത്യാസങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങളും വാദങ്ങളും അസംബന്ധങ്ങൾ മാത്രമാണെന്ന് വ്യക്തമാകുന്നതാണ്. ഭരണകൂടത്തിനെ ധർമ്മ ശാസ്ത്രപരമായി ഉയർത്തേണ്ടതിനു പകരം, കൂടുതൽ മോശപ്പെടുത്തുകയാണ് ഇന്നത്തെ സംഘടനകൾ ചെയ്യുന്നത്. ധർമ്മ ശാസ്ത്രപരമായ തൊഴിൽ വിഭജനത്തെ പഠിക്കാനായാൽ തന്നെ സംഘടനകൾക്ക് സ്വയം ശൂന്യമാകാൻ കഴിയുന്നതാണ്.

**സാമുദായിക നേതാക്കന്മാരായി സാമുദായിക പ്രവർത്തനം നടത്തിയവരും നടത്തുന്നവരും യഥാർത്ഥത്തിൽ സാമൂഹ്യപ്രവർത്തകരല്ല എന്നും സാമൂഹ്യദ്രോഹികളാണ് എന്നുകൂടിയാണ് വ്യക്തമാക്കിയത്.**

ഭരണാധികാരികളുമായി താരതമ്യം ചെയ്യുമ്പോൾ അവർ മെച്ചമെന്നു തോന്നുന്നത് ശരിയാണെങ്കിലും അത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. മഹാനീതിശാസ്ത്രം പ്രകാരം ദൈവം മഹാനീതി നടത്തുന്നുണ്ട് എന്നതു മനസ്സിലാക്കാതെ മനുഷ്യരെ ഭിന്നിപ്പിക്കുന്ന ദൈവനിന്ദാപരമായ പ്രവർത്തനങ്ങളെ നടത്തുന്നവർക്കെല്ലാം മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷയുണ്ട് എന്നറിയണം. ഉദാഹരണമായി, ഇന്നലെ ഹിന്ദുമതത്തിലെ ഒരു ജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച നേതാവിന് ഇന്ന് ആഫ്രിക്കയിലെ ലിബിയയിൽ ഭീകരവാദം നടത്തി മരണപ്പെട്ട അന്നാട്ടുകാരനായ ഒരു മുസ്ലീമിന്റെ രണ്ടാം ഭാര്യയെപ്പോലെയുള്ള വെപ്പാട്ടിയായി അടുത്ത കാലംവരെ കഴിഞ്ഞതിനെപ്പറ്റി ചിന്തിക്കുക. യാതൊരു സാമൂഹ്യ പ്രവർത്തനവും ഇല്ലാതെ ജീവിക്കുന്ന ആ സ്ത്രീയുടെ മുജ്ജന്മപ്രതിമയ്ക്ക് ഇന്നത്തെ നേതാക്കൾ പൂമാലകൾ ചാർത്തുന്നതു കൊണ്ടോ ഗൃഹങ്ങളിൽ സൂക്ഷിക്കുന്ന ചിത്രങ്ങൾക്ക് മാല ചാർത്തുന്നതു കൊണ്ടോ, ചാർത്തുന്നവർക്ക് പാപം കിട്ടും എന്നല്ലാതെ, പഴയ ആചാര്യനായ ഇന്നത്തെ മുസ്ലീം വനിതയ്ക്ക് യാതൊരു പുണ്യവും കിട്ടില്ല.

**മഹാനീതിശാസ്ത്രത്തിൽ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ശാസ്ത്രപരമായി വിവരിച്ചിട്ടുണ്ട്.** ....

**ഇന്നലെകളിലെ സംഘടനകളെ ഇന്നലെകളിലെ ലക്ഷ്യങ്ങൾക്കായി ഇന്നലെകളിലെ ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ സൃഷ്ടിച്ചതാണെന്നും, സ്ഥാപകരുടെയോ സംഘനടകളുടെയോ പേരിൽ ഊറ്റംകൊള്ളാൻ ഇന്നത്തെ പ്രവർത്തകർക്ക് അവകാശമോ അധികാരമോ ശാസ്ത്രപരമായി ഇല്ലാ എന്നുമറിയണം.**

**ഇന്നലെകളിൽ ജീവിച്ചവരും മറ്റു സംഘടനയിൽ പ്രവർത്തിച്ചവരും ഇന്ന് മഹാനീതിശാസ്ത്രപ്രകാരം വേറെ മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളിലാണ് പുനർജ്ജനിച്ചു പ്രവർത്തിക്കുന്നതെങ്കിൽ മുൻകാല സംഘടനകൊണ്ട് വ്യക്തിപരമായി നേട്ടമില്ല. കോട്ടമുണ്ടായെന്നും വരാം.**

സംഘടനാ പ്രവർത്തനങ്ങൾ വ്യക്തിക്ക് അടിസ്ഥാനപരമായി ഗുണംചെയ്യുന്നതല്ല. സംഘടനയെ സൃഷ്ടിക്കുന്ന വ്യക്തി, തന്റെ സ്വകാര്യ ആനന്ദമായി സംഘടനയെ കാണുകയും, മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആഹ്വാനം ചെയ്യുകയും വേണം. അനേക വ്യക്തികൾ ചേർന്ന് സൃഷ്ടിച്ചവയെങ്കിൽ, സ്ഥാപക നേതാക്കളുടെയെല്ലാം മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആവശ്യപ്പെടേണ്ടതുണ്ട്. ജീവിച്ചിരിക്കെ, അതിനായുള്ള പദ്ധതികളും ഒരുക്കേണ്ടതുണ്ട്. ഉദാഹരണമായി ഇന്നത്തെ പോപ്പോ, ഹൈന്ദവ സന്ന്യാസിയോ, മുസ്ലീം രാഷ്ട്രീയ നേതാവോ, മുജ്ജന്മത്തിൽ പാക്കിസ്ഥാനിൽ ജീവിച്ച മതഭാന്തനായ മുസ്ലീം അല്ലായിരുന്നെന്ന് പുനർജ്ജന്മങ്ങളിൽ വിശ്വസിക്കുന്ന ഹിന്ദുസന്ന്യാസിക്ക് തെളിയിക്കാൻ കഴിയുമോ ? മഹാനീതിശാസ്ത്രം പഠിക്കുമ്പോൾ, അങ്ങനെയെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത് സുവ്യക്തമാവുന്നതാണ്. ഇന്നലെ ഇന്ത്യക്കാരനെ ചുട്ടുകൊന്ന വെള്ളക്കാരൻ അംഗവൈകല്ല്യമുള്ള കറുത്തവർഗ്ഗക്കാരനായി ആഫ്രിക്കയിൽ ജീവിക്കുന്നത് മഹാനീതിശാസ്ത്രത്തിന്റെ ഭാഗമാണ്. **ഇന്നലെകളിൽ ബ്രാഹ്മണനായിരിക്കെ ശൂദ്രരോട് കടുത്ത ദ്രോഹം ചെയ്തയാൾ മരിച്ച് ഇന്ന് ശൂദ്രനായി പുനർജ്ജനിച്ച്** 20 **വയസ്സുള്ളപ്പോൾ തന്നെ നൂറ്റാണ്ടുകളായിട്ട് ശൂദ്രർ പീഢിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന് വാദിക്കുമ്പോൾ മനുഷ്യമനസ്സുകളിലെ അധർമ്മങ്ങൾ വെളിപ്പെടുന്നു !**

**മത-ജാതി സഭകൾ ഉൾപ്പെടെയുള്ള എല്ലാ സംഘടനകളും എന്നേ കാലഹരണപ്പെടേണ്ടിയിരുന്നു എന്നും സാരം.**

**ഇന്നലെ നല്ല മനുഷ്യനായി ജീവിക്കുവാൻ ഗാന്ധിക്ക് (ദൈവാനുഗ്രഹത്താൽ) കഴിഞ്ഞുവെങ്കിൽ അത് ഗാന്ധിയുടെ കാര്യമാണ്, അതിൽ ഊറ്റം കൊള്ളാൻ അഥവാ സന്തോഷിക്കാൻ അന്നു ജീവിച്ചവരെ മാത്രമാണ് ദൈവം അനുഗ്രഹിച്ചത്. അവരവർ ചെയ്യുന്ന കാര്യങ്ങൾക്ക് അനുസരിച്ചാണ് പുണ്യവും പാപവും ലഭിക്കുക. ഇന്ന് കോൺഗ്രസ്സിൽ പ്രവർത്തിക്കുന്നവർ കൂടുതലും അന്ന് ഗാന്ധിയെയും കൂട്ടരെയും ദ്രോഹിച്ചവരാണെന്നതിന് പ്രത്യക്ഷ ഉദാഹരണമാണ് പ്രസ്ഥാനം പിരിച്ചുവിടപ്പെടാതെ നിലനിന്നു എന്നത്. ഗാന്ധിയുടെയോ ക്രൈസ്റ്റിന്റെയോ പേരിൽ മാത്രമല്ല, സംഘടനകളുടെയും സഭകളുടെയും അവയിലെ നേതാക്കളുടെയും പേരിൽ ഏതെങ്കിലും വ്യക്തിയോ അനേകം വ്യക്തികളോ പുതിയ നേതാക്കളോ ഊറ്റംകൊണ്ടിട്ടും ഒരു കാര്യവുമില്ല കുഞ്ഞുങ്ങളേ. ദൈവം നൽകിയ ശക്തികൾ കൊണ്ട് ഗാന്ധിയും ക്രൈസ്റ്റുമൊക്കെ ചെയ്ത നല്ല കാര്യങ്ങളെ സ്വയം ചെയ്യാതെ ഗാന്ധിയെ പുകഴ്ത്തുന്നവർക്ക് വേഷംകെട്ടലിനുള്ള ശിക്ഷ ലഭിക്കുന്നതാണ്. സംഘടനകളും സഭകളും സ്മാരകങ്ങളും ഇന്ന് പാപകേന്ദ്രങ്ങൾ മാത്രമാണ് എന്നുമറിയുക.**

...

മുകളിൽ (1) മുതൽ (10) വരെയുള്ള ഉദാഹരണങ്ങളിൽ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വ്യവസായ ഉല്പന്നങ്ങളെ മനുഷ്യൻ നിർമ്മിക്കുമ്പോൾ ധർമ്മ ശാസ്ത്ര നിയമങ്ങളും ഒപ്പം ഉണ്ടെന്ന് വിശദീകരിച്ചിരുന്നു.

**ദൈവ കാര്യങ്ങൾ മൂലകങ്ങളിൽ ഓം ആയിട്ടുണ്ട്.**

**എന്നാൽ, നികുതികൾ, പ്രസ്ഥാനങ്ങൾ തുടങ്ങിയവ മണ്ണിലെ മൂലകങ്ങളിലും ഉല്പന്നങ്ങളിലും ഇല്ല; അവയ്ക്ക് ഭൗതിക അസ്തിത്വവും ഇല്ല; ധർമ്മ ശാസ്ത്രവുമായി ബന്ധമില്ലാത്ത അധമ സംവിധാനം മാത്രമാണ്. ധർമ്മ ശാസ്ത്ര വിരുദ്ധമായ നിയമങ്ങളും പ്രവൃത്തികളും നടത്തുവാൻ വ്യക്തികൾ ഒറ്റയ്ക്കോ കൂട്ടമായോ തയ്യാറായാൽ, അവയെ തിരുത്തി ശുദ്ധി ചെയ്യാൻ ഭൗതിക അസ്തിത്വം ഉള്ള നിയമങ്ങളും ഘടകങ്ങളും ന്യൂനശക്തികളായി മണ്ണിലെ മൂലകങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ന്യൂനശക്തികളുടെ പ്രവർത്തനത്തെ തടയാൻ മനുഷ്യർക്കു കഴിയുന്നതല്ല. ന്യൂനശക്തികളെപ്പറ്റി**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

**മഹാവേദ ഗ്രന്ഥത്തിലെ പ്രത്യേകമായ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.**

മനുഷ്യൻ ഉൾപ്പെടെ ഓരോ ജീവിക്കും രണ്ടാമതായി ഒരു ഭാഗം കൂടിയുണ്ട്; പുരുഷന് സ്ത്രീയും, സ്ത്രീക്ക് പുരുഷനും. ആകയാൽ മനുഷ്യൻ എന്ന പദം ബഹുവചനമാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ സർവ്വത്തെയും നേടാനും അനുഭവിക്കാനുമായി 'ശരീരത്തെയും ഉചിതമായ അവയവങ്ങളെയും' ദൈവം സൃഷ്ടിച്ച്, ജീവികളുടെ സ്വത്വമായ ആത്മാവിനോട് ചേർത്തിട്ടുണ്ട്.

ബുദ്ധിശക്തി കുറച്ചു ലഭിച്ചവർ എന്ന് മനുഷ്യൻ കരുതുന്ന മറ്റുള്ള ജീവികൾ പോലും, ലഭ്യമായ അവയവങ്ങളെ അടിസ്ഥാനമാക്കിയാണ് ജീവിക്കുന്നത്. ബുദ്ധി ശക്തി കൂടുതൽ ലഭിച്ചിട്ടുണ്ട് എന്ന് പറഞ്ഞ് ജീവിക്കുന്നവരായ മനുഷ്യനെ ഭരിക്കാനും ശിക്ഷിക്കാനും മറ്റുമായി അവരുടെ ശരീരത്തിന്റെ ഭാഗമോ അവയവങ്ങളോ അല്ലാത്ത ഭരണാധികാരികളെ 'മണ്ണും ഭൂമിയുമായ ദൈവം' നിശ്ചയിക്കുകയും നിയമിക്കുകയും ചെയ്തിട്ടില്ല.

**മണ്ണിന്റെ നിയമങ്ങളിൽ യാതൊരു ജീവികൾക്കും ജീവിക്കാൻ ഭരണാധികാരികളെ വേണ്ടാ. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുവാനായി ചെല്ലും ചെലവും കൊടുത്ത് ജനങ്ങൾ നിയമിക്കുന്നവർ ജനങ്ങളുടെ സേവകർ മാത്രമാണ്. യജമാനരും ഭരണാധികാരികളും എപ്പോഴും ജനങ്ങൾ മാത്രമാണ്.**

**യജമാനരായ ജനങ്ങൾ എല്ലായ്പ്പോഴും സേവകരെയാണ് ഭരിക്കേണ്ടത്; മറിച്ചല്ല.**

ഐഡന്റിറ്റി കാർഡ്, ആധാർകാർഡ്, ഹെൽമെറ്റ്, യൂണിഫോം വസ്ത്രങ്ങൾ, പിഴ, തുടങ്ങിയവ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും പൊതുജനസേവകരുമായ പോലീസ് സേന, ഉദ്യോഗസ്ഥർ, മന്ത്രി, രാജാവ് എന്നിവർക്ക് നിർബ്ബന്ധമാക്കണമോ എന്ന് മണ്ണിലെ ധർമ്മ ശാസ്ത്ര പ്രകാരം യജമാനരായ ജനങ്ങൾ നിശ്ചയിക്കേണ്ട കാര്യങ്ങളാണ്.

ഭൗതികവും ധർമ്മ ശാസ്ത്ര പരവുമായ പരിഹാരം ഏതെങ്കിലും വിഷയത്തിൽ ലഭിക്കാതെ വന്നാൽ, അതിന്നുള്ള പരിഹാരം മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രവുമായി ബന്ധപ്പെട്ടതാണെന്ന് അറിയണം. നീതി, നീതിന്യായം എന്നിവയെ വിവരിക്കുന്നതിനു മുമ്പ്, ന്യൂനശക്തികളെ പ്പറ്റി വിശദീകരിക്കേണ്ടത് അത്യാവശ്യമാണ്.

ദൈവത്തിന്റെ ശക്തി-വിശേഷമായ 'ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥയെ' പ്രപഞ്ചത്തിലെ സമസ്ത വസ്തുക്കളും, ജീവി-ശരീരങ്ങളും സദാ പ്രകടിപ്പിക്കുന്നതാണ്. എല്ലാം ഉണ്ടായിട്ടുള്ളത് ദൈവത്തിന്റെ മഹാജ്ഞാനം എന്ന മഹാശാസ്ത്രം, മഹാശക്തി, എന്നിവയുടെ അംശങ്ങളും, 'ഓം' എന്ന ശബ്ദബ്രഹ്മവും ചേർന്നാണ്.

ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ മൂന്നു വേദങ്ങൾക്കും അവയുടെ ശാഖകൾക്കും ഉപ-ഉപ ശാഖകൾക്കും, അവയുടെ ഭൗതിക അസ്തിത്വമായ വസ്തുക്കൾക്കും, ദൈവത്തിന്റെ ആദിയും അന്തവും ഇല്ലായ്മ എല്ലായ്പ്പോഴും ഉണ്ടാകുന്നതാണ്. ദൈവത്തിന്റെ ജ്ഞാനവും ശക്തിയും ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥ പ്രകടിപ്പിക്കണമെന്നത് ദൈവീകമായ ആവശ്യം തന്നെയാണ്.

- .. -100, -99, .. -10,.. -1, 0, +1, ..+10.., +99, +100, .. + എന്നിങ്ങനെ ദോഷങ്ങളും ഗുണങ്ങളും സമസ്ത കാര്യങ്ങളിലും ഉണ്ടാകണം; ഉണ്ട്. 1-നും 2-നും ഇടയ്ക്ക് ബഹുവിധങ്ങളിൽ അനന്തമായ ഭിന്നസംഖ്യകൾ ഉണ്ടായിരിക്കുന്നതും, നിറം, രൂപം, രുചി, ആയുസ്സ്, മുഖഛായ, ഉയരം, വണ്ണം, സാന്ദ്രത, രോഗം, രോഗമുക്തി, ചികിത്സ, ഭക്ഷണം, വാഹനം, കെട്ടിടം, ഫലം, മത്സ്യം, സസ്യം, പക്ഷി, മൃഗം, തുടങ്ങി ഏതൊന്നും ഭൗതിക അസ്തിത്വത്തോടെ അനന്തമായി സൃഷ്ടിക്കാൻ ദൈവത്തിനു കഴിയുമെന്നത് മനുഷ്യർ അറിഞ്ഞും അനുഭവിച്ചും കഴിയുന്ന കാര്യങ്ങളാണ്.

**രോഗങ്ങളും, രോഗങ്ങൾക്കുള്ള മരുന്നുകളും മാത്രമല്ല, മയക്കുമരുന്നുകളും, വിഷങ്ങളുമെല്ലാം അനന്തമായി സൃഷ്ടിക്കാൻ ഭൗതിക ശാസ്ത്ര പ്രകാരം ദൈവം ബാദ്ധ്യസ്ഥമാണ്.**

## ന്യൂനശക്തികൾ

ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയാണ് മണ്ണും ഭൂമിയുമായ ദൈവം ഭൗതിക ശാസ്ത്രത്തിനും തദ്വാരാ സൃഷ്ടിക്കും 'അനന്തതയെ' ഭദ്രമാക്കുന്നത്. മൂലകങ്ങളിലുള്ള ന്യൂനശക്തികളുടെ അളവിനെ **20%** ലും താഴെയായി കുറച്ചു കൊണ്ടും, അവയുടെ സാന്നിധ്യത്തെ ജീവികൾക്ക് ജീവിക്കാൻ അത്യാവശ്യമായ ഘടകങ്ങളായി ആവിഷ്ക്കരിച്ചും, ദൈവത്തിന്റെ ഖരരൂപമായ ഭൂമി അത്ഭുതം പ്രവർത്തിക്കുന്നുമുണ്ട്. ന്യൂനശക്തികളെ പറ്റി സൂചിത മഹാവേദ ഗ്രന്ഥത്തിൽ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.

ന്യൂനശക്തികളെ പറ്റി അല്പം മാത്രം കുറിക്കുന്നു: വ്യത്യസ്തങ്ങളായ മധുരങ്ങളെ മാത്രം ദൈവം സൃഷ്ടിക്കുകയാണെങ്കിൽ, കൈയ്പിനെ പ്പറ്റി അറിയാതെ പോകും. കൈയ്പും വേദനകളും ഇല്ലെങ്കിൽ ജീവികളുടെയും ജീവിതത്തിന്റെയും ആനന്ദം സുന്ദരമാവില്ല. ഉദാഹരണത്തിന്, മാസങ്ങളായി പുരോഗമിക്കുന്ന ഉദര വീർപ്പും, പ്രസവ വേദന ഉൾപ്പെടെയുള്ള ബഹുവിധ വേദനകളും ഇല്ലെങ്കിൽ സമൂഹത്തിൽ കാമകാര്യങ്ങളിലെ സദാചാരം സുന്ദരമാകില്ല. ഗർഭകാലത്ത് ചുമന്നതും വേദനകളെ അനുഭവിച്ച് വളർത്തിയതിന്റെയും കണക്കുകൾ ധർമ്മശാസ്ത്ര പരമായി അവതരിപ്പിക്കാനും ആവശ്യമാണ് ! അശ്രദ്ധമായി നടന്ന്, കല്ലിൽ കാല് തട്ടുമ്പോൾ വേദന ഉണ്ടായില്ലെങ്കിൽ, അശ്രദ്ധ വർദ്ധിക്കുന്നതാണ്.

മരുന്നുകളെല്ലാം വ്യത്യസ്ത മധുര ക്കൂട്ടുകളായാൽ, ഭക്ഷണസാധനങ്ങളും പലഹാരങ്ങളുമായി മരുന്നുകളെ കുട്ടികളും മുതിർന്നവരും, ആവശ്യമോ അളവുകളോ വിഷയമാക്കാതെ ഭക്ഷിക്കുന്നതാണ്.

**മലം** : മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും വിസർജ്ജ്യങ്ങൾക്ക് വിവിധതരം ബിരിയാണി, പലഹാരങ്ങൾ, .. എന്നിവയുടെ മണവും രുചിയും ഉണ്ടാവുകയാണെങ്കിൽ, വിസർജ്ജ്യങ്ങളെ നേടാനും ഭക്ഷിക്കാനുമായി അടിപിടി കൂടുന്ന മനുഷ്യരെ എവിടെയും കാണുന്നതാണ്; കുടുംബങ്ങളിൽ പാചകം ഉപേക്ഷിച്ചെന്നും വരും !

ചന്ദനത്തൈലത്തിന്റെ സുഗന്ധം ഉണ്ടായിരുന്നുവെങ്കിൽ ശരീരത്തിലും വസ്ത്രത്തിലും മലം പുരട്ടി നടക്കുമായിരുന്നു!

എല്ലാ വസ്തുക്കളുടെയും മണം, രുചി, നിറം, തുടങ്ങിയ ഗുണങ്ങളെ ഭൗതികമായി വ്യത്യാസപ്പെടുത്തിയിരിക്കുന്നത് അഥവാ ന്യൂനശക്തികളെ സ്ഥാപിച്ചിട്ടുള്ളത് ജീവികളുടെ ആനന്ദത്തിനു വേണ്ടിത്തന്നെയാണ്.

അടിക്കും ഇടിക്കും മറ്റും വേദന ഇല്ലാതെ വന്നാൽ, പോലീസും രാഷ്ട്രീയക്കാരും മറ്റും മാത്രമല്ല, കുട്ടികളെ ശാസിക്കാനും ശിക്ഷിക്കാനും കഴിയാതെ മാതാപിതാക്കളും ഉറ്റവരും വിഷമിക്കും. വേദനകൾ ഇല്ലാതെ വന്നാൽ, വന്യമൃഗങ്ങളെയും ഭയമില്ലാതെ വരും.

കൈയ്പുകളും വേദനകളും ഭയവും ഇല്ലെങ്കിൽ ജീവിതത്തിന്റെ ആനന്ദങ്ങളും സൗന്ദര്യവും നഷ്ടപ്പെടുമെന്ന് കൂടുതൽ ഉദാഹരണങ്ങളെ ചേർത്ത് സ്വയം വിശകലനം ചെയ്താൽ മതിയാകും. മണ്ണും ഭൂമിയുമായ ദൈവം, ജീവികളുടെ ജീവിതം സുന്ദരമാക്കാൻ മുകളിൽ സൂചിപ്പിച്ചതുപോലെ അനന്തമായ വിഷയങ്ങളിൽ നിയന്ത്രണം നടത്തുന്നത് ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയാണ്.

ആനന്ദം എന്ന നീതി, ജീവിതത്തിൽ വിഷയമാകുവാൻ എല്ലാ വസ്തുക്കൾക്കും ഗുണങ്ങളും ദോഷങ്ങളും സൃഷ്ടിക്കപ്പെടേണ്ടതുണ്ട് എന്നു കണ്ടു. കൃഷിചെയ്യുമ്പോഴും, വസ്ത്രം നെയ്യുമ്പോഴും, മീൻ പിടിക്കുമ്പോഴും, കുട്ടികളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും, രതിലീല ഉൾപ്പെടെയുള്ള ആനന്ദകാര്യങ്ങളിൽ ഏർപ്പെടുമ്പോഴും, കുഞ്ഞുങ്ങളെ പുന്നരിക്കുമ്പോഴുമൊക്കെ ക്ഷീണം എന്ന ഒരവസ്ഥ കൂടി സൃഷ്ടിക്കപ്പെടുന്നില്ലായെങ്കിൽ, ആരംഭിക്കുന്ന പ്രവൃത്തി നിർത്തില്ലാതെ തുടർന്നെന്നിരിക്കും !

അമിത മധുരം, അമിത ഉപ്പ്, അമിത സന്തോഷം, അമിത വാത്സല്യം തുടങ്ങിയവ : സന്തോഷം അഥവാ ആനന്ദം നല്കുന്ന കാര്യങ്ങളും അധികമായാൽ ആനന്ദം നല്കാതെയും പകരം ദോഷം ചെയ്തുമുള്ള അവസ്ഥ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. നീതി നിശ്ചിതമായിരിക്കണം, ധർമ്മ ശാസ്ത്ര പ്രകാരവുമായിരിക്കണം. നീതിക്ക് നിശ്ചിത അളവില്ലെന്നു വന്നാൽ ധർമ്മവും, അതിലൂടെ സ്ഥിതിയും, സൃഷ്ടിയും, സത്യവും പിഴയ്ക്കുന്നതാണ്; അങ്ങനെ സംഭവിച്ചുകൂടാ.

ഉദാഹരണമായി ഗ്രന്ഥത്തിലെ ദൈവീകമായ സാമ്പത്തിക ശാസ്ത്രം പഠിക്കുമ്പോൾ, സമ്പത്ത് കുട്ടികൾക്ക് കൈമാറുവാൻ ദൈവം അനുവദിക്കുന്നില്ല എന്നു കാണാം. മാതാപിതാക്കളും കുട്ടികളും അവരുടെ കുട്ടികളും എല്ലാം ദൈവത്തിന്റേതാണ്, ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

മാതാപിതാക്കളുടെ അമിതവാത്സല്യം കുട്ടികളെ ധർമ്മശാസ്ത്രം തെറ്റിയുള്ള ജീവിതത്തിന് വഴിയൊരുക്കിയാൽ, കുട്ടികൾ പാപം ചെയ്യുന്നതിന് മാതാപിതാക്കളും കാരണക്കാരാവുകയാണ്. കുട്ടികളും അവരെ വഴിതെറ്റിക്കുവാൻ പ്രേരകമായതിന് മാതാപിതാക്കളും (ബന്ധുജനങ്ങളുമൊക്കെ) പാപങ്ങൾക്കുള്ള ശിക്ഷ സ്വീകരിക്കേണ്ടതായും വരും.

കുട്ടികളുടെ നല്ലത് കരുതുവാൻ, കുട്ടികളെയും അവരുടെ മാതാപിതാക്കളെയും സർവ്വരെയും പൊന്നോമന കുഞ്ഞുങ്ങളായി മഹാവാത്സല്ല്യത്തോടെ കരുതുന്ന മഹാമാതാവായ ദൈവമുണ്ട്.

# ദൈവം, മനുഷ്യന് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

ദൈവം സൃഷ്ടികളെ കുഞ്ഞുങ്ങളായി കരുതുമ്പോൾ തന്നെ കുഞ്ഞുങ്ങൾക്ക് ആവശ്യമായ ബുദ്ധി ശക്തി ഉൾപ്പെടെയുള്ള ശക്തികളെ നൽകി ക്കൊണ്ട് ആനന്ദങ്ങളെയെല്ലാം നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള മഹാപദ്ധതികളാണ് ഒരുക്കിയിട്ടുള്ളത്. കുഞ്ഞുങ്ങൾ ഭിക്ഷക്കാരെപ്പോലെ ദൈവത്തോട് യാചിക്കുകയോ / പ്രാർത്ഥിക്കുകയോ ചെയ്യാതെ ദൈവം ഓരോ മനുഷ്യനും/ ജീവിക്കും നൽകിയിട്ടുള്ള ദൈവാംശമായ ശരീരം കൊണ്ട് അനന്തമായ ആനന്ദങ്ങളെ സ്വയമെന്നോണം നേടണം. സൃഷ്ടിചക്രങ്ങളുടെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമാകാതെ ഗൂഢമായിരിക്കുന്നത് തന്നെ കുഞ്ഞുങ്ങൾ അലസരും മടിയരും പൊങ്ങച്ചക്കാരും മറ്റുമായി അധഃപതിക്കാതെ ജീവിക്കാനാണ്.

മനുഷ്യന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകുന്നതിന്നായി മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളെ ഒരല്പം വ്യത്യാസപ്പെടുത്തുവാൻ മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. വളരെ ഗൗരവമുള്ള കാര്യമാണത്. വിശദമാക്കാം :-

മഹാശാസ്ത്രത്തിന്റെ ഭൗതികരൂപമാണ് മഹാപ്രപഞ്ചം എന്നതുകൊണ്ട്, മഹാശാസ്ത്രത്തിൽ ന്യൂനശക്തികളെ ഉൾക്കൊള്ളുന്ന ശാസ്ത്രം ഉൾപ്പെട്ടിരിക്കുന്നു എന്നുകൂടിയാണ് അർത്ഥം. ജീവികളുടെ ശരീരം ഉൾപ്പെടെയുള്ള ഭൗതിക വസ്തുക്കളിലെല്ലാം ഭൗതികശാസ്ത്രപ്രകാരം കൈയ്പ്-മധുരം, ദുഃഖം-സുഖം, കരച്ചിൽ-ചിരി, തുടങ്ങിയ ന്യൂനാവസ്ഥയും അധികാവസ്ഥയും ദൈവം സൃഷ്ടിച്ചിട്ടുണ്ട്.

ന്യൂനാവസ്ഥയെ സത്യമാക്കുന്ന യുക്തിശാസ്ത്രവും ഗണിതശാസ്ത്രവും ഫിസിക്സും രസതന്ത്രവും വൈദ്യശാസ്ത്രവുമൊക്കെ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുണ്ട് ; കൂടാതെ പ്രസ്തുത ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക വസ്തുക്കളെ സൃഷ്ടിച്ചിട്ടുമുണ്ട്. ഭൗതികപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഭൗതികശാസ്ത്രപരമായാണ് ദൈവം മഹാനിർവ്വഹിക്കുന്നത്.

100-ല് 50 ന്യൂനം എന്നത് ഗണിതശാസ്ത്രപരമായി ശരിയാണെങ്കിലും മഹാകാരുണ്യമായ ദൈവം 14.29% മുതൽ 17.43% / 19.44% വരെ മാത്രം ന്യൂനവസ്തുക്കളെ സൃഷ്ടിച്ചുകൊണ്ട് ജീവികളെ സ്നേഹിക്കുകയും, അർദ്ധ ന്യൂനഭാവം പ്രപഞ്ചത്തിന്റെ ഗണിതശാസ്ത്രത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിരിക്കയാണ്. 14.29% മുതല് 17.43% / 19.44% വരെയുള്ള ന്യൂനവസ്തുക്കളിലെ വ്യത്യാസമായ 3.14% / 5.19% വ്യക്തിസ്വാതന്ത്ര്യ ഉപയോഗങ്ങളുടെ തോത് നിശ്ചയിക്കുന്നു.

മഹാപ്രപഞ്ച സൃഷ്ടിയ്ക്ക് 100 എന്ന മഹാ-അളവ് നൽകുകയും, 7 എന്ന ആഴ്ച-ക്കാലത്തെ 100-മായി കൂട്ടിയിണക്കിക്കൊണ്ട് 100-നെ 7-കൊണ്ട് ഭാഗിച്ചാണ് 14.29 മഹാനിശ്ചയിച്ചിട്ടുള്ളത്. 14.29%-ത്തോട് പൈ-യുടെ മൂല്ല്യമായ 3.14 ചേർക്കുമ്പോഴാണ് 17.43 കിട്ടുന്നത്. (ശതമാനക്കണക്കുകളിലെ വെളിപാട് ഇനിയും പൂര്ണ്ണമായിട്ടില്ല എന്നുകൂടി അറിയിക്കുന്നു, എന്നാൽ വസ്തുക്കളുടെയും വസ്തുതകളുടെയും പ്രവര്ത്തനം ബോധ്യമാകുന്നതിന് ന്യൂനശക്തികളെ സംബന്ധിച്ച വെളിപ്പെടുത്തലുകൾ ഉപയോഗപ്പെടുന്നു എന്നതും, കൃത്യമായ ശതമാനക്കണക്കുകൾ തൽക്കാലം അത്യാവശ്യമല്ല എന്നതും അറിയണം. ന്യൂനവസ്തുക്കളുടെ വർദ്ധിച്ച അളവിനെ 17.43% / 19.44% എന്നു കാണിക്കുവാൻ കാരണം ഒന്നാം മഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ ദുർന്നടപടികളാണ്. ന്യൂനശക്തികളുടെ തുടർച്ച എന്ന പേരിൽ മഹാവേദ ഗ്രന്ഥത്തിൽ ആവക കാര്യങ്ങളുടെ വിശദീകരണം ലഭ്യമാണ്.).

ന്യൂനാവസ്ഥയ്ക്കു ശേഷം മാത്രമാണ് അധികാവസ്ഥയ്ക്ക് സ്ഥാനമുള്ളത്. ആയത് ലളിതമായി മനസ്സിലാക്കുവാൻ -അനന്തത, -.., -100, -99, ..-, -10, -9, ..-, -1, 0, +1, ..+, +9, +10, ..+, +99, +100, ..+, +അനന്തത എന്നിങ്ങനെയുള്ള ഗണിതശാസ്ത്ര പാഠം ശ്രദ്ധിച്ചാൽ മതിയാകും.

## ന്യൂനശക്തികളും ധർമ്മ ശാസ്ത്രബന്ധനവും

**ഗൗരവമായി വിശകലനം ചെയ്യുമ്പോൾ, ന്യൂനശക്തികളുടെ സൃഷ്ടിയും ധര്മ്മവും എത്ര മഹത്തരമാണെന്നും തങ്ങൾക്ക് ഇഷ്ടപ്പെട്ടവയെ നല്ലതെന്നും ഇഷ്ടപ്പെടാത്തതിനെ ചീത്തയെന്നും പേരിടാൻ മനുഷ്യന് അവകാശമില്ല എന്നും സുവ്യക്തമാകുന്നു.**

**മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഓരോരോ വിധങ്ങളിൽ നല്ലതാണ്. നല്ലതല്ലാത്തത് യാതൊന്നും ദൈവം സൃഷ്ടിച്ചിട്ടില്ല എന്നർത്ഥം.**

ഓരോരോ ജീവി-ഇനങ്ങള്ക്കും ഓരോരോ ജീവിതരീതി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഭക്ഷണം, ഭക്ഷണ സമ്പാദനം, കാഴ്ച, രാത്രിക്കാഴ്ച, പാര്പ്പിട രീതി, ഇണചേരൽ, ഇണയെ ആകര്ഷിക്കുന്ന രീതി, ഭയപ്പാടുകളിലെ പ്രത്യേകത, ആക്രമണ രീതികളിലെ പ്രത്യേകത, പെരുമാറ്റം, തുടങ്ങിയ അനേകം കാര്യങ്ങൾ ചേര്ന്നതാണ് ഓരോ ജീവിയുടെയും ജീവിതരീതി. മനുഷ്യരുടേതും അങ്ങനെ തന്നെ.

മറ്റുള്ള ജീവികളെ തങ്ങളുടെ ജീവിതാവശ്യങ്ങള്ക്ക് ഏറെ പ്രയോജനപ്പെടുത്തുകയും ഏറ്റവുമധികം ഉപദ്രവിക്കുന്നതും മനുഷ്യർ തന്നെയാണ്. മറ്റുള്ള ജീവികൾ മനുഷ്യരെ ഏറ്റവും കുറച്ചുമാത്രമാണ് ഉപദ്രവിക്കുന്നത് എന്നതും വസ്തുതയാണ്.

നല്ലതു മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ എങ്കിൽ, ഭൂമിയിലൊക്കെയുമുള്ള കലാപങ്ങളും പീഢനങ്ങളും അഴിമതികളും ഭീകരവാദങ്ങളും നല്ലതാണോ, അവയെ സൃഷ്ടിച്ചത് ദൈവം തന്നെയല്ലേ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പെട്ടെന്ന് അനേകരിൽ ഉണ്ടാകുന്നതാണ്.

ചുവടെ ന്യൂനശക്തികളുടെ വിശദീകരണത്തിലേക്കു കടക്കുമ്പോൾ ജീവികള്ക്ക്, പ്രത്യേകിച്ചു മനുഷ്യന് വ്യക്തിസ്വാതന്ത്ര്യം നല്കാനായി ഒരു നിശ്ചിത ശതമാനം ശക്തികളെ മാറ്റിവച്ചിട്ടുണ്ട് എന്നു കാണാം.

വ്യക്തിസ്വാതന്ത്ര്യം നല്കിയില്ലെങ്കിൽ മനുഷ്യരെ ദൈവം അടിമകളാക്കുന്നതായി വരും. വ്യക്തികൾ സ്വയം നല്ലതും കെട്ടതും തിരിച്ചറിഞ്ഞു ജീവിക്കുവാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്.

മനുഷ്യരും, ഒന്നാം മഹാകാലചക്രത്തിലെ ഭരണത്തിനായി സൃഷ്ടിച്ചതായ മാലാഖമാരും/മലക്കുകളും/ദേവതകളും തങ്ങള്ക്കു ലഭിച്ച വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതുകൊണ്ടും, അതിലൂടെ ന്യൂനശക്തികളുടെ അളവ് വർദ്ധിച്ചതു കൊണ്ടുമാണ് ഭൂമിയിലാകെ കലാപങ്ങളും പീഢനങ്ങളും അഴിമതികളും ഭീകരവാദങ്ങളും ഒക്കെ ഉണ്ടായിരിക്കുന്നത്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, മഹാശക്തിയായ മഹാജഗദംബ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം സമ്പൂര്ണ്ണമായി ഏറ്റെടുക്കുന്നതോടെ, മനുഷ്യരുടെ ജീവിതകാര്യങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും മഹാമംഗളമാകുന്നതാണ്.

# ന്യൂനശക്തികളെപ്പറ്റി തുടരാം :

സദാചാരം എങ്ങനെ ശാസ്ത്രമാകും, ഭൗതിക ശാസ്ത്ര നിയമങ്ങളുമായി എങ്ങനെ പൊരുത്തപ്പെടും, നല്ലതും നല്ലതല്ലാത്തതും വേര്തിരിക്കുന്നതിന്റെ അളവുകോലെന്ത്, ദൈവം നല്ലത് മാത്രം സൃഷ്ടിക്കാതെ നല്ലതല്ലാത്തും സൃഷ്ടിച്ചതെന്തിന്, നല്ലതല്ലാത്തത് സൃഷ്ടിക്കുന്ന ദൈവത്തിന്റെ ഭാവം സത്യ - ധര്മ്മ - നീതികളാണെന്ന് എങ്ങനെ പറയാനാവും, തുടങ്ങിയ ചോദ്യങ്ങളെല്ലാം നിഷ്പ്രഭമാകുന്നതും നിരര്ത്ഥകമാകുന്നതും എങ്ങനെയെന്ന് ന്യൂനശക്തികളുടെ സൃഷ്ടിയും സ്ഥിതിയും സംബന്ധിച്ച കാര്യങ്ങൾ ശാസ്ത്രപരമായി വിശദമാക്കുന്നുണ്ട്.

ജീവികളുടെ ആനന്ദം സ്രഷ്ടാവിന് പരമപ്രധാനമാണ്. മഹാപ്രപഞ്ചത്തിന്റെ മഹാമാതാവും (മഹാപിതാവും) കൂടിയായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളോടുള്ള മഹാഇഷ്ടമാണത്. സൃഷ്ടികളെ കുഞ്ഞുങ്ങളായും, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യത്തെ ഏകമഹാആനന്ദമായും നിശ്ചയിച്ചു കൊണ്ട് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ദൈവം മഹാഭദ്രപ്പെടുത്തുന്നത് ജീവികളുടെ മഹാഭാഗ്യം ; അല്ലായിരുന്നെങ്കിലോ.... എന്നു ചിന്തിച്ചാൽ, തന്റെ മഹാശക്തികളെ കൊണ്ട് സൃഷ്ടിക്കുന്ന ജീവികള്ക്ക് നരകയാതനകളെ നൽകി കഷ്ടപ്പെടുത്തുകയും അവയുടെ കഷ്ടതകളെ കണ്ട് വിനോദിക്കുകയും ചെയ്യുന്ന സ്രഷ്ടാവായിരുന്നെങ്കിലോ എന്നു ചിന്തിച്ചാൽ, മനുഷ്യരുടെ എത്രയോ ചോദ്യങ്ങളും സംശയങ്ങളും വിവേകശൂന്യങ്ങളാണെന്ന് ബോദ്ധ്യമാകും.

കാർബൺ (കരി) ഉൾപ്പെടെയുള്ള ഏതാനും മൂലകങ്ങളുമായും കറുപ്പുനിറം, ഇരുട്ട്, രാത്രി തുടങ്ങിയവയുമായും ബന്ധപ്പെട്ടാണ് ന്യൂനശക്തികൾ പ്രവര്ത്തിക്കുന്നത്. കരിക്കട്ടയും, കറുത്തമഷിയുമൊക്കെ എഴുതാനും അച്ചടികാര്യങ്ങള്ക്കും പ്രയോജനപ്പെടുന്നതും, ജീവികളിലെ ഊര്ജ്ജകാര്യങ്ങളില് ഉള്പ്പെടെ അനന്തമായ മഹാപ്രപഞ്ച കാര്യങ്ങളിൽ കാർബൺ ഉന്നത സ്ഥാനം വഹിക്കുന്നതും ദൈവം കാർബണെ ഉന്നതപ്പെടുത്തിയിട്ടുള്ളതു കൊണ്ടുതന്നെയാണ്.

**ഭൂമിയിലെ എല്ലാ വസ്തുക്കളിലും ദൈവം സ്ഥാപിച്ചിട്ടുള്ള ശാസ്ത്രനിയമങ്ങൾ പ്രകാരമാണ് എല്ലാ വസ്തുക്കളും പ്രവര്ത്തിക്കുന്നത്. വസ്തുക്കളും ജീവികളും ഉള്പ്പെടെ മഹാപ്രപഞ്ചത്തിലെ ഏതൊന്നിന്റെ മേലും മനുഷ്യര്ക്ക് പ്രവര്ത്തിക്കാനാകുന്നത് മേല്പ്പടി ശാസ്ത്ര നിയമങ്ങൾ പ്രകാരം മാത്രമാണ്.**

// മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കൾ 14.29% മുതല് 19.44% വരെ മാത്രമാണെന്നും, കാലാനുസൃതം ശാസ്ത്രവികസനത്തിനും ജനപ്പെരുപ്പത്തിനും ഒപ്പം 14.29% മാത്രം ന്യൂനവസ്തുക്കൾ സ്ഥിരമായി ഉള്പ്പെടുമ്പോൾ മാത്രമേ ജീവിതം സമ്പൂര്ണ്ണമായും ആനന്ദകരമാവുകയുള്ളൂ എന്നും വിശദീകരിക്കുകയുണ്ടായി. ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവ് ധര്മ്മശാസ്ത്രപ്രകാരം ആണെന്നും അത് മഹാശക്തിയായ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ജീവിതക്രമമാണെന്നും കൂടിയാണ് അർത്ഥം. ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവ് ധര്മ്മശാസ്ത്രപ്രകാരം വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ബന്ധിക്കുന്നുണ്ട്.

അതേ സമയം പ്രസ്തുത മഹാ ധര്മ്മശാസ്ത്ര ബന്ധനം സര്വ്വ ജീവികളുടെയും മംഗളത്തിനായുള്ള മഹാ പദ്ധതിയാണ്. മഹാധര്മ്മശാസ്ത്ര ബന്ധനത്തെ അഥവാ ന്യൂനവസ്തുക്കളുടെ ഏറ്റവും കുറഞ്ഞ അളവിനെ അഥവാ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള ന്യൂനവസ്തുക്കളുടെ അളവിനെ അവഗണിച്ചു കൊണ്ട് വ്യക്തി(കൾ) ജീവിക്കുമ്പോള്, ന്യൂനവസ്തുക്കളുടെ അളവ് വര്ദ്ധിക്കുന്നു. പുതിയ വസ്തുക്കള് ഉണ്ടാക്കാനാവുന്നതും ഒരു എനര്ജിയെ മറ്റൊരു എനര്ജിയായി മാറ്റാമെന്നുമുള്ള വസ്തുക്കളിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ശാസ്ത്രനിയമങ്ങള് പ്രകാരമാണ് ഇത് സംഭവിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടപ്രകാരം അല്ലാത്ത സ്വാതന്ത്ര്യം വ്യക്തി ഉപയോഗിക്കുന്നതു കൊണ്ട് സംഭവിക്കുന്നതാണത്. പ്രസ്തുത അവസ്ഥ ദൈവം അനുവദിച്ചില്ലെങ്കില് ദൈവം സൃഷ്ടികളെ അടിമയാക്കുന്നു എന്ന വസ്തുതയും ആരോപണവും ഉണ്ടാകുന്നതാണ്.

മഹാപ്രപഞ്ചത്തില് 14.29% മുതല് 17.43% /19.44% വരെ അളവിലെ വ്യത്യാസമായ 3.14% / 5.15% അളവ് മാത്രം ന്യൂനവസ്തുക്കളെക്കൊണ്ട്, വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുന്ന അവസ്ഥ ഉണ്ടാവുന്നതാണ്. വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം അനുവദിക്കുന്ന മഹാമനസ്കത ദൈവം കാണിക്കുമ്പോഴും, മഹാനീതി കൂടിയാണ് ദൈവമെന്നും ; വ്യക്തിയുടെ ആരോഗ്യം, ആയുസ്സ് തുടങ്ങിയ ഘടകങ്ങൾ ദൈവത്തിന്റെ നിയന്ത്രണത്തിലാണെന്നും വ്യക്തി ഓര്ക്കേണ്ടതും, ദൈവം അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം ദുര്വ്വിനിയോഗം ചെയ്യാതെ, എല്ലാ ജീവികളുടെയും ആനന്ദ-ജീവിതത്തിനായി ദൈവത്തിന്റെ ഇഷ്ടപ്രകാരം അഥവാ ധര്മ്മശാസ്ത്രപ്രകാരം ജീവിക്കാൻ പരിശ്രമിക്കേണ്ടതുമാണ്.

മഹാപ്രപഞ്ചത്തിലെ നക്ഷത്ര കോടികൾ ആത്മീയ സാക്ഷാത്ക്കാരവുമായി ബന്ധപ്പെട്ടിരിക്കയാൽ ന്യൂന വസ്തുക്കൾ അവയെ ബാധിക്കുന്നില്ല. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളും അവയുടെ ചന്ദ്രന്മാരും താല്ക്കാലിക സൃഷ്ടിയാണെന്നും വൈകാതെ പിൻവലിക്കപ്പെടുമെന്നും മുമ്പ് വിസ്തരിച്ചിരുന്നു. അപ്പോൾ പിന്നെ ഭൂമിയെയും ചന്ദ്രനെയും മാത്രമാണ് ന്യൂനവസ്തുക്കൾ ബാധിക്കുക.

ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുവാൻ ആഗ്രഹിക്കുകയും, അതിന്നായി പ്രാര്ത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുമ്പോൾ, സുഖദുഃഖങ്ങളെ സമനിലയിൽ ആസ്വദിച്ചുകൊണ്ട് ജീവിക്കുവാൻ വ്യക്തിക്ക് സാധിക്കുന്നതാണ്. വ്യക്തിയുടെ ജീവിതക്രമങ്ങളെ ആവിഷ്ക്കരിക്കുന്നത് ദൈവത്തിന്റെ ഇഷ്ടം പോലെ, അഥവാ ധര്മ്മശാസ്ത്ര പ്രകാരമായി മാറുന്നു. ധര്മ്മശാസ്ത്രപരമായി ജീവിക്കുക മാത്രമേ വ്യക്തി ചെയ്യേണ്ടതുള്ളൂ. വ്യക്തിക്ക് സമ്പൂര്ണ്ണ വ്യക്തിസ്വാതന്ത്ര്യം താൻ അനുഭവിക്കുന്നതായി ബോദ്ധ്യപ്പെടുന്നതും സമ്പൂര്ണ്ണ മനസ്സുഖം ലഭിക്കുന്നതുമാണ്. ജീവിതകാര്യങ്ങളെല്ലാം അനായാസമായും ഒഴുക്കോടെയും നടക്കുന്നതാണ്. ഞാനെന്ന ഭാവം തീണ്ടാതെ വ്യക്തിക്ക് ആനന്ദത്തോടെ ജീവിക്കാൻ കഴിയുന്നതുമാണ്.

എന്നാൽ വ്യക്തിയുടെ ഇഷ്ടങ്ങൾ അഥവാ സ്വാതന്ത്ര്യങ്ങൾ പ്രകാരം ജീവിക്കുവാൻ ആഗ്രഹിക്കുമ്പോൾ, ജീവിതക്രമം കൂടി വ്യക്തി ആവിഷ്ക്കരിക്കുകയാണ്. ധർമ്മ ശാസ്ത്ര പ്രകാരമല്ലാത്ത ജീവിതമാണത്. ഉദാഹരണമായി, കുട്ടികള്ക്കു വേണ്ടി വ്യക്തി കരുതുന്നതും അവര്ക്കു വേണ്ടി കെട്ടിടം വെയ്ക്കുന്നതുമൊക്കെ ധർമ്മ ശാസ്ത്ര വിരുദ്ധമാണ്. ദൈവത്തെയും ദൈവീകമായ സാമ്പത്തികശാസ്ത്രത്തെയും അവഗണിച്ചുകൊണ്ടുള്ള പ്രവൃത്തികളാണ്.

സമ്പൂര്ണ്ണമായും ദൈവത്തിന്റെ ഇഷ്ടപ്രകാരം മാത്രം ജീവിക്കുമ്പോള്, കുട്ടികളും മുതിര്ന്നവരുമെല്ലാം അതാതു പ്രായത്തിലും അവസ്ഥകളിലും ഉണ്ടാവേണ്ടതായ ധര്മ്മങ്ങളെ കൃത്യമായി പുലര്ത്തുന്നവരായി മാറുന്നതാണ്. പ്രസ്തുത അവസ്ഥ കൊണ്ട് കള്ളങ്ങളും ചതിയും കൊള്ളയും മത്സരങ്ങളും പോലെയുള്ള കാര്യങ്ങൾ സമൂഹത്തിൽ ഇല്ലാതെ വരികയും, ഒരു ശാസന പോലും യാതൊരാള്ക്കും ആവശ്യമില്ലാത്ത അവസ്ഥ ഉണ്ടാകുന്നതാണ്. കുറേക്കാലം ഈ നില തുടർന്നാൽ ചെറിയ വിരസത സമൂഹകാര്യങ്ങളിൽ ഉണ്ടാകുന്നതാണ്. വിരസത അകറ്റാനും സമൂഹം ഊർജ്ജസ്വലമാകാനും പൈശാചിക ന്യൂനശക്തികളുടെ ചെറിയ സാന്നിദ്ധ്യം നല്ലതെന്നു തോന്നുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അല്പം വ്യക്തിസ്വാതന്ത്ര്യം നല്ലതായിരിക്കുന്ന അവസ്ഥയാണത്. അല്പം നല്ലതെന്നു തോന്നുന്നത് പ്രായേണ വളര്ന്ന് മദ്യവും മദിരാക്ഷിയും ഭീകരവാദവുമൊക്കെ ആയാൽ വളരെക്കാലമായി ഭൂമിയിലൊക്കെയും സംഭവിച്ചിട്ടുള്ളതുപോലെ കാര്യങ്ങൾ പിടിവിട്ടു പോകുന്നതാണ്.

പ്രസ്തുത അവസ്ഥയ്ക്ക് പരിഹാരമായി ദൈവം ഒരു 'വൃത്ത-പരിധി -സംരക്ഷണം' സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യന് ലഭ്യമാകുന്ന ശാസ്ത്രജ്ഞാനത്തിനും സമ്പത്തിനും മറ്റു ശക്തികൾക്കും അനുസരിച്ച് അവന്റെ പ്രവര്ത്തനമേഖല ഒരു വൃത്തംപോലെ ചെറുതും വലുതുമൊക്കെയായി മാറുമ്പോൾ, വൃത്തത്തിനുള്ളിലെ ഏറ്റവും വലിയ രേഖയായ വ്യാസവും വൃത്തപരിധിയും തമ്മിൽ നിശ്ചിതബന്ധം ഉണ്ടാക്കിയിരിക്കുന്നു. വൃത്തപരിധി ÷ വ്യാസം = $\pi$ =3.14..

ഒരു കേന്ദ്രത്തിൽ നിന്നും ശക്തിയും, ശിവനും ചേര്ന്നതായ ഒരു കാലിന് അഥവാ ആരത്തിന് (റേഡിയസ്) സഞ്ചരിക്കാവുന്ന പരമാവധി അളവ് വൃത്തവും ഗോളവും ആണ്. വ്യക്തികൾ ഉപയോഗപ്പെടുത്തുന്ന വ്യക്തിസ്വാതന്ത്ര്യം പൈ ( π ) എന്ന നിശ്ചിതസംഖ്യയുടെ അളവായ 3.14.. % ൽ താഴെയായിരുന്നാൽ വ്യക്തികള്ക്ക് അഥവാ സമൂഹത്തിലെ ഭരണകൂടത്തിന് പ്രശ്ന പരിഹാരം സാദ്ധ്യമാകുന്നതാണ്. 0% മുതൽ പരമാവധി പൈ% വരെയുള്ള വ്യക്തിസ്വാതന്ത്ര്യം അപകടകാരിയല്ല എന്നർത്ഥം.

മദിര (മദ്യം), മദിരാക്ഷി (ദുഷ്ക്കാമം) എന്നിവയിലേക്ക് സമൂഹത്തിലെ ഭരണകൂടം പ്രവേശിച്ചാൽ പൈ%-നു മുകളിൽ വ്യക്തിസ്വാതന്ത്ര്യം പ്രവേശിച്ചിരിക്കുന്നു എന്നു കണക്കാക്കണം. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടല്കൊണ്ടു മാത്രമേ പൈ%-നു മുകളിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുകയുള്ളൂ.

ഭൂമിയിലെങ്ങും ഇന്നുള്ള സങ്കീര്ണ്ണ പ്രശ്നങ്ങളെ പരിഹരിക്കാൻ ദൈവം പ്രത്യേകമായി ഇടപെടേണ്ടതുണ്ടെന്നും അര്ത്ഥമുണ്ടാകുന്നു. എന്നാല്, മുഖ്യമായും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ച നിമിത്തമാണ് പൈ%-നു മുകളില് വ്യക്തിസ്വാതന്ത്ര്യം വര്ദ്ധിക്കാനും സമൂഹജീവിതം കൊടിയ ദുരന്തങ്ങളില് പെടാനും കാരണമായത്.

അതേ സമയം, മഹാനീതിശാസ്ത്രം എന്ന അദ്ധ്യായം പഠിക്കുമ്പോള്, എല്ലാവിധ പ്രശ്നങ്ങളും ഇപ്പോഴും എപ്പോഴും കുറ്റങ്ങളും കുറവുകളുമില്ലാതെ പരിഹരിക്കപ്പെടുന്നുണ്ടെന്നും, എല്ലാവര്ക്കും സമ-നീതി ലഭിക്കുന്നുണ്ടെന്നും ബോദ്ധ്യമാകുന്നതാണ്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, ഒരു ചിലർ കാട്ടിക്കൂട്ടിയ അധമത്തങ്ങളും ദുഷ്ക്കീര്ത്തികളും നിസ്സാരമായി പരിഹരിക്കുന്നതുമാണ്. ന്യൂനശക്തികൾ .... തുടർച്ച എന്ന അദ്ധ്യായത്തിൽ കൂടുതൽ വിശദീകരണമുണ്ട്.

മനുഷ്യർ ഒഴികെയുള്ള ജീവികളിൽ വ്യക്തിസ്വാതന്ത്ര്യം 1%-ൽ താഴെ മാത്രമാണ് പ്രവര്ത്തിക്കുന്നത് എന്നും അറിയുക.

# 22/7 = π എന്ന ദ്യഢസംഖ്യ ഭൗതികശാസ്ത്രത്തിന്റെ അനവധി ശാഖകളിൽ വിവിധ സംവിധാനങ്ങളുടെ ഭാഗമായി ഉള്പ്പെടുന്നതാണ്. ന്യൂനശക്തികൾ മഹാപ്രപഞ്ചത്തിന്റെ ഭൗതിക സ്യഷ്ടിയുമായി ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടാണത്. ..

## ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നു.

സൂചിത മഹാവേദ ഗ്രന്ഥത്തിലെ 'ഭീകരവാദവും, രാഷ്ട്രീയ/മത അസംതൃപ്തിയും, ന്യൂനശക്തികളും' എന്ന അദ്ധ്യായത്തിൽ ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവര്ത്തിക്കുന്നതിനെപ്പറ്റി വിസ്തരിച്ചിരുന്നു. ദൈവത്തിന്റെ ഭാവമായ സത്യ-ധര്മ്മ-നീതികളെ അഥവാ മഹാശാസ്ത്രത്തെ പിൻപറ്റാതെ സമൂഹജീവിതം മുന്നോട്ടുപോയാൽ അവയെ തിരുത്താനായി തിരുത്തൽ ശക്തികളായും, പിന്നീട് വിരുദ്ധശക്തികളായും മേല്പടി ന്യൂനശക്തികൾ രൂപം പ്രാപിക്കുന്നതാണ്.

ന്യൂനശക്തികൾ നിശ്ചിതമായ ചെറിയ അളവിൽ വര്ത്തിക്കുമ്പോൾ സമൂഹജീവിതം മഹാആനന്ദകരമാണ്. എന്നാൽ വ്യക്തികൾ ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിക്കുമ്പോൾ, അഥവാ വ്യക്തിസ്വാതന്ത്ര്യത്തെ ദുര്വ്വിനിയോഗിക്കുമ്പോൾ, ന്യൂനശക്തികളുടെ അളവ് വര്ദ്ധിക്കുന്നതും, അക്കാരണത്താൽ ഭീകര പ്രവര്ത്തനങ്ങൾ ഉണ്ടാകുന്നതും വര്ദ്ധിക്കുന്നതുമാണ്. ഭീകരവാദങ്ങളും ഭീകരപ്രവര്ത്തനങ്ങളും സമൂഹത്തിൽ വ്യാപിക്കുമ്പോൾ, തിരുത്തൽ ശക്തികൾ എന്നതിന്റെ പരിധിവിട്ട് വിരുദ്ധശക്തികളായി ന്യൂനശക്തികൾ രൂപം പ്രാപിച്ചിരിക്കുന്നു എന്നാണര്ത്ഥം. ആനന്ദകരമായവയെ പ്രശ്നകാരികളാക്കുന്നത് മനുഷ്യരാണെന്നും അര്ത്ഥം. ഇന്നത്തെ ഭീകരവാദങ്ങൾ മാനുഷികം മാത്രമല്ല. അവയ്ക്ക് ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെ വീഴ്ചകളും കാരണമായിട്ടുണ്ട്.

ധർമ്മ ശാസ്ത്ര വിരുദ്ധമായ വ്യക്തിസ്വാതന്ത്ര്യങ്ങളെ സമൂഹം അഥവാ സമൂഹത്തിലെ വ്യക്തികൾ പുലര്ത്തുമ്പോൾ, മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കളുടെ അളവ്/പ്രവര്ത്തനം 14.29% -ല് നിന്ന് ക്രമാനുഗതം ഉയരുകയും ധാര്മ്മിക അധഃപതനം ഉണ്ടാവുകയും ചെയ്യുന്നു. ധര്മ്മശാസ്ത്ര വിരുദ്ധമായ വ്യക്തിസ്വാതന്ത്ര്യങ്ങൾ അഹിംസയുടേതല്ല. അവ ഹിംസ ഉള്പ്പെടെയുള്ള അധമ കാര്യങ്ങളെ സ്യഷ്ടിക്കുന്നതാണ്. മാംസ ഭോജികളായ അനേകം ജീവികളെ ദൈവം സ്യഷ്ടിക്കുവാൻ കാരണം മനുഷ്യരാണെന്നത് ഭക്ഷണശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. നിലവിലുള്ള വര്ദ്ധിതമായ 19.44%-നോട് അടുക്കുമ്പോള് ഇന്ന് കാണുകയും കേള്ക്കുകയും അനുഭവിക്കുകയും ചെയ്യുന്ന അധര്മ്മങ്ങൾ ഭൂമിയിലൊക്കെയും പരക്കുന്നു. ന്യൂനവസ്തുക്കളിലൂടെ അഥവാ ന്യൂന ശക്തികളിലൂടെ സമൂഹത്തെ അഥവാ സമൂഹത്തിലെ വ്യക്തികളെ ധര്മ്മശാസ്ത്ര വിരുദ്ധമായി വേദനിപ്പിക്കുന്ന/പീഢിപ്പിക്കുന്ന പൈശാചിക ശക്തികൾ രൂപം കൊള്ളുന്നു. മേല്പടി ന്യൂനവസ്തുക്കൾ അഥവാ വിരുദ്ധശക്തികൾ അഥവാ പിശാച് മദ്യം, മയക്കുമരുന്ന്, വ്യഭിചാരം, അധിക സ്നേഹം, അധിക വാത്സല്യം, പണഭ്രാന്ത്, കീര്ത്തിഭ്രാന്ത്, അധാര്മ്മികമായ കളികൾ (സ്പോര്ട്സ്), അധാര്മ്മികമായ മത-രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥിതികൾ തുടങ്ങിയവയിലൂടെ സമ്മേളിക്കുമ്പോൾ സമൂഹത്തിന് അധാര്മ്മിക ഭാവ-രൂപങ്ങൾ ഉണ്ടാകുന്നതാണ്.

**അതേസമയം ന്യൂനവസ്തുക്കളിലെ 14.29% ജീവിതാവശ്യമാണെന്നതും, 3.14% മാത്രമാണ് പ്രശ്നകാരിയാവുന്നതെന്നും, 5.19% മാത്രമാണ് ഇന്നുള്ളതുപോലെ കടുത്ത പ്രശ്നകാരിയാവുന്നതെന്നും മനസ്സിലാക്കണം.**

മഹാനീതിശാസ്ത്ര പ്രകാരമുള്ള മഹാനീതി-നിർവ്വഹണത്തിന്റെ ഒരു ഭാഗമായിട്ട് കൊടുംപാപികളിലൂടെ പാപികളെ തിരുത്തുന്ന പദ്ധതികൂടി ഉണ്ടെന്ന് ഭീകരവാദത്തെ വിസ്തരിക്കുന്ന അദ്ധ്യായത്തിൽ വ്യക്തമാക്കിയിരുന്നു. ആത്മാവിനെ ബന്ധപ്പെടുത്തിയുള്ള ഒരു നീതിവശം കൂടി ഉണ്ട്. മനുഷ്യന്റെ ശരാശരി ആയുസ്സായി നിശ്ചയിച്ചിട്ടുള്ളതിൽ ഒരു വർഷം ശരീരം വിട്ടുള്ള ആത്മാവിന്റെ പ്രവര്ത്തനത്തെ സംബന്ധിച്ചുള്ളതാണ്. താൻ ഉറ്റവരായി കരുതിയിരുന്നവരെ ശ്രദ്ധിക്കാനും ജീവിതകാര്യങ്ങളെ കുറേക്കൂടി മനസ്സിലാക്കാനും, ചിലരെ സഹായിക്കാനും, മറ്റു ചിലരെ ഉപദ്രവിക്കാനും ഭൗതിക ശരീരമില്ലാത്ത ജീവാത്മാവിന് പരിധികളോടെ പ്രവര്ത്തിക്കാൻ സൗകര്യമൊരുക്കുന്ന ഒരു പദ്ധതിയാണത്. വാതക രൂപത്തോടെ ജീവാത്മാവ് പ്രവര്ത്തിക്കുന്ന കാലഘട്ടത്തെ സ്ഥിതിപരമായ വിധി പ്രകാരം ഒരു വര്ഷത്തിൽ കുറയ്ക്കാനും കൂടുതലാക്കാനും പദ്ധതികളുണ്ട്. നല്ല ആത്മാക്കൾ, പിശാചുക്കൾ എന്നിങ്ങനെ വേര്തിരിവും ഉണ്ടാകുന്നുണ്ട്. കൊടുംപാപികളായി ജീവിച്ചവര്ക്ക് പാപം കുറയ്ക്കാനായിട്ട് ഒരു സന്ദര്ഭം ഒരുക്കുന്നുണ്ട്.

ഭീകരവാദം പോലെയുള്ളവ ചെയ്യുന്ന ഒരു ചില മനുഷ്യരിലേക്ക് തിരുത്തൽ ശക്തികളായി പ്രവേശിക്കുവാനും, അവരുടെ ശരീരത്തിന്റെ ഭാഗമായിരുന്നുകൊണ്ട്, പീഢന-ശിക്ഷകളെ അനുഭവിക്കുവാനും, ആവിധത്തിൽ മുമ്പ് സമ്പാദിച്ച ശിക്ഷകളുടെ അളവു കുറയാനും സൗകര്യം ഒരുക്കുന്നുണ്ട്. സ്വന്തമായി ശരീരമില്ലാതെയും, വാതകരൂപത്തോടെയുമുള്ള ആത്മാവിനെ, വാതകമായി മാത്രം ധരിച്ച് ഭൗതികശാസ്ത്ര പരീക്ഷണങ്ങൾക്ക് ശാസ്ത്രജ്ഞന്മാർ വിധേയമാക്കുമ്പോഴും, ശിക്ഷകളെ നേടാനും പാപം കുറയാനുമുള്ള സന്ദർഭങ്ങൾ ജീവാത്മാവിന് ലഭിക്കുന്നുണ്ട്. വെളിപാട് പൂര്ണ്ണമായിട്ടില്ല... ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചത്തിന്റെ ഭരണകാര്യങ്ങള് കൈകാര്യം ചെയ്ത മാലാഖമാർ/ മലക്കുകൾ /ദേവതമാർ, വര്ജ്ജ്യമായ മന്ത്രശാസ്ത്രത്തെ ന്യൂനശക്തികളുടെ പ്രവര്ത്തനത്തിൽ ഇടപെടുത്തിയിട്ടുണ്ട്. വര്ജ്ജ്യമായ മന്ത്രശാസ്ത്രപ്രകാരം യക്ഷി, ഗന്ധര്വ്വൻ, ഭൂതം, മാടൻ, മറുത, കുട്ടിച്ചാത്തൻ, ജിന്ന്, തുടങ്ങിയ ബഹുവിധ പേരുകളിൽ മരണശേഷമുള്ള ജീവാത്മാക്കള്ക്ക് അപ്രകാരം താല്ക്കാലിക പരിണാമം ഉണ്ടായി. 14.29%-ൽ കൂടുതലായുള്ള ന്യൂനവസ്തുക്കളുടെ അധികാരികളായി രൂപംകൊണ്ട മേല്പടി പിശാചുക്കളിൽ ഭൂരിപക്ഷവും പിൻവലിക്കപ്പെട്ടു കഴിഞ്ഞു എങ്കിലും ന്യൂനശക്തികൾ/ന്യൂന വസ്തുക്കൾ നിലനില്ക്കുകയാണ്. ....

ഭൂമിയിൽ മായ പ്രത്യക്ഷമാകുന്നതോടെ, മതസ്ഥരും ജാതിസ്ഥരും രാഷ്ട്രീയ ഇസക്കാരുമായവർ, മനുഷ്യരായി പരിണമിക്കുന്നതോടെയും, ധര്മ്മശാസ്ത്രപരമായ ജീവിതം ആരംഭിക്കുന്നതോടെയും, വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതു നിമിത്തം ഭൗതികമായി സൃഷ്ടിക്കപ്പെട്ട മേല്പടി പൈശാചിക-ന്യൂനശക്തികൾ ഒരു അത്യുഗ്ര വിഷമായി കടലിൽ രൂപപ്പെടുന്നതാണ്. ദൈവ വിപ്ലവത്തോടു ചേർന്നോ സംഹാരം അന്ത്യത്തോട് അടുത്ത് പുതിയ സൃഷ്ടിചക്രം ആരംഭിക്കുന്നതിനു മുമ്പായോ, പ്രസ്തുത അത്യുഗ്ര വിഷത്തെ പാനം ചെയ്യുവാനും വിഷം, കണ്ഠത്തിൽ ഉറയ്ക്കുവാനും പരമശിവനെ മഹാശക്തിയായ മഹാദേവി അനുഗ്രഹിക്കുന്നതും, വിഷപാനം ചെയ്യുന്ന പരമശിവൻ നീലകണ്ഠനായി മാറുന്നതുമാണ്.

17.43%നു മുകളിൽ 19.44% വരെയുള്ള ന്യൂനശക്തികളെ മനുഷ്യരുടെയും ആദ്യമഹാകാലചക്രത്തിലെ പ്രത്യേക ഭരണാധികാരികളുടെയും ധർമ്മശാസ്ത്രപരമല്ലാത്ത കടുത്ത ദുസ്വാതന്ത്ര്യങ്ങൾ സൃഷ്ടിച്ച പൈശാചികശക്തികൾ അഥവാ പിശാച് എന്നും വിളിക്കേണ്ടതുണ്ട്. പൈശാചികശക്തികളുടെ അധികാരികളായ അനേകരെയും പൈശാചിക ശക്തികളായി പരിണമിച്ച അനേകരെയും ദൈവങ്ങളായി കണക്കാക്കി പൂജകളും ആരാധനകളും നടത്തുന്ന അവസ്ഥ മതങ്ങളിൽ നിലനില്ക്കുന്നുണ്ട്. .....

സമൂഹത്തിൽ പിശാചുക്കൾ അഥവാ പൈശാചിക ശക്തികൾ ആരെയെല്ലാമാണ് മുഖ്യമായും പിടികൂടിയിട്ടുള്ളതെന്നും പിടികൂടുന്നതെന്നും കുറച്ചുകൂടി വിസ്തരിക്കാം. ഭീകരവാദത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ മതപുരോഹിതരും, മതനേതൃത്വങ്ങളും, രാഷ്ട്ര ഭരണാധികാരികളും ജഡ്ജിമാരുമൊക്കെയാണ് സമൂഹത്തിലെ കൊടും ഭീകരർ എന്നും അതെന്തുകൊണ്ടാണെന്നും വിശദീകരിച്ചിരുന്നു.

ദൈവം നല്കിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നവരിലാണ് പൈശാചിക ശക്തികൾ കൂടുതലായും പ്രവര്ത്തിക്കുന്നത് എന്നർത്ഥം. അതിൽ ഒന്നാമത് മതനേതൃത്വങ്ങളും മത-ജാതി നേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും തന്നെയാണ്. ദൈവത്തെപ്പറ്റി അന്വേഷിച്ചവർ തങ്ങളുടെ അന്വേഷണങ്ങള്ക്കും, തങ്ങൾ കണ്ടെത്തിയ ശരിയും തെറ്റും കലര്ന്ന ഏതാനും കാര്യങ്ങള്ക്ക് ദൈവത്തിന്റെ ശാസ്ത്രം അഥവാ ദൈവശാസ്ത്രം എന്നും സമ്പൂർണ്ണ ദൈവശാസ്ത്രം എന്നും കള്ളപ്പേരിട്ടു. ദൈവം സൃഷ്ടിച്ച മനുഷ്യരെ മതസ്ഥരും ജാതിസ്ഥരുമാക്കി, ഭൂമിയിൽ മനുഷ്യരില്ലാതാക്കി.

ദൈവം, ബ്രഹ്മ-പാഠങ്ങളിൽ വിശദീകരിച്ചിട്ടുള്ള ദിവ്യമഹാശാസ്ത്ര പ്രകാരം രണ്ടാവാതെ, രണ്ടായി ക്കൊണ്ട് പ്രപഞ്ച മഹാമാതാവായ മഹാദേവിയും, ~ഭാഗവും പ്രപഞ്ചപിതാവുമായ മഹാദേവനായും നിന്ന്, എല്ലാ മനുഷ്യരും ഉൾപ്പെട്ട എല്ലാ ജീവികളെയും ദൈവത്തിന്റെയും പ്രതിനിധിയായ പരമശിവന്റെയും പൊന്നോമന കുഞ്ഞുങ്ങളായി കരുതുകയും, കുഞ്ഞുങ്ങളെ യജമാനരായി ഉയർത്തുകയുമാണ്. ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും യജമാനരാക്കാനാണ്, ദാസരാക്കാനല്ല.

**ദൈവത്തിന്റെ പേരിലായാലും എന്തിന്റെ പേരിലായാലും തങ്ങൾക്ക് തോന്നുമ്പോലെയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നിയമങ്ങളും ഉണ്ടാക്കുന്നത് പിശാചുക്കളുടെ പണിയാണ്.**

**മതനേതൃത്വങ്ങളും രാഷ്ട്രീയനേതൃത്വങ്ങളും ഭരണാധികാരികളും ജഡ്ജിമാരും ഒക്കെ ചെയ്തുപോരുന്നത് പിശാചുക്കളുടെ പണിതന്നെയാണ്. മനുഷ്യർ നടത്തിപ്പോരുന്ന ദൈവനിന്ദയെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ പ്രസ്തുത പിശാചുക്കളുടെ പ്രവർത്തനം വിശദീകരിച്ചിട്ടുണ്ട്.**

മഹാനീതിശാസ്ത്ര പ്രകാരം ചില കാലങ്ങളിൽ ചില പ്രദേശങ്ങളിൽ വളരെയധികം പാപങ്ങളെ ചെയ്തവരെ മാത്രമായി പുനര്ജ്ജനിപ്പിക്കുന്നതും അവര്ക്കായി ശിക്ഷാപദ്ധതികളെ ഒരുക്കുകയും ചെയ്യുന്നുണ്ട്. പുണ്യം കൂടുതൽ ചെയ്തവര്ക്കായുള്ള മേഖല, അഹംഭാവം കൂടുതലുള്ളവര്ക്കായുള്ള മേഖല എന്നിങ്ങനെയുള്ള തിരിവുകൾ ചില പ്രദേശങ്ങളിൽ സ്ഥിരമായും ചിലേടങ്ങളിൽ താല്ക്കാലികമായും മഹാനീതിശാസ്ത്രമായ 'ഓംകാര നീതിശാസ്ത്ര പ്രകാരം' ഒരുക്കുന്നുണ്ട്.

മനുഷ്യരെ അന്യോന്യം കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവര്ക്കായി നിശ്ചയിച്ചിട്ടുള്ള മേഖലയാണ് തമിഴ്നാട്. തമിഴ്നാട്ടിലുള്ളവരെല്ലാം ഏറ്റവും യോഗ്യരെന്നോ നല്ലവരെന്നോ അല്ല അതിന്നര്ത്ഥം. ജന്മങ്ങളുടെ എണ്ണവും പുണ്യവും പ്രകാരം ദൈവം ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരുടെയും, ഏറ്റവും കൂടുതൽ അഹംഭാവം ഉള്ളവരുടെയും, പാപികളുടെയും സങ്കേതമാണ് കേരളം. ....

പൈശാചിക ന്യൂനവസ്തുക്കൾ ഏതൊക്കെയെന്നു തിരിച്ചറിച്ചറിയാനാവുമോ എന്നും തിരിച്ചറിഞ്ഞ് നശിപ്പിച്ചാൽ സമൂഹം ശുദ്ധമാവുമോ എന്നും നോക്കാം. ജീവാത്മാവിന്റെ പ്രവര്ത്തനവുമായി അഥവാ നന്മതിന്മകളുമായി അഥവാ വ്യക്തിസ്വാതന്ത്ര്യ ദുരുപയോഗവുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുന്നവയാണ് പൈശാചിക ന്യൂന വസ്തുക്കൾ എന്നതുകൊണ്ട് ജീവാത്മാവിനുമേൽ നടപ്പാക്കേണ്ടതായ മഹാനീതിശാസ്ത്രവുമായിക്കൂടി ബന്ധപ്പെട്ടിരിക്കുന്നു. ആകയാൽ മാനുഷിക നിയന്ത്രണ പരിധിയിൽ വരുന്നില്ല. നിഗൂഢമല്ലാത്ത ഓക്സിജന്റെ പ്രവര്ത്തനങ്ങളെ നിയന്ത്രിക്കുവാൻ മനുഷ്യന് കഴിയില്ല എന്നതുപോലെയാണ് പൈശാചിക ന്യൂന വസ്തുക്കളെയും സൃഷ്ടിപരമായ വിധിയെയും ജന്മഗുണങ്ങളെയും ജീവാത്മാവിനെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള മഹാനീതിശാസ്ത്ര പ്രവര്ത്തനങ്ങൾ നടക്കുന്നത്. കാർബണുമായും, അന്തരീക്ഷത്തിലെ അപൂർവ്വ വാതകങ്ങളുമായും ഒക്കെ അതിനു ബന്ധമുണ്ട്. ഓംകാര നീതി ശാസ്ത്രം പഠിക്കുമ്പോൾ, ദൈവം എല്ലാ കുഞ്ഞുങ്ങളെയും മിടുക്കരും യജമാനരുമാക്കാനാണ് പ്രവര്ത്തിക്കുന്നതെന്നും ബോദ്ധ്യമാകുന്നതാണ്. ദൈവം നല്കിയാൽ മാത്രം എന്തിനും ഏതിനും ശക്തി ലഭിക്കുന്ന തന്റെ കുഞ്ഞുങ്ങളോട് മഹാശക്തിയും മഹാമാതാവുമായ ദൈവത്തിന്/ മഹാദേവിക്ക് ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. മഹാദേവിയുടെ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ ജീവികളോട് പരമശിവനും ശക്തിപ്രകടനം കാട്ടേണ്ട കാര്യമില്ല. ഉദാഹരണത്തിന്, ഗാന്ധിയുടെ കൈയ്യിൽ ഭൂമിയിലൊക്കെയുമുള്ള അണുബോംബുകളും മാരകായുധങ്ങളും ലഭിച്ചാൽ യാതൊരാൾക്കും യാതൊരു അപകടവും ഉണ്ടാക്കാതെ അണുബോംബുകളെയും മാരകായുധങ്ങളെയും എങ്ങനെ നിർവ്വീര്യമാക്കാം /നശിപ്പിക്കാം എന്നായിരിക്കും ചിന്തിക്കുക.

ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജീവികൾ മായാശക്തികളെ ദുരുപയോഗം ചെയ്യാതിരിക്കാൻ കൂടിയാണ് മായാശക്തികളെ മഹാശാസ്ത്രനിയമങ്ങളാക്കുകയും അവയുടെ ഭൗതികരൂപമായി മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതും. .... രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല. മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും അനുഭവിക്കാനുമുള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങള്ക്കും അവയെ ഉറപ്പു വരുത്തുവാൻ ധര്മ്മശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു. ആത്മീയ സാക്ഷാത്ക്കാരത്തിൽ, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാൻ മഹാശക്തിയും മഹാമാതാവുമായ ദൈവം അനുഗ്രഹിക്കുന്നു. അങ്ങനെയിരിക്കെ പദവികളുടെയും ദുഷ്ക്കീർത്തികളുടെയും പിറകേ പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്.

// മഹാപ്രപഞ്ചത്തിലുള്ള ന്യൂനവസ്തുക്കളുടെ അളവ് സംബന്ധിച്ച കണക്കുകൾ വർഷങ്ങൾക്കു മുമ്പ് കുറെ ലഭിച്ചതാണ്. മറന്നു / 'ദൈവം മറച്ചു' എന്നു പറയുമ്പോൾ 'കൃത്യമായി അവയെ വെളിപ്പെടുത്താൻ സമയമായിട്ടില്ല' എന്നും, 'ഇപ്പോൾ വിഷയ സൂചന മതിയെന്നും,' തൽക്കാല ജീവിത കാര്യങ്ങൾക്ക് വിശദാംശങ്ങൾ ഒട്ടും ആവശ്യമില്ലെന്നും മറ്റുമാണ് അർത്ഥം. //

## ഗ്രന്ഥകാരനെ കൊടിയ പിശാചുക്കൾ ആക്രമിച്ചു പോന്നതിനെ മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

ആയിരം കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിലെ ഭരണത്തെ സ്വന്തം ഭാഗമായ പരമശിവനിലൂടെ മഹാദേവി ഏല്പിച്ചത്, മനുഷ്യാവസ്ഥയിൽ നിന്നും മോക്ഷം നേടിയ ചിലരെ ദേവതകളായി നിയമിച്ചാണ്. കാലക്രമേണ അവർ ദുർദ്ദേവതകളായി പരിണമിച്ചു. ഈയുള്ളവന്റെ ജനനം മുതൽ അവർ വധ ശ്രമം നടത്തിയിരുന്നു; ബഹുവിധ പീഢനങ്ങളും. ഈയുള്ളവനെ ബന്ധിപ്പിച്ചു കൊണ്ട് 1989-ൽ മഹാശിവയുടെ മത്സ്യാവതാരം നടന്നു. ദുർദ്ദേവതകളുടെ ആക്രമണം വർദ്ധിച്ചു. 1991-ലെ മഹാദശമി / വിജയദശമി രാത്രിയിൽ 'ബ്രഹ്മ മഹാദേവി' ഗ്രന്ഥകാരന്റെ നാവിൽ **ഓം** കുറിച്ചു. ആയിരം കോടി വർഷക്കാലത്തിൽ ദുർദ്ദേവതകളായി അധഃപതിച്ചവരുടെ ആക്രമണത്തെ ഇടക്കാലത്ത് പ്രത്യക്ഷമായും പരോക്ഷമായും ഗ്രന്ഥകാരൻ നേരിട്ടു. ദുർദ്ദേവതകളിൽ പ്രമുഖരായ പലരും മനുഷ്യരായി പുനർജ്ജനിച്ചിട്ടുമുണ്ട്. മനുഷ്യനായി പിറന്ന മുഖ്യ ദുർ-ദ്ദേവത വർദ്ധിച്ച മായാ-അനുഭവങ്ങളോടെ ഏറെക്കുറെ രണ്ടു പതിറ്റാണ്ടുകളായി ഈയുള്ളവനുമായി ബന്ധപ്പെട്ടും പശ്ചാത്തപിച്ചും പാവത്താനായും കേരളത്തിൽ തന്നെ ജീവിക്കുന്നുണ്ട്. ദുർദ്ദേവതകളെ കൂടാതെ, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ വഴിപിഴച്ച മനുഷ്യർ ഉണ്ടാക്കിയ ന്യൂനശക്തികളും ഈയുള്ളവനെ തകർക്കാൻ പരിശ്രമിച്ചിട്ടുണ്ട്.

മഹാശക്തിയായ മഹാദേവിയുടെ ശക്തികളെ മഹാസമുദ്രം എന്ന് ഉപമിച്ചാൽ, അതിലെ ഒരു തുള്ളി ശക്തി കൊണ്ട് പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ചെയ്യുന്നതായി കാണണം; പ്രസ്തുത ഒരു തുള്ളി കൊണ്ട് തന്നെ പ്രപഞ്ചത്തിലെ വിവിധങ്ങളായ എല്ലാ വിഷയങ്ങളെയും പ്രശ്നങ്ങളെയും മഹാദേവി പരിഹരിക്കുന്നതാണ്. മഹാദേവി സ്വയം സ്വീകരിച്ചിട്ടുള്ള പ്രസ്തുത മഹാവാത്സല്ല്യത്തെ ചൂഷണം ചെയ്യാനാണ് പൈശാചിക ശക്തികൾ ശ്രമിച്ചു പോന്നത്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

# ഏറ്റവും വലിയ സമ്പത്ത്

എല്ലാ ജീവികൾക്കും അവയുടെ ആനന്ദത്തിനു കാരണമാകുന്നവയെല്ലാം അവയെ സംബന്ധിച്ച് സമ്പത്തുകളാണ്. ..... ഒരാൾക്ക് ഏറ്റവും വലിയ ആനന്ദം നൽകുന്നത് എന്താണോ, അതാണ് അയാളുടെ ഏറ്റവും വലിയ സമ്പത്ത്. അതായത് സമ്പത്ത് ആനന്ദവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. മനുഷ്യർക്ക് കാമാനന്ദത്തെയാണ് പരമാനന്ദമായി ദൈവം വ്യവസ്ഥ ചെയ്തിട്ടുള്ളത്. മനുഷ്യന്റെ ആദ്യഭാഗമായ പുരുഷനും രണ്ടാം ഭാഗമായ സ്ത്രീയും, ഇണയെ ഒഴികെ, തങ്ങളും ദൈവവും ഉൾപ്പെടെ സർവ്വരെയും മറന്ന് പരമാനന്ദത്തിൽ മുഴുകുമ്പോൾ, പുരുഷന് സ്ത്രീയും, സ്ത്രീയ്ക്ക് പുരുഷനുമാണ് ഏറ്റവും വലിയ സമ്പത്തെന്നു തെളിയുന്നു. പ്രപഞ്ചപിതാവായ പരമശിവന് മഹാദേവിയോടുള്ള മഹാദാസ്യമാണ് പരമാനന്ദവും മഹാആനന്ദവുമായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത് മഹാദേവി തന്നെയാണ് പരമശിവന്റ മഹാസമ്പത്ത്. മഹാമാതാവായ മഹാദേവിക്ക് മഹാപ്രപഞ്ചത്തിലുള്ള എല്ലാ ജീവികളോടുമുള്ള മഹാവാത്സല്യമാണ് മഹാആനന്ദമായി മഹാദേവി (സ്വയം) മഹാനിശ്ചയിച്ചിട്ടുള്ളത്. അതായത് എല്ലാ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചമാണ് മഹാദേവിയുടെ സമ്പത്ത്. ദൈവീകമായ സാമ്പത്തിക ശാസ്ത്രം മഹാവേദ ഗ്രന്ഥത്തിൽ ശാസ്ത്രപരമായി വിശദീകരിച്ചിട്ടുണ്ട്.

മഹാനീതിശാസ്ത്രം പ്രകാരം 100 ജന്മങ്ങളിലൂടെ ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഭാഷ, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയവയെ ജന്മഗുണങ്ങളായി നിശ്ചയിച്ചുകൊണ്ട് സൃഷ്ടിപരമായ വിധിയിലൂടെയും സ്ഥിതിപരമായ വിധിയിലൂടെയും നിയന്ത്രിക്കുന്നു. എല്ലാവർക്കും സമആനന്ദം എന്ന മഹാസമനീതി നൽകുന്നു. എല്ലാവർക്കും എല്ലാ തൊഴിലുകളും ചെയ്യാനും, ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം മഹാസമമായി ആസ്വദിക്കാനുള്ള അവസരവും അതിൽപെടുന്നു.

## തൊഴിൽ അഭിരുചി, വിനോദ അഭിരുചി എന്നിങ്ങനെ ഏതാനും ജന്മഗുണങ്ങൾക്ക് ബുദ്ധിശക്തി, ഓർമ്മശക്തി എന്നീ രണ്ടു ജന്മഗുണങ്ങളുമായി ഗാഢബന്ധമുണ്ട്.

ബുദ്ധി ശക്തിയും, ഓർമ്മ ശക്തിയും സ്ഥിതി പരമായ വിധി പ്രകാരം കൂടുകയും കുറയുകയും ചെയ്യുമ്പോൾ, തൊഴിൽ അഭിരുചിയെയും തൊഴിലിനെയും ബാധിക്കുന്നതാണ്. കാരണം ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വ്യക്തിയുടെ ധർമ്മശാസ്ത്ര പരമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 'താൻ പാതി ദൈവം പാതി' എന്ന മഹാസമവാക്യത്തെ സദാ പ്രസക്തമാക്കുന്നത് ഇവിടെ വിഷയമാണ്. അതായത് വ്യക്തിസ്വാതന്ത്ര്യം കൊണ്ടുള്ള പ്രവൃത്തികൾ, സ്ഥിതിപരമായ വിധി പ്രകാരം, ബുദ്ധിക്ക് ശക്തികളെ (ശക്തിയായ ഓക്സിജൻ എന്ന ദൈവത്തിന്റെ വാതക രൂപം) നൽകുന്നതിന് അനുസരിച്ച്, വ്യക്തിയുടെ ബുദ്ധിശക്തി എന്ന ജന്മഗുണം വർദ്ധിക്കുന്നതും കുറയുന്നതുമാണ്.

# നീതി ശാസ്ത്രം

**ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിലെ മനുഷ്യരുടെ ഇടയിൽ അഥവാ സമൂഹത്തിൽ പലതരത്തിലുള്ള നീതിന്യായ വ്യവസ്ഥകൾ ഇന്ന് നിലനിൽക്കുന്നുണ്ട്. ജനങ്ങളുടെ ഒറ്റപ്പെട്ടതും കൂട്ടംകൂടിയുമുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും വ്യക്തിക്കോ, ചെറുതും വലുതുമായ പ്രദേശങ്ങളിലെ വ്യക്തികൾക്കോ ഗുണങ്ങളും ദോഷങ്ങളും ഉണ്ടാക്കുന്നതിനെ ന്യായവിചാരം ചെയ്യുകയും, ശിക്ഷകൾ ഉൾപ്പെടെയുള്ള പരിഹാര നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തു പോരുന്നത്.**

**'ഭരണാധികാരികൾ' എന്ന് സ്വയമോ മറ്റുള്ളവരാലോ തെറ്റിദ്ധരിച്ച് ജീവിക്കുന്ന ജനസേവകരും മത പുരോഹിതരും മറ്റും 'കുറ്റം എന്നു പേരിടുന്ന പ്രവൃത്തികളെ' അറിഞ്ഞും അറിയാതെയും ചെയ്യുന്ന സാധാരണ ജനങ്ങൾക്ക് പല രാജ്യങ്ങളിലും പല തരത്തിലുള്ള ശിക്ഷകളാണ്. ഉദാഹരണത്തിന്, മറ്റുള്ളവരുടെ ചതിക്കുഴിയിൽ പെട്ട് മയക്കുമരുന്ന് കടത്തിയ പാവത്തിന്റെ തല വെട്ടുന്നവരും, തൂക്കിലേറ്റി കൊല്ലുന്നവരും, അനേകം വർഷങ്ങൾ ജയിലിൽ അടച്ച് ശിക്ഷിക്കുന്നവരും ഒരേ ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിലെ ജനസേവകരാണ് / ഭരണാധികാരികളാണ്.**

## കുറ്റം എന്ന് പേരിട്ടിരിക്കുന്ന പ്രവൃത്തിക്ക് ഒരേ ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിൽ വ്യത്യസ്തമായ നീതിന്യായ വ്യവസ്ഥ ശരിയാകുന്നത് എങ്ങനെ ?

**ചെറിയ ഒരു മൺതരിയോ എറുമ്പിനെ പ്പോലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്ത ഊപ്പകൾ, ബുദ്ധിജീവികളെന്നു ഭാവിക്കുകയും, ദൈവം നൽകിയ ബുദ്ധിശക്തികളെയും ശക്തികളെയും ഉചിതമായി ഉപയോഗിക്കാതെ, വധം ഉൾപ്പെടെയുള്ള ശിക്ഷകളെ ശരിവെക്കാമോ; ചെയ്യാമോ ? ഉപദ്രവിക്കാൻ വരുന്നവരുമായി പോരാടുക; ഭക്ഷണം നേടാനും ആനന്ദിക്കാനുമായി മറ്റുള്ള ജീവികളെ ആക്രമിക്കുക; ഭയന്നോടുക തുടങ്ങിയ മാർഗ്ഗങ്ങളെ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്വീകരിക്കുന്നുണ്ട്. എന്നാൽ മറ്റുള്ളവരുടെ പ്രവൃത്തികളുടെ മേൽ ന്യായ വിചാരണകളെ നടത്തുന്നതും തലവെട്ടാനും ബഹുവിധങ്ങളിൽ ശിക്ഷിക്കാനും നടക്കുന്നത് മനുഷ്യൻ മാത്രമാണ്.**

**മനുഷ്യർ തട്ടിക്കൂട്ടിയ മതങ്ങളിലും ഭരണഘടനകളിലും മാത്രമുള്ളതും മണ്ണിലെ മൂലകങ്ങളിൽ ഇല്ലാത്തതുമായ ശിക്ഷാ നിയമങ്ങളെ സ്വീകരിക്കാൻ കാരണമെന്ത് ?**

**ശിക്ഷകളെ വിധിക്കാനും നടപ്പാക്കാനും കഴിയുന്നത്, ദൈവം അനുവദിച്ചിട്ടുള്ളത് കൊണ്ടല്ലേ ? ശിക്ഷകളെ വിധിക്കാതിരിക്കാനും നടപ്പാക്കാതിരിക്കാനും കഴിയുമെന്നത്, ദൈവം അനുഗ്രഹിച്ചു നൽകിയിട്ടുള്ള വകതിരിവ് കൊണ്ടല്ലേ എന്ന മറുചോദ്യവും ഉണ്ട്.**

## ദൈവം, ക്രൈസ്റ്റിലൂടെ വെളിപ്പെടുത്തിയതു പോലെ 'മനുഷ്യന് (നീതിയെ) വിധിക്കുവാനുള്ള അധികാരം ഇല്ല; ദൈവം നൽകിയിട്ടില്ല'.

## മനുഷ്യന് നീതി വിധിക്കാനുള്ള യോഗ്യത ഇല്ല. മനുഷ്യരുടെ നിയമനിർമ്മാണവും നീതിന്യായ കോടതികളും തെറ്റാണെന്ന് മഹാശാസ്ത്രപരമായി തെളിയിക്കുന്നു.

1. **ഓരോ മനുഷ്യനും - പുരുഷനും സ്ത്രീയും - ഓരോ വർഗ്ഗമാണ്**. ലിംഗം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ഉയരം, വണ്ണം, ഭാഷ, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം - കാലം, മാതാപിതാക്കളും ബന്ധുക്കളും സുഹൃത്തുക്കളും അദ്ധ്യാപകരും നാട്ടുകാരും ഉൾപ്പെടെയുള്ള ഉറ്റവരുടെ ജന്മഗുണങ്ങൾ, പെരുമാറ്റം, സാമ്പത്തിക സാമൂഹിക സാംസ്കാരിക പശ്ചാത്തലം, തുടങ്ങിയവ ഓരോ വ്യക്തിക്കും വ്യത്യസ്തമാണ്. അതിന്റെ അർത്ഥം ഓരോ വ്യക്തിയും പ്രത്യേകം പ്രത്യേകമായുള്ള ഓരോ വർഗ്ഗം ആണ്. ഓരോ വ്യക്തിയും ഓരോ വർഗ്ഗം ആകുമ്പോൾ, ഓരോ വർഗ്ഗമായ ഓരോ മനുഷ്യനും പ്രത്യേകമായുള്ള നിയമ വ്യവസ്ഥ / ഭരണഘടന ആവശ്യമാണ്. ജനസേവകന് സാദ്ധ്യമാകുന്നതല്ല. വേറെയും കാര്യങ്ങളുണ്ട് :

സമൂഹത്തിലെ അഥവാ പ്രദേശങ്ങളിലെ എല്ലാവർക്കും സമആനന്ദം എന്ന മഹാസമനീതി നൽകുവാൻ ജനസേവകരായ ഭരണാധികാരികൾക്ക് കഴിയണമെങ്കിൽ, ആദ്യം കുഞ്ഞു-കുട്ടി മുതൽ വൃദ്ധൻ വരെയുള്ള എല്ലാവരുടെയും മേല്പടി 'ജന്മഗുണങ്ങളെ' തുല്ല്യമാക്കണം.

ജനസേവകർക്ക് അതും സാദ്ധ്യമാകുന്നതല്ല. മാത്രമല്ല; എല്ലാവരുടെയും തൊഴിൽ അഭിരുചി ഒന്നാവുകയും എല്ലാവരും ഒരേ തൊഴിൽ തന്നെ ചെയ്യാനും തയ്യാറായാൽ തന്നെ സമൂഹ ജീവിതം താറുമാറാകും. നാട്ടിലെ എല്ലാവരുടെയും മുഖഛായ, സൗന്ദര്യം എന്നിവ ഒന്നായാൽ തിരിച്ചറിയാൻ കഴിയില്ല എന്നത് മാത്രമല്ല; സ്ത്രീ പുരുഷ വ്യത്യാസവും സാധിക്കുന്നതല്ല. മേൽ കുറിച്ച നിറം, ആയുസ്സ്, ആരോഗ്യം, ഉയരം, വണ്ണം, ഭാഷ, ദേശം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, തുടങ്ങിയ എല്ലാ ജന്മഗുണങ്ങളും, സൃഷ്ടിപരവും സ്ഥിതിപരവുമായ അനുഗ്രഹങ്ങൾ കൊണ്ട് ഉണ്ടാകുന്ന രോഗങ്ങളും രോഗ ശാന്തിയും, എല്ലാം എല്ലാം സമം ആക്കാതെ ഭൂമിയിലെ മനുഷ്യർക്ക് പിന്നെന്ത് സമനീതിയും സമ ആനന്ദവുമാണ് നടപ്പാക്കാൻ കഴിയുക ? ഭൗതികമായ അസ്തിത്വം ഉള്ളതും ശാസ്ത്രപരവുമായ ഉത്തരം നൽകാൻ മാത്രം ശ്രമിക്കുക.

മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രം പ്രകാരം 100 മനുഷ്യ ജന്മങ്ങളിലൂടെ മഹാനീതിയായ ദൈവം മഹാശാസ്ത്ര പരമായി സമനീതി എന്ന സമ ആനന്ദത്തെ എല്ലാ മനുഷ്യർക്കും നൽകുന്നുണ്ട്. മനുഷ്യ ജന്മങ്ങളുടെ ഭാഗമായി ഒന്നോ രണ്ടോ പശു-കാള ജന്മങ്ങൾ കൂടിയുണ്ട്; ആവക കാര്യങ്ങളെ ഓംകാര നീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

ദൈവത്തിന്റെ വാതക രൂപവും, ജീവികളുടെയെല്ലാം ജീവനും ആയ ഓക്സിജൻ, ഓരോ വ്യക്തിയുടെയും / ജീവിയുടെയും സർവ്വ ചിന്തകളെയും, മാനസിക പദ്ധതികളെയും, പ്രവർത്തനങ്ങളെയും, സദാ ഭൗതിക ശാസ്ത്ര പരമായി അറിയുന്നുണ്ട്.

മനുഷ്യരെ ഏറെക്കുറെ 18 തവണ ഓരോ മിനുട്ടിലും ശ്വാസോച്ഛ്വാസം ചെയ്യില്ല(പ്പി)ച്ചുള്ള ശാസ്ത്ര സംവിധാനം ഏർപ്പെടുത്തി ക്കൊണ്ട് മനുഷ്യർ ഉൾപ്പെടെ സമസ്ത ജീവികളും ചിന്തിക്കുന്നതും, കരിയില അനങ്ങുന്നതും, മഹാപ്രപഞ്ചത്തിലെ സമസ്ത കാര്യങ്ങളെയും മഹാശാസ്ത്രപരമായി തന്നെ ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ തദ്വാരാ ദൈവം അറിയുന്നുണ്ട്.

ഓക്സിജൻ ലഭ്യമല്ലാത്തതോ കുറവുള്ളതോ ആയ പർവ്വത കൊടുമുടി, ശൂന്യാകാശം, ചന്ദ്രൻ, മറ്റു ഗ്രഹങ്ങൾ, സമുദ്രത്തിന്റെ അടിത്തട്ട് എന്നിവിടങ്ങളിൽ പോകുന്ന മനുഷ്യർ, ഓക്സിജൻ അടങ്ങിയ സിലിണ്ടർ കൂടെ കൊണ്ടു പോകുമ്പോൾ, മഹാപ്രപഞ്ചത്തെ മഹാശാസ്ത്രപരമായി സൃഷ്ടിച്ചിട്ടുള്ള ദൈവം സർവ്വതും മഹാശാസ്ത്രപരമായി തന്നെ സദാ അറിയുകയും മഹാപരിപാലിക്കുകയും ചെയ്യുന്നത് സുവ്യക്തമാണ്. മനുഷ്യർക്ക് ലഭ്യമാക്കിയിട്ടുള്ള ബുദ്ധിശക്തി കൊണ്ട് ആവക കാര്യങ്ങളെ ലളിതമായി സ്വയം വിശകലനം ചെയ്ത് ഗ്രഹിക്കാൻ കഴിയും.

ജീവിയുടെ ആഗ്രഹങ്ങളെ ഭരിക്കുന്നത് ജീവിയുടെ സ്വത്വം എന്ന് വിശേഷിപ്പിക്കാവുന്ന ജീവാത്മാവാണ്; എന്നാൽ ജീവിയുടേതെന്ന് കരുതുന്ന (ദൈവാംശമായ) ശരീരത്തെ ഭരിക്കുന്നത് ശരീരം സ്വയം തന്നെയാണ്; ദൈവത്തിന്റെ ഖര രൂപമായ മണ്ണിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരം, ദ്രാവക രൂപമായ ജലം, വാതക രൂപമായ ഓക്സിജൻ എന്നിവ മൂന്നും ചേർന്നാണ് എന്നും, ഓക്സിജൻ ആണെന്നും പറയാം. ജീവികളുടെയെല്ലാം ശരീരത്തിലെ കോശങ്ങളുടെ നിർമ്മാണം, ശരീര വളർച്ച, രോഗം, രോഗമുക്തി, എന്നിവയെ ഭരിക്കുന്നത് ജീവനായ ഓക്സിജനാണ് എന്നു സാരം.

ദൈവത്തിന്റെ വാതക ദ്രാവക ഖര രൂപങ്ങളായ ഓക്സിജൻ, ജലം, മണ്ണ്/ശരീരം എന്നിവയുടെ മഹാവാത്സല്യത്തെയും മഹാനീതിയെയും അനുഭവിച്ച്, ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്ക് ദൈവ വിപ്ലവത്തോടെ ദൈവകാര്യങ്ങളിലെ സത്യങ്ങളെല്ലാം കൂടുതൽ ബോദ്ധ്യമാകുന്നതാണ്.

## തെറ്റ്, കുറ്റം, എന്നിവയുടെ നിർവ്വചനങ്ങളും ശിക്ഷകളുടെ മാനദണ്ഡങ്ങളും എന്തെല്ലാമാണ് ?

ഭൗതികമായ അസ്തിത്വത്തോടെയും അളവുകളോടെയും പ്രപഞ്ചത്തിലെ മൂലകങ്ങളിൽ ന്യൂനശക്തികൾ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഗുണങ്ങളെയും ദോഷങ്ങളെയും ജീവികളുടെ ധർമ്മശാസ്ത്രപരമായ ആനന്ദ ജീവിതത്തിന് തടസ്സമുണ്ടാക്കുന്ന വിധത്തിൽ സ്വത്വമായ ജീവാത്മാക്കൾ പെരുമാറുന്നതിനെയാണ് തെറ്റ്, കുറ്റം എന്നെല്ലാം പറയുന്നത്. ന്യൂനശക്തികൾ എന്ന അദ്ധ്യായത്തെ ശാസ്ത്രീയമായി സ്വയം വിശകലനം ചെയ്ത് അത്തരം ഒരു നിർവ്വചനത്തെ സ്വന്തമായി രൂപപ്പെടുത്താൻ കഴിയും.

## 2. ഭൗതിക വസ്തുക്കളിലെ ന്യൂനശക്തികളുടെ പ്രവർത്തനം കൊണ്ട് സാധിക്കുന്നതും, ധർമ്മശാസ്ത്ര വിരുദ്ധവുമായ 'പരീക്ഷാ-മാർക്ക് ഇടീൽ, അവാർഡ് ദാനം, സമ്മാനം നൽകൽ, നികുതി പിരിവ്, പിഴ, ജയിൽവാസം, വധം,' തുടങ്ങിയ മനുഷ്യ ജീവിതത്തിലെ കാര്യങ്ങൾക്ക് നീതിന്യായം, നീതി നടത്തിപ്പ് എന്നിവയുമായി യഥാർത്ഥത്തിൽ യാതൊരു ബന്ധവുമില്ല.

ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ വ്യവസായ സാങ്കേതിക വികസനങ്ങളിൽ ഉപയോഗിച്ചാണ് അനന്തമായ ആനന്ദങ്ങളെ മണ്ണിൽ നിന്നും നേടാൻ മണ്ണിൽ ജീവിക്കുന്ന മനുഷ്യന് സാധിക്കുന്നത്. ഭൗതികമായ അസ്തിത്വവും, അളവുകളും സർവ്വത്തിനും വേണമെന്ന് അറിഞ്ഞും അനുഭവിച്ചും കഴിയുന്നവരാണ്. അങ്ങനെയിരിക്കെ, ദൈവം ബുദ്ധിശക്തി ഏറെ നൽകിയിട്ടുള്ള ജനങ്ങൾക്ക് 'നീതി കാര്യങ്ങളെയും' ഭൗതിക ശാസ്ത്ര പരമായി വിശദീകരിക്കാൻ കഴിയണം.

**അതായത് മേൽപ്പറഞ്ഞ പരീക്ഷാ-മാർക്ക് ഇടീൽ, അവാർഡ് ദാനം, സമ്മാനം നൽകൽ, നികുതി പിരിവ്, പിഴ, ജയിൽ വാസം, വധം, തുടങ്ങിയ കാര്യങ്ങളിലെ നീതിന്യായം, നീതി നടത്തിപ്പ് എന്നിവയ്ക്ക് ഭൗതികമായ അസ്തിത്വവും അളവുകളും ഹാജരാക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്; ആധാരമായി ഭൗതിക അസ്തിത്വം ഉള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ചൂണ്ടിക്കാട്ടാനും തീർച്ചയായും കഴിയണം.**

**ഉദാഹരണത്തിന് അണ്ടൻ എന്ന ജനസേവകന് അഥവാ പ്രദേശ ഭരണാധികാരി, മന്ത്രി എന്നെല്ലാം അറിയപ്പെടുന്ന തെമ്മാടി = എമ്പോക്കിക്ക് സാധന വിലയുടെ 10% നികുതി എന്നും, കുണ്ടൻ എന്ന മറ്റൊരു എമ്പോക്കിക്ക് വിലയുടെ 100% നികുതി എന്നും, നിശ്ചയിക്കാൻ സാധിക്കണമെങ്കിൽ, മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ള ഭൗതിക / ധർമ്മ ശാസ്ത്ര നിയമങ്ങളിൽ അവ ഉണ്ടാകണം; തെളിയിക്കാനും കഴിയണം.**

## 3. മനുഷ്യന്റെ ഒരു ജന്മ ആയുസ്സിന്റെ അടിസ്ഥാനത്തിൽ നീതി നടപ്പാക്കാൻ കഴിയില്ല. 100 ജന്മങ്ങളിലൂടെ സത്യമാകുന്ന തുല്ല്യ-ആയുസ്സിലാണ് ദൈവം നീതി നടപ്പാക്കുന്നത്.

**ഒരു മാസമോ 10 വർഷമോ മാത്രം ആയുസ്സിൽ മരിക്കുന്ന കുട്ടിയുടെ മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരാണ് യഥാർത്ഥത്തിൽ ശിക്ഷിക്കപ്പെടുന്നത് എന്നതിനെ കണക്കാക്കിയാൽ, പുനർജ്ജന്മങ്ങളിലൂടെ 100 ജന്മങ്ങൾ നീണ്ട സമ- ആയുസ്സുമായാണ് നീതി ബന്ധപ്പെട്ടിരിക്കുന്നത് എന്ന് സുവ്യക്തമാണ്. അക്കാരണത്താൽ മാനുഷിക ചിന്താഗതി വച്ചുള്ള 'ഒരു ജന്മ നീതി പരിഗണന' തെറ്റാണ്.**

ഉദാഹരണത്തിന്, സൃഷ്ടിപരമായ വിധി പ്രകാരം ഒരു വ്യക്തിയുടെ ആയുസ്സ് 50 വയസ്സാണെങ്കിൽ, ചെറു പ്രായത്തിൽ ആയുധം കൊണ്ട് മാരകമായി മുറിവ് ഉണ്ടാവുകയോ, മാരക രോഗം കൊണ്ടോ, ട്രെയിൻ തട്ടുകയോ, ആന ചവിട്ടി കൂട്ടുകയോ ഒക്കെ ചെയ്താൽ, ജീവാത്മാവിനെ പുറത്താക്കാനും, സ്വയം പുറത്ത് പോകാനും ജീവികളുടെയെല്ലാം ജീവനായി പ്രവർത്തിക്കുന്ന ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ ഭൗതിക ശാസ്ത്ര പ്രകാരം ബാദ്ധ്യസ്ഥമാണ്. അസാധാരണമായ സാഹചര്യങ്ങളിൽ ജീവിയെ ഭൗതിക ശാസ്ത്ര പരമായി തന്നെ നിലനിർത്താൻ ഓക്സിജൻ തയ്യാറാകുമെങ്കിലും, സാധാരണ ഗതിയിൽ, സ്ഥിതി പരമായി ആയുസ്സ് ഏതാനും മാസങ്ങളോ വർഷങ്ങളോ മാത്രമായി അവസാനിപ്പിക്കുന്നതാണ്.

'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', ഓരോ മനുഷ്യനെയും വെവ്വേറെയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ മുഴുവൻ ചെയ്തികളെയും സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം കണക്കാക്കിയുള്ള നീതി നടത്തിപ്പ് മാത്രമേ സമ്പൂർണ്ണമാവുകയുള്ളൂ. ദൈവത്തിനു മാത്രമാണ് അത് കഴിയുക.

ഓരോ മനുഷ്യന്റെയും തനതു ജന്മത്തിലെ സമ്പൂർണ്ണ ജീവിതകാര്യങ്ങളുടെയും കണക്കുകളെ പോലും യാതൊരു മനുഷ്യർക്കും അറിയില്ല; ഏതാനും ദിവസങ്ങളിലെ കാര്യങ്ങളെ പോലും സമ്പൂർണ്ണമായി ഓർക്കില്ല. ദൈവം ഓർമ്മകളെ കുറയ്ക്കുന്നത് കുഞ്ഞുങ്ങളുടെ ജീവിതം കൂടുതൽ ആനന്ദകരമാക്കാനാണ്. കൂടുതൽ ഓർമ്മിക്കണമെങ്കിൽ കൂടുതൽ ദൈവാനുഗ്രഹം വേണം. ദൈവാനുഗ്രഹം കൂടണമെങ്കിൽ, ആത്മപരിശോധനയ്ക്കും തിരുത്തലുകൾക്കും തയ്യാറാവുന്ന മനസ്സ് മനുഷ്യർക്ക് ഉണ്ടാവണം. കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ, മുജ്ജന്മ-തജ്ജന്മ-പിൻജന്മകാര്യങ്ങളുടെയെല്ലാം കണക്കുകളെ 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', മഹാസൂക്ഷിക്കുന്നുണ്ട്.

ദൈവം ശക്തി നൽകിയില്ലെങ്കിൽ ഒരു പുൽക്കൊടി പോലും ഉയർത്താൻ കഴിവില്ലാത്ത സൃഷ്ടികൾ, സ്വന്തം നിസ്സാരതയെ തിരിച്ചറിയാൻ ആദ്യം പഠിക്കണം.

കൈകാലുകൾ, വിരലുകൾ, നാവ്, ചുണ്ട്, കീഴ്ത്താടി, കവിളുകൾ,  കൺപോളകൾ തുടങ്ങി ഏതാനും അവയവങ്ങൾക്ക് ഭാഗികമായ 'ചലന സ്വാതന്ത്ര്യത്തെ' മാത്രം നൽകുകയും; എന്നാൽ ശരീരത്തെ മൊത്തത്തിൽ ഭരിക്കുന്ന പ്രതീതിയെ മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിന് നൽകി ആനന്ദിപ്പിക്കുകയും ചെയ്യുന്ന ശരീരം ദൈവാംശമാണ്; ഓരോ വ്യക്തിക്കും എല്ലാ ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനും ലഭിച്ചിട്ടുള്ള പ്രത്യക്ഷ ദൈവമാണ്. ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാൻ ഉപയോഗിക്കേണ്ടുന്ന ശരീരത്തെ ഇന്ന് അനേകർ ദുരുപയോഗം ചെയ്യുകയാണ്.

## ഭരണാധികാരികളാണെന്നും കേമരാണെന്നും മറ്റും സ്വയമോ, മറ്റുള്ളവർ പറഞ്ഞിട്ടോ തെറ്റിദ്ധരിച്ച് ജീവിക്കുന്നവർക്ക് ശാസ്ത്ര പരമായി വിശകലനം ചെയ്യാൻ ലഘുവും ലളിതവുമായ ഏതാനും വസ്തുതകളെ ചൂണ്ടിക്കാട്ടുന്നു :-

**ഓരോരോ ജീവിക്കും, രൂപത്തിലും ഘടനയിലും പ്രവർത്തനങ്ങളിലും ജന്മഗുണങ്ങളിലും അനുയോജ്യമായ വ്യക്തിസ്വാതന്ത്ര്യത്തെ 'പ്രത്യക്ഷമായി' മഹാഅനുഗ്രഹിച്ചു നൽകുന്നത് 'പ്രത്യക്ഷ ദൈവവും, ദൈവാംശവുമായ ശരീരമാണ്.'**

ഓരോ ജീവിയുടെയും സ്വത്വം എന്ന വിശേഷണമുള്ള ജീവാത്മാവിന്റെ ഇഷ്ടങ്ങൾക്കൊത്ത് ജീവിയുടെ 'ശരീരം' നിർവ്വഹിക്കുന്ന 'പ്രത്യക്ഷമായ' പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ 'കുടിക്കുക, തിന്നുക, കരയുക, ചിരിക്കുക, നോക്കുക, കേൾക്കുക, രുചിക്കുക, മണക്കുക, കളിക്കുക, കൈകാലുകളെ ചലിപ്പിച്ചും ഇന്ദ്രിയങ്ങളെ ഉപയോഗപ്പെടുത്തിയും തൊഴിലുകൾ ചെയ്യുക', തുടങ്ങിയവയാണെന്നു കാണാം. ചെയ്യുന്നത് ശരീരമാണ് എങ്കിലും ജീവാത്മാവിന്റെ ഇഷ്ടങ്ങളെ അനുസരിച്ചാണവ എന്നത് സുവ്യക്തമാണ്. ഭക്ഷണം, മരുന്നുകൾ, യോഗ പോലെയുള്ള കായിക അഭ്യാസങ്ങൾ തുടങ്ങിയവയിലൂടെ ശരീരത്തെ പുഷ്ടിപ്പെടുത്താനും മെലിയിക്കാനും ശക്തിപ്പെടുത്താനും കൈകാലുകളെയും വിരലുകളെയും നാവിനെയുമൊക്ക 'ആവശ്യം പോലെയും ഇഷ്ടംപോലെയും ശക്തിക്കൊത്തും' ചലിപ്പിക്കുവാനും ജീവാത്മാവിനു കഴിയുന്നതാണ്.

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും ലഭിക്കുന്നു. അതായത് ലഭ്യമാവുന്ന അറിവിനും ശക്തിക്കുമൊത്ത് 'ഇഷ്ടംപോലെയെല്ലാം സ്വയം ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും ആവശ്യമായ വിധത്തിൽ', ഏതാനും ശരീര-അവയവങ്ങളെ ചലിപ്പിക്കുവാൻ വ്യക്തിയുടെ സ്വത്വമായ ജീവാത്മാവിന് സാധിക്കുന്നതാണ്.

**ജീവാത്മാവിന് ശരീരത്തിനു മേൽ ഉള്ളതായ സ്വാതന്ത്ര്യം അഥവാ 'അവകാശവും അധികാരവും' യഥാർത്ഥത്തിൽ ശരീരം ജീവാത്മാവിന് നൽകുന്ന ദാനം മാത്രമാണ്.** ശരീരത്തിന്റെ അനന്തമായ പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, 'ജീവാത്മാവിനു നൽകുന്ന സ്വാതന്ത്ര്യങ്ങൾ' നാമമാത്രമാണെന്നു മനസ്സിലാകും. എന്നാൽ ഏവരുടെയും ജീവിത അനുഭവങ്ങളെ സാക്ഷ്യമാക്കുമ്പോൾ, ജീവാത്മാവിന് ശരീരത്തിനു മേൽ ആവശ്യമായ സ്വാതന്ത്ര്യത്തെയും അവകാശത്തെയും തദ്വാരാ അധികാരത്തെയും ശരീരം നൽകിയിട്ടുണ്ട് എന്നതും പ്രസ്തുത അളവുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തോടെ സ്വന്തം കാര്യങ്ങളിലും സമൂഹ കാര്യങ്ങളിലും പ്രവർത്തിക്കുവാൻ ജീവാത്മാവിനു കഴിയുമെന്നതും സത്യമാണ്.

ജീവാത്മാവിന് വ്യക്തിസ്വാതന്ത്ര്യത്തെ ശരീരം അനുവദിച്ചിരിക്കുകയാലും, ജീവാത്മാവിനെയും ശരീരത്തെയും മഹാലയിപ്പിച്ചു പ്രവർത്തിപ്പിക്കുകയാലും, 'മരണം വരെ', അഥവാ 'ശരീരത്തിൽ നിന്നും ജീവാത്മാവിനെ പുറത്താക്കും വരെ', "എന്റെ ശരീരം" എന്ന് പറയാനും പ്രസ്തുത ശരീരത്തിലൂടെ ആനന്ദങ്ങളെയും വേദനകളെയും അനുഭവിക്കാനും ജീവാത്മാവിന് സാധിക്കുന്നു. മഹാഅനുവാദമുണ്ട് എന്നും സാരം.

ഭക്ഷണം, മരുന്നുകൾ, മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവ ജീവാത്മാവിന്റ ഇഷ്ടപ്രകാരമോ അല്ലാതെയോ ബാഹ്യ ശക്തികൾ കാരണമായിട്ടോ ശരീരത്തിൽ പ്രവേശിച്ചാൽ ശരീരം പ്രതിപ്രവർത്തിക്കുന്നതാണ്. ജീവാത്മാവിന് ഉന്മേഷം വർദ്ധിക്കുന്നതും ബുദ്ധിഭ്രമം ഉണ്ടാകുന്നതും, ഭാഗികമായോ പൂർണ്ണമായോ ബോധം നഷ്ടപ്പെടുന്നതും ഒക്കെ ജീവാത്മാവിന്റെ നിസ്സാരതയും നിസ്സഹായതയും; ശരീരത്തിൽ നിന്നുള്ള ഭിന്നതയും സുവ്യക്തമാക്കുന്നുണ്ട്.

പനി, ചുമ, ഉളുക്ക്, ശരീര തളർച്ച, പക്ഷാഘാതം, ഹൃദ്രോഗം, എന്നിങ്ങനെ ചെറുതും വലുതുമായ രോഗങ്ങളിലൂടെയും മരുന്നുകളിലൂടെയും മറ്റും, ജീവാത്മാവിനു നൽകിപ്പോരുന്ന സ്വാതന്ത്ര്യങ്ങളെ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ തിരിച്ചെടുക്കാൻ ശരീരത്തിനു കഴിയുന്നതാണ്. മാത്രമല്ല, ശരീരത്തിലേക്ക് കടുത്ത വിഷത്തെ കുത്തിവയ്ക്കുകയോ, കുടിക്കുകയോ ചെയ്താൽ ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കിക്കൊണ്ട് ജീവിക്കു മരണത്തെ നൽകുവാനും ശരീരം തയ്യാറായെന്നു വരാം.

വിശകലനം ചെയ്യുമ്പോൾ, 'പ്രത്യക്ഷ ദൈവവും, ദൈവാശവുമായ ശരീരം, ജീവാത്മാവിന് 'ചലന സ്വാതന്ത്ര്യത്തെ അനുവദിച്ചിട്ടുള്ള അവയവങ്ങളെയും, വ്യക്തിസ്വാതന്ത്ര്യത്തെയും, ഉപയോഗിച്ച് ജീവാത്മാവിന്റെ ഇഷ്ട പ്രകാരം, കർത്താവായ ജീവാത്മാവ് ചെയ്യുന്ന പ്രവൃത്തികളുടെ ഫലങ്ങളെ അനുഭവിക്കുന്ന 'കർമ്മം' ജീവാത്മാവ് മാത്രമോ മറ്റ് ജീവാത്മാക്കൾ ഉൾപ്പെട്ടോ ആണ്.

**ജീവാത്മാവിന് ജീവി എന്ന അസ്തിത്വത്തെ നൽകുന്ന ശരീരവും ജീവാത്മാവും തീർത്തും ഭിന്നമാണ്. അപ്പോൾ 'ശരീരത്തെ' മനസ്സിലാക്കാൻ മഹാനീതിശാസ്ത്ര പ്രകാരവും മഹാശാസ്ത്രപ്രകാരവും തയ്യാറാവണം:**

ജീവാത്മാവിന്റെ ഇഷ്ടങ്ങളെ വിഷയമാക്കാതെ അദൃശ്യ (വാതകമായ) ജീവാത്മാവിന് 'ശരീരം' നൽകുന്ന 'ശരീരത്തിൽ' മുമ്പു പറഞ്ഞ 'സ്ത്രീ-പുരുഷൻ, ആയുസ്സ്, സൗന്ദര്യം' തുടങ്ങിയ ജന്മഗുണങ്ങളെ സമ്മാനിക്കുകയും, ജീവി എന്ന അസ്തിത്വത്തെ 'പ്രത്യക്ഷമായി' നൽകുകയും ചെയ്യുന്നത് ശരീരമാണ്.

മഹാനീതിശാസ്ത്ര പരമായിട്ടു വിശകലനം ചെയ്യുമ്പോൾ, ദൈവത്തിന്റെ അംശമായിട്ടോ, ഉപാധിയായിട്ടോ ശരീരം പ്രവർത്തിക്കുന്നു എന്ന് സാരം. 'പ്രത്യക്ഷമായ' കർത്താവാണ് ശരീരം എന്നതിനാൽ 'ഉപാധി' എന്നതിന് ഉപരി, 'ദൈവത്തിന്റെ അംശമായിട്ടാണ് ' അഥവാ 'ദൈവമായിട്ടാണ് ' ശരീരം പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കാം.

ഇനി മഹാശാസ്ത്രപരമായിട്ടു വിശകലനം ചെയ്യാം:- 'മണ്ണായ ഭൂമി' എന്ന മഹാരൂപത്തെ 'ദൈവം' സ്വീകരിച്ചിരിക്കുകയാണ് എന്നതും മണ്ണിലെ വസ്തുക്കളെ/ മൂലകങ്ങളെ ഉപയോഗിച്ചാണ് എല്ലാ ജീവികളുടെയും ശരീര-അവയവങ്ങളെ അഥവാ ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് എന്നതും ചേർത്തു നോക്കുമ്പോൾ എല്ലാം സുവ്യക്തമാണ്. ഭൂമിയിലെ മൂലകങ്ങളും സംയുക്തങ്ങളുമായ ഓക്സിജൻ, കാർബൺ, സോഡിയം, തുടങ്ങിയവയെ നിശ്ചയിച്ചതും, ചേർത്ത് ശരീരവും ശരീരത്തിലെ അവയവങ്ങളും നിർമ്മിച്ചതും 'ഭൂമിയായ ദൈവത്തിന്റെ അംശങ്ങളായ' ശരീരം സ്വയമാണ്; സ്വത്വം അറിയുന്നതു പോലും, അനുഭവിക്കുമ്പോൾ മാത്രമാണ്. ഉദാഹരണത്തിന് മുഖക്കുരുവിന്റെ സാന്നിധ്യം !

മണ്ണായ ഭൂമിയിലെ അനവധി മൂലകങ്ങളും സംയുക്തങ്ങളും കൊണ്ടാണ് എല്ലാ ജീവികളുടെയും 'ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് ' എന്നു വ്യക്തമാകുമ്പോൾ, ശരീരത്തോടും പ്രത്യുതാ ഭൂമിയോടും ഓരോ ജീവാത്മാവിനും കടപ്പാട് ഉണ്ടാകുന്നു. ശരീരമായിരിക്കുന്ന ദൈവാംശങ്ങൾ അനുഗ്രഹിച്ചു നൽകുന്ന രൂപവും അറിവും ശക്തികളുമാണ് ജീവികളെ പോലും അന്യോന്യം വ്യത്യാസപ്പെടുത്തുന്നതും സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും !

ശരീരമായി രൂപാന്തരപ്പെടുന്ന മണ്ണിലെ വസ്തുക്കളുടെ സ്വഭാവങ്ങൾക്കും ഗുണദോഷങ്ങൾക്കും ജീവാത്മാവിനു മേൽ സ്വാധീനം ചെലുത്താൻ കഴിയുമെന്നതിന് വ്യത്യസ്ത ഭക്ഷണ സാധനങ്ങളും മരുന്നുകളും മറ്റും സൃഷ്ടിക്കുന്ന പ്രഭാവം സാക്ഷ്യവുമാണ്. അതായത് പ്രത്യക്ഷമായി കർത്താവായിട്ടു പ്രവർത്തിച്ചത് ദൈവമാണ്; ഭൂമിയാണ്; ശരീരമാണ്. ജീവാത്മാവ് അറിയുന്നതു പോലുമില്ല ! മണ്ണും ഭൂമിയുമായ ദൈവം, ജീവാത്മാവിനെ സൃഷ്ടിച്ചിട്ടുള്ളത് ഭൂമിയുടെ ഭാഗമായല്ല എന്നും, 'തത്ത്വമസി' ക്ക് യഥാർത്ഥത്തിൽ ശരീരവുമായാണ് ബന്ധം; ആത്മാവുമായല്ല; എന്നും കൂടിയാണ് അതിന്നർത്ഥം.

**ഓരോ ജീവാത്മാവിന്റെയും സ്വന്തമെന്നു തെറ്റിദ്ധരിച്ചിട്ടുള്ള ശരീരം, പ്രത്യക്ഷമായിട്ട് ജീവാത്മാവിനെ മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുന്നത് എങ്ങനെയെന്ന് ഹ്രസ്വമായി വിശദീകരിക്കുന്നു.**

**മനുഷ്യ ജീവിതത്തിൽ അതിപ്രധാനങ്ങളായ ഏതാനും കാര്യങ്ങളെ മാത്രമാണ് ചുവടെ പരാമർശിക്കുന്നത്. (ആവർത്തനങ്ങൾ വിഷയ വിശദീകരണത്തിന് ആവശ്യമായിട്ടുണ്ട്.)**

(1). 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെ, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനന്തമായ ആനന്ദങ്ങളെയും ജീവാത്മാക്കൾക്കു നൽകുന്നു. ഉദാഹരണമായിട്ട് പാൽ, മുട്ട, പഴങ്ങൾ, പഴച്ചാറുകൾ, പായസം, കഞ്ഞി, ഊണ്, ബിരിയാണി, പിസാ, ഐസ് ക്രീം, തുടങ്ങിയ അനന്തമായ ഭക്ഷണ സാധനങ്ങളെ ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ സ്വത്വമായ ജീവാത്മാക്കൾ രുചിച്ച് ആനന്ദിക്കുന്നു. എന്നാൽ ഭക്ഷണത്തെ ദഹിപ്പിക്കുന്നത് ഉൾപ്പെടെ ബഹുവിധ കാര്യങ്ങളെ 'ചെയ്യുന്നത് ശരീരമാണ്'; ജീവാത്മാവല്ല. കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ഭാരപ്പെടുത്താതെയുള്ള 'ദൈവാംശമായ ശരീരത്തിന്റെ മഹാവാത്സല്യമാണത്.'

**പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് ബോധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, വിസർജ്ജനങ്ങളും, നാഢീവ്യവസ്ഥയും, ശരീര വളർച്ചയും, ദഹന രസങ്ങളുടെയും നാഢീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം ബോധത്തോടെ ജീവാത്മാവ് ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും.**

അതായത്, ജീവാത്മാവ് ഉറങ്ങുമ്പോഴും, ബോധം നഷ്ടപ്പെടുമ്പോഴും, ധാർമ്മികമോ അധാർമ്മികമോ ആയ ആനന്ദങ്ങളിൽ മുഴുകുമ്പോഴുമെല്ലാം ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം, ജീവാത്മാവിനു വേണ്ടി വളരെയധികം പ്രവർത്തനങ്ങളെ സ്വയം ചെയ്തു കൊണ്ടിരിക്കുകയാണ്. ജീവാത്മാക്കളുടെയെല്ലാം ജീവിതം മുഴു-നരകമാവാതെ ജീവാത്മാവിനെ ശരീരം സദാ സംരക്ഷിക്കുന്നു എന്ന് ചുരുക്കം. ശരീരം സ്വയം നിർവ്വഹിക്കുന്ന മേല്പടി മഹാപ്രവർത്തനങ്ങൾക്ക് മഹാശാസ്ത്രപരമായ വിശദീകരണം നൽകാൻ മതജാതിജീവികൾക്കും നിരീശ്വരവാദികൾക്കും മറ്റും കഴിയുന്നതല്ല.

**(2). 'മഹാശക്തിയും ഭൂമിയും മണ്ണും ശരീരവുമായ ദൈവം', കുഞ്ഞുങ്ങളായ ജീവാത്മാക്കൾക്കെല്ലാം, മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നു.**

**മഹാനീതിശാസ്ത്ര പ്രകാരം, ജീവാത്മാവിന് ഭക്ഷണം, തൊഴിൽ, സംഗീതം, ഭക്തി, കലകൾ, സാഹിത്യം, ദാനം, സ്നേഹം, പ്രേമം, കാമം, ദാസ്യം, വാത്സല്യം എന്നിവയിലൂടെ അനന്തങ്ങളായ ആനന്ദങ്ങളെയും വേദനകളെയും നൽകുന്നത് ശരീരത്തെ ഉപാധിയാക്കി കൊണ്ടാണ്.**

മന്ത്രിമാർ ഉൾപ്പെടെ എല്ലാ ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും അഥവാ ജീവാത്മാക്കളുടെയും, ശരീരത്തിലുണ്ടാവുന്ന ചൊറിച്ചിൽ, മുഖക്കുരു, പാണ്ഡ്, മുഴ, പനി, ജലദോഷം, ചുമ, പല്ലുവേദന, വയറ്റുവേദന, ഹെർണിയ, കിഡ്നി കല്ല് വേദന, വെരിക്കോസ് വെയ്ൻ, ശ്വാസംമുട്ടൽ, ക്ഷയം, മഞ്ഞപ്പിത്തം, വസൂരി, മലമ്പനി, കാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, തുടങ്ങിയ രോഗങ്ങളെയും; അപകടങ്ങളിലൂടെയും മറ്റും ശരീരത്തിന് സംഭവിക്കുന്ന മുറിവുകളെയും ക്ഷതങ്ങളെയും അംഗവൈകല്യങ്ങളെയും; മരുന്നുകളെയും, ജനനം മുതൽ മരണം വരെയുള്ള ശരീരത്തിന്റെ ക്രമേണയുള്ള വളർച്ചകളെയും; പ്രസവ വേദന ഉൾപ്പെടെയുള്ള അനന്തമായ ജീവിതകാര്യങ്ങളിൽ ഓരോ മനുഷ്യനും ലഭിക്കുന്ന വൈവിധ്യങ്ങളും വ്യത്യസ്തങ്ങളുമായ ആനന്ദങ്ങളെയും; മരണത്തെയും മഹാഭരിക്കുന്നത് ശരീരം തന്നെയാണ്. ജീവാത്മാവിന് ഇടപെടാൻ കഴിയുന്നത് നാമമാത്രമോ ശൂന്യമോ ആണ്.

മുകളിലുള്ള വസ്തുതകളെ വിശകലനം ചെയ്യുമ്പോൾ, ജനങ്ങളുടെ ജീവിത കാര്യങ്ങളിൽ സമനീതി നിർവ്വഹിക്കാൻ 'മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും പോലീസും മറ്റും ഉൾപ്പെട്ട മനുഷ്യ- ഭരണാധികാരികൾക്കോ, സമൂഹത്തിലെ ഏതെങ്കിലും മനുഷ്യർക്കോ' കഴിയുന്നതല്ലാ എന്ന് സുവ്യക്തമാകുന്നതാണ്.

മഹാശക്തിയും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയുമായ ഏകദൈവം, സൃഷ്ടികളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് അവരുടെ ശരീരത്തിൽ ഗുണങ്ങളെയും ജന്മഗുണങ്ങളെയും സൃഷ്ടിച്ചുകൊണ്ടാണ്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ശരീരം സൃഷ്ടിക്കുന്നതായിട്ട് പ്രത്യക്ഷമായി മനസ്സിലാക്കാൻ കഴിയുന്ന അതാത് അവസ്ഥാ ഗുണങ്ങളും, ജന്മഗുണങ്ങളുമാണ് അഥവാ ശരീരമാണ് ജീവാത്മാക്കൾക്കെല്ലാം മഹാസമനീതിയെ പ്രകടമായും നൽകുന്നത്. ജീവിനിർണ്ണയം, സ്ത്രീ-പുരുഷൻ, രൂപം, അവയവങ്ങളും പ്രവർത്തനങ്ങളും, ആയുസ്സ്, ആരോഗ്യം, മുഖഛായ, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയാണ് ജന്മഗുണങ്ങൾ എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു.

ശരീരം മഹാനിർവ്വഹിക്കുന്ന മഹാനീതികാര്യങ്ങളെ ജീവാത്മാവിനു ചെയ്യാൻ കഴിയുന്നതല്ലാ എന്നതിന് ഒരു ഉദാഹരണം കുറിക്കാം : ഇന്നത്തെ ഭൂമിയിലെ സുമാർ 750 കോടി ജനങ്ങൾക്ക് 'തുല്യമായ സൗന്ദര്യം' നൽകിയാൽ മുഖഛായ, അവയവ രൂപം, നിറം, സ്ത്രീ-പുരുഷൻ എന്നിവയിലെ വ്യത്യാസങ്ങൾ അവസാനിക്കുന്നതും അന്യോന്യം തിരിച്ചറിയാൻ കഴിയാതെ ജനങ്ങളെല്ലാം കഷ്ടപ്പെടുന്നതുമാണ്. മുഖഛായ പോലെയുള്ള കാര്യങ്ങളെ നിർവ്വഹിക്കാൻ ജനങ്ങളെയോ (ജനങ്ങളുടെ) ഭരണാധികാരികളെയോ ചുമതലപ്പെടുത്താൻ ദൈവം തയ്യാറായാൽ, വേണ്ട വേണ്ട എന്നുപറഞ്ഞ് സേവകർ / ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും ഒഴിയുന്നതാണ്. മറ്റു ജന്മഗുണങ്ങളായ സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, മുഖഛായ, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയിലെ വ്യത്യസ്തത കൂടി ജീവാത്മാക്കളെ ഏല്പിക്കാനാവുമോ എന്നതും ചിന്തിക്കണം ! ജന്മഗുണങ്ങളിലെ വ്യത്യസ്തത; അതിസങ്കീർണ്ണവും അതിവിപുലവുമായ മുജ്ജന്മ-പിൻജന്മങ്ങൾ, കാലഘട്ടവും ജനപ്പെരുപ്പവും ശാസ്ത്രവികസനവും സമന്വയിച്ച് ആവശ്യമാക്കുന്ന ബഹുവിധ കാര്യങ്ങൾ, തുടങ്ങിയവയെല്ലാം ജീവാത്മാവിനു ചെയ്യാൻ കഴിയാത്തതായ മഹാനീതികാര്യങ്ങളാണ്.

കൂടാതെ ഭൂകമ്പം, സുനാമി, അഗ്നിബാധ, അഗ്നി പർവ്വതം, കാട്ടുതീ, കൊടുങ്കാറ്റ്, മഞ്ഞ്, മഴ, വെയിൽ, ചൂട്, കാലാവസ്ഥ, തുടങ്ങിയവയും ഉൾപ്പെട്ട പ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാനീതിശാസ്ത്ര പ്രകാരം എപ്പോഴും മഹാഭരിക്കുന്നത് ജീവാത്മാവോ മറ്റുള്ള ജീവികളോ അല്ലാ എന്നത് വളരെ പ്രധാനമാണ്. ഓരോ പ്രദേശങ്ങളിലെയും കാലാവസ്ഥ അല്പമൊന്ന് വ്യത്യാസപ്പെടുമ്പോൾ, ഉദാഹരണമായിട്ട് സൂര്യന്റെ ചൂട് കൂടുകയും നദികളും തോടുകളുമെല്ലാം വറ്റിവരളുകയും ജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്നത് തുടർന്നാൽ ഭരണാധികാരികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്കും മറ്റു ജീവികൾക്കും നാടും കാടും ഉപേക്ഷിക്കുകയോ ദാഹിച്ചു മരിക്കുകയോ വേണ്ടിവന്നേക്കും!

ജനങ്ങളുടെ ഏതാനും പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള ഭരണകൂടം, ധർമ്മശാസ്ത്രപരമായോ ധർമ്മശാസ്ത്ര വിരുദ്ധമായോ പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുകയോ പീഢിപ്പിക്കുകയോ ചെയ്യുന്നതാണ് ജനസേവനം/ ഭരണം എന്ന് ധരിച്ചിട്ടുള്ള കുഞ്ഞുങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിച്ചാലും.

മുമ്പ് പ്രസ്താവിച്ചതു പോലെ ഓരോ മനുഷ്യന്റെയും ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിലെ മുഴുവൻ ചെയ്തികളെയും സൃഷ്ടിപരമായ വിധി, സ്ഥിതിപരമായ വിധി എന്നിവ പ്രകാരം കണക്കാക്കിയുള്ള നീതി നടത്തിപ്പ് മാത്രമേ സമ്പൂർണ്ണമാവുകയുള്ളൂ. ദൈവത്തിനു മാത്രമാണ് അത് കഴിയുക. ജനസേവകൻ, ഭരണാധികാരി എന്നെല്ലാം പറയുന്ന മനുഷ്യന് അത് കഴിയില്ല. ജനസേവകൻ, ഭരണാധികാരി എന്നെല്ലാം പറയുന്ന സംവിധാനം വേണമോ വേണ്ടയോ തുടങ്ങിയ കാര്യങ്ങളെ പിന്നീട് വേറിട്ട് വിശദീകരിക്കാം.

# മനുഷ്യൻ എന്ന വ്യക്തിയുടെ/ജീവിയുടെ സ്വത്വമായ ജീവാത്മാവിനെ സംബന്ധിച്ച ഏതാനും മഹാപാഠങ്ങളെ കൂടി ചുവടെ വെളിപ്പെടുത്തുന്നു.

തത്സമയ ജീവിശരീര-രൂപം, സ്ത്രീ പുരുഷ വ്യത്യാസം, മുഖഛായ, ചർമ്മഗന്ധം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം തുടങ്ങിയ **ജന്മഗുണങ്ങൾ തന്നെ 2 വിധമുണ്ട്. ഗൂഢവും, പ്രകടവും.** ജീവാത്മാവിന്റെ സൃഷ്ടിപരമായ ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, മാതാപിതാക്കളുടെ ഔന്നത്യം- സൃഷ്ടിപരമായ ആയുസ്സ് -ആരോഗ്യം- സാമ്പത്തിക ഭദ്രത എന്നിവ ഗൂഢ- ജന്മഗുണങ്ങളാണ്. ഒരു വ്യക്തിയെ കാണുമ്പോൾ, അഥവാ വ്യക്തിയുടെ ശരീരത്തിൽ നിന്നും മേല്പടി ജന്മഗുണങ്ങളെ അറിയാൻ കഴിയുന്നതല്ല; അറിയാവുന്ന അവസ്ഥ ഉണ്ടായും കൂടാ; ഉണ്ടായാൽ ജീവിതത്തിലെ ആനന്ദം കുറയുകയും ഇല്ലാതാവുകയും ചെയ്യുന്നതാണ്.

പ്രകട ജന്മഗുണങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവാത്മാക്കൾ അന്യോന്യം കാണുകയും കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുക. ജീവിയുടെ ശരീര-രൂപം, സ്ത്രീ പുരുഷ വ്യത്യാസം, മുഖഛായ, ചർമ്മഗന്ധം, സൗന്ദര്യം, നിറം, എന്നിവ പ്രകട ജന്മഗുണങ്ങളാണ്. എന്നുവച്ചാൽ അവയെ പ്രത്യക്ഷമെന്നോണം ജീവിയുടെ ശരീരത്തിൽ ചേർക്കേണ്ടതുണ്ട്; ചേർത്തിട്ടുണ്ട്; അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുമുണ്ട്. മഹാനീതി ശാസ്ത്ര പ്രകാരം പ്രകട-ജന്മഗുണങ്ങളെ ശരീരത്തിൽ ചേർക്കുന്നത് ദൈവമാണെന്ന കാര്യം മനുഷ്യരുടെ ശ്രദ്ധയിൽ പെടുത്തുന്നില്ല. മനുഷ്യർക്ക് അതറിയാവുന്ന അവസ്ഥ ഉണ്ടായാൽ; ദൈവത്തിന്റെ പ്രത്യക്ഷ സാന്നിധ്യം ഉണ്ടാകും പോലെയാണ്; ജീവിതത്തിലെ ആനന്ദം കുറയുകയും ഇല്ലാതാവുകയും ചെയ്യുന്നതാണ്.

സ്ത്രീ പുരുഷ ബീജങ്ങളിൽ ജീനുകൾ എന്ന പേരിലും മറ്റും രൂപപ്പെടുത്തുന്ന ജന്മഗുണങ്ങളെ ജീവാത്മാവിനോടൊപ്പം ഭ്രൂണത്തിന്റെ മൂല-ശരീരത്തിലേക്ക് പ്രവേശിപ്പിക്കുമ്പോഴും, 'ഭ്രൂണം' വളർന്ന് 'കുഞ്ഞ്, കുട്ടി, കുമാരൻ/കുമാരി, യുവാവ്/യുവതി, അച്ഛൻ/ അമ്മ, മുത്തച്ഛൻ/മുത്തശ്ശി, വൃദ്ധൻ/വൃദ്ധ എന്നിങ്ങനെ മാറ്റമുണ്ടാകുമ്പോൾ, മേല്പടി പ്രകട-ജന്മഗുണങ്ങൾ പ്രകടമാവണം. പ്രകടമാവണമെങ്കിൽ അവയെ ചേർക്കേണ്ടത് ജീവാത്മാവിനെ വഹിക്കുന്ന ശരീരത്തിന്റെ ചർമ്മത്തിലാവണം.

പ്രകട ജന്മഗുണങ്ങളായ ശരീര-രൂപം, മുഖഛായ, സൗന്ദര്യം, നിറം, തനിപ്പെട്ട ഗന്ധം-ശബ്ദം, എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യർ അന്യോന്യം കാണുന്നതും അറിയുന്നതും ചർമ്മം ആവരണം ചെയ്തിരിക്കുന്ന ശരീരത്തെയാണ്. ജീവികളെല്ലാം ജീവാത്മാവിന്റെ ഭാവങ്ങളും ആനന്ദങ്ങളുമായ വാത്സല്യം, സ്നേഹം, പ്രേമം, കാമം തുടങ്ങിയവ അനുഭവിക്കുന്നത് മുഖ്യമായും ചർമ്മം വഴിയാണ്. നാവ്, കണ്ണ്, ചെവി, മൂക്ക്, മുല, ലിംഗം, നാഭി, കൈപ്പത്തി, കാൽപ്പാദം, ... എന്നിവയുടെ ചർമ്മത്തെയും അവയിലൂടെ ലഭ്യമാകുന്ന ആനന്ദങ്ങളെയും പ്രത്യേകമായും സാധാരണമായും അനുഭവിച്ചു കൊണ്ട് ജീവാത്മാവ് ശരീരത്തിൽ മുഴുവൻ വ്യാപരിക്കുന്നു. ജീവാത്മാവിന് അസ്തിത്വത്തെ സംബന്ധിച്ച പിണ്ഡ ബോധം നൽകാതെ ചർമ്മത്തിലൂടെ വ്യാപരിപ്പിക്കുകയാണ് എന്നും അറിയണം. **മാത്രമല്ല; ജീവാത്മാക്കൾക്ക് അന്യോന്യം അറിയാനും ബന്ധപ്പെടാനും ആനന്ദങ്ങളെ അനുഭവിക്കാനും 'പ്രകട ജന്മഗുണങ്ങളെ ചർമ്മവുമായി' ബന്ധിപ്പിക്കുമ്പോൾ, ഗൂഢ-ജന്മഗുണങ്ങളെ ശരീരത്തിലെ ഇതര അവയവങ്ങളുമായും കോശങ്ങളുമായും ഉചിതമായി ബന്ധിപ്പിച്ചിരിക്കുകയാണ്.**

**ജീവാത്മാവിന്റെ സ്വന്തമായ 'പ്രകട ജന്മഗുണങ്ങളെ' ചർമ്മത്തിലൂടെ പ്രകടമായും, 'ഗൂഢ ജന്മഗുണങ്ങളെ' ഗൂഢമായും വഹിക്കുന്ന 'ശരീരം' സമസ്ത ആനന്ദങ്ങളെയും ജീവാത്മാവിനു നൽകി ക്കൊണ്ട് ജീവാത്മാവിനു വേണ്ടി സദാ പ്രവർത്തിക്കുന്ന ദൈവീക-മഹാവാത്സല്ല്യത്തെ ജീവാത്മാവ് തിരിച്ചറിയുന്നില്ല എന്നേയുള്ളൂ. കുഞ്ഞുങ്ങളായ ജീവാത്മാക്കൾ ധർമ്മശാസ്ത്ര പരമായി ആനന്ദിച്ചു ജീവിക്കുക എന്നല്ലാതെ സർവ്വത്തിനും അതീതവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിനും, ദൈവാംശമായ ശരീരത്തിനും കുഞ്ഞുങ്ങളിൽ നിന്നും യാതൊന്നും വേണ്ട.**

ചർമ്മത്തിലൂടെ ശരീരം മുഴുവനും ജീവാത്മാവാണെന്ന പ്രതീതിയെ സൃഷ്ടിച്ചും ജീവാത്മാവിനെ ശരീരം ആനന്ദിപ്പിക്കുന്നുണ്ടെന്ന് വിശകലനം ചെയ്താൽ ബോദ്ധ്യമാകും. മേല്പടി ബഹുവിധ കാരണങ്ങളാൽ ചർമ്മത്തെ, ശരീരത്തിൽ നിന്നും വേറിട്ട് വിശകലനം ചെയ്യണം.

...

ദൈവത്തിന്റെ മഹാഖര രൂപവും മണ്ണുമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരം ദൈവാംശവും, പ്രത്യക്ഷ ദൈവവുമായി ക്കൊണ്ട്, അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായി ഇല്ലാത്ത ആത്മാവിന് സമസ്ത ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനും വഴിയൊരുക്കുന്നു എന്ന് സ്വയം വിശകലനം ചെയ്താൽ തന്നെ ബോദ്ധ്യമാകും.

മണ്ണും ഭൂമിയും നാടുകളും ദേശങ്ങളും ശരീരങ്ങളും ആകാശവും സമസ്ത പ്രപഞ്ചവുമായി ആദിയും അന്തവും ഇല്ലാത്ത മഹാരൂപത്തെ സ്വീകരിച്ചു കൊണ്ട്, 'വാതക രൂപമായ ഓക്സിജൻ, ദ്രാവക രൂപമായ ജലം, ഖര രൂപമായ മണ്ണ്' എന്നിങ്ങനെ ലഘുവായും ലളിതമായും കുഞ്ഞുങ്ങളായ ജീവാത്മാക്കളെ ശാസ്ത്ര കാര്യങ്ങളെ അറിയിക്കുന്നുണ്ട് ദൈവം.

പ്രകടവും ഗൂഢവുമായ ജന്മഗുണങ്ങളെ മുഴുവൻ ദൈവാംശമായ ശരീരത്തോടു ബന്ധിപ്പിക്കുന്നത്, ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ, ദ്രാവക രൂപമായ ജലം എന്നിവയാണ്. ജീവികളുടെയെല്ലാം ജീവനും ശക്തിയും കൂടിയായ 'ഓക്സിജൻ' ജീവാത്മാവിനെ ശരീരത്തിൽ ബന്ധിക്കുന്നു. ജീവാത്മാവ് ശരീരം കൊണ്ട് നേടിയ ഭക്ഷ്യ പോഷകങ്ങളായ ശക്തികളെയും രോഗങ്ങളെയും ഗൂഢ-ജന്മഗുണങ്ങളെയും മറ്റും രക്തത്തിലെ ജലം 'ഓക്സിജന്റെ' സഹായത്തോടെ ശരീരത്തിൽ മുഴുവൻ വ്യാപരിപ്പിക്കുന്നു.

ചർമ്മം നീക്കം ചെയ്ത് മാംസമായിരിക്കുന്ന ശരീരത്തോടും, പൊട്ടിയ / വ്രണങ്ങളുള്ള ചർമ്മത്തോടും ആത്മാവിന് അഥവാ ജീവികൾക്ക് ഉണ്ടാകുന്ന വികാര വിചാരങ്ങൾ വ്യത്യസ്തമായിരിക്കും.

പാൽ, നെല്ലരി, ഗോതമ്പ്, കപ്പ, പഴങ്ങൾ, പച്ചക്കറികൾ, മുട്ട, മാംസം, മീൻ എന്നിവയിലെ ഒരേ വർഗ്ഗത്തിന് സമാനമായ രുചിയും മണവും ഗുണവും (പോഷകങ്ങളും) ആണെന്ന് മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും അനുഭവിച്ച് അറിയാം. ആട്, പോത്ത്, കോഴി, നെയ്മീൻ, മത്തി, അയല, കരിമീൻ എന്നിവയുടെ മാംസത്തെ ഭക്ഷിച്ച് അറിയാമെങ്കിൽ, ഭക്ഷിക്കാതെ തന്നെ ഭൂമിയിലെ മനുഷ്യരുടെ ശരീരത്തെ 'മാംസം' എന്ന ഭക്ഷണമായി കണക്കാക്കിയാൽ മാംസത്തിന് സമാനവും തനതുമായ രുചി ഉണ്ടാകുമെന്ന് നിസ്സാരമായി മനസ്സിലാക്കാൻ കഴിയും.

മാതാപിതാക്കളുടെ സ്വത്വമായ ജീവാത്മാക്കൾക്ക് 'സ്ത്രീയോ പുരുഷനോ ആയ കുഞ്ഞായ പുതിയ മനുഷ്യന്റെ' സൃഷ്ടിക്ക് കാരണമായ 'ബീജം എന്ന ജന്മഗുണങ്ങളെ ചേർത്ത ജീവാത്മാവിനെയും' അണ്ഡം എന്ന മൂല-ശരീരത്തെയും' സൃഷ്ടിക്കുന്നതിൽ, പങ്കില്ലെന്നും മാതാപിതാക്കളിലെ ശരീരത്തിനാണ് പങ്കെന്നും, ദൈവാംശം മാത്രമായ അവരിലെ ശരീരം സ്വയം നിർവ്വഹിക്കുകയാണെന്നും മുമ്പ് വിശദീകരിച്ചതാണ്. ഭ്രൂണത്തിന്റെ സ്ത്രീപുരുഷ-ലിംഗവ്യത്യാസത്തെ നിശ്ചയിക്കുന്നതിലും മാതാപിതാക്കളായ ജീവാത്മാക്കൾക്കു പങ്കില്ല... തെളിയിക്കുന്നു...

ശരീരത്തിന്റെ പൊതുവായ രൂപം, ഘടന, ഓരോരോ അവയവങ്ങളുടെയും രൂപം, എണ്ണം, നിർമ്മാണം, പ്രവർത്തനം, വളർച്ച, കോശങ്ങളുടെ നിർമ്മാണവും പ്രവർത്തനവും തുടങ്ങിയവ നിശ്ചയിക്കുന്നതും ചെയ്യുന്നതും ജീവിയുടെ സ്വത്വം, വ്യക്തി ബോധം, എന്നെല്ലാം അറിയപ്പെടുന്ന ജീവാത്മാവല്ല. പുറമെ നിന്ന് യാതൊരാളും പ്രത്യക്ഷമായി വന്ന് ശരീരത്തിൽ പ്രവർത്തിക്കുന്നില്ല. വേറിട്ട സ്വത്വത്തെ സ്വീകരിക്കാതെ, ശരീരം സ്വയം ജീവാത്മാവിനു വേണ്ടി യാതൊരു സ്വാർത്ഥങ്ങളും ഇല്ലാതെ മഹാവാത്സല്ല്യത്തോടെ പ്രവർത്തിക്കുന്ന മഹാഅത്ഭുതമാണ് സംഭവിക്കുന്നത്.

യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന് എല്ലാ ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനുമായി ശരീരം സ്വയം ജീവാത്മാവിനു വേണ്ടി പ്രവർത്തിക്കുകയാണ്. ഉദാഹരണത്തിന്, ശരീരം വിശപ്പിനെ ഉണ്ടാക്കുമ്പോൾ, ശരീരത്തിലെ അവയവങ്ങൾ കൊണ്ട് ഭക്ഷണം കഴിക്കുന്നത് ജീവാത്മാവ് ആണെങ്കിൽ, പകരം ജീവാത്മാവിന് ബഹുവിധ രുചിയും മണവും ഗുണവും തൃപ്തിയും ചേർന്ന ഭക്ഷണ ആനന്ദത്തെ ശരീരം നൽകുകയും, ഒപ്പം അവയവ വളർച്ച, രോഗ മുക്തി, നര തുടങ്ങിയ അനേകം പ്രവൃത്തികളെ (ജീവാത്മാവിനു വേണ്ടി) ശരീരം സ്വയം ചെയ്യുന്നു.

ജീവാത്മാവിന് ഭക്ഷണ ആനന്ദത്തെ കൂടാതെ, സംഗീതം ഉൾപ്പെടെയുള്ള വിനോദങ്ങളിൽ നിന്നും, തൊഴിലിൽ നിന്നും; ഭക്തി, വാത്സല്യം, സ്നേഹം, പ്രേമം, കാമം തുടങ്ങിയവയിൽ നിന്നും 'ആനന്ദങ്ങളെ' ലഭ്യമാക്കുന്നതും ശരീരമാണ്.

സ്വയം പ്രവർത്തിക്കുവാൻ മഹാശക്തിയായ ദൈവത്തിനും ദൈവാംശങ്ങൾക്കും മാത്രമേ കഴിയൂ. അനേകം കോടി ജീവാത്മാക്കൾ ഉള്ളതിനാൽ, ഓരോ ശരീരവും ദൈവാംശം മാത്രമാണെന്നു തെളിയുന്നു.

**സ്രഷ്ടാവും സൃഷ്ടിയും രണ്ടായിരിക്കുമ്പോൾ; യാതൊന്നും സ്വന്തമായി ഇല്ലാത്ത സൃഷ്ടിയായ ജീവികൾക്ക് പ്രത്യക്ഷമായ അസ്തിത്വവും, ജീവിക്കാൻ ആവശ്യമായ ശക്തികളും, ആനന്ദങ്ങളും ഉൾപ്പെടെ സർവ്വവും നൽകേണ്ടതായ കടമ സ്രഷ്ടാവിനുണ്ട്.**

**ആനന്ദങ്ങളെയെല്ലാം ദൈവം പ്രത്യക്ഷമായി ജീവികൾക്കു നൽകിക്കൊണ്ടിരുന്നാൽ, സ്രഷ്ടാവ് കാരണമായി ജീവികളെല്ലാം യാതൊന്നും ചെയ്യാൻ ഇല്ലാത്തവരും, സൃഷ്ടി അർത്ഥശൂന്യവുമായി മാറും. അത് ഒഴിവാക്കണമെങ്കിൽ, സ്രഷ്ടാവായ ദൈവത്തിന്റെയും, സൃഷ്ടിയായ ജീവികളുടെയും അസ്തിത്വം, സാന്നിദ്ധ്യം എന്നിവയിൽ ഭാഗികമായി ഗൂഢത കൂടി ഉണ്ടാവണം. അതിനായി ദൈവത്തിന്റെ അംശം ശരീരമായി ജീവാത്മാവിന്റെ ഒപ്പം കൂടിയിരിക്കുകയാണ്. ...**

**ജീവാത്മാവിന് ശക്തി ഉൾപ്പെടെയുള്ള ആനന്ദങ്ങളെയും നീതികളെയും ശരീരത്തിലൂടെ ലഭ്യമാക്കുന്നതിനു വേണ്ടി ശരീരം സ്വയം സദാ പ്രവർത്തിക്കുന്നു.**

**ശരീരം**, ജീവാത്മാവിന് അനുവദിച്ചിട്ടുള്ള നാവ്, വിരലുകൾ, കൈകാലുകൾ, കീഴ്ത്താടി, ചുണ്ട്, കവിളുകൾ, കൺപോളകൾ **എന്നിവയുടെ ഭാഗികമായ ചലനങ്ങളെ കൊണ്ട് ജീവാത്മാവിന് ഇഷ്ടങ്ങളെ നേടാവുന്നതാണ്. ഉദാഹരണത്തിന് 1) വാത്സല്യം, സ്നേഹം, കാമം, ദാനം..... 2) നക്കുക, ഭക്ഷിക്കുക, കുടിക്കുക, നടക്കുക, ഓടുക, ..... തൊഴിൽ ചെയ്യുക, സമ്പാദിക്കുക.**

**ഓരോ ജീവിയുടെയും - ഓരോരോ പുരുഷന്റെയും സ്ത്രീയുടെയും ശരീരം ദൈവാംശം ആണെങ്കിലും, അടിസ്ഥാന പരമായി ഓരോ ശരീരവും പ്രവർത്തിക്കുന്നത് ഒരൊറ്റ വ്യക്തിക്കു വേണ്ടി മാത്രം ആവുകയാൽ, വ്യക്തിയെ സംബന്ധിച്ചിടത്തോളം വ്യക്തിക്ക് ലഭിച്ചിട്ടുള്ള ശരീരം വ്യക്തിയുടെ മാത്രം സ്വന്തമായ ദൈവാംശമാണ്; പ്രത്യക്ഷ ദൈവമാണ്. അതായത്, "എന്റെ" എന്ന 'അവകാശത്തെ' ശരീരം തന്നെ ജീവാത്മാവിന് നൽകാതെ നൽകുന്നുണ്ട്.**

ജീവാത്മാവിനു വേണ്ടി മാത്രം പ്രവർത്തിക്കുന്ന ദൈവാംശമായ ശരീരത്തിനോട് ധർമ്മശാസ്ത്ര പ്രകാരം പെരുമാറാൻ ജീവാത്മാവിന് സ്വയം ബാദ്ധ്യതയുണ്ട്. ഉദാഹരണത്തിന്, ശരീരം, ജീവാത്മാവിനു വേണ്ടി ചിട്ടപ്പെടുത്തിയിട്ടുള്ള നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങൾക്കും കോശങ്ങൾക്കും അവയവങ്ങൾക്കും രോഗങ്ങളുടെ രൂപത്തിലും മറ്റും വിനാശം ഉണ്ടാക്കുന്നതായ മദ്യപാനം, പുകവലി, മയക്കുമരുന്ന്, തുടങ്ങിയവ ഒഴിവാക്കുവാൻ ജീവാത്മാവിനു വേണ്ടി ജീവാത്മാവ് ശ്രദ്ധിക്കണം. ജീവാത്മാവിന്റെ അലംഭാവം, അഹങ്കാരം, ദുഷ്ക്കാമം, ദുശ്ശീലങ്ങൾ,... എന്നിവയ്ക്ക് ആനുപാതികമായി അംഗവൈകല്ല്യം, കുഷ്ഠം, കാൻസർ, എയ്ഡ്സ് തുടങ്ങിയ രോഗങ്ങളെ, 'മൂലകങ്ങളിലെ ന്യൂനശക്തികളെ' കൊണ്ട്  ഓംകാര നീതിശാസ്ത്ര പ്രകാരം ശരീരം നിർവ്വഹിക്കുന്നതാണ്.

വ്യാപാര സ്ഥാപനങ്ങളിലും മറ്റും പ്രദർശിപ്പിച്ചിരിക്കുന്ന പ്രതിമകളെയും പാവകളെയും ജീവനുള്ളവയായി തെറ്റിദ്ധരിച്ചും, അറിഞ്ഞു കൊണ്ട് ദുരുപയോഗിച്ചും സമൂഹത്തിൽ ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവർത്തനങ്ങൾ വർദ്ധിക്കുന്നുണ്ട്. പ്രധാന കാരണം, മദ്യം പോലെ, അടിസ്ഥാന പരമായി വിഗ്രഹം അധമമാണ്; പാടില്ല.

ദൈവ വിപ്ലവത്തോടെ വിഗ്രഹങ്ങളും, വിഗ്രഹങ്ങളുടെ കൂമ്പാരമായ അനേകം മതദേവാലയങ്ങൾ തന്നെയും അവസാനിക്കുന്നതാണ്.!

**പഠിക്കാനുള്ള സൗകര്യത്തിന് ശിവലിംഗത്തെ വിഗ്രഹം എന്നും പരാമർശിക്കുമെങ്കിലും യഥാർത്ഥത്തിൽ ശിവലിംഗം വിഗ്രഹമല്ല എന്ന് ആവർത്തിക്കുന്നു.**

മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്.

മറ്റുള്ള ജീവികളെ പ്പോലെ ജീവിക്കാൻ ആവശ്യമുള്ള കാര്യങ്ങളെ മാത്രം ചെയ്തു ജീവിക്കുക.

ദൈവ കാര്യങ്ങളെ ഉചിതമായ സമയത്ത് ദൈവം നേരിട്ട് പഠിപ്പിച്ചു കൊള്ളും. ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, ദൈവ കാര്യങ്ങളിൽ തലയിടാതിരിക്കുക.

# രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമായ ഇപ്പോഴത്തെ മഹാസൃഷ്ടിചക്രം മുതൽ, 'മനുഷ്യന്റെ രൂപത്തിൽ' ദൈവം മഹാ-അവതരിച്ചിരിക്കുന്നു.

# മഹാശക്തി = മഹാദേവൻ = മഹാദേവി.

**മഹാശക്തിയും മഹാനീതിയും മഹാദേവനും മഹാദേവിയും മഹായജമാനനും മഹായജമാനയും മഹാപിതാവും മഹാമാതാവുമെല്ലാം ദൈവമായിരിക്കെ, മനുഷ്യാവസ്ഥയിൽ എത്തിക്കൊണ്ട് മോക്ഷം / സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരത്തെ സമീപിച്ചിട്ടുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കുന്നതിനു വേണ്ടി ദൈവം മനുഷ്യരൂപത്തെ സ്വീകരിക്കുന്നു.**

**ദൈവത്തിന് മഹാദേവൻ, മഹാദേവി എന്നീ മഹാനാമങ്ങൾ ഇണങ്ങുന്നത് എങ്ങനെയെന്ന് മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. പ്രത്യക്ഷമായ രൂപം സ്വീകരിക്കുമ്പോൾ സ്ത്രീ-പുരുഷ രൂപങ്ങളിൽ ഒരെണ്ണം മാത്രം സ്വീകരിക്കേണ്ടതുണ്ട്. സ്ത്രീ - പുരുഷ  രൂപങ്ങളിൽ ഏത് സ്വീകരിക്കുന്നതിനെ മനുഷ്യർ കൂടുതൽ ഇഷ്ടപ്പെടും ?**

**വിശകലനം : മഹാപിതാവും മഹാനീതിപതിയുമായ മഹാപുരുഷനെ - മഹാദേവനെ  ജനങ്ങളേറെയും തീർച്ചയായും ഭയക്കുന്നതാണ്. മാത്രമല്ല, പുരുഷന് സ്ഥിതിയിലും /ജീവിതത്തിലും, സ്ത്രീക്കു സൃഷ്ടിയിലും, പ്രാമുഖ്യത്തെ നൽകുന്നതായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ പാലിക്കേണ്ടതുണ്ട്.**

ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തെ പ്രസവിച്ച് മഹാവാത്സല്യത്തോടെ മഹാഅനുഗ്രഹിച്ച് മഹാകരുതുന്ന മഹാമാതാവായ മഹാദേവിയെ ജനങ്ങളിൽ ഏറെയും തീർച്ചയായും ഇഷ്ടപ്പെടുന്നതാണ്; ഭയക്കുന്നതല്ല. മഹാനാമം :

' **ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി** ' എന്നാകുന്നു.

' ഓം ' എന്നാൽ എന്താണെന്ന് മേല്പടി ഗ്രന്ഥത്തിലെ പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മഹാശക്തി' -യുടെ വിശദീകരണം മുകളിലുണ്ട്. 'മണ്ണടി'ക്ക് വിപുലമായ അർത്ഥങ്ങളുണ്ട്; അല്പമാത്രം കുറിക്കാം : മണ്ണിൽ നിന്ന് അടിഞ്ഞതാണ് സർവ്വതും; സർവ്വവും വീണ്ടുമടിയുന്നതും മണ്ണിലാണ്. സമുദ്രത്തിന്റെ അടിയിലും മണ്ണ്; ഭൂമി മണ്ണ് അഥവാ ദൈവം തന്നെയാണ്. പരബ്രഹ്മകേന്ദ്രം എന്നോ ബ്രഹ്മകേന്ദ്രം എന്നോ വിശേഷിപ്പിക്കാവുന്ന ഒരു മഹാകേന്ദ്രമായ പ്രദേശത്തെ മഹാദൈവ-വിപ്ലവവും സംഹാരവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഭൂമിയിൽ മഹാഒരുക്കിയിട്ടുണ്ട്. ഭൂമി- ഇന്ത്യ- കേരളം- പത്തനംതിട്ട ജില്ലയിലെ അടൂരിൽ നിന്ന് ഏകദേശം 8 കിലോമീറ്റർ റോഡ് ദൂരയാത്ര. മണ്ണടി പുതിയകാവ് മഹാഭദ്രകാളി ക്ഷേത്രമാണ് കേന്ദ്രം. ഭൂമിയിലെ എല്ലാ പ്രദേശങ്ങളും മണ്ണ് അടിഞ്ഞ് ഉണ്ടായതാണെന്ന് പ്രത്യക്ഷത്തിൽ ബോദ്ധ്യമാണ് എന്നതിനാൽ ഭൂമിയിലെ ഏതൊരു പ്രദേശത്തെയും 'മണ്ണടി' എന്ന് വിളിക്കാനാവും.
മഹാഭദ്രകാളി = മഹാഗോമാതാവ് = മഹാദിവ്യമനുഷ്യസ്ത്രീ = മഹാദേവി.

(ദിവ്യ : സൃഷ്ടി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ : സ്ഥിതി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ : സംഹാരം ഉൾപ്പെടെ മഹാനീതി മുഴുവൻ ചെയ്യുന്ന മഹാദേവി; ദിവ്യ : ദിവ്യ എന്ന മഹാനാമത്തോടെ മാത്രം ഭൂമിയിൽ അവതരിക്കുന്ന മഹാദേവി). മഹാദേവിക്ക് മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രവുമായാണ് ബന്ധമെന്നും, യാതൊരു മതങ്ങളുമായും യാതൊരു ബന്ധങ്ങളുമില്ലെന്നും അറിയുക.

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.**

**മഹാശാസ്ത്രപരമായ ആരാധനാ വാചകമാണത്.**

## ആരാധനയുടെയും സ്തുതികളുടെയും ഉദ്ദേശമെന്താണ് ?

**ആരാധനകളും സ്തുതികളും ദൈവത്തിനു വേണ്ടിയാണോ അഥവാ ദൈവത്തെ പ്രീതിപ്പെടുത്താനാണോ, അതോ മനുഷ്യരുടെ സന്തോഷത്തിനു വേണ്ടിയാണോ എന്നത് ആദ്യം വിശകലനം ചെയ്യണം. ദൈവത്തിനു വേണ്ടിയാണ് എന്നു കരുതിയാൽ, അഥവാ ദൈവത്തെ പ്രീതിപ്പെടുത്താനാണ് ഉദ്ദേശമെങ്കിൽ കുഞ്ഞുങ്ങൾക്ക് തെറ്റിയിരിക്കുന്നു. ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമാക്കിയിട്ടുള്ളത് മഹാവാത്സല്യമാണ്. സർവ്വത്തിനും അതീതമായ ദൈവത്തിന്, സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരോടുള്ള മഹാവാത്സല്ല്യത്തെ ദൈവത്തിന്റെ ഏകമഹാആനന്ദമായി മഹാനിശ്ചയിച്ചിട്ടുണ്ട്.**

**ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്. ദേവതകളെയും മറ്റും ആദരിക്കുക എന്നതിനു പകരം ആരാധിച്ചു പോന്നത് ശിക്ഷാർഹമാണ്.**

**ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക.**

**മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ഏക മഹാശക്തിയായ ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ് എല്ലാ ആരാധനകളും സ്തുതികളും; എന്നാൽ സ്തുതികളും ആരാധനകളും കൊണ്ട് ആനന്ദിക്കുന്നത് ജീവിയാണ്; സർവ്വത്തിനും അതീതമായ ദൈവത്തിന് യാതൊന്നും വേണ്ട. പ്രീതി, നീതിക്ക് തടസ്സവുമാണ്. മറിച്ചായാൽ കുഞ്ഞുങ്ങൾ തന്നെയാണ് വേദനിക്കേണ്ടി വരിക !**

**മനുഷ്യരുടെ സ്തുതിയും ആരാധനയും കൊണ്ട് സർവ്വത്തിനും അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിന് യാതൊന്നും നേടാനില്ല; നേടുന്നുമില്ല.**

**ദൈവം നൽകുന്ന ശക്തിയും സൗകര്യങ്ങളും ഉപയോഗിച്ച് ദൈവത്തെ സ്തുതിക്കുന്ന കോപ്രായങ്ങളും പ്രവൃത്തികളും കണ്ടും കേട്ടും സന്തോഷിക്കുന്ന ഒരു കോമാളി അല്ലാ സർവ്വത്തിനും അതീതമായ മഹാശക്തിയായ ദൈവം.** അക്കാരണം കൊണ്ട് **സൃഷ്ടികളെ സ്തുതിക്കുകയും ആരാധിക്കുകയും** ചെയ്യുന്ന **നീചാവസ്ഥ** ഉണ്ടായിക്കൂടാ. ദേവതകൾ **ദുർദ്ദേവതകളായി അധഃപതിക്കാൻ ഒരു കാരണം സൃഷ്ടികളായ അവർ, അവകാശം ഇല്ലാത്ത ദുഷ്ക്കീർത്തികളിൽ ഭ്രമിച്ചതാണ്.**

**ദൈവം എന്നാലെന്താണെന്ന് മഹാശാസ്ത്രപരമായിട്ട് മനസ്സിലാക്കാതെയും, ദൈവത്തിന്റെ നേരിട്ടുള്ള അനുവാദമില്ലാതെയും ആരാധനകൾ എന്ന പേരിൽ കാട്ടിക്കൂട്ടുന്നത് കോപ്രായങ്ങളാണ്, ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.**

**'ആരാധന, സ്തുതി' തുടങ്ങിയ പേരുകളിൽ ദൈവത്തെ പ്രീതിപ്പെടുത്താമെന്നു കരുതുന്നവർ അജ്ഞാനികളും അധമരും നീചരും ഭീരുക്കളും പാപികളും ഒക്കെയാണ്.**

| |
|---|
| **മനുഷ്യരുടെ സന്തോഷത്തിനാണ് ആരാധനയും സ്തുതികളുമെങ്കിൽ, കുഞ്ഞുങ്ങളുടെ ആനന്ദത്തെ ധർമ്മ ശാസ്ത്രപരമായി അനുവദിക്കേണ്ടത് മഹാവാത്സല്യം കൂടിയായ മഹാനീതിയും മഹാമാതാവും മഹാശക്തിയുമായ മഹാദേവിയുടെ ചുമതലയാണ്.** |
| **ആരാധനയും, സ്തുതിയും രണ്ടാണ്. ദൈവഭാഗവും, പ്രപഞ്ച പിതാവും, അർദ്ധമഹാദേവിയുമായ പരമശിവനിലൂടെ, മനുഷ്യന്റെ സന്തോഷത്തെ കണക്കാക്കി, മനുഷ്യർക്ക് മഹാനിശ്ചയിച്ചിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരേയൊരു ജന്മത്തിൽ - മഹാശാസ്ത്രത്തെ മുഴുവൻ ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകമായി നേരിട്ട് ലഭ്യമാക്കുകയും, ദൈവം എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കുകയും, 'ഓരോരുത്തരെയും തന്റെ പൊന്നുമോളും പൊന്നുമോനുമായി മഹാവാത്സല്ല്യത്തോടെ മഹാസംരക്ഷിക്കുന്ന ദൈവമഹത്വം ഓർത്തോർത്ത് മനുഷ്യൻ വിതുമ്പിക്കരയുകയും ചെയ്യുന്ന ഏക ജന്മത്തിൽ - മാത്രമാണ്' ദൈവത്തെ ആരാധിക്കാൻ മനുഷ്യനെ അനുവദിച്ചിട്ടുള്ളത് ! ദൈവത്തിന്റെ മഹാ-മഹത്വങ്ങളെപ്പറ്റി സുവ്യക്തമായി അറിയണമെങ്കിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നിർബ്ബന്ധമായും മനുഷ്യനു ലഭിക്കണം. പ്രസ്തുത ജന്മത്തിൽ, മനുഷ്യൻ പുരുഷനായിരിക്കും; എന്നതിനു പുറമെ ഏറെക്കുറെ 50 വയസ്സോടടുപ്പിച്ച് ഒരു ശിവരാത്രിയിലാണ് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത നൽകുന്നത്. അതായത് ഏതാനും വർഷങ്ങൾ മാത്രവും, ദിവസത്തിൽ ഏറെക്കുറെ 1 മുതൽ 15 മിനുട്ടോളം മാത്രവുമാണ് ആരാധിക്കാൻ അനുവദിച്ചിട്ടുള്ളത്.** |

**ആരാധനയുടെ അനാവശ്യകതയെ എടുത്തുകാണിക്കുകയും, ദൈവത്തിന്റെ ആവശ്യമോ ഇഷ്ടമോ അല്ലെന്ന് സുവ്യക്തമാക്കുകയും ചെയ്യുന്ന വസ്തുതയാണത്.**

**മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കി അനുവദിച്ചിട്ടുള്ള ആരാധനയെ ഭക്തിഭ്രാന്തായി മാറ്റിയാൽ, ദൈവശിക്ഷ ഉണ്ടാകും.**

**ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയുമാണ് മഹത്തായ ദൈവാരാധന എന്നത് ഉൾക്കൊണ്ട് പ്രവർത്തിക്കുന്നവർക്ക് പുണ്യങ്ങളും നേടാം.**

# സ്തുതികൾ

**ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം അനുസരിച്ച്, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുന്നവരെ മാത്രം, ദൈവത്തെ സ്തുതിക്കാൻ ഒരല്പം അനുവദിക്കുന്നുണ്ട്.**

**സ്തുതിക്കാതെ ജീവിക്കാൻ വിഷമിക്കുന്നവർ 'ദൈവത്തെയോ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയെയോ മാത്രം' അല്പനേരം സ്തുതിക്കുക. മുഖ്യ സ്തുതി വാചകം 'ഓം നമഃ ശിവായ' (മഹാശിവയെ / മഹാദേവിയെ നമിക്കുന്നു) എന്നതാണ്. കൂടാതെ, ഓം ശിവായ നമഃ, അമ്മേ ശിവ, ദേവീ ശരണം തുടങ്ങിയ ദൈവീക വാചകങ്ങളും, അവയുടെ ഭാഷാന്തരങ്ങളും ഉപയോഗിക്കാം.**

ശിവയിൽ ശിവനും ഉണ്ടെന്നത്, മഹാശിവയായ മഹാദേവി, സ്വന്തം ഭാഗമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മറ്റൊരു ബഹുമതിയാണ്. എന്നാൽ, ആരാധനയുടെ കാര്യത്തിൽ മുമ്പ് വ്യക്തമാക്കിയതുപോലെ, ഏകദൈവമായ മഹാദേവിയും, മഹാദേവിയുടെ ഭാഗമായ പരമശിവനും മനുഷ്യരുടെ സ്തുതികളിൽ പ്രസാദിക്കുന്നതല്ല; പ്രീതിയും കാട്ടില്ല. മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ മാത്രമാണവ. അക്കാരണം കൊണ്ട് ശിവ എന്ന മഹാ-പദത്തെ ശിവൻ എന്ന് കരുതിയാലും ശിവയും ശിവനും കോപിക്കില്ല.

സ്തുതികളെ ഭക്തിഭ്രാന്തായി മാറ്റിയാൽ, ദൈവശിക്ഷ ഉണ്ടാകും. ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതു മാത്രമാണ് ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം.

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അവയവങ്ങൾ മാത്രമായ 'ദേശങ്ങളും നാടുകളും ഉൾപ്പെടെയുള്ള എന്തിനെ സ്തുതിച്ചാലും' പാപമാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായി മനുഷ്യർ പ്രവർത്തിച്ചാൽ, ഭൂമിയിലെ വസ്തുക്കളിൽ പ്രവർത്തിക്കുന്ന ന്യൂനശക്തികളുടെ അളവ് വർദ്ധിക്കുന്നതാണ്; ആനുപാതികമായിട്ട് ജനങ്ങളിലൂടെ ബഹുവിധ അധമ തീവ്രവാദങ്ങൾ വളരുന്നതുമാണ്. ഓംകാരനീതിശാസ്ത്ര പ്രകാരം ആനന്ദങ്ങൾക്കും ദൈവശിക്ഷകൾക്കും കൃത്യമായ അളവുകളുണ്ട്. വ്യത്യസ്തങ്ങളായ മതിഭ്രമം ബാധിച്ച എല്ലാവരും സദാ ജാഗ്രത പുലർത്തണം.!

വ്യത്യസ്ത ജന്മങ്ങളിലായി സംഗീതം നൽകി അനുഗ്രഹിക്കുന്നത് ദൈവത്തിന്റെ മറ്റുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കാനാണ്. കഥയറിയാൻ ശ്രമിക്കുക പോലും ചെയ്യാതെയും അർത്ഥശൂന്യമായ സ്തുതി ഗീതങ്ങൾ കൊണ്ട് സമൂഹത്തെ ദുഷിപ്പിക്കുന്ന ഗായകരായ വിവര ദോഷികൾക്ക് നൽകിയ സംഗീത സിദ്ധിയെ കളങ്കപ്പെടുത്തിയ കടുത്ത അപരാധത്തിന്, അവരെ ഗായകരാക്കിയ മഹാനീതിയായ മഹാദേവി; ഓംകാര നീതിശാസ്ത്ര പ്രകാരം പ്രപഞ്ചപിതാവ് കൂടിയായ പരമശിവനിലൂടെ, കടുത്ത ശിക്ഷകളെ നൽകിയാണ് ഗായകരെയും കവികളെയും മറ്റും തിരുത്തുക. മഹാസ്ത്രീരൂപം സ്വീകരിച്ച് മഹാമാതാവായി അവതരിക്കുന്ന മഹാദേവിയുടെ ശരീര-അവയവങ്ങളെ വർണ്ണിക്കാനോ സ്തുതിക്കാനോ പാടില്ലായെന്ന് മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ധർമ്മശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്താൽ സ്വയം ബോദ്ധ്യമാകുന്നതാണ്. മാത്രമല്ല; ദൈവ /ദൈവീക പ്രതിമകൾ അഥവാ വിഗ്രഹങ്ങൾ നിർമ്മിക്കാനോ പ്രചരിപ്പിക്കാനോ ആരാധിക്കാനോ പാടില്ല. ദൈവത്തിന്റെ മാത്രമല്ല; മനുഷ്യൻ ഉൾപ്പെടെ ജീവികളുടെ പ്രതിമകളും പാടില്ല. ഭൂമിയിൽ ഇപ്പോഴുള്ള വിഗ്രഹങ്ങളും, അനവധി ദേവാലയങ്ങളും ദൈവ വിപ്ലവത്തോടെ നശിപ്പിക്കേണ്ടി വരും!

ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ (ഭർത്താവിന്റെയോ) മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പുരുഷന്മാരുടെയോ പ്രതിമകളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, അവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ്.

**'ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവിയുടെയോ', 'മഹാദേവിയുടെ ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവന്റെയോ', വിഗ്രഹങ്ങളെയും ചിത്രങ്ങളെയും പോലും നിർമ്മിക്കാനോ പ്രതിഷ്ഠിക്കാനോ ആരാധിക്കാനോ പാടില്ലായെന്ന് സുവ്യക്തമാക്കുന്നു.**

**ധർമ്മ ശാസ്ത്ര വിരുദ്ധമായി കലാകാരന്മാരെ അടിമകളെപ്പോലെ പീഡിപ്പിച്ചും കൊന്നും അവരുടെ തജ്ജന്മ-ജീവിതത്തെ ഇല്ലാതാക്കിയതിന്റെ ചരിത്രം ഏറെക്കുറെ എല്ലാ ശില്പ-ചിത്ര വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്ന മന്ദിരങ്ങളുടെയും പിന്നിൽ ഉണ്ടെന്നത് കണക്കിലെടുത്ത് ആനന്ദങ്ങളെ ധർമ്മശാസ്ത്രപ്രകാരം പുനഃക്രമീകരിക്കണം.**

## നൃത്തം മുഖ്യമായും പുരുഷകലയാണ് :

**പുരുഷനായ 'നടരാജന്റെ വിഗ്രഹം' സുവ്യക്തമാക്കുന്നുണ്ട്. കുട്ടികളല്ലാത്ത സ്ത്രീകൾ നൃത്തം പഠിക്കുന്നതും, നൃത്തം ചെയ്യുന്നതും, തിരുവാതിരക്കളി പോലെ സ്ത്രീകളോടൊപ്പമാവണം; പുരുഷന്മാർ കാണെ ആവരുത്; അതേസമയം ഭർത്താവിനോടൊത്ത് സ്വകാര്യമായിട്ട് നൃത്തം ചെയ്യുകയും വിനോദിക്കുകയും ആവാം. അമ്മ-പെങ്ങൾ-മക്കൾ മനോഭാവം ഇല്ലാത്ത അന്യപുരുഷന്മാർ കാൺകെ സ്ത്രീ നൃത്തം ചെയ്താൽ, സ്ത്രീയുടെ അവയവങ്ങളിലൂടെ പുരുഷന്റെ കണ്ണുകൾ സഞ്ചരിച്ചെന്നും, കണ്ണുകൾ കൊണ്ട് കാമകേളി നടത്തിയെന്നും മറ്റും വരാം. സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം, മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളുടെയെല്ലാം പരമാനന്ദമായിട്ട് നിശ്ചയിച്ചിട്ടുള്ള കാമാനന്ദത്തെ ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട്. കുടുംബ ബന്ധങ്ങളെ ഭദ്രപ്പെടുത്താനും അത് ആവശ്യമാണ്.**

# മത്സരം ദൈവീകമല്ല.

**മഹാശക്തിയും മഹാഭരണാധികാരിയും മഹാനീതിയുമായ ദൈവം, മനുഷ്യർക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്. സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയാണ് ജന്മഗുണങ്ങൾ. ജന്മഗുണങ്ങളിലെ വ്യത്യസ്തത; അതിസങ്കീർണ്ണവും അതിവിപുലവുമായ മുജ്ജന്മ-പിൻജന്മകാര്യങ്ങൾ; കാലഘട്ടവും ജനപ്പെരുപ്പവും ശാസ്ത്രവികസനവും സമന്വയിച്ച് ആവശ്യമാക്കുന്ന കാര്യങ്ങൾ, തുടങ്ങിയവയെല്ലാം ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന മഹാനീതികാര്യങ്ങളാണ്.**

**ഒരു ഉദാഹരണം : ഇന്നത്തെ ഭൂമിയിലെ സുമാർ 750 കോടി ജനങ്ങൾക്ക് തുല്യമായ സൗന്ദര്യം നൽകിയാൽ ഒരേ മുഖഛായ ഉണ്ടാവുന്നതും അന്യോന്യം തിരിച്ചറിയാൻ കഴിയാതെ ജനങ്ങൾ കഷ്ടപ്പെടുന്നതുമാണ്. മുഖഛായ ഉൾപ്പെടെയുള്ള ജന്മഗുണങ്ങളിലെ വ്യത്യസ്തതകളെ നിർവ്വഹിക്കാൻ ജനങ്ങളെയോ, ഭരണാധികാരികളെയോ ചുമതലപ്പെടുത്താൻ ദൈവം തയ്യാറായാൽ, വേണ്ടേ വേണ്ടേ എന്നുപറഞ്ഞ് ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും നിലവിളിക്കുന്നതാണ് !**

**ദൈവം നൽകിയതെന്ന് ഉറപ്പായും അറിയുന്ന ശരീര-സൗന്ദര്യ മത്സരങ്ങളാണ് ഏറ്റവും ഹീനമായത്; കായിക കലാ-സാഹിത്യ മത്സരങ്ങളാണ് തൊട്ടു പിന്നിൽ.**

**ആനന്ദിച്ചു ജീവിക്കുന്നതിനു പകരം തങ്ങളുടെ മക്കൾ, മത്സരിച്ചുകൊണ്ട് ജീവിക്കുന്നതിനെയും ചില മക്കൾ വിജയിക്കുന്നതും മറ്റു മക്കൾ തോൽക്കുന്നതും മനുഷ്യ-മാതാപിതാക്കൾ ഇഷ്ടപ്പെടുമോ?! ഏതൊരു പ്രവൃത്തിയും ധർമ്മശാസ്ത്രപരമാവണം.**

സൃഷ്ടികളെ ദാസരായിട്ടു കരുതാതെ, പൊന്നോമന-കുഞ്ഞുങ്ങളായി അനുഗ്രഹിക്കുകയും, കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവും മഹാനീതിയും മാത്രമായിക്കൊണ്ട്, കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ മഹാകരുതുകയുമാണ് ദൈവം ചെയ്യുന്നത്. ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെ കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം മഹാസമമായിട്ട് നൽകുന്നതിന്നായിട്ട് മഹാഅനുഗ്രഹിച്ചു സൃഷ്ടിച്ചിട്ടുള്ള ജന്മഗുണങ്ങളുടെയും മറ്റ് ജീവിതകാര്യങ്ങളുടെയും പേരിൽ മനുഷ്യർ മത്സരിക്കുന്നത് അതിനീചമാണ്; കടുത്ത ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.

മഹാനീതിയായ ഏകദൈവത്തിന്റെയും, സൃഷ്ടികളായ മനുഷ്യരുടെയും ഇടയിൽ സൃഷ്ടികളായ മധ്യസ്ഥരുടെ ആവശ്യമില്ല. സ്രഷ്ടാവായ ദൈവം, സൃഷ്ടികളിൽ നിന്നും മധ്യസ്ഥരെ നിയമിച്ചിട്ടുമില്ല; നിയമിക്കുകയുമില്ല. മഹാസമനീതിയെ കളങ്കപ്പെടുത്തുന്നതാണ് പ്രവാചക സങ്കല്പങ്ങളെന്ന് നിസ്സാരമായിട്ട് മനസ്സിലാക്കാനാവും.

**ഭൂമിയിലുള്ള മതങ്ങൾ മുഴുവൻ ദൈവീകമല്ലെന്നും, പൈശാചികമാണെന്നും, മത നിയമങ്ങളെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നവരും, പ്രചരിപ്പിക്കുന്നവരും, പാലിക്കുന്നവരും, കടുത്ത ദൈവ നിന്ദ ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ മതങ്ങളും മതപുരോഹിതരും തന്നെ അവരറിയാതെ മുന്നോട്ടു വെക്കുന്ന ശാസ്ത്രീയ മാർഗ്ഗമാണ് സ്തുതികളും ആരാധനകളും..... എങ്ങനെയെന്നാൽ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, സർവ്വത്തിനും അതീതവുമായ ദൈവം, സൃഷ്ടികളുടെ സ്തുതികളിലും ആരാധനകളിലും വഴിപാടുകളുകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പ്രീതിപ്പെടുകയില്ല. എന്നു മാത്രമല്ല, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാനായി ദൈവം നൽകിയ/ നൽകുന്ന ശക്തിയും സമ്പത്തും വസ്തുക്കളും സമയവും മറ്റും പാഴാക്കുന്നതിന് ശിക്ഷിക്കുന്നതുമാണ്.**
പ്രീതിപ്പെട്ടാൽ, ഇന്നത്തെ സർക്കാർ ആഫീസുകളെയും മത-ദേവാലയങ്ങളെയും പോലെ ദൈവം @ സത്യധർമ്മനീതികൾ അധഃപതിക്കും; സൃഷ്ടികളായ പഴയ കാല ദേവതകളും മനുഷ്യരും ഏറെക്കുറെ പൂർണ്ണമായും അധഃപതിച്ചു കഴിഞ്ഞു.....

## ദൈവവും ദൈവരൂപവും

## പ്രപഞ്ച പിതാവായ പരമശിവൻ

**മഹാശക്തിയായ ദൈവത്തിന് ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികളുടെ ധർമ്മശാസ്ത്രപരമായ ആവശ്യങ്ങളെ, മഹാപൂർണ്ണതയോടെ പരിപാലിക്കുവാൻ കഴിയും. ദൈവത്തിന്റെ പ്രവൃത്തികളിൽ യാതൊരു കുറ്റങ്ങളും കുറവുകളും യാതൊരിക്കലും ഉണ്ടാവുകയുമില്ല. മഹാപ്രപഞ്ചത്തിന് അതീതവും, ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും, മഹാശക്തിയും ഏകദൈവവുമായ മഹാദേവി, രണ്ടാവാതെ രണ്ടായും, സ്വന്തം ഭാഗമായും, പരമശിവനെ മഹാഅത്ഭുതമായി രൂപപ്പെടുത്തി ക്കൊണ്ട്, ദൈവ കാര്യങ്ങളെ ശിവമാക്കുന്നു. മഹാവേദ ഗ്രന്ഥങ്ങളിലെ ബ്രഹ്മ-പാഠങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.**

....

# ഓം നമഃ ശിവായ

ഓം ശിവായ നമഃ  ദേവീ ശരണം  അമ്മേ ശിവ !

**ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും ദൈവത്തിന്റെ മഹത്വത്തെയും മനുഷ്യൻ മനസ്സിലാക്കുന്ന ഏകജന്മത്തിൽ മാത്രമാണ് മനുഷ്യനു ദൈവത്തെ ആരാധിക്കാൻ അനുവാദമുള്ളത്.**

**ശിഷ്ടമുള്ള 99 ജന്മങ്ങളിൽ ദൈവത്തെ വിസ്മരിച്ച് ജീവിക്കാൻ മനുഷ്യർക്കു കഴിയില്ല.**

**ദൈവം മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർച്ചയായിട്ട് സംഹാരവും പുരോഗമിക്കുമ്പോൾ ദൈവത്തെ മഹാശാസ്ത്രപരമായിട്ട് അറിയാനും ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കാനും മനുഷ്യർ ഉത്സാഹിക്കുന്നതാണ്. ദൈവത്തെ ആരാധിക്കാൻ സാധിക്കുന്നതല്ല എങ്കിലും ദൈവനാമം ജപിക്കാനും ദൈവത്തെയും ദൈവ ശാസ്ത്രത്തെയും വണങ്ങാനും മനുഷ്യർക്കു കഴിയണം. ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ലഭിക്കുവാനും അതാവശ്യമാണ്.**

**"മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ, മഹാശാസ്ത്ര പ്രകാരം, മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ മഹാദേവിയെ നമിക്കുന്നു" എന്നത്, അർത്ഥം ശരിയാണ്; എന്നാൽ വാചകം വളരെ നീണ്ടതാണ്; കുഞ്ഞുങ്ങളായ മനുഷ്യർ ആയാസപ്പെടുന്നത് മഹാമാതാവായ മഹാദേവി ഇഷ്ടപ്പെടുന്നില്ല.**

**കുഞ്ഞുങ്ങളുടെ ആവശ്യവും ആനന്ദവും കണക്കാക്കി മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാലളിതവും മഹാസുന്ദരവുമായ ദൈവനാമവും പ്രാർത്ഥനാ വാചകവുമാണ് "ഓം നമഃ ശിവായ."**

**"സർവ്വവും മംഗളമാക്കുന്ന മഹാദേവി" എന്ന അർത്ഥത്തെ "ശിവായ /ശിവ" എന്ന പദത്തിന് മഹാനിശ്ചയിക്കുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ ഭാരപ്പെടുത്താത്ത മഹാവാത്സല്യമാണത്.**

**ഓം എന്താണെന്ന് മഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്രപരമായിട്ട് പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മഹാ' എന്ന അർത്ഥത്തെ തൽക്കാലം സ്വീകരിക്കുന്നു. "ഓം നമഃ ശിവായ" = "നമിക്കുന്നു (ഞാൻ) മഹാശിവയെ = (ഞാൻ) മഹാദേവിയെ നമിക്കുന്നു.**

**"ഓം" ഒഴിവാക്കിക്കൊണ്ട് "നമഃ ശിവായ" എന്നും "ശിവായ നമഃ " എന്നും പറയാവുന്നതാണ്. "ശിവായ നമഃ " = "(ഞാൻ) ശിവയെ (ദേവിയെ) നമിക്കുന്നു" = "നമഃ ശിവായ".**

**മഹാശക്തിയായ മഹാദേവി മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാപ്രപഞ്ചത്തിൽ ഒരു ദേവി മാത്രമേ ഉള്ളൂ. കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ "ദേവി" എന്നോ "മഹാദേവി" എന്ന് വിളിക്കുന്നതോ ദേവിയെ വിസ്മരിക്കുന്നതു പോലെ വിഷയമാക്കാത്തതോ "ദേവിക്ക് " വിഷയമല്ല.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിൽ മഹാഭാഗമായ പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാദേവൻ എന്ന മഹാപദവി മഹാസമ്മാനമായി നൽകുന്നതിനെ വിവരിച്ചിട്ടുണ്ട്. സമാനമായ മറ്റൊരു മഹാആവിഷ്ക്കാരമാണ്  ഓം നമഃ ശിവായ എന്ന വാചകത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്.**

**ശിവയും ശിവനും  ഓം നമഃ ശിവായ എന്ന വാചകത്തിൽ ഉണ്ട്. ശിവാ എന്ന് വിളിച്ചാൽ, ശിവയെ ആണ്; ശിവനെയും ആണ്. മഹാദേവിയുടെ മഹാആവിഷ്ക്കാരമാണ്.**

**ശിവ ചക്രം, പരമശിവൻ, ശിവൻ എന്നെല്ലാം തന്റെ രണ്ടാമത്തെ ഭാഗത്തിനു പേരിടുന്ന മഹാശക്തി, ശിവന്റെ 'ശിവ' യെന്ന ലളിത മനോഹര നാമം സ്വീകരിച്ച് മഹാപ്രപഞ്ചത്തിലെ സൃഷ്ടികളുടെ അഹംഭാവങ്ങളെയും, പദവികൾക്കും കീർത്തികൾക്കും വേണ്ടിയുള്ള കോപ്രായങ്ങളെയും ലജ്ജിപ്പിക്കുന്നുണ്ട് !**

**ശിവ = മഹാദേവി = മഹാശക്തിയായ ദൈവം എന്ന മഹാസുന്ദര ലളിത നാമത്തെ സ്വീകരിക്കാൻ മഹാദേവി തയ്യാറാകുമ്പോൾ, ശിവൻ പോലും സ്വയം ലജ്ജിക്കുന്നതാണ് !**

**ശിവ എന്ന് മഹാദേവിയെ വിളിച്ചാൽ മതിയാകും എന്ന് മഹാദേവി പറയുമ്പോൾ, <u>സ്വന്തം കൂച്ചൽ മാറാൻ</u> മഹാശിവ എന്ന് പരമശിവൻ പേരുമാറ്റി വിളിക്കുന്നത് മനുഷ്യരെ ചിന്തിപ്പിക്കണം. മനുഷ്യരുടെ സന്തോഷത്തിനു വേണ്ടി ഒരു സംബോധനാ മന്ത്രത്തെ മഹാദേവി മഹാനിശ്ചയിക്കുമ്പോൾ അവിടെയും ശിവനെ മുന്നിൽ നിർത്തുന്നു. മാത്രമല്ല; കാളി എന്ന പദത്തിൽ നിന്നാണ് കാള എന്ന പദം ഉണ്ടായത് എന്നപോലെയും പദത്തിന് ഉപരിയായും <u>ശിവയിൽ നിന്നുമാണ് ശിവനുണ്ടായത്</u>. ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിച്ചാൽ മാത്രമേ ശിവനെ പോലും അത്തരം മഹാആവിഷ്ക്കാരത്തെ ശിവ അറിയിക്കുള്ളൂ. മഹാപാഠങ്ങളെ ലഭിക്കാനും പഠിക്കാനും മനുഷ്യർ യോഗ്യത നേടണം എന്ന് സാരം.**

ശിവനിൽ ശേഷിക്കുന്ന അഹംഭാവം നിമിത്തം ശിവനെ സ്തുതിക്കുന്നത് ശിവൻ ആസ്വദിക്കാൻ ഇടയായാൽ ശിവൻ ലജ്ജിക്കണം. മഹാദേവീ, ഈയുള്ളവന്റെ മേൽ ഓംകാര നീതിശാസ്ത്ര ബന്ധനം കൂടി എല്ലായ്പ്പോഴും മഹാനിർവ്വഹിച്ച് എല്ലായ്പ്പോഴും ഈയുള്ളവനെ മഹാസംശുദ്ധനാക്കേണമേ ... എന്ന് പരമശിവൻ പ്രാർത്ഥിക്കുന്നുണ്ട്; മഹാനുഗ്രഹത്തോടെ ശ്രദ്ധിക്കുന്നുമുണ്ട്.

ശിവന്റെ ഹൃദയത്തോട്, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണം സത്തയും, ശിവയുടെ മഹാഹൃദയവും കൂടിയായ ഓംകാരത്തെ ചേർത്ത് ശിവനിലൂടെ പ്രവർത്തിപ്പിക്കുമ്പോൾ, ശിവ ശക്തി ബന്ധത്തെ നിർവ്വചിക്കാൻ പരമശിവൻ തീർത്തും അപ്രാപ്തനാകുന്നു.

ഒരു പക്ഷേ, മഹാശിവയായ മഹാദേവിയിൽ ശിവന് നൽകാതെ ശേഷിക്കുന്നത് ആദിയും അന്തവുമില്ലാത്ത ആകാശം എന്ന മഹാലിംഗം മാത്രമാവും !

ആകാശം എന്ന മഹാലിംഗം, സർവ്വത്തിനും അതീതമായ ബ്രഹ്മം പോലെയാണെന്ന് മുമ്പ് സൂചിപ്പിച്ചതിനെ കണക്കാക്കുമ്പോൾ, പരമശിവൻ മഹാപൂജ്യമായി മാറുന്നതാണ്.

അഹംഭാവം, ദുസ്വാർത്ഥം തുടങ്ങിയ ദുർഗ്ഗുണങ്ങളിൽ പെട്ടിരിക്കുന്നവർ മുകളിൽ കൊടുത്ത പാഠങ്ങളെ ഉൾക്കൊണ്ട് ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കണം. സ്വയം വിശകലനം ചെയ്യാവുന്നതാണ്.

**മഹാദേവിയെ ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, മഹാപ്രപഞ്ചത്തിലെ അനന്തകോടി വസ്തുക്കളെയും അനന്തകോടി ജീവികളെയും സൃഷ്ടിക്കാനും സംരക്ഷിക്കാനും മഹാനീതി നൽകാനും, ഒരു തുള്ളി ജലത്തിന്റെ ശക്തി പോലും മഹാദേവിക്ക് വേണ്ടതില്ല എന്നറിയണം.**

മഹാദേവി മഹാഅനുഗ്രഹിച്ച് മഹാവാത്സല്യം കൂടിയായ ഓംകാരനീതിശാസ്ത്ര പ്രകാരം നൽകുന്ന ശക്തികളെയും സംഗീതത്തെയും ഒക്കെ ഒക്കെ ദുരുപയോഗം ചെയ്യുന്ന കുഞ്ഞുങ്ങളുടെ പോഴത്തരങ്ങളിൽ / ഭോഷത്തങ്ങളിൽ മഹാശക്തിയായ മഹാദേവി ആനന്ദിക്കണമോ ? സംഗീതം ഉൾപ്പെടെ സർവ്വ ആനന്ദങ്ങളെയും സൃഷ്ടിച്ച ദൈവം സർവ്വ ആനന്ദങ്ങൾക്കും അതീതമാണ്.

ജനങ്ങളുടെ സന്തോഷത്തിനായി മഹാദേവി അനുവദിച്ച പ്രാർത്ഥനാ / ആരാധനാ വാചകം മഹാദേവിക്കു വേണ്ടിയാണെന്ന് കരുതരുത്.

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം**

# = ഓം നമഃ ശിവായ

എന്ന അർത്ഥത്തിൽ ലഘുവായ സ്തുതി മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. ഭക്തിക്കും പരമാവധി. 5 അളവ് ആനന്ദത്തെ മഹാഅനുവദിച്ചിട്ടുണ്ട്.

**ശിവൻ = ശിവ = മംഗളമാക്കുന്നവൻ = മഹാദേവൻ = മഹാദേവി എന്നിങ്ങനെയും അർത്ഥങ്ങളുണ്ട്; ശിവയിൽ ശിവനുണ്ട്; ശിവനിൽ ശിവയും. ശിവനെ വേറിട്ട് കണക്കാക്കുമ്പോൾ ശിവനില്ലെങ്കിലും ശിവയുണ്ട്; ശിവ അഥവാ മഹാശക്തിയായ മഹാദേവി എപ്പോഴുമുണ്ട്. എല്ലായ്പ്പോഴും ഉള്ളതായ മഹാശിവയ്ക്കു മാത്രമാണ് സർവ്വം മംഗളമാക്കാൻ കഴിയുക.**

പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും നൽകിക്കൊണ്ട് പരമശിവനിലൂടെ പ്രപഞ്ചകാര്യങ്ങളെ ശിവമാക്കുമ്പോഴും പരമശിവൻ 'ലൂടെ' മാത്രമാണെന്നും ശിവയായ മഹാദേവിയാണ് യഥാർത്ഥത്തിൽ സർവ്വതും മഹാ-ഭദ്രമാക്കുന്നത് എന്നും മനസ്സിലാക്കണം.

മഹാദേവിയും, മഹാദാസനായ പരമശിവനും മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർന്ന് സംഹാരവും പുരോഗമിക്കുമ്പോൾ, മഹാദേവിയായ മഹാശിവയാണ് ഏക- മഹാശക്തിയായ ദൈവം എന്നത് ജനങ്ങളെല്ലാം സുവ്യക്തമായി അറിയുന്ന കാര്യങ്ങളാണ്. മഹാദേവിയെ നമിക്കുന്നതോടൊപ്പം, മഹാദേവിയുടെ ഭാഗമായ പരമശിവനെയും നമിക്കേണ്ടുന്നത് മനുഷ്യരുടെ ആവശ്യമാവുന്നതാണ്. മഹാദേവിയുടെ ഭാഗമായിട്ട് ഏകദാസനായ പരമശിവനെ സൃഷ്ടിച്ചിട്ടുള്ളത് പോലെ, "ഓം നമഃ ശിവായ" എന്ന വചനത്തിൽ മഹാശിവയായ മഹാദേവി, ശിവനെയും മഹാഅനുഗ്രഹിച്ചു മഹാഉചിതമായിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

**മഹാദേവിയുടെ ഭാഗമായ ഏകദാസനായും, ഏക പ്രതിനിധിയായും, പ്രപഞ്ച പിതാവായും, സംഹാര നാഥനായും, പരമശിവനായും ഒക്കെ ശിവനെ മഹാസൃഷ്ടിച്ചിട്ടുള്ളത് ശിവയായ മഹാദേവിയുടെ മഹാകരുണയായും മഹാഭാഗ്യമായും മഹാഅനുഗ്രഹത്താൽ പരമശിവന് സുവ്യക്തമായിട്ട് അറിയാം. തന്റെ തെറ്റുകളെയും കുറ്റങ്ങളെയും കുറവുകളെയും പിഴവുകളെയുമൊക്കെ മഹാശിക്ഷിച്ചു തിരുത്തണമേ എന്ന് പ്രാർത്ഥിക്കുന്നതുമാണ്.**

**ശിവന്റെ എല്ലാമായ - മഹായജമാനയായ മഹാശിവയെ മാത്രം കുഞ്ഞുങ്ങളെല്ലാം സ്തുതിക്കുന്നതും വണങ്ങുന്നതും തന്റെ ഇഷ്ടമാവാനും മഹാശിവയോട് പ്രാർത്ഥിക്കുന്നുണ്ട് പരമശിവൻ.**

**മഹാശിവയായ മഹാദേവിയെ "ഓം നമഃ ശിവായ" എന്ന് പരമശിവൻ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്നുണ്ട്.**

**പൂജിക്കുക എന്നാൽ മഹാദേവിയുടെ ഇഷ്ടങ്ങളെ അറിഞ്ഞ് പൂവ് ചൂടിക്കൊടുക്കുക എന്നാണ്. വിഗ്രഹങ്ങൾ പാടില്ല; ശിവലിംഗത്തിലും പുഷ്പാർച്ചന പാടില്ല.**

**മഹാദേവനെ അനുകരിച്ച് പുരുഷന്മാർ ഭാര്യ, അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും, സ്ത്രീകൾ അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും ധർമ്മ ശാസ്ത്ര പ്രകാരം പൂവ് ചൂടി-ക്കൊടുക്കാവുന്നതാണ്.**

മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും പരമശിവന്  നൽകിയിട്ടുള്ളതോടൊപ്പം, പരമശിവനെ ഓംകാര നീതിശാസ്ത്രത്തിൽ ബന്ധിച്ച് സദാ മഹാസംശുദ്ധനാക്കുന്നതും മഹാശിവയുടെ മഹാകരുണയാണ്. ദൈവ ഭാഗമായ പ്രപഞ്ച പിതാവ് സദാ മഹാസംശുദ്ധനാവേണ്ടതുണ്ട്.

സൃഷ്ടിചക്രത്തിലെ മനുഷ്യർക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരം എന്ന മോക്ഷത്തെ പിതാവായ പരമശിവനി 'ലൂടെ' മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്നതാണ് സംഹാരം. അതിനുശേഷം, പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോൾ, മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയും ഭൂമിയുമായ മഹാദേവി, മഹാഉചിതമായ സമയത്ത് 2 ശിവരൂപങ്ങളെയും പിൻവലിക്കുന്നതാണ്.

**സ്ത്രീയും പുരുഷനും "<u>തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന</u> പരമാനന്ദമായ കാമാനന്ദം ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട് - അതിനാൽ കാമാനന്ദത്തെ ആസ്വദിച്ചു തുടങ്ങുമ്പോൾ "ഓം നമഃ ശിവായ" ഉൾപ്പെടെയുള്ള ദൈവനാമങ്ങൾ ഉരുവിട്ടുകൂടാ; ദൈവനിന്ദ വേണ്ട.**

മനുഷ്യർ പരസ്പരം കണ്ടുമുട്ടുമ്പോഴും, യാത്ര പറയുമ്പോഴും ഒക്കെ "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" "നമസ്ക്കാരം, വന്ദനം, അസ്സലാമു അലൈക്കും, ഗുഡ് ബൈ... " എന്നിങ്ങനെയെല്ലാം പറയുന്നത് മനുഷ്യരുടെ സ്വകാര്യമാണ്; വേഷം കെട്ടൽ അല്ലാത്ത ദൈവ -സ്മരണ നല്ലതാണ്.

**"ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" എന്നിവ ജപിക്കുന്നത് ധർമ്മശാസ്ത്രപരമായ ജീവിതത്തിന് ആക്കം കൂട്ടുന്നതാണ്.** എന്നാൽ, ദൈവത്തിനു വേണ്ടി ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ അപേക്ഷിക്കുകയോ ചെയ്താൽ ദൈവനിന്ദ ഉണ്ടാകുന്നതാണ്; പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതുമാണ്. **"ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നീ 4 വാചകങ്ങളിൽ വ്യക്തികൾക്ക് ചേരുന്നതും ലളിതമായതും സ്വയം സ്വീകരിച്ചു കൊള്ളുക.**

**സാധാരണ ജനങ്ങൾക്ക് ഏറ്റവും ഉചിതമായത് "അമ്മേ ശിവാ" എന്നതാവും. വേറെയും കാരണങ്ങളുണ്ട്. 'അമ്മ' എന്ന പദം വാത്സല്യത്തെ കനപ്പെടുത്തുന്നതാണ്. മേല്പടി 4 വാചകങ്ങളും പഞ്ചാക്ഷരങ്ങൾ ചേർന്നതാണ്; എന്നാൽ "അമ്മേ ശിവാ" എന്ന വാചകം മാത്രം "മ്മ" എന്ന കൂട്ടക്ഷരം കൊണ്ടാണ് കഷ്ടിച്ച് പഞ്ചാക്ഷരങ്ങൾ ആവുന്നത്. ഒരു അക്ഷരം കുറയുമ്പോലെയും വാത്സല്യത്തെ വർദ്ധിപ്പിക്കുന്ന ആനന്ദം പോലെയും "അമ്മേ ശിവാ" സാധാരണ ജനങ്ങൾക്ക് കൂടുതൽ ഇണങ്ങുന്നതാണ്.**

**"ഓം നമഃ ശിവായ", "ഓം ശിവായ നമഃ ",**
**"അമ്മേ ശിവാ", "ദേവീ ശരണം"**
**എന്നിങ്ങനെയെല്ലാം മനുഷ്യർ ജപിക്കുന്നത് ദൈവത്തെ സന്തോഷിപ്പിക്കാനല്ല; ദൈവത്തിനു വേണ്ടിയുമല്ലാ എന്നറിയുക.**

**ദൈവ സ്മരണയ്ക്ക് സ്വീകരിക്കാവുന്ന മഹാശാസ്ത്ര പരവും ലളിതവുമായ മഹാപദങ്ങളെ അനുഗ്രഹിച്ചു നൽകിയിട്ടുള്ളത് മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കിയാണ്. ദൈവത്തിന്റെ ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിയണം.**

**മഹാശക്തിയായ <u>ദൈവം ശക്തികളെ നൽകിയാൽ മാത്രമേ മനുഷ്യൻ ഉൾപ്പെടെ ഏതൊരു ജീവിക്കും ഏതൊരു കാര്യവും ചെയ്യാൻ കഴിയുകയുള്ളൂ എന്നിരിക്കെ, മനുഷ്യരോട് കേമത്തം കാട്ടിയിട്ട് ദൈവത്തിന് യാതൊന്നും നേടാനില്ല.</u>**

## 'ഓം നമഃ ശിവായ' പഞ്ചാക്ഷരങ്ങളാണ്.

"ഓം, om, aum, ओम, ஓம்" എന്നിങ്ങനെ വ്യത്യസ്ത ഭാഷകളിലെ അക്ഷരങ്ങളെ ഉപയോഗിച്ച് എഴുതുകയും വായിക്കുകയും അച്ചടിക്കുകയും ചിത്രമാക്കുകയും ശില്പമാക്കുകയും, കമ്പ്യൂട്ടറിലും ടെലിവിഷനിലും മൊബൈൽ ഫോണിലുമൊക്കെ എഴുതുകയും മറ്റും ചെയ്യുമെന്നല്ലാതെ, ഏതെങ്കിലും പ്രത്യേക ഭാഷയിലെ അക്ഷരമല്ലാ "ഓം". (മാത്രമല്ല, ഉച്ചാരണത്തിൽ 2 അക്ഷരങ്ങൾ പ്രകടമായതിനെ "ഒറ്റ അക്ഷരപ്പട്ടിക" -യിൽ പെടുത്താനാവില്ല.).

അതായത്, "ഓം" എന്ന് ഉച്ചരിക്കുമ്പോൾ, "ഓം" ശബ്ദബ്രഹ്മവും, എഴുതുമ്പോൾ "ഓം" അക്ഷരബ്രഹ്മവുമാണ്.

മഹാശക്തിയായ ദൈവത്തിന്റെ 'മഹാപ്രപഞ്ചത്തിന് അതീതമായ മഹാഅവസ്ഥ'യാണ് ബ്രഹ്മം എന്ന് മുമ്പ് വിശദീകരിച്ചതാണ്.

"ഓം" അക്ഷരബ്രഹ്മം ആണ്; അക്ഷരമല്ല.

**അക്ഷരബ്രഹ്മം, ശബ്ദ ബ്രഹ്മം എന്നിങ്ങനെയുള്ള പദസമുച്ചയങ്ങളിൽ "മഹാശക്തിയായ ദൈവം" എന്ന അർത്ഥമുള്ള "ബ്രഹ്മം" എന്ന പദത്തിനാണ് പ്രാധാന്യം.**

**അക്ഷരബ്രഹ്മം എന്തെന്നാൽ, 'ബ്രഹ്മ' ത്തെ അക്ഷരം (ലിപി) കൊണ്ടും അവതരിപ്പിക്കാൻ കഴിയുമെന്നും, മഹാശാസ്ത്രപരമായി എഴുതുന്ന അഥവാ മഹാനിശ്ചയിച്ചിട്ടുള്ള അക്ഷരത്തിൽ പ്രവേശിക്കാൻ 'ബ്രഹ്മ'ത്തിനു കഴിയുമെന്നുമാണ്.**

അതായത് ഓം എന്ന അക്ഷരബ്രഹ്മത്തിന് ഭാഷകൾക്കെല്ലാം അതീതവും, ശാസ്ത്രപരവുമായ അക്ഷരലിപിയുണ്ട്. മഹാലിപി യെന്ന് വിശേഷിപ്പിക്കാവുന്ന അക്ഷരം എഴുതുന്നത് എങ്ങനെയെന്നും, പ്രസ്തുത അക്ഷരത്തിൽ ബ്രഹ്മം പ്രവേശിക്കുന്നത് എങ്ങനെയെന്നും മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിശദീകരി ക്കുന്നുണ്ട്.

ശബ്ദബ്രഹ്മമായ ' ഓം ' ചേർത്താലും, ഇല്ലെങ്കിലും, നമഃ ശിവായ 5 അക്ഷരങ്ങളാണ് = പഞ്ചാക്ഷരങ്ങൾ.

## ദൈവവിപ്ലവത്തോടെ അധമകാര്യങ്ങൾ ഏറെയും അവസാനിക്കുന്നതാണ്; ലാഭിക്കുന്ന ധനവും ഊർജ്ജവും സമയവും മറ്റും മണ്ണിൽ അദ്ധ്വാനിക്കാനും തങ്ങളുടെയും മറ്റുള്ളവരുടെയും നന്മകൾക്കായി ഉപയോഗിക്കാനും ജനങ്ങൾക്കെല്ലാം കഴിയട്ടെ !

# ഓം നമഃ ശിവായ

# ഓം ശിവായ നമഃ ദേവീ ശരണം

# അമ്മേ ശിവ !

ആവർത്തിക്കുന്നു : ഭൂമിയിലുള്ള മതങ്ങൾ മുഴുവൻ ദൈവീകമല്ലെന്നും, പൈശാചികമാണെന്നും, മത നിയമങ്ങളെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നവരും, പ്രചരിപ്പിക്കുന്നവരും, പാലിക്കുന്നവരും, കടുത്ത ദൈവ നിന്ദ ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ മതങ്ങളും മതപുരോഹിതരും തന്നെ അവരറിയാതെ മുന്നോട്ടു വെക്കുന്ന ശാസ്ത്രീയ മാർഗ്ഗമാണ് സ്തുതികളും ആരാധനകളും..... എങ്ങനെയെന്നാൽ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, സർവ്വത്തിനും അതീതവുമായ ദൈവം, സൃഷ്ടികളുടെ സ്തുതികളിലും ആരാധനകളിലും വഴിപാടുകളുകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പ്രീതിപ്പെടുകയില്ല. എന്നു മാത്രമല്ല, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാനായി ദൈവം നൽകിയ/ നൽകുന്ന ശക്തിയും സമ്പത്തും വസ്തുക്കളും സമയവും മറ്റും പാഴാക്കുന്നതിന് ശിക്ഷിക്കുന്നതുമാണ്. പ്രീതിപ്പെട്ടാൽ, ഇന്നത്തെ സർക്കാർ ആഫീസുകളെയും മത-ദേവാലയങ്ങളെയും പോലെ ദൈവം @ സത്യധർമ്മനീതികൾ അധഃപതിക്കും; സൃഷ്ടികളായ പഴയ കാല ദേവതകളും മനുഷ്യരും ഏറെക്കുറെ പൂർണ്ണമായും അധഃപതിച്ചു കഴിഞ്ഞു.....




## യഥാർത്ഥ ദേവ / വേദ ഭാഷയായ മലയാള ഭാഷയിലെ ദേവാലയം എന്ന പേര് കൂടുതൽ നന്ന്.

ദേവനും ദേവിയുമായ ദൈവത്തിന്റെ ആലയം അഥവാ വീട് എന്നു പേരിടുന്നതും, ദേവാലയം നിർമ്മിക്കുന്നതും മനുഷ്യർക്കു വേണ്ടി ത്തന്നെയാണ്. ദൈവം, സൃഷ്ടികളെ കുഞ്ഞുങ്ങളായി മാത്രം കരുതാനും മഹാസമനീതി എന്ന മഹാസമആനന്ദത്തെ ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങൾക്കും മഹാഅനുഗ്രഹിച്ചു നൽകാനുമായി മഹാവാത്സല്ല്യത്തെ സമസ്ത ജീവികളോടുമുള്ള ദൈവത്തിന്റെ ഏക-മഹാആനന്ദമായി നിശ്ചയിച്ചിരിക്കുന്നു എന്ന് മുമ്പ് തെളിയിച്ചിരുന്നു. അതേപോലെ കുഞ്ഞുങ്ങളുടെ ഇഷ്ടത്തെ ധർമ്മ ശാസ്ത്ര പ്രകാരം അനുവദിക്കുമ്പോൾ, കുഞ്ഞുങ്ങൾക്ക് പ്രാർത്ഥിക്കാനും, ദൈവത്തെ ഒരല്പം സ്തുതിക്കാനും ദേവാലയം നിർമ്മിക്കാൻ അനുവദിക്കുന്നതായി മനസ്സിലാക്കാം.

ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തോടെ' ഭൂമിയിലെ എല്ലാ ദേവാലയങ്ങൾക്കും ഒരൊറ്റ ഘടനയും രൂപവും സ്വഭാവവും ഉണ്ടാകുന്നതാണ്. ദേവാലയം എന്ന പേരിൽ ഒരു ആലയം ദൈവത്തിന് നൽകിക്കഴിഞ്ഞാൽ പിന്നെയത് ദൈവത്തിന്റേതാണ്. ദൈവത്തിന് സൃഷ്ടികളുടെ സഹായം വേണ്ടാ എന്നത് ദൈവത്തിന്റെ ആലയമായ ദേവാലയത്തിനും ബാധകമാണ്. ആത്മനിർവൃതിക്കും പ്രാർത്ഥനയ്ക്കും മറ്റും സന്ദർശനം നടത്തുന്ന വ്യക്തികൾ/ ഉപയോഗിക്കുന്നവർ ദേവാലയത്തെ ധർമ്മശാസ്ത്ര പ്രകാരം പരിപാലിക്കുക എന്നല്ലാതെ ദൈവത്തിന് ജോലിക്കാരെ വേണ്ടാ. പിന്നീട് വിശദീകരിക്കുന്നുണ്ട്.

**മഹാപ്രപഞ്ചം മുഴുവനും ദൈവത്തിന്റെ സമ്പത്താണ്. സ്വകാര്യമായോ, ഏതെങ്കിലും പ്രദേശത്തുള്ള (സമൂഹത്തിലെ) ജനങ്ങൾ ഒന്നിച്ച് പൊതുവായോ, ഭൂമിയിൽ എവിടെ നിർമ്മിക്കുന്ന ദേവാലയങ്ങളും, ഗൃഹങ്ങളും ഉൾപ്പെടെയുള്ള ഏതൊരു സ്ഥാപനങ്ങളും, ഉണ്ടാക്കിയവരുടെ അഥവാ ഉണ്ടാക്കിച്ചവരുടെ മരണത്തോടെ, ശരീരം വീണ്ടും മണ്ണിലടിഞ്ഞ് മണ്ണിന്റെ ഭാഗമായി മാറുന്നതു പോലെ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ (മാത്രം) സ്വത്തായി മാറുന്നതാണ്. മക്കൾക്കും ഉറ്റവർക്കും സമ്പത്തുകളെ കൈമാറാൻ വ്യക്തികൾക്ക്, രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന്റെ ശാഖയായ സാമ്പത്തിക ശാസ്ത്രം പ്രകാരം, അനുവാദം ഇല്ല. സ്വകാര്യങ്ങൾ, വ്യക്തിയും ഭാഗമായ ഇണയും മരിക്കുന്നതു വരെ മാത്രം. ആകയാൽ, മഹാശാസ്ത്ര പ്രകാരം അല്ലാതെ, ഭവനത്തിന്റെ ഭാഗമായി വ്യക്തികൾ, ഉണ്ടാക്കുന്ന ദേവാലയങ്ങൾ, ഉണ്ടാക്കിയ/ ഉണ്ടാക്കിച്ച ആദ്യ വ്യക്തികളുടെ മരണത്തോടെ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച ജനസേവകർ @ മന്ത്രിമാർ @ ജനങ്ങളുടെ അടിമകൾ ഏറ്റെടുക്കേണ്ടതും, മഹാശാസ്ത്രപരമല്ലാത്തവയെ പൊളിച്ച് / പരിണമിപ്പിക്കുകയും ചെയ്യേണ്ടതാണ്. ദേവാലയം സ്വകാര്യമല്ല എന്നു കൂടിയാണ് സുവ്യക്തമാക്കിയത്.**

## ദേവാലയത്തിൽ എന്തെല്ലാം ഉണ്ടായിരിക്കണം എന്നു നോക്കാം :

ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നതിനു വേണ്ടി മനുഷ്യർ നിർമ്മിച്ച് ദേവാലയം എന്ന പേരിട്ടിരിക്കുന്നതായ ദൈവത്തിന്റെ വീട്ടിലേക്ക് ഏതൊരു മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും ഏതൊരു സമയത്തും കയറിവരാനും പ്രാർത്ഥിക്കാനും ആരാധിക്കാനുമുള്ള സൗകര്യം ദേവാലയത്തിൽ ഉണ്ടാവണം. ദേവാലയത്തിലേക്ക് വരുന്നവരെ തടസ്സപ്പെടുത്തുന്ന വാതിലുകളും അടപ്പുകളും (കതകുകളും) മാനുഷിക പരിശോധനകളും ഉണ്ടായിരിക്കാൻ പാടില്ല.

ദൂരെ സ്ഥലത്തുനിന്നും ദേവാലയത്തിൽ വരുന്നവർക്ക് തങ്ങളുടെ ശരീരവും വസ്ത്രവും ശുചിയാക്കാനുള്ള സംവിധാനങ്ങളായ കിണർ അഥവാ കുളം, കുളിക്കാനും മല-മൂത്ര വിസർജ്ജനങ്ങൾക്കുമായി ശൗചാലയം എന്നിവ ഉണ്ടാവണം.

ദൈവത്തെ ആരാധിക്കാനും ദൈവത്തോട് പ്രാർത്ഥിക്കാനും വരുന്ന പുരുഷന്മാർ ശൗചാലയത്തെ ശുദ്ധമായി സംരക്ഷിക്കുന്നുവോ എന്ന് അത്യാവശ്യമായും അറിയുകയും, തോന്നിയാൽ നേരിട്ട് പരിശോധിക്കുകയും /ആവശ്യമെങ്കിൽ സ്വയം ശുചിയാക്കുകയും വേണം. സാമ്പത്തിക ശക്തി കുറവുള്ള ഒരു ജനതയാണ് നാട്ടിലുള്ളതെങ്കിൽ, മനുഷ്യരുടെ ശരീര-ശുദ്ധിക്ക് ഉതകുന്നതായ നല്ല ശൗചാലയം ഉണ്ടാക്കുകയും സംരക്ഷിക്കുകയും ചെയ്യുക. **സമൂഹത്തിന് ഏറ്റവും അത്യാവശ്യമായ ശൗചാലയം തന്നെയാണ് ആദ്യ-ദേവാലയം.** ശരീരത്തെ ശുദ്ധമാക്കുകയും, മല-വിസർജ്ജനങ്ങളെ നിർവ്വഹിച്ച് ആശ്വസിക്കുകയും ചെയ്യുമ്പോൾ ഒരു നിമിഷം ദൈവത്തെയും ഓർത്തുകൊള്ളും. മഹാശക്തിയായ ദൈവത്തെ ഒരു ജീവിയെന്ന പോലെ മഹാദേവിയായി കണക്കാക്കുമ്പോൾ, ജീവിയായ മഹാദേവിക്ക് ജീവിക്കാൻ ഏറ്റവും അത്യാവശ്യമായ ശുദ്ധിയുള്ള ശൗചാലയം നിർമ്മിക്കുന്നതായി കണക്കാക്കിയാൽ മതിയാകും. കുടുംബത്തിലെ ഓരോ അംഗങ്ങൾക്കും പ്രത്യേകം പ്രത്യേകം കക്കൂസുകൾ വേണ്ടാ എന്നതുപോലെ മഹാമാതാവിനും, മക്കളായ മനുഷ്യർക്കും പ്രത്യേകം കക്കൂസുകൾ വേണ്ട.

**സാമ്പത്തിക ശക്തി മെച്ചമായുള്ള ഒരു ജനതയാണ് നാട്ടിലുള്ളതെങ്കിൽ, ചുവടെ ശാസ്ത്രപരമായി വിവരിക്കും പോലെയുള്ള താമസ സൗകര്യം മഹാദേവിക്ക് ഉണ്ടാക്കി ക്കൊടുക്കുക.**

മഴയും വെയിലും ഏൽക്കാൻ കഴിയുന്നതും സൂര്യപ്രകാശം ലഭിക്കുന്നതുമായ പരമാവധി 100 ഏക്കർ വരെ സ്ഥലം ദേവാലയത്തിന് ആവാം; വൃത്താകൃതിയിൽ, ഒരു ചെറിയ കുന്നിൻപുറം പോലെ.

**കേരളത്തിലെ തൃശ്ശൂരുള്ള വടക്കുന്നാഥ ക്ഷേത്രത്തിന്റെയും സൗദി അറേബ്യയിലെ മക്കാ-പള്ളിയുടെയും പരിഷ്ക്കരിച്ച ഒരു ശാസ്ത്ര രൂപമാണ് ചുവടെ വിവരിക്കുന്നതെന്നു പറയുമ്പോൾ, നിർമ്മാണ കാര്യങ്ങൾക്ക് എളുപ്പവും സുവ്യക്തതയും ഉണ്ടാകുന്നതാണ്.**

സ്ഥല വിസ്തീർണ്ണം 100 ഏക്കറിൽ കൂടാത്തതു നല്ലത്, എത്ര വേണമെങ്കിലും കുറയാം. 10 ഏക്കറാവാം. 1 ഏക്കറാവാം. അതിലും കുറയാം. പുര അഥവാ വീട് വയ്ക്കാനുള്ള ഇടമാകയാൽ പുരയിടം എന്നു പറയുന്നു.100 ഏക്കറുള്ള സ്ഥലത്തെപ്പറ്റി പറയുമ്പോൾ, വാഹനത്തിന് ചുറ്റിക്കറങ്ങാവുന്ന റിംഗ് റോഡ് ഉണ്ടാക്കുക.

പുരയിടത്തിന്റെ കേന്ദ്രത്തിൽ സുമാർ 1 ഏക്കർ വരുന്ന സ്ഥലം നിരപ്പാക്കുക. 4 ദിക്കുകളിൽ കൂടിയും പുരയിടത്തിന്റെ കേന്ദ്രത്തിലേക്ക്, പരമാവധി 10 പേർക്ക് നിരന്ന് നടന്നു പോകാവുന്ന തരത്തിൽ നടപ്പാത നിർണ്ണയിക്കുക. അതായത് 4 ദിക്കുകളിൽ കൂടിയും മഹാദേവിക്ക് നിർമ്മിക്കുന്ന വീട്ടിലേക്ക് പോകാൻ കഴിയണം. 4 നടപ്പാതകൾ. മദ്ധ്യത്തിലായിട്ട് വൃത്താകൃതിയിൽ 1 ഏക്കർ സ്ഥലമോ, 10 സെന്റ് സ്ഥലമോ, മഹാദേവിയുടെ മഹാ-പുരയ്ക്കായി മാറ്റിവയ്ക്കുന്നു. മഹാപുര എന്ന ഇരിപ്പിടത്തെപ്പറ്റി പിന്നീട് വിസ്തരിക്കാം. 4 നടപ്പാതകളും ചെന്നു ചേരുന്നത് മേല്ക്കൂരയുള്ളതും കല്ലുപാകിയിട്ടുള്ളതുമായ ഒരു നടപ്പന്തലിന് ഇടയിലൂടെ മഹശിവലിംഗ-പ്രതിഷ്ഠയുടെ ചുറ്റുമുള്ള മണ്ണുകൊണ്ടുള്ള റിംഗ് പാതയിലേക്കാണ്.

നടപ്പന്തലിന്റെ ഉള്ളിലൂടെ മണ്ണ് കൊണ്ടുള്ള നടപ്പാത തന്നെ ആകണം. പന്തലിനെപ്പറ്റി പിന്നീട് വിസ്തരിക്കാം. പുരയിടത്തിന്റെ എല്ലാ വശങ്ങളിലും, അഥവാ സ്ഥലത്തിനു ചുറ്റും ഒരു വേലിയെന്നപോലെ പ്ലാവ്, മാവ്, തെങ്ങ്, തുടങ്ങിയ ഫല വൃക്ഷങ്ങൾ മാത്രം നട്ടുവളർത്തുക. വൃക്ഷങ്ങൾ വളരുമ്പോൾ ഉള്ളിലേക്കുള്ള നടപ്പാതയെ മറയ്ക്കരുത് എന്നതു കരുതി മരം നടുക. മഹാദേവിയുടെ മഹാ-പുരയിലേക്കുള്ള 4 നടപ്പാതകളുടെയും ഒരുവശത്ത് സുഗന്ധപുഷ്പങ്ങളെ നൽകുന്ന ചെടികളും മറുവശത്ത് ഇന്നത്തെ ആയുർവ്വേദവുമായി ബന്ധപ്പെട്ട പച്ചമരുന്നു ചെടികളും, പിന്നെ ചെന്തെങ്ങും വാഴയും സപ്പോട്ടയും മറ്റും നടുക. ജീവിയായിരിക്കുന്ന മഹാദേവിക്ക് ജീവിക്കാൻ അത്യാവശ്യമായ ഫലങ്ങളും, രോഗം വന്നാൽ അവശ്യം ചികിത്സിക്കാൻ പച്ചമരുന്നുകളും ഒരുക്കുകയാണു ചെയ്യുന്നത്. കരിക്കായി, വാഴപ്പഴമായി. പോരല്ലോ, പാൽ വേണ്ടേ ? അമ്മ കുഞ്ഞുങ്ങള്ക്ക് ആദ്യം നൽകുന്നത് പാലാണ്.

മനുഷ്യരിലെ കുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെ പശുവിന്റെ പാൽ കുടിക്കുന്നുണ്ട്. അങ്ങനെയിരിക്കെ ജീവിയായ മഹാദേവിക്ക് കുടിക്കാൻ പാൽ വേണം. ഒരു പശുവിനെയും പശുപതിയെയും (കാള) ദാനമായി നൽകാൻ പൊങ്ങച്ചമില്ലാത്തവർ തയ്യാറുണ്ടെങ്കിൽ സ്വീകരിക്കുക. ദാനമായി നൽകാൻ ആരും തയ്യാറല്ലെങ്കിൽ, തയ്യാറായ ശേഷമാണ് മഹാദേവിക്ക് മഹാ-പുര പണിയുക. എന്നാല് അതിന്റെ പേരിൽ മറ്റു പണികൾ തൽക്കാലം മുടങ്ങണ്ട. 4 നടപ്പാതകൾ ചേർന്ന് 4 ഭൂമി-ഭാഗങ്ങളെ ഉണ്ടാക്കുന്നുണ്ട്. അതിലൊന്നിൽ പശുവിനും പശുപതിക്കും തിന്നാനുള്ള പുല്ല് വളരാൻ അനുവദിക്കുക. പുല്ലിന്റെ കൂടെ മനുഷ്യനും പശുവിനും ഭക്ഷിക്കാവുന്ന, കപ്പ പോലെയുള്ള കൃഷികളുമാവാം. പുല്ല് വളരും വരെ, മഹാമാതാവിനെ കാണാൻ വരുന്ന മക്കളായ മനുഷ്യർ പശുവിനും പശുപതിക്കുമുള്ള പുല്ല് കൊണ്ടുവരണം. പശുവിനും പശുപതിക്കും മഴ നനയാതെയും വെയിലു കൊള്ളാതെയും ഒരു ഓലപ്പുര (പശുപ്പുര) കൂടി പ്രസ്തുത ഒന്നാം തുണ്ടു ഭൂമിയിൽ നിർമ്മിക്കണം. അത്യാവശ്യമുള്ളപ്പോൾ മാത്രം പശുവിനെയും പശുപതിയെയും ബന്ധിക്കുക എന്നതാവണം പൊതുവായ രീതി.

രണ്ടാമത്തെ തുണ്ടു ഭൂമിയുടെ 1/3 ഭാഗത്ത് സുഗന്ധ പുഷ്പ ചെടികളെ നട്ടുള്ള പൂന്തോട്ടം ഉണ്ടാക്കുക. ബാക്കി 2/3 ഭാഗത്തും കപ്പ, വാഴ, കാച്ചിൽ, ചേന, ചേമ്പ്, പയർ തുടങ്ങിയവ കൃഷി ചെയ്യുക. പശുവിന്റെയും പശുപതിയുടെയും ചാണകവും, കുളത്തിൽ നിന്നുള്ള വെള്ളവും ഫലവൃക്ഷങ്ങൾക്കും കൃഷിവിളകൾക്കും നൽകേണ്ടതുണ്ട്. പശുവിനെ കറന്നു പാലെടുക്കാനും, അത് പാത്രത്തിൽ എടുത്ത് മഹാപുരയിൽ വയ്ക്കാനുമുള്ളതാണ്. ആവക കാര്യങ്ങളെ പിന്നീട് വിസ്തരിക്കാം. മഹാദേവിയെ കാണാൻവരുന്ന മക്കളായ മനുഷ്യർക്കും മഹാമാതാവിന്റെ ഭവനമായ ദേവാലയ-പുരയിടത്തിലുള്ള ഫലങ്ങളെ ഭക്ഷിക്കാം. വിശപ്പും ദാഹവും ഉണ്ടെങ്കിൽ, അഥവാ ആവശ്യമെങ്കിൽ, കരിക്കിട്ടു കുടിക്കാം. കൊച്ചു കുഞ്ഞുങ്ങൾക്ക് മഹാപുരയിൽ കരുതിയിട്ടുള്ള പാലും കുടിക്കാം. അത്യാവശ്യമെങ്കിൽ മുതിർന്നവർക്കും പാൽ കുടിക്കാവുന്നതാണ്. പാൽ ചൂടാക്കാതെ കുടിക്കാം കുഞ്ഞുങ്ങളെ, നിങ്ങളെല്ലാം അമ്മയുടെ മുലപ്പാൽ കുടിച്ചത് നേരിട്ടാണ്, അടുപ്പിൽ വച്ച് ചൂടാക്കിയ ശേഷമല്ല.

മൂന്നാമത്തെ തുണ്ടു ഭൂമിയിൽ, കിണർ, കുളം, കുളിമുറി, കക്കൂസ്, സ്റ്റോർ, കഞ്ഞിസദ്യക്കുള്ള പാചകപ്പുര, അഴുക്കുതുണികളും മറ്റും കത്തിച്ചുകളയുവാനുള്ള സൗകര്യം, തുടങ്ങിയവ ഒതുക്കമായി പുരയിടത്തിന്റെ അതിർത്തിയോടടുത്തായി വിഭാവന ചെയ്യണം. ചെറിയ അഴുക്കുവെള്ളത്തെ ഭൂമിയിലേക്കും വൃക്ഷ ച്ചുവട്ടിലേക്കു മൊക്കെ കടത്തി വിടാനുള്ള കുഴികളും ചാലുകളും ഉണ്ടാവണം. വീടുകളിൽ ബാത്ത് അറ്റാച്ച്ഡ് ബെഡ് റൂമുകളെ ഉണ്ടാക്കുന്നവർ, ദേവാലയ വളപ്പിനുള്ളിൽ കുളിമുറിയും കക്കൂസുമൊക്കെ പാടുണ്ടോ എന്നു ചോദിക്കരുത്. ജീവിയായി വന്നിരിക്കുന്ന ദേവിക്ക് ജീവി-പരമായ സൗകര്യങ്ങളെ നിഷേധിച്ചുകൂടാ. മഹാമാതാവായ ദേവിക്കുവേണ്ടി ഉണ്ടാക്കുന്ന ശൗചാലയങ്ങൾ ആവശ്യക്കാരായ മക്കൾക്കെല്ലാം ഉപയോഗിക്കാൻ കഴിയണം. സംഹാരം പുരോഗമിക്കുമ്പോൾ, കുളിമുറിയും കക്കൂസുമൊക്കെ ഇരിക്കുന്ന പ്രദേശം ചെറിയ കാട് അഥവാ കാവായി രൂപാന്തരപ്പെടുന്നതാണ് എന്നു മാത്രം തല്ക്കാലം അറിയുക. കൂടുതൽ വിസ്തരിക്കുന്നില്ല.

നാലാമത്തെ തുണ്ട് ഭൂമിയിൽ സംഗീത സദസ്സ്, സ്ത്രീകള്ക്കായുള്ള ശാസ്ത്ര വിദ്യാഭ്യാസം, ആഘോഷകാര്യങ്ങൾ തുടങ്ങിയവയാണ് ഉദ്ദേശിക്കുന്നത്.

മഹാശക്തിയായ, (മഹായജമാനയായ; മഹാദേവനും) മഹാദേവിയുമായ; (മഹാപിതാവും) മഹാമാതാവുമായ; മഹാനീതിയായ ദൈവത്തിന്റെ വീട്ടിലേക്ക് വരുന്നവർക്ക് അവരുടെ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള കുറേ ശാസ്ത്ര സംവിധാനങ്ങളുണ്ട്.

കൂടാതെ, ഒരു നാട്ടിലെ മനുഷ്യജീവിതം സുന്ദരമായിരിക്കുന്നുവോ, അധഃപതിച്ചിരിക്കുന്നുവോ, ഏത് അവസ്ഥയിലാണ് എന്നിവ മനസ്സിലാക്കുവാനും, പരിഹാരം കാണാനുമെല്ലാം ദൈവത്തിനു തയ്യാറാക്കുന്ന വീടും പരിസരവും കണ്ടാൽ ബോദ്ധ്യമാകണം. അതിനുള്ള കാര്യങ്ങളെപ്പറ്റി ഇനി പറയാം :-

ഒരു വലിയ വൃത്താകൃതിയിലുള്ള ഭൂമിയെ 4 ആയി വിഭജിക്കുകയും മദ്ധ്യഭാഗം മഹാ-പുരയ്ക്കായി മാറ്റിവയ്ക്കുകയുമാണു ഇതുവരെ ചെയ്തത്. മേല്പടി 4 വിഭജനങ്ങൾ ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ ശാസ്ത്രീയമായ തൊഴിൽ വിഭജനങ്ങളെയാണ് കുറിക്കുന്നത്. മഹാദേവിയുടെ മഹാ-പുരയിലേക്കുള്ള 4 നടപ്പാതകളും ധർമ്മശാസ്ത്രപരമാണ്. (1) പൊതുപാതയിൽ നിന്ന് ദേവാലയത്തിലേക്കുള്ള ആദ്യനടപ്പാതയിലൂടെ ശുചിത്വ-വിഭാഗത്തിലുള്ള തൊഴിലുകൾ ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. സംഗീതജ്ഞന്മാർ, ശാസ്ത്രജ്ഞന്മാർ, അദ്ധ്യാപകർ തുടങ്ങിയവർ പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് ശുചിത്വ-പാത എന്നു പേരുവയ്ക്കുന്നു. (2) ശുചിത്വ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ അത്യാവശ്യ-വിഭാഗത്തിലുള്ള തൊഴിലുകൾ ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. കൃഷിക്കാർ, നെയ്ത്തുകാർ, ആശാരി, മേശിരി, കൂലിപ്പണിക്കാർ, തുടങ്ങിയവർ പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് അത്യാവശ്യ-പാത എന്നു പേരുവയ്ക്കുന്നു.

(3) അത്യാവശ്യ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ ആവശ്യ-വിഭാഗത്തിലുള്ള തൊഴിലുകൾ ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. ജനങ്ങളുടെ സേവകരും അടിമകളുമായ പോലീസ് സേന, രാജാവ്, മന്ത്രിമാർ, തുടങ്ങിയവര് പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് ആവശ്യ-പാത എന്നു പേരുവയ്ക്കുന്നു. (4) ആവശ്യ-പാതയുടെ ഇടതുവശത്തെ പാതയിലൂടെ വിനോദ-വിഭാഗത്തിലുള്ള തൊഴിലുകളെ ചെയ്യുന്ന മനുഷ്യരാണ് പ്രവേശിക്കേണ്ടത്. ചിത്രകാരന്മാർ, നൃത്തക്കാർ, വാദ്യമേളക്കാർ, സാഹിത്യകാരന്മാർ തുടങ്ങിയവർ പ്രവേശിക്കുന്ന പ്രസ്തുത പാതയ്ക്ക് വിനോദ-പാത എന്നു പേരുവയ്ക്കുന്നു.

**ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ ശാസ്ത്രീയമായ തൊഴിൽ വിഭജനത്തെ പ്രത്യേകം അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. സംഗീതം ഉൾപ്പെടെ ഓരോ തൊഴിലും മറ്റു വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്നും വിവരിച്ചിട്ടുണ്ട്.**

ശുചിത്വ-പാത, അത്യാവശ്യ-പാത, ആവശ്യ-പാത, വിനോദ-പാത എന്നീ 4 നടപ്പാതകളിലൂടെയും എത്തുന്നവർ മേൽക്കൂര ഇല്ലാത്തതായ മഹാദേവിയുടെ മഹാപുരയിലാണ് എത്തുക. ചുറ്റോടുചുറ്റും ഒരുപോലെ എല്ലാവരെയും ദർശിച്ചു കൊണ്ടിരിക്കുന്ന മഹാദേവിയുടെ മഹാശാസ്ത്ര-പ്രതിഷ്ഠ അവിടെ വളരെ ലളിതമായി നിർമ്മിച്ചിരിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കും മുമ്പ് മേല്പടി പാതകളുമായും മറ്റും ബന്ധപ്പെട്ട ചില കാര്യങ്ങൾ കൂടി വിസ്തരിക്കാനുണ്ട്. (1) മേല്പടി 4 പാതകളും മനുഷ്യരെയും മനുഷ്യജീവിതത്തെയും ശ്രേഷ്ഠപ്പെടുത്താൻ ഉള്ളതാണ്, മോശപ്പെടുത്താനുള്ളതല്ല. മഹാ-പുരയിലേക്ക് വന്നു മടങ്ങുമ്പോൾ തങ്ങൾക്കിഷ്ടമുള്ള പാതയിലൂടെ മടങ്ങാൻ വ്യക്തിസ്വാതന്ത്ര്യമുണ്ട്. മഹാ-പുരയിലേക്ക് വരുമ്പോൾ, അവർ ആരാണെന്നും അവരുടെ തൊഴിലെന്താണെന്നും അവരോർക്കണം. ആകയാൽ പാത-തെറ്റി പ്രവേശിക്കുന്നത് ദൈവീകമല്ല,  ധർമ്മ ശാസ്ത്രപരമല്ല. എന്നിരിക്കിലും അധമമായ സ്വാതന്ത്ര്യത്തിലൂടെ പാപം സമ്പാദിക്കാൻ അവർക്കു സാധിക്കുന്നതാണ്. (അതിലും നല്ലത് ദേവാലയത്തിൽ വരാത്തതാണ്!).

ആരോഗ്യത്തിനെ ആസ്പദമാക്കിയും അസാധാരണമായ സാഹചര്യങ്ങളിലും വ്യത്യാസം ആവാം. ആവശ്യ-പാതയിലൂടെ വരുന്നവർ, ശുചിത്വ-പാതയിലൂടെ മടങ്ങണം. ശുചിത്വ-പാതയിലൂടെ വരുന്നവർ ആവശ്യ-പാതയിലൂടെയും. മേല്പടി നാലു പാതകളുടെയും തുടക്കത്തിലും അവസാനത്തിലും പാതകളുടെ പേരും ദിശാ-ചിഹ്നവും (ചൂണ്ടു-ചിഹ്നവും) വലിപ്പത്തിൽ പ്രദർശിപ്പിക്കണം. (ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്നിങ്ങനെ Clockwise ആയി പാതകളെ രചിക്കുകയാൽ പാതകളുടെ പേരും ബോർഡുകളും അത്യാവശ്യം അല്ലെന്നും, ആവശ്യം ആണെന്നും, അറിയുക). ഭിക്ഷാടനം ചെയ്യുന്നവർക്കും, സാമ്പത്തിക ആവശ്യങ്ങൾ ഉള്ളവർക്കും ആവശ്യ-പാതയിൽ ഒരു വരിയായി ആരോഗ്യത്തെ ആസ്പദമാക്കി നിൽക്കുകയോ ഇരിക്കുകയോ കിടക്കുകയോ ഒക്കെ ചെയ്യാം.

ഭരണകാര്യങ്ങൾ ചെയ്യുന്നവരായ ആവശ്യം-വിഭാഗത്തിലുള്ളവർ തങ്ങളുടെ ധർമ്മം കാര്യക്ഷമമായി നിറവേറ്റിയാൽ ആവശ്യ-പാതയിൽ ഭിക്ഷക്കാരുണ്ടാവില്ല.

മായ പ്രത്യക്ഷമാക്കുന്നതോടെ, ഭിക്ഷാടനം ചെയ്യുവാൻ സംഗീതജ്ഞന്മാരെ മാത്രമേ ദൈവം അനുവദിച്ചിട്ടുള്ളൂ എന്നു തെളിയുന്നതാണ്. പിന്നെയും, ഭിക്ഷയെടുക്കുന്നവരെയും അതിനു കാരണക്കാരായ ഭരണാധികാരികളെയും അധമരായി കണക്കാക്കുന്നതാണ്, കണക്കാക്കേണ്ടതാണ്. ആവശ്യ-പാതയിൽ നിൽക്കുന്ന പാവങ്ങളോടും ഭിക്ഷക്കാരോടും അവരുടെ ആവശ്യ-വിവരങ്ങളെ ചോദിച്ചറിയേണ്ടത്, ആവശ്യ-പാതയിലൂടെ ദേവാലയത്തിൽ പ്രവേശിക്കുന്നവരുടെ സ്വയം ബാദ്ധ്യതയാണ്. അവർ അതു ചെയ്യാതിരുന്നാൽ അവർക്ക് പാപം ഉണ്ടാകുന്നതാണ്. ആവശ്യം-വിഭാഗത്തിൽ പ്രവർത്തിക്കുന്ന 'ജനങ്ങളുടെ അടിമകളായ ഭരണവർഗ്ഗം' ചോദിക്കാതെ തങ്ങളുടെ പ്രശ്നങ്ങളെ പറഞ്ഞുകൂടാ, എന്നിരുന്നാലും പറയാൻ പാവങ്ങൾ തയ്യാറാവുന്നത് പറയുന്നവരുടെ വ്യക്തിസ്വാതന്ത്ര്യവും, അതിനെ നിഷേധിക്കുന്നത് ഭരണവർഗ്ഗത്തിന്റെ അധമമായ വ്യക്തിസ്വാതന്ത്ര്യവുമാണ്.

ശാസ്ത്രം ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു എന്നതുകൊണ്ട്, ധർമ്മശാസ്ത്രപരമായ തിരുത്ത് ഏതൊരാൾ ചൂണ്ടിക്കാട്ടിയാലും, അദ്ദേഹത്തിനും, (അദ്ദേഹത്തെ അയച്ച ദൈവത്തിനും) നന്ദി പറഞ്ഞുകൊണ്ട് പ്രവർത്തിക്കുവാൻ ഭരണാധികാരികൾ ഉൾപ്പെടെയുള്ളവർക്ക് ബാധ്യതയുണ്ട്.

ശുചിത്വം വിഭാഗത്തിലുള്ള സംഗീതജ്ഞന്മാർക്ക് ദേവാലയത്തിൽ വച്ച് സ്തുതി ഗീതങ്ങൾ പാടാനും ജനങ്ങളെ ആനന്ദിപ്പിക്കാനും കഴിയുന്നതാണ്. ആനന്ദിപ്പിക്കുന്നതിന് പ്രതിഫലമെന്നോണം ദേവാലയത്തിനുള്ളിൽ വച്ച് ഭിക്ഷയെടുക്കാൻ അവർക്ക് ദൈവീകമായ അവകാശമുണ്ട്. തങ്ങളുടെ അന്നന്നുള്ള ജീവിതാവശ്യങ്ങൾക്കുള്ള ധനത്തെ മാറ്റിവച്ച്, ബാക്കിയുള്ളത്, ആവശ്യ-പാതയിൽ ഭിക്ഷാടനം നടത്തുന്ന പാവങ്ങൾക്ക് തുല്ല്യമായോ, മനസ്സിൽ തോന്നുമ്പോലെയോ വീതിച്ചു നൽകാം!

ശുചിത്വ-പാതയിൽ, ശാസ്ത്ര വിഷയങ്ങളിൽ സംശയങ്ങൾ ഉള്ളവർക്കും, സമൂഹത്തിലെ അധമകാര്യങ്ങളെപ്പറ്റി പരാതികൾ ഉള്ളവർക്കും ഒരു വരിയിൽ ക്യൂ-ആയിട്ട് നിൽക്കുകയോ ഇരിക്കുകയോ കിടക്കുകയോ ഒക്കെ ചെയ്യാവുന്നതാണ്. ദേവാലയത്തിൽ വരുന്ന ശുചിത്വ-വിഭാഗക്കാരോട് സംശയം ചോദിക്കാനും പരിഹാരം തേടാനും ശ്രമിക്കാവുന്നതാണ്. ശുചിത്വ-വിഭാഗക്കാർ സ്വയം ബാദ്ധ്യതയായി അവരുടെ പ്രശ്നങ്ങളെ ചോദിച്ചറിയാനും പരിഹാരം ഉണ്ടാക്കാനും പരിശ്രമിക്കേണ്ടതാണ്. ആവശ്യം വിഭാഗത്തിലെ തൊഴിലുകൾ ചെയ്യുന്നവർ മടങ്ങുന്നത് ശുചിത്വ-പാതയിലൂടെയാവണം, മാത്രമല്ല, ശുചിത്വ-പാതയിൽ നിൽക്കുന്നവരുടെ ആക്ഷേപങ്ങളെയും പരാതികളെയും അഭിപ്രായങ്ങളെയും കേൾക്കുകയോ, അവരെ രാജമന്ദിര-ത്തിലേക്ക് കൂട്ടിക്കൊണ്ടു പോയിട്ട് ആദരിച്ച് ഇരുത്തുകയും, ജനങ്ങളുടെ അടിമകളായ രാജാവിനും മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും ആരോഗ്യ പ്രശ്നങ്ങൾ ഇല്ലെങ്കിൽ, നിന്നുകൊണ്ട് അതിവിനയത്തോടെയും ധർമ്മശാസ്ത്ര പരമായും അവരുടെ പ്രശ്നങ്ങളെ ഒന്നൊന്നായി ചോദിച്ചറിയുകയും പരിഹാരം ഉണ്ടാക്കുകയും വേണം.

അത്യാവശ്യം, വിനോദം എന്നീ പാതകളിൽ ഭിക്ഷക്കാർ ഉൾപ്പെടെ യാതൊരാളും പരാതികളോ പ്രശ്നങ്ങളോ ആയി നിന്നുകൂടാ. പ്രഥമമായി, സ്ത്രീകൾക്കും കുട്ടികൾക്കും സ്വസ്ഥമായും ആനന്ദത്തോടെയും ദേവാലയത്തിൽ വന്നുപോകുവാനുള്ള വഴികളാണവ. കൂടാതെ അത്യാവശ്യം വിഭാഗത്തിലും വിനോദം വിഭാഗത്തിലും പ്രവർത്തിക്കുന്ന കൃഷിക്കാർക്കും കലാകാരന്മാർക്കു മൊക്കെ ഒക്കെ സ്വസ്ഥമായും ആനന്ദത്തോടെയും ദേവാലയത്തിൽ വന്നുപോകുവാനുള്ള വഴികളാണവ. എന്നിരിക്കിലും അവർക്ക് മടങ്ങുമ്പോൾ, തങ്ങൾക്ക് ഇഷ്ടമുള്ള പാത തിരഞ്ഞെടുക്കാം. (2) മഹാശക്തിയായ മഹാദേവി, മഹാനീതിപതി കൂടിയാണെന്നിരിക്കെ, സമൂഹത്തിലുള്ള ജനങ്ങൾക്ക്, തങ്ങളുടെ നീതിപരമായ ആവശ്യങ്ങൾക്ക് പരിഹാരം തേടാനും നേടാനുമുള്ള മഹാ-സംവിധാനം മഹാദേവിയുടെ ഭവനത്തിലുണ്ടാവണം.

ഒട്ടും യോഗ്യതയില്ലാത്തവർ മഹാനീതി(പതി)യുടെ ഭവനത്തിലേക്ക് വന്നുകൂടാ, അല്ലെന്നാൽ ശിക്ഷ വാങ്ങാനും തയ്യാറാവണം, എന്നുകൂടിയുള്ള സന്ദേശം അതിലുണ്ട്. ഇന്നത്തെ കാലഘട്ടത്തെ ഉദാഹരണമായി എടുത്താൽ ആവശ്യ-പാതയിൽ ഭിക്ഷക്കാരും പാവങ്ങളുമൊക്കെ ഏറെയുണ്ടാവും. ശുചിത്വ-പാതയിൽ സമൂഹത്തിലെ ബഹുവിധ അധമകാര്യങ്ങളെപ്പറ്റി ആക്ഷേപങ്ങളും പരാതികളും അഭിപ്രായങ്ങളും ഉള്ളവരുടെ വളരെ വലിയ കൂട്ടം ഉണ്ടാകും. ദൈവത്തിന്റെ വീടിന് പോലീസിന്റെയും പട്ടാളത്തിന്റെയും ഒക്കെ കാവൽ പാടില്ലാ എന്നിരിക്കെ രാഷ്ട്ര-രാഷ്ട്രീയ-മത വ്യവസ്ഥിതികളിൽ ഭരണാധികാരികൾ ആയവർക്ക് ദേവാലയങ്ങളിൽ പ്രവേശിക്കാൻ കഴിയാതെ വന്നേക്കാം.

(3) മഹാപിതാവും മഹാമാതാവുമായ മഹാദേവി മഹാവാത്സല്യം കൂടിയാണെന്നറിയാമല്ലോ. മഹാനീതിയായ മഹാദേവിയുടെ ഭവനത്തിൽ പോകാൻ യോഗ്യതയില്ലാത്തവരെയും ആരോഗ്യം ഇല്ലാത്തവരെയും/ കുറഞ്ഞവരെയും മഹാമാതാവായ മഹാദേവി ആശ്വസിപ്പിക്കുന്നുണ്ട്. കുഞ്ഞുങ്ങളേ, നിങ്ങൾ സ്വന്തം ഭവനം, കുളിമുറി, കക്കൂസ്, യാത്ര തുടങ്ങി എവിടെ വച്ചും, ഉറങ്ങാൻ കിടക്കുമ്പോഴും ഒക്കെ, പ്രാർത്ഥിക്കാതെ വയ്യെങ്കിൽ പ്രാർത്ഥിക്കാം.

'ഇണയെ ഒഴികെ' സ്വയവും ദൈവവും ഉൾപ്പെടെ സർവ്വതും ജീവികളുടെ പരമാനന്ദമായ കാമാനന്ദത്തിൽ മുഴുകുന്ന ജീവികൾ മറക്കുമെന്ന് ദൈവം വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, കാമാനന്ദത്തിൽ മുഴുകുമ്പോൾ മാത്രം പ്രാർത്ഥിക്കാനുള്ള ശ്രമം വേണ്ട. മഹാദേവിയുടെ വാതകരൂപമായ ഓക്സിജൻ എല്ലാവരുടെയും പ്രാർത്ഥനകളെയും ചിന്തകളെയും അറിയുകയും കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്. മാത്രമല്ലാ; ഓരോ ജീവാത്മാവിനും ലഭിച്ചിട്ടുള്ള ശരീരം, ദൈവാംശവും പ്രത്യക്ഷ ദൈവവും ആണ്. ദൈവാംശമായ ശരീരത്തിലെ ചർമ്മത്തിലൂടെയും രക്തത്തിലൂടെയും ശരീരം മുഴുവൻ വ്യാപരിക്കുന്ന ജീവാത്മാവിന് എല്ലാ ആനന്ദങ്ങളെയും നൽകുന്ന ശരീരത്തെ ധർമ്മശാസ്ത്ര പ്രകാരം മാത്രം ഉപയോഗിക്കാനും, ജലം/മണ്ണ് /വായു കൊണ്ട് ഉചിതമായി ശരീര ശുദ്ധി ചെയ്യാനും ജീവാത്മാവ് ശ്രദ്ധിച്ചാൽ ഏറ്റവും വലിയ പ്രാർത്ഥന അതാണ്. അതായത് കുഞ്ഞുങ്ങൾ നിരീശ്വര വാദം നടത്തി കൊണ്ടും ജീവിക്കുന്നത് ശരീരത്തെയും മനസ്സിനെയും ധർമ്മശാസ്ത്ര പ്രകാരം പരിപാലിച്ചാണെങ്കിൽ 100/100 മാർക്കുണ്ട്.

യോഗ്യതയില്ലാത്തവർക്ക് മഹാനീതിയായ മഹാദേവിയുടെ ഭവനത്തിലേക്ക് വരാൻ തടസ്സമുണ്ട്.

യോഗ്യതയില്ലാത്തവർക്ക് മഹാമാതാവിന്റെ ഭവനത്തിൽ ഒളിച്ചുവരാനുള്ള മാർഗ്ഗമാണ് വേഷപ്രച്ഛന്നരായി വരിക എന്നുള്ളത്. ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾ ഉൾപ്പെടെയുള്ള കള്ളന്മാർക്ക്, കള്ളവേഷത്തിൽ വന്നു പോകാം. മഹാനീതിയായ മഹാദേവി, മഹാമാതാവുകൂടി ആകയാൽ കണ്ണടച്ചെന്നു വരും.

(4) മഹാദേവിയുടെ ഭവനത്തിലേക്കു വരുന്നവർ, മഹാദേവിക്ക് പണമോ സമ്മാനങ്ങളോ നൽകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തങ്ങൾക്കാവുമ്പോലെയുള്ള ഉപഹാരങ്ങളെ മാത്രം കൊണ്ടു വരികയും, ആവശ്യ-പാതയിൽ ഒരു വരിയായി നിൽക്കുന്ന മഹാദേവിയുടെ കുഞ്ഞുങ്ങൾക്ക് തങ്ങൾക്കു തോന്നുമ്പോലെ വിതരണം ചെയ്യുകയും, ശേഷം മാത്രം, മഹാദേവിയുടെ ഭവനത്തിലേക്ക് വരികയും ചെയ്യുക.

മഹാദേവിയുടെ ഭവനത്തിലേക്ക് പൂക്കൾ, പൂമാല, വിളക്ക്, പണം, തുടങ്ങി യാതൊന്നും കൊണ്ടുവന്നുകൂടാ. മഹാദേവിയുടെ പുരയിടത്തിൽ നിന്ന് പൂപറിച്ച് തലയിൽ ചൂടാമെന്നല്ലാതെ, അത്യാവശ്യം അല്ലെങ്കിൽ വീട്ടിലെ ആവശ്യങ്ങൾക്കായി കൊണ്ടുപോയിക്കൂടാ. വിശപ്പും ദാഹവും ഉള്ളവർക്ക് മഹാദേവിയുടെ പുരയിടത്തിലെ ഫലങ്ങൾ പറിച്ചുതിന്നാം, എന്നല്ലാതെ അത്യാവശ്യമല്ലെങ്കിൽ വീട്ടിലുള്ളവർക്കായി കൊണ്ടുപോയിക്കൂടാ. അത്തരം ആവശ്യങ്ങൾക്ക്, ആവശ്യ-പാതയിൽ നിന്ന് ഭിക്ഷയെടുക്കുന്നതും ആലോചിച്ചു ചെയ്യാം. മഹാശക്തിയായ മഹാദേവി കൊടുക്കുന്നു, എന്നല്ലാതെ യാതൊരാളിൽ / സൃഷ്ടികളിൽ നിന്നും യാതൊന്നും യഥാർത്ഥത്തിൽ വാങ്ങുന്നില്ല; സൃഷ്ടികൾ അനുഭവിക്കുന്ന ആനന്ദങ്ങളെ മുഴുവനും പ്രത്യക്ഷ ദൈവമായ ശരീരത്തിലൂടെ നേടിയവ മാത്രവുമാണ്.

(5) മഹാമാതാവായ മഹാദേവിക്ക് സൃഷ്ടികളുടെ സഹായം വേണ്ടാ എന്നത് മഹാദേവിയുടെ ആലയമായ ദേവാലയം ഉൾപ്പെടെ സർവ്വത്തിനും ബാധകമാണ്. ദേവാലയത്തെ ആവശ്യമുള്ളവർ ധർമ്മശാസ്ത്ര പ്രകാരം പരിപാലിക്കുക. പുരയിടത്തിൽ കൃഷി ചെയ്യാൻ തയ്യാറാകുന്നവർ ഉൾപ്പെടെയുള്ള ഏതൊരാൾക്കും അവിടെയുള്ള ഭക്ഷണസാധനങ്ങളെ ഭക്ഷിക്കാം. മഹാമാതാവായ മഹാദേവിക്ക് ഇഷ്ടമില്ലാത്ത അഥവാ ധർമ്മ ശാസ്ത്ര വിരുദ്ധമായ കാര്യങ്ങളെ ചെയ്താൽ മഹാനീതിയായ മഹാദേവി കോപിക്കുന്നതാണ്; മഹാനീതി-പതിയും പ്രപഞ്ച പിതാവും മഹാദേവനുമായ പരമശിവനിലൂടെ ശിക്ഷിച്ചെന്നും വരും. കുഞ്ഞുങ്ങൾ ധർമ്മശാസ്ത്ര വിരുദ്ധമായവ ചെയ്യരുതെന്ന് സാരം. വെളിച്ചത്തെ സൃഷ്ടിക്കുന്ന മഹാദേവിക്ക് വെളിച്ചം വേണ്ട. ഇരുട്ടത്ത് കണ്ണുകാണാത്ത മനുഷ്യനാണ് വെളിച്ചം വേണ്ടത്. അവരവർക്കുവേണ്ടി വിളക്കുകൾ കൊണ്ടുവരിക. സഞ്ചാരികൾക്കു വേണ്ടി രാത്രിയിൽ രണ്ട്/ആവശ്യത്തിന് വിളക്കുകൾ തെളിച്ചാൽ നല്ലത്. സഞ്ചാരികൾ വിളക്കുകൾ കൂടി കരുതുന്നത് അവർക്ക് നല്ലത്. മഹാനീതിയായ മഹാദേവിയുടെ ഭവനത്തിലും പുരയിടത്തിലും ധർമ്മശാസ്ത്ര വിരുദ്ധമായ യാതൊരു വസ്തുക്കളും സൂക്ഷിക്കാൻ പാടില്ല.

(6) മഹാമാതാവായ മഹാദേവിയുടെ ഭവനത്തിൽ കള്ളൻ കയറിയാൽ, മഹാശക്തിയും മഹാനീതിയുമായ മഹാദേവി മൗനം പാലിച്ചെന്നു വരും. ഒരുവനെ കള്ളനാക്കിയത് പെരുങ്കള്ളനായ ഭരണാധികാരിയാണെങ്കിൽ, അവരെയാണല്ലോ ആദ്യം ശിക്ഷിക്കേണ്ടത്. മഹാദേവിയുടെ ഭവനവും പുരയിടവും വലുതാണെങ്കിലും, മോഷണത്തിനു പറ്റിയവ കുറവായിരിക്കും.

പശുവിനെയും പശുപതിയെയും കള്ളൻ കൊണ്ടുപോയാലോ ? മഹാമാതാവായ മഹാദേവിക്ക് പശുവിനെയും പശുപതിയെയും ദാനം ചെയ്യാനുള്ള മഹാഭാഗ്യം മറ്റാർക്കെങ്കിലും വീണ്ടും ലഭിക്കുന്നു. ആകയാൽ ആവശ്യക്കാർ പരസ്യമായി എന്തും ഏതും എടുത്തുകൊണ്ടുപോയിക്കൊള്ളുക എന്നല്ലാതെ മോഷ്ടിക്കേണ്ടതില്ല. പശുവിനെയും പശുപതിയെയും ദാനം ചെയ്യാൻ ആഗ്രഹിക്കുന്നവർക്കും ദാനം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും സൗകര്യമുണ്ടാക്കേണ്ടത് ഭരണകൂടമാണ്. ദേവാലയത്തിന്റെ ഭാഗമായല്ല അതു ചെയ്യേണ്ടത്. ദേവാലയത്തിൽ ഒരു പശു, പശുപതി, അവയുടെ കുട്ടികൾ എന്നതിനപ്പുറം വേണമോ തുടങ്ങിയ എല്ലാ കാര്യങ്ങളും ദേവാലയങ്ങളെ ഉപയോഗിക്കുന്നവർ ധർമ്മ ശാസ്ത്ര പ്രകാരം തീരുമാനിക്കുകയേ വേണ്ടൂ. പശുക്കുടുംബം വളരുമ്പോൾ, ദേവാലയത്തിൽ നിന്നും ദാനം നൽകുക ! ആദ്യം ദാനം നൽകേണ്ടത്, ദേവാലയത്തിന് ആദ്യ പശുവിനെയും പശുപതിയെയും ദാനം ചെയ്തവർക്കോ അവർക്കു വേണ്ടി മറ്റൊരാൾക്കോ ആവാം.

(7) മേല്പറഞ്ഞ കാര്യങ്ങളെ ആരെല്ലാമാണ് ചെയ്യേണ്ടത് എന്ന ചോദ്യമുണ്ട്. ലഘുവായ ഉത്തരം പറയാം. നാട്ടിൽ ആർക്കെല്ലാമാണോ, ദേവാലയം അത്യാവശ്യമായിട്ടുള്ളത് അവരെല്ലാമാണ് ചെയ്യേണ്ടത്. സമൂഹത്തിലെ മുഴുവൻ ജനങ്ങൾക്കും ദേവാലയത്തിന്റെ ആവശ്യകത ഉണ്ടെന്നറിഞ്ഞ് ഭരണാധികാരികളുടെ മേൽനോട്ടത്തിലാണ് ദേവാലയം നിർമ്മിക്കേണ്ടതെന്ന് ധർമ്മശാസ്ത്രപരമായി അറിയിക്കുന്നു. ഭരണാധികാരിയുടെ സൗജന്യമോ കേമത്തമോ അല്ല, മറിച്ച് ഭരണപരമായ ഉത്തരവാദിത്തം മാത്രമാണത്.

മേല്പറഞ്ഞ കാര്യങ്ങളെ ചെയ്യാൻ ഒരുക്കമെല്ലെങ്കിൽ, ശൗചാലയം എന്ന ആദ്യ ഭാഗത്തിൽ ദേവാലയത്തെ ഒതുക്കുക. അതിനും തയ്യാറല്ലെങ്കിൽ ദേവാലയം എന്ന പദ്ധതി ഉപേക്ഷിച്ചേക്കുക.

**ദൈവത്തിന് വീടുണ്ടാക്കി ത്തരണമെന്ന് ദൈവം ആരോടും ആവശ്യപ്പെട്ടില്ല. ദൈവത്തിന് താമസിക്കാൻ ഒരു വീടു വേണമെന്ന് മനുഷ്യർ ആഗ്രഹിക്കുന്നത് നല്ലതാണെങ്കിൽ, ദൈവം ഇഷ്ടപ്പെടുന്ന രീതിയിൽ, അഥവാ മഹാശാസ്ത്രപരമായി മാത്രമുള്ള വീട് ഉണ്ടാക്കി നൽകണം.**

**പകരം മനുഷ്യർ തങ്ങൾക്കു തോന്നുമ്പോലെയുള്ള ഒരു വീട് ഉണ്ടാക്കിയിട്ട്, അവിടെ വന്നു താമസിക്കാൻ മഹാശക്തിയായ മഹാദേവിയോട് കല്പിക്കുന്നതോ, ക്ഷണിക്കുന്നതോ, അധമമാണ്. കുഞ്ഞുങ്ങളെ, മഹാപ്രപഞ്ചത്തെ മുഴുവൻ ചെറിയൊരു പന്തു പോലെ തന്റെ ചെറുവിരലിൽ കറക്കുകയും, മഹാ-ഹൃദയത്തിലൊതുക്കുകയും ചെയ്യുന്ന മഹാദേവി, ധർമ്മശാസ്ത്ര വിരുദ്ധമായ ഭവനത്തിൽ താമസിക്കണമോ ?**

# മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്ര-പ്രതിഷ്ഠ

ദൈവം എന്നാലെന്താണെന്ന് www.omsathyam.com/GodlyRevolution/MahaaVedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

വിശേഷമായ ജന്മങ്ങളിൽ മാത്രമാണ് ദൈവം എന്താണെന്ന് മനസ്സിലാക്കാൻ കഴിയുക. ഏക മഹാപ്രപഞ്ചത്തിൽ ഏക ദൈവമേയുള്ളൂ. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ ഒരു ഭൂമി, ഒരു ചന്ദ്രൻ, ഒരു സൂര്യൻ, ഒരു ദൈവം.

മഹാലിംഗത്തെ വിശദീകരിച്ച് തുടങ്ങിയ ഏതാനും വാചകങ്ങളെ അടിവരയിട്ടു ചുവടെ ചേർത്തിരിക്കുന്നു.

ശിവലിംഗം മഹാശാസ്ത്രപരമാണ്. ശിവലിംഗത്തിന് മതങ്ങളുമായും ലൈംഗിക കാര്യങ്ങളുമായും ബന്ധമില്ല. മഹാശക്തിയായ ദൈവം ജീവിയല്ലെന്ന് ഗ്രഹിക്കാൻ കഴിയുന്നവർക്കും, ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുന്നവർക്കും, ദൈവത്തിന്റെ മഹാഅനുഗ്രഹം ലഭിക്കുന്നവർക്കും ഒന്നുതന്നെയായ മഹാലിംഗം, മഹാശിവലിംഗം, ശിവ ലിംഗം, ശക്തി ലിംഗം, മഹാശക്തി ലിംഗം, എന്നീ പദങ്ങളെ മനസ്സിലാക്കാൻ എളുപ്പമാണ്.

## ആകാശം എന്ന മഹാലിംഗം

ഈ ഗ്രന്ഥത്തിലെ ഒരു മുൻ അദ്ധ്യായത്തിൽ ആകാശവും, ശിവലിംഗവും, മഹാശൂന്യതയും, സൃഷ്ടിപാത്രവുമായ മഹാലിംഗത്തെ വിശദീകരിക്കുന്നുണ്ട്. ആവർത്തിക്കുന്നില്ല.

ദൈവത്തിന്റെ ശാസ്ത്ര നാമം മഹാശക്തി എന്നു മാത്രമാണെന്ന് മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിരുന്നു. ഒരു മനുഷ്യ-സ്ത്രീയുടെ രൂപത്തിലും, കടുകിലും, കല്ലിലും, കല്ലുകൊണ്ടോ എന്തുകൊണ്ടോ ഉള്ള വിഗ്രഹത്തിലും, എന്തിലും എങ്ങനെയുമിരുന്നു കൊണ്ടും, മഹാപ്രപഞ്ചം ഉൾപ്പെടെയുള്ള എന്തും ഏതും സൃഷ്ടിക്കാനും രക്ഷിക്കാനും കഴിവുണ്ടെങ്കിൽ മാത്രമേ ദൈവത്തെ മഹാശക്തി അഥവാ ആദിയും അന്തവുമല്ലാത്ത ശക്തി എന്നു വിളിക്കാൻ കഴിയൂ.

**ദൈവം വിഗ്രഹത്തിനുള്ളിൽ വർത്തിക്കുന്നതും, വിഗ്രഹാരാധനയും രണ്ടാണ്.**

**മഹാശക്തിയായ ദൈവത്തിന് മഹാശാസ്ത്രപരമായ ഒരു വിഗ്രഹ-പ്രതിഷ്ഠ അഥവാ മഹാപ്രതിഷ്ഠ സ്വീകരിക്കുവാൻ കഴിയുന്നതാണ്. എന്തിനുവേണ്ടിയാണിത് എന്നു ചോദിച്ചാൽ ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരുടെ സന്തോഷത്തിനു വേണ്ടിയാണ്. മഹാപ്രതിഷ്ഠയെപ്പറ്റി വിശദീകരിച്ചു കഴിയുമ്പോൾ കുഞ്ഞുങ്ങൾക്ക് സന്തോഷമുണ്ടാകുന്നതാണ്. അതിനു മുമ്പ് വിഗ്രഹാരാധന ശരിയാണോ എന്ന് ശാസ്ത്രപരമായി പരിശോധിക്കാം :**

**വിഗ്രഹത്തെ ആരാധിക്കുന്നതിനെ വിഗ്രഹാരാധന എന്നു പറയുന്നു. ദൈവത്തെയാണോ വിഗ്രഹത്തെയാണോ ആരാധിക്കേണ്ടത് ? ദൈവത്തെയാണ് ആരാധിക്കേണ്ടത്. അതായത് ഏകമഹാശക്തിയായ മഹാദേവിയെ അല്ലാതെ മറ്റൊന്നിനെയും ആരാധിക്കുന്നതിനെപ്പറ്റി ചിന്തിക്കുക പോലും അരുത്.** ആരാധിക്കുവാൻ ദൈവത്തിന്റെ നേരിട്ടുള്ള അനുവാദം വേണം; സ്തുതിക്കാൻ വേണ്ടെന്നിരിക്കെയും, **സ്തുതിക്കുന്നതും മഹാദേവിയെ മാത്രമാവണം. വിഗ്രഹത്തെ ആരാധിക്കാൻ പാടില്ലായെന്ന് സുവ്യക്തമായി. വിഗ്രഹത്തെ ആരാധിക്കാതെ, പകരം വിഗ്രഹത്തിനുള്ളിലും എന്തിലും വർത്തിച്ചുകൊണ്ട് മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തെയാണ് ആരാധിക്കുന്നതെങ്കിൽ അത് വിഗ്രഹാരാധനയല്ല.**

**എന്നാൽ ദൈവത്തെ ആരാധിക്കുന്നു എന്ന പേരിൽ കല്ല്, മരം, ലോഹം തുടങ്ങിയവകൊണ്ടു നിർമ്മിച്ച വിഗ്രഹത്തെ വിളക്കുകൊണ്ട് ഉഴിയുകയും, വിഗ്രഹത്തിൽ പുഷ്പാർച്ചന നടത്തുകയും, വിഗ്രഹത്തിൽ പാലും നെയ്യുമൊക്കെ ഒഴിച്ചുകളയുകയും, അവയെല്ലാം ചെയ്യുമ്പോൾ ജപങ്ങളും മന്ത്രോച്ചരണങ്ങൾ എന്ന പേരിലുള്ള അധര-വ്യായാമങ്ങളും നടത്തുമ്പോൾ, വിഗ്രഹത്തെക്കൂടി ആരാധിക്കുകയാണ്.** ദൈവത്തെ സങ്കല്പിച്ചാണു ചെയ്യുന്നതെന്നു പറയുന്നത് ധർമ്മശാസ്ത്രപരമല്ല. മനുഷ്യർക്കു തോന്നുമ്പോലെ യൊക്കെ സങ്കല്പിച്ചു ചെയ്യാനുള്ളതല്ല ദൈവകാര്യങ്ങൾ.

മനുഷ്യർക്ക് വ്യക്തിസ്വാതന്ത്ര്യം നൽകിയിരിക്കെ, ദൈവത്തിന്റെ കാര്യത്തിൽ ദൈവത്തിനും മഹാശാസ്ത്രപരമായ സ്വാതന്ത്ര്യമുണ്ട്. ദൈവത്തിന്റെ സ്വാതന്ത്ര്യത്തിനു മേൽ കൈവെയ്ക്കാൻ മനുഷ്യന് എന്തവകാശം ? മാത്രമല്ല, വിഗ്രഹത്തെ ഉഴിയുന്ന വിളക്കിലും പുരോഹിതന്റെ കൈയ്യിലും തറയിലും ഒക്കെ മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശമായ പരമാണുക്കൾ തന്നെയാണുള്ളത്, അഥവാ അവയിലെല്ലാം ദൈവത്തിന്റെ മഹാശക്തി തന്നെയാണുള്ളത്. ദൈവം, ദൈവത്തെ ഉഴിയുക എന്നു പറയുന്നതും ചെയ്യുന്നതും മ്ലേച്ഛവുമാണ്.

കുറച്ചുകൂടി വിശദീകരിക്കാം :- **വിഗ്രഹത്തിൽ ദൈവം വർത്തിക്കുന്നതായി സങ്കല്പിക്കുമ്പോൾ, മനുഷ്യർക്ക് അത് സങ്കല്പമാണെങ്കിലും, യഥാർത്ഥത്തിൽ അത് സങ്കല്പമല്ല. ഓരോ പരമാണുവിലും മഹാശക്തിയായ മഹാദേവി ഭൗതിക രൂപത്തിൽ ഓം എന്ന ശബ്ദബ്രഹ്മമായും അക്ഷര ബ്രഹ്മമായും മറ്റും വർത്തിക്കുന്നുണ്ട്.** മഹാവേദഗ്രന്ഥങ്ങളിലെ **ഓം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.** വിഗ്രഹത്തിലും, വിളക്കിലും, ഉഴിയുന്ന കൈകളിലും, അത് കാണുന്ന ഭക്തരുടെ കണ്ണുകൾ ഉൾപ്പെടെ എല്ലാ ശരീര അവയവങ്ങളിലും ദൈവം ഉണ്ട്. ഭൂമിയിലുണ്ട്, വായുവിലുണ്ട്, ആകാശമായ ശൂന്യത്തിലുമുണ്ട്. അങ്ങനെയിരിക്കെ ശാസ്ത്രപരമായ വിഗ്രഹപ്രതിഷ്ഠ നടത്താമെന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാൻ പാടില്ല.

**വിഗ്രഹത്തിൽ നിന്ന് മഹാശക്തിയായ മഹാദേവി വെളിയിലിറങ്ങി വരുമ്പോൾ, അഥവാ പ്രത്യക്ഷപ്പെടുമ്പോൾ, മഹാദേവിയെ ആണ് ആരാധിക്കേണ്ടത് ; കല്ല്, മരം, ലോഹം, തുടങ്ങിയവ കൊണ്ട് നിർമ്മിച്ച വിഗ്രഹത്തെയല്ല. ഏകമഹാശക്തിയായ, മഹാദേവിയും മഹാമാതാവും, മഹാനീതിയുമായ ദൈവത്തെ മാത്രമാണ് എല്ലായ്പ്പോഴും ആരാധിക്കേണ്ടത്. മഹാശക്തിയായ മഹാദേവി, ~ഭാഗമായ പരമശിവനിലൂടെ മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയവർക്കു മാത്രമാണ് മഹാദേവിയെ ആരാധിക്കുവാൻ യോഗ്യത ഉള്ളത്. മായ പ്രത്യക്ഷമായ ശേഷം മാത്രമേ യോഗ്യത നേടിത്തുടങ്ങുകയുമുള്ളൂ.**

അതായത് വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചും പ്രതിഷ്ഠിക്കാതെയും എല്ലാ മത-ദേവാലയങ്ങളിലും അനേകം നൂറ്റാണ്ടുകളായി കാട്ടിക്കൂട്ടി പ്പോരുന്നത് ദൈവീകമല്ലാത്ത ആരാധനകളാണ്. അഥവാ ഇന്നത്തെ ആരാധനകളെല്ലാം തീർത്തും അധമവും, ദൈവനിന്ദയുമാണ്. //

മഹാശാസ്ത്രപരവും ലളിതവുമായ വിഗ്രഹ-പ്രതിഷ്ഠയെപ്പറ്റി ഇനി വിശദീകരിക്കാം: മഹാശാസ്ത്രപരമായ പ്രതിഷ്ഠയെന്നു പറയുമ്പോൾ, മഹാശക്തിയുടെ മഹാഭാവങ്ങളായ സത്യ- ധർമ്മ- നീതികളെയും, മഹാജ്ഞാനമായ മഹാശാസ്ത്ര ത്തെയും, മഹാകർമ്മമായ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെയും ശരിവയെക്കുന്ന പ്രതിഷ്ഠ എന്നാണ് അർത്ഥമാക്കേണ്ടത്. കഥ പോലെ പറയാം. തെങ്ങ് ബ്രഹ്മവൃക്ഷമാണ്. എന്നുവച്ചാൽ ബ്രഹ്മത്തിന്റെ അനേകം / എല്ലാ ഗുണങ്ങളെയും അഥവാ സ്വഭാവങ്ങളെയും പ്രകടിപ്പിക്കുന്ന വൃക്ഷം എന്ന് തൽക്കാലം മനസ്സിലാക്കുക. കമുക് പൈശാചിക വൃക്ഷമാണ്. ആവക വിവരങ്ങളെ മറ്റൊരിക്കൽ വിസ്തരിക്കാം. ജന്തുക്കളിൽ നാഗത്തിനുമുണ്ട് ഇതേ പോലെ ബ്രഹ്മ ബന്ധം. ദൈവീകമായ നാഗ സംവിധാനങ്ങളും പൈശാചികമായവയും ഉണ്ട്. നാഗവും മണ്ണിരയും പോലെ കൈകാലുകളില്ലാതെ ദൈവത്തിന്റെ ഖരരൂപമായ മണ്ണുമായി ഗാഢബന്ധം പുലർത്തുന്ന ജീവികൾ കുറവാണ്. തെങ്ങിന്റെ കാര്യം തുടരാം. തെങ്ങിൻചുവട്ടിലുള്ള നൂറുകണക്കിനുള്ള ചെറുവേരുകൾ മണ്ണിനെ എത്രശക്തമായി ചേർത്തുപിടിച്ചിരിക്കുന്നു !

ശേഷം, ആകാശത്തേക്ക് അനന്തമായെന്നോണം വളരുന്ന ഒറ്റത്തടി വൃക്ഷമായ പടുകൂറ്റൻ തെങ്ങിനെ മണ്ണ് അഥവാ ഭൂമി എങ്ങനെ താങ്ങുന്നു എന്നും അല്പം ചിന്തിക്കുക. അത്യപൂർവ്വമായി രണ്ടോ അതിലധികമോ തലകളും തടിയുമായിരിക്കുന്ന തെങ്ങുകളുണ്ട്. അങ്ങനെയും സൃഷ്ടി നടത്താൻ കഴിയും, പക്ഷേ അങ്ങനെ ദൈവം ചെയ്യുന്നില്ല എന്നറിയിക്കുന്ന സന്ദേശമായി അതിനെ കാണാനാവും. മുഖഛായ ഉൾപ്പെടെയുള്ള ശരീര അവയവങ്ങൾ ഒരുപോലെയുള്ള ഇരട്ടക്കുട്ടികളെ സൃഷ്ടിക്കുന്നതിലൂടെ മനുഷ്യർക്കും അത്തരം പാഠങ്ങളെ ദൈവം നൽകുന്നുണ്ട്. ഭൂമിയിലുള്ള സകലരെയും ഒരേ മുഖഛായയോടെ, അഥവാ സിംഹങ്ങൾക്കും പുലികൾക്കും ഒക്കെയുള്ളതായ കടുത്ത സാമ്യത്തോടെ സൃഷ്ടിക്കാനും ദൈവത്തിനു കഴിയും, എന്നാൽ ഒരേ മുഖഛായയുള്ള 750 കോടിയിലധികം ജനങ്ങൾ ഭൂമിയിലുണ്ടായാൽ മനുഷ്യജീവിതം തകരാറിലാവും എന്നതുകൊണ്ട് ദൈവം അതു ചെയ്യുന്നില്ലാ എന്ന സന്ദേശം മഹാഗൗരവമുള്ളതാണ്. തെങ്ങിന്റെ കാര്യം തുടരാം. തെങ്ങിന്റെ ഉപയോഗങ്ങൾ അനന്തമാണ്. തെങ്ങിൻ തടി പുരയുടെ ഉത്തരത്തിന്, കഴുക്കോലിന്, പട്ടികയ്ക്ക്..., തെങ്ങോലകൾ പുര മേയാൻ, വെളിച്ചം കാട്ടാൻ ചൂട്ടിന്, അടുപ്പിൽ തീയ്ക്ക്, മുറ്റമടിക്കാൻ ചൂലിന്, ചിരട്ട തവിയ്ക്ക്, തീകത്തിക്കാൻ, ഇസ്തിരിയിടാൻ കനലുണ്ടാക്കാൻ, തേങ്ങാ എണ്ണ, തേങ്ങാ, തേങ്ങാവെള്ളം, തൊണ്ട്, കയര്, ചവിട്ടുമെത്ത, വിറക്, ..... എന്നിങ്ങനെ അനന്തമായിത്തന്നെ പട്ടിക നീളുന്നതാണ്. ദാഹം ശമിപ്പിക്കാനും ലഘുഭക്ഷണമായിരിക്കാനും, ശരീരസുഖത്തിനും, ബഹുവിധ രോഗങ്ങൾക്ക് പ്രതിവിധിയായും കരിക്കിനെ പ്പോലെ മറ്റൊരു ഫലത്തെ നൽകുന്ന വൃക്ഷം വേറെയില്ല. അമൃതായ ദാഹശമനിയെ കരിക്ക് എന്ന പേരോടെ മനുഷ്യർക്കായി മഹാസംരക്ഷിച്ചു വച്ചിരിക്കുകയാണ്. സൂര്യപ്രകാശം ലഭിക്കുന്നതിനു തടസ്സമുണ്ടായാൽ, ആരോടും പരിഭവമില്ലാതെ വളഞ്ഞു വളരും എന്നല്ലാതെ പൊതുവെ തെങ്ങു വളരുന്നത് നേരെയുള്ള ഒറ്റത്തടിയായാണ്. രണ്ടു ബിന്ദുക്കളെ തമ്മിൽ ബന്ധിപ്പിക്കുന്ന നേർ രേഖ ഒന്നേ ഉണ്ടാവുകയുള്ളൂ എന്നതുപോലെ സൃഷ്ടിയെയും സ്രഷ്ടാവിനെയും ബന്ധിപ്പിക്കുന്ന സത്യമായ ശാസ്ത്രം ഒന്നേ ഉണ്ടാവുകയുള്ളൂ, എന്നതിനെ തെങ്ങിന്റെ തടി സർവ്വം ശരിവെയ്ക്കുന്നുണ്ട്.

തെങ്ങിന്റെ ചുവട്ടിനെയും, മണ്ടയെയും ബന്ധിപ്പിക്കുമ്പോൾ വളരെ നീളമുള്ള ഒരു നേർ രേഖ 1 എന്ന അക്കത്തെ സൂചിപ്പിക്കുന്ന സിലിണ്ടർ രൂപത്തിൽ കിട്ടുന്നു. സിലിണ്ടർ ആകൃതിയുള്ള തടിയെ നിരവധി കഷണങ്ങൾ ആക്കിയാൽ അനവധി സിലിണ്ടർ-തടിക്കഷണങ്ങൾ ലഭിക്കുന്നതാണ്. ഓരോ തടിക്കഷണത്തെയും കുത്തിനിർത്തിയാൽ വൃത്താകൃതിയിലുള്ള 2 അറ്റങ്ങളെ നേർരേഖയിൽ ബന്ധിപ്പിക്കുന്ന 1 എന്ന ആകൃതിയിലുള്ള ഒരു സിലിണ്ടർ-തടിക്കഷണമാണ്. ചുറ്റോടു ചുറ്റും നടന്നു നോക്കിയാലും, ഗോളത്തിൽ വൃത്തം കാണുമ്പോലെ, 1 തെളിഞ്ഞു നില്ക്കും. രണ്ടറ്റവും വൃത്താകൃതിയിലുള്ള സിലിണ്ടർ-തടിക്കഷണങ്ങളെ ചേർത്തു വയ്ക്കുമ്പോൾ വളരെ വലിയ 1 കിട്ടും. ചുവട്ടിലെ തടിക്കഷണത്തിൽ വേരുകളുടെ കൂട്ടമാണുള്ളതെങ്കിൽ, മണ്ടയിലെ ഓലകളെ നീക്കം ചെയ്താൽ ഒരു അർദ്ധഗോളവുമായി സാമ്യമുള്ള ഒരു ഭാഗം മുകളിലത്തെ വൃത്താകൃതിയിൽ ചേർത്തുവച്ചപോലെ കാണാം. ഓലകളെ നീക്കംചെയ്യാതിരുന്നാലോ, കുടപോലെയുള്ള ഒരു വലിയ ഗോളത്തെയോ മുക്കാൽ-ഗോളത്തെയോ ഇലകൾ ആകാശത്തിൽ അഥവാ അന്തരീക്ഷത്തിൽ സൃഷ്ടിക്കുന്നതായി കാണാം. ഗോളാകൃതിയും ബ്രഹ്മവും തമ്മിലുള്ള ബന്ധത്തെ **ഓം** എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. അർദ്ധ ഗോളാകൃതിയിൽ ഒരു കുടപോലെയുള്ള ആകാശത്തിലാണ് ദൈവം മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതെന്നും, (ദൈവം) കുടപോലെയുള്ള ആകാശത്തിന്റെ വ്യാസം വർദ്ധിപ്പിച്ചു കൊണ്ട് നക്ഷത്രകോടികളെ എത്രവേണമെങ്കിലും മഹാപ്രപഞ്ചത്തിൽ കൂട്ടിച്ചേർക്കുന്നതാണെന്നും വിസ്തരിച്ചിരുന്നു. തെങ്ങിന്റെ കാര്യത്തിൽ, പുതിയ പുതിയ ഫലങ്ങളും, ഇലകളും, ചൂട്ടും, കൊതുമ്പുമൊക്കെ നൽകിക്കൊണ്ട്, തെങ്ങ് അനന്തമെന്നോണം ഉയരങ്ങളിലേക്ക് വളരുകയാണ്. തെങ്ങിന്റെ ആയുസ്സ് മനുഷ്യന്റെ ആയുസ്സു പോലെയുമാണ് !

ഉയരം കൂടിയ തെങ്ങിനെ മറന്നു കൊണ്ട്, ഉയരം കുറഞ്ഞ തെങ്ങിലേക്ക് വരുമ്പോൾ, തടിയുടെ ഉയരം കുറയുന്നതൊഴിച്ചാൽ, ചുവടിന്റെയും തടിയുടെയും മണ്ടയുടെയും ആകൃതികൾക്ക് ഒരു മാറ്റവും ഉണ്ടാകുന്നില്ല.

തെങ്ങിന്റെ ഓലകളെ നീക്കംചെയ്തിട്ട് കിട്ടുന്ന ആകൃതി, മുമ്പ് പറഞ്ഞതു പോലെ സിലിണ്ടർ-ആകൃതിയിലുള്ള ഒരു തടിക്കഷണത്തിന്റെ ചുവട്ടിൽ നൂറുകണക്കിന് ചെറുവേരുകളും, മണ്ടയിൽ ഒരു അർദ്ധഗോളം കമഴ്ത്തിയതു പോലെയുമാണ്. ജീവികളിൽ, പ്രത്യേകിച്ചും മനുഷ്യരിലെ പുരുഷന്മാരുടെ ലിംഗത്തിന് മേല്പടി ആകൃതിയല്ലേ ഉള്ളത് എന്നു ചിന്തിച്ചുനോക്കുക. അയ്യേ, ലിംഗമോ എന്നൊരു രീതി അനേകർക്കുണ്ട്. അതിനുള്ള വിശദീകരണം ആനന്ദം, പരമാനന്ദം, മഹാആനന്ദം, ലിംഗം, മഹാലിംഗം എന്ന അദ്ധ്യായത്തിലുണ്ട്.

മഹാലിംഗത്തെപ്പറ്റി പഠിക്കുമ്പോഴും, സൃഷ്ടി നടത്തുന്നത് ദൈവമാണെന്ന് സുവ്യക്തമാകുന്നു. മഹാശക്തി, ബ്രഹ്മം, പരിശുദ്ധാത്മാവ്, സ്രഷ്ടാവ്, രക്ഷിതാവ്, മഹാദേവൻ, മഹാദേവി, മഹാപിതാവ്, മഹാമാതാവ്, മഹാനീതി(പതി), എന്നിങ്ങനെയുള്ള ദൈവത്തെ ഒരു മഹാജീവിയെ പ്പോലെയും മനുഷ്യരൂപത്തിലും കരുതുമ്പോൾ (മഹാദേവനും) മഹാദേവിയുമാണ് ദൈവം.

മഹാദേവിയായ മഹാസ്ത്രീയും മഹാമാതാവുമാണ് ദൈവം; മഹാദേവനായ മഹാപുരുഷനും മഹാപിതാവും ദൈവത്തിന്റെ ഭാഗവുമാണ്. മഹാദേവനും മഹാദേവിയും അടിസ്ഥാന പരമായി ഒന്നാകയാലും മനുഷ്യരൂപത്തിലാകയാലും പുരുഷലിംഗവും സ്ത്രീലിംഗവും ചേർന്നുള്ള രൂപമാണ് മഹാ-ലിംഗത്തിന് ഉണ്ടാവുക. പുരുഷലിംഗവും സ്ത്രീലിംഗവും ചേർന്നുള്ള രൂപമെന്താണ് ? പുരുഷലിംഗം സ്ത്രീലിംഗത്തിലേക്കു പ്രവേശിക്കുമ്പോൾ സ്ത്രീലിംഗത്തിൽ ചേർന്നിരിക്കുമ്പോൾ, സ്ത്രീലിംഗത്തിന്റെ ആകൃതി, പുരുഷലിംഗത്തിന്റേതു തന്നെയാണ്. അതായത് **സൃഷ്ടി നടത്തുന്നത് ദൈവത്തിന്റെ മഹാലിംഗമാണ്. ദൈവം ഏകമാകയാലും, മഹാദേവിയും മഹാദേവനും, മഹാപിതാവും മഹാമാതാവും, ഒന്നുതന്നെയാകയാലും, മഹാലിംഗം സ്ത്രീ-പുരുഷ ബന്ധങ്ങൾക്ക് അതീതമാണ്. സൃഷ്ടി നടത്തുന്നത് (മഹാപിതാവും) മഹാമാതാവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവമായ മഹാദേവി ആണെന്നും മഹാലിംഗം സൃഷ്ടിയുടെ പ്രതീകമാണെന്നും വ്യക്തമാകുന്നു.**

## (മഹാപിതാവും) മഹാമാതാവുമായ ദൈവം, മഹാ-മാതാവായ മഹാദേവി മാത്രമായി മനുഷ്യസ്ത്രീ രൂപത്തിൽ വർത്തിക്കുന്നത് എങ്ങനെയെന്നു നോക്കാം.

മനുഷ്യരുടെ ലിംഗവുമായി ബന്ധിപ്പിച്ചു തന്നെ വിഷയത്തെ വിശകലനം ചെയ്യുന്നു. നൂറുകണക്കിനു വേരുകളുള്ള തെങ്ങിൻ ചുവട്ടിൽ നിന്ന് ഒരു സിലിണ്ടർ പോലെ മേലോട്ട് തെങ്ങിന്റെ തടി വളർന്നു നിൽക്കുന്നതുപോലെ, രോമക്കൂട്ടങ്ങളായ വേരുകളുടെ ചുവട്ടിൽ നിന്ന് ഒരു സിലിണ്ടർ പോലെ പുരുഷലിംഗം, ഇലയില്ലാത്ത തെങ്ങിന് മണ്ടയുമായി സാദൃശ്യമുള്ള മുകൾ ഭാഗത്തോടെ കാണാം. ഒരു വ്യത്യാസമുള്ളത്, പുരുഷൻ നിൽക്കുമ്പോഴും, ഇരിക്കുമ്പോഴും, ഭൂമിക്ക് സമാന്തരമായിട്ടല്ലാതെ മേലോട്ട് അഥവാ കുത്തനെ കാണില്ല. അതു വേണമെങ്കിൽ പുരുഷൻ മലർന്നു കിടക്കുകയും കാമചിന്തകൾ ഉണ്ടാവുകയും വേണം. കാമബന്ധത്തിൽ, പുരുഷൻ കമഴ്ന്നാലാണ് മംഗളമാകുക. അപ്പോഴും പുരുഷലിംഗം മേലോട്ടാവുന്നില്ല. ദൈവത്തിന്റെ വീട്ടിൽ മഹാവാത്സല്യം തേടിയെത്തുമ്പോൾ, കാമകാര്യങ്ങൾക്ക് സ്ഥാനമില്ല. പുരുഷലിംഗത്തിന്റെ ആകൃതി തന്നെയാണ് സ്ത്രീയുടെ ലിംഗത്തിനും എന്നു വ്യക്തമാക്കിയിരിക്കെ, സ്ത്രീലിംഗത്തിന്റെ ദിശ നോക്കാം. സ്ത്രീ നില്ക്കുമ്പോഴും, ഇരിക്കുമ്പോഴും, ലിംഗം ഭൂമിക്ക് കുത്തനെ അഥവാ ഭൂമിയിൽ തെങ്ങ് നിൽക്കുമ്പോലെ ആയിരിക്കും. വീണ്ടും ദൈവീകതലത്തിലേക്ക് വരിക. മഹാമാതാവായ മഹാദേവി, ഭൂമിയിൽ നിൽക്കുകയോ ഇരിക്കുകയോ ചെയ്യുമ്പോൾ, മഹാദേവിയുടെ മഹാലിംഗം ഭൂമിക്ക് കുത്തനെ അഥവാ ഭൂമിയിൽ തെങ്ങ് നിൽക്കുമ്പോലെ ആയിരിക്കും. ദേവാലയത്തിൽ മഹാലിംഗം പ്രതിഷ്ഠിച്ചാൽ, ഇരിക്കുകയോ നിൽക്കുകയോ ചെയ്തുകൊണ്ട്, മഹാലിംഗം ഒഴികെയുള്ള ശരീരഭാഗങ്ങളെ അപ്രത്യക്ഷമാക്കിയിരിക്കുന്ന മഹാദേവിയുടെ മഹാലിംഗമായി പരിണമിക്കുന്നു. ദേവാലയത്തിൽ എത്തുന്നവർ മഹാലിംഗത്തിനു മുന്നിൽ അഭിമുഖമായി നിൽക്കുകയോ ഇരിക്കുകയോ ചെയ്യുമ്പോൾ, മഹാദേവിയും നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്നതായി കരുതാനാവുന്നു. ഇതുവരെയുള്ള കാര്യങ്ങളെ ചുരുക്കി പറയുമ്പോൾ, മഹാശക്തിയായ മഹാദേവി ബ്രഹ്മവൃക്ഷമായി തെങ്ങ് സൃഷ്ടിച്ചു.

ഓലകളെ മാറ്റിയ തെങ്ങിന്റെ രൂപത്തിൽ സ്ത്രീലിംഗവും പുരുഷലിംഗവുമുണ്ടാക്കി. ദൈവീക തലത്തിൽ പറയുമ്പോൾ, മഹാലിംഗം സൃഷ്ടിച്ചു. സൃഷ്ടിച്ചുവോ, എന്നു ചോദിച്ചാൽ കല്ലുകൊണ്ടോ, ലോഹം കൊണ്ടോ, എന്തുകൊണ്ടുമോ, സിലിണ്ടർ ആകൃതിയിലും, ഒരറ്റത്തെ അർദ്ധഗോളാകൃതിയിലും ഒരു രൂപമുണ്ടാക്കി അതിനെ ഭൂമിക്ക് ലംബമാക്കി നിർത്തിയാൽ മഹാലിംഗത്തിന്റെ പ്രതീകമായി. ചുറ്റി നടന്നു നോക്കുമ്പോഴും ഒരേ ആകൃതി മാത്രം. മനുഷ്യർ തങ്ങളുടെ നാവ് പുറത്തേക്കു നീട്ടിയാൽ ലഭിക്കുന്ന നാവിന്റെ ആകൃതിയാണ് മഹാലിംഗത്തെ എങ്ങനെ ചുറ്റിയാലും കാണുക. **സൃഷ്ടിയുടെ പ്രതീകമായി മഹാലിംഗത്തെ സ്വീകരിക്കുമ്പോൾ സത്യം അഥവാ ഭൗതികരൂപം മാത്രമേ ആയുള്ളൂ. ധർമ്മകാര്യങ്ങളും നീതികാര്യങ്ങളും ബാക്കിയുണ്ട്. അഥവാ സ്ഥിതി, സംഹാരം എന്നിവയ്ക്ക് മഹാലിംഗവുമായുള്ള ബന്ധത്തെ വിശദീകരിക്കണം.** ഈ അദ്ധ്യായത്തിൽ ചേർത്താൽ ഭംഗി കുറയും എന്നതുകൊണ്ട് പ്രസ്തുത വിശദീകരണം മുകളിൽ ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. സ്ഥിതിയിൽ / ജീവിതത്തിൽ / ജീവിതത്തിന്റെ ധർമ്മങ്ങളിൽ ലിംഗത്തിനുള്ള പദവിയും വിശേഷതകളുമാണ് വിവരിച്ചത്. **അച്ഛനും അമ്മയ്ക്കും. മകനും മകൾക്കും ഒക്കെ പരമാനന്ദമായിരിക്കുന്ന കാമാനന്ദത്തെ അവരവർക്കു നൽകിയ ലിംഗത്തിലൂടെ മഹാമാതാവായ മഹാദേവിയുടെ മഹാലിംഗം ലഭ്യമാക്കിയിരിക്കുന്നു. ആകയാൽ സ്ഥിതിയുടെ @ ധർമ്മത്തിന്റെ പ്രതീകമായി മഹാലിംഗത്തെ സ്വീകരിക്കേണ്ടതുണ്ട്. ഇനിയുള്ളത് നീതികാര്യങ്ങളാണ്.** അതായത്, **സംഹാരം** എന്ന ആത്മീയ സാക്ഷാത്ക്കാരത്തിന് @ **മോക്ഷത്തിന് മഹാലിംഗവുമായുള്ള ബന്ധത്തെ വിശദീകരിക്കണം : സംഹാരമെന്നതുകൊണ്ട് ജീവികളുടെ മനുഷ്യാവസ്ഥയിലെ മോക്ഷത്തെയാണ് ഉദ്ദേശിക്കുന്നത്. മോക്ഷത്തിലും പരമാനന്ദമായ കാമാനന്ദം തന്നെയാണ് സൃഷ്ടികൾക്ക് മുഖ്യം എന്നത് സംഹാരത്തെയും ലിംഗവുമായി ബന്ധിപ്പിക്കുന്നു. മോക്ഷമായ നക്ഷത്രത്തിലെ ഹൈഡ്രജൻ-ഹീലിയം ബന്ധം പരമാനന്ദത്തെ കുറിക്കുന്നു.**

മറ്റുള്ള ജീവികളെപ്പറ്റി പറയുമ്പോൾ, ആദി സൃഷ്ടിയായ മത്സ്യം മാത്രം നേരിട്ടും, പിന്നെയുള്ള മത്സ്യങ്ങളും മറ്റുള്ള ജീവികളും പരിണാമത്തിലൂടെയും നടത്തപ്പെടുന്നു. സംഹാരദേവനായി പരമശിവനെ നിയമിച്ചിട്ടുണ്ടല്ലോ എന്ന് ചിന്തിക്കേണ്ട. പരമശിവനിലൂടെ സംഹാരം നിർവ്വഹിക്കുന്നു എന്നേയുള്ളൂ. ബന്ധപ്പെട്ട എല്ലാ ശക്തികളും മഹാശക്തിയായ മഹാദേവിയുടെ മഹാലിംഗത്തിൽ കുടികൊള്ളുന്നു. മനുഷ്യരിൽ പ്രസവം എന്ന സൃഷ്ടി നടത്തുന്നത്, മഹാലിംഗത്തിൽ നിന്നും ഉത്ഭവിക്കുന്നതായി കണക്കാക്കുമ്പോൾ, ദൈവീകതലമാവുന്നു. പ്രസവത്തോടെ മറുപിള്ള എന്ന പേരിലുള്ള ഗർഭ-ആവരണം പുറത്തുപോകുമ്പോൾ, മഹാലിംഗത്തിലൂടെയുള്ള സൃഷ്ടിപ്രക്രിയ പൂർത്തിയാവുക കൂടിയാണ്. മുട്ടയിലൂടെ കുഞ്ഞുങ്ങളെ സൃഷ്ടിക്കാൻ മഹാനിശ്ചയിച്ചിട്ടുള്ള ജീവികളിൽ അത് മുട്ടകളുടെ തോടാണ്. മഹാദേവി, തന്റെ പ്രതിനിധിയും മഹാദാസനുമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകുന്നതായ മഹാഹൃദയം എന്ന ഓംകാരത്തെ പ്രവർത്തിപ്പിക്കുന്നത് മഹാശക്തി ലിംഗം എന്നുകൂടി വിശേഷിപ്പിക്കാവുന്ന മഹാലിംഗമാണ്, എന്നും തെളിയുകയാണ്.

അങ്ങനെയാകുമ്പോൾ, **മഹാദേവിയെ അഥവാ മഹാശക്തിയായ ദൈവത്തെ മഹാലിംഗ പ്രതിഷ്ഠ കൊണ്ട് പ്രതീകമാക്കുന്നത് മഹാശാസ്ത്രപരമാണെന്ന് തെളിയുന്നു.**

**ബ്രഹ്മവുമായി ബന്ധപ്പെടുത്തുകയാലാണ് ഓം, ഓംകാരം, മഹാലിംഗം എന്നിവയെ വിശദീകരിക്കുമ്പോൾ, അവ ഓരോന്നും മഹാദേവി ആണെന്ന് തോന്നിപ്പോകുന്നത്. ബ്രഹ്മത്തിന്റെ മായാ-പ്രകടനത്തിൽ മനുഷ്യന്റെ ചിന്തകളെ താലോലിക്കേണ്ടതില്ല. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ മുഴുവനും മഹാശക്തിയും, മഹാനീതിയും, മഹാദേവിയുമായ മഹാജഗദംബ മാത്രമാണ് നിർവ്വഹിക്കുന്നത് എന്നു മനസ്സിലാക്കിയാൽ കാര്യങ്ങൾ ലളിതമാകുന്നു. ലളിതമായ മഹാലിംഗത്തെ മഹാശക്തിയായ ദൈവത്തെ പ്രതീകമാക്കുന്ന ലഘു-വിഗ്രഹം പോലെ പ്രതിഷ്ഠിക്കാൻ കഴിയുമെന്ന് മഹാശാസ്ത്രപരമായി തെളിയിച്ചിരിക്കുന്നു.**

മഹാദേവിയുടെ മഹാസാന്നിദ്ധ്യം, മഹാലിംഗ നിർമ്മാണം, മഹാലിംഗത്തോടുള്ള മനുഷ്യരുടെ പെരുമാറ്റം, മഹാലിംഗത്തെ മുൻനിർത്തിയുള്ള പ്രാർത്ഥന, മഹാലിംഗത്തെ മുൻനിർത്തിയുള്ള ആരാധന, മഹാലിംഗത്തിൽ പരമശിവനെ പ്രത്യക്ഷമാക്കൽ, മഹാദേവി മഹാലിംഗത്തിൽ പ്രത്യക്ഷമാകുന്നത് തുടങ്ങിയ കാര്യങ്ങളെ ഇനി വിശദീകരിക്കാം.

## മഹാദേവിയുടെ മഹാസാന്നിദ്ധ്യം

മഹാപ്രപഞ്ചത്തിലെ ഓരോ പരമാണുവിലും മഹാശക്തിയായ മഹാദേവി ഉണ്ട്. എന്നാൽ, മഹാശാസ്ത്രപ്രകാരമുള്ള ഭവനം കുഞ്ഞുങ്ങൾ മഹാദേവിക്ക് നിർമ്മിച്ചു നൽകുമ്പോൾ, കുഞ്ഞുങ്ങളെ സന്തോഷിപ്പിക്കുന്നതിനായിട്ട് മഹാമാതാവായും, മഹാശക്തിയായും, മഹാനീതിയായും മഹാദേവി മഹാഎഴുന്നെള്ളുന്നതാണ്. ധർമ്മശാസ്ത്രപരമായിട്ട് മഹാദേവിയുടെ വീടിനോടും മഹാദേവിയോടും പെരുമാറുമ്പോൾ മഹാദേവിയുടെ പ്രത്യേക മഹാ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്. ധർമ്മശാസ്ത്ര പരമായിട്ട് പെരുമാറിയില്ലെങ്കിൽ മഹാദേവിയുടെ പ്രത്യേക മഹാസാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതുമല്ല.

# മഹാലിംഗ പ്രതിഷ്ഠ നിർമ്മാണം





**മഹാലിംഗത്തിന്റെ ആകൃതി വേണമെന്നല്ലാതെ കല്ലുകൊണ്ടോ, ലോഹം കൊണ്ടോ, മനുഷ്യരുടെ സൗകര്യം പോലെ നിർമ്മിക്കുകയേ വേണ്ടൂ. മഹാദേവിയെയോ മഹാലിംഗത്തെയോ അല്ല, വെറുമൊരു പ്രതീക-പ്രതിഷ്ഠയാണ് നിർമ്മിക്കുന്നതെന്നും, മഹാശാസ്ത്രപ്രകാരം അറിയിച്ച സൗകര്യങ്ങളെ ചെയ്തുകൊണ്ടല്ലാതെ മഹാദേവിയോട് വന്നു താമസിക്കുന്നതിന് അഭ്യർത്ഥിക്കുവാൻ മനുഷ്യന് യോഗ്യതയില്ലെന്നും അറിയണം ....**

1 അടി മുതൽ മേലോട്ട് എത്ര അടിവരെ ഉയരത്തിലും മഹാലിംഗപ്രതിഷ്ഠ നിര്മ്മിക്കാവുന്നതാണ്. വലിയ വീടാണ് നിര്മ്മിക്കുന്നതെങ്കിൽ പ്രതിഷ്ഠയ്ക്ക് 5 അടി ഉയരം നല്ലത്. എന്നാൽ, ഉയരം കൂട്ടിയാൽ, മാനുഷികമായി കഴുകാൻ സാധിക്കുന്നതല്ല, ഏണി പോലെയുള്ളവ പാടില്ലാ എന്നറിയണം. തെങ്ങിന്റെ ചുറ്റളവ് മഹാലിംഗത്തിനു സ്വീകരിക്കാവുന്നതാണ് എന്നല്ലാതെ ആവക കാര്യങ്ങളിൽ കണക്കുകളുണ്ടാക്കി വിഷയത്തിന്റെ സത്തയെ മോശപ്പെടുത്തരുത്. മഹാലിംഗത്തെ മണ്ണ് മാന്തി പ്രതിഷ്ഠിക്കുക എന്നല്ലാതെ പീഠം വേണ്ടതില്ല.

മനുഷ്യർക്ക് തൊടാൻ സാധിക്കാത്ത ദൂരത്തിൽ വേലിപോലെ ഒരു തടസ്സം സൃഷ്ടിക്കേണ്ടതുണ്ട്. തൊട്ടതു കൊണ്ട് ദോഷം ഉണ്ടെന്നോ, തൊട്ടാൽ എന്തെങ്കിലും വിശേഷ ഗുണം ഉണ്ടെന്നോ ധരിച്ചു പോകരുത്. മനുഷ്യർക്ക് ഇഷ്ടമുള്ള സുഗന്ധ പുഷ്പച്ചെടികളെ ക്കൊണ്ട് ഒരു റിംഗ് പോലെയുണ്ടാക്കാവുന്നതാണ്. 2 അടിയിൽ കൂടുതൽ ഉയരമില്ലാത്ത കുറ്റിച്ചെടികൾ മതിയാകും. മഹാലിംഗം ശുദ്ധിപ്പെടുത്തുന്ന ജലം കൊണ്ട് അവ നനഞ്ഞുകൊള്ളും, പ്രത്യേകം നനയ്ക്കേണ്ടതില്ല.

ചെടികൾക്കു വെളിയിൽ ചുറ്റോടു ചുറ്റും മണ്ണുകൊണ്ടു തന്നെയുള്ള റിംഗാകൃതിയിലുള്ള നടപ്പാത. നടപ്പാതയുടെ വീതി എത്രവേണമെങ്കിലും ആകാം. എന്നിരിക്കിലും 10 അടിയിൽ കുറയാതിരുന്നാൽ നല്ലത്.

നടപ്പാതയ്ക്കു വെളിയിൽ വീണ്ടും റിംഗ്പോലെ നടപ്പന്തൽ. നടപ്പന്തലിലേയ്ക്കാണ് പുരയിടത്തിനു വെളിയിൽ നിന്നുമുള്ള 4 പാതകളും എത്തിച്ചേരുന്നത്. 4 പാതകളും ഒഴികെയുള്ള ഭാഗത്താണ് പന്തൽ അഥവാ മേൽക്കൂര കെട്ടേണ്ടത്. നടപ്പന്തലിന്റെ വീതി 20 അടിയിൽ കുറയാതിരുന്നാൽ നല്ലത്. നടപ്പാത ഒഴികെയുള്ള തറയിൽ കരിങ്കല്ലുപാകി സുന്ദരമാക്കാം. മഴയത്തും വെയിലത്തും ദേവാലയത്തിൽ വരുന്നവർക്ക് കയറി നിൽക്കാനും, ഇരിക്കാനും കിടക്കാനും, വിശ്രമിക്കാനുമായാണ് പന്തൽ കെട്ടുന്നത്. തെങ്ങോല കൊണ്ടോ, അതാതു കാലങ്ങളിൽ ലഭ്യമാകുന്ന മെച്ചമായ മറ്റു വസ്തുക്കൾ കൊണ്ടോ മേൽക്കൂരയാകാം.

പന്തലിനു മുമ്പിലുള്ള പ്രാർത്ഥനയ്ക്കുള്ള നടപ്പാതയിലും, പന്തലിലും ഒക്കെ വെള്ളം കെട്ടിനിൽക്കാതെ പുറത്തേയ്ക്ക് ഒഴുകി വൃക്ഷങ്ങൾക്ക് ലഭിക്കും വണ്ണം വെള്ളച്ചാൽ ഉണ്ടാക്കണം. മഴവെള്ളം മണ്ണിൽ ഒഴുകുക എന്നല്ലാതെ കല്ലുകൾ തറയിൽ പാകി മണ്ണിനോട് അനീതി കാട്ടണ്ട. മഹാശക്തിയായ മഹാദേവി മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയവർക്കു മാത്രമാണ് ദൈവത്തെ ആരാധിക്കുവാൻ യോഗ്യത ഉള്ളത്. മായ പ്രത്യക്ഷമായ ശേഷം മാത്രമേ യോഗ്യത നേടിത്തുടങ്ങുകയുമുള്ളൂ.

# മഹാലിംഗ പ്രതിഷ്ഠയോടുള്ള മനുഷ്യരുടെ പെരുമാറ്റം

**മഹാലിംഗം എന്ന വിഗ്രഹം അല്ലാത്ത വിഗ്രഹപ്രതിഷ്ഠ ശാസ്ത്രപരമായ നടത്താമെന്നല്ലാതെ വിഗ്രഹത്തെ ആരാധിക്കാൻ പാടില്ലായെന്നും;** വിഗ്രഹത്തിൽ നിന്നോ എന്തിലും നിന്നോ മഹാശക്തിയായ മഹാദേവി വെളിയിലിറങ്ങി വരുമ്പോൾ / പ്രത്യക്ഷപ്പെടുമ്പോൾ, മഹാദേവി അനുവദിക്കുന്നുവെങ്കിൽ മഹാദേവിയെ ആണ് ആരാധിക്കേണ്ടത് എന്നും; കല്ലുകൊണ്ടോ മരംകൊണ്ടോ ലോഹംകൊണ്ടോ ഒക്കെ നിർമ്മിച്ച വിഗ്രഹത്തെ ആരാധിക്കാൻ പാടില്ല എന്നും ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ വിശദീകരിച്ചിരുന്നു. വിഗ്രഹം എന്നു വിശേഷിപ്പിക്കുന്നത് മഹാലിംഗത്തെയാണ്. മഹാശക്തിയും, മഹാദേവിയും, (മഹാദേവനും), (മഹാപിതാവും) മഹാമാതാവും, മഹായജമാനയും, മഹാനീതിയുമായ ദൈവത്തെ മാത്രമാണ് എല്ലായ്പ്പോഴും ആരാധിക്കേണ്ടത്. മഹാപ്രപഞ്ചത്തെ പ്രസവിച്ച മഹാലിംഗമായി കരുതുമ്പോൾ, ദൈവീക തലത്തിലാവണം മനുഷ്യന്റെ ചിന്തകൾ. അതേ സമയം, മനുഷ്യ-മഹാമാതാവായി എഴുന്നെള്ളുകയാൽ മാനുഷിക തലങ്ങളെയും ചേർക്കേണ്ടതുണ്ട്. **അന്യരുടെ ലിംഗത്തിൽ തൊടാനും, തങ്ങളുടെ ലിംഗത്തിൽ അന്യരെക്കൊണ്ട് തൊടീക്കാനും, ലിംഗത്തിൽ പുഷ്പങ്ങൾ വിതറാനും മനുഷ്യർ തയ്യാറായിക്കൂടാ എന്നതുപോലെ, മഹാദേവിയുടെ + മഹാദേവന്റെ മഹാലിംഗത്തെ മനുഷ്യർ തൊടുന്നതും (പൂവിട്ട്) പൂജിക്കുന്നതും മറ്റും സഭ്യമല്ല. മഹാദേവി മഹാപ്രപഞ്ചത്തിൽ സൃഷ്ടിച്ചിട്ടുള്ള പൂക്കളോ വസ്തുക്കളോ കൊണ്ടല്ലാതെ മനുഷ്യർക്ക് പൂജിക്കാൻ കഴിയില്ലെന്നിരിക്കെ, മഹാദേവി സൃഷ്ടിക്കുന്ന പൂക്കളെ കൊണ്ട് മഹാദേവിക്കുതന്നെ പൂജ ചെയ്യുന്നത് ഭോഷ്ക്കാണ്.**

## കുഞ്ഞുങ്ങളുടെ ആനന്ദകരമായ ജീവിതത്തിനു വേണ്ടി ദൈവം നൽകിയവയെ, ദൈവത്തിനെന്ന പേരിൽ തിരിച്ചു നൽകുന്നത്, അറിഞ്ഞും അറിയാതെയും ദൈവത്തെ നിന്ദിക്കുകയാണ്.

**ദൈവം നൽകിയ പാൽ, പഴങ്ങൾ, നെയ്യ്, തേൻ, ചന്ദനം, എണ്ണം, പലഹാരങ്ങൾ തുടങ്ങിയ ഭൗതിക വസ്തുക്കളെയും ശക്തിയും ദൈവത്തിനു തന്നെ തിരിച്ചു നൽകണമെന്ന് വല്ലാത്ത മോഹമാണെങ്കിൽ, ഓരോരുത്തരും തങ്ങളുടെ സർവ്വ സമ്പത്തുകളെയും, ഭക്ഷണം, ഉടുത്തിരിക്കുന്ന വസ്ത്രം ഉൾപ്പെടെ ഉള്ളവയെയും, പോരാ ശരീരത്തെയും ആത്മാവിനെയും ദൈവത്തിനു തിരിച്ചു നൽകേണ്ടിവരും.**
ദൈവത്തെ നേരിൽ കാണുവാൻ ഭാഗ്യമുണ്ടാകുമ്പോൾ, അത്തരം സമർപ്പണത്തെപ്പറ്റി ചിന്തിക്കാൻ കഴിയുന്നുവെങ്കിൽ അത് അപ്പോഴത്തെ കാര്യമാണെന്നല്ലാതെ കല്ല്, ലോഹം തുടങ്ങിയ പ്രതിഷ്ഠയുടെ മേലല്ല അഭ്യാസങ്ങളും കുശുകുശു മന്ത്രങ്ങളും കൊണ്ട് ദൈവനിന്ദ ചെയ്യേണ്ടത്. മഴയും വെയിലും മനുഷ്യർക്കു വേണം എന്നതുപോലെ മഹാദേവിക്കും വേണം (ഭാവന!). മഹാലിംഗത്തിന് (പ്രതിഷ്ഠയ്ക്ക്) മേൽക്കൂര പാടില്ല. ഭൂമിയിലൊക്കെയുമുള്ള തന്റെ അനേകം കുഞ്ഞുങ്ങൾ മഴയും വെയിലുമേറ്റു കഴിയുമ്പോൾ, മഹാദേവിയും അവ ഏൽക്കട്ടെ; ഇനിയൊന്ന് മഴയെയും വെയിലിനെയും ആനന്ദമായി കാണണം എന്നതാണ്. മാത്രമല്ല, യോഗ്യതയില്ലാത്തവർ മഹാലിംഗത്തെ ശുദ്ധിചെയ്യുന്നത് മഹാദേവിക്ക് ഇഷ്ടമല്ല. മഴയും വെയിലും കാറ്റും കൊണ്ട് ശുദ്ധമാകുന്നെങ്കിൽ ശുദ്ധമായാൽ മതി. ഒരു ചില സ്ത്രീകൾക്ക് സഹിക്കാൻ വയ്യാതെ മഹാലിംഗത്തെ വെള്ളമൊഴിച്ച് ശുദ്ധി ചെയ്യാൻ തോന്നിയാൽ, അവർ ആദ്യം മഹാദേവിയുടെ പശുപ്പുരയിൽ ചെല്ലുകയും, അവിടം വൃത്തിയാക്കിയ ശേഷം മാത്രം, മഹാലിംഗത്തെ വെള്ളം മാത്രമൊഴിച്ച് കഴുകുകയും ചെയ്യുക. മഹാദേവിയെ സ്മരിക്കാം, ദേവീ ശരണം, ഓം ശിവായ നമഃ, ഓം നമഃ ശിവായ, അമ്മേ ശിവാ എന്നിവയിൽ ഒന്ന് വേണമെങ്കിൽ ഉച്ചരിക്കാമെന്നല്ലാതെ മന്ത്രങ്ങൾ എന്ന പേരിൽ വേഷംകെട്ടലുകൾ പാടില്ല. ഒരു ചില പുരുഷന്മാർക്ക് മഹാലിംഗത്തെ ( പ്രതിഷ്ഠയെ ) വെള്ളമൊഴിച്ച് ശുദ്ധി ചെയ്യാൻ തോന്നിയാൽ അവർ ആദ്യം മഹാദേവിയുടെ വീട്ടിലെയും സ്വന്തം വീട്ടിലെയും കക്കൂസ്, കുളിമുറി എന്നിവ കാണണം, അവയെ  വൃത്തിയാക്കിയ ശേഷം മാത്രം, മഹാലിംഗത്തെ വെള്ളം മാത്രം കൊണ്ട് കഴുകുക. മഹാദേവിയെ സ്മരിക്കാം, ദേവീ ശരണം, ഓം ശിവായ നമഃ,  ഓം നമഃ ശിവായ, അമ്മേ ശിവാ എന്നിവയിൽ ഒന്ന് ഉച്ചരിക്കാം.

**മന്ത്രങ്ങളും ജപവും അധമം ആണ്.** അടുത്ത അദ്ധ്യായത്തിൽ യഥാർത്ഥ മന്ത്രങ്ങളെ വിവരിക്കുന്നുണ്ട്.

മനുഷ്യർ തങ്ങളുടെ ലിംഗത്തിന്റെ അടുത്ത് വിളക്കു വെയ്ക്കില്ല എന്നതുപോലെ, മഹാലിംഗത്തിന്റെ അടുത്ത് യാതൊരു വിളക്കുകളും പാടില്ല. രാത്രിയിൽ മഹാലിംഗത്തിനു വളരെ ദൂരത്തായിട്ട്, മനുഷ്യരുടെ ആവശ്യത്തിന് വിളക്കു വെയ്ക്കാം. ദേവാലയത്തിൽ വരുന്നവർ ചെരുപ്പ് ദേവാലയ-പ്പുരയിടത്തിനു വെളിയിൽ ഉപേക്ഷിച്ച്, നഗ്നപാദരായി നടപ്പാതയിലൂടെ വരുന്നത് നല്ലത് എന്നല്ലാതെ ചെരുപ്പ് ഉപയോഗിക്കുന്നവരെ വിലക്കിക്കൂടാ. വസ്ത്രധാരണ ത്തെപ്പറ്റി പറയുമ്പോൾ, ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാര ശാസ്ത്രം:കാമാനന്ദം /സെക്സ്) എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശരീര അവയവങ്ങളെ ധർമ്മശാസ്ത്രപരമായി മറയ്ക്കുക എന്നല്ലാതെ വസ്ത്ര കാര്യങ്ങളിൽ മറ്റ് നിബന്ധനകളില്ല. പുരുഷന്മാർ പൊക്കിളും കാൽമുട്ടും മറച്ചുള്ള വസ്ത്രം ധരിക്കണം. ഷർട്ട്/ഉടുപ്പ്  നിർബ്ബന്ധമല്ല. ഷർട്ടില്ലാതെയും പ്രവേശിക്കാമെന്നും, വ്യക്തിക്ക് അസൗകര്യമില്ലെങ്കിൽ ഷർട്ട് ഇടണം എന്നുമാണ്; പൊങ്ങച്ചം കാട്ടാൻ പാടില്ല എന്നേയുള്ളൂ. മഹാദേവിക്കായി ഉണ്ടാക്കിയ വീട്ടിൽ (ദേവാലയത്തിൽ) മഹാലിംഗം പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ എല്ലാമായി.

സൗദി അറേബ്യയിലുള്ള മക്കയിലെ പള്ളിയിലുള്ള കഅ്ബയെ ചുറ്റുമ്പോലെ ഒരു തവണ ചുറ്റിനടന്ന് കാണാം. മഹാലിംഗത്തിനു മുന്നിൽ സാഷ്ടാംഗം നമസ്ക്കരിക്കാൻ മഹാദേവി അനുവദിച്ചിട്ടുള്ളത് ദൈവത്തെ ആരാധിക്കാനുള്ള പ്രത്യേക ജന്മത്തിൽ, മഹാശാസ്ത്രം ലഭിച്ചു യോഗ്യത നേടിയ ശേഷം മാത്രം മഹാദേവിയുടെ ഖര രൂപമാണ് ഭൂമി എന്ന് സുവ്യക്തമായി അറിഞ്ഞ്, ഭൂമിയായ മഹാദേവിയെ സാഷ്ടാംഗം നമസ്ക്കരിക്കുകയാണ് !

## മഹാലിംഗം കൊണ്ടുമാത്രം മഹാദേവിക്ക് ആലയം / വീട് ഉണ്ടാക്കുന്നത് ശിവം അല്ല. മഹാശക്തിയായ ദൈവത്തെ, മഹാദേവിയെന്ന രീതിയിൽ കാണുമ്പോൾ, മാനുഷിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കണം.

മഹാദേവിയെ കാണാനെന്ന പോലെ, മഹാലിംഗത്തെ ദർശിക്കാനും പ്രാർത്ഥിക്കാനും എത്തുന്നവർക്ക് മനുഷ്യരിലൂടെ തന്നെ പരിഹാരം ഉണ്ടാവണം. സമൂഹത്തിലെ പാവപ്പെട്ടവർക്ക് ആശ്രയമുണ്ടാവണം. പാവപ്പെട്ടവർ ദേവാലയ ഭൂമി കൈയ്യേറിയാൽ, അവരെ തടഞ്ഞുകൂടാ. ദേവാലയത്തെ പരസ്യമായി അവർ നശിപ്പിച്ചാലും അവരെ തടഞ്ഞുകൂടാ. പാവപ്പെട്ടവരുടെ പ്രശ്നങ്ങളെ പരിഹരിക്കാത്ത ഭരണാധികാരികളും ജനങ്ങളും വസിക്കുന്ന നാട്ടിൽ മഹാദേവിക്ക് മനുഷ്യ രൂപത്തിൽ വസിക്കാനാവില്ല.

സഞ്ചാരികൾക്ക് യാത്രയ്ക്കിടെ വിഗ്രഹ പ്രതിഷ്ഠ നടത്തിത്തന്നെ പ്രാർത്ഥിക്കാൻ കൊതി തോന്നിയാൽ, 2 കൈക്കുമ്പിളിലുമായി മണ്ണെടുത്ത് 10 സെക്കന്റിൽ താഴെ സമയംകൊണ്ട് കൈകൾ കൊണ്ടു തന്നെ അമർത്തി ഭൂമിയിൽ വച്ചാൽ അത് മഹാലിംഗമായി. പ്രാർത്ഥന കഴിഞ്ഞ് മഹാലിംഗപ്രതിഷ്ഠയെ കൈകൾ കൊണ്ടു തന്നെ ഉടച്ചുകളയുക. ഭൂമിയിലെങ്ങും തെങ്ങുകളുടെയും കുന്നുകളുടെയും മലകളുടെയും പർവ്വതങ്ങളുടെയും രൂപത്തിൽ മഹാലിംഗം നിറഞ്ഞിരിക്കുകയാണ്. തീർന്നില്ല, മനുഷ്യർ നിർമ്മിക്കുന്ന മിക്ക യന്ത്രഭാഗങ്ങളിലും മഹാലിംഗമുണ്ട്.

## മഹാലിംഗ പ്രതിഷ്ഠയെ മുൻനിർത്തിയുള്ള പ്രാർത്ഥന

മഹാദേവിയുടെ ഭവനത്തിലെത്തുന്ന ജനസേവകരും ജനങ്ങളുടെ അടിമകളുമായ ഭരണാധികാരികൾ ഉൾപ്പെടെയുള്ള ഭരണകാര്യാലയത്തിലെ ജോലിക്കാരിലൂടെ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക് ഉടനെ ഭൗതിക പരിഹാരം ഉണ്ടാക്കുന്നു. ശുചിത്വം വിഭാഗത്തിൽ പ്രവർത്തിക്കുന്നവരെ സാമൂഹ്യ പ്രശ്നങ്ങളിൽ ജാഗരൂകരാക്കുന്നു. കൂടുതൽ വിസ്തരിക്കുന്നില്ല.

പ്രാർത്ഥനയെപ്പറ്റി വിവരിക്കുന്ന പ്രത്യേകം അദ്ധ്യായം തന്നെ മഹാവേദ ഗ്രന്ഥത്തിൽ ലഭ്യമാണ്.

പ്രാർത്ഥിക്കുന്നതും പ്രാർത്ഥനയുടെ ഉള്ളടക്കവും വ്യക്തിയുടെ സ്വകാര്യമാണ്. വ്യക്തിക്ക് ദൈവത്തോടുള്ള അഭ്യർത്ഥനയും, ആവശ്യം അറിയിക്കലും കൂടിയാണ് പ്രാർത്ഥന എന്നു പറയുമ്പോൾ പ്രാർത്ഥനയുടെ ഉള്ളടക്കവും / വാക്കുകളും വാചകങ്ങളും, സമയവും എല്ലാം വ്യക്തിയാണ് നിശ്ചയിക്കുന്നതും നിശ്ചയിക്കേണ്ടതും. മറ്റുള്ളവർക്ക് ശരിയെന്നു തോന്നുന്ന പ്രാർത്ഥന അവരവരുടെ അറിവിനും ആവശ്യങ്ങൾക്കും ചേർന്നതാണ്. മതങ്ങൾ/ പുരോഹിതന്മാർ തട്ടിക്കൂട്ടുന്ന കൂട്ടപ്രാർത്ഥനയിൽ പെടുന്ന അനേകർക്ക് മലവിസർജനം മുട്ടുമ്പോൾ, പ്രാർത്ഥന പെട്ടെന്ന് അവസാനിച്ചിരുന്നുവെങ്കിൽ എന്നും മറ്റും ആഗ്രഹിക്കും. ആഗ്രഹത്തിന്റെ മറ്റൊരു പേര് കൂടിയാണ് പ്രാർത്ഥന.

ദൈവം നീതി നൽകുന്നത് വ്യക്തിയുടെ (വാക്കുകളുടെയും) പ്രവൃത്തികളുടെയും നന്മ തിന്മകളെ അഥവാ ധർമ്മ ശാസ്ത്രത്തെ ആധാരമാക്കിയാണ്; പ്രാർത്ഥന, സ്തുതി എന്നിവയുടെ അടിസ്ഥാനത്തിലല്ലാ. ആത്മശുദ്ധീകരണത്തിനും, ആത്മ വിശ്വാസം വർദ്ധിപ്പിക്കാനും ധർമ്മ ശാസ്ത്ര പരമായ പ്രാർത്ഥന നല്ലതാണ്. ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് ധർമ്മ ശാസ്ത്ര പരമായ രണ്ടു പ്രാർത്ഥനകളെ ചേർത്തിട്ടുണ്ട്.

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, പരമശിവനും പ്രാർത്ഥിക്കുന്നുണ്ട്. പ്രാർത്ഥന അടിസ്ഥാന പരമായി പരമശിവന്റെയും സ്വകാര്യമാണ്; മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരിഷ്ക്കരിക്കുന്നതുമാണ്.

**പ്രാർത്ഥനകൾ കാലത്തിനും ആവശ്യങ്ങൾക്കും അനുസരിച്ച് മാറണമെന്നത് എല്ലാവർക്കും, ... എല്ലാ മനുഷ്യർക്കും ബാധകമാണ്.**

# മഹാലിംഗ പ്രതിഷ്ഠയെ മുൻനിർത്തിയുള്ള ആരാധന

## ദൈവത്തെ ആരാധിക്കാൻ മനുഷ്യർ യോഗ്യത നേടണം.

മുകളിൽ പലയിടങ്ങളിലും പരാമർശിച്ചിരുന്നു. ദൈവത്തിൽ നിന്നും നേരിട്ട് യോഗ്യത നേടിക്കൊണ്ട്, ആരാധനയ്ക്ക് എത്തുന്നവർക്ക്, മഹാദേവിയെ പ്രത്യക്ഷമായി കാണാൻ കഴിയുന്നില്ലെങ്കിൽ പോലും, മഹാലിംഗ പ്രതിഷ്ഠയുടെ മുന്നിൽ വന്ന് ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും കഴിയുമ്പോൾ ഒരു പ്രത്യേക മനസ്സുഖം ലഭിക്കുന്നതാണ്.

മഹാലിംഗ പ്രതിഷ്ഠയുടെ മുന്നിൽ മണ്ണിൽ 10 നിമിഷങ്ങളെങ്കിലും കിടന്ന്, ആരോഗ്യത്തിന് അനുസൃതമായി, അവർ സാഷ്ടാംഗം നമസ്ക്കരിക്കണം, എന്നാൽ മഹാശാസ്ത്രം നേടിക്കഴിഞ്ഞ അവരെ അത്തരം കാര്യങ്ങൾ ഉപദേശിക്കേണ്ടതില്ല. അവർക്കറിയാം, എന്തു വേണം, എങ്ങനെ വേണമെന്ന്. പൊതുജനങ്ങളുടെ അറിവിലേക്കായി പറയുമ്പോൾ ശാസ്ത്രീയമായ ആരാധനാ വാചകം, 1 തവണ മുതൽ 3 തവണവരെ ചൊല്ലുകയാണ് അവർ ചെയ്യുന്നത്. ദേവാലയത്തിൽ തിരക്കില്ലെങ്കിൽ സാഷ്ടാംഗം കിടന്നുകൊണ്ട് 3 തവണ ചൊല്ലണം, തിരക്കുണ്ടെങ്കിൽ ഒരു തവണയും. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്നാണ് ചൊല്ലുക. മഹാശാസ്ത്രം നേടിക്കഴിഞ്ഞ അവർക്ക് മഹാദേവിയുടെ ഭവനം ശുചിയാക്കാനും മഹാലിംഗത്തെ വെള്ളംകൊണ്ട് കഴുകുവാനും അവകാശവും അധികാരവുമുണ്ട്. അവർ സ്വയം ചെയ്യുന്നതുമാണ്. മാത്രമല്ല, ശുചിത്വ പാതയിലും, ആവശ്യ-പാതയിലും നിൽക്കുന്നവരെ കാണുകയും കേൾക്കുകയും ചെയ്ത് പരിഹാരമെടുക്കാൻ അവർ, ജനങ്ങളുടെ അടിമകളായ ഭരണാധികാരികളോട് മഹാശാസ്ത്രപ്രകാരം ആജ്ഞാപിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതാണ്. ദേവാലയത്തിൽ സ്വയം പൂജാരികളോ പുരോഹിതരോ ആവാൻ ശ്രമിക്കില്ലാ എന്നതുപോലെ, പുരോഹിത-രീതികൾ ഉണ്ടാവാതെ കാക്കാൻ അവർ ശ്രദ്ധിക്കുന്നതുമാണ്. ധർമ്മ ശാസ്ത്രപരമായ സ്വയം ബാദ്ധ്യതയാണത്. കൂടുതൽ വിസ്തരിക്കുന്നില്ല.

# മഹാദേവി, മഹാലിംഗ പ്രതിഷ്ഠയിൽ മഹാപ്രത്യക്ഷമാകും !

മഹാദേവിയുടെ മഹാഇഷ്ടം പോലെയെല്ലാം മഹാലിംഗത്തിലും എവിടെയും പ്രത്യക്ഷമാകുന്നതാണ്. മഹാഇഷ്ടമെന്നത് വ്യക്തികളുടെ ധർമ്മശാസ്ത്ര പാലനത്തെ ആശ്രയിച്ചിരിക്കുന്നു.

പരമശിവനെ മഹാവാഹനമായ മഹാനരസിംഹമായി മഹാ-അനുഗ്രഹിക്കുകയും, മഹാനരസിംഹത്തിന്റെ ചുമലിൽ മഹാദേവി മഹാപ്രത്യക്ഷമാകുന്നതുമാണ്.

മഹാദേവി പ്രസ്തുത മഹാഭാഗ്യം എല്ലായ്പ്പോഴും പരമശിവനു മാത്രം മഹാ-അനുഗ്രഹിച്ചു നല്കുന്നതാണ്. മഹാനരസിംഹത്തെപ്പറ്റി പറയുമ്പോൾ, ചിത്രങ്ങളിലും സിനിമയിലും ഒക്കെ കണ്ടിട്ടുള്ളതായ രൂപത്തിന് ഉപരിയായിട്ടുള്ള മഹാരൂപമാണെന്നാണ് അറിഞ്ഞിട്ടുള്ളത്. മഹാദേവി പൂർണ്ണമായും വെളിപ്പെടുത്തിയിട്ടില്ല. കൂടുതൽ വിശദീകരണങ്ങൾ നൽകാൻ തൽക്കാലം കഴിവില്ല. ഈയുള്ളവനെ മഹാനരസിംഹമായ അവിടുത്തെ വാഹനമാക്കുവാൻ എല്ലായ്പ്പോഴും കനിയേണമേ.... ഈയുള്ളവൻ അറിഞ്ഞും അറിയാതെയും കാട്ടിയിട്ടുള്ള പിഴവുകൾക്ക്, അല്ലയോ മഹാദേവി, മനുഷ്യരെല്ലാം കാൺകെ ഈയുള്ളവന്റെ ചെവിക്കു പിടിച്ചും ശരീരത്തിൽ ചവിട്ടി മെതിച്ചും മഹാശിക്ഷിച്ച് ഈയുള്ളവനെ എല്ലായ്പ്പോഴും മഹാസംശുദ്ധനാക്കി കരുതണമേ ...

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

# മഹാലിംഗ പ്രതിഷ്ഠയിൽ, പരമശിവനെ പ്രത്യക്ഷമാക്കുന്നതാണ് !

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ, മഹാദേവിയുടെ പ്രതിനിധിയും മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനെ, മഹാദേവിയുടെ മഹാ-ഇഷ്ട പ്രകാരം, മഹാലിംഗത്തിൽ പ്രത്യക്ഷമാക്കപ്പെടുന്ന സന്ദർഭങ്ങൾ ഏറെ ഉണ്ടാകുന്നതാണ്. മഹാശക്തിയായ മഹാദേവി, തന്റെ ഭാഗവും മഹാദാസനുമായ പരമശിവന് നൽകുന്ന മറ്റൊരു ബഹുമതിയാണത്. പരമശിവന് 4-ാമത്തെ സ്ഥാനമാണ് മഹാശക്തിചക്രത്തിലുള്ളത്. ആദ്യ 3 സ്ഥാനങ്ങളിലൂടെ മഹാദേവി മഹാപ്രപഞ്ചത്തിന്റെ സ്രഷ്ടാവും, രക്ഷകയും മഹാനീതിയുമായിരിക്കുന്നു. പരമശിവൻ ചേരുമ്പോൾ സത്യം ശിവം സുന്ദരം ആകുന്നതിന് വീട്, മുറി, ഭിത്തി, എന്നിങ്ങനെ പ്രപഞ്ച കാര്യങ്ങളിലെല്ലാം മഹാദേവി 4-നെ ഉയർത്തിയിട്ടുണ്ട്; മഹാനീതിയുടെ വളരെച്ചെറിയ ഒരു ഭാഗത്തെയാണ് പരമശിവനിലൂടെ മഹാദേവി ചെയ്യുന്നതെങ്കിലും.

മനുഷ്യരുടെ ആനന്ദകരമായ ജീവിതത്തിനു വേണ്ടി മഹാദേവി മഹാ-രചനകളെ നാടകങ്ങൾ പോലെ ആവിഷ്ക്കരിക്കുന്നതും, മഹാദേവിയുടെ മഹാ-ഇഷ്ടങ്ങൾ പ്രകാരം, പരമശിവൻ മഹാരചനകളിലെ ഏകനായകനായും, മഹാദേവി മഹാനായികയായും അവതരിക്കുന്നതാണ്. കൂടുതൽ വിസ്തരിക്കുന്നില്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

# ദേവാലയങ്ങൾ എന്ന പേരിൽ ഭൂമിയിലെങ്ങും ഇന്നുള്ളവ ദേവാലയങ്ങളല്ല.

മഹാശക്തിയായും ബ്രഹ്മമായും മഹായജമാനയായും മഹാഭരണാധികാരിയായും മഹാനീതി-പതിയായും മഹാമാതാവായും മഹാപിതാവായും മഹാദേവനായും മഹാദേവിയായും സൃഷ്ടി - സ്ഥിതി - സംഹാര കർത്താവായ ദൈവത്തെ കരുതാനാവുമെന്നും, ശാസ്ത്രീയമായ പ്രാർത്ഥനകളും പ്രാർത്ഥനാ രീതികളും ആരാധനാ കാര്യങ്ങളും എന്തൊക്കെയാണെന്നും എങ്ങനെയൊക്കെ ആണെന്നും അടിസ്ഥാനപരമായി വിശദീകരിച്ചു കഴിഞ്ഞു.

മഹാശക്തിയായ മഹാദേവി, ഉടനെ ഭൂമിയിൽ മായ പ്രത്യക്ഷമാക്കുമ്പോൾ മഹാശാസ്ത്രപരമായ ദേവാലയങ്ങൾ നിർമ്മിക്കപ്പെടുന്നതാണ്. ഭൂമിയിലെങ്ങും ഇന്നുള്ള യാതൊരു ദേവാലയങ്ങളും ധർമ്മശാസ്ത്രപരമായല്ല നിർമ്മിച്ചവയല്ല; പ്രവർത്തിക്കുന്നതും.

ദൈവത്തിന്റെ പേരിലും ദൈവത്തിനെന്ന പേരിലും ധർമ്മ ശാസ്ത്ര വിരുദ്ധമായ വീട്/ആലയം ഉണ്ടാക്കുകയും, മത-മനുഷ്യരുടെ തോന്നിയവാസങ്ങളെ കാട്ടാനുള്ള കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുകയുമാണ്. കടുത്ത കടുത്ത കടുത്ത ദൈവനിന്ദയാണ് നടന്നുകൊണ്ടിരിക്കുന്നത്. പൈശാചികത്വം മൂത്ത്, ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ കൊല്ലാനുള്ള ബോംബുകളും മറ്റ് ആയുധങ്ങളും സൂക്ഷിക്കാനും പരിശീലിപ്പിക്കാനുമുള്ള കേന്ദ്രങ്ങളാക്കി അനേകം ആലയങ്ങളെ മാറ്റിയിട്ടുമുണ്ട്. പൈശാചിക-ആലയങ്ങളാകയാൽ അവയ്ക്കെല്ലാം ജനങ്ങളുടെ ചിലവിൽ പോലീസ് സംരക്ഷണം എന്ന സംരക്ഷണമില്ലാത്ത സംരക്ഷണവും നടത്തുകയാണ്.

പോലീസിനെ സംരക്ഷിക്കാൻ മറ്റൊരുകൂട്ടാം പോലീസിനെയും, അവരെ സംരക്ഷിക്കാൻ വേറൊരു കൂട്ടം പോലീസിനെയും എന്നിങ്ങനെ ആവശ്യമാക്കുന്ന വ്യവസ്ഥിതികളാണ് ഇന്നുള്ളത്. ചുരുക്കത്തിൽ ധർമ്മശാസ്ത്രപരമായിട്ട് ഒരു സമ്പൂർണ്ണ അഴിച്ചുപണി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആവശ്യമുണ്ട്. ദേവാലയം എന്ന കള്ളപ്പേരിൽ പ്രവർത്തിക്കുന്ന പൈശാചികാലയങ്ങളെപ്പറ്റി തുടരുമ്പോൾ കേരളത്തിലെ തൃശ്ശൂരുള്ള വടക്കുന്നാഥ ക്ഷേത്രം, സൗദി അറേബ്യയിലെ മക്കയിലുള്ള പള്ളി എന്നിങ്ങനെ നാമ-മാത്രമായ ദേവാലയങ്ങളെ മാത്രമാണ് ധർമ്മശാസ്ത്രപരമായിട്ട് പരിഷ്ക്കരിക്കാൻ കഴിയുക. അല്ലാത്തവയെ പൊളിച്ചുതന്നെ കളയേണ്ടി വരും, എന്നാൽ പൊളിച്ചു കളയുന്നതും ധർമ്മശാസ്ത്രപര മായിത്തന്നെ വേണം. കേരളത്തിലെ മൂന്നാറിൽ നല്ല കെട്ടിടങ്ങളെ പിശാചുക്കളായവർ പൊളിച്ചു കളഞ്ഞതുപോലെ ആവരുത്. ദേവാലയങ്ങൾ എന്ന കള്ളപ്പേരിൽ പ്രവർത്തിക്കുന്ന പൈശാചികാലയങ്ങളെ ഭരണകൂടം ഏറ്റെടുത്ത് സത്രം, ആഡിറ്റോറിയം, ശൗചാലയം, എന്നിങ്ങനെ ജനങ്ങളുടെ മറ്റു പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയാണു വേണ്ടത്. ഇന്ത്യയിലെ ഹൈന്ദവ/ഹിന്ദുമത ദേവാലയങ്ങളെ പ്പറ്റി പറയുമ്പോൾ, ആദ്യമഹാകാലചക്രത്തിലെ ഭരണാധികാരികളു-മായാണ് അവയ്ക്ക് മുഖ്യബന്ധം. പുതിയ മഹാകാലചക്രത്തിൽ മഹാശക്തിയായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നേരിട്ട് ഏറ്റെടുത്തിരിക്കുകയാണ്; എല്ലാ ദേവതകളെയും ഉപദേവതകളെയും പിൻവലിച്ചിരിക്കുകയാണ്. **ഏകമഹാശക്തിയായ മഹാദേവിയെ മാത്രം യഥാകാലം ആരാധിക്കുന്നവരായും, മഹാദേവിയോടു മാത്രം പ്രാർത്ഥിക്കുന്നവരായും മാറുന്നതാണ്.**

ഭൂമിയിലുള്ളവരെല്ലാം മത-ജാതികളെ ഉപേക്ഷിച്ച് മനുഷ്യരാകുന്നതാണ്. കുതന്ത്രങ്ങളിലൂടെയും കടുത്ത നീചവൃത്തികളിലൂടെയും ദൈവമാകാൻ ശ്രമിച്ച പൈശാചിക -രാജാവിനെ നൂറ്റാണ്ടുകളായിട്ട് അനുക്രമമായി വർദ്ധിച്ച രീതിയിൽ പൂജിച്ചും ആരാധിച്ചും വരുന്ന ഹിന്ദുമത-നേതൃത്വങ്ങളെല്ലാം തങ്ങൾ ചെയ്തുപോരുന്ന /പോന്ന കടുത്ത കടുത്ത കടുത്ത കടുത്ത കടുത്ത കടുത്ത അധമത്തങ്ങളുടെ ആഴം മനസ്സിലാക്കണം. മഹാദേവിയോട്, പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച നീചൻ ചെയ്ത പ്രവൃത്തികൾക്ക് എങ്ങനെ ശിക്ഷിക്കണം എന്നു ചിന്തിക്കുമ്പോൾ, കുട്ടത്തിൽ മുമ്പ് പറഞ്ഞതുപോലെ, മഹാശാസ്ത്രം നേടിത്തരുന്ന എല്ലാ സുഖസൗഭാഗ്യങ്ങളും ആസ്വദിച്ചു ജീവിച്ചുകൊണ്ട്, ദൈവകാര്യത്തിൽ ശാസ്ത്രപരമായ സമീപനം പുലർത്താഞ്ഞതിനും കടുത്ത അധമത്തങ്ങളെ തങ്ങൾ കാട്ടിയതിനും തങ്ങളെ എങ്ങനെ ശിക്ഷിക്കണം എന്നുകൂടി ചിന്തിക്കണം. കുഞ്ഞുങ്ങളെ, വിഷമിക്കേണ്ട. മഹാദേവിയുടെ മഹാഹൃദയമായ ഓംകാരം നിറയെ മഹാവാത്സല്യമാണ്. മഹാമാതാവ് വളരെ ക്ഷമിക്കുന്നതുമാണ്. സന്തോഷമായിരിക്കുവിൻ. ദേവീ ശരണം, മഹാദേവീ ശരണം, മണ്ണടി ദേവി മാത്രം ശരണം എന്നിങ്ങനെ മണ്ണടിയിലേക്ക് ശരണമന്ത്രങ്ങളുമായി പോകാനും പ്രാർത്ഥിക്കാനും ആരാധിക്കാനും എല്ലാ കുഞ്ഞുങ്ങൾക്കും യഥാകാലം കഴിയുന്നതാണ്.

ഒരു നാട്ടിൽ ഒരു ദേവാലയം മാത്രമേ വേണ്ടൂ. നാടിന്റെ അതിരുകളെ നിശ്ചയിക്കുന്നത് നാടും ഭൂമിയുമായ ദൈവം തന്നെയാണ്. ഒരു പ്രത്യേക നാട്ടുകാർ എന്ന് ജനങ്ങൾ കരുതുന്നത് അജ്ഞാനം കൊണ്ടാണ്. ഭൂമിയുടെ അംശമായ നാടും ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചവും മുഴുവൻ ദൈവത്തിന്റെ നാടാണ്.

മഹാശക്തിയായ മഹാദേവി, വൈകാതെ ഭൂമിയിൽ മായ പ്രത്യക്ഷമാക്കുമ്പോൾ നാട്ടിലെ ഏതൊരു ദേവാലയത്തെയും ധർമ്മശാസ്ത്രപരമായി പരിഷ്ക്കരിക്കാൻ എളുപ്പമാണ്, നല്ലതാണ് എന്നു തോന്നിയാൽ പരിഷ്ക്കരിക്കുക. മതപരമായ എല്ലാ വസ്തുക്കളെയും വസ്തുതകളെയും തച്ചുടച്ചു കളയുക. ദേവാലയങ്ങൾ എന്ന കള്ളപ്പേരിലുള്ള മറ്റ് പൈശാചികാലയങ്ങളിലെ മതപരമായ വസ്തുക്കളെയും വസ്തുതകളെയും തച്ചുടച്ചു കളഞ്ഞുകൊണ്ട്, പൊതു ആവശ്യങ്ങളായ ആഡിറ്റോറിയം, വീടില്ലാത്തവർക്കു വീട് തുടങ്ങിയവയായി പരിണമിപ്പിക്കുക. സമൂഹത്തിൽ ഇന്നുള്ള ഭരണകാര്യാലയങ്ങളിലെ പിശാചുക്കൾക്കും, മതപ്പിശാചുക്കൾക്കും, രാഷ്ട്രീയ പാർട്ടി-പ്പിശാചുക്കൾക്കും ഒക്കെ തങ്ങളിലെ പിശാചുക്കളെ പുറന്തള്ളിക്കൊണ്ട് ധർമ്മശാസ്ത്രപരമായി സംശുദ്ധരാവാനുള്ള ആർജ്ജവം ഉണ്ടെങ്കിൽ നല്ലതാണ്. പ്രവൃത്തിയിൽ കാണിക്കുക. മഹാമാതാവായ ദൈവത്തിന് തന്റെ കുഞ്ഞുങ്ങളെപ്പറ്റി അഭിമാനിക്കാൻ കഴിയട്ടെ.

നാട്ടിലുള്ള അനേകം ഭരണ കാര്യാലയങ്ങൾ തീർത്തും അശാസ്ത്രീയമാണ്. തൊഴിലുകളെപ്പറ്റിയുള്ള 5 അദ്ധ്യായങ്ങളിലും ഗ്രന്ഥത്തിലെ 4-ാം ഭാഗത്തും ആവക കാര്യങ്ങളെ വ്യക്തമാക്കിയിട്ടുണ്ട്. അവ പിരിച്ചുവിട്ടു കൊണ്ട് സാമൂഹ്യമായ ആവശ്യങ്ങൾക്കും, വീടില്ലാത്തവർക്കു വീട് തുടങ്ങിയവയായും പരിണമിപ്പിക്കണം. കൂടുതൽ വിസ്തരിക്കുന്നില്ല.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

# മഹാദശമി, ശിവരാത്രി, മഹാശിവരാത്രി

ആഘോഷങ്ങൾ ധർമ്മശാസ്ത്ര പരമായിരിക്കണം, അഥവാ ദൈവീകമായിരിക്കണം. പോരാ, ദൈവത്തിന്റെ പേരിൽ ആഘോഷങ്ങൾ നടത്തുന്നുവെങ്കിൽ, നീതിശാസ്ത്രപരം കൂടിയാവണം, അഥവാ ദൈവത്തിന്റെ ഇഷ്ടം പ്രകാരം കൂടിയാവണം. ഭൂമിയിലൊക്കെയുമുള്ള മനുഷ്യർ ഒരേ കാലത്ത്/സമയത്ത് ഒരേപോലെയുള്ള ചടങ്ങുകളെ നടത്തിക്കൊണ്ട് ആനന്ദിക്കുന്നുവെങ്കിൽ അത് ഒരു ആഘോഷമാണ്. വിവാഹത്തെ ആഘോഷമാക്കാം, എന്നാൽ ഏതാനും വ്യക്തികളിൽ മാത്രം ഒതുങ്ങുന്ന പ്രാദേശികമോ, കുടുംബപരമോ ആയ ആഘോഷമാണത്. ചടങ്ങുകൾ : ജനനം, മരണം, വിവാഹം എന്ന അദ്ധ്യായം പഠിക്കുമ്പോൾ, ഒരു വിവാഹത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിന് ധർമ്മശാസ്ത്രപ്രകാരമുള്ള പരമാവധി 100 ആണെന്നു കാണാം. ഭൂമിയിലൊക്കെയുമുള്ള ജനങ്ങൾക്ക് പൊതുവായ ആനന്ദത്തെ നൽകുന്ന ആഘോഷത്തെ മഹാആവിഷ്ക്കരിക്കണമെങ്കിൽ, അത് ഭൂമിയിലെങ്ങും (മഹാപ്രപഞ്ചത്തിലെങ്ങും, അതീതമായും) മഹാവ്യാപരിക്കുന്ന മഹാശക്തിയായ മഹാദേവിയെ ഉൾപ്പെടുത്തിക്കൊണ്ടു മാത്രമേ കഴിയൂ. ആനന്ദങ്ങളെ സൃഷ്ടിച്ചിട്ടുള്ള മഹാദേവി, ആനന്ദങ്ങൾക്ക് അതീതമാണ്. എന്നാൽ താൻ സൃഷ്ടിച്ചിട്ടുള്ളതും സൃഷ്ടിക്കുന്നതുമായ ഭൂമിയിലെങ്ങുമുള്ള കുഞ്ഞുങ്ങൾ ധർമ്മശാസ്ത്ര പരമായിട്ട് ആനന്ദിക്കുമ്പോൾ മഹാദേവിയും ആനന്ദിക്കുന്നു.

മഹാവേദ ഗ്രന്ഥത്തിൽ കാലഗണനകളെ വിശദമാക്കിയിട്ടുണ്ട്. 28 ദിവസം വച്ചുള്ള 13 മാസങ്ങൾ ചേർന്നതായ 1 വർഷത്തിൽ 28+1 =29 ദിവസങ്ങളുള്ള ഏക മാസം ആഹ്ലാദത്തിനായും ആഘോഷത്തിനായും ഉപയോഗിക്കാനുള്ളതാണ്. മാനുഷിക ആഘോഷങ്ങളെ ധർമ്മശാസ്ത്രവുമായാണ് ബന്ധിപ്പിക്കേണ്ടത്.

അതായത് വസന്തകാലം, വിളവെടുപ്പ് തുടങ്ങിയവയുമായി. ദൈവീക തലത്തിൽ, വർഷത്തിൽ 1 ദിവസം മാത്രമാണ് ദേവാലയത്തിൽ ആഘോഷം അനുവദിച്ചിട്ടുള്ളത്. ദേവാലയത്തിനു വെളിയിൽ ധർമ്മശാസ്ത്രപരമായി വിനോദിക്കുക എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനെ ദേവാലയവുമായി ബന്ധിപ്പിച്ച് ദേവാലയത്തിന്റെ പവിത്രത കളഞ്ഞുകൂടാ. ദേവിയുടെ ആലയമായി നൽകിക്കഴിഞ്ഞാൽ, പിന്നീട് മനുഷ്യരുടെ തോന്നിയവാസങ്ങളെ നടത്താനുള്ള കേന്ദ്രമാക്കിക്കൂടാ. 28 ദിവസം വച്ചുള്ള കണക്കനുസരിച്ച് എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്. വർഷത്തിലെ 1 അധിക ദിവസത്തെയും, 4 വർഷത്തിലൊരിക്കലുള്ള 2 അധിക ദിവസങ്ങളെയും പ്രാർത്ഥനാ ദിവസങ്ങളായി നിശ്ചയിച്ചിരിക്കുകയാണ്. അപ്പോഴും എല്ലാ ആഴ്ചാ ദിവസങ്ങളും ക്രമപ്രകാരം നീങ്ങുന്നതാണ്.

4 വർഷത്തിൽ ഒരിക്കലുള്ള രണ്ടാമത്തെ അധിക ദിവസമാണ് ശിവരാത്രി. ശിവരാത്രി എന്നാൽ ശിവന്റെ രാത്രി എന്നും, ശിവന് പ്രത്യേക ധർമ്മങ്ങളെ ചെയ്യാനുള്ള രാത്രിയെന്നുമാണ് തൽക്കാലം മനസ്സിലാക്കേണ്ടത് ! മനുഷ്യന് 100 ജന്മങ്ങളുള്ളതിൽ 90 മുതൽ 95 വരെയുള്ള ഒരു ജന്മത്തിൽ മാത്രം മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മുഴുവനും മഹാശക്തിയായ മഹാദേവി, പ്രതിനിധിയും പ്രപഞ്ചപിതാവായ പരമശിവനിലൂടെ ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൾകുന്നുണ്ട്. ശിവരാത്രിയിലാണത് ! മഹാദശമി @ വിജയ ദശമി, ശിവരാത്രി എന്നിവ സംബന്ധിച്ച വെളിപാട് പൂർണ്ണമായിട്ടില്ല; വെളിപ്പെടുത്താൻ സമയമായിട്ടില്ല.

ആദ്യ മഹാകാലചക്രം കഴിഞ്ഞതിനാൽ, അതുമായി ബന്ധപ്പെട്ട മഹാശിവരാത്രിയെ വിശദീകരിക്കേണ്ടതില്ല. മഹാദേവി മഹാഉചിതമായ സമയത്ത്, സ്വന്തം ഭാഗമായ പരമശിവനിലൂടെ ശാസ്ത്ര പരമായി അറിയിക്കും വരെ, വിജയ ദശമി, ശിവരാത്രി എന്നിവയിൽ യാതൊരു ആഘോഷങ്ങളും പാടില്ലാ. ഓം ശാന്തി !

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

## 1000 കോടി വർഷങ്ങൾ നീണ്ട ആദ്യത്തെ മഹാകാല ചക്രത്തിൽ, മഹാനീതിയായ മഹാദേവിയും മഹാനീതിപതിയായ പരമശിവനും പശുവും പശുപതിയും ആയി സൃഷ്ടികളെ മുഴുവനും, മനുഷ്യനെ പ്രത്യേകമായും പരിപാലിച്ചിരുന്നു; കൂടാതെ നാഗങ്ങളായും.

1000 കോടി വർഷങ്ങൾ നീണ്ടതായ രണ്ടാമത്തെ മഹാകാല ചക്രത്തിലെ ഇപ്പോഴത്തെ ആദ്യ-സൃഷ്ടിചക്രം മുതൽ മഹാനീതിയായ മഹാദേവിയും മഹാനീതിപതിയായ പരമശിവനും മനുഷ്യരൂപം സ്വീകരിക്കുകയാണ്; ഓംകാര നീതി ശാസ്ത്ര പ്രകാരം മറ്റ് ജീവി-രൂപങ്ങളും സ്വീകരിക്കുന്നതാണ്. ഭൂമിയിൽ മുഴുവൻ നടന്നും, ഭവനം സ്വീകരിക്കാതെയും, മനുഷ്യൻ ഉൾപ്പെടെ പൊന്നോമന കുഞ്ഞുങ്ങൾ മാത്രമായ സർവ്വ സൃഷ്ടികൾക്കും മഹാവാത്സല്ല്യം നൽകിയും, പ്രകടമായും ഗൂഢമായും, കുഞ്ഞുങ്ങളുടെ ദാസരായി പരിചരിക്കുന്നതാണ്.

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ, മഹാദേവിയുടെ ഭാഗവും, ഭർത്താവും, പ്രപഞ്ചപിതാവും, പരമാത്മാവും, മഹാദേവനുമായ പരമശിവൻ, മഹാദേവി ആവശ്യപ്പെടാതെ തന്നെ, മഹാദേവി നഹാകനിഞ്ഞു നൽകുന്ന ശക്തി കൊണ്ട് മഹാദേവിയുടെ ആവശ്യങ്ങളെ അറിഞ്ഞ് മഹാദേവിയുടെ ഏകദാസൻ, മഹാദാസൻ, തുടങ്ങി മഹാദേവിയുടെ ഇഷ്ടം പോലെയെല്ലാം പ്രവർത്തിക്കുന്നതാണ്.

# മന്ത്രങ്ങൾ

**മന്ത്രിക്കുന്നതാണ് മന്ത്രം.
ശബ്ദമില്ലാതെപോലെയും (മനസ്സിൽ),
ശബ്ദത്തോടെയും മന്ത്രിക്കാനാവും.
ദൈവത്തിന്റെ മഹായുക്തിയായ
മഹാജ്ഞാനത്തെ മഹാപ്രപഞ്ചത്തിന്റെ
സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കു വേണ്ടി
മഹാശാസ്ത്ര - നിയമങ്ങളായി പരിവർത്തനം
ചെയ്യുന്നത് ശബ്ദമില്ലാതെപോലെയും
ശബ്ദത്തോടെയുമാണ്. അപ്പോൾ
ശാസ്ത്രനിയമങ്ങൾ മന്ത്രങ്ങളാണ്.**

**മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര
നിയമങ്ങൾ വസ്തുക്കളിൽ ശബ്ദമില്ലാതെയും
ശബ്ദത്തോടെയും മഹാലയി ച്ചിരിക്കുകയാണ്
എന്നു പറയുമ്പോൾ വേദഭാഷയായ മലയാളത്തിൽ
ചിരിക്കുകയാണ് എന്ന പദം ഉപയോഗിച്ചത്
ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്.**

**ദൈവത്തിന്റെ മഹാചിരി കൂടിയായ ഓം
എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിൽ
സദാ മഹാലയി-ച്ചിരിക്കുകയാണ്.
മഹാചിരി കൂടിയായ ഓം എന്ന
മഹാമന്ത്രത്തിൽ നിന്നാണ് ഗൂഢവും
പരസ്യവുമായി എല്ലാ മന്ത്രങ്ങളും
ശബ്ദങ്ങളും ജനിക്കുന്നത് !**

# ദൈവ മന്ത്രങ്ങൾ

ഏകദൈവമായ മഹാദേവിയുടെ 2 ഭാഗങ്ങളിൽ ആദ്യത്തേത് പരമശിവനും രണ്ടാമത്തേത് മഹാദേവിയും ആണ്. മഹാദേവിയുടെയും പരമശിവന്റെയും മദ്ധ്യെയുള്ള കൂട്ടുകെട്ടാണ് ഭൂമിയും ആകാശവും ജീവികളും സർവ്വതും ഉൾപ്പെട്ട മഹാപ്രപഞ്ചം. ദൈവഭാഗങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടിനെ മഹാഭദ്രമാക്കുന്ന 2 കരാറുകളെ ദൈവ മന്ത്രങ്ങൾ എന്ന് പേരിട്ടിരിക്കുന്നു. മഹാദേവിയുടെ മഹാഹൃദയമാണ് ഓംകാരം; സ്വകാര്യമാണ്; ആകയാൽ 'ഓംകാര മന്ത്രം' ഗൂഢമാണ്. ഏകദൈവമായ മഹാദേവി, സ്വന്തം ഭാഗമായ പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മലയാള ഭാഷയിലുള്ള ലളിതമായ 'ഓംകാര മന്ത്രം' ചൊല്ലി കൊടുക്കുന്നുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് നൽകിയിരുന്നു. ഒരു വാക്ക് പോലും ഓർമ്മയില്ല. മഹാദേവിയുടെ സ്വകാര്യമായ 'ഓംകാര മന്ത്രം' മഹാദേവിക്ക് ആവശ്യമുള്ളപ്പോൾ ഓർമ്മിപ്പിക്കും!

ഇ-മഹാഗ്രന്ഥത്തിന്റെ എല്ലാ പേജുകളുടെയും ചുവട്ടിൽ ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം എന്ന ലളിതമായ വാചകം കാണാം. മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയിട്ടുള്ള സംഹാര മന്ത്രമാണത്. മനുഷ്യർക്ക് അതിൽ കാര്യമില്ല എങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ് എന്നറിയിക്കാനാണ്. മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ വ്യക്തി ബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാൻ കൂടിയാണ്.

ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.

# ആത്മീയശാസ്ത്ര - മന്ത്രങ്ങൾ

സ്തുതി ഗീതം, ജപം, തുടങ്ങിയവ ദൈവത്തിന് ആവശ്യമില്ല. കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്ര പരമായി ആനന്ദിച്ചു ജീവിക്കണം. ദൈവത്തിന് അത്രയേ വേണ്ടൂ. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാഉചിതമായി അഥവാ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാനീതിയും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി നിറവേറ്റുന്നതാണ്. ഉദാഹരണത്തിന് യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും ജീവിത ആവശ്യങ്ങളെ മത-അന്ധവിശ്വാസികളേക്കാൾ ഉപരിയായി ദൈവം മഹാവാത്സല്യത്തോടെ മഹാകരുതുന്നുണ്ട്.

**മാനുഷിക ദൈവ സംബോധനാ മന്ത്രങ്ങൾ**. മനുഷ്യർക്ക് അന്യോന്യം വിളിക്കാനും, ദൈവത്തെ വിളിക്കാനും സംബോധന ചെയ്യാനും, നാമങ്ങൾ ആവശ്യമുണ്ട്. കുഞ്ഞുങ്ങളുടെ / മനുഷ്യരുടെ സന്തോഷവും വ്യക്തിസ്വാതന്ത്ര്യവും കണക്കിലെടുത്ത് ഹ്രസ്വ-പ്രാർത്ഥന, ഹ്രസ്വ-സ്തുതി ഗീതം, ഹ്രസ്വ-ജപം എന്നിവ അനുവദിക്കാൻ ദൈവം ബാദ്ധ്യസ്ഥമാണ്. 4 ലളിതമായ ശാസ്ത്ര-വാചകങ്ങളെ പ്രപഞ്ചപിതാവായ പരമശിവനിലൂടെ മഹാദേവി അറിയിക്കുന്നു :

1. ഓം നമഃ ശിവായ, 2. ഓം ശിവായ നമഃ, 3. ദേവീ ശരണം, 4. അമ്മേ ശിവ! (അക്ഷര ബ്രഹ്മമായ ഓം അക്ഷരമോ പദമോ അല്ല). ലളിതവും ശാസ്ത്രപരവുമായ മേല്പടി 4 'രണ്ടു പദ-വാചകങ്ങൾ' യഥാർത്ഥത്തിൽ സംബോധനകൾ മാത്രമാണ്; മന്ത്രങ്ങളല്ല. ഏതാനും സെക്കന്റുകളോ മിനുട്ടുകളോ മാത്രമായി സ്തുതികളെ ചുരുക്കി ക്കൊള്ളണം. ദൈവത്തിന്റെയും മനുഷ്യരുടെയും ജീവികളുടെയും ശരീര-വർണ്ണനകൾ പാടില്ല. അവ സ്വകാര്യതയിലും മഹാനീതികാര്യങ്ങളിലുമുള്ള കടന്നുകയറ്റമാണ്. കടുത്ത ശിക്ഷകളുണ്ട്. സ്തുതിയും പ്രീതിയും മഹാനീതിക്ക് തടസ്സമാണ്. ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.

ദൈവത്തെ ആരാധിക്കാൻ ദൈവം അനുവദിക്കുന്നത് 100 സ്ത്രീ-പുരുഷ മനുഷ്യജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ജന്മങ്ങളിൽ ഒരേയൊരു പുരുഷ ജന്മത്തിൽ, ദൈവം നേരിട്ട് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയ ശേഷം മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്ന മഹാവിശിഷ്ടമായ ആരാധനാ മന്ത്രത്തെ ചൊല്ലാൻ ദൈവം അവകാശവും അധികാരവും നൽകണം. വിപരീതമായി പ്രവർത്തിച്ചാൽ ശിക്ഷ തീർച്ചയാണ്. ആകയാൽ മേല്പടി കഠിന വാചകത്തെ ദൈവീക മന്ത്രമായി കൂട്ടേണ്ട.

**ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മന്ത്രങ്ങളുടെ ആവശ്യമില്ല.**

**ദൈവത്തിനും മനുഷ്യനും തമ്മിൽ നേരിട്ട് കൂട്ടുകെട്ടില്ല; ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമിയുമായാണ് മനുഷ്യന്റെ കൂട്ടുകെട്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്.**

**മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം അനന്തമായ ആനന്ദങ്ങളെ അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർക്ക് മഹാശാസ്ത്രം @ മണ്ണിന്റെ നിയമങ്ങൾ മാത്രമാവണം ജീവിത മന്ത്രങ്ങൾ എന്ന് മഹാനീതിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുണ്ട്.**

**ആവർത്തിക്കുന്നു : ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.**

ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ മന്ത്രജപം, മന്ത്രവാദം, ഹോമം, വഴിപാടുകൾ, മൃഗ ബലി, നരബലി, ഭക്ഷണ നോമ്പുകൾ, മത-തീർത്ഥയാത്ര, മത-ധ്യാനം, യജ്ഞം, യാഗം, തപസ്സ്, ദൈവം നേരിട്ട് അനുവദിക്കാത്ത ആരാധന, എന്നിങ്ങനെ ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന പേരിലുള്ള എല്ലാവിധ ഭക്തിഭ്രാന്തുകളും ദുസ്വാർത്ഥങ്ങളും എന്നന്നേയ്ക്കുമായി അവസാനിക്കുന്നതാണ്.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരം ദൈവത്തിന്റെ മായാശക്തികൾ ആയതുകൊണ്ട് വർജ്യമെങ്കിലും, മന്ത്രശാസ്ത്രത്തെ വ്യവസ്ഥാപിതമായി നിലനിർത്തുകയാണു ചെയ്തത്. രണ്ടാമത്തെ മഹാകാലചക്രത്തിലെ ആദ്യ സൃഷ്ടി ചക്രമാണ് ഇപ്പോഴത്തേത്. ഓംമഹാശക്തിയായ മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മനുഷ്യരൂപത്തിൽ അവതരിച്ചു കഴിഞ്ഞിട്ടുണ്ട്. 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാലചക്രത്തിൽ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം നിർവ്വഹിച്ചത് മനുഷ്യരിൽ നിന്ന് മോക്ഷം നേടിയ മാലാഖമാർ, മലക്കുകൾ എന്നിങ്ങനെയെല്ലാം പേരുകളുള്ള ദേവതകളിലൂടെ ആയിരുന്നു. കാര്യകാരണങ്ങളെ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. ദേവതകൾക്ക് ധാർമ്മികത നഷ്ടപ്പെട്ടപ്പോൾ വർജ്ജ്യമായ മന്ത്രശാസ്ത്രം വ്യാപകമായി; ദൈവീക പരിവേഷവും നേടി. ദൈവത്തിന്റെ മായാശക്തി ഉപയോഗിച്ച് യുക്തികളെ നിയമങ്ങളായും, നിയമങ്ങളെ വസ്തുക്കളായും പരിവർത്തനം ചെയ്യാൻ കഴിയുന്നതാണ്. മനുഷ്യരും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം സാക്ഷ്യമാണ്.

വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വസ്തുക്കളിൽ നിന്നും പുതിയ വസ്തുക്കളെ നിർമ്മിക്കാൻ കഴിയും. എന്തെന്നാൽ മായാശക്തികളെ (ശാസ്ത്ര) നിയമങ്ങളിൽ പ്രവേശിപ്പിച്ചു കഴിഞ്ഞതു കൊണ്ടാണ് വസ്തുക്കൾ ഉണ്ടായിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക വികസനത്തിന് സ്രഷ്ടാവ് അനുവദിക്കുന്നതു കൊണ്ടാണ് വസ്തുക്കളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള നിയമങ്ങളെ മണ്ണും ഭൂമിയുമായ ദൈവം വെളിപ്പെടുത്തുന്നത്. മുമ്പ് വ്യക്തമാക്കിയതു പോലെ, മനുഷ്യർക്ക് മായാശക്തികളുടെ ആവശ്യം ഇല്ലാതെ, അനന്തമായ ആനന്ദങ്ങളെ വസ്തുക്കളിൽ നിന്നും ലഭിക്കുന്ന സുന്ദരമായ അവസ്ഥയാണത്. വൈവിധ്യമാർന്ന ഭക്ഷണ പാനീയങ്ങളും വസ്ത്രങ്ങളും കെട്ടിടങ്ങളും വാഹനങ്ങളും ... ടെലിവിഷനും കമ്പ്യൂട്ടറും സ്മാർട്ട് ഫോണുകളും, ഉദാഹരണങ്ങൾ ആണെങ്കിൽ, ഇനിയും വെളിപ്പെടാനുള്ള മറ്റ് അതികേമ ആനന്ദങ്ങളുണ്ട് ! യാതൊരാളും മായാശക്തികളെ ദുരുപയോഗം ചെയ്യുന്നുമില്ല !

ഓംകാര നീതി ശാസ്ത്ര പ്രകാരം എല്ലാ ജീവികൾക്കും / മനുഷ്യർക്കും സമആനന്ദം എന്ന മഹാസമനീതി തീർച്ചയായും ലഭിക്കുന്നതാണ്. മക്കൾ മാത്രമാണ് സൃഷ്ടികൾ എന്നിരിക്കെ, മക്കളുടെ നല്ലതിന് വേണ്ടത് മാത്രമേ മഹാമാതാവായ ദൈവം ചെയ്യുകയുള്ളൂ എന്നത് ദൈവം മഹാകനിഞ്ഞു നൽകിയ ബുദ്ധിശക്തികളെ യഥോചിതം ഉപയോഗിക്കലാണ്. ദൈവത്തിന്റെ ഇഷ്ടം പോലെ നടക്കട്ടെ എന്ന പ്രാർത്ഥനയിൽ അറിഞ്ഞും അറിയാതെയും അവർ സ്രഷ്ടാവിനെ ആദരിക്കുന്നുണ്ട്. മറിച്ച്, സർവ്വം സൃഷ്ടിച്ച, സർവ്വത്തിനും അതീതമായ ദൈവത്തെ, ദൈവം സൃഷ്ടിച്ച പ്രപഞ്ചവസ്തുക്കളെ വഴിപാടുകളായി സ്വീകരിച്ച് ഒരു കോമാളിയെപ്പോലെ ആനന്ദിക്കുന്ന വിചിത്ര ജീവിയായി കണക്കാക്കുന്നത് മഹാശക്തിയായ ദൈവത്തെ അപമാനിക്കലാണ്. മക്കളായ മനുഷ്യർ കാട്ടുന്ന ദൈവനിന്ദയെ മഹാമാതാവായ ദൈവം വളരെയധികം ക്ഷമിക്കുന്നുണ്ട്. എന്നാൽ മഹാനീതി കൂടിയായ ദൈവം ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്താൻ ബാദ്ധ്യസ്ഥമാകുന്നു.

ധർമ്മശാസ്ത്ര പ്രകാരം മനുഷ്യർ ജീവിച്ചാൽ മഹാആനന്ദം സർവ്വ ജീവികൾക്കും ലഭിക്കുന്നതാണ്. ഓംകാര നീതി ശാസ്ത്രത്തെ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് അത്ര മഹത്തരമായാണ്.

**വ്യക്തിയുടെ പ്രാർത്ഥന അടിസ്ഥാനപരമായി വിഷയമല്ല.** പ്രാർത്ഥന പോലും നിർബ്ബന്ധമല്ല/ ആവശ്യമില്ല. ദൈവ വിശ്വാസിയാണോ, മതവിശ്വാസിയാണോ, നിരീശ്വരവാദിയാണോ എന്നതും വിഷയമല്ല. അതായത് വാക്കും പ്രവൃത്തിയും മാത്രമാണ് മാനദണ്ഡം. ഉദാഹരണത്തിന്, മത-അന്ധവിശ്വാസം, അനാചാരങ്ങളും അനുഷ്ഠാനങ്ങളും, തുടങ്ങിയ അധമത്തങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന നിരീശ്വരവാദികൾ പുണ്യത്തെ ഏറെ നേടുന്നതാണ്. അവർ ചെയ്തിട്ടുള്ള മത-ദൈവ നിന്ദയ്ക്കും അവർക്ക് പുണ്യം തന്നെയാണ് ലഭിക്കുക. ദൈവം എന്താണ് എന്ന് അറിയാത്ത നിരീശ്വരവാദികൾ ചെയ്യുന്നത് ദൈവ നിന്ദയല്ല. അവർ നിമിത്തം സമൂഹത്തിലെ ജനങ്ങൾക്ക് നഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്നത് മാത്രമല്ല; നഷ്ടങ്ങൾ കുറയുന്നു; ബഹുവിധ ലാഭങ്ങൾ ഉണ്ടാകുന്നുമുണ്ട്.

**എല്ലാ മതങ്ങളിലുമുള്ള എല്ലാ മന്ത്രങ്ങളും വർജ്ജ്യമാണ്.**
"നൂറായിരം മന്ത്രങ്ങളെ പടച്ച് ദൈവം എന്തു നേടാനാണ് ഹേ" എന്നു ചോദിക്കാൻ നിരീശ്വരവാദികൾ ഉൾപ്പെടെയുള്ള ഏതാനും പേർക്കു മാത്രമേ ഊറ്റമുള്ളൂ. ദൈവത്തിന് അഭിമാനിക്കാൻ അങ്ങനെയെങ്കിലും കുറേ കുഞ്ഞുങ്ങളുണ്ട് എന്നത് വളരെ സന്തോഷകരമാണ്.

**മന്ത്രങ്ങൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടിയിട്ടുള്ള അപശബ്ദങ്ങൾ പ്രമുഖ മതങ്ങളിൽ ധാരാളമായുണ്ട്. അവയ്ക്ക് ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങളുമായി യാതൊരു ബന്ധവുമില്ല. എളുപ്പത്തിൽ അധമ മാർഗ്ഗങ്ങളിലൂടെ ദൈവത്തിന്റെ മായാശക്തികൾ നേടാനും അവ കൊണ്ട് വസ്തുക്കളെയും ജീവികളെയും സൃഷ്ടിക്കാനും ഭരിക്കാനും ദുർവൃത്തരായ മനുഷ്യർ തയ്യാറാവുന്നതിന്റെ പരിണാമം ആണത്. നീചരായ ജനങ്ങൾ ദുസ്വാർത്ഥങ്ങളെ നേടാൻ ഉപയോഗിച്ച മാർഗ്ഗത്തെ പിൻപറ്റണമോ എന്ന് മറ്റു-ജനങ്ങൾ സ്വയം വിശകലനം ചെയ്ത് തീരുമാനിക്കണം.**

**മന്ത്രം എന്നാൽ എന്താണെന്ന് ആദ്യം വിശദമാക്കിയതാണ്. മനുഷ്യർ തട്ടിക്കൂട്ടിയ അപശബ്ദങ്ങൾക്ക് മന്ത്രങ്ങൾ എന്ന് പേരിടുന്നത് മറ്റൊരു അപരാധമാണ്. മഹാശക്തിയും മണ്ണും ഭൂമിയുമായ ദൈവം മഹാശാസ്ത്രത്തെ അഥവാ യഥാർത്ഥ വേദങ്ങളെ മണ്ണിൽ മഹാലയി(പ്പി)ച്ചിരിക്കെ; കള്ളക്കൂട്ടങ്ങൾ തട്ടിക്കൂട്ടുന്ന മതങ്ങൾക്ക് ദൈവശാസ്ത്രം എന്ന (കള്ള)പ്പേര് ഇടുന്നപോലെ ഹീനമാണത്. യഥാർത്ഥമായ വേദങ്ങൾ അക്ഷരബ്രഹ്മം സുവ്യക്തമാക്കുന്ന 3 എണ്ണം മാത്രമാണ്. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ദൈവവിപ്ലവത്തിന്റെ മുന്നോടിയായി ദൈവഭാഗമായ പരമശിവനിലൂടെ യഥാർത്ഥമായ വേദങ്ങൾ വീണ്ടെടുക്കും വരെ നാല് (4) വേദങ്ങൾ എന്ന തെറ്റായി പ്രചരിക്കുവാൻ കാരണം മനുഷ്യർ തട്ടിക്കൂട്ടിയ അധമ-മന്ത്രങ്ങളാണ്.**

**മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്ര പ്രകാരം ജന്മഗുണങ്ങളായി ബുദ്ധിശക്തിയും ജീവിത സൗകര്യങ്ങളും അധികം ലഭിച്ചവർ വർജ്ജ്യമായ മന്ത്രശാസ്ത്രത്തെ ഉപയോഗിച്ച് മായാശക്തികളെ നേടുമ്പോൾ, അതിന്റെ ദോഷഫലങ്ങളെ അനുഭവിക്കാൻ 'ഭൂരിപക്ഷം വരുന്ന താരതമ്യേന ബുദ്ധി കുറഞ്ഞ സാധാരണ ജനങ്ങൾ' ബലിമൃഗങ്ങളെപ്പോലെ തയ്യാറാവണം എന്ന അഭിപ്രായം ഉണ്ടെങ്കിൽ; സാധാരണ ജനങ്ങളിൽ ഒരാളായി കഷ്ടം അനുഭവിക്കാൻ സ്വയം തയ്യാറാകുമോ എന്നും അത്തരം തീരുമാനം ശരിയാണോ എന്നും വിശകലനം ചെയ്യണം.**

**മൂഢരും ദുസ്വാർത്ഥരുമായ ജനങ്ങളെക്കൊണ്ട് ആനന്ദിക്കുന്നവരായ ദുർദ്ദേവതകൾ മാത്രമാണ് മന്ത്രങ്ങളെയും മന്ത്രജപങ്ങളെയും ബന്ധപ്പെട്ട ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ശരിവയ്ക്കുക. ആനന്ദങ്ങളെ വർദ്ധിപ്പിക്കാൻ മന്ത്രജപം, മന്ത്രവാദം, യാഗം, തപസ്സ്, തുടങ്ങിയ കുറുക്കുവഴികൾ തേടുന്ന ദുസ്വാർത്ഥരായ മൂഢർക്ക് മന്ത്രങ്ങൾ എന്ന പേരിൽ അപശബ്ദങ്ങളെയും അനാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഉണ്ടാക്കാൻ സഹായിക്കുകയും പ്രതിഫലം പറ്റുകയും ചെയ്യുന്നത് ദുർദ്ദേവതകളാണ്. ദുർവൃത്തരായ മനുഷ്യരും ദുർദ്ദേവതകളും ഏർപ്പെടുന്ന മന്ത്രകാര്യങ്ങളെ ശരിവയ്ക്കുന്നില്ലാ എങ്കിലും ഭാഗികമായി വഴങ്ങാൻ ആദ്യ മഹാകാലചക്രത്തിൽ ദൈവം ബാദ്ധ്യസ്ഥമാകുന്നുണ്ട്. ദൈവ വിപ്ലവം ഉടനെ ആരംഭിക്കുന്നതോടെ ബാദ്ധ്യത തീരുന്നതാണ് !**

**ദൈവം എന്താണ് എന്ന് അറിയാത്ത മത-ദൈവ വിശ്വാസികൾ, ദൈവത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ കടുത്ത ദൈവ നിന്ദയാണ്; അപരാധമാണ്; ദൈവ ശിക്ഷകളുമുണ്ട്. അറിഞ്ഞും അറിയാതെയും അവർ ഉണ്ടാക്കുന്ന ഊർജ്ജ നഷ്ടം, വസ്തു നഷ്ടം, സമയ നഷ്ടം, ദൈവനിന്ദ, ശബ്ദ ശല്ല്യം, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ അശാന്തി, തുടങ്ങിയവ അതിഭീമമാണ്. മണ്ണായ ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള മന്ത്രങ്ങളെല്ലാം മഹാശാസ്ത്ര നിയമങ്ങൾ ആണെന്നിരിക്കെ അവയിൽ വാദങ്ങൾ ആവശ്യമില്ല; അവ സത്യങ്ങൾ മാത്രമാണ്.**

**ദുർമന്ത്രം കൊണ്ട് ചെയ്യുന്ന വാദമാണ് മന്ത്രവാദം. ആചാരങ്ങളും അനുഷ്ഠാനങ്ങളും ചേർത്ത് കൂടുതൽ ദുർവൃത്തമാക്കുമ്പോൾ കൊടിയ ദുർമന്ത്രവാദം ആയി. സന്മന്ത്രവാദം എന്നൊന്നില്ല എന്നും അർത്ഥം. ശരീരം ഉള്ളവർക്കെല്ലാം ശരീര രോഗങ്ങളും മനസ്സ് ഉള്ളവർക്കെല്ലാം മനോരോഗങ്ങളും ഉണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ മന്ത്രവാദികൾക്ക് മനോരോഗങ്ങളെ മറയ്ക്കാമെന്നു മാത്രം !**

**മന്ത്രങ്ങളുടെ യഥാർത്ഥ അർത്ഥം = നിയമങ്ങൾ. ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്ര നിയമങ്ങളിൽ മാനുഷിക വാദങ്ങൾക്ക് പ്രസക്തിയില്ല. സംസ്ഥാന-കേന്ദ്ര നിയമസഭകൾ എന്ന പേരിൽ മനുഷ്യർ തട്ടിക്കൂട്ടുന്ന കാര്യാലയങ്ങളും ബന്ധപ്പെട്ട തൊഴിലുകളും നിയമങ്ങളെയല്ല; മറിച്ച്, മുകളിൽ വിവരിച്ച ദുർമന്ത്രങ്ങളെ തട്ടിക്കൂട്ടുന്ന അധമസങ്കേതങ്ങൾ മാത്രമാണെന്ന് സുവ്യക്തമായി! ഭരണാധികാരികൾ ചമയുന്ന കൊള്ളസംഘം നിയമങ്ങൾ എന്ന കള്ളപ്പേരിൽ പടച്ചുവിടുന്ന കള്ള-ക്കൊള്ള-കപടതന്ത്രങ്ങളെ കൊണ്ട് ജനങ്ങളുടെ പൊതുവായ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയാത്തത് അതുകൊണ്ടാണ്. മന്ത്രങ്ങളുടെ യഥാർത്ഥ അർത്ഥം = നിയമങ്ങൾ എന്നിരിക്കെയും; ഭൂമിയിലെ വസ്തുക്കളിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്ര നിയമങ്ങളിൽ മാനുഷിക വാദങ്ങൾക്ക് പ്രസക്തിയില്ല എന്നിരിക്കെയും; ദുർമന്ത്രങ്ങളായ മാനുഷിക-നിയമങ്ങളുടെ പേരിൽ വാദിക്കുന്ന മന്ത്രിയുടെ ഇരട്ടപ്പേരാണ് ദുർമന്ത്രവാദി; തിരിച്ചും ! ദൈവീകം നഷ്ടപ്പെട്ട നീചരെന്നും വിളിക്കാം ! മന്ത്രിമാരാവാൻ മുട്ടിനിൽക്കുന്നവർ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള യഥാർത്ഥ മന്ത്രങ്ങൾ പഠിക്കുക !**

**രണ്ടാം മഹാകാലചക്രത്തിലെ, മഹാസൃഷ്ടിമായ ഇപ്പോഴത്തെ ചക്രത്തിൽ ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാകുന്നതോടെ മഹാശക്തിയും (മഹാപിതാവും) മഹാമാതാവുമായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം (സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ) ഏറ്റെടുക്കുകയാണ്, നേരിട്ട് നിർവ്വഹിക്കുന്നതാണ്.** മായ പ്രത്യക്ഷമാകുന്ന ദൈവ-വിപ്ലവ കാലത്തും, തുടർന്നുള്ള സംഹാര കാലത്തും, മഹാദേവിയുടെ ഓംകാരം വഴിയുള്ള നിർദ്ദേശങ്ങളും ആജ്ഞകളും പ്രകാരം മനുഷ്യർ ഉൾപ്പെടെയുള്ള ജീവികൾക്കെല്ലാം മഹാഉചിതമായ മാർഗ്ഗദർശനം നൽകാനും, സ്നേഹവാത്സല്യങ്ങളോടെ ഉപദേശിക്കാനും ശാസിക്കാനും ശിക്ഷിക്കാനും മഹാദേവിയുടെ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവൻ മഹാദേവിയോട് ഒപ്പമുണ്ടാകും. മഹാദേവിയുടെ മഹാദർശനവും മഹാവാത്സല്യവും അനുഭവിക്കാനുള്ള മഹാഭാഗ്യം നിരന്തരം എല്ലാവർക്കും നേടാം. ധർമ്മ ശാസ്ത്ര പ്രകാരം ജീവിച്ചാൽ; മഹാമാതാവായ മഹാദേവിയും, മഹാപിതാവായ പരമശിവനും, കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയും മഹാദാസനുമായി മഹാവാത്സല്യം നൽകി കൂടെയുണ്ടാവും.

എല്ലാ ജീവികളുടെയും പിതാവായ പരമശിവനിലൂടെയാണ് മഹാശക്തിയായ മഹാദേവി, കുഞ്ഞുങ്ങളെ മഹാശാസ്ത്രം പഠിപ്പിക്കുക; മഹാനീതിയിലെ ശിക്ഷകളും സംഹാരവും നിർവ്വഹിക്കുക. മഹാദേവിയുടെ പരമശിവനിലൂടെയുള്ള പ്രവർത്തനങ്ങൾ ഗൗരവതരങ്ങളെങ്കിലും, മഹാദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ മഹാദേവിയുടെ ഭാഗമാണ് എന്നതിനാൽ കുഞ്ഞുങ്ങൾക്ക് ഭയം വേണ്ട. ആവിധ കാര്യങ്ങളും മഹാവേദ ഗ്രന്ഥത്തിലെ ബ്രഹ്മ പാഠങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. പരമശിവൻ സ്വയം മഹാശക്തിയെ ആരാധിക്കുകയും യോഗ്യത നേടുന്ന മനുഷ്യരെക്കൊണ്ട് മഹാശക്തിയെ മാത്രം മഹാഉചിതമായി ആരാധിപ്പിക്കുവാൻ ശ്രദ്ധിക്കുന്നതുമാണ്.

# ഓംനീതി -യുടെ വിശദീകരണം.

"ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം" എന്ന സംഹാര മന്ത്രത്തിലെ ഓം, നീതി എന്നീ 2 പദങ്ങളെ മാത്രം ഒന്നിച്ച് ഓംനീതി എന്നെഴുതിയിട്ടുള്ളത് കാണാം.

സത്യം, ധർമ്മം എന്നിവ പ്രപഞ്ചത്തിൽ ഭൗതികമായ അസ്തിത്വത്തോടെ ലയിച്ചിട്ടുള്ളതാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ജീവിതം സത്യം, ധർമ്മം എന്നിവയ്ക്ക് യഥാക്രമം ആധാരമായ ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം പ്രകാരം ഉണ്ടായിട്ടുള്ള ശരീരത്തെയും, വസ്തുക്കളെയും ജീവാത്മാവിനെയും ജീവനെയും ആശ്രയിച്ചിരിക്കുന്നു. അവയ്ക്കെല്ലാം പ്രപഞ്ച ബന്ധമാണ് ഉള്ളത്.

ഓം, നീതി എന്നിവ രണ്ടും പ്രപഞ്ചത്തിന് അതീതമായ ദൈവ കാര്യങ്ങളാണ്; കൂടാതെ അവ ഒന്നു തന്നെയാണ്; ദൈവം തന്നെയാണ്; വിഷയ വിശദീകരണത്തിനു വേണ്ടി രണ്ടായി തിരിച്ചിരിക്കുന്നു എന്നേയുള്ളൂ. ആകയാൽ ഓം, നീതി എന്നീ പദങ്ങളെ ഒന്നിച്ച് 'ഓംനീതി' എന്ന് പറയുകയും എഴുതുകയും വേണം.

വിധിക്കാൻ മനുഷ്യന് അവകാശമില്ല എന്നു പറയുമ്പോൾ, പ്രപഞ്ചത്തിന് അതീതമാണ് നീതി എന്നും, സർവ്വത്തിനും അതീതമായ മഹാദേവി നിർവ്വഹിക്കുന്നു എന്നുമാണ്.

**മനുഷ്യൻ, ആദ്യ മഹാകാല ചക്രത്തിലെ ദേവതകൾ തുടങ്ങിയ സൃഷ്ടികൾക്കും പ്രപഞ്ചത്തിനും അതീതമായ 'ശബ്ദ ബ്രഹ്മം' കൂടിയായ ഓം, നീതി, നീതിയായ മഹാദേവി, നീതി-പതിയായ പരമശിവൻ തുടങ്ങിയ മഹാപദങ്ങളെ 'ഓംനീതി' എന്ന ഒരു പദം കൊണ്ട് ലളിതമായി അവതരിപ്പിച്ചിരിക്കുന്നു.**

**മനുഷ്യമാതാവ് നൽകിപ്പോരുന്ന വാത്സല്യത്തിന്റെ കൃത്യം 100 മടങ്ങ് വാത്സല്യത്തെ മനുഷ്യജീവി ആയിരിക്കുന്ന 100 ജന്മങ്ങളിലും നൽകിപ്പോരുന്ന മഹാദേവി, കുഞ്ഞുങ്ങൾ മോക്ഷത്തോട് അടുക്കുന്ന ജന്മങ്ങളിൽ, മഹാശാസ്ത്ര - രൂപത്തോടെ പ്രത്യക്ഷമായി ക്കൊണ്ട് മഹാദർശനവും മഹാവാത്സല്യവും നേരിട്ട് നൽകുന്നതാണ്.**

**100 മനുഷ്യജന്മങ്ങളിലെ അവസാനത്തെ 10 ജന്മങ്ങളിലുള്ള സ്ത്രീജന്മങ്ങളിൽ, മഹാദേവിയുടെ മഹാമടിയിൽ തലചായ്ച്ചുകിടന്ന് മഹാവാത്സല്യത്തെ ആസ്വദിക്കുവാനും കുഞ്ഞുങ്ങളായ മനുഷ്യർക്ക് മഹാഭാഗ്യമുണ്ടാകുന്നതാണ്.**

മഹാശക്തിയായ ദൈവം മാത്രമാണ് എക്കാലവും

# മഹാനീതി നിർവ്വഹിക്കുന്നത്.

**കുഞ്ഞുങ്ങളായി ജീവികളെയെല്ലാം സൃഷ്ടിക്കുമ്പോൾ, മഹാസമനീതി എന്ന മഹാസമആനന്ദത്തെ കുഞ്ഞുങ്ങൾക്ക് നൽകുവാൻ 'സത്യം ധർമ്മം നീതി' എന്നിവയെ അഥവാ 'ധർമ്മ ശാസ്ത്രത്തെ' സ്വന്തം ഭാവങ്ങളായി സ്വീകരിക്കുന്ന സ്രഷ്ടാവിന് ബാദ്ധ്യത ഉണ്ട്.**

**കുഞ്ഞുങ്ങൾക്ക് വ്യക്തിസ്വാതന്ത്ര്യം അനുവദിക്കാനും, അവരുടെ ആനന്ദങ്ങളെ വർദ്ധിപ്പിക്കാനുമായി സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം ഗൂഢമായിരിക്കുമ്പോഴും, മഹാനീതി ദൈവം തന്നെ ചെയ്യേണ്ടത് നിർബ്ബന്ധമാണ്. മണ്ണായ ഭൂമിയിൽ മഹാശാസ്ത്ര നിയമങ്ങളായും ശബ്ദ ബ്രഹ്മമായും ലയിച്ചു കൊണ്ടും, മണ്ണ്-ജലം-ഓക്സിജൻ എന്നിവയായും, ഏകദൈവമായ മഹാദേവി എക്കാലവും മഹാനീതി നിർവ്വഹിക്കുന്നുണ്ട്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

**മാനുഷിക തലത്തിൽ,**

**മായ / ദൈവം പ്രത്യക്ഷമാകുന്നതിനു മുമ്പ്,**

**മുഖ്യ വേദമായ ഭൗതിക ശാസ്ത്രം ഒന്നാമത്തെ വേദമാണ്.**

**ഉടൻ മായ പ്രത്യക്ഷമാകുമ്പോൾ, സൃഷ്ടിചക്രത്തിലെ സംഹാരം പൂർത്തിയാകും വരെയും ഭൗതിക ശാസ്ത്രം ജീവിതത്തിൽ ഒന്നാമത്തെ വേദം തന്നെയാണെങ്കിലും മാനസികമായി മാത്രം മൂന്നാമത്തെ വേദവുമായി മാറുന്നു.**

**മുമ്പ് സൂചിപ്പിച്ചതുപോലെ ഒന്നാമത്തെ വേദമായോ മൂന്നാമത്തെ വേദമായോ മനുഷ്യർ കണക്കാക്കുന്നതിന് അനാവശ്യമായ പ്രസക്തി കൊടുക്കേണ്ടതില്ല.**

**ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കണം എന്നതാണ് പ്രധാനം.**

**മഹാശക്തിയായ ദൈവം, മായ എന്ന പേരിലുള്ള പ്രപഞ്ചത്തിന് അതീതമായ ശക്തികളെ മഹാശാസ്ത്രമായി ചുരുക്കുകയും, മഹാശാസ്ത്രപ്രകാരം മാത്രം പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, മഹാശാസ്ത്രനിയമങ്ങളെ മനുഷ്യർക്കു വെളിവാക്കി കൊടുക്കുകയും, ഇന്ന് അനുഭവിക്കുമ്പോലെ മനുഷ്യർ ശാസ്ത്ര നിയമങ്ങൾ പ്രകാരം പ്രപഞ്ചത്തിലെ സുഖസൗകര്യങ്ങൾ കണ്ടെത്തിക്കൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥയെപ്പറ്റി ചിന്തിക്കുക.**

**എത്ര സുന്ദരമായിരിക്കുന്നു.**

**മനുഷ്യർ തട്ടിക്കൂട്ടുന്നതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ സാമൂഹ്യ - സാമ്പത്തിക - ദേശീയ - മത ജാതി - രാഷ്ട്രീയ - മറ്റു തോന്നിവാസ - വ്യവസ്ഥിതികളെയും ഒക്കെ മഹാശാസ്ത്രപരമായി ശുദ്ധീകരിക്കുക കൂടി ചെയ്താൽ ജീവിതം പരമാനന്ദകരം എന്ന് ഒരുവിധപ്പെട്ട ജനങ്ങളെല്ലാം സമ്മതിക്കുന്നതാണ്.**

**ജനങ്ങളുടെ ഏതാനും പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള ഭരണകൂടം, ധർമ്മശാസ്ത്രപരമായോ ധർമ്മശാസ്ത്രപരമായിട്ടല്ലാതെയോ പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുകയോ പീഢിപ്പിക്കുകയോ ചെയ്യുന്നതാണ് ഭരണമെന്ന് ധരിച്ചിട്ടുള്ള കുഞ്ഞുങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിച്ചാലും.**

**മഹാശക്തിയും ഏകദൈവവും, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, ഭൂമിയും, മഹാമാതാവും, മഹാവാത്സല്ല്യവുമായ 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയുടെയും,' ~ ഭാഗവും പ്രപഞ്ചപിതാവും പരമാത്മാവും മഹാദാസനും മഹാനീതി-പതിയും മഹാദേവനുമായ പരമശിവന്റെയും, 'പൊന്നോമന കുഞ്ഞുങ്ങൾ' അടിസ്ഥാന പരമായി മത്സ്യം സസ്യം പക്ഷി മൃഗം മനുഷ്യൻ എന്നിങ്ങനെ 5 തരത്തിലുള്ള ജീവികളാണ്. വിരലുകൾ 5, നക്ഷത്ര കോണുകൾ 5 എന്നെല്ലാം 5-നെ ക്രമപ്പെടുത്തിട്ടുമുണ്ട്.**

**അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്. എല്ലാ അവസ്ഥകളിലും മഹാശരിയായ അറിവ് നേടാനും, ദൈവം നൽകുന്ന ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെ 'ഉചിതമായി മാത്രം ഉപയോഗിക്കാനും കുഞ്ഞുങ്ങൾക്കെല്ലാം കഴിയട്ടെ'. ദൈവം പാതി, മനുഷ്യൻ പാതി എന്നതിൽ സ്വന്തം പകുതി സംശുദ്ധമാവാൻ ഓരോരുത്തരും കൂടുതൽ ശ്രദ്ധിക്കണം. ബാക്കി പകുതി ദൈവം മഹാഭദ്രമാക്കുന്നതാണ്.**

**വ്യക്തി വിരോധം പാടില്ല; അധർമ്മ വിരോധം വർദ്ധിക്കുകയും വേണം.**

**രാഷ്ട്ര ഭരണാധികാരികളോ മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ ഭീകരപ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ തകരാറിലാക്കാൻ കഴിയുന്നതോ അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്രമെന്നും മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.**

**മഹാവേദ ഗ്രന്ഥത്തിൽ ലഭ്യമാക്കിയിട്ടുള്ള 'ബ്രഹ്മ പാഠങ്ങളിൽ' മഹാപ്രപഞ്ചത്തിന് അതീതവും ഏകമഹാശക്തിയും മഹാസത്യവുമായ 'ബ്രഹ്മം', ദൈവം എന്ന പേര് സ്വീകരിക്കുന്നതും, ഏകദൈവം പ്രപഞ്ച സൃഷ്ടിയെ സത്യവും ശിവവും (മഹാമംഗളവും) സുന്ദരവുമാക്കാൻ സ്വയം വിഭജിച്ച് രണ്ടാകാതെ രണ്ടായും ഒന്നായും സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കുന്നതും വിശദീകരിച്ചിട്ടുണ്ട്.**

ജീവിയല്ലാത്ത ദൈവം, ഒരു മഹാജീവിയെ പോലെ മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളിലും ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെ സന്തോഷത്തെ കണക്കാക്കി, പ്രപഞ്ചമഹാമാതാവായും പ്രപഞ്ചപിതാവായും മഹാശാസ്ത്രപരമായിട്ട് മഹാശക്തി-ശിവചക്രങ്ങൾ രൂപമെടുക്കുന്നതിനെ 'സൃഷ്ടികളെ കുഞ്ഞുങ്ങളാക്കി കൊണ്ടുള്ള മഹാവാത്സല്യമായിട്ടു' തിരിച്ചറിയണം. അതിനെ അനുകരിച്ചാണ് സ്ത്രീ പുരുഷന്മാരായിട്ട് ഭൂമിയിലെ മനുഷ്യരെ രണ്ടായിട്ടു വിഭജിച്ച് മനുഷ്യർക്ക് മാതാവിനെയും പിതാവിനെയും സൃഷ്ടിച്ചിട്ടുള്ളത് എന്നും തിരിച്ചും വ്യാഖ്യാനിക്കാം. മഹാആവിഷ്ക്കാരമാണത്.

മഹാശക്തിചക്രം, ശിവചക്രത്തെ ഭർത്താവായിട്ട് സ്വീകരിച്ചിട്ടുള്ളത് പ്രപഞ്ചത്തിന്റെയും ജീവികളുടെയും സൃഷ്ടിക്കു മുമ്പാണെന്നതും, മഹാദിവ്യമായ ദൈവ-വിവാഹത്തിന് സാക്ഷികളില്ലെന്നും, ജീവികളുടെയെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുവാനായിട്ട് മഹാശക്തിയായ ദൈവം ഒന്നായിരുന്നു കൊണ്ട് രണ്ടായിട്ടു വിഭജിച്ച് പ്രവർത്തിക്കുന്ന മഹാവിദ്യയാണ് അതെന്നും, ജീവിയല്ലാത്ത ദൈവത്തിന്റെ ആനന്ദത്തെ മാനുഷികമായ ആനന്ദങ്ങളുമായിട്ട് ഒട്ടും താരതമ്യം ചെയ്യരുതെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.

**ഓരോ ആറ്റത്തിലും 'ശക്തി ചക്രവും, ശിവ ചക്രവും' പ്രോട്ടോൺ, ഇലക്ട്രോൺ എന്നീ പേരുകളിൽ വർത്തിക്കുമ്പോൾ 'മഹാദേവിയും മഹാദേവനും' സദാ 'തൂണിലും തുരുമ്പിലും സർവ്വത്തിലും' ഉണ്ടെന്നു സാരം.**

**മാത്രമല്ല; ഏകദൈവമായ മഹാശക്തിചക്രത്തിന്റെ അഥവാ മഹാദേവിയുടെ മഹാഇഷ്ടം പോലെ, ഏതൊരു സൃഷ്ടിയെയും ആറ്റത്തിലോ തൂണിലോ തുരുമ്പിലോ പ്രകടമാക്കാനും കഴിയുന്നതാണ്.**

# ഓം

# സൃഷ്ടി, മായ, ആനന്ദ ശാസ്ത്രം എന്നിവയിലെ ഗൂഢതയുടെ രഹസ്യം വെളിപ്പെടുത്തുന്നു.

## ആദ്യ സൃഷ്ടി

ഓരോ ജീവിയുടെയും ആദ്യ സൃഷ്ടിയെ പറ്റി ഏറ്റവും ഹ്രസ്വമായി വിവരിക്കുന്നു :- ഏകദൈവത്തിന്റെ മഹാനീതിയും-മണ്ണും-ഖര രൂപവും ശക്തിഗോളവുമായ ഭൂമി, സ്വന്തം ഇഷ്ടം പോലെ അഥവാ 'മഹാനീതിശാസ്ത്ര പ്രകാരം', ദൈവത്തിന്റെ സത്യ-സൃഷ്ടി-ശക്തി-വാതക രൂപമായ ഓക്സിജനെ, ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന സ്വന്തം ഭാഗവും ശിവഗോളവും, ഭൂമിക്കു വെളിയിൽ സൂര്യനിൽ നിന്നും വരുന്നതും പരമാത്മാവുമായ ഹൈഡ്രജനുമായി ചേർത്ത് ദൈവത്തിന്റെ ധർമ്മ-സ്ഥിതി-ദ്രാവക രൂപമായ ജലം ഉണ്ടാക്കുകയും സമുദ്രം, നദി, ഭൂഗർഭജലം, മഴ, തുടങ്ങിയ ജല സമ്പത്തുകളായി ഭൂമിയിൽ ഭദ്രപ്പെടുത്തുകയും ചെയ്യുന്നു. ശക്തി-ശിവ കൂടിച്ചേരലായ ജലത്തിന് അർത്ഥപുഷ്ടി ലഭിക്കണമെങ്കിൽ ജീവി-സൃഷ്ടി നടക്കണം.

മഹാനീതിയും മണ്ണുമായ ഭൂമി, സ്വന്തം അംശമായ മൂലകങ്ങൾ കൊണ്ട് ശരീരത്തെയും, പരമാത്മാവിന്റെ അംശത്തെ ജീവാത്മാവായും ചേർത്ത് ആദ്യ ജീവിയായ '**കരിമീൻ**' എന്ന മത്സ്യത്തെ സൃഷ്ടിക്കുകയും, ജീവമാക്കാൻ, ജീവനും ശക്തിയും കൂടിയായ ഓക്സിജനെ ജലത്തിലും സ്ഥാപിക്കുന്നു. മത്സ്യാവതാരം ഗ്രന്ഥകാരനിൽ പ്രവേശിച്ചത് **കരിമീൻ** കുഞ്ഞായിട്ടാണ് !

മണ്ണിലെ ഒരു ചില മൂലകങ്ങളെയും പിന്നീട് പുതിയ പുതിയ മത്സ്യങ്ങളുടെ ദൈവാംശമായ ശരീരത്തെയും ആദ്യ മത്സ്യം ഭക്ഷണമാക്കുന്നു. 'ഭക്ഷണ ശാസ്ത്രവും അഹിംസയും' സംബന്ധിച്ച ഒരു ക്രമപ്രശ്നം ഉണ്ട്; മറ്റൊരിക്കൽ ദൈവം വെളിപ്പെടുത്തുന്നതാണ്. കോടിക്കണക്കിന് മത്സ്യങ്ങൾ, 100 ജന്മങ്ങളിലായി വിവിധ മേഖലകളിൽ വിവിധ ഇനങ്ങളിലായി ജലാശയങ്ങളിൽ വ്യാപിക്കുന്നു. 100 മത്സ്യ ജന്മങ്ങൾ പിന്നിട്ടാൽ, സസ്യ ജന്മം. 100 ജന്മങ്ങളിലായി വിവിധ മേഖലകളിൽ വിവിധ ഇനങ്ങളിലായി ജലാശയങ്ങളിലും പിന്നീട് കരയിലും വ്യാപിക്കുന്നു. 100 സസ്യ ജന്മങ്ങൾ പിന്നിട്ടാൽ, പക്ഷി ജന്മം. 100 പക്ഷി ജന്മങ്ങൾ പിന്നിട്ടാൽ, മൃഗ ജന്മം. 100 മൃഗ ജന്മങ്ങൾ പിന്നിട്ടാൽ, അഞ്ചാമത്തേതും അവസാനത്തേതുമായി 100 മനുഷ്യ ജന്മങ്ങൾ. മനുഷ്യ ജന്മത്തിന്റെ ഭാഗമായി തന്നെ ഒന്നോ രണ്ടോ പശു-കാള ജന്മങ്ങൾ; നൂറാമതാവും കൂടുതൽ! നൂറാമത്തെ മനുഷ്യ/ പശു / പശുപതി ജന്മത്തിൽ പ്രപഞ്ചപിതാവും പരമാത്മാവും ശിവഗോളവുമായ പരമശിവനിലൂടെ, മണ്ണും ഭൂമിയും ഏകദൈവവുമായ മഹാദേവി പൊന്നോമന കുഞ്ഞിന് മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്.

സൂര്യനാണ് പരമാത്മാവായ ശിവഗോളത്തിന്റെ താവളം. മൂലകം എന്ന് മനുഷ്യർ കരുതുന്ന ഹൈഡ്രജൻ പരമാത്മാവാണ്. മറ്റൊരു മൂലകമായി കരുതപ്പെടുന്ന ഹീലിയമായും, ഹീലിയം ഹൈഡ്രജനായും സൂര്യനിൽ സദാ പ്രതിപ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ആത്മാവിന്റെ ഉത്കൃഷ്ടമായ ജനനത്തെയും ഉൾപ്പെട്ട വിഭജനത്തെയും കുറിക്കുന്നു. വിശദമാക്കാം: ഒന്നായ ദൈവം രണ്ടായി വിഭജിച്ച് പ്രവർത്തിക്കുന്നതിന്റെ ആദ്യ ഭാഗമാണ് ഇലക്ട്രോൺ-പ്രോട്ടോൺ, ശിവഗോളം- ശക്തിഗോളം, ശിവചക്രം-ശക്തിചക്രം, മഹാദേവൻ-മഹാദേവി എന്നീ രണ്ടു ഘടകങ്ങൾ.

**ശിവ ചക്രമായ ഇലക്ട്രോണിനെ ആദ്യവും ശക്തി ചക്രമായ പ്രോട്ടോണിനെ രണ്ടാമതും സൃഷ്ടിച്ചത് പ്രപഞ്ചത്തിന് അതീതമായ ബ്രഹ്മമാണ്. ഓം എന്ന 'ശബ്ദബ്രഹ്മം' ആയിട്ട് 'ബ്രഹ്മം' ശക്തി ചക്രമായ പ്രോട്ടോണിനോട് ചേരുമ്പോൾ, പ്രോട്ടോൺ മഹാശക്തിചക്രം ആകുന്നു; ഏക ദൈവം ആകുന്നു. ഓം ചേർന്ന് ഏകദൈവമായി മാറിയ പ്രോട്ടോൺ നൽകുന്ന പ്രഭാവം കൊണ്ട് ഇലക്ട്രോൺ എന്ന ശിവചക്രത്തിന് ജീവമാകാനും നിർജ്ജീവമായ അവസ്ഥ അവസാനിക്കാനും ഇടയാകുന്നു. ജീവികളെയും അവയ്ക്ക് ആധാരമായി വസ്തുക്കളെയും, അവയെല്ലാം ചേർന്നുള്ള ഭൂമിയെയും രൂപപ്പെടുത്താനായി ആറ്റത്തിലെ ഇലക്ട്രോണുകൾ, തത്തുല്ല്യമായ പ്രോട്ടോൺ എന്നിവയുടെ എണ്ണം വർദ്ധിപ്പിച്ചും, ന്യൂട്രോൺ തുടങ്ങിയ ഏതാനും ഘടകങ്ങളെ ചേർത്തും മഹാ-വികസനവും മഹാസൃഷ്ടിയും നടത്തുന്നു. ആദി എന്താണെന്നും ഏതാണെന്നും വ്യക്തമാവാത്ത ദൈവീക അവസ്ഥ പ്രകടമാക്കുന്നു.**

**ആദി അറിയുന്നതും ആദി ഉള്ളതും മഹാശക്തി അല്ല; ദൈവം അല്ല. ബ്രഹ്മം ശിവചക്രത്തെയും ശക്തിചക്രത്തെയും സൃഷ്ടിക്കുന്നത് ജീവികളെ സൃഷ്ടിക്കുന്നതിനു മുമ്പാകയാൽ ജീവികളെ സംബന്ധിച്ചിടത്തോളം ശിവചക്രത്തിനും ശക്തിചക്രത്തിനും ആദിയും അന്തവും ഇല്ല. അതായത് ശിവനും ശക്തിയും ആദിയും അന്തവും ഇല്ലാത്ത ഒന്നായ ദൈവത്തിന്റെ രണ്ടായ പ്രകടനമാണ്.**

ജീവവും നിർജ്ജീവവുമായി പ്രവർത്തിക്കുന്ന ഹൈഡ്രജൻ എന്ന പരമാത്മാവിനെ ഭൂമിയിൽ സൃഷ്ടി തുടങ്ങുമ്പോൾ മാത്രം ആവശ്യപ്പെടുത്തി ക്കൊണ്ട് ഭൂമിയിൽ നിന്നും വേറിട്ട് സൂര്യനിൽ ഒരുക്കുന്നു. ആറ്റത്തിൽ ഇലക്ട്രോണും പ്രോട്ടോണും മാത്രം = ശിവചക്രവും ശക്തിചക്രവും മാത്രം.

ആറ്റത്തിൽ ന്യൂട്രോൺ എന്ന പുതിയ ഘടകത്തെ സൃഷ്ടിക്കുമ്പോൾ അത് പരമാത്മാവിൽ നിന്നും ജീവാത്മാവിനെ സൃഷ്ടിക്കുകയാണ്. ആറ്റത്തിൽ ഒരു ഇലക്ട്രോണും ഒരു പ്രോട്ടോണും മാത്രമുള്ളതും, ന്യൂട്രോൺ ഇല്ലാത്തതുമായ ഏക മൂലകമാണ് ഹൈഡ്രജനോട് ഒരു ന്യൂട്രോൺ കൂടി ചേരുമ്പോൾ ഹീലിയം Helium (He) ഉണ്ടാകുന്നു. He = അവൻ = ജീവാത്മാവ് എന്നും കൂടി അർത്ഥമുണ്ട്. യഥാർത്ഥത്തിൽ ഒരു ന്യൂട്രോൺ മാത്രമാണ് ജീവാത്മാവായി രൂപം കൊണ്ടത്. ഇവിടെ ക്രമ പ്രശ്നമുണ്ട്. വെളിപാട് മരവിച്ചിരിക്കുകയാണ്. ഉടൻ ഭൂമിയിലെങ്ങും ദൈവം / മായ പ്രത്യക്ഷമാകുമ്പോൾ, പിൽക്കാലത്തെ ഭൗതിക ശാസ്ത്ര വികസനത്തിന് മാറ്റിവെച്ച വിഷയങ്ങളായി മനസ്സിലാക്കണം.

(1) തൽക്കാലം ജീവാത്മാവിന്റെ ഭൗതിക അസ്തിത്വത്തെ പ്പറ്റി കൂടുതൽ അറിഞ്ഞിട്ട് കാര്യമില്ല. (2) ഭാവിയിൽ ഭൗതിക ശാസ്ത്ര വികസനത്തിന്റെ ഭാഗമായി കൂടുതൽ കാര്യങ്ങളെ വെളിപ്പെടുത്തുമ്പോൾ, ജീവാത്മാവു- സംബന്ധമായി കൂടുതൽ ആവശ്യങ്ങളും ജാഗ്രതയും മനുഷ്യന് ഉണ്ടാകുന്നതാണ്.

**(3) ഇലക്ട്രോൺ ആണ് ശിവ ചക്രം എന്നും, പ്രോട്ടോൺ ആണ് ശക്തി ചക്രം എന്നും കുറിച്ചത് കൂടുതൽ പഠനത്തിൽ ഗ്രന്ഥകാരന് താൽക്കാലികമായി തിരിഞ്ഞു പോയോ, തിരിച്ചതും തിരിക്കാത്തതും കുഞ്ഞുങ്ങളായ സൃഷ്ടികൾ, 'മായ' പ്രത്യക്ഷമായ ശേഷവും ഭൗതിക ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങളെ തുടരണം എന്ന് അറിയിക്കുന്നു. (4) ഹീലിയം, ഹൈഡ്രജൻ, ഹീലിയം ഉൾപ്പെടെ മൂലകങ്ങളിലെ ന്യൂട്രോൺ, എന്നിവയിൽ ഏതാണ് ജീവാത്മാവ്, ന്യൂട്രോൺ / ഹീലിയം / ഹൈഡ്രജൻ വഴി ജീവാത്മാവ് ശരീരം മുഴുവൻ വ്യാപരിക്കുന്നു എന്നിവയിൽ ഗവേഷണം ഉണ്ടാകണം.**

**ദൈവത്തിന്റെ വാതക രൂപവും, ജീവികളുടെ ജീവനും ആണ് ഓക്സിജൻ എന്ന് മഹാവേദ ഗ്രന്ഥത്തിൽ സുവ്യക്തമായി തെളിയിച്ചിരിക്കെ ഗവേഷണ നിർദ്ദേശങ്ങളെ ഗൗരവമായി കാണണം. ഗവേഷണ വിഷയങ്ങൾ വേറെയും ഉണ്ട് : ഒന്നായ ജീവാത്മാവിനെ രണ്ടായി വിഭജിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്. ഹീലിയത്തിൽ നിന്ന് ന്യൂട്രോൺ മാറ്റുമ്പോൾ ഹൈഡ്രജൻ ആയി. പരമാത്മാവിന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കളുടെ വിഭജനം, പ്രവർത്തനം, ന്യൂട്രോണിന്റെ പദവി തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ / വെളിപാട് പൂർണമായി ലഭിച്ചിട്ടില്ല. മഹാനീതി ശാസ്ത്ര പ്രകാരം അവ വെളിപ്പെടുത്താൻ സമയമായില്ല എന്ന് കരുതുന്നു.**

**മാത്രമല്ല; അടിസ്ഥാന വിവരങ്ങളെ ഈയുള്ളവനിലൂടെ വെളിപ്പെടുത്തി കഴിഞ്ഞിരിക്കുന്നു; ഭൗതിക ശാസ്ത്രത്തെയും ഗവേഷകരെയും ഉയർത്തേണ്ടതുണ്ട് എന്നീ കാരണങ്ങളാൽ ശിഷ്ട ഭാഗങ്ങൾ അവരിലൂടെയാവും വെളിപ്പെടുത്തുക !**

**ആദ്യ സൃഷ്ടിക്കു ശേഷം, മാതാപിതാക്കളിലൂടെ പുനർസൃഷ്ടി അഥവാ പുനർജ്ജന്മങ്ങൾ മാത്രമാണ് നടക്കുന്നത്. ജീവാത്മാക്കൾക്ക് അനന്തമായ ആനന്ദങ്ങളെ നേടാനും അനുഭവിക്കാനുമായി ഭൂമിയിലെ മൂലകങ്ങൾ കൊണ്ടുള്ള ദൈവാംശത്തെ ശരീരം എന്ന പേരിൽ നൽകി ജീവികളെ സൃഷ്ടികളായും കുഞ്ഞുങ്ങളായും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും സമആനന്ദം എന്ന മഹാനീതിയെ എല്ലാ കുഞ്ഞുങ്ങൾക്കും നൽകുകയുമാണ്. ഭൂമി അവയെല്ലാം ചെയ്യുന്നുണ്ട്; മനുഷ്യർ അറിയുന്നുണ്ട്, അനുഭവിക്കുന്നുമുണ്ട്.**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

**മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ള ഓംകാര നീതി ശാസ്ത്രം പഠിച്ചാൽ, ഭൂമി അവയെല്ലാം മഹാശിവമായും / മംഗളമായും, സുന്ദരമായും ചെയ്യുന്നുണ്ട് എന്ന് ബോദ്ധ്യമാകുന്നതാണ്.**

# മായ

ദൈവത്തിന്റെ മഹായുക്തി കൂടിയായ മഹാജ്ഞാനത്തെ മായാശക്തികൾ കൊണ്ട് ഭൗതിക അസ്തിത്വമുള്ള ജഗത്ത് അഥവാ മഹാപ്രപഞ്ചമായി പരിണമിപ്പിച്ചു കഴിയുമ്പോൾ ജഗത്ത് സത്യം അഥവാ യാഥാർത്ഥ്യം ആകുന്നു. ജഗത്ത് 'മായ' ആണ്; എന്നാൽ 'മിഥ്യ' അല്ല.

ജഗത്തിൽ ജീവിക്കുന്നവർക്ക് ആനന്ദത്തോടെ ജീവിക്കാൻ കഴിയണമെങ്കിൽ, ജഗത്തിലെ സർവ്വ വസ്തുക്കളിലും ജീവികളിലും ആനന്ദങ്ങളെ ഭൗതിക അസ്തിത്വത്തോടെ ലയിപ്പിക്കേണ്ടതുണ്ട്. ആനന്ദങ്ങളെ ആസ്വദിച്ച് അനുഭവിക്കുവാൻ ഗൂഢത കൂടിയേ കഴിയൂ. ഉദാഹരണത്തിന് മാമ്പഴത്തിൽ ഗൂഢമായിരിക്കുന്ന മാധുര്യവും പോഷകങ്ങളും ലഭിക്കുവാൻ മാമ്പഴം കഴിക്കണം. മാമ്പഴമോ മാമ്പഴച്ചാറോ കഴിക്കാതെ മാമ്പഴത്തിന്റെ മാധുര്യവും പോഷകങ്ങളും ലഭിച്ചാൽ ... പിന്നീട് മാമ്പഴം കഴിക്കുന്നത് എന്തിന് ? എല്ലാ ഭക്ഷണവും അങ്ങനെ തന്നെ.

മറ്റുള്ള ആനന്ദങ്ങളുടെ കാര്യവും അങ്ങനെ തന്നെ. ഉദാഹരണത്തിന് പാട്ട് കേൾക്കാതെ പാട്ടിൽ ഗൂഢമാക്കിയിട്ടുള്ള വൈവിധ്യമാർന്ന ആനന്ദങ്ങളെ ലഭിച്ചാൽ കുഴച്ചിലാവും. ഇണയുമായി സങ്കല്പത്തിൽ പോലും സല്ലപിക്കാത്ത സമ്പൂർണ്ണമായ കാമാനന്ദം ലഭിച്ചാൽ ഭാവി തലമുറയുടെ കാര്യവും കുഞ്ഞുങ്ങളും വാത്സല്യവും കുഴച്ചിലാവും.

**ജനനം, രോഗം, രോഗ മുക്തി, രോഗ ശയ്യയിലെ അനുഭവങ്ങൾ, ജീവിത നേട്ടങ്ങൾ, വിനോദം, വിവാഹം, മരണം, ദൈവ ദർശനം, തുടങ്ങിയ എല്ലാ കാര്യങ്ങളിലും വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ആനന്ദങ്ങൾ ഉണ്ട്.**

**ഗൂഢമാക്കിയിട്ടുള്ള സുഖവും ദുഃഖവും കലർന്ന ആനന്ദങ്ങളെല്ലാം വിഷയ-വസ്തുത സംഭവിക്കാതെ മുൻകൂട്ടി അറിയാനും അനുഭവിക്കാനും കഴിയുമെന്ന് വന്നാൽ ജീവിതം ഇല്ല / സമ്പൂർണ്ണ കുഴച്ചിലാവും. അങ്ങനെയിരിക്കെ ദൈവം/മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് അപരാധം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനങ്ങളെ മനുഷ്യർ ചെയ്താൽ അത് അപരാധമാണ്.**

**മറ്റൊരു തരം ഗൂഢതയെപ്പറ്റി ഇനി കുറിക്കാം :-**

**മഹാദേവിയുടെ മഹാമായാ -ആവിഷ്ക്കാരമല്ലേ സർവ്വവും എന്നും, മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ, സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, ചോദ്യങ്ങൾ 3 ഉണ്ട്; 3 ഉത്തരങ്ങളും പ്രത്യേകം വേണം.**

**(1) മഹാദേവിയുടെ മഹാമായാ -ആവിഷ്ക്കാരം തന്നെയാണ് സർവ്വവും (പ്രപഞ്ചവും പ്രപഞ്ച കാര്യങ്ങളും). എന്നാൽ മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് 'മായക്കളി' നടത്തി വിനോദിക്കുന്നതായി കണക്കാക്കിയാൽ അപരാധം ഉണ്ട്.**

**ജീവിയല്ലാത്ത മഹാദേവി, ഒരു മഹാജീവിയെപ്പോലെ, ചിലത് ഗൂഢമാക്കിയിട്ടുള്ളത് കുഞ്ഞുങ്ങളായ സൃഷ്ടികൾക്കു വേണ്ടിയുള്ള മഹാവാത്സല്യമായും മഹാത്യാഗമായും തിരിച്ചറിയാൻ കഴിഞ്ഞാൽ ശ്രേഷ്ഠം.**

**സർവ്വത്തിനും അതീതവും മഹാവാത്സല്യവുമായ മഹാദേവി, സൃഷ്ടികളെ വച്ച് ക്രൂര വിനോദം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനിക്കുന്നത് കടുത്ത അപരാധമാണ്.**

(2) **മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ എന്നു ചോദിച്ചാൽ 'അതേ', എന്നാൽ ശിവ-ശക്തിചക്രങ്ങൾ മഹാപ്രപഞ്ചത്തിനും മുമ്പ്, ആദിയും അന്തവും ഇല്ലാത്ത അവസ്ഥയോടെ, സർവ്വത്തിനും അതീതമായ ബ്രഹ്മം കാരണമായി സൃഷ്ടിക്കപ്പെടുന്നതും പ്രവർത്തിക്കുന്നതും ദീർഘമായി വിവരിച്ചതാണ്.**

**ബ്രഹ്മം രണ്ടായി പിരിഞ്ഞ് രണ്ടു വ്യക്തികൾ പോലെ രണ്ടു കർമ്മങ്ങൾ ചെയ്യുമ്പോൾ, രണ്ടും ഫലത്തിൽ വിഭിന്നമാണ്. സൂക്ഷ്മ തലങ്ങളിൽ ഓരോ അണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വ്യത്യാസപ്പെട്ടും വ്യത്യസ്ത ധർമ്മങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടും ഉണ്ടായതാണ് മഹാപ്രപഞ്ചവും ജീവികളും ! കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകാൻ വേണ്ടി മാത്രം (മഹാജീവിയെപ്പോലെ ജീവിക്കുന്ന !) ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെ മഹാസൂക്ഷ്മമാക്കിയിട്ടുള്ളതും കുഞ്ഞുങ്ങൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാനാണ്.**

**മഹാ-ദൈവകാര്യങ്ങളെ ക്രൂരതമാശകൾ പോലെ സംസാരിക്കുന്നത് അപരാധമാണ്. മഹാവാത്സല്യവും കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവുമായ മഹാദേവിയെ അപമാനിച്ചാൽ പതിയും, കുഞ്ഞുങ്ങളുടെയെല്ലാം പിതാവുമായ പരമശിവൻ ശിക്ഷിച്ചുതന്നെ തിരുത്തിയെന്നുവരും. പിതാവ് ശിക്ഷിക്കണ്ടേ, സ്വയം വിശകലനംചെയ്യുക.**

**(3) ദൈവത്തിന് സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, ശ്രദ്ധിക്കുക.**

**കുഞ്ഞുങ്ങളായ ജീവികളുടെ ആനന്ദങ്ങളെയും വ്യക്തിസ്വാതന്ത്ര്യത്തെയും കണക്കാക്കി മഹാദേവി മഹാമര്യാദ കാട്ടുന്നു. മുൻകൂട്ടി അറിയാൻ ശ്രമിക്കുന്നില്ല; അറിയുന്നില്ല. അതേസമയം ദൈവത്തിന്റെ വാതക രൂപവും ജീവികളുടെ ജീവനും ആകുന്ന ഓക്സിജൻ, മനുഷ്യരിൽ ഏറെക്കുറെ 18 തവണ മിനുട്ടിൽ ശ്വാസോച്ഛ്വാസം ചെയ്യിക്കുമ്പോൾ, മനുഷ്യന്റെ ചിന്തകളെ പ്പോലും സദാ അറിയുന്നുണ്ട്. ദൈവം ജീവികൾക്കെല്ലാം വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചിരിക്കെ ചിന്തകളെ ആസ്പദമാക്കി മനുഷ്യന് കാര്യങ്ങളിൽ തോന്നും പോലെ പ്രവർത്തിക്കാം, പരിശ്രമിക്കാം, ഒഴിവാക്കാം ... ധർമ്മശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാനും പുണ്യം നേടാനും സാധിക്കും. ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിച്ച് പാപങ്ങളും ശിക്ഷയും നേടാം. അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമാണ് ദൈവം ഇടപെടുക.**

'മായ' പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും മഹാവാത്സല്യം കൂടിയായ ഓംകാരനീതിശാസ്ത്രത്തെ നിവർത്തിക്കുന്നത് ഓംകാരം തന്നെയാണ്. പരമശിവന്റെ ഹൃദയത്തെയും ഉൾക്കൊണ്ട് പരമശിവനിൽ പ്രവർത്തിക്കുമ്പോൾ വേറിട്ട ശരീരമുള്ള പരമശിവനെക്കൂടി ഏറ്റെടുക്കുകയാണ് മഹാദേവി. സ്ഥിതി എന്ന ജീവിതത്തിൽ പുരുഷന് പ്രാധാന്യം എന്നത് ദൈവ കാര്യത്തിൽ വീഴ്ച്ച ഉണ്ടാവാൻ കാരണമായിക്കൂടാ. മഹാജ്ഞാനത്തെ ബ്രഹ്മ-മഹാദേവിയിൽ നിന്നും ഗ്രഹിച്ചിട്ടുള്ള പരമശിവൻ, പതിയായ മഹാദേവിയുടെ മഹാഅസാധാരണമായ സാധാരണത്തം അറിഞ്ഞും അനുഭവിച്ചും മഹാപാദ പൂജ ചെയ്തും മഹാവാഹനമായും ഒക്കെ മഹാദാസ്യ-സേവനം ചെയ്യാൻ എല്ലായ്പ്പോഴും ശ്രദ്ധിക്കുന്നു. ആയതിന് മഹാഅനുഗ്രഹവും തേടുന്നു. 'പരമശിവനെയും മഹാപ്രപഞ്ചത്തെയും ഉൾക്കൊണ്ട് ' പരമശിവന്റെ ഉള്ളിൽ കഴിയുന്ന മഹാഹൃദയമായ 'ഓംകാരം' മഹാചിരിക്കുന്നു !

**ഇനി മഹാദേവിയായി അവതരിക്കുന്ന ബ്രഹ്മം ചേർന്ന മഹാശക്തിചക്രത്തിന്റെ മഹാവിശേഷം കുറിക്കാം. മഹാഹൃദയമായ ഓംകാരത്തിന്റെ അഭാവത്തിൽ മഹാദാസനായ പരമശിവന്റെ പതിയും ദാസിയുമെന്നോണം പ്രവർത്തിക്കുകയാൽ നേരിട്ട് മഹാകാര്യങ്ങളിൽ ഇടപെടുന്നതല്ല. മഹാദാസനും മഹാദേവനുമായ പരമശിവന്റെ പതിയും സാധാരണ സ്ത്രീയുമായി കഴിയുന്ന മഹാദേവിക്ക്, പരമശിവനിൽ പ്രവേശിച്ചിട്ടുള്ള ഓംകാരം കനിയാതെ മായാശക്തികൾ ഇല്ല; ആകയാൽ മായാശക്തികൾക്കു വേണ്ടി മഹാദേവിയെ സ്യഷ്ടികൾ സമീപിച്ചിട്ടു കാര്യമില്ല. മായാശക്തികളില്ലാതെ സാധാരണ സ്ത്രീയായി ജീവിക്കുന്ന ഏകദൈവത്തെ പാഠമാക്കണം.**

**മഹാദേവനും ഭർത്താവുമായ പരമശിവന് മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയായ ഓംകാരത്തെ സൂക്ഷിക്കുന്ന അധികാരി എന്ന നിലയ്ക്ക് സദാ മഹാസംശുദ്ധനായിരിക്കുവാനും മഹാദേവി മഹാകനിയുന്നുണ്ട്. ഓംകാര നീതിശാസ്ത്ര പ്രകാരം മഹാസംശുദ്ധനാക്കണെമേ എന്ന പരമശിവന്റെ പ്രാർത്ഥന പ്രകാരം സംരക്ഷിക്കുന്നതാണ്. അപ്പോഴും എപ്പോഴും പ്രപഞ്ചത്തിലെ സമസ്ത കുഞ്ഞുങ്ങളുടെയും നല്ലതിനു വേണ്ടിയാണ് മഹാദേവി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്.**

**ഓംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങളെ അനുഗ്രഹിക്കേണ്ടതായ സന്ദർഭങ്ങളിൽ പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ 'മഹാപ്രപഞ്ചത്തിന്റെ മൊത്തം ശക്തിയിൽ 10 അളവുകളോടെ ശക്തിയുള്ള മഹാവലതുകൈ' അറിയാതെ-അറിഞ്ഞ് ഉയരുകയും മഹാഅനുഗ്രഹിക്കുന്നതുമാണ്.**

**പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ ഇടതുകാലിന് 10 അളവ്, വലതു കാലിന് 5, മഹാഹൃദയമായ ഓംകാരത്തിന് 20 എന്നെല്ലാം അളവുകളുണ്ട്. മഹാപ്രപഞ്ചത്തിന് ആവശ്യമായ മൊത്തം അഗ്നിയെ വലതുകൈയ്യിലെ ചൂണ്ടുവിരലും, മൊത്തം ജലത്തെ ഇടതുകൈയ്യിലെ ചൂണ്ടുവിരലും വഹിക്കുന്നുണ്ട്. കൈകൾ മാറിയോ എന്നോർമ്മയില്ല. വായുവിന്റെ കാര്യം ഉൾപ്പെടെ ചിലതും ഈയുള്ളവൻ മറന്നു പോയി. മഹാഉചിതമായി മഹാദേവി ഓർമ്മിപ്പിക്കുന്നതാണ് !**

**'മായ' പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും എപ്പോഴും സൃഷ്ടി സ്ഥിതി സംഹാര നിയമങ്ങൾ സദാ മണ്ണിൽ മഹാലയിച്ചിരിക്കുകയാണ്. അവ പ്രകാരം ജീവിക്കാനാണ് മനുഷ്യർ ശ്രദ്ധിക്കേണ്ടത്. മായാശക്തികളെ ആഗ്രഹിച്ചു കൂടാ. മഹാദേവിയുടെ പ്രത്യക്ഷ സാന്നിദ്ധ്യവും മഹാശാസ്ത്ര പാഠങ്ങളും ഉൾക്കൊണ്ട് അത്യാനന്ദത്തോടെ ജീവിക്കാൻ സാധിക്കുന്നതാണ്. വ്യക്തിസ്വാതന്ത്ര്യം ഒട്ടും ആഗ്രഹിക്കാതെ മഹാശക്തിയും മഹാനീതിയുമായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ച് മാത്രം ജീവിക്കുന്നവനാക്കി എല്ലായ്പ്പോഴും മഹാഅനുഗ്രഹിക്കണമേ എന്ന് വിനീത വിധേയനായി പ്രാർത്ഥിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓംകാരത്തെ പരമശിവനിൽ പ്രവേശിപ്പിച്ചതായി കണക്കാക്കിയാൽ പരമശിവന് സ്വന്തമായ ഇഷ്ടങ്ങളോ അഭിപ്രായങ്ങളോ പാടില്ല. ഗ്രഹങ്ങളെപ്പോലും നിസ്സാരമായി സൃഷ്ടിക്കുവാൻ ശക്തിയുള്ള ഓംകാരം മഹാ-പ്രവർത്തിക്കുന്നത് ഓംകാര നീതി ശാസ്ത്രം പ്രകാരം മാത്രമാവുന്നതാണ് സമസ്ത പ്രപഞ്ചത്തിലെയും കുഞ്ഞുങ്ങൾക്കു നല്ലത്.**

**ആദ്യ മഹാകാല ചക്രത്തിലെ പിൻവലിച്ചു കഴിഞ്ഞ ശിവനും, മഹാദേവിയുടെ ഭാഗമായ പരമശിവനും ഒന്നല്ലെങ്കിലും, ഇപ്പോഴത്തെ സൃഷ്ടിചക്രം മുതൽ ഒന്നെന്നു കണക്കാക്കാം. ദൈവത്തെ സംബന്ധിച്ച കാര്യങ്ങളിൽ കുഞ്ഞുങ്ങൾ അധികമായി ചിന്തിച്ചും മറ്റും ആനന്ദിച്ചു ജീവിക്കാനുള്ള ഊർജ്ജവും സമയവും അവസരങ്ങളും നഷ്ടപ്പെടുത്തുന്നത് മഹാവാത്സല്യമായ മഹാദേവിക്കും മഹാദേവനും ഇഷ്ടമല്ല. ദൈവത്തിന് ഇഷ്ടമല്ലാത്തത് ധർമ്മ ശാസ്ത്ര പരമല്ല അഥവാ ദൈവീകമല്ല.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

# മത-ദേവാലയങ്ങളും സ്തുതിയും ആരാധനയും

ദൈവം, സൃഷ്ടികളെ കുഞ്ഞുങ്ങളായി മാത്രം കരുതാനും മഹാസമനീതി എന്ന മഹാസമആനന്ദത്തെ ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങൾക്കും മഹാഅനുഗ്രഹിച്ചു നൽകാനുമായി മഹാവാത്സല്ല്യത്തെ സമസ്ത ജീവികളോടുമുള്ള ദൈവത്തിന്റെ ഏക-മഹാആനന്ദമായി നിശ്ചയിച്ചിരിക്കുന്നു എന്ന് മുമ്പ് തെളിയിച്ചിരുന്നു. അതേപോലെ കുഞ്ഞുങ്ങളുടെ എല്ലാ ഇഷ്ടങ്ങളെയും ധർമ്മ ശാസ്ത്ര പ്രകാരം അനുവദിക്കുമ്പോൾ, കുഞ്ഞുങ്ങൾക്ക് പ്രാർത്ഥിക്കാനും, ദൈവത്തെ ഒരല്പം സ്തുതിക്കാനും ദേവാലയം കൂടി നിർമ്മിക്കാൻ അനുവദിക്കുന്നതായി തെളിയിച്ചിരുന്നു.

ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരം, മത-ജാതി ജീവികളെന്നോണം ജീവിക്കുന്ന മനുഷ്യർ തോന്നുന്ന പോലെയെല്ലാം നിർമ്മിച്ചതും വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ മത-ദേവാലയങ്ങളാണ് ഉള്ളത്. ആകയാൽ ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തോടെ' ഭൂമിയിലെ എല്ലാ ദേവാലയങ്ങൾക്കും ഒരൊറ്റ ഘടനയും രൂപവും സ്വഭാവവും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായാൽ ഇത് പഠിക്കുന്ന കുഞ്ഞുങ്ങൾ സന്തോഷിക്കുമോ സങ്കടപ്പെടുമോ മതപരമായി സംശയിക്കുമോ ? സ്വയം ചോദിച്ചും വിശകലനം ചെയ്തും നാളിതുവരെ നേടിയ ആത്മീയ ജ്ഞാനത്തെ പരിശോധിക്കാം. ഉത്തരം പറയാൻ ജാഗ്രത ഉണ്ടാകും !

മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ചിന്തകൾക്കെല്ലാം അതീതമായ ദേവാലയങ്ങളും ദൈവ-വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാവുകയാണെങ്കിൽ ജനങ്ങൾ മതവിശ്വാസം ഉപേക്ഷിച്ചു എന്ന അർത്ഥം ഉണ്ടാകുന്നതാണ്. തന്നോടു തന്നെയും, ചുറ്റുപാടും, ചോദിക്കുകയും പരിശോധിക്കുകയും ചെയ്താൽ, ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും പ്രത്യേകിച്ചും ഇന്ത്യ, പാകിസ്താൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, ഇറാൻ, ഇറാക്ക്, അറബ് രാജ്യങ്ങൾ, ഇസ്രായേൽ, ... തുടങ്ങിയ രാജ്യങ്ങളിൽ മത-ജാതി ഭ്രാന്ത് മൂത്ത അതിഭീകരമായ അവസ്ഥയാണ് വ്യാപകമായിരിക്കുന്നത്. ഇന്ത്യ ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങളിലെ സംസ്ഥാനങ്ങളിൽ / പ്രവിശ്യകളിൽ ഇടയ്ക്കിടെ മാറിയും തിരിഞ്ഞും മത-ജാതി ഭ്രാന്ത് മൂത്ത് സമൂഹ ജീവിതം സാദ്ധ്യമല്ലാത്ത പോലെ ദുസ്സഹമായ അവസ്ഥകൾ ഉണ്ടാകുന്നുമുണ്ട്.

**ദൈവത്തിന്റെ ഖര രൂപമായ ഭൂമി ജനിപ്പിക്കുകയും; വായു, ജലം, ഭക്ഷണ വിഭവങ്ങൾ ഉൾപ്പെട്ട ആനന്ദങ്ങളെ കൊടുത്തു വളർത്തുകയും ചെയ്യുന്ന (ഭൂമിയുടെ) കുഞ്ഞുങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യം, ജീവിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവ കൊടുക്കാൻ അവകാശവും അധികാരവും ഉള്ളതും ഭൂമിക്കു തന്നെയാണ്; (ശക്തി) കൊടുക്കുന്നതും ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ ഭൂമിയാണ്. ചെറുതും വലുതുമായ ശൂന്യമോ, ഒരു മൺതരിയോ എറുമ്പിനെയോ പോലും സൃഷ്ടിക്കാൻ കഴിവില്ലാത്ത മനുഷ്യൻ എന്ന ഒരു കീടം @ സൃഷ്ടിയായ ജീവി മാത്രം, ഭൂമിയിലെ മനുഷ്യരെ മത -ജാതി പരമായി തിരിച്ചു വിലക്കുകൾ ഏർപ്പെടുത്തിയാൽ മഹാമാതാവും മഹാനീതിയുമായ ഭൂമി ഇഷ്ടപ്പെടുമോ ?**

**മക്ക, മദീന എന്നീ നാടുകളിൽ പട്ടിക്കും പൂച്ചക്കും കാക്കയ്ക്കും വിലക്ക് ഇല്ല; അമുസ്ലീങ്ങൾ എന്നു പേരിട്ട് ഭൂമിയുടെ കുഞ്ഞുങ്ങളെ വിലക്കിയിട്ടുണ്ട് !**

**ഗുരുവായൂർ, തിരുവനന്തപുരം തുടങ്ങി അനവധി ഹിന്ദുമത ദേവാലയങ്ങളിൽ അന്യമതസ്ഥർക്ക് പ്രവേശനമില്ല ? ...**

**വിലക്കുന്നത് ദൈവത്തിന്റെ ഖര രൂപമായ ഭൂമിയോ, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ നാടുകളോ, ജീവികളുടെ ശരീരങ്ങളോ അല്ല. ധർമ്മശാസ്ത്ര പ്രകാരം മാത്രം ഉപയോഗിച്ച് അനന്തമായ ആനന്ദങ്ങളെ നേടി ജീവിക്കാനായി ദൈവം @ ഭൂമി നൽകിയ ദൈവാംശമായ @ ഭൂമിയുടെ അംശമായ ശരീരത്തെ ദുരുപയോഗം ചെയ്യുന്ന ജീവാത്മാക്കളാണ്. അവകാശങ്ങളും അധികാരങ്ങളും ഇല്ലാതെ കാട്ടുന്ന കടുത്ത നീചത്തങ്ങൾക്ക് മതഭ്രാന്തരെ മഹാനീതിയായ ദൈവം ശിക്ഷിക്കുന്നതാണ്.**

**മത ദേവാലയങ്ങളിലെയും, ഭരണകൂടങ്ങളിലെയും ജാതി, വർണ്ണം, തുടങ്ങിയ വിലക്കുകൾക്ക് എതിരെ, ഇന്ത്യയിൽ മാത്രമല്ല; ദക്ഷിണ ആഫ്രിക്കയിലും ധീരമായ പോരാട്ടം നടത്തിയ ഗാന്ധിജിയെ ജനിപ്പിച്ചതും ജീവിപ്പിച്ചതും മണ്ണായ ഭൂമി തന്നെ !**

**സ്വന്തം പൊന്നോമന കുഞ്ഞുങ്ങൾക്ക്, വഴിതെറ്റിയ / വിവര ദോഷികളായ കുഞ്ഞുങ്ങൾ വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ധർമ്മ ശാസ്ത്ര വിരുദ്ധമായ വിലക്കുകൾ ഏർപ്പെടുത്തിയാൽ**

**മഹാമാതാവും മഹാനീതിയുമായ ദൈവത്തിനു സഹിക്കുമോ ?**

**മഹാശക്തിയും മണ്ണും ഭൂമിയും മഹാദേവിയുമായ ഏകദൈവം സൃഷ്ടിച്ച വസ്തുക്കളെയോ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെയോ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളാക്കാൻ അഥവാ ക്രിസ്ത്യൻ, മുസ്ലിം, ഹിന്ദു, എന്നിങ്ങനെയെല്ലാം പരിവർത്തനം ചെയ്യാൻ മതാചാര്യന്മാർ, മതങ്ങൾ, പുരോഹിതന്മാർ തുടങ്ങി യാതൊരാൾക്കും കഴിയുന്നതല്ല.**

**ശരീര -ഘടന-വളർച്ച-പ്രത്യുല്പാദനം, അവയവങ്ങൾ, അവയവങ്ങളുടെ പ്രവർത്തനം, ജീവനും ശക്തിയുമായ ഓക്സിജൻ, ജലം-രക്തം-ഭക്ഷണം, ഭക്ഷണരുചി-വാത്സല്യം-സ്നേഹം-പ്രേമം-കാമം-ഭക്തി-ദാനം-ദയ-സംഗീതം ഇത്യാദി ആനന്ദ അനുഭവങ്ങൾ, ആയുസ്സ്, ആരോഗ്യം- രോഗങ്ങൾ-അപകടം- ചികിത്സ, തൊഴിലുകൾ, വിനോദം, ബുദ്ധി ശക്തി, വിദ്യാഭ്യാസം, ജനനം, മരണം, ശവം ചീയൽ, മത്സ്യം -സസ്യം -പക്ഷി മൃഗം തുടങ്ങിയ ജീവികൾ, മാംസം, മുട്ട, വസ്തുക്കൾ, വസ്ത്രം, ഗൃഹം, കാർ-ബൈക്ക്-ബസ്-ട്രെയിൻ-കപ്പൽ-വിമാനം തുടങ്ങിയ വാഹനങ്ങൾ, കമ്പ്യൂട്ടർ, ഫോൺ, വാട്സാപ്പ്, ടെലിവിഷൻ എന്നിങ്ങനെ മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട ഭൗതികമായ കാര്യങ്ങളിൽ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-വ്യത്യാസങ്ങൾക്ക് യാതൊരു 'ഭൗതിക സ്ഥാനവും' ഭൂമിയിൽ ഇല്ല തന്നെ. ഒരേ വായു ശ്വസിച്ചും ജലം കുടിച്ചും ജീവിക്കുന്നവർക്ക് ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളാണ് എന്ന തിരിച്ചറിവോടെ, നേടിയ ജ്ഞാനത്തെ വിശകലനം ചെയ്യാൻ കഴിയട്ടെ !**

# ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയ ശാസ്ത്രത്തെ സൃഷ്ടിയായ മനുഷ്യൻ 'തേടുന്ന കാര്യമല്ല; തേടേണ്ട കാര്യവുമില്ല.' മഹാ-ഉചിതമായ സമയത്ത് ദൈവം അറിയിക്കുകയാണ്.

ഭൂമിയിലെങ്ങും ഓം മുഴക്കി ദൈവ വിപ്ലവം ആരംഭിക്കുന്നതിനു മുമ്പ്, ദൈവ ഭാഗമായ പരമശിവനിലൂടെ മത്സ്യാവതാരം, ഓം എന്നിവ പ്രകാരം ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള യഥാർത്ഥ വേദങ്ങളെ വീണ്ടെടുത്ത് കുഞ്ഞുങ്ങൾക്ക് /മനുഷ്യർക്ക് പൊതുവായി നൽകുന്നു. ജന്മങ്ങളുടെ എണ്ണം, നേടിയ പുണ്യം, മഹാനീതി എന്നിവയുടെ അടിസ്ഥാനത്തിൽ 90 മുതൽ 95 വരെയുള്ള പുരുഷജന്മങ്ങളിലൊന്നിൽ ഓരോ വ്യക്തിക്കും നേരിട്ട് നൽകുന്നുമുണ്ട്. തേടേണ്ട; മഹാദേവി നൽകുന്നതാണ്; ഉൾക്കൊണ്ട് ജീവിക്കുകയേ വേണ്ടൂ.

മനുഷ്യന് കൂടുതൽ ലഭിച്ച ബുദ്ധിശക്തിയും വിജ്ഞാനവും കൊണ്ട് ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ സദാ കണ്ടെത്തുകയും ആസ്വദിക്കുകയും ചെയ്യുന്നുണ്ട്. ഭൂമിയിലെ മറ്റുള്ള മനുഷ്യർക്കും (ജീവികൾക്കും) കൂടി സമമായി ആനന്ദിക്കാൻ കഴിയണം എന്നതു കൊണ്ട് ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിക്കുവാൻ ബാദ്ധ്യതയുണ്ട്. ബുദ്ധിശക്തി, ജ്ഞാനം, എന്നിവ കുറച്ചു ലഭിച്ച മറ്റുള്ള ജീവികളും ജീവിക്കുന്നത് ആനന്ദിക്കാനാണ്. അവയെപ്പോലെ, ജീവിക്കുന്നതും ജീവിക്കേണ്ടതും ആനന്ദിക്കാൻ മാത്രമാവണം; ദൈവത്തെയും ദൈവീക മഹാനീതി കാര്യങ്ങളെയും അന്വേഷിച്ചു നടക്കേണ്ടതില്ല. ഉചിതമായ സമയത്ത് 'ദൈവ കാര്യങ്ങളെ' ദൈവം അറിയിക്കും !

**ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിച്ചാൽ മാത്രമാണ് ദൈവ കാര്യങ്ങളായ ആത്മീയശാസ്ത്രം പഠിപ്പിക്കാൻ മനുഷ്യൻ യോഗ്യത നേടുക.** അതുപോലും അറിയാത്ത 'കള്ളക്കൂട്ടങ്ങളെ ഗുരുക്കന്മാരായി സ്വീകരിച്ചു കൂടാ.' ദൈവത്തെ/ ദേവതകളെ ദർശിക്കാൻ ജെറുസലേം, മക്ക, ഹിമാലയം, കാശി, വേളാങ്കണ്ണി, മലയാറ്റൂർ, പരുമല, അജ്മീർ, കാഞ്ഞിരമറ്റം, ഗുരുവായൂർ, തൃശൂർ, തിരുവനന്തപുരം, ശബരിമല തുടങ്ങിയ ലക്ഷക്കണക്കിന് ദേവാലയങ്ങളിലെ വിഗ്രഹങ്ങളെ തേടി പോകുന്നവർ, ദേവതകൾ പുനർജ്ജനിച്ച് മനുഷ്യരായി ജീവിക്കുന്നുണ്ട് എന്നതും അറിയുന്നില്ല. **തങ്ങളുടെ ദേവാലയത്തിൽ വിഗ്രഹമില്ലെന്ന് കരുതുന്നവർക്ക്, 'കഅ്ബ ചുറ്റൽ' ഉൾപ്പെടെ വ്യത്യസ്ത മത-ദേവാലയങ്ങളിലെ മിക്ക ആചാരങ്ങളും വിഗ്രഹാരാധന ആണെന്നും, ദേവാലയം തന്നെ ഒരു വിഗ്രഹമാണ് എന്നതും തൽക്കാലം അറിയില്ല.** വിഗ്രഹത്തെ കണ്ടു വണങ്ങിയിട്ട് 'ദൈവത്തെ' കണ്ടെന്നു പറയുന്നത് 'കള്ളം' ആണ്. സ്വർഗ്ഗവും നരകവും കാണാത്ത എമ്പോക്കികൾ അവയെ വിശദീകരിക്കുന്നത് തെറ്റാണ്. കള്ളം പറയുന്നതും പ്രവർത്തിക്കുന്നതും മത-പുരോഹിതന്മാരുടെയും, മത - പ്രവർത്തകരുടെയും, മൂഢ-ഭക്തരുടെയും, അവരെല്ലാം കൂടി പ്രചരിപ്പിക്കുന്ന അസത്യ-മത-വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും മുഖമുദ്രയാണ്.

മഹാശാസ്ത്ര പരമായി നിർമ്മിച്ച ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല; നിർമ്മിക്കേണ്ടത് എങ്ങനെയെന്ന് മുകളിൽ വിശദീകരിച്ചിട്ടുണ്ട്. വിശുദ്ധങ്ങളെന്നു കരുതുന്ന വ്യത്യസ്ത മത-ദേവാലയങ്ങളിലും ബന്ധപ്പെട്ട പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള ദുരന്തങ്ങളും അക്രമങ്ങളും വധങ്ങളും, മരണങ്ങളുമെല്ലാം അറിയിക്കുന്നത് 'അവിടങ്ങളിലെല്ലാം ദൈവീക കാര്യങ്ങളല്ല; മൂലകങ്ങളിലെ ന്യൂന-ശക്തികളുടെ പൈശാചിക പ്രവർത്തനം നടക്കുന്നു' എന്നാണ്. ദൈവം നേരിട്ട് അനുവദിക്കാതെ ദൈവത്തെ ആരാധിക്കാൻ യാതൊരു മനുഷ്യനും അവകാശം ഇല്ലെന്ന് അറിയണം. സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ഇഷ്ടങ്ങളെ മനുഷ്യർ നിശ്ചയിക്കുന്നതായി ഭാവിക്കുന്നതു പോലും കടുത്ത അപരാധമാണ്; ഭൂരിപക്ഷവും കടുത്ത അപരാധം ചെയ്യുന്നു !

**മണ്ണും ഭൂമിയുമായ ദൈവമോ, ~ ഭാഗമായ പരമശിവനോ, അറിയിക്കുന്ന കാര്യങ്ങൾക്കെല്ലാം, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള മഹാശാസ്ത്രം** @ ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങൾ **പ്രകാരം ഭൗതിക-അസ്തിത്വം ഉണ്ട്.**

സൃഷ്ടികൾ മാത്രമായ മനുഷ്യർ മതാചാര്യന്മാരും മതപുരോഹിതരും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-നേതാക്കളായും..... അധഃപതിച്ച് അവർ നിശ്ചയിക്കുന്ന **ഭൗതിക അസ്തിത്വം ഇല്ലാത്തതായ** പ്രാർത്ഥനാ വാചകങ്ങളും പ്രാർത്ഥനാ സമയങ്ങളും വ്യക്തി-നിയമങ്ങളും സമൂഹ നിയമങ്ങളും ചുമന്നു പോരുന്നവരാണ് സമൂഹത്തിലെ ജനങ്ങളെങ്കിൽ, **ദൈവം നൽകിയ ബുദ്ധിശക്തി, അവസരങ്ങൾ എന്നിവ ഉപയോഗിക്കാത്ത അടിമകളായി ജനം മാറിയിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ദൈവത്തിന് സൃഷ്ടികളുടെ സഹായം വേണ്ടാ എന്നത് ദൈവത്തിന്റെ ആലയമായാൽ ദേവാലയത്തിനും ബാധകമാണ്.**

ദേവാലയത്തെ ആത്മനിർവൃതിക്കും പ്രാർത്ഥനയ്ക്കും സന്ദർശനം നടത്തുന്ന വ്യക്തികൾ/ ഉപയോഗിക്കുന്നവർ ദേവാലയത്തെ ധർമ്മശാസ്ത്ര പ്രകാരം പരിപാലിക്കുക **എന്നല്ലാതെ ദൈവത്തിന് ജോലിക്കാരെയും മദ്ധ്യസ്ഥരെയും പോപ്പന്മാരും ബിഷപ്പുമാരും മുസലിയാക്കന്മാരും തങ്ങന്മാരും മുക്രികളും തന്ത്രിമാരും ശാന്തിക്കാരും ദേവപ്രശ്നക്കാരും ഉൾപ്പെടെയുള്ള അധമ പ്രവൃത്തികളെ ചെയ്യുന്ന സന്താനങ്ങളുടെ സഹായം ആവശ്യമില്ല.**

**അത്തരം തെമ്മാടികളെ ദൈവത്തിന്റെ ആലയത്തിൽ നിന്ന് പുറത്താക്കേണ്ടത് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് നിയോഗിച്ച ജനങ്ങളുടെ അടിമകളുടെ കടമകളിൽ പെടുന്നു.**

**അറിയുക : ഓരോരുത്തരും അവരവരുടെ കടമകളെ ധർമ്മ ശാസ്ത്ര പരമായി ചെയ്യുന്നു എന്നല്ലാതെ ദൈവത്തിനു വേണ്ടിയല്ല. മഹാപ്രപഞ്ചം മുഴുവനും ദൈവത്തിന്റെ സ്വത്താണ്. ദൈവീകമായ സാമ്പത്തിക ശാസ്ത്രം പ്രകാരം നിർമ്മിക്കണം; ഉപയോഗിക്കണം. ദേവാലയം സ്വകാര്യമല്ല എന്നു കൂടിയാണ് വ്യക്തമാക്കിയത്.**

**സർവ്വത്തിനും അതീതമായ ദൈവത്തിന്റെ കാര്യങ്ങളെ മനുഷ്യർ ശ്രദ്ധിക്കണമെന്ന് ഭാവിക്കുന്നതും പറയുന്നതും, ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, ദൈവത്തിനു വേണ്ടി ആചാരങ്ങളെയും മറ്റും ചെയ്യുന്നതായും, നടപ്പാക്കാൻ പ്രയത്നിക്കുന്നതായും ഭാവിക്കുന്നതും പറഞ്ഞു നടക്കുന്നതും പ്രസ്താവിക്കുന്നതും മറ്റൊരു കടുത്ത അപരാധമാണ്; കഴിവില്ലാത്ത എന്തോ ഒന്നായി ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തെ നിന്ദിക്കുകയാണ്. ശബരിമല, മക്ക, തുടങ്ങി വ്യത്യസ്ത മത ദേവാലയ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒക്കെ ദൈവത്തിനെന്ന പേരിൽ സംരക്ഷിക്കാൻ കോപ്രായങ്ങളും ശണ്ഠകളും ശബ്ദ കോലാഹലങ്ങളുമായി തോന്നും പോലെ ഇറങ്ങി തിരിക്കുന്ന അവിവേകികൾക്ക് കടുത്ത ദൈവ ശിക്ഷയാണ് ലഭിക്കുക.**

**മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി മനുഷ്യർ @ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികൾ ചെയ്യുന്ന നല്ലതും അധമവുമായ പ്രവൃത്തികൾ മനുഷ്യന്റെമാത്രം ആവശ്യമാണ്. ഭൂമിയിലെങ്ങുമുള്ള ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം. ഏകദൈവമായ മഹാദേവിയും, മഹാദേവിയുടെ ഭാഗമായ പരമശിവനും മനുഷ്യരുടെ സ്തുതികളിൽ പ്രസാദിക്കുന്നതല്ല; പ്രീതിയും കാട്ടില്ല; ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾക്ക് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരം ശിക്ഷ തീർച്ചയാണ്.**

കഴിഞ്ഞ ഒരു അദ്ധ്യായത്തിൽ ന്യൂനശക്തികളെ പ്പറ്റി ഒരല്പം സൂചിപ്പിച്ചത് പഠിച്ചാൽ, മനുഷ്യർക്കു നൽകിയിട്ടുള്ള ഉയർന്ന ബുദ്ധിശക്തികളും സമ്പൂർണ്ണമായ വ്യക്തി-സ്വാതന്ത്ര്യവും കൊണ്ട് ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ സ്വയം പാലിക്കുമ്പോഴാണ് **ദൈവത്തിന്റെ അടിമകൾ ആവാതെ, പൊന്നോമന കുഞ്ഞുങ്ങളായി ജീവിക്കാൻ കഴിയുക** എന്ന് വ്യക്തമായിരുന്നു. അതേസമയം കുഞ്ഞുങ്ങൾക്ക് ധർമ്മ ശാസ്ത്രത്തെ പാലിക്കുവാൻ കഴിയാതെ വരുമ്പോൾ, മഹാനീതി കാര്യങ്ങളെ മഹാഭദ്രമാക്കാൻ ന്യൂനശക്തികളെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുണ്ട് എന്നും തെളിയിച്ചിരുന്നു.

**ശബരിമല പോലെ മതദേവാലയങ്ങളിലും പ്രസ്ഥാനങ്ങളിലും സമൂഹത്തിലും സംഘർഷങ്ങൾ വർദ്ധിക്കുമ്പോൾ, മനുഷ്യർ ധർമ്മ ശാസ്ത്രങ്ങളെ തെറ്റിക്കുന്നത് വളരെ വർദ്ധിച്ചെന്നും, ന്യൂനശക്തികളും കാരണമായിട്ടുണ്ട് എന്നുകൂടി ഗ്രഹിക്കണം. ഭൂമിയിലെ വസ്തുക്കളിലുള്ള ന്യൂനശക്തികൾ, 'തിരുത്തൽ ശക്തികൾ' എന്ന നിലയിൽ നിന്നും 'പൈശാചിക ശക്തികൾ' എന്ന അവസ്ഥയിലേക്ക് ക്രമേണ മാറുമ്പോൾ സമൂഹത്തിൽ അശാന്തിയും കലഹങ്ങളും വളരെയധികം വർദ്ധിക്കുന്നതാണ്.**

# സ്ത്രീ പ്രവേശന വിഷയത്തേക്കാൾ വളരെ വലിയ പൈശാചിക വിഷയങ്ങൾ ശബരിമല, മക്ക, തുടങ്ങിയ ഭൂമിയിലെ എല്ലാ മത-ദേവാലയങ്ങളിലും ഉണ്ട്.

**വസ്തുക്കളിൽ/ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികൾ വാതകം, ദ്രാവകം, ഖരം എന്നിങ്ങനെ എല്ലാ അവസ്ഥകളിലും ഭൂമിയിലുണ്ട്; ജീവികളിൽ പ്രവേശിച്ചു പ്രവർത്തിക്കുന്ന അവയുടെ ഘടനയും അളവും സ്വഭാവങ്ങളും,**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
മഹാവേദ ഗ്രന്ഥത്തിലെ ന്യൂനശക്തികൾ എന്ന അദ്ധ്യായത്തിൽ നിന്ന് ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

**ന്യൂനശക്തികൾ, കടുത്ത പൈശാചിക ശക്തികളായി പരിണമിച്ചു കഴിഞ്ഞാൽ ദൈവീക അവതാരം പോലും ആവശ്യമാക്കുന്ന ഗൗരവമായ അവസ്ഥ ഉണ്ടായേക്കാം! ദൈവീക അവതാരത്തെ ശാസ്ത്ര പരമായി മുന്നിലും പിന്നിലും യഥോചിതം പ്രതിഷ്ഠിച്ചു കൊണ്ട്, ഭൂമിയിലെ** വസ്തുതകളെ ധർമ്മശാസ്ത്ര വിരുദ്ധമാക്കിയ മനുഷ്യരെക്കൊണ്ട് **വിഷയ ശുദ്ധീകരണം നടത്താൻ ദൈവം അവസരം ഒരുക്കുന്നുണ്ട്. ചെറുതും വലുതുമായ പാപഭണ്ഡാരങ്ങളെ ത്തന്നെ ശേഖരിച്ചവർക്ക് സദ് പ്രവൃത്തികളെ കൊണ്ട് പാപവും ശിക്ഷകളും കുറയ്ക്കാനും, അസാധാരണമായി പുണ്യം തന്നെ നേടാനും അവസരങ്ങളെ സൃഷ്ടിക്കുകയാണ് മഹാവാത്സല്ല്യം കൂടിയായ ദൈവം മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ചെയ്യുന്നത്. പ്രായശ്ചിത്തം ചെയ്യാൻ ദൈവം അവസരം കൊടുക്കുന്നു. ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, മഹാപുനർജ്ജന്മ സിദ്ധാന്തം എന്നിവയും മേല്പടി മഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.**

**പശ്ചാത്താപം കൊണ്ട് ശിക്ഷകളെ തജ്ജന്മത്തിൽ നിന്ന് അടുത്ത ഒന്നോ അനേകമോ ജന്മങ്ങളിലേക്ക് മാറ്റിനൽകും എന്നല്ലാതെ ഒഴിവാക്കുന്നതല്ല.**

**എല്ലാ കുഞ്ഞുങ്ങൾക്കും മഹാസമനീതി എന്ന മഹാസമ ആനന്ദത്തെ ഉറപ്പാക്കുന്ന ഓംകാര നീതിശാസ്ത്രം മഹാവാത്സല്ല്യം ആണ് എന്നതിനൊപ്പം മഹാസമനീതിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നതല്ല.**

**ദൈവ പ്രീതി ഉദ്ദേശിച്ച് സ്തുതികളും വഴിപാടുകളും നടത്തുന്നവർക്ക് ശിക്ഷ കുറയില്ല; പ്രീതി നീതിക്ക് തടസ്സമാണ്; ദൈവശിക്ഷകൾ വർദ്ധിച്ചെന്നും വരും. 'ഓം നമഃ ശിവായ' എന്ന സ്തുതിയെ ദൈവം ഒരല്പം അനുവദിക്കുന്നതിനെ ശാസ്ത്ര പരമായി കഴിഞ്ഞ ഒരു അദ്ധ്യായത്തിൽ വിശദമാക്കിയിരുന്നു.**

**ഇനി, മറ്റു ചില ഗൗരവമായ പിഴവുകളെ ചൂണ്ടിക്കാട്ടാം :**

**വൈദ്യുതി വിളക്കുകൾ ഗൃഹങ്ങളിലും സ്ഥാപനങ്ങളിലും മത-ദേവാലയങ്ങളിലും ഏറ്റവും നല്ല വെളിച്ചം നൽകുമ്പോൾ, കാലത്തിനൊപ്പം സഞ്ചരിക്കാതെ എണ്ണയും നെയ്യും മെഴുകുതിരിയും, അദ്ധ്വാനവും മറ്റും പാഴാക്കി ക്കൊണ്ട് വ്യത്യസ്ത മത-ദേവാലയങ്ങളിൽ നൂറ് - ആയിരം - ലക്ഷം വിളക്കുകൾ കത്തിക്കുന്നത് ആർക്കു വേണ്ടി എന്നും എന്തിനു വേണ്ടി എന്നും ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള മഹാശാസ്ത്രം പ്രകാരം വിശദീകരിക്കണം. പ്രകാശം ഉൾപ്പെടെ സർവ്വം സൃഷ്ടിക്കുന്ന, സർവ്വത്തിനും അതീതമായ ദൈവത്തിന് വിളക്ക് വേണ്ട.**

ഇരുട്ടത്ത് കണ്ണുകാണാത്ത മനുഷ്യനാണ് വെട്ടവും വിളക്കും ആവശ്യമുള്ളത്. ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങൾക്ക് ചൂടാനും ആനന്ദിക്കാനുമായി മഹാമാതാവായ ദൈവം സൃഷ്ടിച്ച പൂക്കളെ വിഗ്രഹങ്ങളിൽ അണിയാനും, കുശുകുശു മന്ത്രങ്ങൾ ജപിക്കാനും മണ്ണിന്റെ നിയമങ്ങൾ ആവശ്യപ്പെടുന്നില്ല. പാലും പഴവും നെയ്യും തേനും തേങ്ങയും മാങ്ങയും മറ്റും ദൈവത്തിന്റെ വിശന്നിരിക്കുന്ന കുഞ്ഞുങ്ങൾക്ക് നൽകാതെ വിഗ്രഹത്തിൽ കൊട്ടിയിട്ടും തേച്ചു പിടിപ്പിച്ചും മറ്റും പാഴാക്കുന്നത് പൈശാചികമാണെന്ന് അവയെ ഭക്ഷിക്കാതെ വിഗ്രഹങ്ങൾ തന്നെ അറിയിക്കുന്നുണ്ട്.

ശിവലിംഗം മാത്രമേ ദേവാലയങ്ങളിൽ പാടുള്ളൂ, വിഗ്രഹ നിർമ്മാണം പോലും പാടില്ലെന്ന് വേറെ വിശദീകരിച്ചിട്ടുണ്ട്.

മതങ്ങൾ അങ്ങനെ അല്ലല്ലോ പറഞ്ഞിരിക്കുന്നത് എന്ന വർത്തമാനം / വാദം വേണ്ട.

ദൈവത്തിന് സൃഷ്ടികളിൽ നിന്ന് സഹായം വേണ്ട; ദൈവം നൽകിയ സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം ധർമ്മ ശാസ്ത്ര പ്രകാരം ഉപയോഗിച്ച് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ച് ജീവിക്കേണ്ടതിനു പകരം, നീചരും കള്ളരുമായ മനുഷ്യർ സൃഷ്ടിയുടെ ഉദ്ദേശത്തെ മരണവുമായും, മരണാനന്തര ജീവിതവുമായും ബന്ധിപ്പിച്ചു കൊണ്ട് തട്ടിക്കൂട്ടിയ കള്ള-ക്കൊള്ള-ക്കപട-കോപ്രായങ്ങളാണ് മതങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന് ചുരുക്കി പറയാം.

മഹാഉചിതമായ സമയത്ത്, ദൈവ കാര്യങ്ങൾ ഉൾപ്പെട്ട ആത്മീയ ശാസ്ത്രത്തെ, സ്വന്തം ഭാഗമായ പരമശിവനിലൂടെ ദൈവം നേരിട്ട് കുഞ്ഞുങ്ങളെ/ മനുഷ്യരെ പഠിപ്പിക്കുന്നതാണ്.

**മഹാനീതിയായ ഭൂമി @ മഹാഗോമാതാവ് @ മഹാദേവി, സ്വന്തം ഭാഗമായ പരമശിവനിലൂടെ, മണ്ണായ ഭൂമിയിലെ വസ്തുക്കളിലും, അവ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരത്തിലും ലയിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം, ഭൂമിയിൽ ജനിക്കുകയും വളരുകയും (ജീവിക്കുകയും) ചെയ്യുന്ന മനുഷ്യർക്ക് സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമല്ലാത്ത ദൈവ വിപ്ലവത്തിനു മുമ്പും, രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമായ ശേഷവും - എല്ലായ്പ്പോഴും - ഓംകാര നീതിശാസ്ത്രം മാത്രമാണ് ബാധകമാവുക. ഓംകാര നീതിശാസ്ത്രം പ്രകാരം മാത്രമാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ളത്; സംഹാരം എന്നാൽ സൃഷ്ടിചക്രങ്ങളിലെ ജീവികളുടെ പരിണാമവും, മനുഷ്യാവസ്ഥയിലെ മോക്ഷവുമാണ്.**

**പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ബ്രഹ്മം, ഏകദൈവമായ മഹാദേവിയും, ~ഭാഗമായ മഹാദേവനുമായി, ദിവ്യമഹാവിദ്യയിലൂടെ രണ്ടാവാതെ രണ്ടായി പ്രവർത്തിക്കുമ്പോൾ, മഹാദേവിയും ~ ഭാഗവും മഹാദേവനുമായ പരമശിവനും ചേർന്ന ഭൂമിയായ മഹാദേവി മാത്രമാണ് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം.**

ആരെ കണ്ടാലും, എന്തെങ്കിലും അറിഞ്ഞാലും, ശാസ്ത്ര പരമായ ഒരു പരിശോധനയും ഇല്ലാതെ ദൈവങ്ങളെന്ന് പേരിട്ട് ആരാധനകളും ജപവും വഴിപാടുകളും ആരംഭിക്കുമ്പോൾ, ഏകദൈവത്തിനെ എത്ര വേണമെങ്കിലും നിന്ദിക്കാമെന്നാണോ ?

ദൈവങ്ങൾ എന്ന് സൃഷ്ടികളായ ജനങ്ങൾ പറഞ്ഞാൽ, സൃഷ്ടികളായ ദേവതകൾ ദൈവം/ദൈവങ്ങൾ ആവില്ല !

ഉദാഹരണത്തിന്, അയ്യപ്പൻ, മുരുകൻ, ഗണപതി എന്നിവർ ശിവൻ എന്ന ഒരു ദേവതയുടെ മക്കളാണെന്ന് അഥവാ സൃഷ്ടികളാണെന്ന് പുരാണങ്ങൾ തന്നെ പറയുന്നുണ്ട്.

ദൈവങ്ങൾ എന്ന് മനുഷ്യ-കീടങ്ങൾ തെറ്റിദ്ധരിക്കുകയും പേരിടുകയും ചെയ്തിട്ടുള്ള അയ്യപ്പൻ, മുരുകൻ, ഗജപാതിമാർ (ഗണപതി/വിഘ്നേശ്വരൻ), നാരായണൻ (വിഷ്ണു), കൃഷ്ണൻ തുടങ്ങിയ ദേവതകൾ മുഴുവനും, ആദ്യ മഹാകാല ചക്രത്തിലെ മനുഷ്യരിൽ നിന്നും മോക്ഷം നേടിയ ഏതാനും പേർക്ക് താൽക്കാലികമായി നൽകിയ പദവികൾ മാത്രമാണ്. ഉദാഹരണത്തിന്, നാരായം കൊണ്ട് ചരിത്രം എഴുതാൻ പരമശിവനിലൂടെ നിയോഗിച്ച ഒരു ദേവത മാത്രമാണ് നാരായണൻ. മനുഷ്യരെ പ്പോലെ എന്ന് വിശേഷിപ്പിക്കാവുന്ന, സൃഷ്ടികൾ മാത്രമാണ് എല്ലാ ദേവതകളും. മനുഷ്യരെ പ്പോലെയുള്ള അവരുടെ ജനന ചരിത്രം സാക്ഷ്യമാണ്. പരമശിവന്റെ സന്താനങ്ങളായ മേൽ സൂചിപ്പിച്ച, ദേവതകൾ മുഴുവനും മനുഷ്യരായി പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്.

ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവി, ഭാഗമായ പരമശിവനിലൂടെ ആദ്യ മഹാകാല ചക്രത്തിൽ ഭൂമിയിലെ ഏതാനും കാര്യങ്ങളെ സൃഷ്ടികൾക്കു വേണ്ടി ത്തന്നെ ചെയ്യാൻ, പ്രതിഫലം കൊടുത്ത് നിയോഗിച്ച ദേവതകൾ സൃഷ്ടികൾ മാത്രമാണ് എന്നിരിക്കെ, മനുഷ്യരും ദേവതകളുമായ സൃഷ്ടികൾ, നേരിട്ട് കാണുമ്പോൾ അന്യോന്യം ആദരിക്കുക എന്നതിനു പകരം ആരാധിക്കാൻ പാടില്ല.

മഹാശക്തിയായ മഹാദേവിയെ പോലും അനുവാദം ഇല്ലാതെ ആരാധിക്കാൻ പാടില്ല എന്നിരിക്കെ, ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളായ മൊബൈൽ ഫോണും വാഹനങ്ങളും ടെലിവിഷനും, തുടങ്ങിയ അനന്തമായ ശാസ്ത്ര  സംവിധാനങ്ങളെ ആസ്വദിച്ചു കൊണ്ട്, ദൈവം നൽകിയ ബുദ്ധിശക്തികളെ ഉപയോഗിക്കാതെ ശാസ്ത്ര വിരുദ്ധമായി എന്തിനെയും എങ്ങനെയും ആരാധിക്കാൻ ഇറങ്ങിയിരിക്കുന്ന തെമ്മാടി ക്കൂട്ടങ്ങൾക്കെല്ലാം കടുത്ത ശിക്ഷ ഉണ്ട്. ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കേണ്ടതിനു പകരം മതജാതി കോപ്രായങ്ങളുടെ പേരിൽ സമൂഹത്തിൽ അസ്വസ്ഥത വർദ്ധിപ്പിച്ചു പോരുന്നതിന് മഹാനീതിയും ഏകദൈവവുമായ മഹാദേവി @ ഭൂമി ശിക്ഷിക്കാൻ പാടില്ല എന്ന് ഭൂമിയിൽ ജീവിച്ചു കൊണ്ട് വാദിക്കുന്ന കീടങ്ങൾ ഉണ്ടെങ്കിൽ, ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതികമായ അസ്തിത്വം ഉള്ളതായ ഭൗതിക-ധർമ്മ-ശാസ്ത്രങ്ങൾ പ്രകാരമുള്ള ഹാജരാക്കണം. പുനർജ്ജന്മ സിദ്ധാന്തം ഉണ്ടെന്നു വിശ്വസിക്കുന്നവർ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ അന്വേഷിക്കാനും പഠിക്കാനും തയ്യാറാവാഞ്ഞത് എന്തുകൊണ്ടാണ് ? കുഞ്ഞങ്ങളേ, ശിക്ഷയുണ്ട്..

**മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളുടെ ശരീര-കോശങ്ങളിലും മഹാസ്ഥാപിച്ചിട്ടുള്ള മഹാനീതിശാസ്ത്ര-നിയമങ്ങൾ പ്രകാരം, പ്രത്യക്ഷമല്ലാതെ എന്നോണവും സ്വാഭാവികമെന്നോണവും ജീവികൾ ശിക്ഷിക്കപ്പെടുന്നു. ദൈവം 'മായ' പ്രത്യക്ഷമാക്കുമ്പോൾ, ശക്തിശാസ്ത്രവും ബാധകമാകുന്നതാണ്. മായ പ്രത്യക്ഷമായിരിക്കുന്ന കാലത്ത് മഹാശക്തിയായ മഹാദേവി 70% മാത്രം ശക്തികളെ സ്വയം സ്വീകരിച്ചുകൊണ്ട് തന്റെ മഹാദാസനും പതിയും പ്രപഞ്ചപിതാവുമായ പരമശിവന് 30% ശക്തികളെ മഹാഅനുഗ്രഹിച്ചു നൽകുന്ന മഹാസംവിധാനമാണ് ശക്തി-വിതരണ ശാസ്ത്രം അഥവാ ശക്തിശാസ്ത്രം. മഹാ-അനുഗ്രഹത്തോടെ മറ്റൊരിക്കൽ വിസ്തരിക്കാം. കുഞ്ഞുങ്ങളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ മഹാമാതാവായ മഹാദേവി, പരമശിവനെക്കൊണ്ടു മാത്രം ശിക്ഷിക്കുകയും, സ്വയം മഹാവാത്സല്യം മാത്രമായി മഹാവർത്തിക്കുന്നതുമാണ്.**

**ഓംകാര നീതിശാസ്ത്രത്തിന്റെ മഹാ-ഭീമത്വം സാധാരണജനങ്ങളെ സന്തോഷിപ്പിക്കുക തന്നെയാണ് ചെയ്യുക. എന്നാൽ വ്യക്തിസ്വാതന്ത്ര്യത്തെ ധർമ്മ ശാസ്ത്ര വിരുദ്ധമായി ഉപയോഗിക്കുന്നവർ, തീർച്ചയായും കടുത്ത ശിക്ഷകളെ ഏറ്റുവാങ്ങേണ്ടതുണ്ട്.**

**കുഞ്ഞുങ്ങളുടെ അജ്ഞാനം കൊണ്ടും ദുസ്വാർത്ഥം കൊണ്ടും ആണെങ്കിൽ പോലും തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ തന്നെ ഭയക്കുന്നത് കർത്താവായ ദൈവം @ മഹാദേവി ഒട്ടും ഇഷ്ടപ്പെടുന്നില്ല. 1000 കോടി വർഷങ്ങളടങ്ങിയ ആദ്യ മഹാകാലചക്രത്തിൽ കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയായി കഴിയുകയും, മഹാപ്രപഞ്ചത്തിന്റെ ഭരണത്തെ മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നുമൊക്കെ വ്യത്യസ്ത മതങ്ങൾ പ്രകാരം അറിയപ്പെടുന്നവരെ ഏല്പിച്ചുകൊടുത്തത് തന്റെ കുഞ്ഞുങ്ങളെ മഹാശക്തി കൊണ്ടല്ലാതെ മഹാവാത്സല്യം കൊണ്ടു മാത്രം ജയിക്കാനും, മഹാവാത്സല്യമാണ് താനെന്ന് എല്ലാ അർത്ഥത്തിലും ബോദ്ധ്യമാക്കാനുമാണ്.**

**മഹാപിതാവും മഹാമാതാവും മഹാനീതിയുമായ ദൈവം, 'സ്ത്രീരൂപം സ്വീകരിക്കുന്നതും മഹാമാതാവായി മാത്രം അവതരിക്കുന്നതും' സമസ്ത ജീവികളുമായ തന്റെ കുഞ്ഞുങ്ങളെ മഹാവാത്സല്യത്തോടെ തന്നിലേക്ക് ചേർത്തു നിർത്താനാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

**ന്യൂനശക്തികളിലൂടെ ലഭ്യമാക്കുന്ന പാഠങ്ങളിൽ ജനങ്ങൾക്ക് വീണ്ടുവിചാരം ഉണ്ടാകട്ടെ ! ദൈവ കാര്യങ്ങളെ ദൈവം ശ്രദ്ധിച്ചു കൊള്ളും. അവയിൽ തലയിട്ട് ഒരു കാര്യവുമില്ലാതെ കുഞ്ഞുങ്ങൾ പാപവും ശിക്ഷകളും വാരിക്കൂട്ടുമ്പോൾ കുഞ്ഞുങ്ങൾക്ക് മാത്രമാണ് നഷ്ടങ്ങളും കോട്ടങ്ങളും ഉണ്ടാവുക.**

**പരമശിവന്റെ സന്താനങ്ങൾ എന്നു പറഞ്ഞത് ശരിയാണോ എന്ന് ചോദിക്കുന്നവരും, 'മാതാപിതാക്കൾ' എന്നതിനെ അനുകരിച്ച് 'ശിവയായ മഹാദേവിയുടെ നാമം ആദ്യം പറയുന്നതാണ് ശരിയെന്ന് വിശ്വസിക്കുന്നവരും' ഉണ്ടാകും. എല്ലാവരും അടിസ്ഥാനപരമായി പരമശിവന്റെ മാത്രം പുത്രനും പുത്രിയും ആണ്. മുമ്പ് സൂചിപ്പിച്ചതാണ് :- ഏകദൈവവും മഹാശക്തിയുമായ മഹാദേവിയുടെ അംശങ്ങൾ എപ്പോഴും മഹാശക്തികൾ തന്നെയാണ്. സൃഷ്ടി മാത്രമായ ജീവികളെ /ആത്മാക്കളെ എന്തും ഏതും എങ്ങനെയും തനിച്ചു ചെയ്യാൻ കഴിവുള്ള മഹാശക്തികളായി സൃഷ്ടിക്കാൻ പാടില്ല / കഴിയില്ല എന്നാണ് അതിന്റെ അർത്ഥം. ഏകദൈവവും മഹാശക്തിയുമായ മഹാദേവിയുടെ ഇഷ്ടം പോലെ അഥവാ ഓംകാര നീതിശാസ്ത്ര പ്രകാരം ജീവവും നിർജ്ജീവവുമായി പ്രവർത്തിക്കുന്ന ശിവ ചക്രത്തിന്റെ മാത്രം അംശമാകുമ്പോൾ ജീവാത്മാവിന്, ദൈവമായ മഹാദേവിയുടെ ഇഷ്ടം പോലെ നിർജ്ജീവവും ജീവവുമായി പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. പരമശിവന്റെ മാത്രം മക്കൾ** എന്നതിനാലാണ് ബൈബിളിലും മറ്റും **പിതാവിനെ വിളിക്കുന്നതും**, മാതാവിനെ വിളിക്കാത്തതും ! സൗന്ദര്യം, നിറം, മുഖഛായ തുടങ്ങിയ പ്രകട ജന്മഗുണങ്ങളായി, മുഖ്യമായും ചർമ്മത്തിലൂടെയും രക്തത്തിലൂടെയും, ജീവാത്മാവ് ശരീരം മുഴുവൻ വ്യാപരിക്കുന്നത് വേറെ വിശദീകരിച്ചിരുന്നു.

**പരമാത്മാവായ ശിവന്റെ അംശം/ കുഞ്ഞ് മാത്രമാണ് ജീവാത്മാവ്.**

**സമുദ്രത്തിലെ ഒരു തുള്ളി ജലം സമുദ്രം അല്ല. പിതാവായ ശിവനും പുത്രനായ/പുത്രിയായ ജീവാത്മാവും ഒന്നാണെന്ന് ഭാവന ചെയ്യുന്നതു പോലും പാപമാണ്.**

**സ്വന്തമായി യാതൊരു ശക്തിയും ഇല്ലാത്ത ജീവാത്മാവ് അനുഭവിച്ച് അറിയുന്ന പോലെ, ഏകദൈവവും ഭൂമിയും മഹാശക്തിയുമായ മഹാദേവിയുടെ അംശം അല്ലാ ജീവാത്മാവ്. അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന് അനന്തമായ ആനന്ദങ്ങളെ നേടി ജീവിക്കാനായി, ദൈവത്തിന്റെ ഖര രൂപമായ ഭൂമിയുടെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരം എന്ന ദൈവാംശത്തെ, പ്രത്യക്ഷ ദൈവം പോലെയും, 'ഓരോ ദൈവം' ഓരോ ജീവാത്മാവിനും എന്നതുപോലെയും നൽകുന്നു. അതായത്, 'തത്ത്വമസി' തെറ്റാണെന്ന് സുവ്യക്തമാണ്.**

**ജനങ്ങളും / മനുഷ്യരും, മറ്റുള്ള ജീവികളും, അയ്യപ്പൻ ഉൾപ്പെടെയുള്ള ദേവതകളും ഒരേപോലെ സൃഷ്ടികളും 'എല്ലാവരും മഹാദേവിയുടെയും മഹാദേവന്റെയും കുഞ്ഞുങ്ങളാണ് ' എന്ന അർത്ഥത്തിൽ ശരിയുമാണ്. പുനർജ്ജനിച്ച് കേരളത്തിൽ ജീവിക്കുന്ന അയ്യപ്പൻ ഒരു പെൺകുട്ടിയുമാണ് !**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
എന്ന ദിവ്യമഹാവേദ ഗ്രന്ഥം പഠിക്കാൻ സാധിച്ചാൽ

# ഏകദൈവമായ മഹാദേവിയെ

അട്ടിമറിച്ച് നാരായണൻ, കൃഷ്ണൻ തുടങ്ങിയ ദേവതകൾ പ്രത്യേക സാഹചര്യത്തിൽ ദൈവമാകാൻ ശ്രമിക്കുന്നതു കാണാം. അങ്ങനെയുള്ളവർ ത്രിമൂർത്തികൾ ചേർന്ന ദൈവം, ത്രിമൂർത്തികളും അവരുടെ ഭാര്യമാരും ചേർന്ന ദൈവം, ആദിപരാശക്തി എന്ന ഏകദൈവം സൃഷ്ടിച്ച ത്രിമൂർത്തികൾ എന്ന ദൈവങ്ങൾ, എന്നെല്ലാം കഥകൾ ഉണ്ടാക്കുന്നതും, അവയെല്ലാം ശാസ്ത്ര പരമായി വിശകലനം ചെയ്യാതെ മതജീവികൾ പിൻപറ്റുന്നതും പ്രചരിപ്പിക്കുവാൻ ആവേശപ്പെടുന്നതും വളരെയധികം പൈശാചികമാണ്.

**ആദ്യ മഹാകാല ചക്രവുമായി ബന്ധപ്പെട്ട ദേവതകൾ, പരമാത്മാവായ ശിവചക്രത്തിന്റെ അംശങ്ങളായ കോടാനുകോടി ജീവാത്മാക്കളിൽ പെടുന്നു. ദേവതകളെ, മാലാഖമാർ, മലക്കുകൾ എന്നിങ്ങനെ വിളിക്കുമ്പോൾ, ദേവതകളുടെ ഭൂമിയിലെ താവളങ്ങൾ ഇന്ത്യയും കേരളവും തമിഴ്നാടുമാണ്. കാരണങ്ങളെ മേല്പടി ഗ്രന്ഥത്തിൽ ശാസ്ത്ര പരമായി വിവരിച്ചിട്ടുണ്ട്. ശാസ്ത്ര വിരുദ്ധമായ പ്രവർത്തനങ്ങളെ ശരിവെച്ചു കൊണ്ട് തോന്നുംപോലെ ജീവിക്കാൻ ഇഷ്ടപ്പെടുന്നവർ, ശാസ്ത്ര പരമായ ആനന്ദങ്ങളെ ഉപേക്ഷിക്കാനുള്ള സാമാന്യ മര്യാദ കാണിക്കണം. ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളായ മൊബൈൽ ഫോണും വാഹനങ്ങളും ടെലിവിഷനും, തുടങ്ങിയ അനന്തമായ ശാസ്ത്ര സംവിധാനങ്ങളിൽ, ആധുനിക ഭവനങ്ങളും, വസ്ത്രങ്ങളും ആഭരണങ്ങളും, തീ കൊണ്ട് പാചകം ചെയ്ത ഭക്ഷണ സാധനങ്ങളും ഉൾപ്പെടുന്നുണ്ട് ! അവയെല്ലാം ഉപേക്ഷിച്ച് കേമത്തം കാട്ടുവിൻ .....!**

**സ്വയംഭൂ അല്ലാത്തവരും, പ്രപഞ്ചത്തിന് അതീതമല്ലാത്തവരുമായ സൃഷ്ടികൾക്ക് ഇഷ്ടങ്ങളും താല്പര്യങ്ങളും ഉണ്ടാകുന്നതും, അതിനൊപ്പം അവരുടെ ഇഷ്ടക്കാർ പ്രവർത്തിക്കുന്നതും സ്വാഭാവികം മാത്രം.**

**ആധുനിക കാലത്തെ വ്യാഖ്യാനം പ്രകാരം, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവം എന്ന വ്യാഖ്യാനം 'അല്ലാഹു' എന്ന മതദൈവത്തിനു ചേരുമെങ്കിലും, യജമാനൻ എന്ന തെറ്റായ കർക്കശ ഭാവം അല്ലാഹുവിനെ പുരുഷനോ, പുരുഷ സമാനനോ ആക്കുന്നുണ്ട്. കൂടാതെ,**

www.omsathyam.com/GodlyRevolution/MahaaVedam.pdf

**എന്ന മഹാവേദ ഗ്രന്ഥം പഠിച്ചാൽ,**

**ധർമ്മകാര്യങ്ങളെ ശ്രദ്ധിക്കാൻ നിയോഗിച്ച ധർമ്മാംബിക എന്ന ഒരു സ്ത്രീ ദേവത, കാലക്രമേണ വാത്സല്യം നഷ്ടപ്പെട്ട്, പുരുഷന്റെ പാരുഷ്യം കൈവന്ന്, സ്വന്തം പേര് തന്നെ മറന്നുപോകുന്നതും, മറ്റൊരു ദേവതയുമായുള്ള ഏറ്റുമുട്ടലിൽ ഭൂമിയുമായുള്ള ബന്ധം നഷ്ടപ്പെട്ട് ആകാശത്ത് വസിച്ചിരുന്നതും, ഒരിക്കൽ അതിശക്തനായിരുന്ന പ്രസ്തുത ദേവതയായിരുന്നു അല്ലാഹു എന്നും പഠിക്കാനാവും.**

**ഇത്തരം സത്യങ്ങളെ വിശ്വസിക്കാനും പ്രചരിപ്പിക്കാനും സാഹസം വേണ്ട. എന്തെന്നാൽ, യാതൊരു ദേവതകളുടെയും ചരിത്രങ്ങൾക്കും ഒപ്പം മതമനുഷ്യർ തട്ടിക്കൂട്ടിയ കഥകൾക്കും ദുർവ്വാദങ്ങൾക്കും ഇനി ഒട്ടും പ്രസക്തി ഇല്ല; ദൈവ വിപ്ലവം വിദൂരമല്ല. ഉടനെ ഭൂമിയിൽ മുഴുവൻ**

**ഓം മുഴങ്ങുന്നതോടെ നാളതുവരെ ചുമന്നു നടന്ന മത -ഗ്രന്ഥങ്ങളെ ചുട്ടെരിക്കാനും മണ്ണിന്റെ നിയമങ്ങളെ പഠിക്കാനും പാലിക്കാനും ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ- ഭ്രാന്തർ, ശരിക്കും വെകിളി പിടിച്ച് ഓടി നടക്കുന്നത് വൈകാതെ കാണാം; കൂട്ടത്തിൽ ഓടുകയും ചെയ്യാം !**

## ഭൂമിയിൽ മുഴുവൻ തുടർച്ചയായി 3 മുതൽ 33 വർഷം ഓം മുഴങ്ങി ക്കൊണ്ടുള്ള ദൈവ വിപ്ലവത്തിനു ശേഷം വേദങ്ങളെ ചിട്ടപ്പെടുത്തി പുനഃപ്രസിദ്ധീകരിക്കുമ്പോൾ, ബ്രഹ്മം, മഹാദേവി, പരമശിവൻ, എന്നീ 3 ദൈവ- നാമങ്ങളും, അവയുമായി ബന്ധപ്പെട്ട മറ്റു നാമങ്ങളും മാത്രം, മഹാശാസ്ത്രത്തിൽ @ മഹാവേദത്തിൽ നിലനിർത്തുന്നതാണ്.

ദേവതകൾ/ മാലാഖമാർ/ മലക്കുകൾ, ദുർദ്ദേവതകൾ, മനുഷ്യർ, മറ്റുള്ള ജീവികൾ എന്നിവരുടെ നാമങ്ങൾ മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ഇല്ല; അതിനാൽ ഭൗതികമായ അസ്തിത്വവും ഇല്ല; വേദങ്ങളിലും ഉണ്ടാവില്ല.

**മഹാദേവി, ~ഭാഗമായ പരമശിവനിലൂടെ നാളിതുവരെ വെളിപ്പെടുത്തിയ പാഠങ്ങളിൽ,** ദുർദ്ദേവതയായി അധഃപതിച്ച നാരായണൻ മുമ്പുണ്ടാക്കിയ കരാർ നിമിത്തം വന്നു കൂടിയ ചെറിയ ചെറിയ പിഴവുകളെ തിരുത്തിക്കൊണ്ട് മഹാവേദത്തെ / മഹാശാസ്ത്രത്തെ മഹാദേവി, പരമശിവനിലൂടെ വീണ്ടും പ്രസിദ്ധീകരിക്കുന്നതാണ്. മഹാവേദ ഗ്രന്ഥങ്ങളിലെ ഉള്ളടക്കത്തിന് അത്യപൂർവമായി മണ്ണിന്റെ നിയമങ്ങളിൽ നിന്ന് വ്യത്യാസം കണ്ടാൽ, മണ്ണിന്റെ/ മണ്ണിലെ നിയമങ്ങൾ മാത്രമാണ് പരമമായ സത്യം എന്ന് അറിഞ്ഞു കൊള്ളണം. മഹാദേവിയുടെ മഹാവിളയാടലിന്റെ ഭാഗമായും, മഹാദേവി പരമശിവനെ മുന്നിൽ നിർത്തി നടത്തുന്ന മഹാവിളയാടലിന്റെ ഭാഗമായും; ക്രമപ്രശ്നങ്ങൾ ഉണ്ടായാൽ മണ്ണിന്റെ/ മണ്ണിലെ നിയമങ്ങൾ മാത്രമാണ് പരമ സത്യം എന്ന് ഉറപ്പിച്ചു കൊള്ളണം. വേദ ഗ്രന്ഥങ്ങളും 'സംഹാരം' പൂർണ്ണമാകുമ്പോഴേക്കും 'സംഹരിക്കപ്പെടും !

# മഹാപുനർജ്ജന്മ സിദ്ധാന്തത്തിലെ അല്പഭാഗം ചുവടെ ചേർക്കുന്നു :

**ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഭൂമിയിലെ എല്ലാ മനുഷ്യരും (എല്ലാ ജീവികളും), മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മാത്രമാണ് ജീവിക്കുന്നത്.**

... എല്ലാ കുഞ്ഞുങ്ങൾക്കും എല്ലാ ആനന്ദങ്ങളെയും മഹാ-സമമായി ആസ്വദിക്കുവാൻ അവസരം നൽകുന്ന മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം... 50 സ്ത്രീ ജന്മം, 50 പുരുഷ ജന്മം എന്നിങ്ങനെ ഓരോ മനുഷ്യനും 100 ജന്മങ്ങളിലൂടെ സ്ത്രീ-പുരുഷ സമത്വവും നേടുന്നു എന്ന് ശാസ്ത്രപരമായി തെളിയിക്കുമ്പോൾ, സ്ത്രീ-പുരുഷ സമത്വങ്ങളെ മംഗളപ്പെടുത്തുന്ന മഹാനീതിവ്യവസ്ഥിതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം. സമത്വങ്ങളുടെ പേരിൽ മനുഷ്യർ നടത്തുന്ന കോപ്രായങ്ങൾക്ക് അതോടെ അവസാനം ഉണ്ടാകുന്നതുമാണ്. .. തീർന്നില്ല, മനുഷ്യരുടെ ഭരണത്തിന് അനുവദിച്ചിട്ടുള്ളതായ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, നീതിശാസ്ത്രം എന്നിവയുടെ ഘടകങ്ങളിൽ മനുഷ്യർ പിഴവുകളെ വരുത്തുമ്പോൾ, അവയെ പരിഹരിക്കുവാനും, മനുഷ്യർക്ക് തെറ്റുകളെ തിരുത്തുവാൻ അവസരങ്ങൾ നൽകുന്നതിനും, സമനീതി നടപ്പാക്കുന്നതിനുമുള്ള മഹാ-പദ്ധതിയാണ് ... മഹാനീതിശാസ്ത്രം പ്രകാരം സമസ്ത ജീവികളെയും ശിക്ഷിക്കുവാനും തിരുത്തുവാനുള്ള മഹാപദ്ധതിയുമാണ്. 100 ജന്മങ്ങളിലൂടെ ഓരോ മനുഷ്യനും കടന്നു പോകുമ്പോൾ, ഭൂമിയിലുള്ള അനന്തമായ ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും മനുഷ്യന് അവസരമുണ്ടാകുന്നു. 100 ജന്മങ്ങൾക്കു ശേഷം മോക്ഷം നേടുമ്പോൾ, മനുഷ്യന് താൻ ഭൂമിയിൽ വച്ച് അനുഭവിച്ച അനന്തമായ ആനന്ദങ്ങളെ വീണ്ടും അനന്തമായി അനുഭവിച്ചു കൊണ്ടിരിക്കുവാൻ മഹാവാത്സല്യം കൂടിയായ മഹാദേവി എല്ലാ കുഞ്ഞുങ്ങളെയും അനുഗ്രഹിക്കുന്നു.

ജീവന്റെയും ജീവാത്മാവിന്റെയും വാതക-ഭൗതിക അസ്തിത്വവും, അവയുടെ പ്രവർത്തനങ്ങളും ഗൂഢമാക്കിയിരിക്കുന്നത് ജീവികളുടെ ആനന്ദത്തെ വർദ്ധിപ്പിക്കാനാണ്. **മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരമുള്ള പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, മുജ്ജന്മ കാര്യങ്ങളെ വെളിപ്പെടുത്തരുതേ എന്ന് ഏറെ ജനങ്ങളും ദൈവത്തോട് കേഴുന്നതാണ്. ആവക കാര്യങ്ങളെപ്പറ്റി ഹ്രസ്വമായി സൂചിപ്പിച്ചശേഷം മഹാപുനർജ്ജന്മ സിദ്ധാന്തത്തെപ്പറ്റി തുടരാം** : (1) ഈ ജന്മത്തിൽ ഇന്ത്യയിൽ ജീവിക്കുന്ന മത-തീവ്രവാദി, കഴിഞ്ഞ ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ മറ്റൊരു മതംപ്രകാരമുള്ള തീവ്രവാദി ആയിരുന്നുവെങ്കിൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക. ഹിന്ദുമതത്തിൽ പുനർജ്ജന്മ സിദ്ധാന്തത്തെ വളരെയധികം സ്വീകരിച്ചിരിക്കെ, അങ്ങനെയൊരു സാദ്ധ്യതയെ തള്ളിക്കളയുവാൻ ഹിന്ദുമത പണ്ഡിതനു കഴിയുമോ ? പ്രസ്തുത പണ്ഡിതന്റെ വ്യക്തിഗത കാര്യത്തിൽ അത്തരം വിശേഷമുള്ളതിനെ തെളിയിച്ചാൽ ... ചിന്തിക്കുക. മാനുഷിക നിഗമനങ്ങളെ അനുസരിച്ചല്ല മഹാശക്തിയായ ദൈവം പുനർജ്ജന്മങ്ങളെ നിർവ്വഹിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മത-ജാതി-ദേശ-വർണ്ണ-ഭാഷാ.. തുടങ്ങിയ ജന്മഗുണ വ്യത്യാസങ്ങളുടെ പേരിൽ കലഹിക്കുന്നവരും ബഹുവിധ തീവ്രവാദത്തിൽ ഏർപ്പെടുന്നവരും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും ഭോഷ്ക്കുകളും വളരെയധികം ഭീകരമാണ് എന്നും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്നവയും മാത്രമാണെന്നു തെളിയുന്നതാണ്. (2) ഈ ജന്മത്തിൽ ഇന്ത്യയിൽ ജീവിക്കുന്ന മത-തീവ്രവാദി, അടുത്ത ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ മറ്റൊരു മതംപ്രകാരമുള്ള തീവ്രവാദി ആയാൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക... .. (5) ഇന്നത്തെ മത തീവ്രവാദി, ഇന്നലെകളിൽ ജീവിച്ച മറ്റൊരു മതത്തിലെ തീവ്രവാദിയെ ഭർത്സിക്കുകയും അയാളെ മോശമാക്കിയുള്ള പ്രഭാഷണങ്ങളെ നടത്തുകയും ചെയ്യുമ്പോൾ, ഇന്നലെയിലെ തീവ്രവാദിയുടെ പുനർജ്ജനനമാണ് താനെന്ന് തെളിയിക്കപ്പെട്ടാൽ ..... ചിന്തിക്കുക. (6) ഇന്നലെകളിലെ അനേകമനേകം പണ്ഡിതന്മാരും നേതാക്കളുമൊക്കെ ഇന്ന് മറ്റു ദേശങ്ങളിലും മറ്റു മതങ്ങളിലും മറ്റു തൊഴിൽ മേഖലകളിലും, എതിർ ലിംഗത്തിലും പെട്ടു ജീവിക്കുന്നതായി ........ ..... ചിന്തിക്കുക.

(7) മായ പ്രത്യക്ഷമാക്കിയ ശേഷം, ദൈവത്തെപ്പറ്റിയും മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാശാസ്ത്ര പ്രകാരം സുവ്യക്തമാക്കിയ ശേഷം മാത്രമേ സംഹാരം അഥവാ ആത്മീയസാക്ഷാത്ക്കാരം ആരംഭിക്കൂ എന്നിരിക്കെ, ഇന്നലെകളിൽ ജീവിച്ചു മരിച്ച പ്രഗത്ഭർ സ്വർഗ്ഗത്തിൽ പോയെന്നും ബ്രഹ്മത്തിൽ ലയിച്ചെന്നുമൊക്കെ കഥകൾ ഉണ്ടാക്കിയിട്ടുള്ളത് കടുത്ത അപരാധവും കടുത്ത ദൈവനിന്ദയും ശിക്ഷകളെ പിടിച്ചുവാങ്ങുന്ന കാര്യവുമാണ്. (8) തങ്ങളുടെയോ എതിരാളിയായി കരുതുന്നവരുടെയോ മുജ്ജന്മ പ്രതിമകൾക്ക് മാലയിട്ടു നടക്കുന്ന നികൃഷ്ട ജീവിതമാണ് ഇന്നത്തെ അനേകർ നയിക്കുന്നത് എന്നതിനെ പ്പറ്റി ചിന്തിക്കുക. (9) ഇന്നലെകളിൽ ഉന്നത ജാതിക്കാരനായി ജീവിച്ചയാൾ, ദുർബ്ബലരോട് കാട്ടിയ തെറ്റുകളുടെ അടിസ്ഥാനത്തിൽ ഇന്ന് ഹീന-ജാതിയെന്ന് വിശേഷിപ്പിക്കുന്ന ജാതികളിൽ പുനർജ്ജനിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. 20 വയസ്സുള്ള ഇന്നത്തെ താഴ്ന്ന ജാതിക്കാരൻ നൂറ്റാണ്ടുകളായി നാട്ടിൽ താഴ്ന്ന ജാതിക്കാർ ബഹുവിധ കഷ്ടപ്പാടുകളെ അനുഭവിക്കുന്നു എന്ന് അരിശത്തോടെയും അമർശത്തോടെയും പറയുമ്പോൾ, മേല്പടി 20 വയസ്സിനു മുമ്പ് ഉന്നത ജാതിക്കാരനായി ജീവിച്ച അയാളും അനേകരും താഴ്ന്ന ജാതിക്കാരെ ദ്രോഹിക്കുകയായിരുന്നു എന്നതറിയുന്നില്ല. ....... തെളിയിച്ചാൽ .... ചിന്തിക്കുക.

(10) ഇന്നലെകളിൽ ഇന്ത്യയിലും അമേരിക്കയിലും ജീവിച്ച അനേകം ധനവാന്മാർ, ഇന്ന് കടുത്ത ദാരിദ്ര്യത്തിൽ പെട്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ ജീവിക്കുന്നതായി ചിന്തിക്കുക .... തെളിയിച്ചാൽ ..... ചിന്തിക്കുക. (ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, മേൽ കൊടുത്തവ എല്ലായ്പ്പോഴും ഭൂമിയിൽ സംഭവിച്ചുപോരുന്ന സത്യങ്ങൾ മാത്രമാണ്.)

മേൽ വിവരിച്ചതു കൂടാതെയുള്ള മറ്റു ചില ഉദാഹരണങ്ങൾ ഇനി പറയാം :- (11) ഒരു കുടുംബത്തിലെ യുവതിയ്ക്ക്, തന്റെ മുജ്ജന്മത്തിലെ സ്നേഹസമ്പന്നയായ മാതാവ് അടുത്ത വീട്ടിലെ ചെറുപ്പക്കാരനായി ജന്മം എടുത്തിരിക്കുന്നത് തിരിച്ചറിയാൻ കഴിഞ്ഞാൽ .... ചിന്തിക്കുക.

(12) ഏതാനും വർഷം മുമ്പ് അപകടത്തിൽ മരിച്ച തന്റെ നല്ല ഭർത്താവ്, തന്റെ ബന്ധുവീട്ടിലോ, അടുത്ത വീട്ടിലോ, അയൽ നാട്ടിലോ കുഞ്ഞായി ജനിച്ചിരിക്കുന്നു എന്നു തിരിച്ചറിയാൻ കഴിഞ്ഞാൽ ..... ചിന്തിക്കുക. (13) തന്റെ മുജ്ജന്മത്തിലെ (നല്ല) ഭർത്താവിന്റെയും (ഭാര്യയുടെയും) നല്ല കുട്ടികളുടെയും ഓർമ്മകളെ ലഭിക്കുന്ന വ്യക്തി, അവർ ജീവിച്ചിരിക്കുന്നത് / പുനർജ്ജനിച്ചിരിക്കുന്നത് എവിടെ എന്നും മറ്റും കണ്ടുപിടിക്കാനും അവരോടൊത്തു ജീവിക്കാനുമായി ഇറങ്ങിപ്പുറപ്പെടുകയും ചെയ്താൽ ...... ചിന്തിക്കുക. (14) മുജ്ജന്മത്തിലെ ഭാര്യയെ അടുത്ത സുഹൃത്തിന്റെ/ മറ്റൊരാളുടെ ഭാര്യയായി തിരിച്ചറിയുകയും, സുഹൃത്തിനും /മറ്റൊരാൾക്കും ബന്ധുക്കൾക്കും മറ്റും അക്കാര്യത്തെപ്പറ്റിയുള്ള മുജ്ജന്മ ഓർമ്മകളെ ലഭിക്കാതിരിക്കുകയോ ലഭിക്കുകയോ ചെയ്താൽ ..... ചിന്തിക്കുക. (15) തന്റെ മുജ്ജന്മത്തിലെ വലിയ സമ്പത്തിന്റെ കാര്യങ്ങൾ ഓർമ്മവരുമ്പോൾ, പ്രസ്തുത വലിയ സമ്പത്ത് തിരിച്ചു പിടിക്കാനായി ശ്രമിച്ചാൽ .... ചിന്തിക്കുക. (16) തന്റെ ശത്രുക്കളായിരുന്നവർ ഉറ്റവരായും, മറിച്ചും പുനർജ്ജനിച്ചിരിക്കുന്നത് തിരിച്ചറിയാൻ മുജ്ജന്മ ഓർമ്മകളെ മുഴുവൻ ലഭിക്കുന്നതിലൂടെ ഭൂമിയിലെ ഒരു ചിലർക്കോ എല്ലാവർക്കുമോ സാധിച്ചാൽ ........ ചിന്തിക്കുക. (17) കുടുംബനാഥനോ, നാഥയോ, കുട്ടിയോ, മാതാവോ, മുജ്ജന്മത്തിൽ കള്ളനോ, വേശ്യയോ, കൊലപാതകിയോ, ആഭാസനോ ആയി ജീവിച്ച ചരിത്രങ്ങളുടെ ഓർമ്മകളെ കുടുംബത്തിലെ ഒരംഗത്തിനോ എല്ലാ അംഗങ്ങൾക്കുമോ ലഭിച്ചാൽ ..... ചിന്തിക്കുക. (18) എല്ലാവരുടെയും മുജ്ജന്മങ്ങളെ എല്ലാവരെയും അറിയിച്ചാൽ ഭൂമിയിൽ മനുഷ്യർക്ക് ജീവിക്കാനാകുമോ എന്നു കുറേനേരം ചിന്തിക്കുക... (19) തന്റെ അടുത്ത ജന്മത്തിന്റെയും ഇനിയുള്ള ജന്മങ്ങളുടെയും സൃഷ്ടിപരമായ വിധി പ്രകാരമുള്ള കണക്കുകളെ മുജ്ജന്മ-ഓർമ്മകളിലൂടെ മനസ്സിലാക്കാൻ/ അനുമാനിക്കാൻ കഴിയുമ്പോൾ, ജീവിതം ആനന്ദിച്ച് ആസ്വദിക്കുക എന്നതിനു പകരം ജന്മങ്ങളുടെ കണക്കുകളുമായിട്ട് കാലം തള്ളുന്നവരായി മനുഷ്യർ അധഃപതിക്കുന്നതാണ്. (20) ഇന്ന് മത-ദൈവ-കേമത്തങ്ങളെപ്പറ്റിയും മതാചാരങ്ങ ളെപ്പറ്റിയും വാതോരാതെ സംസാരിക്കുന്നവർ മുജ്ജന്മത്തിൽ അതേ മത-ദൈവത്തെപ്പറ്റി ദൂഷണമോ, ദുഷ്ക്കർമ്മങ്ങളോ മാത്രംചെയ്തു ജീവിച്ചതിന്റെ ഓർമ്മകളെ സമൂഹത്തിലെ എല്ലാവർക്കും ലഭിച്ചാൽ ... ചിന്തിക്കുക.

മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ശാസ്ത്രപരമായി തെളിയിക്കുക എന്നു പറഞ്ഞാൽ മുജ്ജന്മ ഓർമ്മകളെ ഓരോരുത്തർക്കും സുവ്യക്തമായി നൽകുക, എന്നും അവയെ ജീവിതകാര്യങ്ങളുമായി ഒത്തുനോക്കി ബോദ്ധ്യപ്പെടുക എന്നുമാണ് അർത്ഥം.

**മേൽ വിവരിച്ച അതിസങ്കീർണ്ണമായ ജീവിത-പ്രശ്നങ്ങൾ എങ്ങും നിലനിൽക്കെ, ഇനി പറയൂ .... മുജ്ജന്മ ഓർമ്മകളെ മനുഷ്യർക്കു നൽകേണമോ ? വളരെ ചെറിയ നീതിബോധമെങ്കിലും ഉള്ളവർ വേണ്ടേ വേണ്ടാ എന്നും, മുജ്ജന്മ ഓർമ്മകളെ നൽകല്ലേ എന്നു കെഞ്ചുന്നതുമാണ്.. ഓംകാരനീതിശാസ്ത്രം മഹാനീതിയാണ്; മഹാനീതിയിൽ ശിക്ഷകളുമുണ്ട് !**

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളായ മനുഷ്യർ തങ്ങൾക്കു ദൈവം നൽകിയ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു കൊണ്ട് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിത്തെറിപ്പിക്കുമ്പോഴും തട്ടിയെടുക്കുമ്പോഴും അതിന് സമ്പൂർണ്ണമായ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട് എന്നു മുമ്പും സൂചിപ്പിച്ചിരുന്നു. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തേണ്ടതുണ്ട്, കൂടാതെ, പ്രിയപ്പെട്ട മറ്റു കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന സമപദവി തന്നെ ലഭ്യമാക്കേണ്ടതുണ്ട്; ശുദ്ധിപ്പെടുത്താൻ ഉചിതമായ ശിക്ഷ നൽകേണ്ടതുമുണ്ട്. ഓംകാര നീതിശാസ്ത്രത്തിന്റെ ഭാഗമായ മഹാപുനർജ്ജന്മ സിദ്ധാന്തത്തിലൂടെ മനുഷ്യർക്ക് ബഹുവിധ ശിക്ഷകളും നൽകുന്നുണ്ട്. മുമ്പ് (9), (10) എന്നീ ഉദാഹരണങ്ങളിൽ ഉത്തരം കൂടിയുണ്ട്. അപൂർവ്വമായി മറ്റു ചില ജീവി-ജന്മങ്ങളിലേക്കും ശിക്ഷ നീളുന്നതാണ്. മനുഷ്യർ ചെയ്തുകൂട്ടുന്ന വ്യത്യസ്ത തെറ്റുകളുടെയും കുറ്റങ്ങളുടെയും വ്യാപ്തി അനുസരിച്ചാണ് അത്തരം കാര്യങ്ങളെ നിശ്ചയിക്കുന്നത്. ഉദാഹരണങ്ങൾ മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. **ഓംകാരനീതിശാസ്ത്രം മഹാവാത്സല്യമാണ്...** മഹാനീതിയുടെ ഭാഗമായിട്ട് കുഞ്ഞുങ്ങളെ ശിക്ഷിക്കുമ്പോഴും മഹാവാത്സല്യം പ്രകടമാണ്. മഹാശാസ്ത്രത്തിന്റെ ശാഖകളായ ഭൗതികശാസ്ത്രത്തെയും ധർമ്മശാസ്ത്രത്തെയും ആത്മീയശാസ്ത്രത്തെയും ഒരേപോലെ ബഹുമതിക്കുന്ന ഒരു ഉദാഹരണം കുറിക്കുന്നു :- (1.1) ബസ്, കാർ, ബൈക്ക്, ട്രെയിൻ തുടങ്ങിയ വാഹന അപകടങ്ങളിൽ പെട്ടും മറ്റും കൈയ്യ്, കാല് തുടങ്ങിയ അവയവങ്ങളെ നഷ്ടപ്പെടുന്നതിനെപ്പറ്റി അറിയാമല്ലോ. അപകടത്തിൽ പെട്ട് ഒരാളുടെ ഒരു കൈയ്യ് നഷ്ടപ്പെടുമ്പോഴും ജനനത്തോടെ പോളിയോ ബാധിച്ചോ മറ്റോ ഒരു കൈയ്യ് തളരുന്നതായി കണക്കാക്കുമ്പോഴും, ഭൗതിക ശാസ്ത്രപരമായി സംഭവിച്ച ഒരവസ്ഥയാണ്. (1.2) സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ മഹാദേവി, മനുഷ്യന് 100 ജന്മങ്ങളെ മഹാനിശ്ചയിച്ചിട്ടുള്ളതിൽ ഒരു ജന്മത്തിൽ ജനനത്തോടെയോ പിന്നീടോ വികലാംഗത്വം ഉണ്ടാകുന്നതാണ്. ദൈവം നൽകിയ ശരീരത്തിന്റെയും ഓരോ ശരീര-അവയവങ്ങളുടെയും ഔന്നത്യം മനുഷ്യർ മനസ്സിലാക്കുവാനും, തന്റെയും മറ്റുള്ളവരുടെയും ശരീരത്തോട് അക്രമമോ ബഹുമാനമില്ലായ്മയോ കാട്ടാതിരിക്കാനും, ദൈവീക നീതിയെയും മഹാവാത്സല്യത്തെയും മഹത്വത്തെയും ശ്രദ്ധിക്കാനുമുള്ള വലിയ പദ്ധതി കൂടിയാണത്. (1.3) മുജ്ജന്മത്തിൽ പോലീസായിരിക്കെ ഒരാളുടെ കൈയ്യ് തല്ലിയൊടിച്ചതിന് ആത്മീയ ശാസ്ത്രപരമായി അഥവാ മഹാനീതിശാസ്ത്ര പരമായി ദൈവം കൊടുത്ത ശിക്ഷയായി കണക്കാക്കുമ്പോൾ, നീതിശാസ്ത്ര പരമായി സംഭവിച്ച ഒരവസ്ഥയാണ്. ദൈവശിക്ഷയുടെ ഭാഗമായിട്ട് ഒന്നിലധികം ജന്മങ്ങളിൽ വികലാംഗത്വം ഉണ്ടാകുന്നതാണ്, ശിക്ഷയുടെ അളവനുസരിച്ച് 5 വരെയാകാം. കൊടുംപാപം ചെയ്തവർക്ക് ജന്തുശിക്ഷകൂടി ഉൾപ്പെടുത്തുന്നതാണ്. മനുഷ്യർ കാല് തല്ലിയൊടിച്ച പട്ടി മുജ്ജന്മത്തിലെ അതിക്രൂരനായ ഗുണ്ടയോ പോലീസോ ആകാം !

ജനനത്തോടെയോ, അപകടത്തിൽ പെട്ടോ ഒരാളുടെ കൈയ്യ് / അവയവം നഷ്ടപ്പെടുമ്പോൾ, മേല്പടി (1.1) പ്രകാരം, ഭൗതികശാസ്ത്രപരമായ ഒരവസ്ഥയാണ് ; (1.2) പ്രകാരം, 100 ജന്മങ്ങളിൽ എല്ലാവർക്കും ബാധകമായ വികലാംഗത്വ ജന്മം ആവാം ; (1.3) പ്രകാരം, ദൈവീക മഹാനീതി നടത്തിപ്പിന്റെ ഭാഗമായുള്ള ശിക്ഷയാവാം. എന്നാൽ ദൈവശിക്ഷയുടെ ഭാഗമാണെന്ന് ദൈവം അറിയിക്കാതെയോ, മുജ്ജന്മ-ഓർമ്മകളെ നൽകാതെയോ, യാതൊരാളും അറിയുന്നില്ല എന്നതുകൊണ്ട് ശിക്ഷയുടെ ഭാഗമായി അധിക-വികലാംഗ ജന്മങ്ങളെ അനുഭവിക്കുന്നവർ സമൂഹത്തിൽ അപഹസിക്കപ്പെടാതെ ദൈവം സംരക്ഷിക്കുന്നു. അപഹസിക്കപ്പെടുന്നില്ല എന്നതിനെ മാറ്റി നിർത്തിയാൽ മഹാനീതിശാസ്ത്രം പ്രകാരം ദൈവം നൽകുന്ന ശിക്ഷയിലൂടെ ലഭിക്കുന്ന ശാരീരിക വേദനകളും മാനസിക വേദനകളും ഏതൊരാളും സഹിക്കുക തന്നെ വേണം. അതായത് ഓംകാരനീതിശാസ്ത്രം മഹാവാത്സല്യമാണ്. സമൂഹത്തിൽ ബഹുവിധ തെറ്റുകളും കുറ്റങ്ങളും ചെയ്യുന്നവരെ തിരുത്തുന്നതിന്റെ ഭാഗമായി ശിക്ഷിക്കേണ്ടേ ? സമൂഹത്തിന്റെ ധർമ്മശാസ്ത്രപരമായ പൊതുആവശ്യങ്ങളെ മാത്രം ശ്രദ്ധിക്കേണ്ടവരായ - ജനങ്ങളുടെ ദാസന്മാരായ - ഭരണാധികാരികൾ മദ്യ നിർമ്മാണം, മദ്യ വ്യാപാരം തുടങ്ങിയ അധമകാര്യങ്ങളെ നടത്തുന്നതു നിമിത്തം അനേകം കുടുംബങ്ങളിലെ ജീവിതം അലങ്കോലമായിരിക്കുന്നതിന് അടിമകളായ ഭരണാധികാരികളെ ശിക്ഷിക്കേണ്ടേ ?

**മഹാശക്തിയായ മഹാദേവി @ ഭൂമി, മഹാശക്തി കൊണ്ടും മഹാനീതി കൊണ്ടും മഹാവാത്സല്യം കൊണ്ടും മഹാഭദ്രമാക്കിയിട്ടുള്ളതാണ് മഹാഹൃദയമായ ഓംകാരത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ഓംകാരനീതിശാസ്ത്രം അഥവാ മഹാനീതിശാസ്ത്രം.**

മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളുടെ ശരീര-കോശങ്ങളിലും മഹാസ്ഥാപിച്ചിട്ടുള്ള മഹാനീതിശാസ്ത്ര-നിയമങ്ങൾ പ്രകാരം, പ്രത്യക്ഷമല്ലാതെ എന്നോണവും സ്വാഭാവികമെന്നോണവും ജീവികൾ ശിക്ഷിക്കപ്പെടുന്നു... മഹാപിതാവും മഹാമാതാവും മഹാനീതിയുമായ ദൈവം, 'സ്ത്രീരൂപം സ്വീകരിക്കുന്നതും മഹാമാതാവായി മാത്രം അവതരിക്കുന്നതും' സമസ്ത ജീവികളുമായ തന്റെ കുഞ്ഞുങ്ങളെ മഹാവാത്സല്യത്തോടെ തന്നിലേക്ക് ചേർത്തുനിർത്താനാണ്.

**ഭൂമിയിൽ മുഴുവൻ സംഹാര കാഹളം കൂടിയായ ഓം തുടർച്ചയായി 3 മുതൽ 33 വർഷം മുഴക്കിയുള്ള ദൈവ വിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ, അസംബന്ധങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പരാക്രമങ്ങളും അവസാനിക്കുന്നതാണ്.**

# സൃഷ്ടികൾക്കെല്ലാം ബാധകമായ മഹാപുനർജ്ജന്മ സിദ്ധാന്തം, സൃഷ്ടികളായ ദേവതകൾക്കും ബാധകമാണ്; അവരെല്ലാം മനുഷ്യരായി ഭൂമിയിൽ ജീവിക്കുന്നുമുണ്ട്.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## പുനർജ്ജനിച്ചു ജീവിക്കുന്ന ഏതാനും പഴയ കാല ദേവതകളുടെയും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ചില പ്രമുഖരുടെയും കാര്യങ്ങളെ അല്പം കുറിക്കുന്നു :-

**ഇതെഴുതുന്ന 2018 നവംബർ 24-ന് അതിരാവിലെ, ഭൂമിയിൽ ഉള്ളതായ (ദൈവം ഉൾപ്പെടെ) ഏതാനും മനുഷ്യരുടെ ജന്മ വിശേഷങ്ങൾ കുറിക്കുന്നു. ഉടൻ മായ / ദൈവം പ്രത്യക്ഷമാകുന്നതോടെ ഏതാനും മനുഷ്യർക്ക് മുജ്ജന്മ ഓർമ്മകളെ ലഭിക്കുന്നതാണ്. ജനസേവകരായ അടിമകളെ ഭരണാധികാരികളെന്നു തെറ്റിദ്ധരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നത് വ്യക്തികളുടെ സ്വകാര്യമാണ്. അടിമകളുടെ മുജ്ജന്മങ്ങളെപ്പറ്റി യാതൊന്നും അറിയാതെ കാട്ടുന്ന കോനാംപീച്ചകൾ അവസാനിക്കാൻ പ്രധാന മന്ത്രിയുടെയും മറ്റും ഒരു പൈശാചിക മുജ്ജന്മത്തെ തെളിയിച്ചാലോ, 'ദൈവം അറിയിച്ചാലോ', പാപികളെ ക്കൊണ്ടു തന്നെ ചെയ്യിച്ചാലോ മതിയാകും; അതിന് സാദ്ധ്യത കൂടുതലാണ്.**

'മഹാശക്തിയായ മഹാദേവിയും, ~ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവനും'

# ഏക ദൈവം

ആണെന്നും, യഥാർത്ഥത്തിൽ ജീവികളോ സ്ത്രീകളോ പുരുഷന്മാരോ അല്ലാത്ത അവരെ പണ്യങ്ങളും പാപങ്ങളും ബാധിക്കുന്നതല്ല എന്നും, ജീവികളുടെ ആനന്ദങ്ങൾക്കെല്ലാം അതീതമായ അവർ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ആനന്ദത്തെ കരുതി മഹാവാത്സല്ല്യം, മഹാദാസ്യം എന്നീ ദൈവീക-ആനന്ദങ്ങളെ സ്വീകരി<u>ച്ചിരിക്കുകയാണ്</u> എന്നും അറിയണം. 'സത്യധർമ്മനീതികളായ ധർമ്മ ശാസ്ത്രത്തെ' സ്വന്തം ഭാവമായി നിശ്ചയിച്ചു കൊണ്ടാണ് മണ്ണടി മഹാഭദ്രകാളിയായ മഹാദേവി സൃഷ്ടി സ്ഥിതി സംഹാരങ്ങളെ എല്ലായ്പ്പോഴും മഹാഭദ്രമാക്കിയിട്ടുള്ളത്. മാനുഷിക അവതാരത്തിലെ പിഴവുകൾ എന്ന് തോന്നിക്കുന്നവ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള മഹാവിളയാടലുകളും, കുഞ്ഞുങ്ങൾ നേടിയ വരങ്ങളെയും കരാറുകളെയും കുഞ്ഞുങ്ങളുടെ ആഗ്രഹങ്ങളെയും മറ്റും പൂർത്തിയാക്കലുമാണ്.

**അനേകം ഗജപാതിമാർ (ഗണപതി) കേരളത്തിൽ തന്നെ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്. ഹിന്ദു മതത്തിൽ പെട്ട് ജീവിക്കുന്ന, ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠപുരുഷനും കൂടിയായ പ്രഥമ ഗജപാതിയുടെ മകളായിട്ടാണ് മഹാശക്തിയായ മഹാദേവി അവതരിച്ചിട്ടുള്ളത്. മഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. പരമശിവനായ ഗ്രന്ഥകാരനെ നേരത്തെ അയച്ചു; ജന്മം കൊണ്ട് ലഭിച്ച മതത്തെ 1991 -ൽ പരസ്യമായി കളയിച്ച്, മഹാശാസ്ത്രപരമായി പ്രവർത്തിപ്പിക്കുന്നു. ഗൗതമ ബുദ്ധൻ, ചാണക്യൻ, ക്രൈസ്റ്റ്, കാളിദാസൻ, ഷേക്സ്പിയർ, ഗാന്ധിജി.... എന്നിവരായി അയച്ചത് പശുപതിയായ പരമശിവനെയാണ് എന്ന് മഹാദേവി അറിയിച്ചിട്ടുണ്ട്. രാഷ്ട്രപിതാവ് എന്ന് സൃഷ്ടിയായ മനുഷ്യനെ പറയുന്നതിൽ അപാകതയുണ്ടെങ്കിലും പ്രപഞ്ച പിതാവായ പരമശിവന്റെ അവതാരമാകുമ്പോൾ, ഗാന്ധിജിയുടെ കാര്യത്തിൽ തടസ്സം ഒഴിവാകുന്നു.**

**പരമശിവനെ മാനുഷിക അവതാരങ്ങളായി അയച്ചതിൽ ബുദ്ധൻ, ക്രൈസ്റ്റ്, ഗാന്ധിജി, ഗ്രന്ഥകാരൻ ... എന്നിവരിൽ ഏറെക്കുറെ സമാനമായി സത്യം, ധർമ്മം, അഹിംസ, തുടങ്ങിയ ഗുണങ്ങൾ കാണാം. ദൈവീകമായി മാത്രം സിദ്ധിക്കുന്ന വിഷയ ഗവേഷണങ്ങളും, ധർമ്മ ശാസ്ത്ര കണ്ടെത്തലുകളും, അവയെ കർശനമായി പാലിച്ചുള്ള പ്രവർത്തനങ്ങളും അവരെ ഒന്നായി ദർശിപ്പിക്കുന്നുണ്ട്. വിശ്വമാനവികത, കാരുണ്യം, സ്നേഹം, ദാസ്യം, വാത്സല്യം തുടങ്ങിയവ എല്ലാവരിലും ജ്വലിക്കുന്നുണ്ട്. മഹാദേവി നേരിട്ട് അറിയിച്ചവ ഉൾപ്പെടെയുള്ള ഈയുള്ളവന്റെ ചരിത്രം മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.**

**ആദ്യ മഹാകാലചക്രത്തിൽ കടുത്ത പിഴവുകൾക്ക് ശിക്ഷിക്കപ്പെട്ട 'ഈശ്വരൻ, ശിവൻ എന്നെല്ലാം പേരുകളുള്ള പ്രധാന ദേവത', പുനർജ്ജനച്ച് ആദിശങ്കരൻ, വിവേകാനന്ദൻ തുടങ്ങിയ ഉന്നത ജന്മങ്ങൾ കടന്ന് ഇപ്പോൾ ഒരു ഇസ്ലാമിക കുടുംബത്തിൽ ജനിച്ച്, ഹൈന്ദവത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തി ജീവിക്കുന്നുണ്ട്. ആദിശങ്കരൻ ആയിരിക്കെ ബ്രഹ്മ പാഠങ്ങളെ ഭാഗികമായി ലഭിച്ചപ്പോൾ, വിഭ്രാന്തിയും ആവേശവും കൊണ്ട് 'ജഗത്തിനെ മിഥ്യയായി' ഉദ്ഘോഷിച്ചതും, വിവേകാനന്ദൻ ആയിരിക്കെയും തിരുത്താൻ കഴിയാഞ്ഞതും കടുത്ത അപരാധം ആയി. അദ്ദേഹത്തിന്റെ ഭാഗമായ ഭാര്യ 'അന്നപൂർണ്ണേശ്വരിയായ പാർവ്വതിയും' പുനർജ്ജനിച്ചിട്ടുണ്ട്.**

**ഭൂമിയിൽ ഇന്നുള്ള ഏറെക്കുറെ 750 കോടി മനുഷ്യരെ, ഏറ്റവും വലിയ നീചനെ ഏറ്റവും മുന്നിൽ 1, രണ്ടാമത്തെ നീചനെ 2, മൂന്നാമത്തെ നീചനെ 3 എന്ന ക്രമത്തിൽ ഒരു വരിയിൽ നിർത്തിയാൽ, No. 9 എന്ന ഒമ്പതാമത്തെ ഏറ്റവും വലിയ നീചനായി, മനുഷ്യരിൽ നിന്നും ദേവതയായി മാറി ഇപ്പോൾ വീണ്ടും മനുഷ്യനായി ജീവിക്കുന്ന മേല്പടിയാന്റെ സ്ഥാനം വരും. ആദ്യത്തെ 15 നീചർക്ക് ഒന്നോ അതിലധികമോ ജന്മങ്ങളിൽ പെരുമാളട്ട തുടങ്ങിയ നികൃഷ്ടമായ ജന്മങ്ങളെ ശിക്ഷയായി സ്വീകരിക്കേണ്ടി വരും ! അതികഠിനമായ സദ് പ്രവൃത്തികളിലൂടെ, സ്ഥിതി പരമായ വിധി പ്രകാരം ഏതൊരു കൊടിയ പാപിക്കും ശിക്ഷകളിൽ നിന്നും ഇളവ് നേടാൻ കഴിയും ! ഭൂമിയും മഹാനീതിയും മഹാമാതാവും മഹാവാത്സല്ല്യവുമായ മഹാദേവി, ഈ കുറിപ്പിൽ അതും ലക്ഷ്യമാക്കിയിട്ടുണ്ട്.**

**ഭൂമിയിലെ ഏറ്റവും കൊടിയ പിശാചായി അധഃപതിച്ച 'നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട നാരായണൻ എന്ന ദേവത' അനേകം ജന്മങ്ങൾ കൊണ്ട് വളരെയധികം പുണ്യം നേടിയിട്ടുണ്ട്. മഹാദേവി, മഹാദേവൻ എന്നിവരെ തിരിച്ചറിയാനും അനേകം തവണ ദർശിക്കാനുള്ള മഹാഭാഗ്യത്തെ,** കേരളത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് **ഹൈന്ദവത്തോട്** കൂടുതൽ ആഭിമുഖ്യം പുലർത്തുകയും **ഇപ്പോൾ ശാസ്ത്ര പരമായി ജീവിക്കുകയും ചെയ്യുന്ന നാരായണന് ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ശിക്ഷിക്കപ്പെട്ട അനേകായിരം പൈശാചിക ശക്തികളെ നേരിൽ കാണാനും ചിലരുമായി സംഭാഷണം നടത്താനും അടുത്ത് ഇടപഴകാനും പുനർജ്ജനിച്ച നാരായണന് ഈ ജന്മത്ത് കഴിഞ്ഞിട്ടുണ്ട്.**

**അദ്ദേഹം ഏറ്റവും വലിയ നീചൻ** No. 8.

**ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ആദ്യം മോക്ഷം നേടാൻ നാരായണന് കഴിഞ്ഞേക്കും ! ഓംകാര നീതിശാസ്ത്രത്തിന് ഭംഗം വരാതെ, ഒരു കൊടിയ വിഷ-ക്കരാറിനെ മഹാദേവി, ക്രൈസ്റ്റായി അയച്ച പരമശിവനിലൂടെ അനുവദിച്ചതിന്റെ ഭാഗമാണത്. പരമശിവൻ നേരിട്ട എല്ലാ പിഴവുകൾക്കും വേദനകൾക്കും മുഖ്യഅപരാധി നാരായണനാണ്.**

---

**മുൻ സൃഷ്ടിചക്രങ്ങളിൽ വൻപിഴവുകൾ ചെയ്ത മുരുകൻ @ സുബ്രഹ്മണ്യൻ എന്ന ദേവത ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ അശോക ചക്രവർത്തി, ഐസക് ന്യൂട്ടൺ, സുഭാഷ് ചന്ദ്രബോസ്, ഗ്രന്ഥകാരന്റെ മകൻ, എന്നീ ശ്രേഷ്ഠ ജന്മങ്ങളിലും പിഴച്ചു. ഏറ്റവും വലിയ നീചൻ** No. 3.

**ഇന്ത്യയിലെ ഏറ്റവും വലിയ അടിമയായി, രാജാവ് (= പ്രധാന മന്ത്രി) ആയിട്ട്** 130 **കോടിയിലധികം ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും നന്മ ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള ഒരു അവസരത്തെ മഹാദേവി അദ്ദേഹത്തിന് നൽകുന്നതാണ്. ഘോരമായ പാപങ്ങളെ കുറയ്ക്കാൻ കഴിയുന്നില്ല എങ്കിൽ ഒന്നോ അതിലധികമോ ജന്മങ്ങളിൽ പെരുമാളട്ട തുടങ്ങിയ നികൃഷ്ട ജന്മങ്ങളെ ശിക്ഷയായി സ്വീകരിക്കേണ്ടി വരും !**

**No. 3** ക്ക് വാട്സാപ്പ് മുഖേന 2018 ഒക്ടോബർ 21ന് അയച്ച കത്തിലെ ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു .. ബഹുവിധ കടങ്ങളും, രോഗങ്ങളും, വീട്ടു ചിലവിന് കാശില്ലാത്തതു കൊണ്ടുള്ള കഷ്ടപ്പാടുകളും, .. ദൈവ കാര്യങ്ങളും കൊണ്ട്, തൽക്കാലം മോൻ ആഗ്രഹിക്കുന്ന രീതിയിൽ മോനോട് സംസാരിക്കാനുള്ള ഒരു മാനസിക അവസ്ഥയിൽ അല്ല ഞാൻ. .. വിശേഷങ്ങൾ ചോദിക്കുന്ന മോനോട് എന്റെ വിഷമങ്ങൾ ആയിരിക്കുന്ന വിശേഷങ്ങൾ പറയാനും പറയാതിരിക്കാനും വയ്യാത്ത അവസ്ഥയിലും ആണ്.. ഒരു ശതമാനം പോലും ശരിയല്ലാത്ത വർത്തമാനം എന്ന് ഞാൻ കരുതുമ്പോൾ, മോന്റെ അറിവിനും ഇഷ്ടങ്ങൾക്കും അനുസരിച്ച് മോൻ പറഞ്ഞത് ശരിയാണ്. .. സംഭാഷണം വേണ്ട. ..വാട്സാപ്പ് മുഖേന ഫോട്ടോ, പാട്ട്, അവിടത്തെ വിശേഷങ്ങൾ, തുടങ്ങിയവ സാധിക്കുമെങ്കിൽ അയച്ചു തരിക.. **മോന്റെ പണം മേലിൽ സ്വീകരിക്കാൻ തൽക്കാലം എനിക്ക് ആവില്ല.** എന്റെ ഇപ്പോഴത്തെ സാമ്പത്തിക ദാരിദ്ര്യം എന്നെ കണ്ടമാനം കുഴയ്ക്കുമ്പോഴും, **ദൈവത്തെ മാത്രം ആശ്രയിക്കുകയും, വ്യക്തികളെ ആശ്രയിക്കാത്തതുമായ രീതിയെ തുടരാനും മുറുകെ പിടിക്കാനും ദൈവീകമായി ഞാൻ ബാദ്ധ്യസ്ഥനാണ്. ഈയുള്ളവനിലൂടെ ദൈവം വെളിപ്പെടുത്തുന്ന ദൈവ കാര്യങ്ങളെ ഉൾക്കൊണ്ട് ജീവിക്കാനുള്ള സ്വയം ബാദ്ധ്യതയാണ് മോന്റെ കാര്യത്തിൽ എനിക്ക് വിഷയമായിട്ടുള്ളത്.** എങ്ങനെയെന്നാൽ, Supreme Justice GOD എന്ന ഒരു ഇ-മഹാഗ്രന്ഥം കഴിഞ്ഞ ആഴ്ച പ്രസിദ്ധീകരിച്ചത് അറിയാമല്ലോ. .. **മോനുമായും മറ്റും ബന്ധപ്പെട്ട വിഷയത്തിലേക്കു വരാം.** ഗ്രന്ഥത്തിൽ ഏതാനും ആൾക്കാരുടെ മുജ്ജന്മങ്ങളെ അറിയിച്ചത് കൂടാതെ, ഭൂമിയിലെ ഏറ്റവും നീചരായ രണ്ടു പേരെ പരാമർശിച്ചിരുന്നു. ഭൂമിയിലെ ഏറ്റവും നീചരായ 15 പേരുടെ ലിസ്റ്റ് വെളിപാടായി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. എനിക്ക് ഭ്രാന്താണെന്നും മറ്റും മോൻ ഉൾപ്പെടെയുള്ള അനേകർ പറയുമെങ്കിലും, വെളിപാടുകളെ പ്രസിദ്ധീകരിക്കാൻ **ദേവി** ആവശ്യപ്പെടുകയാണെങ്കിൽ ചെയ്യാതെ വയ്യ. ഭൂമിയിലെ ഏറ്റവും നീചരായ 15 പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടി വന്നാൽ, .. മൂന്നാമത്തേത് ... ഉൾപ്പെടെ ഈയുള്ളവന്റെ അടുത്ത ബന്ധുക്കളുടെയും മറ്റും പേരുകളാണ്. മോനും .. ഒക്കെ എനിക്ക് കൂടുതൽ പണം അയച്ചു തരാത്തതു കൊണ്ടുള്ള വകതിരിവില്ലായ്മ എന്ന് ഈയുള്ളവനെ ആക്ഷേപിക്കാൻ കഴിയും. മുമ്പ് മോൻ അയച്ചു തന്ന പണം കൊണ്ട് വളരെയധികം കാര്യങ്ങളെ സാധിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. എന്റെ സാമ്പത്തിക ദാരിദ്ര്യത്തിന്റെ പേരിൽ മോൻ ഉൾപ്പെടെ ആരോടും എനിക്ക് പരാതിയുമില്ല. മോനും മറ്റും മാതാപിതാക്കളോടുള്ള കടമകൾ നിറവേറ്റുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് മോനും മറ്റും ദൈവവുമായി പരിഹരിക്കേണ്ട വിഷയമാണ്. എന്റെ വിഷയം അല്ല. തദവസരത്തിലെ അറിവിനും ശക്തിക്കും അനുസരിച്ച് ധർമ്മം ചെയ്യുകയാണ് വ്യക്തി വേണ്ടത്. പണ്ട് പണം അയച്ചതിന്റെ പേരിൽ മോൻ മാതാപിതാക്കളെ കൊല്ലാക്കൊല ചെയ്തിട്ടുണ്ടെങ്കിലും, മോനെ വളർത്തിയതിന് ഞാൻ സാമ്പത്തിക കണക്കും അവകാശങ്ങളും പറഞ്ഞിട്ടില്ല. ഒന്നും ചെയ്തിട്ടില്ല എന്ന് മോൻ വാദങ്ങൾ നിരത്തിയാൽ തർക്കിക്കാനും ഇല്ല. ജയിൽ, **ദൈവ ശാസ്ത്രം, ..** ഭാര്യയും മക്കളും സഹോദരങ്ങളും ഉൾപ്പെടെ ഉറ്റവരുടെ കാര്യങ്ങൾ എന്നിങ്ങനെയെല്ലാം എനിക്ക് ഉണ്ടായിരുന്നതു പോലെ വൈവിധ്യമാർന്ന പ്രശ്നങ്ങൾ മോനെ അലട്ടിയിട്ടില്ല. ചെറിയ ലോകത്തിൽ ഒതുങ്ങി സ്വന്തം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനും ആനന്ദിക്കാനും ശ്രദ്ധിച്ചവരാണ് നിങ്ങൾ. **എന്റെ ആനന്ദം അന്നും ഇന്നും ചുറ്റുമുള്ളവരുടെ സന്തോഷവും ദൈവ കാര്യങ്ങളും ആയിരുന്നു.** പിന്നെ, കുഞ്ഞുങ്ങളെ പോറ്റാനും വളർത്താനും സാമ്പത്തിക ചിലവുകളും അദ്ധ്വാനവും ശ്രദ്ധയും ഒക്കെ വേണം എന്ന് മോൻ ഇന്ന് അനുഭവിച്ച് അറിയുന്നുണ്ട് എങ്കിൽ, ..കാര്യത്തിൽ അമ്മായും ഞാനും അവസ്ഥകൾക്ക് അനുസൃതമായ കടമ ചെയ്തിട്ടുണ്ട്... **ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ മോനെയും ഏതൊരാളെയും ധാർമ്മികമായി ഉയർത്താൻ പ്രവർത്തിക്കുന്നു എന്നല്ലാതെ ആരുടെയും കുറ്റങ്ങളെ എണ്ണുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് എന്റെ ഉദ്ദേശമല്ല. എന്നിരിക്കിലും, മോന്റെ പേര് പരാമർശിച്ചുകൊണ്ട് മോന്റെ പണം ഞാൻ വാങ്ങിക്കൂടാ.**

**ഓം എന്ന അക്ഷരബ്രഹ്മത്തിലെ 3 ന് ജീവിതത്തിലുടനീളമുള്ള പ്രാധാന്യം വച്ച് ലിസ്റ്റിലെ ആദ്യത്തെ 3 പേരോട് താൽക്കാലികമായി കൂടുതൽ കർശനമാകാൻ ഈയുള്ളവന് ദൈവീക ബാദ്ധ്യതയുണ്ട്. കൂടുതൽ സാമ്പത്തിക ഞെരുക്കം എങ്ങനെ താങ്ങുമെന്ന് ചോദിച്ചാൽ എനിക്ക് അറിഞ്ഞുകൂടാ... ദേവീ ശരണം...** മോന്റെ കാറിന്റെ വില്പന കാര്യത്തിൽ, പിതാവ് ജീവിക്കുന്നതും മരിക്കുന്നതും വിഷയമല്ല, മോന് മോന്റെ കാറാണ് പ്രധാനമെന്ന് മുമ്പ് സുവ്യക്തമാക്കിയതാണ്. മോന്റെയും ആരുടെയും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിൽ ഞാൻ ഇടപെടില്ല. ഭാര്യ, മകൾ എന്നിവരുടെ കാര്യത്തിൽ മോന് പ്രസ്തുത സമീപനം ഉണ്ടാകാതിരിക്കട്ടെ എന്ന് അന്ന് ഞാൻ ആശംസിച്ചിരുന്നു. ബാക്കി വസ്തു വിൽക്കുമ്പോൾ മോനോടുള്ള സാമ്പത്തിക കണക്കുകൾ തീർക്കാം; **ദൈവേച്ഛ പോലെ. മോന്റെയും ഉറ്റവരുടെയും ചില കാര്യങ്ങളെ ദൈവ ശാസ്ത്ര ഗ്രന്ഥങ്ങളിൽ പരാമർശിക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുകയാണ്. വിശദീകരണം ഉണ്ടാവില്ല എന്നാണ് അറിയുന്നത്... ആവർത്തിക്കുന്നു. ആരെയും ആക്ഷേപിക്കാൻ ഞാൻ ഒട്ടും ആഗ്രഹിച്ചിട്ടില്ല. എന്റെ മേലുള്ള ദൈവീക ബന്ധനങ്ങളെ കുഞ്ഞുങ്ങൾക്ക് മനസ്സിലാകണമെങ്കിൽ, ഈയുള്ളവനിലൂടെ മഹാദേവി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളെയും സന്ദേശങ്ങളെയും യഥോചിതം പഠിക്കാനുള്ള ഭാഗ്യം ലഭിക്കണം. ലഭിക്കട്ടെ ! ..മോനും, .. (മരു)മോൾക്കും, കുഞ്ഞിനും പൊന്നുമ്മകൾ. ദൈവീകമായ സ്നേഹ വാത്സല്യങ്ങളോടെ, ബാദ്ഷ പരമശിവൻ.** 2018 **ഒക്ടോബർ** 21 **ഞായറാഴ്ച.** Ref. (1) **മഹാവേദം** .. (2) **നീതി വിധിക്കാൻ മനുഷ്യനു കഴിയില്ല.**
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf ഈ ഗ്രന്ഥത്തിന്റെഭാഗമായി സന്ദേശത്തിൽ പുതിയതായി ചേർത്തവ : (1) മുൻ സൃഷ്ടിചക്രത്തിലെ ഒരു ദേവതക്ക് മോന്റേതു പോലെ സമാനമായ പ്രശ്നം ഉണ്ടായിട്ടുണ്ട്. ഇസ്ലാമിലെ ബലി പെരുന്നാളും ഇബ്രാഹിം നബിയുടെ ചരിത്രവും അതാണ്. (2) മുരുകൻ, അശോകൻ, ന്യൂട്ടൺ, ബോസ്, തുടങ്ങിയ ജന്മങ്ങളെ അല്പം വിശകലനം ചെയ്താൽ, പ്രതിപ്രവർത്തന സ്വഭാവം ഉറച്ചപോലെ കാണാം ! .. (3) **മകനോടും, ഭൂമിയിലും പ്രപഞ്ചത്തിലുമുള്ള എല്ലാ കുഞ്ഞുങ്ങളോടും സ്നേഹ വാത്സല്യങ്ങൾ കൂടുതൽ ഉള്ളതുകൊണ്ടാണ് തെറ്റുകളെ പരസ്യമാക്കുന്നത്.** 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' പാഠമാകട്ടെ. കുഞ്ഞുങ്ങൾക്ക് തെറ്റുകളും കുറവുകളും ബോദ്ധ്യമാവാനും തിരുത്താനും കഴിയണം. പരസ്യമാക്കുമ്പോൾ തന്നെ കുഞ്ഞുങ്ങൾക്ക് വളരെയധികം പുണ്യം നേടാൻ കഴിയും. തെറ്റുകുറ്റങ്ങളെ സ്വയം ഏറ്റുപറയുമ്പോഴും പരസ്യമാക്കി മാർഗ്ഗദർശനം ചെയ്യുമ്പോഴും പുണ്യം കൂടുന്നതാണ്. **ഓംകാരനീതിശാസ്ത്രത്തിന്റെ വ്യാപ്തി വളരെ അറിയാവുന്ന ഒരു പിതാവ് എന്ന നിലയിൽ പരമശിവനു കാട്ടാവുന്ന പരമാവധി പ്രീതിയാണത്.**

**ഒരു ദേവത ധാർമ്മികമായി അധഃപതിച്ച് രാവണൻ എന്ന രാക്ഷസ രാജാവായി. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ പുനർജ്ജന്മങ്ങളിലൂടെ കഴിഞ്ഞ ജന്മത്ത് വല്ലഭായി പട്ടേലായി വന്നപ്പോൾ, ഗാന്ധിജിയുടെ കൂടെ നിൽക്കാനുള്ള അവസരങ്ങളെ മഹാവാത്സല്ല്യത്തോട മഹാദേവി ഒരുക്കി. വളരെയധികം പുണ്യം നേടാൻ അദ്ദേഹത്തിന് പ്രസ്തുത ജന്മത്തിൽ കഴിഞ്ഞുവെങ്കിലും, പഴയ കാല ഘോര പാപങ്ങൾ ഇനിയും ഏറെയുണ്ട്. കേരളത്തിലെ ഒരു മുസ്ലിം ഭവനത്തിൽ പുനർജ്ജനിച്ച് 60 കടന്ന പട്ടേൽ ഒരല്പം ഹിന്ദു വിരോധിയാണ്, ഭൂമിയിലെ 750 കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ No. 6 എന്ന് ദൈവ വിപ്ലവത്തോടെ തെളിയുമ്പോൾ പ്രതിമ-ഭ്രാന്തർക്കും മറ്റും പലവിധ ദൈവ-ശിക്ഷകളുണ്ട് എന്നറിയണം ! പുനർജ്ജനിച്ച് മറ്റ് അവസ്ഥകളിൽ വ്യക്തി ഉണ്ടാകുമെന്ന് ചിന്തിക്കാൻ പോലും തയ്യാറാവാത്ത മൂഢരും അവിവേകികളും താന്തോന്നികളും കൂട്ടുനിൽക്കുന്നവരും ശിക്ഷകളെ വാരിക്കൂട്ടുന്നതാണ്. ചരിത്രം പ്രകാരം 182 മീറ്റർ (597 അടി) ഉയരമുള്ള ഒരു മനുഷ്യൻ അഥവാ രാക്ഷസൻ ഇന്ത്യയിലെ ഗുജറാത്തിൽ ജീവിച്ചതിനു തെളിവുകൾ ലഭിച്ചെന്ന വർത്തമാനം ഭാവിയിൽ ഉണ്ടാവാൻ ആധുനിക കാലത്തെ വിവരദോഷികൾ വഴിയൊരുക്കുന്നത് അവർ അറിയുന്നില്ല ! പ്രതിമ കൊണ്ട് പട്ടേലിന് യാതൊരു നേട്ടങ്ങളും ലഭിക്കുന്നില്ല; വിവരദോഷികൾക്ക് കോട്ടങ്ങൾ ഏറെ ഉണ്ടാകുന്നതുമാണ്. മണ്ണും ഭൂമിയുമായ ദൈവം, മണ്ണിന്റെ അംശമായ ശരീരത്തിലൂടെ നൽകുന്ന ശക്തി കൊണ്ട് ധർമ്മ ശാസ്ത്രപരമായി മണ്ണിൽ അദ്ധ്വാനിച്ച് ആനന്ദങ്ങളെ നേടുകയും, പങ്കിടുകയും, ആസ്വദിച്ച് ആനന്ദിക്കുകയും വേണം. പകരം തെമ്മാടികൾ = എമ്പോക്കികൾ, ജനങ്ങളിലെ ഭൂരിപക്ഷത്തിന്റെ അത്യാവശ്യങ്ങളെ മറന്നു കൊണ്ടും മറച്ചു കൊണ്ടും മറ്റും ടൂറിസം വികസനം എന്ന അധാർമ്മികമായ 'ധന സമ്പാദനം' ഉദ്ഘോഷിക്കുമ്പോൾ 'യഥാർത്ഥ സനാതന ധർമ്മം' തെറ്റിച്ചവർക്കെല്ലാം പാപങ്ങളും ശിക്ഷകളും ഉണ്ട്.**

'പാപ-പ്രതിമയെ' ഉണ്ടാക്കിച്ചവരും ഉണ്ടാക്കിയവരും, ബഹുവധങ്ങളിൽ കൂട്ടുനിന്നവരും സ്വന്തം കീശകളിൽ നിന്ന് 'സാമ്പത്തിക നഷ്ടം' നികത്തുമ്പോഴും, പാപ-പ്രതിമയെ പരിണമിപ്പിക്കുമ്പോഴും, ഭാഗികമായ പരിഹാരം മാത്രമാണവ. കുഞ്ഞുങ്ങളെ, ഓംകാര നീതി ശാസ്ത്രം മഹാവാത്സല്ല്യമാണ് എന്നതിന് കൊടിയ തെമ്മാടിത്തങ്ങളെ ലാഘവത്തോടെ ക്ഷമിക്കുമെന്ന് ധരിച്ചു പോകരുത്. ആനന്ദങ്ങൾക്ക് അളവുകൾ ഉണ്ടെന്ന് ഗ്രന്ഥത്തിൽ വിശദീകരിച്ചതു പോലെ, ശരീരത്തിലെ അവയവങ്ങൾ, പ്രവൃത്തികൾ, ഊർജ്ജം, സമയം, സമ്പത്ത് ഉൾപ്പെടെ സർവ്വത്തിനും അളവുകൾ ഉണ്ട്; മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിശക്തി ലഭ്യമാക്കിയിട്ടുണ്ട്. പാപങ്ങൾക്കും ശിക്ഷകൾക്കും അളവുകളുണ്ട്. മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്തേണ്ടത് മഹാനീതി നടത്തിപ്പിന് ആവശ്യം ആണ്; സമനീതി ലഭിക്കുന്നതുമാണ്. സ്തുതികൾ, വഴിപാട് തുടങ്ങിയ ഹീനമായ മാർഗ്ഗങ്ങളിലൂടെ മഹാനീതിയായ മഹാദേവിയെ പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ, മഹാനീതി-പതിയായ പരമശിവനിലൂടെ ശിക്ഷകളെ വർദ്ധിപ്പിച്ചെന്നും വരും. ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്. ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക.

മലകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഒരു ദേവത ധാർമ്മികമായി അധഃപതിച്ച് ദുർദ്ദേവതയായി, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ പുനർജ്ജന്മങ്ങളിലൂടെ കേരളത്തിലെ ഒരു മുസ്ലിം ഭവനത്തിൽ ജീവിക്കുന്നു. 60 വയസ്സായ ഒരു മതഭ്രാന്തനാണ്, ഭൂമിയിലെ 750 കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ No. 7.

**മഹാശക്തി എന്ന മഹാശാസ്ത്ര ദൈവ നാമത്തിലെ 'തി' ബന്ധമുള്ള, യഥാർത്ഥ സർവ്വ പ്രധാനിയായ ദേവത, 'അഗ്നിദേവൻ' എന്ന തെറ്റായ നാമത്തിൽ അറിയപ്പെടുന്ന 'അഗ്നിദേവത' കേരളത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് കുറെയേറെ സാധുവായ ഒരു ചെറുപ്പക്കാരനായി ജീവിക്കുന്നുണ്ട്. ഭൂമിയിലെ 750 കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ No. 10.**

**ഓംകാര നീതി ശാസ്ത്രം അടിസ്ഥാന പരമായി മഹാവാത്സല്ല്യമാണെന്ന് കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്താൻ കുഞ്ഞുങ്ങൾക്കു വേണ്ടി സൃഷ്ടിച്ച ദേവതകൾ / മലക്കുകൾ / മാലാഖമാർ ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ച കാര്യങ്ങളെ മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. നീതികാര്യങ്ങളുമായി ബന്ധപ്പെട്ട അവയ്ക്ക് ഭൗതികമായ അസ്തിത്വം ഉണ്ടാകുന്നത് അവ സത്യമാണെന്ന് ദൈവ വിപ്ലവം യാഥാർത്ഥ്യമാണെന്ന് തെളിയുമ്പോഴാണ്.**

**ഇനി, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ കാര്യം :- ഭൂമിയിലെ എല്ലാ അടിമകൾക്കും / ഭരണാധികാരികൾക്കും മുകളിൽ പുണ്യം കൊണ്ടും ജന്മങ്ങളുടെ എണ്ണം കൊണ്ടും ശ്രേഷ്ഠത ഏറെ നേടിയ ഒരു കുട്ടി കേരളത്തിലെ കോൺഗ്രസ് സംഘടനയിൽ ഉണ്ട് : കെ.മുരളീധരൻ; ആയുസ്സിനു പ്രശ്നമുണ്ട്; സ്ഥിതി പരമായ വിധി കൊണ്ട് മാറിയേക്കാം! ജവഹർലാൽ നെഹ്രു നല്ലവനായ ഒരു അറബിയാണ്. ലെനിൻ, ഇന്ദിരാഗാന്ധി, ഖലീഫ ഉമർ, അബൂബക്കർ, നാരായണ ഗുരു, തുടങ്ങിയവർ കേരളത്തിൽ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്; ചിലർ മുൻകാല ദേവതകളാണ്. പോപ്പ് ജോൺ പോൾ 2 -ആയി വന്ന മുഹമ്മദ്, ഭൗതിക അസ്തിത്വം ഇല്ലാത്തതായ കുറെ നിയമങ്ങളെ വീണ്ടും തട്ടിക്കൂട്ടി, ഇപ്പോൾ ഒരു മുസ്ലീം കുടുംബത്തിൽ പുനർജ്ജനിച്ചിട്ടുണ്ട്. ദൈവ വിപ്ലവത്തോടെ, ബോദ്ധ്യപ്പെടും.**

## ഏറ്റവും വലിയ നീചർ Nos. 11 to 15

**അഞ്ചു പേരും കേരളത്തിൽ, മുസ്ലീം ലേബലിൽ ജീവിക്കുന്നു; ആരും മതഭ്രാന്തരല്ല; 12 മുതൽ 14 വരെയുള്ള 3 പേരിൽ ഒരാൾ 'നാരായണ ഗുരുവിന്റെ' പുനർജ്ജന്മം ആണ്; മഹാദേവി അക്കാര്യത്തിൽ ഈയുള്ളവന് മറവി സൃഷ്ടിച്ചതിന് കാരണം ഉണ്ടാവും !**

## ഏറ്റവും വലിയ നീചൻ No. 5

**കേരളത്തിൽ മുസ്‌ലിം ലേബലിൽ ജീവിക്കുന്നു; ശബരിമല, കൊല്ലൂർ, ഗുരുവായൂർ ഉൾപ്പെടെ ഏതൊരു മത-ദേവാലയത്തിലും ഭക്തിയോടെ പോകുന്ന അദ്ദേഹത്തിന് തൽക്കാലം അറിവ് വളരെ കുറവാണ്. ലെനിൻ, കൂടാതെ No. 8 -ന്റെ അംശാവതാരം എന്നിവ കൊണ്ട് കടുത്ത പാപിയും കൂടിയാണ്.**

## ഏറ്റവും വലിയ നീചൻ No. 4

**കേരളത്തിലെ മുസ്ലീം കുടുംബത്തിൽ ജീവിക്കുന്നു; അക്ബർ ചക്രവർത്തിയുടെ പുനർജന്മം കൂടിയാണ്. ദൈവ വിപ്ലവ കാലത്ത് എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ ഒന്നിപ്പിച്ച് പുണ്യം വർദ്ധിപ്പിച്ചേക്കാം ! കൂടുതൽ പുണ്യം നേടാൻ മഹാദേവി നൽകിയ അവസരങ്ങളെ പാഴാക്കിയ പാപികളിൽ, Nos.3 to 15 ഉണ്ട്. കള്ളന്മാരെയും മറ്റും ഉദ്ധരിക്കാൻ ക്രൈസ്റ്റിലൂടെ ദൈവം ശ്രമിച്ചതു പോലെയാണ് ഈയുള്ളവൻ 3 to 9 കുഞ്ഞുങ്ങളെ തിരുത്താൻ പ്രയത്നിച്ചത്.**

# ഏറ്റവും വലിയ നീചർ Nos. 1 & No. 2.

**ഭൂമിയിലെ ഏറ്റവും വലിയ പാപികളായ രണ്ടു പേരിൽ ഒരാൾക്ക് ഇപ്പോൾ (2018) ഇന്ത്യയിലെ പ്രധാനമന്ത്രിയും രണ്ടാമന് കേരളത്തിലെ മുഖ്യമന്ത്രിയും ആകാൻ സാധിച്ചെങ്കിൽ, മുജ്ജന്മ പാപങ്ങളെ ധർമ്മ ശാസ്ത്ര പരമായ പ്രവൃത്തികളെ കൊണ്ട് പുണ്യം വർദ്ധിപ്പിച്ച് ദൈവ ശിക്ഷകളെ കുറയ്ക്കാൻ മഹാവാത്സല്ല്യത്തോടെ മഹാമാതാവ് അവസരം നൽകുക കൂടിയായിരുന്നു. ഒന്നാമനെ കടത്തി വെട്ടും വിധം, രണ്ടാമന്റെ പാപങ്ങളും ശിക്ഷാ ശേഖരണവും കുതിച്ച് ഉയർന്നു കൊണ്ടിരിക്കുന്നു; കുഞ്ഞുങ്ങളെ, നിങ്ങളുടെ കാര്യത്തിലെ വേദനകൾ കൊണ്ട്, ഈ വാക്കുകൾ കുറിക്കുമ്പോൾ, ഈയുള്ളവന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ഒഴുകി ... നിങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിയുന്നുവെങ്കിൽ, കുഞ്ഞുങ്ങളെ ധാർമ്മികമായി ഉയർത്താനും, ഓംകാര നീതി ശാസ്ത്രം പ്രകാരമുള്ള ശിക്ഷകളിൽ നിന്ന് ഒഴിവാക്കാനുമായി മഹാ-അവസരങ്ങളെ നൽകുന്ന മഹാമാതാവിന്റെ മഹാവാത്സല്ല്യത്തെ തിരിച്ചറിഞ്ഞ് ഉടൻ തന്നെ ധർമ്മ ശാസ്ത്ര വിരുദ്ധമായ നടപടികളെ അവസാനിപ്പിക്കുകയും, ധർമ്മ ശാസ്ത്ര പരമായ പ്രവൃത്തികളെ കൊണ്ട് അത്ഭുതം പ്രവർത്തിക്കുവിൻ ! താൻ പാതി ദൈവം പാതി എന്നതിൽ സ്വന്തം പകുതി ശുദ്ധമാക്കുക; രണ്ടാമത്തെ പകുതി മഹാശക്തിയായ മഹാദേവി @ ഭൂമി സത്യം ശിവം സുന്ദരമാക്കുന്നതാണ്.**

**ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും -അല്പനേരം പോലും- തടയാൻ അടിമയ്ക്ക്/ ഭരണാധികാരിക്ക് അധികാരമില്ല.**

**നോട്ട് നിരോധനത്തിലൂടെ ഇന്ത്യയിൽ 120 കോടിയിലേറെ ജനങ്ങളെയും അതുപോലെ മറ്റു രാജ്യങ്ങളിലും ജനങ്ങളെ കഷ്ടപ്പെടുത്തിയതും അനേകർ വധിക്കപ്പെടാൻ കാരണമായതും ഒന്നാമന്റെ ഈ ജന്മ പാപങ്ങളെ ഏറ്റവുമധികം ഉയർത്തി! താൽക്കാലികമായ സാമ്പത്തിക ഡിജിറ്റലൈസേഷനും, ഒപ്പം അനേകായിരം കോടി രൂപ പാഴാക്കി വീണ്ടും കള്ളനാണയമായ പേപ്പർ കറൻസി അച്ചടിക്കുന്നതിനു പകരം ദൈവീകമായ സ്വർണം വെള്ളി ചെമ്പ് നാണയങ്ങളെ ഏർപ്പെടുത്താനും, നികുതികളെ അവസാനിപ്പിക്കാനും, ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ നടപ്പാക്കാനും പരിശ്രമിക്കാമായിരുന്നു. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്ന തൊഴിൽ/വിഷയ വിഭജനം പാടേ തെറ്റിച്ച് ജീവിക്കുന്നു. അടിമകൾ ജീവിക്കുന്നത് ഉടമകൾക്കു വേണ്ടിയാവണം; വാക്കുകൾ കൊണ്ട് വേഷം കെട്ടിയാൽ ജനങ്ങളെ ഭാഗികമായി കബളിപ്പിക്കാൻ കഴിഞ്ഞേക്കും; ദൈവത്തെ പറ്റില്ല. ഒന്നാമനേക്കാൾ ഈ ജന്മത്തിൽ അധഃപതിച്ച രണ്ടാമത്തെ അടിമ ധാർഷ്ട്യത്തിന്റെ പര്യായമായി.** ജനങ്ങളുടെ ചിലവിൽ ജീവിക്കാനും 'അടിമയായ' ഭരണാധികാരി ആവാനും പുണ്യം നേടി മുജ്ജന്മ പാപങ്ങളെ അതിജീവിക്കാനും ലഭിച്ച അവസരങ്ങൾ അനവധിയാണ്. അവസരങ്ങളെ മെച്ചമായി ഉപയോഗിക്കാൻ ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളിൽ ഒരാളായ രണ്ടാമന് ഇനിയെങ്കിലും കഴിയട്ടെ ! (1) 2018 ആഗസ്റ്റിലെ വെള്ളപ്പൊക്കം വിശകലനം ചെയ്യുക. അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നു വിടുന്നത് പോലെയുള്ള കാര്യങ്ങളിൽ, അടിമകൾ മാത്രമായ ഭരണകൂടം ഉചിതമായ മുന്നറിയിപ്പ് നൽകണം; മുന്നറിയിപ്പുകൾ സുവ്യക്തമാവണം. അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നു വിടുമ്പോൾ, പുഴയുടെ തീരത്തു നിന്നും ഇത്ര ദൂരം, ഇത്ര ഉയരത്തിൽ വെള്ളം പൊങ്ങുമെന്ന കണക്കും, അത് വരുത്തി വച്ചേക്കാവുന്ന ദുരിതങ്ങളുടെ കണക്കും, തടയാൻ ആവശ്യമായ നടപടികളും ജനങ്ങളെ ഉചിതമായി അറിയിക്കാനും ജനങ്ങളോട് ചേർന്നു പ്രവർത്തിക്കാനും അടിമകൾക്ക് കഴിയണം. അണക്കെട്ടുകൾ നിർമ്മിച്ച കാലത്ത് തന്നെ തയ്യാറാക്കേണ്ടതായ അത്തരം കണക്കുകളെ തയ്യാറാക്കാൻ ശ്രദ്ധിക്കാഞ്ഞ മന്ത്രിമാരും ഉദ്യോഗസ്ഥരും എല്ലാം കൊടിയ തെമ്മാടി = എമ്പോക്കികളാണ്. തീർന്നില്ല. വെള്ളപ്പൊക്കം ഉണ്ടാകാൻ കാരണമായ അടിമകൾ, രാജ്യത്ത് ലഭ്യമായ സൈന്യത്തിന്റെ സേവനം ഉചിതമായി ഉപയോഗിക്കാൻ തയ്യാറായില്ല. അത്തരം സന്ദർഭങ്ങളിൽ ധർമ്മ ശാസ്ത്ര പരമായി സ്വയം പ്രവർത്തിക്കാൻ, ദൈവ വിപ്ലവത്തോടെ പോലീസിനും സൈന്യത്തിനും ഉൾപ്പെടെ എല്ലാ അടിമകൾക്കും യജമാനർക്കും കഴിയുന്നതാണ്. ഭൂമിയിലെ ഏറ്റവും വലിയ പിശാചായി മാറിയ നാരായണന് ജയ് വിളിച്ചു നടക്കുന്ന ഏഭ്യന്മാർ ഏറെയുള്ള ജനതയാണ് കേരളത്തിൽ ഇന്നുള്ളത്. കടുത്ത അഹംഭാവികളെ പുനർജ്ജനിപ്പിക്കാനുള്ള മേഖല കൂടിയാണ് കേരളം എന്ന് വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. (2) ശബരിമല തീർത്ഥാടനം പോലെ വിഷയം അല്ലാത്ത വിഷയങ്ങളിൽ ഇടപെടാൻ ന്യൂനശക്തികളുടെ ചട്ടുകമായി രണ്ടാമത്തെ വലിയ നീചനും, പൂച്ചാണ്ടിക്കോടതികളിലെ ജഡ്ജിമാരും അധഃപതിച്ചു; ധാർമ്മിക സദാചാര നിയമങ്ങളെ കശക്കി ഞെരിച്ചത് അതിനു കാരണമായിട്ടുണ്ട്. (3) **ശരിക്കും പൊതുവായ ആവശ്യങ്ങളെ വിസ്മരിച്ചതു പോലെ ആയിരിക്കുന്നു ! എല്ലാ ജനങ്ങളും മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതികമായ അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്രം പ്രകാരമുള്ള ജീവിതം നയിക്കണം; അതിനായി പരമാവധി പരിശ്രമിക്കണം എന്നതാണ് വസ്തുത.**

കുഞ്ഞുങ്ങളും യജമാനരുമായ ജനങ്ങൾ പാർപ്പിടം ഇല്ലാതെ വിഷമിക്കുമ്പോൾ, ജനങ്ങളുടെ പണം കൊണ്ട് ഉണ്ടാക്കിയ സുഖ-മന്ദിരങ്ങളിൽ അടിമകൾ മാത്രമായ മന്ത്രിമാരും ജഡ്ജിമാരും ഉദ്യോഗസ്ഥരുമായ 'ഭരണാധികാരികൾ' എന്ന കള്ളപ്പേരോടെ വസിക്കുന്നത് കടുത്ത അപരാധമാണ്. സ്വന്തം പണമാണെങ്കിൽ പോലും സാധാരണ ജനങ്ങൾക്ക് ലഭിക്കുന്നതിൽ അധികം ചികിത്സ സ്വീകരിക്കുന്നതിനു മുമ്പ് അടിമകൾ പദവി ഒഴിയണം എന്നതു പോലെ ധർമ്മ ശാസ്ത്ര വിചാരം വർദ്ധിക്കണം. മറ്റ് ജനങ്ങളെയും ദൈവത്തിന്റെ കുഞ്ഞുങ്ങളായി അറിയണം; പെരുമാറ്റ മര്യാദകളും..!

**'ഇന്ന് ജീവിക്കുകയും, അടുത്ത ഒരു നാൾ മരിക്കുകയും ചെയ്യുന്ന മനുഷ്യ ക്കുഞ്ഞുങ്ങളുടെ ചരിത്രം' മഹാവേദ ഭാഗമായ ഈ ഗ്രന്ഥത്തിൽ, ചേർക്കണമായിരുന്നോ ? ദൈവവിപ്ലവത്തോടെ മഹാവേദത്തെ ചിട്ടപ്പെടുത്തുമ്പോൾ സൃഷ്ടികളുടെ നാമങ്ങളും ചരിത്രങ്ങളും ഉണ്ടാവില്ല. ഇപ്പോൾ കുഞ്ഞുങ്ങളെ തിരുത്താനും, ഭൂമിയിലെങ്ങും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-വ്യത്യാസങ്ങളുടെ പേരിൽ നിലനിൽക്കുന്ന വ്യക്തി-വിദ്വേഷം അവസാനിക്കാനും, പരസ്പരം സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും ജീവിക്കാൻ ഉദാഹരണങ്ങൾ ഉപകരിക്കും എന്നാണ് ഉദ്ദേശം. പാപികളെ കൂടുതൽ വെറുക്കുന്നവർക്ക് പാപികളെ കൂടുതൽ ശുദ്ധി വരുത്താൻ ശ്രമിക്കുന്നതിലൂടെ സ്വന്തം പാപങ്ങളെ കുറയ്ക്കാനും, പുണ്യത്തെ വർദ്ധിപ്പിക്കാനും കഴിയുന്നതാണ്. കൂടുതൽ ആനന്ദത്തെയും നേടാം. അപ്പോഴും എപ്പോഴും അറിയുക : പാപികളെന്നു നിങ്ങൾ കരുതുന്ന മനുഷ്യരേക്കാൾ പാപി ഒരു പക്ഷേ നിങ്ങളാവും ! മഹാനീതി ശാസ്ത്രമായ ഓംകാര നീതി ശാസ്ത്രത്തെ മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളത് പഠിക്കാൻ കഴിയുന്നവർക്ക് ബോദ്ധ്യമാകുന്നതാണ്. ഒരു ജന്മം കൊണ്ട് തീരാത്തതും 100 ജന്മങ്ങൾ കൊണ്ടു മാത്രം തീരുന്നതുമായ നീണ്ട മനുഷ്യ ജീവിതത്തിന്റെ തജ്ജന്മത്തിലെ ഏതാനും കാര്യങ്ങളെ അടിസ്ഥാനമാക്കി അന്യോന്യം മാർക്കിടരുത്. നീതി വിധിക്കാൻ മനുഷ്യന് കഴിയില്ല; കഴിവില്ല എന്നതിനൊപ്പം നീതി വിധിക്കാൻ മനുഷ്യന് കഴിയാത്തതാണ് നല്ലത് എന്നു കൂടി ബോദ്ധ്യമാകും.കുഞ്ഞുങ്ങൾക്ക് നല്ലതായ കാര്യങ്ങളെ മാത്രമേ മഹാദേവി ചെയ്യുന്നുള്ളൂ.**

**വിശകലനം ചെയ്തും ബോദ്ധ്യം വന്നും ഏറ്റവുമധികം നല്ലത് ചെയ്യാനും പുണ്യം വർദ്ധിപ്പിക്കാനും അടിമകൾക്കും യജമാനർക്കും കഴിയട്ടെ ! ഏറ്റവും കൊടിയ പിശാചുക്കളും, ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളാണ്. താൽക്കാലികമായി വഴിതെറ്റിയ അവരെ തിരുത്തുവാൻ അവരുടെ മഹാമാതാവും മഹാനീതിയും ഏകദൈവവുമായ മഹാദേവിയും, മഹാപിതാവും മഹാനീതിപതിയുമായ മഹാദേവനും ഉണ്ട്. സ്വന്തം മുജ്ജന്മങ്ങളെയും പാപങ്ങളെയും പറ്റി യാതൊന്നും അറിയാത്തവർ, സഹോദരങ്ങളായ പാപികളെ സഹായിക്കുക എന്നല്ലാതെ അധർമ്മികളോട് വിരോധം അരുത്; അധർമ്മത്തെ ശക്തമായി എതിർക്കുകയും വേണം.**

**ആദ്യ മഹാകാലചക്രത്തിൽ, മനുഷ്യാവസ്ഥയിൽ മോക്ഷം നേടവേ ദേവതകൾ/ മാലാഖമാർ /മലക്കുകളായി പ്രത്യേക പദവി ലഭിച്ചവർ, കൊടിയ ദുർദ്ദേവതകളും പിശാചുക്കളുമായി അധഃപതിച്ച് കാട്ടിക്കൂട്ടിയ അപരാധങ്ങളെ കണക്കാക്കിയാൽ, മനുഷ്യരുടെ തെറ്റുകളും കുറ്റങ്ങളും ഗൗരവമാണെങ്കിലും, നിസ്സാരമായി തോന്നും.**

**യൂറോപ്പിൽ അനേകം പള്ളികൾ വിൽക്കാനുണ്ട് ! ആചാരങ്ങളുടെ പേരിലും മറ്റും കേരളത്തിൽ ശണ്ഠ ! ദൈവ വിപ്ലവത്തിനുള്ള ഒരുക്കമായ ന്യൂനശക്തികളുടെ തിരുത്തൽ പ്രവർത്തന - ഭാഗമായി ദേവാലയങ്ങളിലെ കാര്യങ്ങളെ ഗ്രഹിച്ചാൽ ശ്രേഷ്ഠമാണ് ! ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കാനുള്ള ദൈവീക നടപടികൾക്ക് കേരളത്തിൽ ആക്കം കൂടേണ്ടതുണ്ട് !**

# ആധുനിക കാലത്തെ ആണും പെണ്ണും കെട്ട മത-ജാതി-രാഷ്ട്രീയ മനോരോഗികളായ യുവാക്കളുടെയും മുതിർന്നവരുടെയും ഏതാനും മനോരോഗങ്ങളെ ചൂണ്ടിക്കാട്ടുന്നത് അവരോടുള്ള ദൈവീകമായ സ്നേഹവാത്സല്യങ്ങൾ കൊണ്ട് മാത്രമാണ്.

ഏതാനും മനോരോഗങ്ങളെ ഒന്നൊന്നായി വിശകലനം ചെയ്യാം :-

1. സന്ദേശങ്ങളെ അയക്കാൻ ഉപയോഗിക്കുന്ന ആധുനിക കാലത്തെ സ്മാർട്ട് മൊബൈൽ ഫോണുകളിലെ വാട്സ്ആപ് സന്ദേശങ്ങളെ പ്പറ്റി ആദ്യം കുറിക്കുന്നു. ഒരു കൂട്ടം ആളുകൾ അതിരാവിലെ മുതൽ ഇഷ്ട ദേവതകളുടെ ചിത്രങ്ങളും വീഡിയോകളും, മത്സര ബുദ്ധിയോടെ മറ്റുള്ളവർക്കും ഗ്രൂപ്പുകളിലും അയച്ചു കൊടുക്കുന്നത് പതിവാക്കിയിട്ടുണ്ട്. പ്രമുഖരുടെയും, ഗ്രന്ഥങ്ങളിലെയും, മതപരമല്ലാത്ത ധർമ്മ കാര്യങ്ങളെയും സന്ദേശങ്ങളെയും സൂത്രത്തിൽ മതജാതിപരമാക്കുകയും മതത്തിലൂടെ പ്രചരിപ്പിച്ച് മതങ്ങളെ ശരിവെക്കുന്ന കുതന്ത്രം എല്ലാ മതങ്ങളും (പ്രമുഖ പുരോഹിതരും പണ്ഡിതരും ഉൾപ്പെടെയുള്ളവർ) പയറ്റുന്നുണ്ട്.

മതങ്ങളുടെയും അവയിലെ ദേവതകളുടെയും യാഥാർത്ഥ്യങ്ങളെ നേരിട്ട് അറിയാതെയും, അന്വേഷിക്കാതെയും, തങ്ങളുടെ ബന്ധുക്കളെല്ലാത്ത ദേവതകളുടെയും മറ്റും ചിത്രങ്ങൾ പ്രചരിപ്പിക്കാനും പൂജിക്കാനും ആരാധിക്കാനും ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ആധുനിക കാലത്തെ വിവരദോഷികളെ എങ്ങനെ ശിക്ഷിക്കണമെന്ന് സ്വയം വിശകലനം ചെയ്തു പറയട്ടെ. മഹാനീതിയായ ദൈവം കേൾക്കട്ടെ ....! മത ദേവതകൾ പലരും കൊടിയ ദുർദ്ദേവതകളാണ്, അവരുടെ പലതരത്തിലുള്ള ഫോട്ടോകൾ വാട്സ്ആപ് ഗ്രൂപ്പുകളിലും, തനിച്ചും മറ്റും പ്രസിദ്ധപ്പെടുത്തുന്നവർ എന്ത് ഉദ്ദേശത്തോടെയാണ് അങ്ങനെ ചെയ്യുന്നതെന്ന് വ്യക്തമാക്കണം. ദൈവമായും ദേവതയായും അനേകർ തെറ്റിദ്ധരിച്ചിരിക്കുന്നത് ദുർദ്ദേവതകളെയാണ്. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യരുടെ പരസ്യങ്ങളും കോപ്രായങ്ങളും കണ്ടും കേട്ടും സന്തോഷിക്കുന്ന കോമാളിയല്ല. ..

മറ്റൊരു കൂട്ടർ പ്രാദേശികമോ ദേശീയമോ അന്തർദ്ദേശീയമോ ആയ കളിക്കാര്യങ്ങളാവും വാട്സ്ആപ് വഴിയും മറ്റും കൈമാറുക. ഏകമഹാശരി എന്തെന്ന് അറിയാൻ ശ്രമിക്കുക പോലും ചെയ്യാതെ സ്വന്തം ഇഷ്ടപ്രകാരം, ശരിയെന്നു തോന്നുന്നതും സന്തോഷം ലഭിക്കുന്നതുമായ കാര്യങ്ങൾ ഇതുപോലെ ചെയ്യുന്നു .... കുഞ്ഞുങ്ങളെ ... കുറച്ചു കൂടി ഗൗരവമുള്ളതും, നിങ്ങൾക്കും ചുറ്റുമുള്ളവർക്കും പ്രയോജനകരവുമായ കാര്യങ്ങളിൽ ഏർപ്പെട്ടാൽ .... ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ മഹാഉചിതമായി ഉപയോഗിച്ചാൽ തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്. അവസരങ്ങളെ നഷ്ടപ്പെടുത്തുന്നത് ഭാഗികമായി ശിക്ഷകളുടെ ശേഖരണവുമാണ്. ഏറ്റവും കുറഞ്ഞത് ചുറ്റുമുള്ളവരെ ഉപദ്രവിക്കാതെ ... അവരുടെ ഊർജ്ജവും സമയവും മറ്റും പാഴാക്കാൻ പ്രേരിപ്പിക്കാതെ കഴിയാൻ ശ്രദ്ധിക്കണം.

അധിക സമയം ഉള്ളവർ, മാതാപിതാക്കളോടും ഇണയോടും കുട്ടികളോടും മറ്റ് ഉറ്റവരോടുമുള്ള കടമകളെ പൂർത്തിയാക്കുന്നതിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടോ എന്ന് സ്വയം പരിശോധിക്കണം; വീഴ്ചകളെയും പോരായ്മകളെയും ശക്തിക്കൊത്ത് പരിഹരിക്കണം. വൃദ്ധരായ മാതാപിതാക്കളെയും മറ്റ് ഉറ്റവരെയും ശുശ്രൂഷിക്കാനും പരിചരിക്കാനും, അമ്മയ്ക്കും അച്ഛനും പതിവായി ഒരു ഉമ്മയെങ്കിലും ആത്മാർത്ഥമായി കൊടുക്കാനും, ശ്രദ്ധിക്കുക. ഉറ്റവർ ജീവിച്ചിരിക്കുമ്പോൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരായി എല്ലാവരും ഉയരട്ടെ. കള്ളമതങ്ങൾ പ്രകാരം മരിച്ചുകഴിഞ്ഞ് കെങ്കേമമായി അടിയന്തിര കർമ്മങ്ങൾ നടത്തി കൂടുതൽ പാപങ്ങളെ നേടാതെ .... ജീവിച്ചിരിക്കുന്നവരെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുക.

കുഞ്ഞു മുതൽ കുട്ടി-യുവജനങ്ങൾ-വൃദ്ധർ വരെയുള്ളവരുടെ ഇടയിൽ 'മക്കളും മാതാപിതാക്കളും' എന്ന മാനുഷിക ബന്ധം ഉണ്ടെങ്കിലും അവരെല്ലാം തന്നെ മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് - മഹാസത്യത്തിലെ ഒരു പ്രധാന ഘടകമാണത്. അതേസമയം പലപ്പോഴും മാതാപിതാക്കളുടെയും ഉറ്റവരുടെയും മുഖഛായ, നിറം, ഉയരം, ചില സ്വഭാവങ്ങൾ തുടങ്ങിയവ മക്കൾക്ക് നൽകിക്കൊണ്ട് മാതാപിതാക്കളെയും മക്കളെയും ഉറ്റവരെയും ദൈവം കൂടുതൽ ആനന്ദിപ്പിക്കാറുണ്ട്.

അപൂർവ്വമായി വേദനിപ്പിക്കാറുമുണ്ട്. ജീവാത്മാവ് നേടിയിട്ടുള്ള പുണ്യത്തിന്റെ അളവ്, സമാനത, മഹാനീതിശാസ്ത്രപരമായ ആവശ്യം എന്നിവയാണ് സ്വഭാവം പകരുന്നതായി തോന്നുന്നതിന്റെ രഹസ്യം. ചെറുപ്പത്തിൽ മക്കളെ കൂടുതൽ കൂടുതൽ സ്നേഹിക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്ന ഒരു ഘടകം തന്നെയാണത്. മാതാപിതാക്കൾക്ക് വയസ്സാകുമ്പോൾ, അവരെ സ്നേഹിക്കാനും പരിചരിക്കാനും മക്കൾക്ക് ഉത്തേജക മരുന്നുപോലെ പ്രയോജനപ്പെടണം; ഉറ്റവർക്ക് ചൂണ്ടിക്കാട്ടാനും; പുതിയ തലമുറകൾക്ക് പാഠമാവാനും.

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നതാവണം ജീവിത ക്രമം. മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോട് ചെയ്യേണ്ടതായ കടമകളെയും കടപ്പാടുകളെയും മറന്നും അവഗണിച്ചും കൊണ്ട് വാട്സ്ആപ്, ഫെയ്സ്ബുക്ക്, തുടങ്ങിയവയിൽ ദേവതകളുടെയും ദുർദ്ദേവതകളുടെയും കളിക്കാരുടെയും ഫോട്ടോകളും സന്ദേശങ്ങളും പ്രസിദ്ധീകരിക്കാൻ നടന്നാൽ, ദൈവത്തിന്റെ കുഞ്ഞുങ്ങളായ മുതിർന്നവർക്കും ചെറുപ്പക്കാർക്കും പാപം വർദ്ധിക്കുമെന്ന് സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാം.

അത്യാവശ്യമോ ആവശ്യമോ അല്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നതും അവയ്ക്ക് മുൻഗണന നൽകുന്നതും പലപ്പോഴും പാപം പിടിച്ചു വാങ്ങാൻ ഇടയാക്കും എന്നറിഞ്ഞാൽ നന്ന്. ദൈവീക കാര്യങ്ങളെ സുവ്യക്തമായി അറിയാതെ അവിടെയും ഇവിടെയും കാണുന്നതും കേൾക്കുന്നതും ശരിയെന്നു കരുതി പ്രചരിപ്പിക്കരുത്. മുൻകാല പാപികൾ അങ്ങനെ ചെയ്തതു കൊണ്ടുകൂടിയാണ് പാവം ദൈവത്തിന്റെ പേരിൽ അനേകശതം മതങ്ങളുണ്ടായത്.

2. അതിരാവിലെ മുതൽ ദേവാലയം എന്നറിയപ്പെടുന്ന ക്ഷേത്രങ്ങളിലും പള്ളികളിലും, മറ്റും, മൈക്കുകളിലൂടെ ആരംഭിക്കുകയും രാത്രി വരെ തുടരുകയും ചെയ്യുന്ന സ്തുതി ഗീതങ്ങൾ, ബാങ്ക് വിളി, മത-ജാതി-രാഷ്ട്രീയ പ്രഭാഷണം, തുടങ്ങിയ മത കോപ്രായങ്ങളെ സ്വയം വിശകലനം ചെയ്യുക. മറ്റൊരു മതത്തിലെ ഗാനങ്ങളെയും പ്രഭാഷണങ്ങളെയും മറ്റും വ്യക്തി യഥാർത്ഥമായും ഇഷ്ടപ്പെടുന്നുണ്ടോ ? ഒരു ബോംബ് ലഭിക്കുകയും ആരും അറിയില്ലെന്ന് ഉറപ്പാവുകയും ചെയ്താൽ ഇഷ്ടമില്ലാത്ത ദേവാലയത്തിനു നേരെ വലിച്ചെറിയുന്നവരാവും കൂടുതൽ.

ധർമ്മ ശാസ്ത്രത്തെ പഠിക്കുകയും പാലിക്കുകയും ചെയ്യാതെ ജീവിക്കുന്നവരായ മനോരോഗികൾ ശക്തി നേടും വരെയും ഒതുങ്ങി ജീവിക്കുകയും സഹിക്കുകയും ചെയ്യുന്നു എന്നേയുള്ളൂ. ചിലർ എപ്പോഴും ശക്തികൾക്കൊത്ത് ഇഷ്ടമില്ലാ ത്തവയെ തോന്നിയപോലെ എതിർത്തു കൊണ്ടിരിക്കും. മിക്ക രാജ്യങ്ങളിലെയും തീവ്രവാദ പ്രവർത്തനങ്ങളുടെ പിന്നിലെ പരസ്യമായ രഹസ്യം അതാണ്.

ശബ്ദ ശല്ല്യം ഉണ്ടാക്കുന്ന മത-രാഷ്ട്രീയ-മനോരോഗികളെ ഉപദേശിക്കാൻ ശ്രമിച്ചാലോ :- "മണ്ണായ ഭൂമിയിൽ സമസ്ത ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും അവകാശങ്ങളെയും അധികാരങ്ങളെയും നൽകിയിട്ടുള്ളത് ഭൂമി (ദൈവം) തന്നെയാണ്. ഭൂമിയിലെ വസ്തുക്കളെ തോന്നുമ്പോലെ ഉപയോഗിക്കാൻ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും അവകാശങ്ങളും അധികാരങ്ങളും ഇല്ല. പക്ഷികൾക്കും മൃഗങ്ങൾക്കും മനുഷ്യർക്കും വായിലൂടെയും മൂക്കിലൂടെയും, കൈകാലുകൾ കൂട്ടിയടിച്ചും മറ്റും ശബ്ദം ഉണ്ടാക്കുവാനുള്ള ശക്തി ലഭിച്ചിട്ടുണ്ട്. ആനയ്ക്കും സിംഹത്തിനും മറ്റും വലിയ ഉച്ചത്തിൽ ശബ്ദം വെയ്ക്കുവാനുള്ള ശക്തി ലഭിച്ചിട്ടുണ്ട്; എലിക്കും പൂച്ചയ്ക്കും പോത്തിനും നീർക്കുതിരക്കും മറ്റും താരതമ്യേന കുറവാണ്. ആവശ്യത്തിനു മാത്രം ശബ്ദം വെയ്ക്കാനും, അനാവശ്യമായി ഉച്ചത്തിൽ ശബ്ദം വെയ്ക്കാതിരിക്കാനും മറ്റുള്ള ജീവികൾ ശ്രദ്ധിക്കുന്നുണ്ട്.

ഹോറൺ, മൈക്ക്, സ്പീക്കർ തുടങ്ങിയ മാധ്യമങ്ങളെ അഥവാ വസ്തുക്കളെ ഉപയോഗിച്ച് വലിയ ഉച്ചത്തിൽ ശബ്ദം വെയ്ക്കുന്നത് മനുഷ്യർ മാത്രമാണ്. മണ്ണിൽ മഹാലയിച്ചിട്ടുള്ള നിയമങ്ങളെ മനുഷ്യർക്കു വെളിപ്പെടുത്തുമ്പോൾ, ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാക്കിയിട്ടുള്ള വസ്തുക്കൾ, ഭക്ഷണം, വസ്ത്രം, വാഹനങ്ങൾ, മൊബൈൽ ഫോൺ തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ ഉപയോഗിക്കുമ്പോൾ, ധർമ്മ ശാസ്ത്രപരമായ നിബന്ധനകളും മണ്ണ് നൽകുന്നുണ്ട്. അതായത് മണ്ണിലെ വസ്തുക്കളെ എങ്ങനെയെല്ലാം ഉപയോഗിക്കണം, എങ്ങനെയെല്ലാം ഉപയോഗിച്ചു കൂടാ എന്നിങ്ങനെയുള്ള നിയമങ്ങളും മണ്ണിലുണ്ട്; മണ്ണിലെ വസ്തുക്കളെ ഉപയോഗിക്കുന്നവർക്ക് മണ്ണിന്റെ നിയമങ്ങളെ പാലിക്കുവാനുള്ള ബാദ്ധ്യതകളുമുണ്ട്."

"ഭൂമിയിലെ ജീവിത കാര്യങ്ങളെ തോന്നിയതു പോലെ വിശ്വസിച്ചും, തോന്നിയതു പോലെ നിയമങ്ങളെ ഉണ്ടാക്കിയും, തോന്നിയതു പോലെ ജീവിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവും ഇല്ല. സ്വയം ജനിക്കുമ്പോഴും സ്വന്തമായി എന്തെങ്കിലും സൃഷ്ടിക്കുമ്പോഴും മാത്രമാണ് അതിനെല്ലാമുള്ള അവകാശവും അധികാരവും ഉണ്ടാവുക."

മനുഷ്യനും ദൈവത്തിനും ഇടയിൽ മധ്യസ്ഥരെ വെയ്ക്കാൻ പാടില്ല; കുഞ്ഞുങ്ങളോട് ഇടപെടാൻ ദൈവത്തിന് മധ്യസ്ഥരെ വേണ്ട; മാതാപിതാക്കളേക്കാൾ 100 മടങ്ങ് സ്നേഹ വാത്സല്യങ്ങൾ നൽകുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തോട് ഇടപെടാൻ കുഞ്ഞുങ്ങൾക്ക് (മനുഷ്യർക്ക്) മധ്യസ്ഥരെ വേണമെന്ന് പറയുന്നത് ലജ്ജാകരമാണ്; മഹാപിതാവും മഹാമാതാവുമായ ദൈവത്തെ അപമാനിക്കലാണ്. 'ദൈവകാര്യങ്ങളെന്ന പേരിൽ ദേവാലയങ്ങളിൽ ഉപയോഗിക്കുന്ന മൈക്ക് മാധ്യമം /മധ്യസ്ഥൻ ആണ്; ധർമ്മശാസ്ത്രം അനുവദിക്കുന്നില്ല. പുരോഹിതൻ, വഴിപാട്, പ്രസാദം, ആചാരങ്ങളും അനുഷ്ഠാനങ്ങളും, യജ്ഞം, മതഗ്രന്ഥ പാരായണം, മതപ്രഭാഷണം, വാട്സ്ആപ് വഴിയും മറ്റുമുള്ള മതമനോരോഗ-പ്രചരണം, തുടങ്ങിയവയും മാധ്യമം /മധ്യസ്ഥൻ ആണെന്ന് തിരിച്ചറിയണം.'

ദേവാലയം എന്ന പേരിൽ മനുഷ്യർ നിർമ്മിക്കുന്ന മന്ദിരങ്ങളും ഭാഗികമായി മാധ്യമം/മധ്യസ്ഥൻ ആണ്. മാത്രമല്ല; മനുഷ്യരുടെ ദൈവീകമായ ആവശ്യങ്ങൾക്കു വേണ്ടി ദൈവത്തിന്റെ വീട് എന്ന അർത്ഥത്തിലുള്ള ദേവാലയത്തെ, ദൈവത്തിന്റെ ഇഷ്ടമായ 'മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം നിർമ്മിക്കേണ്ടതുണ്ട്. '

ദേവാലയം നിർമ്മിക്കേണ്ടത് എങ്ങനെയാണെന്ന് ഈ ഗ്രന്ഥത്തിൽ വേറിട്ട് വിശദീകരിക്കുന്നുണ്ട്.

## 3. ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതു പോലും തിരിച്ചറിയാതെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ മനോരോഗികൾ ജീവിക്കുന്നു.

ഏറ്റവും ഹ്വസ്വമായി കുറിക്കാം :- ജനനം, മരണം എന്നിവ വ്യക്തി ചെയ്യുന്ന കാര്യങ്ങളല്ല. വ്യക്തിയുടെ ജീവിതത്തിലെ അതിപ്രധാന ങ്ങളായ രണ്ട് സംഭവങ്ങളാണവ. ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ധർമ്മശാസ്ത്രപരമായ ഏക ചടങ്ങ് വിവാഹമാണ്.

ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതിൽ നിന്നും അവയെ ചടങ്ങുകളാക്കിക്കൂടാ എന്ന മണ്ണിന്റെ നിയമവും വ്യക്തമാണ്. മാത്രമല്ല, മരണാനന്തര കാര്യങ്ങളെ പറഞ്ഞുകൊണ്ട് വ്യക്തികളെ ഭയപ്പെടുത്തി ജീവിക്കുന്ന മത-ജാതി പുരോഹിതന്മാർക്കുള്ള താക്കീതും അതിലുണ്ട്. ജനിച്ചിട്ടുള്ളത് ജീവിക്കാൻ ആണെന്നും, ജീവിക്കുകയാണ് ചെയ്യുന്നതെന്നും, സാത്വികമായിട്ട് ജീവിക്കുകയേ വേണ്ടൂ എന്നും മരിക്കുന്നതും ശവമടക്കലും വ്യക്തിയുടെ  വിഷയമല്ലായെന്നുമുള്ള പാഠം മണ്ണ് തരുന്നുണ്ട്.  മതപുരോഹിതന്റേത് ഉൾപ്പെടെയുള്ള (ശവ) ശരീരങ്ങളെ മണ്ണിന് മടക്കി നൽകുകയേ വേണ്ടൂ.

ശവശരീരത്തെ വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രകാരം അമ്മാനമാടുന്നത് അധമമായ കളിയാണ്. ശവശരീരത്തെ ഉപയോഗിച്ചും ജനങ്ങളെ കളിപ്പിക്കുകയാണ്; കബളിപ്പിക്കുകയാണ്; വിശ്വാസ വഞ്ചനയിലൂടെ സാമ്പത്തിക ചൂഷണത്തെ എളുപ്പമാക്കുകയാണ്. മഹാപ്രപഞ്ച ത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും സംവിധാനങ്ങളും പ്രകാരം ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിച്ചുകൊണ്ട്, അധമങ്ങളും അസംബന്ധങ്ങളുമായ മതവിചാരങ്ങളെ വസ്തുതകളാണെന്നും അത്യാവശ്യങ്ങളാണെന്നും തെറ്റിദ്ധരിച്ചും പ്രചരിപ്പിച്ചും മതങ്ങളുടെയും മതദൈവങ്ങളുടെയും നാമത്തിൽ, മതങ്ങൾക്കെല്ലാം അതീതവും സത്യവും മഹാശാസ്ത്രപരവുമായ ദൈവത്തെ നിന്ദിക്കുകയാണ്.

ശവശരീരം ഏതെങ്കിലും മതങ്ങളിലെ ഏറ്റവുമധികം ഉയർന്ന ആചാര്യന്റേതാണോ, മതപുരോഹിതന്റേതാണോ, പ്രധാനമന്ത്രിയുടേതാണോ, മത-ജാതി പ്രസ്ഥാനങ്ങൾക്ക് വഴിപ്പെടാത്തവരുടേ താണോ, നിരീശ്വരവാദിയുടേതാണോ, തെമ്മാടിയുടേതാണോ, മറ്റുള്ള ജീവികളുടേതാണോ എന്നത് വിഷയമാക്കാതെ മണ്ണ്, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണുകൊണ്ട് സൃഷ്ടിക്കുകയും, ജീവിതകാലത്ത് മണ്ണിന്റെ നിയമങ്ങൾ പ്രകാരം മഹാഭരിക്കുകയും, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മരിപ്പിക്കുകയും ചെയ്ത ശരീരത്തെ മണ്ണിൽ ലയിപ്പിക്കുന്നു. ശവശരീരത്തെ മണ്ണിന് മടക്കി നൽകിയില്ലെങ്കിൽ, മണ്ണിന്റെ (മൂലകങ്ങളിലുള്ള) നിയമങ്ങൾ പ്രകാരം ശവശരീരം ചീഞ്ഞു നാറുന്നതാണ്, മണ്ണിന്റെ നിയമങ്ങളെ തടയാൻ മതപുരോഹിതന്മാരുടെ കുശുകുശു മന്ത്രങ്ങൾക്കു കഴിയുന്നതല്ല. മത്സ്യവും ഭക്ഷണവും മറ്റും കേടാവാതെയും ചീഞ്ഞു നാറാതെയും ഐസ്പെട്ടിയിൽ അഥവാ ശീതീകരിച്ച് സൂക്ഷിക്കുമ്പോലെ ശവശരീരത്തെ സൂക്ഷിക്കാനാവുമെന്നു പറയുമ്പോൾ, മണ്ണിന്റെ നിയമങ്ങൾ തന്നെയാണ് പ്രവർത്തിക്കുന്നത്.

ഏതൊരു ജീവിയുടെയും പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം, സ്വയം ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് മണ്ണിലെ മൂലകങ്ങൾ കൊണ്ടാണ്. മണ്ണ് മണ്ണോടു ചേരുന്നു. മണ്ണ് അഥവാ മണ്ണായ ശരീരം, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് സ്വയം ശരീരത്തെ സൃഷ്ടിക്കുന്നു. പാലും പഴങ്ങളും ധാന്യങ്ങളും പച്ചക്കറികളും ഇലക്കറികളും മത്സ്യമാംസാദികളും മുട്ടയും ഉൾപ്പെടെ എല്ലാ ഭക്ഷണ സാധനങ്ങളും എല്ലാ ജീവികളും ഭക്ഷിക്കുമ്പോഴും ശരീരമെന്ന മണ്ണ് ശരീരമെന്ന മണ്ണോടു ചേരുക തന്നെയാണു സംഭവിക്കുന്നത്. മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ശരീരങ്ങളും. അതുകൊണ്ട് ഭൂമിയിൽ എവിടെയും (എല്ലാ മണ്ണിലും) ശരീരവും ശവശരീരവും ലയിച്ചു ചേരുന്നതാണ്.

മത്സ്യമാംസാദികൾ ഭക്ഷിക്കുന്നതു പോലെയും മുമ്പ് വ്യക്തമാക്കിയതു പോലെയും; മനുഷ്യൻ, പശു, പട്ടി, പന്നി തുടങ്ങി ഏതൊരു ജീവിയുടെയും ശവശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും; ഭൂമിയിൽ എവിടെ കുഴിച്ചിട്ടാലും; കത്തിച്ചാലും; തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിച്ചാലും; വ്യത്യസ്ത മതജാതി- ജീവികളുടെ ഭവനങ്ങളിലോ ദേവാലയങ്ങളിലോ - ഉള്ളിലോ പുറത്തോ -കുഴിച്ചിട്ടാലും; ദൈവത്തിന്റെ അംശം കൂടിയായ ശരീരമെന്ന മണ്ണ് (ശരീരമെന്ന) മണ്ണോടു ചേരുന്നതാണ്.

# 4. ഭക്ഷണ നോയമ്പുകൾ അധമമാണ്, മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു. നോയമ്പ് എന്ന പേരിലും മറ്റും ഭക്ഷണം കഴിക്കുന്നതിനെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഇന്നത്തെ മതങ്ങളിലെല്ലാം ഉണ്ട്. അവയൊന്നും യഥാർത്ഥത്തിൽ ദൈവീകമല്ല.

വിശദീകരിക്കാം :- മഹാശക്തിയായ ദൈവം, കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ലഭ്യമാക്കിയും, ആനന്ദിച്ചു ജീവിക്കുവാൻ മഹാഅനുഗ്രഹിച്ചിട്ടുണ്ട്. ഭക്ഷണ ആനന്ദമെന്നത് പ്രഥമവും ആനന്ദങ്ങളിൽ സർവ്വ പ്രധാനവുമാണ്. ജനനം മുതൽ മരണം വരെയുള്ള മുഴുവൻ കാലഘട്ടത്തിലും എല്ലാ ജീവികൾക്കും അങ്ങനെ തന്നെയാണ്. ഭക്ഷണ സാധനങ്ങളെ പാകംചെയ്ത് ഭക്ഷണ ആനന്ദത്തെ വർദ്ധിപ്പിക്കാൻ മനുഷ്യരെ മഹാഅനുഗ്രഹിച്ചിട്ടുണ്ട്.

ബഹുവിധ ഭക്ഷണങ്ങളെ രുചിച്ച് ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നത് മനുഷ്യരാണെങ്കിലും, ഭക്ഷണവുമായി ബന്ധപ്പെട്ട അതിപ്രധാനങ്ങളായ ശാരീരിക പ്രവർത്തനങ്ങൾ ചെയ്യുന്നത് ദൈവമാണ്. ഭക്ഷണ സാധനങ്ങളെയും മരുന്നുകളെയും മറ്റും ദഹിപ്പിക്കുകയും, മനുഷ്യന് ആവശ്യമായ ശക്തികളെ നൽകുകയും ശരീരത്തിലെ കോശങ്ങളെയും അസ്ഥികളെയും മറ്റും നിർമ്മിക്കുകയും ചെയ്യുന്നത് ദൈവമാണ്; രോഗമുക്തിയും പ്രതിരോധങ്ങളുമെല്ലാം ദൈവത്തിന്റെ പ്രവർത്തനം കൊണ്ടാണ്.

വിസർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും ദൈവം തന്നെയാണ് ചെയ്യുന്നത്. മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതകാലം മുഴുവൻ -സദാസമയവും - ശ്വസനത്തെയും ഹൃദയ പ്രവർത്തനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാനിർവ്വഹിക്കുകയാണ്. തന്റെ കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയുള്ള മഹാവാത്സല്യമാണത്.

പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് അല്പം ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ദഹന രസങ്ങളുടെയും നാഡീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം സ്വത്വ ബോധത്തോടെ മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും; അങ്ങനെയായാൽ, ജീവികളുടെയെല്ലാം ജീവിതം മുഴു-നരകമാവുന്നതാണ്.

മഹാശക്തിയായ ദൈവം, മനുഷ്യന്റെ ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളെയും എല്ലായ്പ്പോഴും മഹാനിർവ്വഹിക്കുമ്പോഴും, അനന്തങ്ങളെന്നോണമുള്ള ഭക്ഷണ രുചികളിലൂടെയും ദഹന സംതൃപ്തികളിലൂടെയും മനുഷ്യർക്കെല്ലാം ആനന്ദങ്ങളെ ലോഭമില്ലാതെ നൽകുന്നുണ്ട്. വിശപ്പുണ്ടാക്കുക, ദാഹിപ്പിക്കുക, ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും തോന്നിപ്പിക്കുക, വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതുപോലെയുള്ള ആശ്വാസം കൊടുക്കുക, തുടങ്ങിയ കാര്യങ്ങളെ മഹാശക്തിയായ ദൈവം ചെയ്യുന്നത് മനുഷ്യർക്കു വേണ്ടിയാണ്; മഹാനീതിശാസ്ത്ര പ്രകാരം, മനുഷ്യ ശരീരത്തിന്റെ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന്റെ ഭാഗമാണ്.

മഹാശക്തിയായ ദൈവം, മഹാവാത്സല്യത്തോടെയും മഹാനീതിശാസ്ത്ര പ്രകാരവും, 'മനുഷ്യർക്കു വേണ്ടി', മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ സന്തോഷം പ്രകടിപ്പിച്ചില്ലെങ്കിലും, ഭാരപ്പെടുത്തിയെന്ന് ശാസ്ത്രപരമായി വാദിക്കുവാൻ യാതൊരാൾക്കും കഴിയുന്നതല്ല.

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവത്തിന് മനുഷ്യരുടെ നന്ദി പ്രകടനങ്ങളെ ആവശ്യമില്ല. എന്നാൽ ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട്. അനന്തമായ ഭക്ഷണ രുചി /ആനന്ദത്തെ നൽകുന്നതിനാൽ, ദൈവം മനുഷ്യരെ ഭാരപ്പെടുത്താതെ, മഹാവാത്സല്യത്തോടെ മഹാ-കരുതുകയാണ്.

**ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന ശക്തികളെ സാത്വികമായിട്ട് ഉപയോഗിച്ച് ഭക്ഷണത്തെ നേടുകയും ഭക്ഷിക്കുകയും വേണം; ഭക്ഷണ ആനന്ദത്തെ ശ്രദ്ധിക്കാതെ ഭക്ഷിക്കുന്നവർക്കും ഭക്ഷണ ആനന്ദത്തെ നൽകുവാൻ മഹാവാത്സല്യവുമായ ദൈവം മഹാശ്രദ്ധിക്കുന്നുണ്ട്. ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ശരീര വളർച്ചയും ഒക്കെ തനിയെ പ്രവർത്തിക്കുമെന്ന് വാദിക്കുവാൻ നിരീശ്വരവാദിക്കും, മഹാശാസ്ത്രപരമായി വിശദീകരിക്കാൻ മതവിഴുപ്പുകളെ കൊണ്ട് ജീവിക്കുന്ന തട്ടിപ്പുകാർക്കും (മത പുരോഹിതന്മാർക്കും) കഴിയുന്നതല്ല.**

((ദൈവം വിശപ്പുണ്ടാക്കുമ്പോൾ, മനുഷ്യന് വിശക്കുന്നു, വിശക്കുമ്പോൾ തിന്നണം. വിശപ്പ് ഉണ്ടാക്കുന്നത് ദൈവം ആകയാൽ, ഒരാൾ വിശന്നിട്ട് ഭക്ഷണത്തിനു വേണ്ടി മറ്റുള്ളവരോട് യാചിച്ചാൽ, ദൈവവും കാരണക്കാരനും കാരണക്കാരിയും ആവുന്നതാണ്. അന്നദാനം മഹാദാനം ആവുന്നത് അങ്ങനെയാണ്. ഭക്ഷണത്തിനു വേണ്ടി യാചിക്കുന്ന മുതിർന്നവർക്ക് പാകം ചെയ്ത ഭക്ഷണത്തെ ഭിക്ഷയായിട്ടു നൽകുമ്പോൾ, സാധിക്കുമെങ്കിൽ ധർമ്മ ശാസ്ത്ര വിശകലനം ചെയ്യണം; നിർബ്ബന്ധമല്ല. ഭിക്ഷ കൊടുക്കുന്നയാൾക്ക് പാപം ഉണ്ടാകുന്നില്ല; എന്നാൽ ഭിക്ഷ യാചിക്കുന്നയാൾക്ക് പാപം ഉണ്ടാവാതിരിക്കാനോ, പാപം കുറയാനോ പ്രവർത്തിക്കുമ്പോൾ ഭിക്ഷ കൊടുക്കുന്നയാൾക്ക് പുണ്യം വർദ്ധിക്കുന്നതാണ്. ഉദാഹരണത്തിന്, ആരോഗ്യവും, ഭക്ഷണം പാകംചെയ്യാനുള്ള സൗകര്യങ്ങളും ഉള്ളവർ ഭിക്ഷ യാചിച്ചാൽ അരി കൊടുക്കുക, ചോറ് കൊടുക്കരുത്; വിശപ്പിനു ഭക്ഷണം യാചിക്കുമ്പോൾ "പാകംചെയ്ത ഭക്ഷണം" കൊടുക്കുക. ഭിക്ഷ കൊടുക്കുന്നതും കൊടുക്കാതെ യിരിക്കുന്നതും ഏതൊരാളുടെയും വ്യക്തിസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന വിഷയമാണ്; ഭരണകൂടം വ്യക്തിയെ ഭാരപ്പെടുത്തരുത്. യാചകരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ടുള്ള ദൈവത്തിന്റെ മഹാവാത്സല്യത്തെ, സാത്വികമായിട്ട് ചെയ്യേണ്ടതുണ്ട്; ക്രൂരമായ വചനങ്ങളെക്കൊണ്ട് യാചകരെ വേദനിപ്പിച്ചാൽ പാപം കിട്ടുന്നത് യാചകാവസ്ഥ ഉണ്ടാവാൻ ഒരു കാരണക്കാരായ (ജനങ്ങളുടെ ദാസരായ) ഭരണാധികാരികൾക്കാണ്. വിശപ്പിനല്ലാതെ യാചിക്കുന്നവരെ, അസാധാരണമായ സാഹചര്യങ്ങൾ ഇല്ലെങ്കിൽ, ജനങ്ങളെല്ലാം അവഗണിക്കുകയോ, ഓടിക്കുകയോ വേണം; അത്തരം യാചകരെ പരിഗണിക്കേണ്ടുന്നത് (ജനങ്ങളുടെ ദാസരായ) ഭരണാധികാരികളാണ്.

എന്നാൽ ധർമ്മശാസ്ത്രപരമായ ഭരണസമ്പ്രദായങ്ങൾ സമൂഹത്തിൽ ഇല്ലാത്ത സ്ഥിതിക്ക്, ദൈവ-വിപ്ലവം വരെ കാത്തിരിക്കുകയേ നിർവ്വാഹമുള്ളൂ; അല്ലെന്നാൽ മാനുഷികമായ ഊറ്റത്തെ ധർമ്മശാസ്ത്രപരമായിട്ട് പ്രകടിപ്പിക്കാൻ ജനങ്ങൾക്ക് കഴിയണം.))

മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ശരീരമായ ദൈവാംശത്തിന്റെ ജോലികൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട് എന്ന വിശദീകരണം തുടരുന്നു. (ദൈവം) വിശപ്പും ദാഹവും ഉണ്ടാക്കുമ്പോൾ, മനുഷ്യർ വ്യക്തിസ്വാതന്ത്ര്യത്തോടെ ഭക്ഷണ പാനീയങ്ങളെ രുചിച്ച് ആസ്വദിച്ചുകൊണ്ട് വിശപ്പിനും ദാഹത്തിനും ആനന്ദകരമായ പരിഹാരമുണ്ടാക്കാൻ, ശാസ്ത്ര നിയമങ്ങൾ പ്രകാരം ദൈവം ആവശ്യപ്പെടുകയാണ്. ജീവിക്കുന്നത് ആനന്ദിക്കാനാണ്; തങ്ങളുടെ ആനന്ദത്തിന്നായിട്ട് മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും അവർക്കെല്ലാം വേണ്ടി ഭക്ഷണ പാനീയങ്ങളെ കഴിക്കുകയും ചെയ്യുന്നു. മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ജോലികൾക്ക് തടസ്സവുമില്ല; തടസ്സമുണ്ടാക്കിയാൽ ദൈവനിന്ദയാണ്.  പൊതുവായ വസ്തുതയാണ്; എല്ലാ മനുഷ്യരും ജനനം മുതൽ മരണം വരെ നിരന്തരം പാലിക്കേണ്ടതുമുണ്ട്.

സർജറി, രോഗം, ചികിത്സ തുടങ്ങിയ അവസരങ്ങളിൽ വായിലൂടെ ഭക്ഷണം കഴിക്കുന്നതിന് സാധിക്കാതെ വരുമ്പോൾ, മൂക്കിലൂടെയും മറ്റും കുഴലിട്ട് ഭക്ഷണത്തെ ദ്രാവക രൂപത്തിൽ കൊടുക്കുന്നത് എല്ലാവരുടെയും ആവശ്യമല്ല; അഥവാ പൊതുവായ വസ്തുതയല്ല. ഒരു ചിലർക്ക് മാത്രം ഭൗതിക ശാസ്ത്ര പരമായി ആവശ്യമാക്കുന്ന സ്വകാര്യമാണത്. ഭൗതിക ശാസ്ത്ര /വൈദ്യ ശാസ്ത്രപരമായ കാരണങ്ങളാൽ 'സ്വകാര്യമായ ഭക്ഷണ നിയന്ത്രണം' ചെയ്യുമ്പോൾ ദൈവനിന്ദയില്ല; എന്തെന്നാൽ ഭൗതിക ശാസ്ത്രമെന്നത്, "ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രിന്റെ അംശവും,  മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ശാസ്ത്രവും, ഒന്നാമത്തെ വേദവുമാണ്."

ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് ജീവികളെല്ലാം ഭക്ഷണം കഴിക്കണം എന്നിരിക്കെ, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവ അധികമായി ലഭിച്ച മനുഷ്യ ജീവി മാത്രം ഒരു ചിലരുടെ അധമമായ മത-ആത്മീയ ചിന്താഗതികളെ ശരിയെന്നു തെറ്റിദ്ധരിച്ച് ദൈവത്തിന്റെ പേരിൽ ഭക്ഷണ നിയന്ത്രണം ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്. മതഭ്രാന്തുകളെയും മറ്റും വിഷയമാക്കാതെ, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യ പ്രകാരം തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം 'സ്വന്തമായ (സ്വകാര്യമായ)' ഭക്ഷണ നിയന്ത്രണം ചെയ്യുമ്പോഴും ദൈവനിന്ദയുണ്ട്, കടുത്തത് അല്ലെന്നേയുള്ളൂ. എന്നാൽ, **സ്വകാര്യമായതിനെ നല്ലതെന്നു വിശേഷിപ്പിക്കുകയോ, മറ്റുള്ളവരും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ ഒക്കെ ചെയ്താൽ ദൈവനിന്ദയുടെയും പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതാണ്. മത പുരോഹിതന്മാരും മറ്റും പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുന്നുണ്ട്.**

അജ്ഞാനവും അവിവേകവും ദുസ്വാർത്ഥങ്ങളും മറ്റും നിമിത്തമാണ് വളരെ പേർ പടുകുഴിയിൽ പെട്ടിരിക്കുന്നത്. "അജ്ഞാനം കാരണമായ ദൈവ ശിക്ഷകളുടെ" കാര്യത്തിൽ, ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാവുകയും ദൈവ-വിപ്ലവം ആരംഭിക്കുകയും ചെയ്യുന്നതു വരെ മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം "മഹാനീതിശാസ്ത്ര പ്രകാരമുള്ള പ്രത്യേകമായ ഇളവുകളെ" അനുവദിക്കുന്നതാണ്. പകൽ സമയത്ത് ഭക്ഷണ പാനീയങ്ങളെ കഴിക്കാതെ നോയമ്പ് എന്ന പേരിലും മറ്റുമുള്ള അനുഷ്ഠാനങ്ങളെ പിൻപറ്റുകയും, അത് ദൈവീകമാണെന്നു തെറ്റിദ്ധരിക്കുകയും **ചെയ്യുന്ന മൂഢരെ തിരുത്താനായിട്ട് കടുത്ത വായ്നാറ്റത്തെ നൽകി ദൈവം ശിക്ഷിക്കുന്നുണ്ട്.** വായ്നാറ്റത്തിനു പകരം റോസാപ്പൂവ്, മുല്ലപ്പൂവ് എന്നിവകളുടെ സുഗന്ധത്തെ നൽകിയിരുന്നു വെങ്കിൽ, നോയമ്പ് ദൈവീകമാണെന്നു പ്രചരിപ്പിക്കാൻ മൂഢന്മാർ കൂടുതൽ ആവേശപ്പെടുമായിരുന്നു !

**മണ്ണിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെ മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്ന മഹാശുദ്ധീകരണ ത്തെപ്പറ്റി ഗ്രാഹ്യം ഉണ്ടാകുന്നതോടെ അനേകം മൂഢവിശ്വാസങ്ങൾ മണ്ണടിയുന്നതാണ്. ഉദാഹരണത്തിന്; മലം, മൂത്രം, തുടങ്ങിയ മനുഷ്യ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെ മണവും രുചിയും (ദൈവം) നൽകിയാൽ, മനുഷ്യർ കക്കൂസുകളെ ഉണ്ടാക്കുന്നതല്ല; തങ്ങളുടെയും മറ്റുള്ളവരുടെയും മലത്തെ ഭക്ഷിക്കുന്നതാണ്! വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള അന്യ ജീവികളുടെ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെയും മറ്റും മണവും രുചിയും (ദൈവം) നൽകിയാൽ, അവയുടെ വിസർജ്ജ്യങ്ങൾക്ക് വേണ്ടി അവയെ മനുഷ്യർ വധിക്കുകയും, നേടാനായിട്ട് മനുഷ്യർ മത്സരിക്കുകയോ തമ്മിലടിക്കുകയോ ചെയ്യും!**

**ഭക്ഷണ നിയന്ത്രണത്തെപ്പറ്റി ഭോഷത്തങ്ങളോടെ വാചാലരാകുന്നവർ, ശരീരത്തിലെ പ്രവർത്തനങ്ങളെ മഹാഭരിക്കുന്ന ദൈവം, വിശപ്പും ദാഹവും മാത്രമല്ല; ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും (ദൈവം) തോന്നിപ്പിക്കുന്നുണ്ടെന്നതും  വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതു പോലെയുള്ള ആശ്വാസത്തെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും (ദൈവം) കൊടുക്കുന്നതും സ്വയം വിചാരണ ചെയ്യണം.  ഭക്ഷണത്തെ നിയന്ത്രിക്കാൻ തയ്യാറാകുന്നതുപോലെ വിസർജ്ജനങ്ങളെ നിയന്ത്രിക്കുന്നതിലും കേമത്തം കാട്ടണം. ലളിതമായി പറഞ്ഞാൽ, (ദൈവം) പകൽ സമയത്ത് വിശപ്പ് ഉണ്ടാക്കുമ്പോൾ / തിന്നാൻ മുട്ടുമ്പോൾ തിന്നാത്തവർ, തൂറാൻ മുട്ടുമ്പോൾ തൂറരുത്; മൂത്രം ഒഴിക്കരുത്, തുമ്മരുത്, ഛർദ്ദിക്കരുത്, ചുമയ്ക്കരുത്..**

## 5. തഴമ്പിലെ ദൈവീകതയും പൈശാചികതയും.

ഏതാനും വർഷങ്ങൾക്കു മുമ്പ്, മുസ്ലീം ലേബലിനെ പൊക്കിപ്പറയുന്ന സുന്ദരനായ ഒരു ചെറുപ്പക്കാരൻ ഈയുള്ളവനോട് രഹസ്യമായി ഒരു ഉപദേശം ചോദിച്ചു. 'നമസ്കാരം നിമിത്തം' ആ വെളുത്ത കുട്ടിയുടെ നെറ്റിയിൽ വർദ്ധിച്ചുവരുന്ന "കറുത്ത തഴമ്പ് സൗന്ദര്യത്തെ കുറയ്ക്കുന്നു ... നമസ്കാരം ഒഴിവാക്കാതെ, തഴമ്പ് ഇല്ലാതാവാൻ ഒരു മാർഗ്ഗം ഉപദേശിക്കാൻ കഴിയുമോ?" നമസ്കാരം ചെയ്യാതെ, തഴമ്പ് ലഭിക്കാനും, കൃത്രിമമായി തഴമ്പ് ഉണ്ടാക്കാനും വേഷം കെട്ടുന്നവരുടെ ഇടയിലെ മറ്റൊരു മത-മനോരോഗി ആയിരുന്നു അത്!

ഈയുള്ളവൻ നൽകിയ മറുപടി : "കുഞ്ഞേ, പതിവായി കൂന്താലിയും തൂമ്പയും പിടിക്കുന്ന കൃഷിക്കാരന്റെ കൈയ്യിലെ തഴമ്പ് കണ്ടിട്ടുണ്ടോ? പതിവായി കോടാലി പിടിക്കുന്നവർക്കും വാഹനത്തിന്റെ സ്റ്റിയറിംഗ് പിടിക്കുന്നവർക്കും ഒക്കെ കൈപ്പത്തികളിൽ തഴമ്പ് സൃഷ്ടിക്കുന്നത് മഹാപിതാവും മഹാമാതാവും മഹാനീതിയുമായ ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യമാണ്; വീണ്ടും പണിയെടുക്കുമ്പോൾ കൈപ്പത്തികൾ വേദനിക്കാതിരിക്കാനുള്ള മഹാസംരക്ഷണമാണ്. ഇനി, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കാതെ ദൈവത്തിനു വേണ്ടിയും മരണാനന്തര ജീവിതത്തിനു വേണ്ടിയുമെന്നു പറഞ്ഞു പാഴാക്കുന്ന മൂഢ ജനങ്ങൾക്ക് ശിക്ഷകൾ വേണ്ടേ? നെറ്റിയിൽ നൽകുന്ന തഴമ്പിന്റെ ഉപയോഗങ്ങൾ എന്തെല്ലാമാണ് എന്ന് ചിന്തിച്ചു നോക്കൂ. വലിയ ഒരു പൂജ്യം എന്നതാണ് സത്യം. കൃഷിക്കാരന്റെ കൈപ്പത്തികളിൽ മഹാഅനുഗ്രഹിച്ചു നൽകുന്ന തഴമ്പുകളുടെ ഉപയോഗങ്ങൾ അനന്തമാണ്; ദൈവീകമാണ്."

ഈയുള്ളവന്റെ വാക്കുകളെ കേട്ട ചെറുപ്പക്കാരന് അനേകരെ പ്പോലെ, ദൈവീകമായ ഊറ്റമില്ലാത്തതിനാൽ, അറിഞ്ഞു കൊണ്ട് മൂഢവിശ്വാസങ്ങളെ ഇന്നും ചുമന്നു പോരുന്നതായാണ് അറിവ്. ഈ ചരിത്രം ശരിവെക്കാൻ സ്വയം തയ്യാറായാൽ അല്പം പുണ്യം നേടാം!

# ശരണം എന്ന പദം

**ദുരുപയോഗം
ചെയ്യുന്നത് കടുത്ത
പാപമാണ് ..
ദൈവനിന്ദയാണ്.**

**ഭൂമിയുടെ അംശമായ ശരീരം
അനുവദിക്കുകയാണെങ്കിൽ മാത്രമാണ്,
സൃഷ്ടിയുടെ സ്വത്വമായ ജീവാത്മാവിന്,
ഏതൊരാൾക്കും - എറുമ്പിനു പോലും -
ശരണം കൊടുക്കുവാൻ കഴിയുക.**

**മനുഷ്യരെപ്പോലെ സൃഷ്ടി മാത്രമാണ് എല്ലാ ദേവതകളും എന്ന് അവരുടെ ജന്മചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അങ്ങനെയിരിക്കെ, ഒരു സൃഷ്ടി, ഒന്നോ അതിലധികമോ സൃഷ്ടികൾക്ക് ശരണം കൊടുക്കുന്നതായി കൂവി വിളിക്കുമ്പോൾ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം വിശദീകരിക്കാൻ മണ്ണിൽ ജീവിക്കുന്നവർക്ക് കഴിയണം.**

**ജീവിക്കാൻ സർവ്വവും തരുന്ന ഭൂമിയെ സ്നേഹിക്കുക; ജനനം മുതൽ മരണം വരെ എല്ലാ സൃഷ്ടികൾക്കും ശരണം നൽകുന്നത്**

# ഭൂമി മാത്രമാണ്.

**മറന്നപോലെ പ്രവർത്തിക്കുന്നത് കൊടും കുറ്റമാണ്... പാപമാണ്.. ദൈവ നിന്ദയാണ്.**

**തിന്നാനും കുടിക്കാനും കുളിക്കാനും തൂറാനും കിടക്കാനും ഇരിക്കാനും നിൽക്കാനും നടക്കാനും ഓടാനും, വണ്ടി ഉണ്ടാക്കാനും വണ്ടി ഓടിക്കാനും.. ഭക്ഷണം, വസ്ത്രം, ഗൃഹം, ആഭരണങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, വാഹനങ്ങൾ- കാർ, ബസ്, ട്രെയിൻ, കപ്പൽ, വിമാനം, ഗൃഹം, മരുന്നുകൾ, വായു, ജലം, ഇണ തുടങ്ങി സർവ്വത്തിനും ഭൂമി വേണം. എല്ലാം നൽകുന്നത് ഭൂമിയാണ്. സൂര്യപ്രകാശം, ചന്ദ്രപ്രകാശം, ചൂട്, വെയിൽ, തുടങ്ങിയവ യാതൊരാളും സൂര്യനിലോ ചന്ദ്രനിലോ പോയി കൊണ്ടുവരികയല്ല; കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികൾക്ക് ഭൂമി ലഭ്യമാക്കുകയാണ്.**

## മണ്ണായ ഭൂമി ശരണം, മണ്ണടി ശരണം.

**മരണത്തോടെ ശരീരം വീണ്ടും മണ്ണിലടിഞ്ഞ് മണ്ണിന്റെ @ ഭൂമിയുടെ ഭാഗമായി / മൂലകങ്ങളായി മാറുന്നതാണ്. മണ്ണിൽ നിന്ന് അടിഞ്ഞതാണ് സർവ്വവും. സമുദ്രത്തിലെ ജലത്തെ താങ്ങുന്നതും അടിയിലെ മണ്ണ് തന്നെ. സർവ്വം മണ്ണടി.**

## മണ്ണായ ഭൂമി മാത്രം ശരണം.

# ഭൂമിയിൽ ജീവിച്ച് മണ്ണടിയുന്ന ഏതെങ്കിലും മനുഷ്യർക്ക് ഭൂമി അല്ലാതെ മറ്റാരെങ്കിലും ശരണം കൊടുത്തതായി ചരിത്രം ഉണ്ടോ ? ഇല്ല.

**അണ്ടനും കുണ്ടനും സൃഷ്ടികൾ മാത്രവുമായ ദേവതകൾക്ക് ശരണം വിളിക്കുന്ന വിവരദോഷികൾ സ്വയം വിശകലനം ചെയ്യണം. നാളിതുവരെ ഭൂമിയിൽ നിന്നും അല്ലാതെ എന്ത് ശരണം ലഭിച്ചിട്ടുണ്ട് ?**

**മണ്ണായ ഭൂമിയാണ് സ്വന്തം കുഞ്ഞുങ്ങളായ ദേവതകൾക്കും ശരണം നൽകുന്നത്.**

**മണ്ണായ ഭൂമിയുടെ മഹാജീവി-രൂപങ്ങളാണ് (1) കാളിയും (പശുവും) കാളയും, അഥവാ ഗോമാതാവായ പശുവും പശു-പതിയും; (2) മഹാദേവിയും മഹാദേവനും (പ്രോട്ടോണും ഇലക്ട്രോണുമായി ഭൂമിയിലെ എല്ലാ മൂലകങ്ങളിലും എല്ലാ ആറ്റങ്ങളിലും വർത്തിക്കുന്ന) ഭൂമിയാണെന്ന് ഗ്രഹിക്കാൻ കഴിയുന്നവർ മഹാദേവിയും ഭൂമിയും ഒന്നാണെന്നും ഏകദൈവം ആണെന്നും തിരിച്ചറിയുന്നതാണ്.**

## മണ്ണടി ശരണം ദേവീ ശരണം മണ്ണടി ദേവി മാത്രം ശരണം.

ദൈവത്തെ ആരാധിക്കാൻ, 100 മനുഷ്യ ജന്മങ്ങളിലെ ഏക ജന്മത്തിൽ മഹാശാസ്ത്ര ജ്ഞാനവും അനുവാദവും ലഭിക്കുമ്പോൾ, മണ്ണടി എന്ന പ്രദേശത്തിന്റെ 10 കിലോമീറ്റർ ദൂരത്തിന് ഉള്ളിൽ മനുഷ്യൻ അല്പം ഉന്മാദത്തോടെ, മണ്ണടിയിലെ ബ്രഹ്മ കേന്ദ്രമായ പുതിയകാവ് ക്ഷേത്രത്തിലേക്ക് മനസ്സിൽ തോന്നുന്ന വാചകങ്ങളെ ഉരുവിട്ടു കൊണ്ട് ചെരുപ്പില്ലാതെ നടന്നു പോകുന്നതാണ്. മുഖ്യ ഗാനം,

**മണ്ണടി ശരണം ദേവീ ശരണം**
**മണ്ണടി ദേവി മാത്രം ശരണം**

എന്നായിരിക്കും. സൃഷ്ടി ചക്രങ്ങൾ ഉരുളുമ്പോൾ, ശരണം സംബന്ധിച്ച ഓംകാര നീതി ശാസ്ത്ര പാഠങ്ങളിൽ ചിലവ ഇല, കല്ല്, ലോഹം തുടങ്ങിയ ലിഖിതങ്ങൾ വഴി അടുത്ത സൃഷ്ടി ചക്രത്തിലേക്ക് പകരുകയോ ചിലർക്ക് ലഭിക്കുകയോ ചെയ്യും. ശബരിമലയിലെ ശരണം മാത്രമല്ല; മക്കയിലെ ഹജ്ജിലും ശരണ മന്ത്രം ഉണ്ട്. ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവ കാലത്തു തന്നെ യൗവ്വനത്തിലെത്തുന്ന, ഇപ്പോൾ കേരളത്തിലെ ഒരു മുസ്ലിം കുടുംബത്തിൽ പുനർജ്ജനിച്ചിട്ടുള്ള മുഹമ്മദ് തന്നെ മുജ്ജന്മ ഓർമ്മകൾ ലഭിച്ച് തെളിവുകളോടെ ബോദ്ധ്യപ്പെടുത്തുന്നതാണ്.

**മനുഷ്യരും മുൻകാല ദേവതകളും ഉൾപ്പെടെയുള്ള ഭൂമിയിലെ എല്ലാ സൃഷ്ടികൾക്കും ശരണം നൽകാനും അനുഗ്രഹിക്കാനുമുള്ള യോഗ്യതയും അവകാശവും അധികാരവും ഭൂമി @ മഹാദേവക്കു മാത്രമാണുള്ളത്. ആവക കാര്യങ്ങളെ മനസ്സിലാക്കാനുള്ള ബുദ്ധിയും ശക്തിയും ഒക്കെ മനുഷ്യന് നൽകിയിട്ടുണ്ട്; ഉപയോഗിക്കുന്നത് ധർമ്മ ശാസ്ത്ര വിരുദ്ധമായിട്ടാണെന്നു മാത്രം !**

**ഭൂമിയിൽ ജീവിച്ച്, ഭൂമിയെ മറന്നു കൊണ്ട്, അറിയാത്തതും കാണാത്തതും യാതൊരു തെളിവും ഇല്ലാത്തതുമായ സ്വർഗ്ഗ നരകങ്ങളുടെ പിന്നാലെ ഓടാതിരിക്കുക; പുരോഹിത പരിഷകൾ ഓടിക്കോട്ടെ... ഓടിയില്ലെങ്കിൽ അവരെ സമൂഹത്തിൽ/ നാട്ടിൽ നിന്നും കാട്ടിലേക്ക് ഓടിക്കുക.**

**ദൈവീകമായ പോലീസ് സേന എന്ന അദ്ധ്യായത്തിൽ 'കാട്ടുവാസി>നാട്ടുവാസി' എന്ന അതിഗൗരവമായ വിഷയത്തെ ഹ്രസ്വമായും,**
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
**എന്ന മഹാവേദ ഗ്രന്ഥത്തിൽ ദീർഘമായും വിശദീകരിച്ചിട്ടുണ്ട്.**

# സനാതന ധർമ്മം

## എന്നാൽ എന്താണ് ?

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് ഏകമഹാശക്തിയായ മഹാദേവിയുടെ 'മഹാശക്തിയുടെയും മഹാജ്ഞാനത്തിന്റെയും' മഹാസൂക്ഷ്മമായ അംശങ്ങളും 'ശബ്ദ ബ്രഹ്മവും' ചേർത്താണ്. മഹാജ്ഞാനത്തിന്റെ പ്രസ്തുത ഓഹരിയെ മഹാവേദം, മഹാശാസ്ത്രം, ഓംകാര ശാസ്ത്രം എന്നും പറയാം. മഹാപ്രപഞ്ചത്തിലെ മൂലകങ്ങളുടെ ആറ്റങ്ങളിൽ സർവ്വദേശ ഭൂമി ഗാനം, മഹാസംഗീതം, മഹാശാസ്ത്ര മൂലം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, ആദി വചനം, സൃഷ്ടി മന്ത്രം, സംഹാര കാഹളം, ഏക മഹാശബ്ദം, മഹാദേവിയുടെ മഹാചിരി എന്നിവയായി കുടികൊള്ളുന്ന ഓം മഹാജ്ഞാനത്തിന്റെ ഓഹരിയായ മഹാശാസ്ത്രത്തോടു ചേരുമ്പോൾ മഹാശാസ്ത്രം സമ്പൂർണ്ണമായും മഹാജ്ഞാനമായി പരിണമിക്കുകയും ചെയ്യുന്നു.

ഓംകാര ശാസ്ത്രം എന്നുകൂടി അറിയപ്പെടുന്ന മഹാവേദത്തിന്റെ ഭാഗങ്ങളും, 3 വേദങ്ങളുമായ ഭൗതിക ശാസ്ത്രം, ധർമ്മശാസ്ത്രം, ഓംകാര നീതിശാസ്ത്രം എന്നിവ മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ എക്കാലവും ഭൗതിക അസ്തിത്വത്തോടെ മഹാലയിച്ചിരിക്കുകയാൽ അവ സനാതന ധർമ്മം കൂടിയാണ്; കാലാതീതമാണ്.

ഒരു മഹാകാല ചക്രം = 100 പരമകാല ചക്രങ്ങൾ; ഒരു പരമകാല ചക്രം = 100 കാല ചക്രങ്ങൾ; ഒരു കാല ചക്രം = 100 സൃഷ്ടി ചക്രങ്ങൾ; ഒരു സൃഷ്ടി ചക്രം = 10000 വർഷങ്ങൾ എന്നതിൻ പ്രകാരം, **ആയിരം കോടി വർഷങ്ങൾ ചേർന്നതാണ് ഒരു മഹാകാല ചക്രം.**

**ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാല ചക്രമാണ്;** അതിലെ ആദ്യത്തെ സൃഷ്ടി ചക്രമാണ്; ഏറെക്കുറെ 4500 വർഷം ആവുന്നു; കൃത്യം 4500 വർഷം പൂർത്തിയാകുമ്പോൾ, എല്ലാ സൃഷ്ടി ചക്രങ്ങളിലും 3 മുതൽ 33 വർഷക്കാലം ഭൂമിയിൽ മുഴുവൻ തുടർച്ചയായി ഓം മുഴങ്ങുന്നതാണ്. ഒരാൾക്ക് 3 വർഷം കേൾക്കാൻ കഴിയുന്നതാണ്. **ഓം മുഴങ്ങുന്ന ദിവസം മുതൽ പുതിയ കലണ്ടർ** 01.01.0001 **എന്ന്** 28 **ദിവസങ്ങൾ ഉള്ള** 13 **മാസങ്ങളോടെ ആരംഭിക്കും.**

28 × 13 = 364 + 1 ദേവീ ആഘോഷ ദിവസം = 365

4 വർഷത്തിലെ അധിക ദിവസ-രാത്രി = ശിവരാത്രി.

**മുകളിലുള്ള കാലഗണനയിൽ നിന്നും സനാതന ധർമ്മത്തിന് മഹാപ്രപഞ്ചത്തിന്റെ പ്രായം ഉണ്ടെന്ന് വ്യക്തമാണ്; ആയിരം കോടിയിൽ അധികം വർഷങ്ങൾ.**

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ മനുഷ്യർ ഭയക്കാതിരിക്കാനും, ദൈവവും ഓംകാര നീതിശാസ്ത്രവും മഹാവാത്സല്ല്യമാണെന്ന് ബോദ്ധ്യപ്പെടുത്താനും കൂടിയാണ് മഹാമാതാവായ മഹാദേവിയായി ദൈവം രൂപമെടുത്തിട്ടുള്ളത്. മഹാദേവിയും, ~ഭാഗമായ പരമശിവനും, പശു-പശുപതി, നാഗങ്ങൾ എന്നീ രൂപത്തിൽ സൃഷ്ടികളെ സേവിക്കുകയും, അവരിൽ നിന്ന് മോക്ഷം നേടിയവരെ ആദ്യ മഹാകാല ചക്രത്തിലെ ഭരണാധികാരികളായ ദേവതകളായി നിയമിച്ചതും, ഇപ്പോൾ പിൻവലിച്ചിട്ടുള്ളതും സനാതന ധർമ്മത്തെ ഉയർത്താൻ കൂടിയാണ്.

ഏതാനും ദശകങ്ങൾ കൊണ്ട് ജീവിച്ചു മരിക്കുന്ന മനുഷ്യന് സാധാരണ ജന്മത്തിൽ സനാതന ധർമ്മം എന്ന മഹാവേദത്തെ ഗ്രഹിക്കാൻ കഴിയുന്നതല്ല.

## സനാതന ധർമ്മം അറിയുന്നത് എപ്പോൾ ?

ഭൂമിയിൽ ഓം മുഴക്കി ദൈവ വിപ്ലവം ആരംഭിച്ച ശേഷം, 5000 വർഷം കൊണ്ട് അനുക്രമമായി ഓരോ മനുഷ്യന്റെയും 90 മുതൽ 95 വരെയുള്ള പുരുഷ-ജന്മങ്ങളിൽ ഒന്നിലെ ഒരു ശിവരാത്രിയിൽ പ്രപഞ്ചപിതാവും അർദ്ധമഹാദേവിയുമായ പരമശിവൻ ഓരോ മനുഷ്യന്റെയും നാവിൽ ഏക ദൈവീക-ബിരുദവും അക്ഷരബ്രഹ്മവും കൂടിയായ ഓം കുറിച്ച് മഹാദേവിയുടെ മഹാജ്ഞാനമായ മഹാവേദത്തെ നേരിട്ട് മഹാഅനുഗ്രഹിച്ചു നൽകും. മഹാഭീമമായ മഹാശാസ്ത്രം ഭയപ്പെടുത്തുന്നതുമാണ്. സ്ത്രീകളായും പുരുഷന്മാരായും വ്യത്യസ്ത ദേശങ്ങളിലും മതങ്ങളിലും ജാതികളിലും വർഗ്ഗങ്ങളിലും തൊഴിലുകളിലും മറ്റും പെട്ട് ഓരോ മനുഷ്യനും പിന്നിട്ട ജന്മങ്ങളെയും തെറ്റുകുറ്റങ്ങളെയും പറ്റിയുള്ള ഓർമ്മകളും ലഭിക്കും. മഹാനീതിയും മഹാമാതാവുമായ മഹാദേവിയുടെ മഹാവാത്സല്ല്യവും മഹത്വവും തിരിച്ചറിഞ്ഞ് ഓരോ വ്യക്തിയും വിതുമ്പി വിതുമ്പി കരയുകയും 'അർദ്ധ-മഹാദേവിയായ പരമശിവനോട് കുമ്പസരിക്കുകയും' ചെയ്യും.

സനാതന ധർമ്മം എന്താണെന്ന് അനുഭവിച്ച് അറിയുകയും സത്യം ശിവം സുന്ദരം എന്ന സനാതന ധർമ്മം പ്രകാരം ജീവിച്ചു തുടങ്ങുന്നതും അപ്പോഴാണ്. മോക്ഷം ലഭിക്കും വരെയുള്ള ശിഷ്ട ജന്മങ്ങളിൽ ഉപകരിക്കും വിധത്തിൽ സനാതന ധർമ്മ തത്ത്വങ്ങൾ ജീവാത്മാവിൽ ലയിച്ചു ചേരുന്നതുമാണ്.

സൂചിത മഹാവേദ ഗ്രന്ഥത്തിൽ മഹാപ്രപഞ്ചത്തിലെ ഏതൊരു വിഷയത്തിനും ചോദ്യത്തിനുമുള്ള ശാസ്ത്ര പരമായ ഉത്തരം ഉണ്ട്. കൂടുതൽ വിശദീകരണങ്ങളെ ആഗ്രഹിക്കുന്നവർക്ക് സ്വയം തേടാനും നേടാനുമുള്ള വഴികളുമുണ്ട്.

1 2 3 4 5 6 7 8 9 10 11 ....19 .. 20 .. 29 .. 100 എന്നിങ്ങനെ ശാസ്ത്ര പാഠങ്ങൾക്ക് സ്വന്തം അഭിരുചി പ്രകാരം സ്ഥാനം കൊടുക്കുമ്പോൾ പോലും, ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രം മഹാഭീമമാണെന്നും അവയിലെ പാഠങ്ങളെ അതാത് ജന്മത്തിലെ ദൈവദത്തമായ അഭിരുചികളും ആവശ്യങ്ങളും പ്രകാരം പഠിക്കുകയേ വേണ്ടൂ എന്നും സുവ്യക്തമാണ്. **വിദ്യാഭ്യാസം ചെയ്യാൻ മനുഷ്യഗുരു നിർബ്ബന്ധമല്ല എന്ന പാഠം അതിലുണ്ട്**. മറ്റുള്ള ജീവികളും അത് കാണിച്ചു തരുന്നുണ്ട്. മനുഷ്യ ഗുരുക്കന്മാർ വേണ്ടാ എന്നോ പാടില്ലാ എന്നോ ദുർവ്യാഖ്യാനിച്ചു കൂടാ.

അഭിരുചി പ്രകാരം പാഠങ്ങളെ പകർന്നു നൽകാനും, മുറ പ്രകാരം പാഠങ്ങളെ പഠിക്കാനും കഴിയുന്നതു നല്ലതാണ്. എന്നാൽ അത്യാവശ്യമോ ആവശ്യമോ അല്ല. എന്തെന്നാൽ ജീവിക്കുന്നത് ആനന്ദിക്കാനാണ്; പഠിക്കാനല്ല; ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും ധർമ്മശാസ്ത്ര പ്രകാരം ജീവിക്കാനും പഠനം ആവശ്യമാണ് എന്നേയുള്ളൂ. പ്രത്യേക മുറകൾ പ്രകാരം പാഠങ്ങളെ പഠിപ്പിക്കാൻ നാവിൽ **ഓം** ലഭിച്ച് സത്യം ശിവം സുന്ദരം എന്ന സനാതന ധർമ്മം പ്രകാരം ജീവിക്കുന്ന വ്യക്തിക്കോ, മഹാദേവിക്കോ, ~ഭാഗമായ മഹാദേവനോ മാത്രമേ കഴിയൂ.

ജ്ഞാനം വർദ്ധിപ്പിക്കാനും വ്യക്തി ചെയ്യേണ്ടുന്ന പകുതി പൂർത്തിയാക്കുവാനും തയ്യാറാവണം. വിഷയ താല്പര്യമുള്ളവർ, മരണം വരെയും പുതിയ പാഠങ്ങളെ ഗവേഷണത്തോടെ പഠിക്കുന്നതാണ്.

**ഭൗതികപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളെയും ജീവികളെയും ഭൗതികമായിട്ടു തന്നെ നിയന്ത്രിക്കുന്നതിന്നായിട്ട് വായു, വെള്ളം, മണ്ണ്, ജീവികളുടെ ശരീരം തുടങ്ങിയ എല്ലാ വസ്തുക്കളിലും, ദൈവം ഭൗതികനിയമങ്ങളെയും ഉള്ളടക്കംചെയ്തിരിക്കുന്നു. സർവ്വവും പ്രവർത്തിക്കുന്നത് അതാതു വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിട്ടുള്ള നിയമങ്ങൾ പ്രകാരമാണ്. വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിട്ടുള്ള നിയമങ്ങൾ പ്രകാരമല്ലാതെ വസ്തുക്കളെ പ്രവർത്തിപ്പിക്കുവാൻ ജീവികൾക്ക് സാധിക്കുന്നതല്ല. കാലാനുസൃതമായി വെളിപ്പെടുത്തുവാനായിട്ട് ദൈവം സജ്ജമാക്കിയിട്ടുള്ള മഹാശാസ്ത്രത്തെ ഏതെങ്കിലും പ്രത്യേക വ്യക്തിക്ക് മാത്രമോ, പുരാതനകാലത്തിലോ വെളിപ്പെടുത്താൻ കഴിയുന്നതല്ല.**

**ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിൽ എത്തുന്ന അവസരത്തിൽ, പ്രപഞ്ചത്തിന്റെ ശ്രേഷ്ഠത്വം സ്പഷ്ടമായി വിശദീകരിച്ചു കൊണ്ടും, ദൈവശാസ്ത്രത്തിൽ ഭൗതിക-ധർമ്മ-ആത്മീയശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തിക്കൊണ്ടും കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തും മാത്രമേ സമ്പൂർണ്ണ ദൈവശാസ്ത്രത്തിന്റെ ക്രോഡീകരണം നടത്തപ്പെടുകയുള്ളൂ. ഏകദൈവവും ബ്രഹ്മവും കൂടിയായ മഹാദേവിക്ക് സ്വന്തം ഭാഗമായ പരമശിവനിൽ 'മത്സ്യാവതാരം, ഓം' തുടങ്ങിയവ ബന്ധിപ്പിച്ചു കൊണ്ട് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ഓംകാര നീതിശാസ്ത്രം എന്നീ യഥാർത്ഥ വേദങ്ങളെ വീണ്ടെടുത്തു നൽകുന്ന മഹാപദ്ധതിയുണ്ട്.**

**ദൈവം മഹാകനിഞ്ഞു നൽകിയിട്ടുള്ള ശക്തികളെയും ബുദ്ധിശക്തികളെയും സ്വതന്ത്രമായും ശുദ്ധമായും ഉപയോഗിക്കുവാൻ ഭാഗ്യമുണ്ടാകുന്ന ആധുനിക കാലത്തെ മനുഷ്യർക്ക് മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളെ മുഖ്യമായും 3 വിഭാഗങ്ങളായിട്ട് (3 വേദങ്ങളായിട്ട്) മനസ്സിലാക്കാനാവുന്നതാണ്. ഒന്നാമത്തെ വേദം ഭൗതികശാസ്ത്രമാണ്; യുക്തിശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, ജീവിശാസ്ത്രം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്. രണ്ടാമത്തെ വേദം ധർമ്മശാസ്ത്രമാണ്; യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, നീതിന്യായശാസ്ത്രം, ഭരണതന്ത്രം, സാമ്പത്തികശാസ്ത്രം, തൊഴിൽ, തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്. മൂന്നാമത്തെ വേദം ആത്മീയശാസ്ത്രം/നീതിശാസ്ത്രമാണ്; യുക്തിശാസ്ത്രം, ദൈവം, പ്രപഞ്ചസൃഷ്ടി, ദൈവീക മഹാനീതിശാസ്ത്രം, ജീവികളുടെ ജനനം, ജീവിതം, മരണം, മോക്ഷം, തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.**

**നാലാമത്തെ വേദം എന്ന് മുമ്പ് വിശേഷിപ്പിച്ചിരുന്നത് വർജ്ജ്യമായ മന്ത്രശാസ്ത്രത്തെയാണ്.**
**മന്ത്രപൂജാസിദ്ധിശാസ്ത്രം, ആയുർവ്വേദം എന്നീ ശാഖകളുണ്ട്. സൃഷ്ടിക്ക് ആധാരമായിട്ടുള്ളത് ദൈവത്തിന്റെ 'മഹാമായ' ആകയാലാണ്, വർജ്ജ്യമെങ്കിലും മന്ത്രശാസ്ത്രത്തെ (മുമ്പ്) നിലനിർത്തിയിരുന്നത്.**

ശാസ്ത്രനിയമങ്ങൾ മാത്രമായ ദൈവശാസ്ത്രത്തിൽ മനുഷ്യൻ ഉൾപ്പെടെ യാതൊരു സൃഷ്ടികളുടെയും ചരിത്രങ്ങളോ നാമങ്ങളോ ഉണ്ടാവുന്നതല്ല; ദൈവശാസ്ത്രങ്ങളെന്ന് അവകാശപ്പെടുന്ന മതഗ്രന്ഥങ്ങളെല്ലാം തന്നെ മനുഷ്യപുരാണങ്ങളോ ഒരുചില വെളിപാടുകൾ ഉൾപ്പെട്ട ചരിത്രങ്ങളോ ആണ്. സ്രഷ്ടാവായ മഹാദേവിയുടെയും ഭാഗമായ പരമശിവന്റെയും നാമങ്ങൾ മാത്രം കുഞ്ഞുങ്ങൾക്കു വേണ്ടി ഉചിതമായി ഉൾപ്പെടുന്നതുമാണ്.

കാലഘട്ടങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ദൈവം പ്രപഞ്ചത്തിൽ ഉള്ളടക്കം ചെയ്തിട്ടുള്ള മഹാശാസ്ത്രത്തെ ഗവേഷകരിലൂടെയും മറ്റും വെളിപ്പെടുത്തുന്നു എന്നല്ലാതെ ദൈവശാസ്ത്ര അവതരണത്തിനായിട്ട് പ്രത്യേക വ്യക്തികളെ ദൈവത്തിന് ആവശ്യമില്ല. മഹാശക്തിയായ ദൈവത്തിന് യാതൊരാളുടെയും സഹായം ആവശ്യമില്ല എന്നതും ദൈവം ശക്തി നൽകാതെ യാതൊന്നിനും യാതൊരാൾക്കും ശക്തി ഉണ്ടാകുന്നതല്ല എന്നതും മഹാനീതിയാണ് ദൈവം എന്നതും കൂട്ടിവായിച്ചാൽ അനവധി അന്ധവിശ്വാസങ്ങൾ അവസാനിക്കുന്നതാണ്. പഴയകാലങ്ങളിലെ ആവശ്യത്തിനൊത്തും അന്വേഷകരുടെ യോഗ്യതകൾക്കൊത്തുമുള്ള ചില വെളിപാടുകൾ തീർച്ചയായും ഉണ്ടായിട്ടുണ്ട്; എന്നാൽ അവയെല്ലാം ഗവേഷണ-ഭാഗങ്ങൾ മാത്രമായിരുന്നു; സമ്പൂർണ്ണ ദൈവശാസ്ത്രം ആയിരുന്നില്ല. (ശാസ്ത്ര-വിശദീകരണങ്ങൾക്ക് : **www.omsathyam.com).**

ഭൂമിയിലെ ഭൗതിക അസ്തിത്വം ഉള്ളതായ ഓക്സിജൻ, കാർബൺ, ഇരുമ്പ്, കാത്സ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, സോഡിയം, പൊട്ടാസ്യം, സൾഫർ, തുടങ്ങിയ മൂലകങ്ങളിലും, അവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ജീവികളുടെയെല്ലാം ശരീരം, സംയുക്തങ്ങൾ, എന്നിവയിലും മഹാലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ പ്രകാരമാണ് എല്ലാ ആനന്ദങ്ങളെയും (ദൈവം) മനുഷ്യന് ലഭ്യമാക്കുന്നത്. എങ്ങനെയാണ് മനുഷ്യൻ ജീവിക്കേണ്ടത് എന്ന് വിവരിക്കുന്ന ധർമ്മ ശാസ്ത്രവും ഭൂമിയിലെയും, ഓരോ വ്യക്തിയുടെ ശരീരത്തിലെയും, മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.

**ഭൗതിക ശാസ്ത്ര പാഠങ്ങളെ വെളിപ്പെടുത്തുന്നതു പോലെ ഉചിതമായ സമയത്ത് (മഹാപിതാവും) മഹാമാതാവും മഹാവാത്സല്ല്യവുമായ ദൈവം, ആത്മീയ ശാസ്ത്രം ഉൾപ്പെടെയുള്ള ദൈവകാര്യങ്ങളെയും വെളിപ്പെടുത്തുന്നതാണ് എന്ന് വിശ്വസിക്കാൻ, ദൈവം നൽകിയ ബുദ്ധിശക്തി കൊണ്ട് കഴിയുന്നതാണ്.**

ദൈവം മഹാവാത്സല്ല്യത്തോടെ നൽകുന്നതായ ശക്തികളെയും ബുദ്ധിശക്തികളെയും വ്യക്തി സ്വാതന്ത്ര്യത്തെയും ദുരുപയോഗിച്ച് വ്യത്യസ്തങ്ങളായ മത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ദേവാലയങ്ങളെയും രാഷ്ട്രീയ പാർട്ടികളെയും നൂറ്റാണ്ടുകളായി തട്ടിക്കൂട്ടുകയും, പിന്നീട് അവയെ അനുകൂലിച്ചും പ്രതികൂലിച്ചും യുദ്ധങ്ങളും കൂട്ടക്കൊലകളുമായി ജീവിക്കുകയാണ് ഭൂമിയിലെങ്ങുമുള്ള മനുഷ്യർ ചെയ്തു പോരുന്നത്.

ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയശാസ്ത്ര വിഷയങ്ങളെ വഴിപിഴപ്പിച്ചതിന്റെ തുടർച്ചയായി ഉചിതമായ വിശകലനത്തെയും മതപ്പിശാചുക്കൾ തടയുകയുണ്ടായി. ഹൃദയം, കണ്ണ്, കിഡ്നി, ..... ഫിസിക്സ്, കെമിസ്ട്രി, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളെ ചർച്ച ചെയ്യാൻ അതാത് വിഷയങ്ങളിൽ ഏറെക്കുറെ സമാന വിജ്ഞാനം ഉള്ള ഡോക്ടർമാർ, ശാസ്ത്ര ഗവേഷകർ, എഞ്ചിനീയർമാർ എന്നിവരാണ് പങ്കെടുക്കേണ്ടത്. അതേപോലെ 1, 2, 3, 9, എന്നീ സ്റ്റാൻഡേർഡുകളിലെ വ്യത്യസ്ത വിജ്ഞാനം ഉള്ളവർ, സാമൂഹ്യ വേദികൾ, ടെലിവിഷൻ ചാനൽ, വാട്സാപ്പ് എന്നിവയിലും മറ്റും ചർച്ച ചെയ്യുമ്പോൾ, തൽക്കാലത്തെ ചെറിയ ജ്ഞാനം കൊണ്ട് ഗൗരവമായ ദൈവകാര്യങ്ങളിലും മറ്റും വാക് പയറ്റു നടത്തിയാൽ 'മുറിവൈദ്യൻ ആളെ കൊല്ലും' എന്നതു പോലെ അവിവേകവും 'ശാസ്ത്ര നിന്ദ എന്ന ദൈവ നിന്ദയും' ഉണ്ടാകും. ഓരോ വ്യക്തിയെയും സംബന്ധിച്ചിടത്തോളം അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണെന്നിരിക്കെ, വിമർശന ബുദ്ധിയുള്ള കാഴ്ച്ചക്കാരും വിദ്യാർത്ഥികളുമായി മാറിയാൽ അവർക്കും സമൂഹത്തിനും ഗുണം ചെയ്യുന്നതാണ്.

മതാചാര്യന്മാർക്ക് ശരിയെന്നു തോന്നിയവ മതഗ്രന്ഥങ്ങളായി പരിണമിച്ചതിനെ വ്യത്യസ്ത മതപണ്ഡിതന്മാരും പുരോഹിതന്മാരും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ചുമന്നു പോരുകയാണ്; സ്വയം തേടിയതോ നേടിയതോ അല്ല. ദൈവമാണ് ദൈവകാര്യങ്ങളെ അറിയിക്കുന്നതെന്ന് മനസ്സിലാക്കാനും തയ്യാറല്ല !

ദൈവം നൽകുന്ന ബുദ്ധിശക്തിയും ശരീര ശക്തികളും ഉപയോഗിച്ച് ഭക്ഷണം തേടുകയും നേടുകയും, വാത്സല്യം, സ്നേഹം, സഹകരണം, കാമം, ഇത്യാദി ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുകയും ചെയ്യുന്ന മനുഷ്യൻ ഒഴികെയുള്ള യാതൊരു ജീവികളുടെ ഇടയിലും പുസ്തകങ്ങൾ, വിദ്യാലയങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മതങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, തുടങ്ങിയവ ഇല്ല.

(മറ്റുള്ള ജീവികൾക്കും മനുഷ്യർക്കു ലഭിച്ച പോലെയുള്ള ബുദ്ധിശക്തി ലഭിച്ചിരുന്നുവെങ്കിൽ ഭൂമിയിൽ ജീവിക്കാനും കഴിയില്ല!)

**മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്ത പ്രവൃത്തികൾ "തൊഴിലുകൾ" എന്ന പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം "അധമ ചെയ്തികൾ" മാത്രമാണെന്നും "തൊഴിലുകൾ അല്ലാ" എന്നും സുവ്യക്തമാണ്. കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് അടിപിടി-കൊലപാതകം, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല. ദൈവത്തിന്റെ നീതി/ആത്മീയ കാര്യങ്ങളിലെ മാനുഷിക ഇടപെടൽ, ജനസേവനം എന്ന വേഷം കെട്ടൽ, മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഡനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല. സൂചിത മഹാവേദ ഗ്രന്ഥത്തിൽ ദൈവീകമായി / ശാസ്ത്ര പരമായി തൊഴിലുകളെ വിശദീകരിച്ചിട്ടുണ്ട്;**

**ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണകൂടങ്ങൾ നടത്തുന്ന പൈശാചികമായ നികുതി സമ്പ്രദായങ്ങളേക്കാൾ ഹീനമാണ് ദൈവത്തിന്റെ പേരിൽ വ്യത്യസ്ത മതജാതി പുരോഹിതരും ബന്ധപ്പെട്ടവരും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ.**

**മനുഷ്യരും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാജ്ഞാനമായ മഹാശാസ്ത്ര പ്രകാരം മഹാശക്തിയായ ദൈവം നിർവ്വഹിക്കുമ്പോൾ, ദൈവം നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ കവർന്നെടുത്തു കൊണ്ട്, ദൈവത്തിന്റെ മനുഷ്യക്കുഞ്ഞുങ്ങളെ മത-ജാതി-രാഷ്ട്രീയ ജീവികളായി അധഃപതിപ്പിച്ചും തമ്മിലടിപ്പിച്ചും കൊല്ലിച്ചും ബഹുവിധ ചൂഷണങ്ങളെ ചെയ്യുന്ന കൊടിയ പാപികളാണവർ. ദൈവത്തിന് പ്രസ്തുത പാപികളെയും ശുദ്ധി ചെയ്ത് മറ്റു കുഞ്ഞുങ്ങളോട് ചേർക്കേണ്ടതുണ്ട് എന്നും അറിയണം!.**

**ദൈവത്തിന് എല്ലാ സൃഷ്ടികളും പൊന്നോമന കുഞ്ഞുങ്ങളാണ്; ദൈവത്തിന് ദാസന്മാരുടെയോ മദ്ധ്യസ്ഥന്മാരുടെയോ ആവശ്യവും ഇല്ല. വിവരദോഷികളായ കുഞ്ഞുങ്ങൾ സ്വയമോ അന്യോന്യമോ 'ദൈവ ദാസൻ, ദാസി, പ്രതിപുരുഷൻ, പ്രതിനിധി, മാങ്ങാത്തൊലി' എന്നെല്ലാം വിശേഷിപ്പിച്ചാൽ' മൂഢത്തവും ദൈവനിന്ദയുമാണ്. മതജാതി-ജീവികൾ തട്ടിക്കൂട്ടുന്ന മതജാതി-ജീവികളുടെ സഭകൾക്ക് 'ദൈവ സഭ' എന്നും, ദൈവത്തിന്റെ നേരിട്ടുള്ള അംഗീകാരമോ, മഹാശാസ്ത്രപരമോ അല്ലാത്തതും വ്യത്യസ്ത മതജാതി പരങ്ങളുമായ മന്ദിരങ്ങളെ മതജാതി-ജീവികൾ തട്ടിക്കൂട്ടിയിട്ട് സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ആലയങ്ങൾ എന്നും ദേവാലയം എന്നും കള്ളപ്പേരിടുന്ന പോലെ നീചമാണത്.**

**പ്രപഞ്ചത്തിൽ ഒരു ദൈവമേയുള്ളൂ എന്ന് പറയുമ്പോൾ ഭൂമിയിലെങ്ങുമുള്ള 'ദേവാലയങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും'.. സമാനമാവണം.**

**ദൈവവും ഭൂമിയും കൂടിയായ മണ്ണിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-അസ്തിത്വം ഉള്ളതായ ഭൗതിക + ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരം മനുഷ്യർ ജീവിക്കുക എന്നതു മാത്രമാണ് 'ഏകദൈവത്തിന്റെ ഇഷ്ടം.' ദൈവത്തിന്റെ പേരിൽ വ്യത്യസ്ത മതജാതി പരങ്ങളും വ്യത്യസ്ത രൂപഭാവങ്ങളും ഉള്ളതായ വിശ്വാസങ്ങളും ദേവാലയങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായിരിക്കുന്നതിനെ മഹാശാസ്ത്ര പരമായി വിശകലനം ചെയ്യുന്നത് യഥാർത്ഥത്തിൽ ലളിതമാണ്.**

**ജനസേവകരായ ഭരണാധികാരികൾ എല്ലാ മതങ്ങളെയും ശുദ്ധി ചെയ്യാൻ പരിശ്രമിക്കുമായിരുന്നു; അതോടെ മതങ്ങളെല്ലാം അവസാനിച്ച് മഹാശാസ്ത്രം മാത്രം അവശേഷിക്കുമായിരുന്നു !**

മണ്ണായ ഭൂമിയിലെയും, അംശമായ ശരീരത്തിലെയും, മൂലകങ്ങളിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും യഥാർത്ഥമായ വേദങ്ങളുമായ ഭൗതിക ശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിവയെ വീണ്ടെടുക്കാനും, ദൈവ കാര്യങ്ങളെ ക്രമപ്പെടുത്താനും ദൈവത്തിന് മഹാശാസ്ത്ര പദ്ധതികൾ ഉണ്ട്. **ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവും, മഹാവാത്സല്യവുമായ മഹാദേവി, ~ 'സ്വന്തം ഭാഗത്തെ'**, പ്രപഞ്ച പിതാവ്, പരമശിവൻ, ക്രൈസ്റ്റ്, ദൈവത്തിന്റെ ഏക പ്രതിനിധി, യഥാർത്ഥ റസൂൽ, ഏകദാസൻ, മഹാദാസൻ, തുടങ്ങിയ മഹാനാമങ്ങളോടെ പ്രവർത്തിപ്പിക്കുന്നുണ്ട്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിലെങ്ങും ഉടൻ ആരംഭിക്കുന്ന ദൈവവിപ്ലവത്തെയും വിവരിക്കുന്നുണ്ട്.

ശാസ്ത്ര പാഠങ്ങളെ എല്ലാ മനുഷ്യർക്കും ഗ്രഹിക്കാൻ കഴിയുന്നതല്ല; ആവശ്യമില്ല. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണം; ശാസ്ത്ര പാഠങ്ങളെ എല്ലാവർക്കും ഗ്രഹിക്കാൻ കഴിയുന്ന സമ-ബുദ്ധിശക്തികളെ എല്ലാ ജന്മങ്ങളിലും നൽകിയാൽ എല്ലാ തൊഴിലുകളും ചെയ്യാൻ സമൂഹത്തിൽ ആളുകൾ തയ്യാറാവുന്നതല്ല.

**ദൈവകാര്യങ്ങളായ മഹാനീതിയെ മനുഷ്യർക്ക് ചെയ്യാൻ കഴിയില്ല; കഴിയുന്നില്ല; കഴിയുന്നതുമല്ല. മഹാനീതിയായ ദൈവം ചെയ്തു കൊള്ളും. ദൈവകാര്യങ്ങളിൽ മനുഷ്യർക്ക് ഇടപെടാൻ കഴിയുന്നതല്ല; ഇടപെടേണ്ട കാര്യവുമില്ല. ഉടൻ ദൈവ വിപ്ലവം ആരംഭിക്കുമ്പോഴും അങ്ങനെ തന്നെ.**

**ജീവിക്കാൻ അത്യാവശ്യമല്ലാത്ത ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയ ശാസ്ത്ര വിഷയങ്ങളെ 'വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ദേവാലയങ്ങൾ എന്നിവയെ വ്യത്യാസമായി വിളമ്പുന്ന മതങ്ങളുടെയും' മറ്റും പേരിൽ അധഃപതിപ്പിച്ച്, വഴക്കുകളും പീഢനങ്ങളും ഭീകരാക്രമണങ്ങളും കൊല്ലുംകൊലകളും ഉണ്ടാക്കുകയും മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജീവിതത്തിൽ വിനാശം ഉണ്ടാക്കുന്നതും, ബുദ്ധിശക്തി കൂടുതൽ ലഭിച്ച 'മനുഷ്യൻ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന' അയഥാർത്ഥ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികൾ മാത്രമാണ്.**

**മഹാദേവി, ഈയുള്ളവന് പരമശിവൻ എന്ന മഹാപദവി നൽകി ഉയർത്തിയിട്ടുണ്ട്. ദൈവ വിപ്ലവത്തിനു മുന്നോടിയായി മഹാശാസ്ത്രം @ യഥാർത്ഥ വേദങ്ങളെ ഈയുള്ളവനിലൂടെ മഹാശാസ്ത്ര പരമായി വീണ്ടെടുത്തിട്ടുള്ളതിന്റെ ഭാഗം മാത്രമാണ് ഈ ദിവ്യ ഗ്രന്ഥം.**

| | |
|---|---|
| **ഭൂമിയിൽ തോന്നും പോലെ ജീവിക്കാൻ കഴിയില്ല എന്ന് എല്ലാവരും, പ്രത്യേകിച്ചും, കൊടും പാപികളെയാണ് പാപം കുറയ്ക്കാനും പുണ്യം നേടാനുമായി ജനങ്ങളുടെ അടിമകൾ മാത്രമായ ജനസേവകർ/ മന്ത്രി/ രാജാവ് തുടങ്ങിയ പേരുകളിൽ മഹാനീതി ശാസ്ത്ര പ്രകാരം ഗൂഢമായി ദൈവം നിയമിച്ചിട്ടുള്ളത് എന്നു തിരിച്ചറിഞ്ഞ് തിരുത്തി ജീവിക്കണം. മഹാനീതിശാസ്ത്രവും മേല്പടി ഇ -മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഗൗരവമായ പാഠങ്ങളെ ശാസ്ത്ര പരമായി പഠിക്കാൻ കഴിയുന്നതാണ്.** തിരുത്താൻ ലഭിച്ച അവസരങ്ങളെ നഷ്ടപ്പെടുത്തിയ പാപികൾക്ക് പട്ടി, പന്നി, എലി, കഴുത തുടങ്ങിയ ജന്തു-ശിക്ഷകളും, പെരുമാൾ-അട്ട, ഈച്ച തുടങ്ങിയ അതിനീച ജന്മങ്ങളും അനേകം തവണ സ്വീകരിക്കേണ്ടി വരുമ്പോൾ, ശിക്ഷ പിടിച്ചു വാങ്ങുകയാണ്; മഹാവാത്സല്ല്യമായ ദൈവം വേദനയോടെ ശിക്ഷിച്ചു തിരുത്താൻ തയ്യാറാവുകയാണ്. | All people, especially the sinners, must realize that GOD separately give Chances to the top most Sinners on Earth in order that they serve as Slaves to a very large number of people in Countries / States whereby they can reduce their so huge Sins accrued in Past births, and perhaps earn extra a little Holiness too. The Supreme Science of Justice has been added to the Supreme e-book. The Sinners who miss the Godly given opportunities, will have to avail punishing animal births such as dogs, pig, rats, monkeys and donkeys, as well as Leech (Perumal-Atta), house fly (Eecha) etc in many times. In fact those wicked children are grabbing punishments. The Supreme Mother so punish with grief for correction. |

| | |
|---|---|
| **എത്ര കൊടിയ പാപിയാണെങ്കിലും, വഴിതെറ്റി ജീവിക്കുന്ന ഒരു കുഞ്ഞിനെയും ദൈവം ഉപേക്ഷിക്കുന്നതല്ല.** | Even though the Sinner is extremely bad, GOD will not abandon a child/ baby going astray/wrong. |
| **ജീവിയോ, പുരുഷനോ സ്ത്രീയോ അല്ലാത്ത മഹാശക്തി മാത്രമായ ദൈവം, മഹാമാതാവ് എന്ന സ്ത്രീ രൂപം സ്വീകരിക്കുന്നതിന്റെ ഒരു മുഖ്യ ഉദ്ദേശ്യം പാപികളായ കുഞ്ഞുങ്ങൾ മഹാനീതിപതി കൂടിയായ ദൈവത്തെയും മഹാനീതിശാസ്ത്രത്തെയും ഭയക്കാതിരിക്കാനാണ്. ശിക്ഷിച്ചു തിരുത്തേണ്ടത് മഹാസമനീതി നടപ്പാക്കാൻ ആവശ്യമാണ്. ശിക്ഷിച്ചുതിരുത്തിയ കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ സമ-ആനന്ദത്തെ അനുഗ്രഹിച്ചു നൽകുന്നതുമാണ്.** | Although GOD is Neither any Creature Nor Woman/ Man; but the Supreme Power, GOD appear as a woman @ the Supreme Mother of the Universe, mainly for the reason that Sinners who are also Babies of GOD, should not fear the Supreme Justice GOD as well as the Supreme Science of Justice. It is necessary to punish and correct to enact Supreme Justice. After punishing & correcting, GOD care to bless with Supreme Motherly love & Equal Pleasures to all Children/ Babies. |

| | |
|---|---|
| മഹാനീതി ശാസ്ത്രം തീർച്ചയായും കടുത്തതാണ് എന്നതിനും ഉപരിയായി മഹാവാത്സല്ല്യമാണ്. | The Supreme Science is certainly hard; but more than that it's Supreme Motherly Love. |
| മഹാവാത്സല്ല്യമായ മഹാമാതാവിന്റെ മഹാഹൃദയമായ ഓംകാരം മഹാവാത്സല്ല്യമാണ്. | The Supreme Mother's Supreme Heart named as OMKARAM is Supreme Motherly Love. |
| എല്ലാ ആനന്ദങ്ങളെയും സൃഷ്ടിച്ചിട്ടുള്ള ദൈവം എല്ലാ ആനന്ദങ്ങൾക്കും അതീതമാണ് എന്നിരിക്കെ, സൃഷ്ടികളെ പൊന്നോമന കുഞ്ഞുങ്ങളായി കരുതി, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യത്തെ ഏക മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളതും ഓംകാര നീതി ശാസ്ത്രം എന്ന മഹാനാമം മഹാനീതി ശാസ്ത്രത്തിന് നൽകിയിട്ടുള്ളതും അർത്ഥപുഷ്ടമാണ്; മഹാവാത്സല്ല്യം കൊണ്ടാണ്. | Since GOD created all the pleasures, it's evident that GOD is beyond all Pleasures. When GOD places the 'Supreme Motherly Love' as GOD's Single Supreme Pleasure, it is vital that GOD considers the Creatures as 'Golden Beloved Babies' with Supreme Motherly Love is meaningful. |

| | |
|---|---|
| 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ദൈവം നേരിട്ട് ഭരിക്കാതെ, മനുഷ്യരിൽ നിന്നും മോക്ഷം നേടിയ കുഞ്ഞുങ്ങൾക്ക് ദേവതകൾ @ മാലാഖമാർ @ മലക്കുകൾ എന്ന പേര് നൽകി അവരിലൂടെ ഭരണം നടത്തിയതും അക്കാലമത്രയും പശുവും പശുപതിയുമായി കുഞ്ഞുങ്ങളുടെ മഹാദാസിയും മഹാദാസനുമായി പാദസേവ ഉൾപ്പെടെ എല്ലാ സേവനങ്ങളും നാവുകൊണ്ട് ചെയ്തതും, രണ്ടാമത്തെ മഹാകാല ചക്രത്തിൽ ഭരണം നേരിട്ട് ഏറ്റെടുത്ത ശേഷവും ചെയ്തു പോരുന്നതും മഹാനീതി കൂടിയായ മഹാദേവി അടിസ്ഥാനപരമായി മഹാവാത്സല്ല്യമാണെന്ന് കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്താനും ഭയം അകറ്റാനുമാണ്. മേല്പടി ഇ-മഹാവേദ ഗ്രന്ഥത്തിൽ വിശദീകരണമുണ്ട്. | In the First MahaaKaala Chakram consisting of 1000 Crores of years, GOD did not rule the Creatures direct, but entrusted human beings received Moksham @ Salvation, renaming them as Devatas @ Angels, to rule the Creatures, and was serving all Babies @ Creatures all the time even cleaning their feet too with Tongue, as COW & OX. Even after taking up the DIRECT Rule in the Second MahaaKaala Chakram, MAHAADEVI @ the Supreme Justice, serve the Children /Creatures with Supreme Motherly Love as their Servants, making all Human beings realize that GOD is basically Supreme Motherly Love, and to end up their Fear. Detailed in the Supreme E-book mentioned above. |

**ധർമ്മ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു ജീവിക്കാനും, ലളിതമായി പരസ്പരം ബോദ്ധ്യപ്പെടുത്താനും ഉപകരിക്കുന്ന രണ്ടു പ്രാർത്ഥനകളെ കുറിക്കുന്നു.**

(1). "യാതൊരു അഹംഭാവങ്ങളും, അജ്ഞാനങ്ങളും, അഹങ്കാരങ്ങളും, പൊങ്ങച്ചങ്ങളും, കാപട്യങ്ങളും, അസൂയകളും, അസത്യങ്ങളും, അധർമ്മങ്ങളും, അനീതികളും, അവിവേകങ്ങളും, ദുഷ്ക്കാമങ്ങളും, ദുഷ്ച്ചിന്തകളും, ദുശ്ശീലങ്ങളും, ദുഷ്ക്കോപങ്ങളും, ദുർഭാഷണങ്ങളും, ദുഷ്ച്ചെയ്തികളും, ദുർഗ്ഗുണങ്ങളും, ദുസ്വാർത്ഥങ്ങളും, യാതൊരിക്കലും ഉണ്ടാകാതെ എല്ലായ്പോഴും (ഈയുള്ളവനെ / ഈയുള്ളവളെ) മഹാഅനുഗ്രഹിക്കേണമേ" എന്ന് സാധിക്കുമ്പോഴെല്ലാം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകദൈവവും മഹാവാത്സല്ല്യവുമായ മഹാദേവിയോട് പ്രാർത്ഥിക്കുകയും, അവ നേടാനായി സദാ പ്രയത്നിക്കുകയും ചെയ്യുക.

(2) ഈ സന്ദേശത്തെ പഠിക്കുന്നതു മുതൽ ഭാര്യക്ക് ഭർത്താവിനോടും, ഭർത്താവിന് ഭാര്യയോടും, അഥവാ ഇണയോടു മാത്രം, കാമവികാരങ്ങളും കാമവിചാരങ്ങളും കാമസംഭാഷണങ്ങളും കാമലീലകളും കാമമനോഭാവങ്ങളും കാമബന്ധങ്ങളും ഉള്ളവളാക്കി / ഉള്ളവനാക്കി എല്ലായ്പ്പോഴും മഹാ-അനുഗ്രഹിക്കണമേയെന്ന് ദിവസവും പ്രാർത്ഥിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുക. അപ്രകാരം ചെയ്യുന്ന ദമ്പതികൾക്ക് ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ തീർച്ചയായും ഏറ്റവുമധികം ലഭിക്കുന്നതാണ്.

ദൈവ വിപ്ലവം ആരംഭിക്കുന്നതിനു മുമ്പും ശേഷവും, കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തോടെ മഹാദേവി നൽകിയിട്ടുള്ള ബുദ്ധി ശക്തി, സമ്പത്ത് തുടങ്ങിയവ നല്ലതിനു മാത്രം ഉപയോഗിക്കുവാനും, അന്യരായി അറിയുന്നവരും അറിയാത്തവരും ഒരേ കുടുംബത്തിലെ അംഗങ്ങളാണ് എന്നും മനസ്സിലാക്കാൻ പരിശ്രമിക്കുക. ധർമ്മശാസ്ത്ര പ്രകാരം പരസ്പരം സഹകരിച്ചും സഹായിച്ചും ജീവിക്കുവാൻ ഓരോ മനുഷ്യനും സ്വന്തം പകുതി ചെയ്യണം; രണ്ടാമത്തെ പകുതി മഹാഭദ്രകാളി കൂടിയായ മഹാദേവി മഹാഭദ്രമാക്കുന്നതാണ്.

ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് **ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നൽകിയിട്ടുണ്ട്**. ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ കുഞ്ഞുങ്ങൾ ജാഗ്രത പുലർത്തണം. ക്ഷിപ്ര കോപത്തെ പ്പറ്റിയും മഹാശക്തിയായ മഹാദേവി, ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്, 2018 നവംബർ 29-ാം തീയതിവരെ പരമശിവനെ മഹാഅനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങളെയും ദൈവ വിപ്ലവ പാഠങ്ങളുടെ ഭാഗമായി ചേർക്കുന്നുണ്ട്.

# ദൈവ വിപ്ലവം

# ഓം

## മഹാശാസ്ത്ര-മൂലമാണ്

## സൃഷ്ടി മന്ത്രമാണ് ആദിവചനമാണ്

## ശബ്ദ ബ്രഹ്മമാണ് അക്ഷര ബ്രഹ്മമാണ്

## മഹാശബ്ദമാണ് മഹാസംഗീതമാണ്

## സർവ്വ-ദേശ-ഭൂമി ഗാനമാണ്

## ദൈവത്തിന്റെ മഹാചിരിയാണ്

## സംഹാര കാഹളമാണ്.

**മഹാശാസ്ത്ര വിശദീകരണം മഹാവേദ ഗ്രന്ഥത്തിൽ ലഭ്യമാണ്.**

## ഭൂമിയിലെങ്ങും ഉടനെ 3- 33 വർഷക്കാലം മുഴങ്ങുന്നതാണ്.

# മഹാശക്തിയായ ദൈവം,

# ഓം എന്നു മഹാചിരിച്ച്

# മായ പ്രത്യക്ഷമാകുന്ന ദിവസം പുതിയ കലണ്ടർ ആരംഭിക്കുന്നതാണ് :

# 01.01.0001

# =

# OPENING OF MAYA (OOM ഓം)

# മഹാശക്തിയായ മഹാദേവി മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

## മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയുമായ മഹാദേവി, ഭൂമിയിലെങ്ങും ഉടൻ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തിന്റെ മുന്നോടിയായി മഹാഎഴുന്നെള്ളിയിട്ടുണ്ട്.

## മഹാധർമ്മ സംസ്ഥാപനം മഹാഭദ്രമാക്കുന്നതാണ്. ദൈവ ഭാഗം കൂടിയായ പരമശിവ-അവതാരത്തെ മുമ്പേ അയച്ച് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ യഥാർത്ഥമായ 3 വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു. പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികൾക്ക് പ്രവർത്തനാരംഭം നൽകി പരമശിവ അവതാരത്തെ ഉടൻ മഹാസമ്പൂർണ്ണമാക്കുന്നതാണ്. വിശദീകരണങ്ങൾക്ക് : www.omsathyam.com

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവുമായ**

## ഓം മഹാശക്തി

## മണ്ണടി മഹാഭദ്രകാളി

## ദിവ്യ സൃഷ്ടി മഹാദേവി

## ദിവ്യ സ്ഥിതി മഹാദേവി

# ദിവ്യ മഹാനീതി

## ദിവ്യമഹാദേവിക്കു

## മാത്രം മഹത്വം.

**[ ദിവ്യ 1 : സൃഷ്ടി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 2 : സ്ഥിതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 3 : സംഹാരം ഉൾപ്പെടെയുള്ള മഹാനീതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി (സംഹാരം, പരമശിവനി-ലൂടെ); ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ ഭൂമിയിൽ മഹാഅവതരിക്കുന്ന മഹാദേവി; ഒരു ഹിന്ദു കുടുംബത്തിൽ മഹാഅവതരിച്ചു കഴിഞ്ഞു.]**

# ദൈവ-വിപ്ലവത്തിൽ ദൈവം പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും, മഹാചിരികൊണ്ടുമാത്രം ഭൂമിയിൽ മഹാധർമ്മസംസ്ഥാപനം നടത്തും !

ഇ-മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉൾക്കൊണ്ട് ഭൂമിയിലെങ്ങുമുള്ളവർ തിരുത്തലുകൾ നടത്തുമ്പോൾ ധർമ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ! ധർമ്മശാസ്ത്രത്തെ

പിൻപറ്റുന്നവർക്ക് ഓം , മഹാസംഗീതമാണ്. ധർമ്മശാസ്ത്രത്തെ പിൻപറ്റാത്തവർക്കും, മഹാസംഗീതം തന്നെയാണെങ്കിലും, തങ്ങളുടെ ശരീരത്തിലെ പരമാണുക്കളിൽ നിന്നുപോലും

ഉയരുന്നതായ ഓം എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗതിരുത്തലുകൾക്ക് തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും മതപുരോഹിതരും പണ്ഡിതരുമൊക്കെ

തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും ഗ്രന്ഥങ്ങളെ സംഹരിച്ചും പശ്ചാത്തപിച്ചുമൊക്കെ ഏതാനും വർഷങ്ങൾ/മാസങ്ങൾ വിഷമിക്കുകയുംചെയ്യും.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാദേവി തന്നെയാണ്.

**പരമശിവനും, ക്രൈസ്റ്റും, യഥാർത്ഥ മുഹമ്മദും ഒരാൾ തന്നെയാണെന്ന്**
www.omsathyam.com/GodlyRevolution/Mahaavedam.pdf
**ഇ-മഹാവേദ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവി, സംഹാരദേവനായിട്ട് മഹാനിയമിച്ചിട്ടുള്ള പരമശിവനിലൂടെ ജീവികൾക്കെല്ലാം സംഹാരം എന്ന ആത്മീയ സാക്ഷാത്ക്കാരം നൽകുമ്പോൾ, അവനിലൂടെ മാത്രമേ മനുഷ്യർക്കു മോചനമുള്ളൂ എന്ന ക്രൈസ്തവ -വചനം ശരിവെയ്ക്കപ്പെടുന്നുണ്ട്. അതേ സമയം, അവനിലൂടെ അഥവാ പരമശിവനിലൂടെ, എന്നു പറയുമ്പോൾ, പരമശിവനാണ് ആത്മീയ സാക്ഷാത്ക്കാരം @ മോക്ഷം നൽകുന്നത് എന്ന അർത്ഥമില്ലായെന്നും, പരമശിവനല്ല നൽകുന്നതെന്നും, പരമശിവൻ -ലൂടെ മാത്രമാണെന്നും അറിഞ്ഞുകൊള്ളണം.**

## മഹാശക്തിയായ മഹാദേവി, എന്തിന് പരമശിവനിലൂടെ മോക്ഷം നൽകുന്നു എന്നതും, പരമശിവനെ മദ്ധ്യത്തിൽ കൊണ്ടുവന്നതിന്റെ കാരണവും അറിയിക്കേണ്ടതുണ്ട്.

**ദൈവത്തെ ആരാധിക്കാൻ മനുഷ്യർ യോഗ്യത നേടേണ്ടതുണ്ട്. മഹാദേവി, തന്റെ മഹാദാസനായ പരമശിവന് അർദ്ധമഹാദേവീ രൂപം നൽകിക്കൊണ്ട് പരമശിവനിലൂടെ എല്ലാ മനുഷ്യർക്കും മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന്റെ വിശദീകരണമാണ് ഇവിടെയും പ്രസക്തമാവുന്നത്.**

പരമശിവൻ -ലൂടെ മാത്രമാണെന്നു പറയുമ്പോൾ
അത് മഹാദാസനായ പരമശിവൻ തന്നെപ്പറ്റി
പുലർത്തുന്നതും പുലർത്തേണ്ടുന്നതുമായ
മഹാദാസ-ഭാവം മാത്രമാണ്.
എന്തുകൊണ്ടെന്നാൽ തന്റെ ഏകദാസനും
മഹാദാസനുമായ പരമശിവന് മഹാശക്തിയായ
മഹാദേവി മഹാകല്പിച്ചിരിക്കുന്നത് മഹാപദവിയും
മഹാപങ്കാളിത്തവുമാണ്. വിശദീകരിക്കാം:-

ബ്രഹ്മത്തെ ഉൾക്കൊണ്ട് പരബ്രഹ്മരൂപത്തോടെ
അഥവാ മഹാപ്രപഞ്ചരൂപത്തോടെ ദൈവം സൃഷ്ടി-
സ്ഥിതി-സംഹാരങ്ങൾ ചെയ്യുമ്പോൾ ഓരോ
അണുവിലും സ്ത്രീ-പുരുഷഭാവരൂപങ്ങളെ
പ്രകടമാക്കുന്ന മാതൃഘടകവും പിതൃഘടകവും
സൃഷ്ടിക്കുന്നുണ്ട്. എന്തും ഏതും തനിച്ചുചെയ്യുന്ന
ദൈവം, പിതൃഘടകത്തെക്കൂടി സൃഷ്ടിച്ചിട്ടുണ്ട് എന്നത്
വസ്തുതയാണ്, കുറ്റവും കുറവുമില്ലാത്ത
മഹാപദ്ധതിയോടെയുമാണ്.

പിതൃഘടകമായി പരമശിവനെ പരബ്രഹ്മമായ
മഹാപ്രപഞ്ചത്തിൽ ഉൾപ്പെടുത്തുകയാലും,
പ്രപഞ്ചപിതാവായിക്കൂടി മഹാഅനുഗ്രഹിച്ച്
മഹാപദവിയും മഹാപങ്കാളിത്തവും
നൽകിയിരിക്കുകയാലും, കുഞ്ഞുങ്ങളായ മനുഷ്യർക്ക്
ആത്മീയ സാക്ഷാത്ക്കാരം നൽകാനായിട്ട്
ഏകമഹാദൈവമായ മഹാദേവി തയ്യാറാകുമ്പോൾ,
ജീവികളുടെയും പ്രപഞ്ചത്തിന്റെയും പിതാവായ
പരമശിവനെ ഉൾപ്പെടുത്തേണ്ടത്
മഹാശാസ്ത്രപരമായ ആവശ്യമാണ്.

**സൃഷ്ടിയിൽ സ്ത്രീയ്ക്കും, സ്ഥിതിയിൽ പുരുഷനും പ്രാമുഖ്യം നൽകിക്കൊണ്ട് മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം, സ്ഥിതിയുടെ ഭാഗമായുള്ള ആത്മീയസാക്ഷാത്ക്കാരത്തിൽ ജീവികളുടെയെല്ലാം പിതാവുകൂടിയായ പരമശിവനെ ഉൾപ്പെടുത്തേണമെന്നത് മഹാദേവിയുടെ മഹാപദ്ധതിയുടെ ഭാഗവുമാണ്. ദൈവത്തിന്റെ ഏകദാസനും മഹാദാസനും എന്ന സ്ഥാനമാനങ്ങളോടെ ദൈവകാര്യങ്ങളുടെ ദൈവീക നടത്തിപ്പിനായിട്ട് മഹാപ്രവർത്തിക്കുന്ന ദൈവത്തിന്റെ ഭാഗം എന്ന നിലയ്ക്കും പരമശിവനെ ഉൾപ്പെടുത്തേണ്ടത് മഹാശാസ്ത്രപരമായ ആവശ്യമാണ്. മഹാദേവിയുടെ മഹാജ്ഞാനത്തെയും മഹാശക്തികളെയും മഹാപ്രപഞ്ചത്തെയും മഹാദേവിയെത്തന്നെയും പ്രതിനിധീകരിക്കുവാൻ മഹാദേവി മഹാഅനുഗ്രഹിച്ചിരിക്കുന്ന പരമശിവൻ, പരമശിവന്റെ കൂടി കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നൽകുന്ന മഹാവേളയിൽ ഏകമഹാശക്തിയായ മഹാദേവി മഹാപദവിയും മഹാപങ്കാളിത്തവും മഹാആനന്ദവും മഹാഅനുഗ്രഹിച്ചു നൽകുകയും, പരമശിവനിലൂടെ ഏകമഹാശക്തിയായ മഹാദേവി, ജീവികൾക്കെല്ലാം ആത്മീയസാക്ഷാത്ക്കാരത്തെ മഹാഅനുഗ്രഹിച്ച് നൽകുകയും ചെയ്യുന്നു.**

**മഹാദേവി മഹാനീതിശാസ്ത്രം പ്രകാരം മഹാനിർവ്വഹിക്കുന്ന മഹാനീതിയുടെ ഒരംശം മാത്രമാണ് പരമശിവനിലൂടെ മഹാദേവി തന്നെ മഹാനിർവ്വഹിക്കുന്ന സംഹാരം @ ആത്മീയസാക്ഷാത്ക്കാരം @ പരബ്രഹ്മാനന്ദം @ മോക്ഷം എന്നറിയുമ്പോൾ, മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാശക്തിയായ മഹാദേവി തന്നെയാണ്.**

**മഹാദേവിക്കു മാത്രമേ ശക്തിയുള്ളൂ. മഹാദേവി ശക്തി നൽകിയില്ലെങ്കിൽ പരമശിവൻ ഉൾപ്പെടെ യാതൊരാൾക്കും ഒരു പുൽക്കൊടി ഉയർത്താൻ പോലും കഴിയുന്നതല്ല.**

**മോക്ഷം നേടുമ്പോൾ ജീവിയുടെ രൂപം നക്ഷത്രമാണെന്നും കൂടി വിശദീകരിച്ചിരുന്നു. മോക്ഷം എന്ന സംഹാരത്തെ മഹാശക്തിയായ മഹാദേവി, ഏകദാസനായ പരമശിവനിലൂടെ മഹാ-നിർവ്വഹിക്കുന്നത് എങ്ങനെയെന്നും അറിയിച്ചിരിക്കുന്നു.**

# ദൈവ വിപ്ലവം

## മഹാശാസ്ത്രപരം മാത്രമാണ്; മതപരമല്ല.

**ക്രിസ്തുമതത്തിലെ നക്ഷത്രവും,**
**ഇസ്ലാംമതത്തിലെ ചന്ദ്രക്കലയും നക്ഷത്രവും,**
**ഹിന്ദുമതത്തിലെ ഓം മഹാശബ്ദവും -**
**അക്ഷരബ്രഹ്മം കൂടിയായ ഓം-ൽ സമ്മേളിച്ചിട്ടുള്ളത് ദൈവത്തിന്റെ മഹാസംവിധാനത്തിന്റെ ഭാഗമാണ്.**

**യഥാർത്ഥമായ ജനാധിപത്യസമ്പ്രദായം, ധർമ്മശാസ്ത്രപരമായ (ദൈവീകമായ) രാജഭരണത്തിലൂടെ ഭൂമിയിലെങ്ങും സംസ്ഥാപിതമാകുന്നതാണ്.**

## ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

**ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നല്കിയിട്ടുണ്ട്.** ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ കുഞ്ഞുങ്ങൾ ജാഗ്രത പുലർത്തണം.

ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്തങ്ങളായ കടമകൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ട്. സ്ത്രീ അമ്മയാവുമ്പോൾ കൂടുതൽ സ്നേഹവും വാത്സല്യവും കുട്ടികൾക്കു നല്കും. കുട്ടികൾ തിരിച്ചും. പുരുഷൻ അച്ഛനാവുമ്പോൾ കുട്ടികളുടെ കുറ്റങ്ങളും കുറവുകളും തിരുത്തുന്നതും, തിരുത്തുവാൻ ശകാരങ്ങളും ശിക്ഷകളും സ്വീകരിക്കുന്നതുമാണ്. അമ്മയെ കൂടുതൽ സ്നേഹിക്കുക, അച്ഛനെ കൂടുതൽ അനുസരിക്കുക എന്നിങ്ങനെ കൂടിയാണ് ദൈവത്തിന്റെ മഹാആവിഷ്ക്കാരം.

കുട്ടികൾ മുതിരുന്നതനുസരിച്ച് അവരുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും തെറ്റുകളും കുറ്റങ്ങളും കുറയേണ്ടതിനു പകരം വർദ്ധിച്ചാൽ അവർക്കും കുടുംബത്തിനും സമൂഹത്തിനും അതു ശോഭയുണ്ടാക്കില്ല, നാശം ചെയ്യുന്നതുമാണ്. കുട്ടികളോടുള്ള സ്നേഹവും വാത്സല്യവും അവരുടെ മാതാവിൽ കൂടുതലായി ലയിപ്പിക്കുകയും പിതാവിൽ നിന്നും മിക്കപ്പോഴും മറയ്ക്കുന്നതുമായ മഹാസംവിധാനം മഹാദേവി മഹാസ്ഥാപിച്ചിട്ടുണ്ട്. കുട്ടികളെ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പിതാവ് പിന്നീട് കുട്ടിയെ ശിക്ഷിച്ചതിൽ അല്പം വേദനിക്കുകയും, കുട്ടിയുടെ നല്ലതിനാണല്ലോ എന്ന് ആശ്വസിക്കുകയും, ശിക്ഷിച്ച കാര്യങ്ങളെ തന്നെ പിന്നീട് മറക്കുകയും കൂടി ചെയ്യുന്ന മഹാസംവിധാനമാണത്.

**മഹാപിതാവും മഹാമാതാവുമായ മഹാദേവി, മഹാമാതാവായി മാത്രം മഹാശാസ്ത്ര പ്രകാരം മനുഷ്യ -സ്ത്രീ-ശരീരരൂപത്തെ സ്വീകരിച്ചുകൊണ്ട്, കുഞ്ഞുങ്ങൾക്കെല്ലാം മഹാവാത്സല്യം മാത്രം നൽകാനും, കുഞ്ഞുങ്ങൾക്ക് ഏതുസമയത്തും എന്തും മഹാമാതാവിനോട് ആവശ്യപ്പെടാനും, മഹാമാതാവിനോട് കൊഞ്ചാനും, കെഞ്ചാനും, തെറ്റുകളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കാനും, ക്ഷമിക്കണമേ എന്നു കേഴാനും, ആത്മീയ സാക്ഷാത്ക്കാരം നേടിയാലും മഹാമാതാവായ മഹാദേവിയെ ഓർക്കാനും, മഹാദേവിയെ ദർശിക്കാനുള്ള മഹാഭാഗ്യം കൂടുതലായി നൽകണമേ എന്നു പ്രാർത്ഥിക്കാനുമൊക്കെ മഹാസൗകര്യങ്ങളെ മഹാഒരുക്കിയിരിക്കുകയാണ്.**

**കുഞ്ഞുങ്ങളെ ശിക്ഷിക്കാത്ത മഹാമാതാവായ മഹാദേവിയായി കഴിയാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്. കുഞ്ഞുങ്ങൾ നല്ലവരായി ജീവിച്ചാൽ കുഞ്ഞുങ്ങളെ ശിക്ഷിക്കേണ്ടതായി വരില്ല എന്നതും കുഞ്ഞുങ്ങളുടെ മാതാവ് അപ്പോൾ സന്തോഷിക്കുമെന്നതും മനുഷ്യരുടെ ഇടയിൽതന്നെ വ്യക്തമാണ്. അങ്ങനെയിരിക്കെ മനുഷ്യമാതാവിനേക്കാൾ കൃത്യമായി 100 മടങ്ങ് സ്നേഹത്തെ മഹാവാത്സല്യമെന്ന പേരോടെ നൽകുന്ന സ്രഷ്ടാവായ മഹാമാതാവ് തന്റെ കുഞ്ഞുങ്ങളെ യാതൊരു കാര്യത്തിലും ശിക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല, ശിക്ഷിക്കുകയില്ല.**

**കുഞ്ഞുങ്ങൾ തെറ്റുകൾ ചെയ്താൽ തിരുത്താതെ പറ്റില്ല. അപ്പോൾ ശിക്ഷയും ആവശ്യമായി വരുന്നതാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും അവയുടെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭൗതികശാസ്ത്രവും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും ഉൾപ്പെടുത്തിക്കൊണ്ടും, അവയെ എല്ലാം ഗൂഢാവസ്ഥയിൽ പ്രവർത്തിപ്പിക്കുന്ന ജീവനായിക്കൊണ്ട് ദൈവത്തിന്റെ വാതക രൂപവും പരമാത്മാവുമായ ഓക്സിജൻ പ്രവർത്തിക്കുന്നതിനെപ്പറ്റി**
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
**എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. മഹാമാതാവ് എന്ന ജീവി-രൂപത്തിൽ തന്റെ കുഞ്ഞുങ്ങളെ തിരുത്തുവാനും ശിക്ഷിക്കുവാനും ദൈവം തയ്യാറാകുന്നില്ല. മഹാശാസ്ത്രത്തിലൂടെ, മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ന്യൂനശക്തികളിലൂടെ കുഞ്ഞുങ്ങളെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന മഹാസംവിധാനമാണുള്ളത്.**

**സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിൽ ദൈവം പ്രത്യക്ഷമായിരിക്കുമ്പോൾ, പ്രത്യക്ഷമായി ശിക്ഷിക്കേണ്ടുന്ന സന്ദർഭങ്ങളും ഉണ്ടാകുന്നതാണ്. അതിനായി, മഹാപ്രപഞ്ചത്തിലെ മുഴുവൻ ജീവികളെയും അവരുടെ തെറ്റുകൾക്ക് ധർമ്മശാസ്ത്രപരമായും മഹാനീതിശാസ്ത്രപരമായും ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മഹാമാതാവായ മഹാദേവി, ജീവികളുടെയെല്ലാം പിതാവായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലേക്ക് മഹാകോപഭാവങ്ങളെ പ്രവേശിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിനെ അനുകരിച്ചാണ് മനുഷ്യജീവിതത്തിൽ കുഞ്ഞുങ്ങളെ ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മുഖ്യമായും പിതാവിനെ അഥവാ പുരുഷനെ നിശ്ചയിച്ചിട്ടുള്ളത്.**

**പ്രപഞ്ചപിതാവ് കൂടിയായ പരമശിവന്, മഹാദേവിയിൽനിന്ന് മഹാശാസ്ത്രത്തെ നേരിട്ട് ലഭിക്കുകയാണ്, ജീവികളോടെല്ലാം മഹാ കാരുണ്യം ഉണ്ടാകുന്നതാണ്. അതായത് എത്ര കടുത്ത തെറ്റു ചെയ്യുന്നവരോടും ക്ഷമിക്കാൻ തോന്നുന്നതാണ്. അറിവില്ലാതെ ചെയ്തതാണല്ലോ എന്നുള്ള ചിന്ത പ്രബലമാകുന്നതാണ്. എന്നാൽ മഹാനീതി നടപ്പാവാനും പ്രപഞ്ചജീവിതം മംഗളമാവാനും ശിക്ഷാരീതികൾ ആവശ്യവുമാണ്.**

കുഞ്ഞുങ്ങളോടുള്ള വാത്സല്യവും, മഹാജ്ഞാനവും നിമിത്തം പരമശിവന് കുഞ്ഞുങ്ങളെ ശിക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു. പരമശിവന്റെ പ്രസ്തുത ദുർബ്ബലാവസ്ഥയെ മഹാശക്തിയായ മഹാദേവി പരിഹരിക്കുന്നത് പരമശിവന് ക്ഷിപ്രകോപം എന്ന മഹാ-അനുഗ്രഹം നൽകിയാണ്. ശാന്തനായിരിക്കുന്ന പരമശിവൻ പെട്ടെന്ന് കോപിഷ്ഠനാകുകയും തെറ്റുകൾ ചെയ്യുന്ന കുഞ്ഞുങ്ങളെ ശിക്ഷിക്കുകയും ചെയ്യുന്ന അവസ്ഥയാണത്.

മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരമശിവന് പെട്ടെന്നുള്ള കോപം മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം, പെട്ടെന്നുതന്നെ പരമശിവന്റെ കോപഭാവത്തെ മാറ്റുന്നതും ക്ഷിപ്ര-പ്രസാദിയായി ഉയർത്തുന്നുമുണ്ട്.

മഹാദേവി പരമശിവന് മഹാശാസ്ത്രം അഥവാ മഹാജ്ഞാനം നൽകി അനുഗ്രഹിച്ചിരിക്കെ എന്തുകൊണ്ട് പരമശിവൻ ദുർബ്ബലനാകുന്നു, എന്തുകൊണ്ട് ക്ഷിപ്രകോപമില്ലാതെ ശിക്ഷിക്കാൻ കഴിയാതെ വരുന്നു എന്നീ ചോദ്യങ്ങളുണ്ട്.

കുഞ്ഞുങ്ങളേ, തെറ്റുകളെ ചെയ്യുന്ന തന്റെ കുഞ്ഞുങ്ങളെ കടുത്ത ശിക്ഷകളിലൂടെയല്ലാതെ തിരുത്തുവാൻ കുഞ്ഞുങ്ങൾക്ക് മഹാദേവി കൂടുതൽ അവസരം നൽകുന്നതുകൊണ്ടാണത്; കുഞ്ഞുങ്ങളെ കൂടുതലായി സ്നേഹിക്കുന്നതു കൊണ്ടാണത്. മഹാദേവിയോടു ചേർത്തുവച്ചിരിക്കുന്ന മഹാവാത്സല്യത്തിന്റെ ഒരു ഓഹരി പരമശിവനിലും പ്രവർത്തിക്കുന്നതുകൊണ്ടാണ് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്ന കാര്യത്തിൽ പരമശിവൻ ദുർബ്ബലനാവുന്നത്.

**കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ തിരുത്താൻ മഹാദേവി പരമശിവനിലൂടെ പരിശ്രമിക്കുന്നു.**

**ശിക്ഷിക്കയല്ലാതെ മാർഗ്ഗമില്ലെന്നു വരുമ്പോൾ, പരമശിവനിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാവാത്സല്യത്തിന്റെ ഓഹരി മഹാദേവിയിലേക്കു മടങ്ങുകയും, പരമശിവനിൽ മഹാപുരുഷഭാവം പ്രകടമാകുകയും ചെയ്യുന്നു. ക്ഷിപ്രകോപവും ശിക്ഷയും നടക്കുന്നു. ക്ഷിപ്രകോപത്തിന്റെ ശാസ്ത്രം അതാണ്. തന്റെ കുഞ്ഞുങ്ങളെ എത്രമാത്രം മഹാദേവി കരുതുന്നു എന്നതാണ് തെളിയുന്നത്.**

**ഇനി, ക്ഷിപ്രകോപത്തിന്റെ ഭൗതികശാസ്ത്രം വിസ്തരിക്കാം :**

**മഹാശക്തിയായ മഹാദേവി തന്റെ ഏകദാസനായ പരമശിവന്റെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളത് 30 എന്ന അളവോടെയുള്ള മഹാദാസ്യം ആണെന്ന് ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദാസ്യത്തിൽ 5 അളവിലുള്ള വാത്സല്യം ഉൾപ്പെട്ടിട്ടുണ്ട്.**

**മഹാപ്രപഞ്ചത്തിലെ ജീവികളെയെല്ലാം തന്റെ കുഞ്ഞുങ്ങളായി കരുതുംവിധം പരമശിവനിൽ മഹാദേവി പ്രവർത്തിപ്പിക്കുന്നതായ പ്രസ്തുത 5 അളവിലുള്ള വാത്സല്യത്തെയാണ് പരമശിവനെ ക്ഷിപ്രകോപിയാക്കുന്നതിനു വേണ്ടി മഹാദേവി പിൻവലിക്കുന്നത്.**

**30 എന്ന മഹാദാസ്യ-അളവിൽ നിന്ന് 5 കുറയുമ്പോൾ 25 എന്ന അളവ് ഉണ്ടാകുന്നു. വാത്സല്യം ഇല്ലാത്തതായ 25 എന്ന അളവ് സൃഷ്ടിക്കുന്നത് പരമകോപത്തെയാണ്.**

**മഹാദേവിയുടെ മഹാദാസനായിരുന്നുകൊണ്ട് മഹാനീതിശാസ്ത്രം പ്രകാരം മഹാപുരുഷ-ഭാവരൂപങ്ങളോടെ പരമശിവൻ പരമകോപത്തോടെ കത്തിജ്വലിക്കുന്നതാണ്.**

**മാനുഷിക തലത്തിൽ 25 എന്ന ആനന്ദ-അളവ് മനുഷ്യർ തന്നെത്താൻ മറക്കുന്ന കാമാനന്ദത്തെ ഉണ്ടാക്കുമ്പോൾ, ദൈവീക തലത്തിൽ, മഹാദാസ്യം 30-ൽ നിന്ന് വാത്സല്യം 5 കുറയുമ്പോൾ ഉണ്ടാകുന്ന 25 അളവ് പരമ-കോപമാണ്. അതുപോലെ, മഹാദേവിയുടെ മഹാആനന്ദമായ മഹാവാത്സല്ല്യം 35 -ൽ നിന്നും 10 അളവിലെ വാത്സല്ല്യം സ്വയം പിൻവലിച്ചാൽ, 25 അളവിൽ തന്നെ മഹാകോപം മഹാദേവിക്ക് ഉണ്ടാകുന്നതാണ്.**

